കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 10, ബുധൻ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 194 –നമ്പർ 18

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 10, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ശ്രീ. ഒ. ആർ. കേളു : പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി

പട്ടികജാതി ക്ഷേമം

പട്ടികവർഗ്ഗ ക്ഷേമം

പിന്നാക്കസമുദായ ക്ഷേമം

ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

അനെർട്ട്

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്–വിനോദസഞ്ചാരം വകുപ്പുമന്ത്രി

പൊതുമരാമത്ത്

വിനോദസഞ്ചാരം

ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി

കൃഷി

സോയിൽ സർവെ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കെ. രാജൻ: റവന്യൂ–ഭവനനിർമ്മാണ വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വെയും ലാന്റ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

പാർലമെന്ററികാര്യം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

രജിസ്ട്രേഷൻ

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി

വനം
വന്യജീവി സംരക്ഷണം

ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

ശ്രീ. വി. എൻ. വാസവൻ: തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി

തുറമുഖം

സഹകരണം

ദേവസ്വം

ശ്രീമതി വീണാ ജോർജ്ജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II. മന്ത്രിയുടെ പ്രസ്താവന

നക്ഷത്രചിഹ്നമിട്ട 216-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

അത്തിരിൽ പെൺകുട്ടിക്ക് മർദ്ദനമേറ്റ സംഭവം

-ശ്രീമതി കെ. കെ. രമ

(അവതരണാനുമതി നിഷേധിച്ചു.)

IV. ശ്രദ്ധക്ഷണിക്കൽ

(1) കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കൽ

-ശ്രീ. തോമസ് കെ. തോമസ്

(2) അങ്കണവാടി ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതന-പെൻഷൻ പരിഷ്കരണം

- ശ്രീ. പി. സി. വിഷ്ണുനാഥ്

V. സബ്മിഷൻ

(1) എടവനക്കാട് കടൽഭിത്തി പുനർനിർമ്മാണം
-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) മുഹമ്മദ് ആട്ടൂരിന്റെ തിരോധാനം
-ഡോ. എം. കെ. മുനീർ

(3) കാസർഗോഡ് നഗരത്തിലെ മോഷണം
-ശ്രീ. എൻ. എ. നെല്ലിക്കുന്ന്

(4) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ
-ഡോ. എൻ. ജയരാജ്

(5) കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ
-ശ്രീ. എം. വിൻസെന്റ്

(6) കുട്ടനാടൻ സമഗ്ര കുടിവെള്ളപദ്ധതി
-ശ്രീ. തോമസ് കെ. തോമസ്

(7) അമ്പലപ്പുഴയിലെ കടലാക്രമണം
-ശ്രീ. എച്ച്. സലാം

(8) കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി. -യിൽനിന്നുള്ള വായ്പ
-ശ്രീ. ജി. എസ്. ജയലാൽ

(9) കണ്ടാണശേരി പാരീസ് - ആശാരിപ്പടി റോഡ് നിർമ്മാണം
-ശ്രീ. മുരളി പെരുനെല്ലി

(10) കാട്ടായിക്കോണം യു.പി. സ്കൂളിനെ ഹൈസ്കൂളാക്കിയും വലിയ ഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി സ്കൂളാക്കിയും ഉയർത്തൽ
-ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(11) വള്ളക്കടവ് പാലം പുനർ നിർമ്മാണം
- ശ്രീ. ആന്റണി രാജു

(12) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം
- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(13) സുൽത്താൻ ബത്തേരി - പെരിക്കല്ലൂർ റോഡ് പുനരുദ്ധാരണം
- ശ്രീ. ഐ. സി ബാലകൃഷ്ണൻ

(14) കൊച്ചി മുസിരിസ് ബിനാലെ വേദി ഒരുക്കൽ
-ശ്രീ. കെ. ജെ. മാക്സി

(15) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി
-ശ്രീ. അൻവർ സാദത്ത്

(16) ഷൊർണ്ണൂരിലെ ടർഫ് സ്റ്റേഡിയം
-ശ്രീ. പി. മമ്മിക്കുട്ടി

VI. റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി V, VII എന്നിവയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

VII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കൂടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കൽ-

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

VIII. ധനകാര്യം

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 2016-2017, 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

IX നിയമനിർമ്മാണകാര്യം (തുടച്ച)

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 10, ബുധൻ

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 18

നിയമസഭ 2024 ജൂലൈ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9.00 am

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *511

ജൈവ വൈവിധ്യ സംരക്ഷണം

1 (*511) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ജൈവ വൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കാൻ പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) സംസ്ഥാനത്തെ ആകെ വനപ്രദേശം 11531.139 ച.കി.മീറ്ററാണ്. അതിൽ സംരക്ഷിത പ്രദേശങ്ങളായി (Reserved Forest) പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ ആകെ വിസ്തൃതി 6442.737 ച.കി.മീറ്ററും പരിരക്ഷിത പ്രദേശമായി (Protected Area) പരിപാലിക്കുന്ന വനമേഖലയുടെ ആകെ വിസ്തൃതി 3066.184 ച.കി.മീറ്ററുമാണ്.

(ബി) ജൈവവൈവിധ്യ സംരക്ഷണത്തിനായി വനം വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

•ഇക്കോ റെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.

•ഗ്രീൻ ഇന്ത്യ മിഷൻപോലുള്ള പദ്ധതികൾ മുഖേന പ്രക്ഷീണ വനങ്ങളെ കണ്ടെത്തി പരിപാലിക്കൽ.

•ജലസംരക്ഷണത്തിനായി വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ സ്ഥാപിക്കൽ.

•കാട്ടുതീ പ്രതിരോധ പ്രവർത്തനം.

•വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ.

•മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ.

•ഫീൽഡ് പട്രോളിംഗ്.

•വനം കയ്യേറ്റം തടയൽ.

• വന്യജീവികളുടെ കണക്കെടുപ്പും പരിപാലനവും.

വനങ്ങൾ സംരക്ഷിക്കുന്നതിനായി അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനംചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതോടൊപ്പം നിലവിലുള്ള ചെറുതടയണകളും ബ്രഷ്‌വുഡ് തടയണകളും ചെറുകുളങ്ങളും നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചുവരുന്നുണ്ട്. സൂക്ഷ്മനീർച്ചാലുകൾ, മണ്ണ്-ജല സംരക്ഷണത്തിനായി യോജ്യമായ ഇടങ്ങളിൽ ഗള്ളി പ്ലഗിംങ് എന്നിവയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടത്തിവരുന്നു. ഇത്തരത്തിലുള്ള ചോദ്യം ആദ്യമായിട്ടാണ് വനം വകുപ്പുമായി ബന്ധപ്പെട്ട് വരുന്നതെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

വനസംരക്ഷണത്തിനും പരിപാലനത്തിനുമായി ദിവസേനയുള്ള ഫീൽഡ് പരിശോധനകളും പ്രത്യേക ഇന്റീരിയർ ക്യാമ്പിംഗ് പരിശോധനകളും വാഹന പട്രോളിംഗും വനം കയ്യേറ്റം ചെറുക്കുന്നതിന് അതിർത്തി മേഖലകളിൽ പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വനങ്ങളിലെ അനധികൃത കടന്നുകയറ്റവും കയ്യേറ്റവും തടയാൻ വനാതിർത്തികൾ ജണ്ട കെട്ടി സംരക്ഷിച്ചുവരുന്നു.

(സി) ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തേക്ക് തോട്ടങ്ങളിൽ സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ 17-12-2021-ലെ സ.ഉ.(കൈ) നം. 29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും

ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കംചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ പശ്ചാത്തലത്തിൽ 27,000 ഹെക്ടർ സ്ഥലത്തെ ഏകവിളത്തോട്ടങ്ങൾ രണ്ടു പതിറ്റാണ്ടുകൊണ്ട് ഇത്തരത്തിൽ വിവിധ ഘട്ടങ്ങളിലായി നീക്കംചെയ്ത് സ്വാഭാവിക വനം പുന:സ്ഥാപിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലെന്റാന, മൈക്കേനിയ, സെന്ന തുടങ്ങിയ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് തൽസ്ഥാനത്ത് തദ്ദേശീയ സസ്യവർഗ്ഗങ്ങളെ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പലാക്കിവരുന്നു. ആയത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഡി) ജൈവവൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 'പ്രകൃതിമിത്ര' എന്ന പേരിൽ അവാർഡ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജൈവവൈവിധ്യ സംരക്ഷണമേഖലയിൽ

ജില്ലാടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ.ജി.ഒ., കർഷകർ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വനം വകുപ്പ് 'വനമിത്ര' അവാർഡ് എല്ലാ വർഷവും നൽകിവരുന്നുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കൂടിവെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യതക്കുറവ്മൂലം വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നതും മനുഷ്യരുമായി സംഘർഷമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. അതുപോലെ പ്രധാനപ്പെട്ടതാണ് അനിയന്ത്രിതമായ വംശവർദ്ധനവ്. ഇതിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽനിന്നും ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ്; ഈ വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കേന്ദ്ര വനം നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കേന്ദ്രത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിന് രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ഭാഗം, 1972-ൽ അന്നത്തെ സാഹചര്യത്തിൽ കേന്ദ്ര

ഗവൺമെന്റ് പാസ്സാക്കിയ വന-വന്യജീവി സംരക്ഷണ നിയമത്തിന്റെ ഫലമായി വനമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് വർത്തമാന കാലഘട്ടത്തിൽ ഉത്തരം കാണാൻ കഴിയാതെ കാലഹരണപ്പെട്ടു. ആ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കണമെന്ന ആവശ്യം പലപ്പോഴായി കേന്ദ്ര ഗവൺമെന്റിനുമുമ്പാകെ ഉന്നയിക്കുകയും കേരള നിയമസഭതന്നെ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഭരണകൂടത്തിന്റെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും നേരിട്ടും അല്ലാതെയും സമർപ്പിച്ചിട്ടുണ്ട്. ഇവിടെ പലവട്ടം സൂചിപ്പിച്ചതുപോലെ, ദൗർഭാഗ്യവശാൽ നിഷേധാത്മകമായ നിലപാടാണ് ഇപ്പോഴും അവർ തുടരുന്നത്. പുതിയ ഗവൺമെന്റ് വന്ന പശ്ചാത്തലത്തിൽ പഴയതുപോലെ കടുംപിടുത്തമുണ്ടാകില്ലെന്നാണ് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞത്. ആ സാഹചര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേന്ദ്ര ഭരണാധികാരികളെ സമീപിച്ച് ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്താനാണ് വനം വകുപ്പും സർക്കാരും ആഗ്രഹിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അധിനിവേശ മരങ്ങളും സസ്യങ്ങളും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ലക്ഷക്കണക്കിന് തൈകളാണ് വനം വകുപ്പ് വനവൽക്കരണത്തിന്റെ ഭാഗമായി നാട്ടിൻപുറത്ത് വിതരണം ചെയ്യുന്നത്. അതിൽനിന്ന് ഇത് ഒഴിവാക്കിയിട്ടുണ്ടോ? ജൈവവൈവിധ്യ ശോഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണം നമ്മൾ ഒരു ഘട്ടത്തിൽ കണ്ടതാണ്. അതിനാവശ്യമായ പദ്ധതി ഇപ്പോൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നുള്ള കാര്യം വിശദമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. നമ്മുടെ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു ചർച്ചയിലും കാവുകളുടെ പ്രാധാന്യം മാറ്റിനിർത്താനാകുകയില്ല. അതുകൊണ്ട് കാവുകളുടെ സംരക്ഷണം ഒരു പ്രധാനപ്പെട്ട ഇനമായി വനം വകുപ്പ് ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷെ നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കത്തക്ക വിധത്തിലുള്ള സാമ്പത്തിക ലഭ്യത ഇപ്പോൾ കുറവാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഈ കാര്യത്തിൽ

വരുത്തുന്ന ഉദാസീനത നമ്മുടെ ജൈവസമ്പത്തിനെ സാരമായി ബാധിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അത് ഗൗരവത്തിൽതന്നെ കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, തോട്ടങ്ങൾക്കുള്ളിലും ചുറ്റുമുള്ള അതിർത്തി പ്രദേശങ്ങളിലും ജൈവവൈവിധ്യ പരിപോഷണത്തിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തോട്ടങ്ങൾക്കുള്ളിലും തോട്ടങ്ങൾക്ക് ചുറ്റും ജൈവവൈവിധ്യ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായിക്കൂടിയാണ് വനത്തിന്റെ സ്വാഭാവികത നിലനിർത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാഭാവിക വനങ്ങളായി നമ്മുടെ വനങ്ങളെ സംരക്ഷിക്കുന്ന മുറയ്ക്ക് ജൈവ സമ്പത്ത് സംരക്ഷിക്കപ്പെടാൻ കഴിയും. പക്ഷെ ഒരു പ്രധാനപ്പെട്ട പ്രശ്നമുള്ളത്, ഇന്ത്യയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നാല് ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഒന്നാമത്തെ പ്രദേശം

നമ്മുടെ പശ്ചിമഘട്ട മലനിരകളിൽ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കേരളവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശമാണ്. അതിന്റെ സംരക്ഷണം അവഗണിച്ചാൽ അത് ഗുരുതരമായ കാലാവസ്ഥാ വ്യതിയാനത്തിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും ഇടയാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. അതിന് അർഹതപ്പെട്ട പ്രാധാന്യം നൽകി ഗവൺമെന്റ് ആ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മുടെ നാട്ടിലിറങ്ങി കൃഴപ്പമുണ്ടാക്കുന്ന ആനകൾ നല്ല ആരോഗ്യവും മികച്ച സൗന്ദര്യവുമുള്ളവയാണ്. എന്നാൽ നമ്മുടെ നാട്ടിലെ ഉത്സവങ്ങളിൽ വരുന്ന പല ആനകളെയും കണ്ടാൽ ഭിന്നശേഷി പെൻഷനും വാർദ്ധക്യകാല പെൻഷനും കൊടുത്ത് വീട്ടിലിരിത്തിയിരിക്കേണ്ട അവസ്ഥയിലാണുള്ളത്. ഈ രണ്ട് പ്രശ്നവും പരിഹരിക്കുന്നതിന്, വനാന്തരങ്ങളിൽനിന്ന് ആനകളെ പിടിച്ച് പരിപാലിക്കാൻ പൂർവ്വകാലത്തുണ്ടായിരുന്ന അനുവാദം നമുക്ക് തിരിച്ചെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. പ്രാദേശിക

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംരക്ഷിത മേഖലയോട് ചേർന്ന് ഇക്കോ ഡെവലപ്മെന്റ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഇത് രണ്ടും രണ്ട് പ്രശ്നങ്ങളാണ്. ഈ വിഷയത്തിൽ അദ്ദേഹത്തിനുള്ള താൽപ്പര്യം കണക്കിലെടുത്ത് ഒന്നുരണ്ട് കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്ന്, കാട്ടാനകളെ സംരക്ഷിക്കുന്ന നിയമംപോലെതന്നെ നാട്ടാനകളെ സംരക്ഷിക്കുന്ന ഒരു നിയമവുമുണ്ട്. ആ നിയമം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് നമുക്ക് ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെടെയുള്ളവർ അതൊരു ചർച്ചയ്ക്ക് വിധേയമാക്കണമെന്നും ചർച്ചകൂടാതെ അത് നടപ്പിലാക്കരുതെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ പരിശോധനകൾക്കും ചർച്ചകൾക്കും വിധേയമായി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതാണ്. അങ്ങനെ നടപടി സ്വീകരിക്കുമ്പോൾ സൗന്ദര്യമുള്ള ആനകളെതന്നെ എഴുന്നള്ളത്തിന് കൊണ്ടുവരാൻ കഴിയും. ആനയുടെ

ചലനമാണ് ഏറ്റവും വലിയ സൗന്ദര്യം. ചലനശേഷി നഷ്ടപ്പെട്ട ആനകളെ കൊണ്ടുവന്നാൽ ഒരു ഭംഗിയുമുണ്ടാകില്ലെന്നുള്ള മെമ്പറിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. രണ്ടാമതായി അദ്ദേഹം പറഞ്ഞത്, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അത് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ മേഖലയിലും എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് ക്ലാസിഫൈ ചെയ്ത് അതത് മേഖലയ്ക്കുപറ്റിയ പരിപോഷണ പരിപാടികളാണ് ആവിഷ്കരിക്കേണ്ടത്. അത് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ജൈവവൈവിധ്യ സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കുമുമ്പാണ് എന്റെ നിയോജകമണ്ഡലത്തിലെ നേര്യമംഗലം വില്ലാഞ്ചിറയിൽ, കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ ഓടിക്കൊണ്ടിരുന്ന കാറിനുമുകളിൽ ഒരു വൻമരം വീണ് ഇടുക്കി സ്വദേശിയായ ജോസഫ് എന്ന വ്യക്തി മരിച്ചത്. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന മൂന്നുപേർക്കും ഗുരുതരമായ പരിക്കേറ്റു. അദ്ദേഹത്തിന്റെ

മൃതശരീരം വാഹനത്തിൽനിന്നും പുറത്തെടുക്കാൻ ഏറെ സമയമെടുത്തു. ഇതേ പഞ്ചായത്തിലെ, കവളങ്ങാട് പഞ്ചായത്തിലെ നെല്ലിമറ്റത്ത് ഒൻപത് വർഷങ്ങൾക്കുമുമ്പ് സ്കൂൾ ബസ്സിനുമുകളിൽ വലിയ മരം വീണ് അഞ്ച് കുട്ടികളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹര്യമുണ്ടായി. നേര്യമംഗലത്തെ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അദ്ദേഹം ഇടപെട്ട് പാഴ്മരങ്ങളടക്കമുള്ള കുറെ മരങ്ങൾ ഈ പ്രദേശത്തുനിന്നും മുറിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും ഇതിനുസമാനമായ വിഷയങ്ങൾ കൊച്ചി-ധനുഷ്കോടി ദേശീയപാതയിലും ഇടുക്കി റോഡിലുമടക്കം കേരളത്തിന്റെ പല പ്രദേശങ്ങളിലും വനഭ്രമിയോട് ചേർന്ന പ്രദേശങ്ങളിലുമുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇനിയും അത്തരത്തിലുള്ള മരങ്ങൾ നിൽക്കുന്നുണ്ട്. പ്രത്യേകിച്ച്, കാലാവസ്ഥ കൂടുതൽ പ്രതികൂലമായി മാറുമെന്ന മുന്നറിപ്പുകൾ വരുന്ന സാഹചര്യത്തിൽ ഇതുപോലെയുള്ള പാഴ്മരങ്ങളുടെയും അപകടകരമായി നിൽക്കുന്ന മരങ്ങളുടെയും ശിഖരങ്ങളുൾപ്പെടെ അടിയന്തരമായി മുറിച്ചുമാറ്റുന്നതിനുവേണ്ട ശക്തമായ ഇടപെടലുണ്ടാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാലവർഷക്കാലത്ത് ഗുരുതരമായ ദുരന്തങ്ങളുണ്ടാക്കുമെന്ന കാലാവസ്ഥാ മുന്നറിയിപ്പ് ഗവേഷണ കേന്ദ്രം നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, റോഡിന് ഇരുവശത്തുമുള്ള അപകടകാരിയായ വൃക്ഷങ്ങൾ മുറിച്ചുമാറ്റണമെന്ന നിർദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിരുന്നു. അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനിടയിലാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ നാട്ടിൽ ദൗർഭാഗ്യകരമായ ടി സംഭവമുണ്ടായത്. റോഡിലൂടെ ഓടിക്കൊണ്ടിരുന്ന കാറിനുമുകളിൽ മരം വീണ് ഒരാൾ മരിക്കുകയും മറ്റുള്ളവർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഇടപെടലുകൾ നടത്തി മരങ്ങൾ മുറിച്ച് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇനിയും ഇത്തരത്തിലുള്ള മരങ്ങൾ ബാക്കിയുണ്ടെങ്കിൽ, തീർച്ചയായും ഈ രണ്ട് റോഡുകളിലെയും അപകടകാരിയായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. റോജി എം. ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലയാറ്റൂർ - ഇല്ലിത്തോട് പ്രദേശത്ത് ഇന്ന് രാവിലെ 4.00 മണിയോടുകൂടി 20

ആനകളാണ് ജനവാസ മേഖലയിലിറങ്ങി പ്രശ്നമുണ്ടാക്കിയത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുൾപ്പെടെ അറിയാം. അതിലെ കുട്ടിയാന ചെറിയ കിണറ്റിൽ വീണു. ആളുകളെല്ലാം ആ പ്രദേശത്ത് കൂടുകയും ആനകൾ ആളുകളെ ഓടിക്കുകയും അതിലൊരാൾക്ക് ഗുരുതരമായ പരുക്കേൽക്കുകയും ചെയ്തു. ആളുകളെല്ലാം ഇപ്പോഴും വലിയ പ്രതിഷേധത്തിലാണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല, നിരന്തരമായി സംഭവിക്കുന്നതാണ്. കഴിഞ്ഞ ദിവസം പ്ലാന്റേഷനിൽ ആന ഇറങ്ങുകയും അവിടെ ആകെയുണ്ടായിരുന്ന ഒരു റേഷൻ കട പൂർണ്ണമായും ചവിട്ടി നശിപ്പിക്കുകയും ചെയ്തു. നിരന്തരം ഇത്തരം പ്രശ്നങ്ങൾ മലയാറ്റൂർ, അയ്യമ്പുഴ, കുറുമ്പാറ്റി, മൂക്കന്നൂർ പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവിടെയിപ്പോൾ ആളുകൾ വലിയ തോതിൽ പ്രതിഷേധം നടത്തുകയാണ്. അതുസംബന്ധിച്ച വാർത്ത ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. പതിനഞ്ചും ഇരുപതും ആനകൾ കൂട്ടമായി വന്നാണ് ജനവാസ മേഖലകളിൽ പ്രശ്നമുണ്ടാക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ആളുകൾ വനം വകുപ്പ് ഉദ്യോഗസ്ഥരെയുൾപ്പെടെ അവിടെ തടഞ്ഞുവച്ചിരിക്കുകയാണ്.

ഇക്കാര്യത്തിൽ ജില്ലാ കളക്ടറെയോ വനം വകുപ്പിലെ ഉത്തരവാദിത്വപ്പെട്ട ആളുകളെയോ ആ പ്രദേശത്തേയ്ക്ക് അയച്ച് ഈ വിഷയത്തിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇന്ന് പുലർച്ചെ ഉണ്ടായ സംഭവമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പക്ഷെ ഈ പ്രയാസത്തിനിടയിലും നാം കണ്ട മനോഹരമായ ദൃശ്യം ആ കുട്ടിയാനയെ അമ്മ ആനയാണ് രക്ഷിച്ചത് എന്നതാണ്. അത് അസാധാരണമായതും ശ്രദ്ധേയവുമായൊരു കാര്യമാണ്. അവിടെയുണ്ടായ സംഭവത്തിൽ വനം വകുപ്പ് ഇടപെടുകയും കാട്ടാനകളെ കാട്ടിനുള്ളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ അവിടത്തെ ജനങ്ങൾക്ക് അതിലൊന്നും തൃപ്തിയില്ലെന്ന നിലയാണ് വന്നിട്ടുള്ളത്. അവരുമായി ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ, അവിടെ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയതായി അങ്ങുതന്നെ കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആ നടപടികളുമായി മുന്നോട്ടുപോകുകയും അവരെ

സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും ഉദാസീനത ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തും. ഇപ്പോൾ വനം വകുപ്പിലെ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആ പ്രശ്നത്തിലിടപെട്ടുകൊണ്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വനവൈവിധ്യ സംരക്ഷണത്തിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. വന സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലെ നിരവധി ഏക്കർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിലുള്ള തേയില, റബ്ബർ, കാപ്പി, കുരുമുളക് തുടങ്ങിയ ഉൽപ്പന്നങ്ങൾ സംരക്ഷിക്കുന്നതിനും അത് സംസ്ഥാനത്തിന് ഉപയോഗപ്പെടുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതിനും വന വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തി മുഖ്യമായ ഈ പ്രശ്നം സാമൂഹികാവശ്യമെന്ന നിലയിൽ പരിഹരിക്കുന്നതിനുള്ള നിലപാട് വനം വകുപ്പ് സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, വനവിസ്തൃതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്തുക്കൊണ്ടിരിക്കുന്ന ഭൂമിയിൽ പലതും തോട്ടങ്ങളാണ്. അങ്ങനെ ഏറ്റെടുക്കേണ്ടതായി വരുമ്പോൾ തോട്ടങ്ങൾ സ്വാഭാവികമായും വനം വകുപ്പിന്റെതായി മാറുന്നുണ്ട്. വനം വകുപ്പിന് തോട്ടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും അതിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യത്തിലും വേണ്ടത്ര പരിചയമോ പക്വതയോ ഇല്ല. ആ മേഖലയിൽ അവർ പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുമോയെന്നാണ് പരിശോധിക്കേണ്ടത്. പരീക്ഷണാർത്ഥം ഒന്നുരണ്ട് സ്ഥലങ്ങളിൽ ചെയ്തെങ്കിലും അതും ലാഭകരമായി നടത്താൻ കഴിയാത്ത അവസ്ഥയാണ്. പക്ഷെ കാര്യക്ഷമത വർധിപ്പിച്ചാൽ ലാഭകരമാക്കാൻ സാധിക്കുമോയെന്ന പരീക്ഷണം നടത്തേണ്ടത് അനിവാര്യമാണ്. ആ

അനിവാര്യതയുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഉപദേശവും ആ ഘട്ടത്തിൽ ആരായുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ 10 വർഷത്തിനിടയിൽ എലിഫെന്റ് സർവെ നടത്തിയിട്ടുണ്ടോ; അതിനകത്ത് എത്ര വർധനവുണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കാട്ടാനകളെ പിടിക്കാനും കുങ്കിയാനകൾ മുഖേന അതിനെ നാട്ടാനയാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കോന്നിയിലും മറ്റ് ആന പരിശീലന കേന്ദ്രങ്ങളിലും ഇപ്പോൾ എത്ര ആനകൾ പരിശീലനത്തിലുണ്ട്? നമ്മുടെ നാട്ടിൽ നാട്ടാനകളുടെ എണ്ണം വളരെ കുറയുകയാണ്. ബീഹാറിൽനിന്നും രാജസ്ഥാനിൽനിന്നും മറ്റും വരുന്ന ആനകളാണ് നിലവിൽ നാട്ടാനകളായി നിൽക്കുന്നത്. അതുകൊണ്ട് കാട്ടിൽ വരുന്ന അധിക ആനകളെ നാട്ടാനകളാക്കി മാറ്റുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാട്ടാനകളെ സംബന്ധിച്ച സർവെ 2022-ൽ കേരളം, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾ സംയുക്തമായി നടത്തിയിട്ടുണ്ട്. ആ കണക്കുകളുടെ റിപ്പോർട്ടുകൾ

പ്രസിദ്ധീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയല്ല, അനിയന്ത്രിതമായ വർദ്ധനവുണ്ടായിട്ടില്ലെന്നാണ് പ്രാഥമിക റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അതുസംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. കാട്ടാനകളെ നാട്ടാനകളാക്കുന്നതിനുവേണ്ടി, വനത്തിൽനിന്നും അക്രമകാരികളായ കാട്ടാനകളെ പിടിച്ചാൽ ആനപരിപാലന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ധോണി, തിരുവനന്തപുരത്തെ നെയ്യാർ തുടങ്ങിയ പ്രദേശങ്ങളിലാണ് അയയ്ക്കുന്നത്. സ്വാഭാവികമായും അവ കുങ്കിയാനകളായി മാറും. കോന്നിയിൽനിന്നും പിടിച്ച ആനയാണ് നിലവിൽ ഏറ്റവും പ്രശസ്തമായ രീതിയിൽ കുങ്കിയാനയുടെ റോൾ നിർവ്വഹിച്ചുകൊണ്ട് ചിന്നക്കനാലിൽ ആ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അത് അനിയന്ത്രിതമായി നടത്താൻ സാധിക്കില്ല. വളരെ സൂക്ഷിച്ചും കരുതലോടെയും പടിപടിയായി മാത്രമേ അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സംസ്ഥാനത്ത് പുതിയതായി ആർ.ആർ.ടി.-കൾ അനുവദിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിലൊരെണ്ണം എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൻപതാൽ കേന്ദ്രമാക്കി ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുമോ? എന്റെ നിയോജകമണ്ഡലത്തിലെ വനമേഖലയുമായി അതിർത്തിയുള്ള പ്രദേശങ്ങളിൽ ഹാൻഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അതിന്റെ തുടർനടപടികൾ സ്വീകരിച്ച് ഫെൻസിംഗ് സ്ഥാപിക്കുന്നത് ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം, ഇന്ന് വന്ന ചോദ്യത്തിന്റെ സ്പിരിറ്റുമായി യോജിക്കുന്നതല്ല. ഇന്ന് വന്ന ചോദ്യം തികച്ചും വ്യത്യസ്തമാണ്. പ്രകൃതിയെ സംരക്ഷിക്കുന്ന, ജൈവവൈവിധ്യ മേഖലയെ സംരക്ഷിക്കുന്ന, ഇക്കോ സിസ്റ്റത്തെ ബാധിക്കുന്ന ചോദ്യങ്ങളാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ച സാഹചര്യത്തിൽ,

ആർ.ആർ.ടി.-കളെ അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഞങ്ങൾ 10-12 എണ്ണം ആവശ്യപ്പെട്ടെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ ഒൻപതെണ്ണമാണ് അനുവദിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉദാരമായ നയം സ്വീകരിക്കുമെങ്കിൽ ഒരു മൂന്നുനാലെണ്ണംകൂടി ലഭിച്ചാൽ അംഗങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യത്തിൽ അങ്ങയുടെ സവിശേഷ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഇതിനകംതന്നെ ഫെൻസിംഗുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ നേരത്തെയുള്ളതുപോലെയല്ല, വലിയ മാറ്റം വനമേഖലയിലുണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥർ നല്ല നിലയിൽ കഴിവിനൊത്ത് പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഒരു അംഗം ചൂണ്ടിക്കാണിച്ചതുപോലെ, അവർക്കാവശ്യമായ ഉപകരണങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലായിരുന്നു. ആ നടപടികളിലേയ്ക്കും ഇപ്പോൾ പോയിട്ടുണ്ട്. വനസേനയെയും വനമേഖലയെയും ശക്തിപ്പെടുത്തി കർഷകരുടെ താൽപര്യം സംരക്ഷിക്കുന്ന

വിധത്തിലുള്ള നടപടികൾക്ക് എല്ലാ പരിഗണനയും നൽകിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായിക്കായലും പരിസരവും ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. ഈ കായലിലെ പ്രധാന ദ്വീപായ എടയിലക്കാട് ദ്വീപിൽ വളരെ അപൂർവങ്ങളിൽ അപൂർവങ്ങളായ സസ്യസമ്പത്തും കായലിൽ വൈവിധ്യങ്ങളായ മത്സ്യസമ്പത്തുംകൊണ്ട് സമ്പന്നമാണ്. ഇവ സംരക്ഷിക്കുന്നതിന് നേരത്തെ റാംസർ സൈറ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം CWRDM-ന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. കായലിനെയും ദ്വീപിനെയും സംരക്ഷിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യാം.

ശ്രീ. സണ്ണി ജോസഫ്: സർ, പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച് കേരളം സമർപ്പിച്ചിട്ടുള്ള ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ഇപ്പോഴും കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. അത് 2022 ജൂലൈ 6-ലെ ഉത്തരവിൽ

വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ കേരള സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിൽ അങ്ങനെ ചെയ്തിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അത് ശരിയല്ല, 2022-ലെ ഉത്തരവ് ശരിക്കും വായിച്ചാൽ അത് മനസ്സിലാകും. The Statewise area of Western Ghats Eco-sensitive area except for State of Kerala.

മി. സ്പീക്കർ: ഉത്തരവ് വായിക്കണ്ട, ഇത് ചോദ്യോത്തരവേളയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിന്റെ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ഇപ്പോഴും കേന്ദ്രം അംഗീകരിച്ചിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കി അതിന് അന്തിമ തീരുമാനമുണ്ടാക്കാനുള്ള നടപടികൾ ഉചിതമായി നിയമാനുസൃതമായി വസ്തുനിഷ്ഠമായി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ചോദ്യം പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ടതാണ്. ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ കണ്ടെത്തിയ നിഗമനങ്ങളെക്കുറിച്ച് മലയോര മേഖലയിൽ വലിയ പ്രതിഷേധവും ശബ്ദവുമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭ എം.എൽ.എ.-മാരുടെ ഒരു പ്രത്യേക സംഘത്തെ

നിയോഗിച്ചിരുന്നു. ആ സംഘം പ്രത്യേക പ്രദേശങ്ങളിൽപ്പോയി മേഖലകളായി തിരിച്ച് അവിടം സന്ദർശിച്ച് ജനങ്ങളുടെ അഭിപ്രായം ആരായുകയും നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് സമർപ്പിച്ചിട്ടില്ലായെന്നല്ല, അത് ആ നിലയിൽ നിൽക്കുകയാണ്. പക്ഷേ അതിനിടയിൽ ഇ.എഫ്.എൽ.-മായും ഇ.എസ്.ഇസഡ്-മായും ഇ.എസ്.എസ്.-മായി ബന്ധപ്പെട്ട് നിരവധി ഉത്തരവുകൾ ബഹുമാനപ്പെട്ട കോടതികളിൽനിന്നുമുണ്ടായതിന്റെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾ നാം കണ്ടിട്ടുള്ളതാണ്. അതിലൊന്നാണ് ബഫർ സോണുമായി ബന്ധപ്പെട്ട പ്രശ്നം. ആ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഇ.എഫ്.എൽ.-മായി ബന്ധപ്പെട്ട കാര്യത്തിൽ വീണ്ടും കുറെ വിശദീകരണങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിരിക്കുകയാണ്. ആ കാര്യത്തിൽ കേരളത്തിലെ പരിസ്ഥിതി മന്ത്രാലയം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ലോക പൈതൃക ഭൂപടത്തിൽ ഉൾപ്പെട്ടതാണ് പശ്ചിമഘട്ട മലനിര. അത് ജൈവവൈവിധ്യങ്ങളുടെ കലവറയുമാണ്. അതിന്റെ ഭാഗമായിട്ടുള്ളതാണ് പറമ്പിക്കുളം നെല്ലിയാമ്പതി

മേഖല. പറമ്പിക്കുളം മേഖലയിലെ സ്വാഭാവിക വനങ്ങളെ വെട്ടിമാറ്റി അവിടെ തേക്ക് പ്ലാന്റ് ചെയ്തു. ഒരു തേക്കിന്റെ കാലാവധി 40 വർഷമാണ്. പ്രായപരിധി കഴിഞ്ഞ തേക്കിനടിയിൽ ഒരു പക്ഷിക്കോ അല്ലെങ്കിൽ വന്യമൃഗങ്ങൾക്കോ ഒരു തീറ്റയും ലഭിക്കില്ല, കുടിക്കാനുള്ള വെള്ളംപോലും നഷ്ടപ്പെടുകയാണ്. അത്തരം തേക്ക് പ്ലാന്റ് വെട്ടിയാൽ സർക്കാരിന്റെ സാമ്പത്തിക പ്രയാസവും അതുപോലെ ആദിവാസി ഊരുകളിൽ മനുഷ്യർക്കുള്ള തൊഴിലും ലഭ്യമാക്കാൻ കഴിയും. അത്തരത്തിൽ പ്രായപരിധി കഴിഞ്ഞ വൻമരങ്ങളെ വെട്ടിമാറ്റി സ്വാഭാവിക വനവൽക്കരണത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, തേക്ക് മരങ്ങൾ വനങ്ങളിൽ വച്ചുപിടിപ്പിക്കാനിടയായത് നമ്മുടെ വ്യാവസായികാവശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടാണ്. കേരളത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിലെ ഏറ്റവും വലിയ വ്യവസായം തടി വ്യവസായമായിരുന്നു. അത് സർക്കാരിന്റെ സാമ്പത്തിക വരുമാനത്തിൽ ഗണ്യമായ പങ്കും വഹിച്ചിരുന്നു.

പിൽക്കാലത്ത് അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവന്നു. അന്ന് ക്ലിയർ ഫെല്ലിംഗ് എന്നൊരു സംവിധാനം നമ്മുടെ നാട്ടിലുണ്ടായിരുന്നു. ആ സംവിധാനം ഒരു ഘട്ടത്തിൽ നിർത്തലാക്കിയത് 2016-നുശേഷം അധികാരത്തിൽവന്ന സർക്കാരാണെന്ന് താങ്കൾ പറയുകയില്ലെന്ന് തോന്നുന്നു. അത് നേരത്തെയുള്ള കാര്യമാണ്, അന്നത്തെ സാഹചര്യത്തിലെടുത്തിട്ടുള്ള തീരുമാനമാണ്. തേക്ക്, അക്കേഷ്യ, മാഞ്ചിയം, സെന്ന തുടങ്ങിയവയെല്ലാം ഭൂമിയുടെ ജലസ്രോതസ്സിനെ വല്ലാതെ ചൂഷണം ചെയ്ത് ഭൂപ്രദേശങ്ങളെ മരുഭൂമിക്ക് തുല്യമാക്കി മാറ്റുന്നുവെന്ന് പിൽക്കാലത്ത് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഒരു തേക്കിന്റെ ചുവട്ടിൽ ഒരു പുല്ലുപോലും മുളയ്ക്കുകയില്ല. ആ സാഹചര്യത്തിൽ ഭൂമിയുടെ ഊഷരത നഷ്ടപ്പെടാനിടയാകുന്ന ഫലവൃക്ഷങ്ങളായാലും മറ്റ് വൃക്ഷങ്ങളായാലും നശിപ്പിക്കപ്പടേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ പടിപടിയായി അത് വെട്ടിമാറ്റുന്നതോടൊപ്പം സ്വാഭാവിക വനങ്ങളെന്ന പേരിൽ വിളിക്കാവുന്ന വൃക്ഷങ്ങൾ നട്ടുവളർത്തുകയും ചെയ്യണം. അത് നേരത്തെ സൂചിപ്പിച്ചിരുന്നു. അത് ഒരു

വർഷംകൊണ്ടോ രണ്ടുവർഷംകൊണ്ടോ പൂർത്തിയാകുന്ന പ്രക്രിയയല്ല. ദീർഘകാലാടിസ്ഥാനത്തിൽ ചെയ്ത് പൂർത്തിയാക്കേണ്ട പ്രക്രിയയാണ്. ആ പ്രക്രിയയ്ക്ക് ഇതിനോടകംതന്നെ തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഈ സഭയിലൂടെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

2 (*512) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (മുതലപ്പൊഴിയിലെ പ്രകാരം
(ശ്രീ. കെ. ആൻസലൻ):
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ആവിഷ്കരിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2011-16 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; അതിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപ അനുവദിക്കുകയും എത്ര കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. LIAC അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	മത്സ്യബന്ധന വിഭാഗം	ഗുണഭോക്താക്കളുടെ എണ്ണം	നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ)
1	ചിപ്പിത്തൊഴിലാളികൾ	262	12.36
2	കരമടി ഉടമസ്ഥരും തൊഴിലാളികളും	915	54.81
3	കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ	11	0.11
4	കട്ടമരം ഉടമസ്ഥർ	45	1.89
5	മണ്ണെണ്ണ ആനുകൂല്യം	1221	31.57
6	റിസോർട്ട് തൊഴിലാളികൾ	211	6.08
7	സ്വയം സഹായ സംഘങ്ങൾ	33	0.08
	Total	**2697**	**106.93**

പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ - VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- കുടിവെള്ള വിതരണം
- നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)

- ഗംഗയാർ തോടിന്റെ ശുചീകരണം
- ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ (MRF)
- ആരോഗ്യ പരിപാലനം
- പകൽവീട്
- കളിസ്ഥലം
- മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും
- സീഫുഡ് പാർക്ക്

ഇത്തരം കാര്യങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ചിലത് മുന്നോട്ടുപോകുകയാണ്.

(ബി)

1. വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000-ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

2. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ASAP-ന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

3. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

4. പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL-ന്റെയും AVPPL-ന്റെയും ചെലവിൽ ഒരു അജൈവ ഖരമാലിന്യ സംസ്കരണകേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കിവരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർപരിപാലനം നടത്തുന്നതാണ്. ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണം

പൂർത്തീകരിച്ചുകഴിഞ്ഞു. യന്ത്രസാമഗ്രികൾ തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി മുഖാന്തരം ഉടൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

5. നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോടുചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു.

6. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. പദ്ധതി പ്രദേശത്തിനുസമീപം കായികാടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടികൾ

പുരോഗമിക്കുകയാണ്. ഭരണാനുമതി ലഭ്യമായിട്ടുണ്ട്. HED-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് SKF മുഖാന്തരം പദ്ധതി നടപ്പിലാക്കുന്നതാണ്.

8. നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാൻഡിംഗ് സൗകര്യങ്ങളും ബർത്തുകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും ഗുണഭോക്താക്കളുമായി ചർച്ച നടത്തി തീരുമാനം എടുത്താലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

9. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു

സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL-ന്റെ സ്ഥലം അടയാളപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2011-2016 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 7,82,96,400/- രൂപ അനുവദിക്കുകയും അതിൽ 7,82,96,400/- രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് മുഖേന ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ 101,70,67,120/- രൂപ അനുവദിക്കുകയും അതിൽ 101,44,88,145/- രൂപ ചെലവഴിക്കപ്പെട്ടിട്ടുമുണ്ട്. ഇവയ്ക്കെല്ലാം പുറമെ കൺസഷണയും ഈ കാലയളവിൽ നിരവധി സാമൂഹികക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, കേരളത്തിന്റെ അഭിമാനവും സാമ്പത്തിക വളർച്ചയുടെ കേന്ദ്രവുമായി വിഴിഞ്ഞം മാറുകയാണ്. 12-ാം തീയതി അവിടെ മദർഷിപ്പ് അടക്കം വരുന്ന അഭിമാന സന്ദർഭത്തിലാണ് കേരളം ഇപ്പോഴുള്ളത്. കേരളത്തിന്റെ രക്ഷാ സൈന്യമായ

വിഴിഞ്ഞത്തുൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾ നല്ല പിന്തുണയാണ് ഈ പദ്ധതിക്ക് നൽകിവരുന്നത്. അവർക്ക് കൊടുത്തിട്ടുള്ള തുകയടക്കം അങ്ങ് ഇവിടെ വിശദീകരിച്ചു. കുറച്ച് മത്സ്യത്തൊഴിലാളികൾക്കുകൂടി ഈ ആനുകൂല്യം ലഭിക്കേണ്ടതായിട്ടുണ്ട്. അവരുടെ കാര്യത്തിൽക്കൂടി സർക്കാർ ഇടപെടുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് തെക്കുംഭാഗം ജമാഅത്തിന്റെയും കോട്ടപ്പുറം ഇടവകയുടെയും മത്സ്യത്തൊഴിലാളി സംഘടനകൾ വഴിയുമുള്ള ആവശ്യങ്ങളുണ്ട്. കഴിഞ്ഞ ആറേഴ് യോഗങ്ങൾ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയും ഞാനുംകൂടി പങ്കെടുത്ത് നടത്തിയിട്ടുണ്ട്. അന്തിമമായി ഇന്നലെ വീണ്ടും യോഗം ചേർന്നു. തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും അവർ പറഞ്ഞ ഏതാണ്ട് 90 ശതമാനം കാര്യങ്ങളും അംഗീകരിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി അവർ ഉന്നയിച്ചിട്ടുള്ള മറ്റ് കാര്യങ്ങൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായിട്ടുള്ള ചില ചർച്ചകൾ അവരുമായി നടത്തുന്നുണ്ട്.

അവർക്ക് കൊടുക്കാനുള്ള സാമ്പത്തിക സഹായങ്ങൾ എത്രയുംവേഗം കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വിഴിഞ്ഞം പദ്ധതി പ്രദേശത്ത് പദ്ധതി ബാധിതരായിട്ടുള്ള ജനങ്ങൾക്ക് ശുദ്ധജലം ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രയോജനം കൃത്യമായി ലഭ്യമായിട്ടുണ്ടോയെന്നും വിഴിഞ്ഞം കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളെ സംബന്ധിച്ചും വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വിഴിഞ്ഞം പദ്ധതി പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിന് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പ്രദേശത്തെ ആയിരത്തിലധികം വരുന്ന വീട്ടുകാർക്ക് സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. 400 പേർക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിവഴി നടപടി സ്വീകരിച്ചുവരുന്നു. സി.എസ്.ആർ. ഫണ്ടുമായി

ബന്ധപ്പെട്ട കാര്യങ്ങൾ ഇറമുറഖ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. അക്കാര്യം അവരുമായി ആലോചിച്ച് പറയാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയത് പ്രകാരം (ശ്രീ. കെ. ആൻസലൻ): സർ, പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലെ മത്സ്യബന്ധന ഇറമുഖം നവീകരിക്കുന്നതിനും അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പ്രഖ്യാപിച്ച പാക്കേജുമായി ബന്ധപ്പെട്ടുകൊണ്ട് കൊല്ലങ്കോട് പൊഴിയൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ടതിന്റെ അപേക്ഷകൂടി സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതിൽ 25 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന സൗത്ത് ലാൻഡിംഗ് സെന്ററും അനുബന്ധ സൗകര്യങ്ങളും അതിന്റെ ഭാഗമായിട്ടുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. 48 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന മാസ്റ്റർ പ്ലാൻ ഘട്ടം 1-ൽ നോർത്ത്

ഭാഗത്ത് വരുന്ന ലാൻഡിംഗ് നെറീഷിംഗ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്നു. ഈ രണ്ട് പദ്ധതികളും അനുമതിക്കായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഫിഷ് ലാൻഡിംഗ് സെന്ററിന്റെയും സംവിധാനങ്ങളുടെയും നവീകരണവും കൂടാതെ പുതിയതായി നിർമ്മിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററിന്റെ മറ്റ് പ്രവർത്തനങ്ങളും വിലയിരുത്തിക്കൊണ്ട് അതിന്റെ നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഏറ്റവും വേഗം അത് നടപ്പാക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായി വരുന്നത് നമ്മെയെല്ലാം സന്തോഷിപ്പിക്കുന്ന കാര്യമാണ്. ധാരാളംപേർ അതിനെ പാരവയ്ക്കാനും വേലവയ്ക്കാനുമെല്ലാം ശ്രമിച്ചെങ്കിലും വിഴിഞ്ഞം പദ്ധതി നമ്മുടെ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ പ്രതീകമായി മാറുകയാണ്. ആ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി ധാരാളം ത്യാഗങ്ങൾ സഹിച്ച മത്സ്യത്തൊഴിലാളികളുണ്ട്. വിഴിഞ്ഞം പദ്ധതി മേഖലയിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഭൂരഹിതരും, ഭവനരഹിതരുമുണ്ട്. അവർക്ക്

ഭവന നിർമ്മാണത്തിന് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 1565 പേരുടെ പട്ടിക ലഭിച്ചിരുന്നു. ഇതിൽ 1023 പേർ 2017, 2020 വർഷങ്ങളിലായി ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 542 പേരെ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് നൽകി. ഇതുസംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ 542 പേരെക്കൂടി ഉൾപ്പെടുത്തി നിർദ്ദേശം തയ്യാറാക്കി അത് നടപ്പാക്കാൻവേണ്ടി എൽ.എസ്.ജി.ഡി.യുമായി കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ സൈറ്റ് ഓപ്പൺ ആയിട്ടില്ല. സൈറ്റ് ഓപ്പണായാൽ ഉടൻതന്നെ അത് ചെയ്യുന്നതാണ്. തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കെല്ലാം സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെ ഗവൺമെന്റ് മുന്നോട്ട് പോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, എന്റെ ചോദ്യം വിഴിഞ്ഞം തുറമുഖം പ്രവർത്തനമാരംഭിക്കുമ്പോൾ അടിമലത്തുറയിലും സമീപ പ്രദേശങ്ങളിൽ നിന്നും മത്സ്യബന്ധനത്തിനായി പുറംകടലിലേയ്ക്ക് പോകുന്ന മത്സ്യ ബന്ധന

യാനങ്ങൾക്ക് നിർദിഷ്ട കപ്പൽച്ചാൽ നിലവിൽ വരുമോ; ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, യാതൊരുവിധമായ തടസ്സങ്ങളുമുണ്ടാകില്ല. ഇതുസംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്ന പ്രചരണങ്ങൾ മത്സ്യത്തൊഴിലാളികൾക്കിടയിൽ നടത്തി ആശങ്കയുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതുപോലെ ഒരുപാട് തരത്തിലുള്ള പ്രതിസന്ധികൾ അതിജീവിച്ചാണ് ഏതാണ്ട് 88 ശതമാനത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. കപ്പൽ കടന്ന് പോകുന്ന സമയത്തൊഴികെ മത്സ്യബന്ധന യാനങ്ങൾക്ക് കപ്പൽച്ചാൽ മുറിച്ച് യഥേഷ്ടം കടന്ന് പോകാവുന്നതാണ്. ഒരു കപ്പൽ പോകുന്നതിന് ഏതാണ്ട് 45 മിനിട്ട് സമയം മാത്രമേ ആവശ്യമുള്ളൂ. ആയതിനാൽ മത്സ്യത്തൊഴിലാളികൾ ഒരുലിധത്തിലും ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, നിശ്ചയിച്ചതിൽ നിന്നും അഞ്ച് വർഷം വൈകിയാണെങ്കിലും വിഴിഞ്ഞം ഇറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നതിൽ നമുക്കെല്ലാവർക്കും സന്തോഷവും അഭിമാനവുമുണ്ട്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അസാദ്ധ്യമെന്ന് കരുതിയിരുന്നത് സാധ്യമാക്കിയ ഉമ്മൻ ചാണ്ടി സാറിനെ സ്മരിക്കാതെ നമുക്ക് കടന്നുപോകാൻ കഴിയില്ല. 12-ാം തീയതിയിലെ പരിപാടിക്ക് സ്വാഗതസംഘം രൂപീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും നമ്മളെല്ലാവരും സഹകരിച്ചാണ് മുന്നോട്ട് പോകുന്നത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും പോർട്ട് വകുപ്പുമന്ത്രിയുമടക്കം പങ്കെടുത്ത എല്ലാ പരിപാടിയിലും ഞങ്ങളും പങ്കെടുത്ത് സഹകരിക്കുന്നുണ്ട്. മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും ആറ് സംസ്ഥാന മന്ത്രിമാരും പങ്കെടുക്കുന്ന ഈ പരിപാടിയിൽ കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാത്തതിലുള്ള ശക്തമായ പ്രതിഷേധം ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എം. വിൻസെന്റ്: സർ, ക്രെയിൻ വന്നപ്പോൾ വിളിച്ചിരുന്നു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത് വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ നിങ്ങൾ എന്തുകൊണ്ട് സഹകരിക്കുന്നില്ലെന്നാണ്. ഞങ്ങളെല്ലാം സഹകരിക്കാൻ തയ്യാറാണ്, ഞങ്ങളുടെ കുഞ്ഞല്ലേ, യു.ഡി.എഫ്.-ന്റെ കുഞ്ഞല്ലേ അത്? ഞങ്ങൾ സഹകരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ്, സമയം ചുരുക്കണം. ചോദ്യം ചോദിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ചോദ്യത്തിലേയ്ക്ക് വരികയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത് അദ്ദേഹത്തിന്റെ കുറ്റബോധത്തിൽ നിന്നാണ്.

മി. സ്പീക്കർ: യെസ്... യെസ്...പ്ലീസ്... പ്ലീസ്...ചോദ്യം കൃത്യമായി ചോദിക്കുന്നില്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. എം. വിൻസെന്റ്: സർ, ചോദ്യത്തിലേയ്ക്ക് വരികയാണ്.

മി. സ്പീക്കർ: ഇതാണ് താങ്കളുടെ പ്രശ്നം. സ്ഥിരമായി പ്രസംഗമാണ്, സ്റ്റേറ്റ്മെന്റാണ്.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ പ്രധാനപ്പെട്ട ചോദ്യമിതാണ്. മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുമെന്ന് പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ വൈകിപ്പോകുകയാണ്. സമയബന്ധിതമായി.... (മൈക്ക് ഓഫ്).

മി. സ്പീക്കർ: യെസ്... യെസ്.. മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം യെസ്... യെസ്...മിനിസ്റ്റർ

ശ്രീ. സജി ചെറിയാൻ: സർ, ആനുകൂല്യത്തെ സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചിരുന്നു. 106 കോടിയോളം രൂപ ഇതിനോടകം കൊടുത്തു. ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇവിടെ നടപ്പാക്കുന്ന പദ്ധതിയുടെ ഏതാണ്ട് 80 ശതമാനം തുകയും സ്റ്റേറ്റാണ് ഇതുവരെ മുടക്കിയിട്ടുള്ളത്. ശ്രീ. എം. വിൻസെന്റിന്റെ മുൻ ഗവൺമെന്റിന്റെ കാലത്ത് കരാർ വച്ചുവെന്നത് സത്യമാണ്. പക്ഷേ ഈ സർക്കാരിന്റെയും കഴിഞ്ഞ പിണറായി വിജയൻ സർക്കാരിന്റെയും കാലത്താണ് മുഴുവൻ പണവും ഇതിനായി സംസ്ഥാന ഗവൺമെന്റ് മുടക്കി പദ്ധതി ആരംഭിച്ചത്. അതുകൊണ്ട് നിങ്ങൾ ഇതിനകത്ത് ഒരു പങ്കും നിർവ്വഹിച്ചില്ലെന്ന അഭിപ്രായമൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ആ പങ്ക് നിർവ്വഹിക്കുമ്പോൾ

തന്നെ ഈ പദ്ധതി നടപ്പാക്കി പൂർത്തീകരിക്കണമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതാണ് യാഥാർത്ഥ്യമാക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വിളിച്ചില്ലെന്ന് പറയുന്ന ഭാഗം ഞങ്ങൾ പരിശോധിക്കാം. പക്ഷേ, ക്രെയിൽ കൊണ്ടുവന്ന സമയത്തുള്ള ആദ്യത്തെ ചടങ്ങിൽ അദ്ദേഹത്തെ ക്ഷണിക്കുകയും പങ്കെടുക്കുകയും ചെയ്തിരുന്നു. രണ്ടാമത്തേത് കണ്ടെയ്നർ കൊണ്ടുവരുന്ന ചടങ്ങാണ്. എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് അത് തിരുത്താനുള്ള ശ്രമം നടത്തും. അദ്ദേഹം പങ്കെടുക്കുമെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ക്ഷണിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഞങ്ങളെ സംബന്ധിച്ചില്ല. അക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എം. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചപ്പോൾ ഈ പദ്ധതിയാകെ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് തുടക്കംകുറിച്ചതെന്ന് പറയുന്നത് ശരിയല്ല. മൺമറഞ്ഞ ഇ. കെ. നായനാർ

ഗവൺമെന്റാണ് ആദ്യമായി ഇതിന് കുമാർ കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയാണ് ഇതിന്റെ പഠനം ആദ്യം നടത്തിയത്.

ശ്രീ. എം. വിൻസെന്റ്: സർ, ഏത് കമ്മിറ്റിയാണ്? (മൈക്ക് ഓഫ്)

ശ്രീ. വി. എൻ. വാസവൻ: സർ, കുമാർ കമ്മിറ്റി....(ബഹളം)

മി. സ്പീക്കർ: അങ്ങ് ഇഗ്നോർ ചെയ്ത് പറഞ്ഞോ.

ശ്രീ. വി. എൻ. വാസവൻ: സർ, ആ റിപ്പോർട്ട് വന്നതിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റാണ് ആദ്യമായി ഇത് ടെണ്ടർ ചെയ്തത്. ഒരു ചൈനീസ് കമ്പനിയാണ് ടെണ്ടർ കോട്ട് ചെയ്തത്. അവർക്ക് കൊടുത്തില്ല. അതിനുശേഷം പിന്നീട് വന്ന വി. എസ്. ഗവൺമെന്റാണ് രണ്ടാമത് ഇതിനെ ടേക്ക്-അപ്പ് ചെയ്ത് അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വിജയകുമാർ ഇതുസംബന്ധിച്ച ഫയലുകൾ നീക്കി ടെണ്ടർ ചെയ്തു. ഒരു ആന്ധ്രാ കമ്പനി മുന്നോട്ടുവന്നു. അന്ന് കരാർ കൊടുത്ത കമ്പനിക്ക് എടുക്കാൻ കഴിയാതെ വന്നത് കോടതി കേസ് വന്നതുകൊണ്ടാണ്. അതിനുശേഷമാണ് ഇവിടെ സൂചിപ്പിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ടെണ്ടറും മറ്റ് നടപടികളും. നിർമ്മാണ പ്രവർത്തനങ്ങൾ

യഥാർത്ഥത്തിൽ പിണറായി വിജയൻ ഗവൺമെന്റാണ് പൂർണ്ണമായും നിർവ്വഹിച്ചിരിക്കുന്നത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കേരളത്തിന്റെ ചരിത്രത്തിൽതന്നെ ഇതിഹാസമായി മാറാൻ പോകുന്ന വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകാൻ പോകുകയാണ്. ആ പ്രദേശത്തെ പ്രാദേശികമായ ജനങ്ങളെ പരിപൂർണ്ണമായും അതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, അവിടെ തൊഴിൽ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നൈപുണ്യ തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നു. അവിടെ വിസിലുമായും അദാനി ഗ്രൂപ്പുമായും തുറമുഖ വകുപ്പ് ചർച്ച ചെയ്ത് ആ പ്രദേശത്തെ ആളുകളുടെ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഞാൻ മനസ്സിലാക്കുന്നത് നല്ലൊരു ശതമാനം ആളുകളെയും ഇതിനോടകംതന്നെ ജോലിക്ക് നിയമിച്ചിട്ടുണ്ടെന്നാണ്

ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്

3 (*513) ശ്രീ. എ. രാജ:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേരെ വിവിധ ഓഫീസുകളിൽ ഓണറേറിയം നൽകി നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് മെച്ചപ്പെട്ട വരുമാനവും തൊഴിലും ലഭിക്കാൻ അവസരമൊരുക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനംവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ

ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും തൊഴിൽ നേടുന്നതിന് ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

(ബി) വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5067 പേർക്ക് ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട് 500 (300 SC, 200 ST). എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിലും, 114 MSW ബിരുദധാരികളെ (60 SC, 54 ST) സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികളെ അപ്രന്റീസ് ക്ലർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 SC, 25 ST) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമേ 2398 പേരെ (1216 SC, 1182 ST) പ്രമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരേയും ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുകവഴി തങ്ങളുടെ സേവനമേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പ്രസ്തുത കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുകവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ

സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

ശ്രീ. എ. രാജ: സർ, ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ ഉന്നതിയിലേയ്ക്കെത്തിക്കുന്നതിനാണ് ഇടതു സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ച് പാസാകുന്ന വിദ്യാർത്ഥികൾക്ക് ഓണറേറിയം വ്യവസ്ഥയിൽ പ്രായോഗിക പരിശീലനം നൽകുകയെന്നതാണ് ട്രേസ് പദ്ധതിയുടെ ലക്ഷ്യം. ഇപ്രകാരം നിയോഗിക്കുന്ന വിദ്യാർത്ഥികളെ വകുപ്പിന്റെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ഉപയോഗിക്കാൻ കഴിയുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിയമനം കൊടുക്കുന്നുണ്ട്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽത്തന്നെ ഇതേ പദ്ധതി പ്രകാരം 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിച്ച് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എ. രാജ: സർ, ട്രേസ് പദ്ധതിയിൽ നിലവിൽ അവസരം നൽകിവരുന്ന സർക്കാർ വകുപ്പുകൾക്ക് പുറമെ, പൊതുമേഖലാ സ്ഥാപനങ്ങളിൽകൂടി ട്രേസ് പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികളെ പരിഗണിക്കാമോ?

ശ്രീ. ഒ. ആർ. കേള: സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽകൂടി കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. പക്ഷേ നിയമപരമായി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീമതി ദെലീമ: സർ, കേരള എംപവർമെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) ഉപയോഗപ്പെടുത്തുമോ?

ശ്രീ. ഒ. ആർ. കേള: സർ, അക്കാര്യം നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. കൂടുതൽ മേഖലകളിലേയ്ക്ക് പരിശീലനം വ്യാപിപ്പിച്ച് ധാരാളം തൊഴിലവസരങ്ങളൊരുക്കാനാണ് വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, പരമ്പരാഗതമായ തൊഴിൽ മേഖലയിൽനിന്ന് മാറി പുതിയ തലമുറ വിദ്യാഭ്യാസത്തിലൂടെ റോയൽ ജോബുകളിലേയ്ക്ക് പോകുന്ന അനുഭവമാണുള്ളത്. ട്രേസ് പദ്ധതിയെ ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും പലപ്പോഴും ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോൾ അവർക്ക് എക്സ്പീരിയൻസില്ലായെന്ന ഒറ്റ കാരണം പറഞ്ഞ് പുറന്തള്ളപ്പെടുന്ന അവസ്ഥയാണുള്ളത്. പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾ. അതിനൊരു പരിഹാരമാണ് ട്രേസ് പദ്ധതി. ഈ പദ്ധതി നിലവിൽ വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സാധ്യതകളുള്ള മെഡിക്കൽ/പാരാമെഡിക്കൽ മേഖലകളിലേയ്ക്ക് കൂടുതൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പുണ്ടാകണം. ഈ മേഖലയിലേയ്ക്ക് ഗവൺമെന്റ് കൂടുതൽ താല്പര്യമെടുക്കാൻ സാധ്യതയുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, പാരാമെഡിക്കൽ മേഖലയിൽ നേരത്തെതന്നെ പരിശീലനം നൽകുകയും നല്ലൊരു ശതമാനം

ഉദ്യോഗാർത്ഥികൾക്ക് കേരള ഗവൺമെന്റ് തൊഴിലവസരങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ കാലഘട്ടത്തിൽ എസ്.സി./എസ്.ടി വിഭാഗത്തിലെ കുട്ടികൾ നല്ല രീതിയിൽ എഡ്യൂക്കേറ്റഡായി വരുന്നുണ്ട്. അവർക്കൊക്കെ കൂടുതൽ പരിശീലനം നൽകാൻ സാധിക്കും. ഒരു ഇന്റർവ്യൂവിന് പങ്കെടുക്കുന്ന കുട്ടികളോട് മുൻപരിചയമുണ്ടോയെന്നാണ് എല്ലാ സ്ഥാപനങ്ങളും ചോദിക്കുന്നത്. അതിനുവേണ്ടിയാണ് ഇന്റേൺഷിപ് നൽകുന്നത്. രണ്ടുവർഷത്തെ ഇന്റേൺഷിപ്പിലൂടെ അവർ പരിചയസമ്പന്നരാകുകയാണ്. ആ രീതിയിൽ കൂടുതൽ വിപുലപ്പെടുത്തി കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി തൊഴിൽ മേഖലയിലേയ്ക്ക് വിന്യസിക്കുന്ന ട്രേസ് പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; സിവിൽ എഞ്ചിനീയർമാരെ ട്രേസ്വഴി വിന്യസിച്ചത് സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. എഞ്ചിനീയറിങ് മേഖലയിൽ ട്രേസ് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലേയ്ക്ക് 500 പേരെ പദ്ധതിയുടെ ഭാഗമായി വിന്യസിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ള വീട് നിർമ്മാണം, വീട് റിപ്പയറിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് സാധിച്ചു. ഇത് കൂടുതൽ മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്നുണ്ട്. അതിന് പുറമെയാണ്, വിദേശരാജ്യങ്ങളിൽ കുട്ടികളെ അയച്ച് കൂടുതൽ പഠന മികവിലേയ്ക്ക് വളർത്തിയെടുക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗോത്രസാരഥി പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ എത്തുന്നതിനുവേണ്ടിയാണ് വാഹനങ്ങൾ കോളനി/കോളനി സങ്കേതങ്ങളിൽനിന്നും ഏർപ്പെടുത്തിയത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് ഗോത്രസാരഥി പദ്ധതിയെന്ന് അറിയപ്പെട്ടിരുന്നത് ഇപ്പോൾ വിദ്യാവാഹിനി പദ്ധതിയെന്ന് മാറ്റിയിട്ടുണ്ട്. വിദ്യവാഹിനിയാക്കിയെന്നുള്ള ഉത്തരവിറങ്ങിയപ്പോൾ പല കോളനികളും

വിട്ടുപോകുകയും നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. പല കുട്ടികളും വിദ്യാവാഹിനി വരട്ടെയെന്ന് പറഞ്ഞ് വീടുകളിൽ കാത്തിരിക്കുകയും സ്കൂളുകളിൽ എത്താൻ കഴിയാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. റോഡുകളുടെ വികസനം, വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചത് എന്നിവ കാരണം രക്ഷിതാക്കൾക്ക് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കാൻ കാൽനടയായി വിടാനുള്ള പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് വിദ്യാവാഹിനി/ഗോത്രസാരഥിയുടെ ഭാഗമായി ഏതൊക്കെ കോളനി സങ്കേതം/ഊരുകളിൽനിന്നാണ് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിച്ചത്; അതേ മാനദണ്ഡത്തിൽ തുടരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, കുട്ടികളുടെ ഡ്രോപ്-ഔട്ട് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതി ആരംഭിച്ച കലത്ത് കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോയിരുന്നു. പിന്നീട് കാര്യങ്ങൾ പരിശോധിച്ച് കഴിഞ്ഞപ്പോൾ പല മേഖലകളിലും ദുരുപയോഗം ചെയ്യുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ഒരു

പശ്ചാത്തലത്തിൽ ഇതിൽ ചില നിബന്ധനകളുണ്ട്. 2 കിലോമീറ്റർ പരിധിക്കപ്പുറത്തുള്ള സങ്കേതങ്ങളിലെ കുട്ടികളെയാണ് ഇത്തരം വാഹനങ്ങളിൽ സ്കൂളുകളിൽ എത്തിക്കേണ്ടത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 500 മീറ്റർ, 1 കിലോ മീറ്റർ പരിധിയിലുള്ള കുട്ടികൾ ഇതിനെ ദുരുപയോഗം ചെയ്യുന്ന സാഹചര്യം വന്നിട്ടുണ്ട്. ആ കാര്യങ്ങൾ പരിശോധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ, വളരെ പ്രധാനപ്പെട്ട മേഖലകളിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ പരിശോധിച്ച് ആ മേഖലയിൽകൂടി പദ്ധതി നടപ്പിലാക്കുന്നതിൽ യാതൊരു തടസ്സവുമില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആദിവാസി പോപ്പുലേഷൻ കൂടുതലുള്ള മേഖലകളിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി കരിയർ ഗൈഡൻസ് സെന്റർ ഏർപ്പാടാക്കുന്നതിനും വ്യവസായ വകുപ്പിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഇന്റേൺമാരെപ്പോലെ, ആ മാതൃകയിൽ ഒരു ഇന്റേണിനെ അതിന്റെ ചുമതലയ്ക്ക് നിശ്ചയിക്കുകയും ചെയ്യുകയാണെങ്കിൽ നമുക്ക് കൂടുതൽ ആദിവാസി യുവാക്കളെയും യുവതികളെയും ട്രെയിനിംഗ്

നൽകുക മാത്രമല്ല, സംരഭകത്വം അടക്കം പ്രോത്സാഹിപ്പിച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അങ്ങനെ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കാൻ തയ്യാറാണെന്ന് അവിടത്തെ എം.എൽ.എ.-യെന്നുള്ള നിലയിൽ പറയുന്നു. ഞാൻ മാത്രമല്ല, മറ്റ് നിരവധി എം.എൽ.എ.-മാരും അവരുടെ പരിശ്രമത്തിന്റെ ഭാഗമായി മുൻഗണന കൊടുക്കുമെന്നാണ് തോന്നുന്നത്. അത്തരമൊരു പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, കരിയർ ഗൈഡൻസ് സെന്ററിനുപുറമെ, നേരത്തെതന്നെ പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. അതിന് ഉദാഹരണമാണ് അപ്പാരൽ പാർക്ക് പോലുള്ള പദ്ധതികൾ. കുറഞ്ഞ വിദ്യാഭ്യാസമുള്ളവർക്കും ഒരു തൊഴിൽ വരുമാനമുണ്ടാകണം. അപ്പാരൽ പാർക്ക് പോലുള്ള പദ്ധതികൾ നേരത്തെ അട്ടപ്പാടിയിലും വയനാട് ജില്ലയിലും ആരംഭിച്ചിരുന്നു. മറ്റ് ജില്ലകളിൽ ആവശ്യമായി വരുന്നമുറയ്ക്ക് പദ്ധതികൾ ആരംഭിച്ച് കൂടുതൽ

ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും തൊഴിലവസരവും ഒരുക്കാൻ സാധിക്കും.

നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കാൻ നടപടി

4 (*514) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സംഘങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഇത്തരം സംഘങ്ങൾക്ക് യൂസർ ഫീ ചുമത്താറുണ്ടോ;

(സി) ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷത്തിലാകുന്നതായുള്ള റിപ്പോർട്ടുകൾ മുൻകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും പട്രോളിംഗും നിരീക്ഷണവും ശക്തമാക്കുകയും ഇപ്രകാരം അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ടും റൂളും അനുശാസിക്കുന്ന വിധത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇത്തരം സംഘങ്ങളുമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സംഘർഷത്തിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവത്കൃത യാനങ്ങളിൽ 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ

എഞ്ചിൻ ക്ഷമതയുള്ളതുമായ തദ്ദേശീയ ബോട്ടുകൾക്കും അന്യസംസ്ഥാന ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അത്തരം യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് നടത്താൻ അനുവാദമില്ല. എന്നാൽ അവർക്ക് തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവത്കൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25000/- രൂപയും പരിഷ്കരിച്ചതും പരമ്പരാഗതമായതും ഇൻബോർഡ് എൻജിൻ ഉപയോഗിക്കുന്ന യാനങ്ങൾക്ക് 15000/- രൂപയും എംപവർമെന്റ് സൊസൈറ്റിഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ള മറ്റ് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5000/- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാനടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, സാമുദായിക സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ട്, കെ.എം.എഫ്.ആർ. റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധനയാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS)/വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, കടലിലേയ്ക്കും തിരിച്ചും ആശയ വിനിമയം/നിരീക്ഷണം നടത്താൻ കഴിയുന്ന ട്രാൻസ്പോണ്ടറുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധനയാനങ്ങളിലും ഘട്ടംഘട്ടമായി സൗജന്യമായി

സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി 6000 യാനങ്ങളിൽ ആയത് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂം, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന ഹാർബറുകളിലും നിരീക്ഷണം ശക്തമാക്കുന്നതിനായി CCTV സ്ഥാപിക്കുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ഇതിനകം 10 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. വകുപ്പിന് കീഴിലുള്ള ബാക്കി 15 ഹാർബറുകളിൽ പദ്ധതി നടപ്പാക്കുന്നതിന് ഒരു സമ്പൂർണ്ണ പ്രൊപ്പോസൽ കെൽട്രോൺ മുഖാന്തരം തയ്യാറാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഡോ. എം. കെ. മുനീർ ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. എ. മജീദ്: സർ, തീരദേശ പാതയിലൂടെ ചരക്കുഗതാഗത കപ്പൽ സർവ്വീസ് നടത്തിയതിന്റെ ഫലമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന ബോട്ടുകൾക്ക് പ്രശ്നങ്ങൾ വരികയാണ്. പൊന്നാനിയിൽ ഒരാൾ മരിക്കുകയും ബോട്ട് തകർന്ന് അവരുടെ യന്ത്രങ്ങൾ നശിക്കുകയുമുണ്ടായി. അതുകൊണ്ട് ഈ മേഖലയിലൂടെയുള്ള ചരക്കുകപ്പലുകളുടെ ഗതാഗതത്തെ സംബന്ധിച്ചുള്ള മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ അവസാനിപ്പിക്കാൻ തീരുമാനമുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, 12 നോട്ടിക്കൽ മൈൽ വരെയാണ് സംസ്ഥാനത്തിന്റെ തീരക്കടലിന്റെ പരിധി. ആ മേഖലകളിൽ മറ്റ് തരത്തിലുള്ള കപ്പലുകളോ ബോട്ടുകളോ കടന്നുവരാൻ പാടില്ലെന്നുള്ളതാണ് വ്യവസ്ഥ. എന്നാൽ അവിടെ വരുന്ന ബോട്ടുകൾക്ക് സ്വാഭാവികമായും ഹാർബറിലേയ്ക്ക് പോകാനുള്ള അനുവാദം കൊടുക്കുന്നുണ്ട്. എന്നാൽ ഈ 12 നോട്ടിക്കൽ മൈലിനകത്ത് നിൽക്കാതെ പുറത്തുപോയി മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോഴാണ് കപ്പലുകൾ വന്ന് സാധാരണ

ആക്സിഡന്റുകൾ സംഭവിക്കാറുള്ളത്. മത്സ്യം കിട്ടുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികൾ ഉൾക്കടലിലേയ്ക്ക് പോകാറുള്ളതിനാൽ ആ കാര്യത്തിൽ കൂടുതൽ ബോധവത്കരണവും പുതിയ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തുക മാത്രമാണ് സർക്കാരിന്റെ മുമ്പിലുള്ള മാർഗ്ഗം. അതുസംബന്ധിച്ച് സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുള്ള മത്സ്യ കയറ്റുമതി നിയന്ത്രണ നിരോധനമുണ്ടായതിന്റെ ഫലമായി ചെമ്മീനിന് വിലയിടിവ് ഉണ്ടാകുന്നതായി പറയുന്നത് ശരിയാണോ; അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീ. സജി ചെറിയാൻ: സർ, ഈ വിഷയം എക്സ്പോർട്ടിംഗുമായും വ്യവസായ വകുപ്പുമായും ബന്ധപ്പെട്ട കാര്യമാണ്.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മറ്റ് മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് മത്സ്യത്തൊഴിലാളികളെപ്പോലെ ഇത്രയധികം കാലം ജോലി നഷ്ടപ്പെടില്ല. വരവ് പൂർണ്ണമായും അറ്റുപോകുന്ന കാലത്ത് മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്ക് ആശ്വാസമേകാനാണ് സർക്കാർ ധനസഹായം ഏർപ്പെടുത്തിയിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾ നൽകുന്ന വിഹിതവും കൂടിച്ചേർത്ത് മൂന്ന് ഗഡുക്കളായി ട്രോളിംഗ് കാലത്ത് ഈ തുക നൽകുന്ന പതിവ് ഇപ്പോഴുണ്ടോ; ഇത്തവണ എത്ര രൂപയാണ് നൽകിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ സമാശ്വാസ പദ്ധയിൽനിന്നും 4,500 രൂപയാണ് കൊടുക്കുന്നത്. അതിൽ 1,500 രൂപ കൊടുത്തുകഴിഞ്ഞു. ഇതുകൂടാതെ സൗജന്യമായി റേഷനും കൊടുക്കുന്നുണ്ട്. ബാക്കിയുള്ള രണ്ട് ഗഡുക്കൾ ഇപ്പോൾ അനുവദിച്ച് നൽകും. കൂടാതെ കടൽക്ഷോഭമുള്ള സന്ദർഭങ്ങളിൽ കടലിൽ പോകാൻ പാടില്ലെന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ 200 രൂപ വീതം കൊടുക്കുന്നുണ്ട്. ഇതിനായി 186 കോടി രൂപ സംസ്ഥാനം മുടക്കിയിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 70 കിലോമീറ്ററോളം തീരപ്രദേശമുള്ള ജില്ലയാണ് മലപ്പുറം എന്നതിനാൽ ഈ പ്രദേശത്തെ

മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് ഒരു പ്രശ്നമുണ്ടായാൽ, ഡി. ഡി. ഓഫീസിനെ സമീപിക്കാൻ കടലുണ്ടി നഗരത്തിൽനിന്നും തെക്കേ അറ്റംവരെ പോകേണ്ടിവരും. ബഹുമാന്യനായ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത ഒരു കെട്ടിടം ബഹുമാന്യനായ വഖഫ് വകുപ്പുമന്ത്രിയുടെ താനൂർ മണ്ഡലത്തിൽപ്പെട്ട ഉണ്യാലിൽ വെറുതെ കിടക്കുകയാണ്. ഈ ഡി.ഡി. ഓഫീസ് അവിടേയ്ക്ക് മാറ്റിയിട്ടില്ലാത്തതും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയുമാണ്. ഡി.ഡി. ഓഫീസ് ഉണ്യാലിലേയ്ക്ക് മാറ്റിയാൽ ജില്ലയുടെ സെന്ററിൽ ഈ ഓഫീസ് വരികയും എല്ലാവർക്കും എത്തിച്ചേരാൻ സൗകര്യമാവുകയും ചെയ്യുമെന്നതിനാൽ ഈ രീതിയിലുള്ള ഒരു മാറ്റത്തിന് ശ്രമം നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഒരു മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഓഫീസ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച പ്രശ്നമാണിത്. സ്വാഭാവികമായും അവരുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ ന്യായമായ ഒരു തീരുമാനമെടുക്കാം. ബഹുമാനപ്പെട്ട അംഗം

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതിനാൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് ഉപയോഗിച്ചുവരുന്ന തോണികളുടെ ലൈസൻസ് ഫീസ് മൂന്നും നാലും ഇരട്ടിയായി സർക്കാർ വർദ്ധിപ്പിച്ചിരിക്കുകയാണ്. തോണിയുടെ ഉപയോഗ കാലാവധി മുൻകാലങ്ങളിൽ 20 വർഷം വരെയുണ്ടായിരുന്നത് നിലവിൽ 12 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമനിധിയിൽ അടയ്ക്കേണ്ട തുകയും മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ വർദ്ധനവുകളെല്ലാം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രതിസന്ധിയുണ്ടാക്കുന്നതിനാൽ തോണിയുടെ വർദ്ധിപ്പിച്ച ലൈസൻസ് ഫീസും ക്ഷേമനിധി അംശദായവും പിൻവലിക്കുന്നതിനും മത്സ്യബന്ധന തോണികളുടെ ഉപയോഗ കാലാവധി 20 വർഷമാക്കുന്നതിനും നടപടിയുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗതവും കുടുംബപരവുമായ സഹായങ്ങൾ വർദ്ധിപ്പിക്കാനാണ് ഇതിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അവരുടെ വിവാഹ ആവശ്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, മരണാനന്തര ചടങ്ങുകൾ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ചെലവിലേയ്ക്കാണ് ഈ തുക.

വള്ളങ്ങൾ, തോണികൾ, ബോട്ടുകൾ എന്നിവയുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നതോടൊപ്പം ചിലത് വർദ്ധിപ്പിക്കാതിരിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. അതുപോലെ അംശദായത്തിൽ ചെറിയൊരു വർദ്ധനവ് വരുത്താതിരിക്കാൻ കഴിയാത്തതിനാൽ ഒരു പാക്കേജ് ഉണ്ടാക്കുകയാണ്. അക്കാര്യം കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ എല്ലാ സംഘടനകളുമായും അങ്ങയുടെ പാർട്ടി പ്രതിനിധാനം ചെയ്യുന്ന ട്രേഡ് യൂണിയനുകളുമായും സംസാരിച്ചിട്ടുള്ളതും അവർ അത് അംഗീകരിച്ചിട്ടുള്ളതുമാണ്. അത് പ്രാവർത്തികമാകുന്നതോടെ

മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ വിശ്വസിക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, കടലിൽ പരമാവധി ദൂരംവരെ ആശയവിനിമയം നടത്താൻ സാധിക്കുന്ന ട്രാൻസ്പോണ്ടറുകൾ സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായ നിരക്കിൽ നടപ്പിലാക്കാൻ കഴിയുമോ;അതുസംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ആറായിരത്തോളം യാനങ്ങൾക്ക് ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള ഒരു സൗജന്യപദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ആ പദ്ധതി പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എല്ലാ യാനങ്ങൾക്കും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കും.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ചില നയങ്ങൾ വൻകിട കോർപ്പറേറ്റ് യാനങ്ങൾക്ക് വർഷങ്ങളോളം ആഴക്കടലിൽ തമ്പടിച്ച്

മത്സ്യബന്ധനം നടത്താൻ ഇടവരുത്തുന്നതുമൂലം തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ പ്രക്ഷുബ്ധാവസ്ഥയിലും സമരരംഗത്തുമൊക്കെയായിരുന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കെതിരായ നയങ്ങളെ പ്രതിരോധിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നയങ്ങൾ കേരളം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ടിയുള്ള നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ പരമ്പരാഗത മത്സ്യമേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള നടപടികളുമായാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരായി പ്രത്യക്ഷവും പരോക്ഷവും അല്ലാതെയുമുള്ള നിലപാടുകൾ സ്വീകരിക്കുകയും നിവേദനം സമർപ്പിച്ചിട്ടുള്ളതുമാണ്. ട്രേഡ് യൂണിയനുകൾ, പൊതു രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവ മുന്നോട്ടുവന്ന് കേന്ദ്ര നിയമത്തിന്റെ ഭാഗമായുള്ള എതിർപ്പുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഈ

രംഗത്ത് ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ആഴക്കടൽ മത്സ്യബന്ധനമേഖലയിലേയ്ക്ക് സർക്കാർ കടന്നുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി 10 ബോട്ടുകൾ വാങ്ങാൻ തീരുമാനിക്കുകയും 6 ബോട്ടുകൾ കൊടുക്കുകയും ചെയ്തു. ഇനി 4 ബോട്ടുകൾ കൂടി കൊടുക്കാനുദ്ദേശിക്കുകയും ഈ വർഷത്തെ ബഡ്ജറ്റിൽ 10 ബോട്ടുകൾകൂടി വച്ചിട്ടുള്ളതുമാണ്. 12 നോട്ടിക്കൽ മൈലിനുള്ളിലെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെ സാധ്യതകളെ മെച്ചപ്പെടുത്താൻ കഴിയുന്നതരത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിലേയ്ക്ക് പോകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

വംശനാശഭീഷണി നേരിടുന്ന ശുദ്ധജലമത്സ്യങ്ങളുടെ സംരക്ഷണം

5 (* 515) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. മുഹമ്മദ് മുഹസിൻ):
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും സൃഷ്ടിക്കുന്ന അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഉൾനാടൻ മത്സ്യ സമ്പത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

(ബി) സംസ്ഥാനത്തിന്റെ ജല ആവാസവ്യവസ്ഥയിലെ പ്രധാന കണ്ണികളായ പരമ്പരാഗത മത്സ്യയിനങ്ങളിൽ പലതും വംശനാശഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) വംശനാശഭീഷണി നേരിടുന്ന ഉൾനാടൻ ശുദ്ധജല മത്സ്യ ഇനങ്ങളുടെ നിലനിൽപ്പിനുവേണ്ടി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് തുടക്കം കുറിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

(ഡി) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ ആവാസ വ്യവസ്ഥയിലെ പ്രധാന കണ്ണിയായ മഞ്ഞക്കൂരി എന്ന

മത്സ്യയിനത്തിന്റെ വംശനാശഭീഷണിയെ നേരിടുന്നതിന് പ്രസ്തുത സ്ഥാപനം നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

(ഇ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനിൽപ്പിനാവശ്യമായ ഗവേഷണവും പ്രവർത്തനങ്ങളും നടത്തുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിനെ ചുമതലപ്പെടുത്തുമോ; വിശദീകരിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) ഉണ്ട്. അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളിലൊന്നായ 2018 വർഷത്തെ പ്രളയത്തെത്തുടർന്ന് സ്വാഭാവിക ആവാസ വ്യവസ്ഥകളിന്മേലുള്ള വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല രേഖപ്പെടുത്തി പത്രമാധ്യമങ്ങൾ, ഗവേഷണ പ്രസിദ്ധീകരണങ്ങൾ എന്നിവ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യയിനങ്ങളിൽ പലതും വംശനാശ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസ വ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനുംവേണ്ടി ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2022-23 വർഷം മുതൽ ആരംഭിച്ച് മൂന്ന് വർഷം ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന ടി പദ്ധതിയുടെ ആകെ അടങ്കൽ 1,199 ലക്ഷം രൂപയാണ്. 'ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യവിഭവ പരിപാലനം' എന്ന ടി പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ൽ 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പദ്ധതിക്ക് 2023-24 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 12 റിസർവോയറുകളിലായി (മണിയാർ, പമ്പ, പൊന്മുടി,

മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൾ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ)) 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്.

വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതും അതീവ ശോഷണ വിധേയമായികൊണ്ടിരിക്കുന്നതുമായ മഞ്ഞക്കുരി, കുറുവാപരൽ എന്നീ തദ്ദേശീയ മത്സ്യയിനങ്ങളുടെ നിയത സാഹചര്യത്തിൽ ഉല്പാദിപ്പിച്ചെടുത്ത കുഞ്ഞുങ്ങളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥകളിൽ ചിലതായ പെരിയാർ നദിയിലെ ഇടമലയാർ അണക്കെട്ട്, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകം എന്നിവിടങ്ങളിൽ ഫിഷറീസ് സർവകലാശാലയുടെ നേതൃത്വത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും ഉപജീവനത്തിനും ഉതകുന്ന രീതിയിൽ ഇടമലയാർ വനമേഖലയിൽ വനം-വന്യജീവി വകുപ്പ്, ഊർജ്ജ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഒരു തദ്ദേശീയ മത്സ്യവിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ സർവ്വകലാശാല നടത്തിയിട്ടുണ്ട്.

പശ്ചിമഘട്ടത്തിലെ തദ്ദേശീയ മത്സ്യയിനമായ Pethia setnai (ഗോവ സംസ്ഥാനത്തിലെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ) എന്ന മത്സ്യയിനത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിക്കുകയും ഇവയുടെ കുഞ്ഞുങ്ങളെ Central Coastal Agricultural Research Institute-ന്റെ ഡയറക്ടർക്ക് 2023 വർഷം കൈമാറിയിട്ടുള്ളതുമാണ്.

കേരള സർക്കാർ പ്ലാൻ പദ്ധതിയിൻകീഴിൽ കല്ലട നദിയിൽ മാത്രം കണ്ടു വരുന്ന Dawkinsia exclamatio എന്ന ശാസ്ത്രീയ നാമമുള്ള ആശ്ചര്യപരൽ എന്ന തദ്ദേശീയ മത്സ്യത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ, അച്ചൻകോവിലാർ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട തടാകം, മലങ്കര അണക്കെട്ട്, തൃശ്ശൂർ, പൊന്നാനി കോൾപാടങ്ങൾ എന്നിവിടങ്ങളിലെ മത്സ്യസമ്പത്തിന്റെ വിവരശേഖരണം നടത്തി ഭാവികാല മത്സ്യ സംരക്ഷണത്തിനും സുസ്ഥിര പോഷണത്തിനുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനതല ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുമായി സഹകരിച്ചുകൊണ്ട് കുമ്പളം ഗ്രാമപഞ്ചായത്തിനായുള്ള ജൈവ വൈവിധ്യ രജിസ്റ്റർ സർവ്വകലാശാലയുടെ നേതൃത്വത്തിൽ പഞ്ചായത്തിനോടനുബന്ധിച്ച വേമ്പനാട്ടു കായൽ പ്രദേശങ്ങളിൽ സർവ്വേ നടത്തി 116 ഇനം മത്സ്യങ്ങളുടെയും, ചെമ്മീൻ, ഞണ്ട്, കക്ക, കണ്ടൽസസ്യങ്ങൾ എന്നിവയുടെ ചിത്രങ്ങൾ സഹിതമുള്ള കരട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അഷ്ടമുടി തടാകത്തിലെ മുഴുവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം (വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് സഹിതം) 3 അന്താരാഷ്ട്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല UNDP–IHRML പദ്ധതിയിൻകീഴിൽ കുറുവപരൽ, പൂവാലിപരൽ എന്നീ നാടൻ മത്സ്യയിനങ്ങളുടെ വിത്തുല്പാദന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2001–2002 കാലയളവിൽ കുറുവപരൽ എന്ന ഇനത്തിന്റെ കുഞ്ഞുങ്ങളെയും

(1.5 ലക്ഷം) 3000 പൊരുന്ന മത്സ്യങ്ങളെയും പദ്ധതി പ്രദേശമായ ഇടമലയാർ അണക്കെട്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

പശ്ചിമഘട്ടത്തിലെ തദ്ദേശീയ മത്സ്യയിനമായ Pethia Setnai (ഗോവ സംസ്ഥാനത്തിലെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ) എന്ന മത്സ്യയിനത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവകലാശാല വികസിപ്പിക്കുകയും ഇവയുടെ കുഞ്ഞുങ്ങളെ സെൻട്രൽ കോസ്റ്റൽ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർക്ക് 2023 വർഷം കൈമാറിയിട്ടുള്ളതുമാണ്.

കേരള സർക്കാർ പ്ലാൻ പദ്ധതിയിൻകീഴിൽ കല്ലട നദിയിൽ മാത്രം കണ്ടു വരുന്ന Dawkinsia exclamatio എന്ന ശാസ്ത്രീയ നാമമുള്ള ആശ്ചര്യപരൽ എന്ന തദ്ദേശീയ മത്സ്യത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

വംശനാശഭീഷണിയിലുള്ള മഞ്ഞക്കുരി മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ ചാലക്കുടിപുഴ, ശാസ്താംകോട്ട തടാകം എന്നീ ജലാശങ്ങളിൽ മത്സ്യസമ്പത്തിന്റെ ഉല്പാദന വർദ്ധനവിനും പ്രാദേശിക

മത്സ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിനും ഉതകുന്നരീതിയിൽ നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ ആസൂത്രണ ധനസഹായത്തിനുകീഴിൽ മഞ്ഞക്കൂരി (Horabagrus brachyosma) എന്ന വംശനാശ ഭീഷണിയിലുള്ള മത്സ്യയിനത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിത്തുല്പാദന സാങ്കേതികവിദ്യ സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2024 മാർച്ച് മാസം ഒന്നാം തീയതി തടാകത്തിൽനിന്നും ശേഖരിച്ച് സർവകലാശാലയിൽ പൊരുന്ന മത്സ്യങ്ങളായി വികസിപ്പിച്ചെടുത്ത മഞ്ഞക്കൂരി മത്സ്യങ്ങളിൽനിന്നും ഉല്പാദിപ്പിച്ചെടുത്ത 10 സെന്റീമീറ്ററിലധികം വലിപ്പമെത്തിയ കുഞ്ഞുങ്ങളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഫിഷറീസ് വകുപ്പുദ്യോഗസ്ഥരുടെയും പ്രാദേശിക മത്സ്യത്തൊഴിലാളികളുടെയും സാന്നിധ്യത്തിൽ നിക്ഷേപിക്കുകയുണ്ടായി. പ്രസ്തുത മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യസമ്പത്തിന്റെ ഉല്പാദനവർദ്ധനവിനും പ്രാദേശിക

മത്സ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിനും ഉതകുന്ന രീതിയിൽ തനതുവർഷം തുടർന്നും നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശ ഭീഷണി നേരിടുന്ന മൽസ്യയിനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനില്പിനാവശ്യമായ ഗവേഷണവും പ്രവർത്തനവും നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയ്ക്കുണ്ട്. കൂഫോസ് നിലവിൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി അഷ്ടമുടി തടാകത്തിലെ മുഴുവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം (വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്കു സഹിതം) 3 അന്താരാഷ്ട്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൃശ്ശൂർ, പൊന്നാനി കോൾപാടശേഖരങ്ങളിലെ മത്സ്യസമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തുകയും പ്രസ്തുത വിവരങ്ങളുൾക്കൊള്ളുന്ന വിശദ

റിപ്പോർട്ട് പരിസ്ഥിതി – കാലാവസ്ഥ വ്യതിയാന വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

അച്ചൻകോവിൽ നദിയുടെ പ്രാധാന കൈവഴിയായ കല്ലാർനദിയുടെ മൽസ്യ സമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തി, മത്സ്യസമ്പത്തിന്റെ ഫോട്ടോ അറ്റ്ലസ്, വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഇടമലയാർ വനമേഖലയിലെ മത്സ്യങ്ങളുടെ വിവരശേഖരണം നടത്തുകയും റിപ്പോർട്ടും ഫോട്ടോ അറ്റ്ലസും തയ്യാറാക്കിയിട്ടുമുണ്ട്.

സംസ്ഥാനതല ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുമായി സഹകരിച്ചുകൊണ്ട് കുമ്പളം ഗ്രാമപഞ്ചായത്തിനായുള്ള ജൈവ വൈവിധ്യ രജിസ്റ്റർ സർവകലാശാലയുടെ നേതൃത്വത്തിൽ പഞ്ചായത്തിനോടനുബന്ധിച്ച വേമ്പനാടുകായൽ പ്രദേശങ്ങളിൽ സർവ്വേ നടത്തി 116 ഇനം മത്സ്യങ്ങളുടെയും, ചെമ്മീൻ, ഞണ്ട്, കക്ക, കണ്ടൽസസ്യങ്ങൾ എന്നിവയുടെയും ചിത്രങ്ങൾ സഹിതമുള്ള കരട് റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ധനസഹായത്തിൻ കീഴിലുള്ള ഗവേഷണ പദ്ധതിയിൻകീഴിൽ ശാസ്താംകോട്ട തടാകത്തിലെയും മൽസ്യസമ്പത്തിന്റെ വിവരശേഖരണം നടത്തി വിശദ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, നിലവിലുള്ള നിയമങ്ങൾ സമുദ്രമത്സ്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ളതാണെന്നാണ് മനസ്സിലാകുന്നത്. ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണത്തിനുള്ള നിയമങ്ങൾ നിലവിലുണ്ടോ; അത് അനിവാര്യമാണോ എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, പരമ്പരാഗത മത്സ്യങ്ങളിൽ പലതും വംശനാശഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനുംവേണ്ടി ഫിഷറീസ് വകുപ്പുമുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. 2022-23 വർഷം ആരംഭിച്ച് മൂന്ന് വർഷം ഘട്ടംഘട്ടമായി

നടപ്പാക്കുന്ന പദ്ധതിയുടെ ആകെ അടങ്കൽ 1,199 ലക്ഷം രൂപയാണ്. ഉൾനാടൻ ജല ആവാസവ്യവസ്ഥയിൽ സംയോജിത മത്സ്യവിഭവ പരിപാലനം എന്ന പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23-ൽ 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിലും ഈ കാര്യങ്ങൾ ചെയ്യുന്നുണ്ട്. വംശനാശഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കൂറുവാപരൽ തുടങ്ങിയ തദ്ദേശ മത്സ്യയിനങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഗോവ സംസ്ഥാനത്തെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ മത്സ്യങ്ങൾക്കുവേണ്ടി പ്രത്യേക വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് വിശദമായ മറുപടിയാണ്+. കൂടുതൽ ഉൾനാടൻ മത്സ്യപരിപാലന സംരക്ഷണ പ്രക്രിയയ്ക്കാണ് സംസ്ഥാന ഗവൺമെന്റ് പ്രാധാന്യം കൊടുത്തിട്ടുള്ളത്.

+ അനുബന്ധമായി ചേർക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, കായൽമത്സ്യങ്ങളെ സംബന്ധിച്ച നിയമനിർമ്മാണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. കരിമീൻ, തിരുത, പൂമീൻ, വരാൽ തുടങ്ങിയ മലയാളികളുടെ ഇഷ്ടവിഭവങ്ങൾ ഇന്ന് തീൻമേശയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ശുദ്ധജല മത്സ്യങ്ങളുടെ കലവറയെന്ന് വിശേഷിപ്പിക്കുന്ന അഷ്ടമുടിക്കായലിൽപ്പോലും ഇവയുടെ എണ്ണം കുറയുകയാണ്. സമുദ്രമത്സ്യമായ അയലയുടെ സാന്നിദ്ധ്യം കായലിൽ വരികയാണ്. സമുദ്ര മത്സ്യങ്ങളുടെ സാന്നിദ്ധ്യം കായലിൽ വരുന്നതുകൊണ്ട് കായലിലെ ശുദ്ധജല മത്സ്യത്തിന് ഭീഷണിയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, കായലിലും നദികളിലും ജലാശയങ്ങളിലുംനിന്ന് പരമ്പരാഗതമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന മത്സ്യങ്ങൾക്ക് വംശനാശഭീഷണി നേരിടുന്നതിനാൽ അതിനുവേണ്ടിയുള്ള പഠനങ്ങൾ വകുപ്പ് നടത്തിയിട്ടുള്ളതും നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇക്കാര്യങ്ങൾ മറുപടിയിൽ വിശദമായി സൂചിപ്പിച്ചിട്ടുള്ളതിനാൽ അതിലേയ്ക്ക്

ഞാൻ കടക്കുന്നില്ല. അങ്ങ് പറഞ്ഞ കായലിലെ പ്രശ്നം സത്യസന്ധമായതിനാൽ അത് പരിഹരിക്കാനുള്ള നടപടികളും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. നിയമനിർമ്മാണത്തിന്റെ കാര്യം സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ലോകത്തെ ഏറ്റവും വലിയ പ്രകൃതി വിഭവങ്ങളിലൊന്നായ ശുദ്ധജലമത്സ്യത്തിന് വംശനാശഭീഷണി നേരിടുന്നതിന് പല കാരണങ്ങളുണ്ട്. അതിന് വാട്ടർ പൊല്യൂഷൻ, ആവാസവ്യവസ്ഥവിലെ വ്യത്യാസങ്ങൾ, പി.എച്ച്. ബാലൻസ്, അമോണിയ തുടങ്ങിയ പല കാരണങ്ങളുമുണ്ട്. കേരളത്തിൽ ഇപ്രകാരമുണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന് കൃത്യമായി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം പഠനം നടത്തിക്കൊണ്ട് അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ വംശനാശഭീഷണി നേരിടുന്ന മത്സ്യയിനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനിൽപ്പിനാവശ്യമായ

ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയ്ക്കുണ്ട്. കുഫോസ് നിലവിൽ ഈ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി അഷ്ടമുടി കായലിലെ മുഴുവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിക്കുകയും മൂന്ന് അന്താരാഷ്ട്ര പ്രബന്ധങ്ങൾ ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ തൃശ്ശൂർ, പൊന്നാനി കോൾ പാടശേഖരങ്ങളിലെ മത്സ്യസമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തുകയും പ്രസ്തുത വിവരങ്ങൾക്കുള്ള വിശദമായ റിപ്പോർട്ട് പരിസ്ഥിതി കാലാവസ്ഥാ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

അച്ചൻകോവിലാറിന്റെ പ്രധാന കൈവഴിയായ കല്ലാർ നദിയിലെ മത്സ്യസമ്പത്തിനെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിരുന്നു. എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാണ്. മറുപടിയിൽ ഇതെല്ലാമുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

10.00 Am

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട ഇരുന്നൂറ്റി പതിനാറാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 25-06-2024-ലെ നക്ഷത്രചിഹ്നമിട്ട 216-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

അത്തിരിൽ പെൺകുട്ടിക്ക് മർദ്ദനമേറ്റ സംഭവം

മി. സ്പീക്കർ: അത്തിരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദ്ദിച്ചതടക്കം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ചചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തോമസ്, സർവ്വശ്രീ ശ്രീ. കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

~~P 10-07-2024 PT-SO~~
~~10.00-10.10~~

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ശക്തമായ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. റിപ്പോർട്ട് ചെയ്യപ്പെടുന്നതും പോലീസിന്റെ അറിവിൽപ്പെടുന്നതുമായ എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തി പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ശാസ്ത്രീയവും പഴുതടച്ചതുമായ അന്വേഷണമാണ് പോലീസ് നടത്തുന്നത്. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറല്ല. പോക്സോ കേസുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമകേസുകളും

കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് 56 പ്രത്യേക കോടതികൾ നിലവിലുണ്ട്. ഇതിനോടൊപ്പം സമൂഹത്തിലെ അതിക്രൂരമായ സംഭവങ്ങളെത്തുടർന്നുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള നോട്ടീസിൽ നാല് സംഭവങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിലെ എല്ലാ കേസുകളിലും പോലീസ് കേസെടുത്ത് അന്വേഷിച്ചുവരികയാണ്. ആലപ്പുഴ തൈക്കാട്ടുശേരി സ്വദേശിനി 19 വയസ്സുകാരിയായ പെൺകുട്ടിയെയും സഹോദരനെയും പൂച്ചാക്കൽ സ്വദേശികളായ ആറുപേർ ചേർന്ന് 07-07-2024-ന് ദേഹോപദ്രവം ചെയ്ത കേസിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരവും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരവും ക്രൈം നമ്പർ 596/2024 പ്രകാരവും പൂച്ചാക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ഡി.വൈ.എസ്.പി.-യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരികയും ചെയ്യുകയാണ്. കേസിൽ ഉൾപ്പെട്ട രണ്ടുപ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 01-03-2024-ന്

കുസാറ്റ് യൂണിവേഴ്സിറ്റി കലോത്സവത്തിനിടെ പെൺകുട്ടിയെ ദേഹോപദ്രവം ചെയ്ത സംഭവത്തിൽ പെൺകുട്ടി ആദ്യം പരാതി നൽകിയിരുന്നില്ല. എന്നാൽ ക്യാമ്പസിലെ മറ്റ് വിദ്യാർത്ഥികളോട് പെൺകുട്ടിയെ മോശക്കാരിയായി ചിത്രീകരിച്ച് മനോവിഷമമുണ്ടാക്കിയെന്ന് 06-07-2024-ൽ പെൺകുട്ടി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 675/2024 പ്രകാരം കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. പെൺകുട്ടി 29-06-2024-ന് നൽകിയ പരാതിയിൽ സർവ്വകലാശാലയുടെ ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റിയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ തിരുവനന്തപുരത്തെ കോച്ചിംഗ് സെന്ററിലെ പരിശീലകനായിരുന്ന ആൾ 2017 മുതൽ പരിശീലനത്തിനായി എത്തിയ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ ലൈംഗീകാതിക്രമം നടത്തിയ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ഇന്ത്യൻ ശിക്ഷാനിയമം, പോക്സോ നിയമം എന്നിവയിലെ വിവിധ വകുപ്പുകൾപ്രകാരം ആറ് കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിലെ പ്രതി റിമാന്റിലാണ്.

സംഭവത്തെക്കുറിച്ച് അറിവ് ലഭിച്ച ഉടൻതന്നെ പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയുണ്ടായി.

കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദ വിദ്യാർത്ഥിനിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടിൽനിന്നും ഫോട്ടോകൾ ഡൗൺ ലോഡ് ചെയ്ത് ഫേസ്ബുക്കിൽ ഷെയർ ചെയ്ത കാര്യത്തിന് കാലടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 611/2024 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ രോഹിത് എന്ന ആളുടെ ഫേസ്ബുക്ക് ഐ.ഡിയിൽനിന്നാണ് ഇത് ഷെയർ ചെയ്തതെന്ന് വെളിവായിട്ടുണ്ട്. 08-07-2024-ന് ഇയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഫോൺ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതുമാണ്. മറ്റ് പെൺകുട്ടികളുടെയും ഫോട്ടോകൾ ഇത്തരത്തിൽ ഷെയർ ചെയ്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണം നടത്തിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് അറിയിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ ഏറ്റവും അവസാനം അത്തൂർ പൂച്ചാക്കലിൽ നടുറോഡിൽ ഒരു ദളിത് പെൺകുട്ടിയെ ആക്രമിച്ച ഒരു വിഷയംകൂടി ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് സഭ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഇത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള വളരെ പ്രധാനപ്പെട്ട വിഷയമാണ്. കാലങ്ങളായി ഇത് വർദ്ധിക്കുകയും അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടക്കംമുതൽതന്നെ ഈ വിഷയം സർക്കാർ ലാഘവത്തോടെയാണ് സമീപിക്കുന്നതെന്ന് തോന്നുകയാണ്. പോലീസിന്റെ നടപടിയുംകൂടി ഇതിൽ ചർച്ച ചെയ്യണമെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതിന്റെ മറുപടി ആവശ്യപ്പെട്ടത്. മുഖ്യമന്ത്രി ഇവിടെ ഹാജരായിട്ടില്ല. എത്ര ലാഘവത്തോടെയാണ് സർക്കാർ ഈ വിഷയങ്ങളെ കാണുന്നതെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം കൂടിയാണിത്.

കുറെ നാളുകളായി നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള അതിക്രമങ്ങളുണ്ടാകുന്നു. 2022-ൽ 18943 കേസുകളായിരുന്നെങ്കിൽ അത് 2023 ആകുമ്പോഴെക്കും സ്ത്രീകൾക്ക് നേരെ മാത്രം വരുന്ന അതിക്രമങ്ങൾ 18950 കേസുകളായി വർദ്ധിച്ചിരിക്കുകയാണ്. രണ്ട് ദിവസമായി സമൂഹ മാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലുമെല്ലാം പ്രധാനമായി ചർച്ച ചെയ്യുന്നൊരു വിഷയമാണ് അത്തരിലെ ദളിത് പെൺകുട്ടിക്കുനേരെ നടന്ന അതിക്രമം. തന്റെ സഹോദരനുനേരെ അതിക്രമമുണ്ടായപ്പോൾ ആ പെൺകുട്ടി പോലീസ് സ്റ്റേഷനിൽ പോയി പരാതിപ്പെട്ടതാണ് ഈ പെൺകുട്ടിയെ നടുറോഡിൽവച്ച് ആക്രമിക്കാനുണ്ടായ സംഭവം. ആ പെൺകുട്ടിയോട് അതിക്രമം കാണിക്കുന്ന വീഡിയോ ഉൾപ്പെടെ പോലീസ് സ്റ്റേഷനിൽ ഹാജരാക്കി. ഈ ദൃശ്യം കണ്ടാൽ അതിക്രൂരമായ പീഡനമാണ് നടന്നതെന്ന് നമുക്ക് മനസ്സിലാകുന്നതാണ്. പെൺകുട്ടിയുടെ വസ്ത്രം വലിച്ചഴിക്കുന്നു. ആ കുട്ടിയെ റോഡിലിട്ട് നാഭിക്ക് ചവിട്ടുന്നു, മൂത്രം ഒഴിക്കാൻപോലും സാധിക്കാത്ത രീതിയിൽ ദുരിതം അനുഭവിക്കുകയാണ് ആ പെൺകുട്ടി. എന്റെ അനുഭവം ഇനി ഒരിക്കലും ഒരു കുട്ടിക്കും ഉണ്ടാകരുതെന്ന്

ആ പെൺകുട്ടി കരഞ്ഞ് പറയുന്നത് നമ്മൾ കാണുകയാണ്. എന്നിട്ടും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ പ്രതികൾ എവിടെയാണ്; എന്തുകൊണ്ടാണ് ആ പ്രതികളെ അറസ്റ്റ് ചെയ്യാത്തത്; കാരണം ആ പ്രതികൾ സി.പി.ഐ.(എം)കാരാണ്. തൈക്കാട്ട്ശ്ശേരിയിലെ സി.പി.ഐ.(എം) പ്രവർത്തകനായ ഷൈജുവാണ് ഈ കേസിലെ പ്രധാനപ്പെട്ട പ്രതി. പാർട്ടിക്കാരാണെങ്കിൽ സംരക്ഷിക്കുകയും അവർക്ക് കുടപിടിക്കുകയും ചെയ്യുന്നുവെന്നതാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ആ പെൺകുട്ടി ആശുപത്രിയിൽ ഇപ്പോൾ ചികിത്സയിലാണ്. പ്രതികളെ അറസ്റ്റ് ചെയ്യാൻ തയ്യാറാകണം. അതുപോലെ നിരവധി സംഭവങ്ങളുണ്ട്. കുസാറ്റിൽ ഫെബ്രുവരി 29-ാം തീയതി സിൻഡിക്കേറ്റ് അംഗവും ഇടതുനേതാവുമായ ശ്രീ. പി. കെ. ബേബി കലോത്സവ സമയത്ത് ഗ്രീൻ റൂമിൽ കൊണ്ടുപോയി ഒരു പെൺകുട്ടിക്ക് നേരെ നടത്തിയ അതിക്രമങ്ങൾ, പരാതി കൊടുക്കാതിരിക്കാൻ ആ പെൺകുട്ടിയെ ഭീഷണിപ്പെടുത്തി. ആ പെൺകുട്ടി പാർട്ടിക്ക് പരാതി നൽകുകയും പാർട്ടി ആ പരാതി അന്വേഷിക്കുമെന്ന് കരുതി പെൺകുട്ടി

കാത്തിരിക്കുകയും ചെയ്തു. പക്ഷേ അതിൽ അന്വേഷണമുണ്ടായില്ല. അതിനുശേഷമാണ് ആ പെൺകുട്ടി പോലീസിൽ പരാതി നൽകിയത്. പക്ഷേ ആ പ്രതിയെ പോലീസ് ഇപ്പോഴും സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷക്കാരനായ/ സിൻഡിക്കേറ്റ് അംഗമായ ശ്രീ. പി. കെ. ബേബി കുട്ടികളുടെ ക്ഷേമം ഉറപ്പാക്കേണ്ട ക്ഷേമകാര്യ കമ്മിറ്റിയുടെ ചെയർമാനാണ്. അയാളാണ് ഈ പെൺകുട്ടിക്കുനേരെ ഈ അതിക്രമങ്ങൾ നടത്തിയത്. എന്നിട്ട് എന്ത് നടപടിയാണുണ്ടായത്; ഒരു പെൺകുട്ടിക്കുനേരെ അവിടെയുള്ള ഒരു സിൻഡിക്കേറ്റ് അംഗം ഈ അതിക്രമം കാട്ടിയിട്ട് അദ്ദേഹത്തെ സ്ഥാനങ്ങളിൽനിന്നും നീക്കാനുള്ള എന്തെങ്കിലും കാര്യം ചെയ്യാൻ സാധിച്ചോ; ഇത്തരം വിഷയങ്ങൾ കേരളത്തെ നാണിപ്പിക്കുന്നതാണ്. അതുപോലെതന്നെയാണ് വിദ്യാർത്ഥിനികളുടെ അശ്ലീല ചിത്രങ്ങൾ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തതും. വളരെ ക്രൂരമാണ്. ഈ പെൺകുട്ടി പഠിക്കുന്ന കാലടി ശ്രീശങ്കരാ കോളേജിലെ മുൻ എസ്.എഫ്.ഐ. നേതാവ് രോഹിത്താണ് ഈ കേസിലെ പ്രതി. പെൺകുട്ടിയുടെ ഫോട്ടോയെടുത്ത് ഫെയ്സ്ബുക്കിൽ അശ്ലീല ചിത്രങ്ങൾ

വരുന്ന പേജിലേയ്ക്കിടുകയാണ് പ്രതി ചെയ്തത്. പെൺകുട്ടികളുടെ ചിത്രമെടുത്തതിന്റെ തെളിവ് സഹിതം പെൺകുട്ടി പരാതി നൽകി. പക്ഷെ ആ പ്രതിയെ സ്റ്റേഷൻ ജാമ്യത്തിൽ വിടുകയാണുണ്ടായത്. കോളേജിൽനിന്നും പാസ്ഔട്ടായ ആളാണെങ്കിലും ഇയാൾ സ്ഥിരമായി അവിടെ വരികയാണെന്ന് ആ കോളേജിലെ കുട്ടികൾ കംപ്ലയിന്റ് ചെയ്യുകയാണ്. ഭരണ സ്വാധീനത്തിന്റെ, എസ്.എഫ്.ഐ. സ്വാധീനത്തിന്റെ ഭാഗമായി അവിടെവന്ന് പെൺകുട്ടികളോട് ഇത്തരത്തിൽ മോശമായി പെരുമാറുകയും വിദ്യാർത്ഥികളുമായി സൗഹൃദം സ്ഥാപിക്കുകയുമാണ്. സമൂഹമാധ്യമ അക്കൗണ്ടുകളിൽ ഫോട്ടോകൾ മോശം അടിക്കുറിപ്പോടുകൂടി പോസ്റ്റ് ചെയ്യുന്ന വൈകൃത മനസ്സിനുടമയായ ഇയാൾ ഇരുപതോളം പെൺകുട്ടികളുടെ ചിത്രങ്ങളാണ് ഇത്തരത്തിൽ പോസ്റ്റ് ചെയ്തതെന്നാണ് മനസ്സിലാക്കുന്നത്. എത്ര ക്രൂരമാണ് ഈ നാട്ടിലെ സംഭവങ്ങളും കോളേജുകളിൽ പെൺകുട്ടികൾക്കുനേരെ നടക്കുന്ന ഇത്തരം പ്രശ്നങ്ങളും; കേരളത്തിനാകെ അപമാനകരമായ മറ്റൊരു കേസുണ്ടായിരിക്കുന്നു. ക്രിക്കറ്റ് അസോസിയേഷൻ നേതാവ് ക്രിക്കറ്റ് പഠിക്കാൻ പോകുന്ന ചെറിയ

പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും ആ കുട്ടികളുടെ അശ്ലീല വീഡിയോ/ഫോട്ടോ ആവശ്യപ്പെട്ടുകൊണ്ട് കുട്ടികൾക്കുനേരെ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമുള്ളതാണ്. ഡൽഹിയിലെ ബി.ജെ.പി. എം.പി. ശ്രീ. ബ്രിജ് ഭൂഷണെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അദ്ദേഹം ഗുസ്തിതാരങ്ങൾക്കെതിരെ നടത്തിയ അതിക്രമങ്ങളെപ്പോലും വെല്ലുന്ന രൂപത്തിലാണ് കേരളത്തിൽ നടക്കുന്നത്. ഈ സാഹചര്യത്തിൽ രക്ഷിതാക്കൾ തങ്ങളുടെ മക്കളെ ഇതുപോലെയുള്ള പരിശീലനത്തിന് എങ്ങനെയാണ് വിശ്വസിച്ച് അയയ്ക്കുന്നത്? എത്രയോ രക്ഷിതാക്കളാണ് തങ്ങൾക്കുള്ളതുമുഴുവനും വിറ്റുപെറുക്കി തങ്ങളുടെ മക്കൾക്ക് താൽപര്യമുള്ള ഇതുപോലെയുള്ള മേഖലകളിലേയ്ക്ക് എത്താൻ വേണ്ടിയുള്ള പരിശീലന കേന്ദ്രങ്ങളിലേയ്ക്കയയ്ക്കുന്നത്. അവിടെയാണ് ചെറിയ പെൺകുട്ടികളടക്കം അതിക്രമത്തിന് ഇരയാക്കുന്നത്. അവരുടെ ഫിറ്റ്നസ് കാണിക്കാനായി നഗ്ന ഫോട്ടോ വേണമെന്ന് ഇയാൾ ഈ പെൺകുട്ടികളോട് ആവശ്യപ്പെടുകയാണ്. നൽകാത്ത കുട്ടികളെ ക്രൂരമായി മാനസികമായും ശാരീരികമായും ആക്രമിക്കുന്ന തരത്തിലേയ്ക്ക് ക്രിക്കറ്റ് അസോസിയേഷന്റെ

നേതാവ് മാറുകയാണ്. അയാൾ ഇപ്പോഴും അവിടെയുണ്ട്. രണ്ടുവർഷംമുമ്പേ ഇയാൾ പോക്സോ കേസിൽ പ്രതിയായി കോടതിക്കുപുറത്ത് ഒത്തുതീർപ്പുണ്ടാക്കിയ ആളാണ്. അന്നും നടപടിയെടുത്തില്ല. ഇയാൾ ഇപ്പോഴും ക്രിക്കറ്റ് അസോസിയേഷനിൽ തുടരുകയാണ്. ഇത്തരം ആളുകൾ ഇതിൽ തുടരാൻ വേണ്ടിയുള്ള സ്വാധീനമെന്താണ്? ഈ പാർട്ടിയിലും ഈ ഭരണ നേതൃത്വത്തിലുമൊക്കെയുള്ള ഈ ആളുകളുടെ സ്വാധീനമാണ് ഇത് കാണിക്കുന്നത്. (ബഹളം) ...

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ... ക്രിക്കറ്റ് അസോസിയേഷനെ പറയുമ്പോൾ നിങ്ങളെന്തിനാണ് ഇടപെടുന്നത്. (ബഹളം)...

ശ്രീമതി കെ. കെ. രമ: സർ, പിഞ്ചുകുട്ടികൾക്ക് സംരക്ഷണം നൽകുന്നതിൽപോലും ഈ സർക്കാർ ദയനീയമായി പരാജയപ്പെടുകയാണ്. ആ കുട്ടികൾക്കുപോലും സംരക്ഷണം കൊടുക്കാൻ സാധിക്കാത്ത രൂപത്തിലേയ്ക്കാണ് മാറുന്നത്. (ബഹളം) നിങ്ങളുടെ ഉൾപ്പെടെയുള്ള കുട്ടികളാണ് ഇതിൽ വരുന്നത്. (ബഹളം) പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ

ഇതിനെതിരെ രംഗത്ത് വരേണ്ട ആളുകളാണ്. ഇടതുപക്ഷം ഭരിക്കുന്ന നാടാണിത്. നമ്മുടെ നമ്പർ വൺ കേരളത്തിലാണ് ഇതുനടക്കുന്നത്. ആ കേരളത്തിൽ നടക്കുന്ന ഇത്തരം കാര്യങ്ങൾക്കെതിരെ നടപടിയെടുക്കാൻ എന്തുകൊണ്ട് സാധിക്കാതെ പോകുന്നു? എന്നിട്ട് അതിനെതിരെ ഊറ്റം കൊണ്ടിട്ട് കാര്യമില്ല. എസ്.എഫ്.ഐ.-ക്കാർ കോളേജുകളിൽ കാണിച്ചുകൂട്ടുന്ന അതിക്രമങ്ങൾ, നിങ്ങൾ എസ്.എഫ്.ഐ.-ക്കാരെ ന്യായീകരിക്കുന്നുണ്ടല്ലോ; ഒരുകാലത്ത് എസ്.എഫ്.ഐ. ആയിരുന്ന ആളാണ് ഞാനും. ആ നിലയ്ക്ക് അഭിമാനംകൊണ്ട ആളാണ് ഞാൻ. ഇന്നും അത് പറയും. പക്ഷെ ഇന്ന് എസ്.എഫ്.ഐ.-യിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും കുട്ടികൾക്ക് എസ്.എഫ്.ഐ.-ക്കാരായിരുന്നെന്ന് അഭിമാനത്തോടുകൂടി നാളെ പറയാൻ കഴിയുന്ന സാഹചര്യം ഇന്ന് നമ്മുടെ നാട്ടിലുണ്ടോ; വണ്ടിപ്പെരിയാറിലും വാളയാറിലുമുള്ള കേസിനെ സംബന്ധിച്ച് പറയേണ്ട. ആറുവർഷമായി വാളയാറിലെ ഒരമ്മ, ഒൻപതും പതിമൂന്നും വയസ്സായ തന്റെ രണ്ട് പെൺകുട്ടികൾ കെട്ടിത്തൂങ്ങിയിട്ട്, നീതിക്കുവേണ്ടി നടക്കുകയാണ്. ഈ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ ആ അമ്മയ്ക്ക് നീതി

വാങ്ങിക്കൊടുക്കാൻ കഴിഞ്ഞോ നിങ്ങൾക്ക്. (ബഹളം) വണ്ടിപ്പെരിയാറിലെ ആറ് വയസ്സുള്ള പെൺകുട്ടി.... ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ അവസ്ഥ വളരെ ദയനീയമാണ്. അവർക്ക് സംരക്ഷണം ഒരുക്കണം. അതിലെ പ്രതിയായ അർജുനെന്നുപറയുന്ന പാർട്ടിക്കാരനെ രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തി. ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല. എന്തൊരു ഗതികേടാണ് കേരളത്തിലുണ്ടാകുന്നത്? അതുപോലെ പ്രമുഖ നടി ആക്രമിക്കപ്പെട്ട കേസിൽ, കോടതിയുടെ സേഫ് കസ്റ്റഡിയിലിരിക്കുന്ന മെമ്മറി കാർഡും അതിന്റെ വിവരങ്ങളും പുറത്തുപോകുന്നൊരു നാടായി കേരളം മാറുകയാണ്. ആ പെൺകുട്ടിയുടെ ഇച്ഛാശക്തികൊണ്ടാണ് ഈ കേസ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. ആ സമയത്ത് ആ പെൺകുട്ടി Women in Cinema Collective എന്ന പേരിൽ നടിമാരുടെ ഒരു സംഘടനയുണ്ടാക്കി. ആ സംഘടന പെൺകുട്ടിക്ക് നല്ല പിന്തുണ നൽകുന്നതുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. സിനിമാ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻവേണ്ടി ജസ്റ്റിസ് ഹേമ കമ്മീഷനെ ഈ സർക്കാർ നിയമിച്ചു. 1,06,55,000/- രൂപ

ചെലവഴിച്ചുകൊണ്ട് ജസ്റ്റിസ് ഹേമ കമ്മിഷൻ ഒരുവർഷം അന്വേഷണം നടത്തി. 2019 ഡിസംബർ 31-ാം തീയതി ആ റിപ്പോർട്ട് സമർപ്പിച്ചു. നാലുവർഷം കഴിഞ്ഞിട്ടും ആ റിപ്പോർട്ടിലെ കാര്യങ്ങളെക്കുറിച്ച് പരസ്യപ്പെടുത്താൻ സാധിച്ചിട്ടില്ല. ആ ആളുകളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. ഇപ്പോൾ വിവരാവകാശ കമ്മീഷൻ ഇടപെട്ട് അത് പരസ്യപ്പെടുത്തണമെന്ന് പറഞ്ഞിരിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിൽ സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ വളരെ ഗുരുതരമാണ്. ഐ.സി.യു.-യിൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നൊരു നാട്. ഇരയുടെ കൂടെനിന്ന ഒരു ഉദ്യോഗസ്ഥയെ സ്ഥലം മാറ്റുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്ലീസ്.. കൺക്ലൂഡ്.

ശ്രീമതി കെ. കെ. രമ: സർ, ഒരുമിനിട്ട്. ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ആ ഇരയുടെ കൂടെ നിന്നുവെന്ന ഒരൊറ്റ കാരണത്താൽ ആ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഒരു നഴ്സിനെ ഇടുക്കിയിലേയ്ക്ക് സ്ഥലം മാറ്റുകയാണുണ്ടായത്. (ബഹളം) ഇരയ്ക്കൊപ്പം നിൽക്കുകയും

വേട്ടക്കാരനൊപ്പം കിതയ്ക്കുകയും ചെയ്യുകയാണ് ഈ സർക്കാർ. അതാണ് ഈ സർക്കാർ പെൺകുട്ടികൾക്ക് നേരെ നടത്തുന്നത്. അതിക്രൂരമായ അതിക്രമങ്ങളാണ് നമ്മുടെ നാട്ടിൽ പെൺകുട്ടികൾക്കുനേരെയുണ്ടാകുന്നത്. പോക്സോ കോടതിയിൽ പെൺകുട്ടികൾ കയറിയിറങ്ങുകയാണ്. പോക്സോ കോടതിയിലുള്ള കേസുകളെ സംബന്ധിച്ച് അന്വേഷിക്കണം. പോക്സോ കോടതികൾവഴി ഇരയായ പെൺകുട്ടികൾക്ക് നഷ്ടപരിഹാരം നൽകണം.

മി. സ്പീക്കർ: 10 മിനിട്ട് കഴിഞ്ഞു. പ്ലീസ്... പ്ലീസ്... കൺക്ലൂഡ് ചെയ്യണം.

ശ്രീമതി കെ. കെ. രമ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാൻ അതിവേഗ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കാൻ സർക്കാർ തയ്യാറാകണം. നിയമപരമായി ശിക്ഷിക്കപ്പെടാത്തതുകൊണ്ടാണ് കേസുകൾ കൂടുന്നത്. പ്രതികൾക്ക് സംരക്ഷണമൊരുക്കുന്നതുകൊണ്ടാണ് ഈ നാട്ടിൽ ഇത്തരത്തിലുള്ള കേസുകൾ വർദ്ധിച്ചുവരുന്നത്. അതുകൊണ്ട് അതിവേഗ സ്പെഷ്യൽ കോടതി സ്ഥാപിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വളരെയധികം വിവാദമായ ഇത്തരം വിഷയങ്ങൾ

ചർച്ച ചെയ്യാൻ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രസ്തുത വിഷയവുമായി ശ്രീമതി ദെലീമ ഒരു നോട്ട് നൽകിയിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, എന്റെ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരിയിലാണ് ഈ പ്രശ്നം നടന്നത്. പ്രശ്നം നടന്ന ഉടൻതന്നെ എസ്.പി.-യെയും ഡിവൈ.എസ്.പി-യെയും അറിയിക്കുകയും പോലീസ് കേസെടുക്കുകയും ചെയ്തു. ഈ സംഭവത്തിൽ ഇടതുപക്ഷ സർക്കാർ വളരെയധികം വിഷമിക്കുന്നുണ്ട്. ഒരു കുട്ടിയെ നടുറോഡിലിട്ട് തല്ലുകയെന്നുപറഞ്ഞാൽ അത് രാഷ്ട്രീയവത്കരിക്കേണ്ട കാര്യമല്ല. നമ്മുടെ കുഞ്ഞല്ലേ, ആ കുട്ടിക്കുണ്ടായ ആപത്തിനെ നമ്മുടെ സംസ്ഥാന സർക്കാർ അനുകൂലിക്കുമോ? ഒരു പെൺകുട്ടിയെ സംരക്ഷിക്കാത്ത നിലപാട് സംസ്ഥാന സർക്കാർ സ്വീകരിക്കുമോ? ഇതിനെയെന്തിന് രാഷ്ട്രീയവത്കരിക്കണം?

മി. സ്പീക്കർ: യെസ്..പ്ലീസ്... പ്ലീസ്...പ്ലീസ്... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

(ബഹളം)

ശ്രീമതി ദെലീമ: സർ, ഈ പ്രവണത കേരളത്തിലൊരിടത്തും നടക്കാൻ പാടില്ല. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അതിനെ ഞങ്ങൾ അപലപിക്കുന്നു. ഈ സംഭവത്തെ പൊതുവൽക്കരിച്ച്, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിരന്തരം ആവർത്തിക്കുന്ന ഇത്തരം സംഭവങ്ങളോടുചേർത്ത് കേരളത്തെ കൂട്ടിക്കെട്ടാനും സംസ്ഥാനത്തെ അപകീർത്തിപ്പെടുത്താനുള്ള ഹീനശ്രമങ്ങൾ നമ്മൾ തിരിച്ചറിയപ്പെടേണ്ടതായിട്ടുണ്ട്. ഈ സംഭവത്തിൽ വളരെയധികം വേദനിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാന സർക്കാർ ഇതിൽ കേസെടുത്തിട്ടുണ്ട്. നടപടിയെടുക്കാനേ സാധിക്കൂ. ഇതിൽ സി.പി.ഐ.(എം.)-ന് ഒരു ബന്ധവുമില്ല. (ബഹളം)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചർച്ച ചെയ്യുന്നതിന് സഭനിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട വിഷയം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചതാണ്. ഇതുസംബന്ധിച്ച് ഒരു കാര്യം അസന്ദിഗ്ധമായി ഉറപ്പിച്ചുപറയാൻ ആഗ്രഹിക്കുകയാണ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്ന ഒരാളെയും സംരക്ഷിക്കില്ല എന്ന നിലപാടാണ്

സർക്കാരിന്റേത്. മുഖം നോക്കാതെ നടപടിയെടുക്കും. ബഹുമാനപ്പെട്ട അത്രർ അംഗത്തിന്റെ മണ്ഡലത്തിലാണ് ഇവിടെ പരാമർശിച്ച കേസ്. അതിൽ പോലീസ് കേസെടുക്കുകയും രണ്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രമേയ അവതാരകയ്ക്ക് അന്വേഷിക്കാം, പ്രാദേശികമായി സി.പി.ഐ.(എം.) പാർട്ടി ഒരു കാരണവശാലും പ്രതികളെ പിന്തുണയ്ക്കുന്നില്ല. നടപടിയെടുക്കണമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. പോലീസ് പോലീസിന്റേതായ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് രണ്ടുപ്രതികളെ അറസ്റ്റുചെയ്തത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ 29-6-2024-ലാണ് യൂണിവേഴ്സിറ്റിക്ക് പരാതി ലഭിക്കുന്നത്. Internal Complaints Committe-ക്ക് ഈ പരാതി കൈമാറി. ആ പരാതിയിന്മേലുള്ള Internal Complaints Committe-യുടെ അന്വേഷണം ഏകദേശം അവസാനഘട്ടത്തിലാണ്. ഈ ദിവസങ്ങളിൽ റിപ്പോർട്ട് വരും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല നടപടി സ്വീകരിക്കും. 6-7-2024-ലാണ് പെൺകുട്ടിയുടെ പരാതി പോലീസിന് ലഭിച്ചത്. ആ പരാതിയിന്മേലുള്ള അന്വേഷണം പോലീസ് നടത്തുകയാണ്. കേരള ക്രിക്കറ്റ്

അസോസിയേഷനിലെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. ബ്രിജ് ഭൂഷണിന്റെ കേസിൽ സ്വീകരിച്ച നിലപാടല്ല അക്കാര്യത്തിൽ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. അയാളെ അറസ്റ്റുചെയ്തു. അയാൾ റിമാൻഡിലാണ്. അയാൾക്കെതിരെ 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുമാത്രമല്ല ഏറ്റവും അവസാനം സൂചിപ്പിച്ച കാലടി സർവ്വകലാശാലയുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയത്തിൽ ആ വ്യക്തിയെ അവിടെ സ്വീകരിക്കുകയോ പൂമാലയിടുകയോ അല്ല അറസ്റ്റ് ചെയ്യുകയാണ് ചെയ്തത്. ഈ പർട്ടിക്കുലർ കേസിൽ മാത്രമല്ല, അയാൾ ഇതിനുമുമ്പ് അങ്ങനെ ചെയ്തിട്ടുണ്ടോയെന്ന കാര്യംകൂടി അന്വേഷിക്കുന്നുണ്ട്. ഞാനതിലേയ്ക്ക് വരാം. ഈ കാലഘട്ടത്തിൽ കേരളത്തിലുണ്ടായ മാറ്റം നമ്മൾ കാണണം. നമ്മുടെ പോലീസ് സ്റ്റേഷനുകൾ ആർക്കും ഏതുസമയവും ആശ്രയിക്കാവുന്ന പ്രശ്നപരിഹാരത്തിന് നിർഭയം കടന്നു ചെല്ലാവുന്നയിടങ്ങളായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് അവ വനിതാസൗഹൃദവും ശിശുസൗഹൃദവുമായി മാറിയത്. 14 വനിത പോലീസ് സ്റ്റേഷനുകളിന്ന് സംസ്ഥാനത്തുണ്ട്. ഓരോ പോലീസ് ജില്ലയിലും വനിത

സെല്ലുകളുണ്ട്. പോക്സോ കോടതികൾ ഉൾപ്പെടെയുള്ളവയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസും കൂടി നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ കേസുകൾ വേഗത്തിലാക്കാൻവേണ്ടി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 56 പോക്സോ കോടതികൾ അനുവദിച്ചു. ഒരു കുഞ്ഞ് ഏഴോ എട്ടോ വയസ്സിൽ കടന്നു പോകുന്ന അതിദാരുണ അനുഭവങ്ങൾ പത്തൊൻപതോ ഇരുപതോ വയസ്സിനുശേഷം ഒരു കോടതിയുടെ മുമ്പാകെ ചെന്നുനിന്ന് ഓർത്തെടുക്കുന്നത് വീണ്ടുമുള്ള പീഡനത്തിന് തുല്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ പോക്സോ കോടതികളുടെ എണ്ണം കൂട്ടിയത്. അതിൽ ഇരകൾക്ക് കോടതി മുറികളിൽ പോകേണ്ടതില്ല. വീഡിയോ കോൺഫറൻസിംഗിലൂടെ ഓൺലൈനായി ഹാജരായാൽ മതി. പ്രതിയെ വീണ്ടും മുഖാമുഖം കാണുന്ന സാഹചര്യമുണ്ടാകരുതെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതുകൊണ്ടാണ് ആ രീതിയിലുള്ള കോടതികൾ സംസ്ഥാനത്ത് സെറ്റ് ചെയ്തിട്ടുള്ളത്. അതിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനത്തിന് വനിതാ ശിശുവികസനവകുപ്പ് ഉൾപ്പെടെ ഫണ്ട് ചെലവഴിച്ചുകൊണ്ട്

പോക്സോ കോടതികൾ ആധുനീക രീതിയിൽ രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച രീതിയിലുള്ള ക്രമസമാധനപാലനമുള്ള സംസ്ഥാനമാണ് കേരളം. അതിൽ ഒരു സംശയവും വേണ്ട. നമ്മൾ ഫാക്ച്വൽ ചെക്ക് നടത്തണം. ഇതോടൊപ്പം മത നിരപേക്ഷതയുടെ സംരക്ഷണം ഉറപ്പാക്കാൻ പോലിസിന്റെ ഫലപ്രദമായ ഇടപെടൽമൂലം സാധിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷങ്ങൾ ഒന്നുമുണ്ടായിട്ടില്ലെന്നുള്ളത് ഞങ്ങൾക്കൊപ്പം നിങ്ങൾക്കും കേരളത്തിനും അഭിമാനിക്കാവുന്ന കാര്യമാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുത്തും പഴുതടച്ച കേസ്സ് അന്വേഷണപ്രക്രിയയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയുംവഴി ഒരിക്കലും തെളിയില്ലെന്ന് കരുതിയ കേസ്സുകൾ തെളിയിക്കാനായി. സമീപകാലത്ത് നമ്മുടെ മുമ്പിൽ മാന്നാറിലെ കേസ്സുണ്ട്. ആലപ്പുഴ ജില്ലയിലെ മാന്നാറിൽ ദേഹോപദ്രവവുമായി ബന്ധപ്പെട്ട് പോലിസ് രജിസ്റ്റർ ചെയ്ത കേസ്സിൽ അറസ്റ്റിലായ പ്രതിയിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ 15 വർഷം മുമ്പ് കാണാതായ യുവതി

കൊല്ലപ്പെട്ടതായി പോലീസിന് വിവരം ലഭിച്ചു. അതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഭർതൃ വീട്ടിൽവച്ച് ഭർത്താവും കൂട്ടാളികളും ചേർന്ന് യുവതിയെ കൊലപ്പെടുത്തിയതായും വിവരം ലഭിച്ചു. എന്നാൽ ഈ യുവതി വർഷങ്ങൾക്കുമുമ്പ് മറ്റൊരാളോടൊപ്പം നാടുവിട്ടുപോയതായാണ് ബന്ധുക്കളെയും നാട്ടുകാരെയും വിശ്വസിപ്പിച്ചിരുന്നത്. പോലീസിന് ലഭിച്ച വിവരങ്ങളെതുടർന്ന് കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പും വനിതാ ശിശുവികസന വകുപ്പും ഒട്ടനേകം പദ്ധതികൾ ഈ കാലഘട്ടത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. വീടിനുള്ളിലും പൊതുയിടങ്ങളിലും സ്ത്രീക്ക് സംരക്ഷണം നൽകുകയെന്നത് കണക്കിലെടുത്തുള്ള പദ്ധതികളാണ് പോലിസ് ആവിഷ്കരിക്കുന്നത്. ഗാർഹീക പീഡനവും സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികളും അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും പരാതികളിൽ ഇരയുടെ ഭാഗത്തുനിന്നുകൊണ്ടുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്ന സമീപനമാണ് പോലീസിനുള്ളത്. സ്ത്രീ സുരക്ഷയ്ക്കായി അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിത സ്വയം പ്രതിരോധ സംഘം, വനിത ബീറ്റ് തുടങ്ങി ഒട്ടനവധി

പദ്ധതികളുണ്ട്. അതിൽതന്നെ പിങ്ക് പെട്രോൾ, പിങ്ക് ജനമൈത്രി, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ഉൾപ്പെടുന്നതാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്. കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറഞ്ഞിരുന്നതാണ്. പോലീസ് സേനയിലെ വനിത സാന്നിധ്യം കൂട്ടുകയാണ്. അത് രണ്ടോ മൂന്നോ ശതമാനത്തിൽനിന്ന് എട്ട് വർഷം കൊണ്ട് ഏകദേശം 15 ശതമാനത്തിലേയ്ക്ക് എത്തുകയാണ്. പോലിസ് സേനയിലെ വനിത സാന്നിധ്യം കൂട്ടുകയെന്നത് സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെൻസിറ്റീവായ ഒരു വലിയ വിഭാഗത്തെ ആ സമൂഹത്തിൽ കൂടുതലായുണ്ടാക്കുകയെന്ന ലക്ഷ്യംകൂടി കണ്ടുകൊണ്ടാണ് ഇതിന്റെ ഭാഗമായി പ്രത്യേക പരിശീലനം പോലീസ് സേനയിൽ നടക്കുന്നുണ്ട്. സൈബർ ലോകത്തും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നുണ്ട്. അത്തരം ചതിക്കുഴികളിൽനിന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനൊപ്പം അപകടങ്ങൾ തിരിച്ചറിയുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളും

മൊബൈൽ ആപ്പുകളുമൊക്കെത്തന്നെ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. വനിത ശിശുവികസന വകുപ്പിന്റെതായി 14 ജില്ലകളിലും വനിത പ്രൊട്ടക്ഷൻ ഓഫിസർമാരെ 2005-ലെ നിയമ പ്രകാരം നിയമിച്ചിട്ടുണ്ട്. അതുകൂടാതെ 14 ജില്ലകളിലുമായി 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. ഈ വർഷം 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ കൂടുതലായി ആരംഭിക്കാൻ പോകുകയാണ്. ഷെൽറ്റർ ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതുമാത്രമല്ല സൗജന്യമായി നിയമസഹായം, സൗജന്യമായ താമസ്സം, മറ്റ് കൗൺസിലിംഗ് ഇതെല്ലാം അനുബന്ധമായി ലഭ്യമാക്കുന്നുണ്ട്. ഇരയാകുന്ന ഒരു സ്ത്രീയെയോ പെൺകുഞ്ഞിനെയോ സംബന്ധിച്ചിടത്തോളം എല്ലാ ആദരവുകളും നൽകിക്കൊണ്ട് സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കിക്കൊണ്ടുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാരും വനിതാ ശിശുവികസന വകുപ്പും സ്വീകരിച്ചിട്ടുണ്ട്. സ്വധർ ഗൃഹ്, ഉജ്ജ്വല പദ്ധതി, ആഫ്റ്റർ കെയർ ഹോം, 12 ജില്ലകളിലും മഹിളമന്ദിരങ്ങളുണ്ട്, ഫാമിലി കൗൺസിലിംഗ് സെന്ററുകൾ, വനിത സഹായ കേന്ദ്രങ്ങൾ, സഖി വൺ സ്റ്റോപ്പ് സെന്ററിൽ പോലീസ്

സഹായമുണ്ട്, സ്ത്രീധനനിരോധന ഓഫീസർ- സ്ത്രീധനത്തിനെതിരെ പുതിയതായി നിയമത്തിൽ അമെന്റെമെന്റ് വരുത്തിക്കൊണ്ട് വനിത-ശിശു വികസന വകുപ്പ് ഡയറക്ടറാണ് സ്റ്റേറ്റ് പ്രൊട്ടക്ഷൻ ഓഫീസർ, 14 ജില്ലകളിലും ജില്ലാ ഓഫിസർമാരെയും ആ രീതിയിൽ നിയമിച്ചിട്ടുണ്ട്, ഷോർട്ട് സ്റ്റേ ഹോം, ഹെൽപ്പ് ലൈൻ 181, മിത്ര തുടങ്ങി ഒട്ടനവധി പദ്ധതികൾ വനിത-ശിശുവികസന വകുപ്പിന്റെതായി ഇവിടെ ആവിഷ്കരിച്ചിട്ടുണ്ട്. എനിക്ക് ഒരു കാര്യം മാത്രമെ ഈ സഭയോടെ പറയുവാനുള്ളൂ. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും എതിരെ അതിക്രമം നടത്തുന്നത് ആരാണെങ്കിലും മുഖം നോക്കാതെ നടപടിയെടുക്കാനുള്ള ആർജ്ജവമുണ്ടാകണമെന്നതാണ്. 2023-ൽ പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിൽ കോട്ടയം കുഞ്ഞച്ചനെ നമ്മൾക്ക് ഓർമ്മയില്ലേ? അയാളുടെ പേര് ഞാൻ ഇവിടെ പറയുന്നില്ല. ഈ സഭ മലീമസമായിപ്പോകും. ഇടതുപക്ഷത്തെ സി.പി.ഐ.(എം.) വനിത നേതാവിനേയും അവരുടെ കുടുംബാംഗങ്ങളെയും അന്തരിച്ച സഖാവ് പി. ബിജുവിന്റെ പത്നിയെ വരെ സോഷ്യൽ മീഡിയയിലൂടെ അതിനീചമായി ആക്രമിച്ചത്, നമുക്ക് ഒരുനോക്കുപോലും

കാണാൻ സാധിക്കില്ല. അതിന്റെ ഇരയാണ് ഞാനും. എന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ എന്റെ പോസ്റ്റിനെ അതിനീചമായി കമന്റ് ചെയ്തിട്ടുണ്ട്. അതിന് എന്ത് നടപടി നിങ്ങൾ സ്വീകരിച്ചു. 2023 സെപ്റ്റംബർ മാസത്തിൽ പുതുപ്പള്ളിയിൽ സഖാവ് അമൃതയ്ക്കെതിരെ പോസ്റ്റിട്ടില്ലേ? എന്ത് നടപടിയാണ് സ്വീകരിച്ചത്. 2023 സെപ്റ്റംബറിൽ ഇത് നടന്നെങ്കിൽ അയാളെ 2024-ൽ തിരുവനന്തപുരത്ത് കെ.എസ്.യു.-വിന്റെ ജില്ല സെക്രട്ടറിയായി അവരോധിച്ചു. ഇതാണോ നടപടി; ഇതാണോ നിലപാട്? നിങ്ങൾ പറയണം. ഈ നാട്ടിലെ വനിതകൾ അഭിമുഖീകരിക്കുന്ന ഈ വിഷയത്തിൽ ഉത്തരവാദിത്വപ്പെട്ട ഒരു പ്രസ്ഥാനത്തിന്റെ നിലപാടിതാണോ? അതുമാത്രമല്ല, ഈ കേസ്സിൽ ഈ വ്യക്തിക്ക് ജാമ്യം എടുത്തുകൊടുത്തത് കോൺഗ്രസ് നേതൃത്വം നേരിട്ട് ചുമതലപ്പെടുത്തിയ അഞ്ച് അഭിഭാഷകരാണ്. നിങ്ങൾക്ക് ഉത്തരമുണ്ടോ? അതിനുശേഷം ആ അഭിഭാഷകൻമാരെ അഭിനന്ദിച്ച് പോസ്റ്റിട്ടത് കോൺഗ്രസിന്റെ ഡിജിറ്റൽ മീഡിയ സെൽ തലവനാണ്. നടപടിയെടുത്ത് പുറത്താക്കിയില്ലെന്ന് മാത്രമല്ല മണ്ഡലം സെക്രട്ടറിയെ ജില്ല സെക്രട്ടറിയായി ഉയർത്തി. ഇതാണോ

സ്ത്രീകൾക്കുവേണ്ടിയുള്ള നിങ്ങളുടെ നിലപാട്. കഴിഞ്ഞ തൃക്കാക്കര ഇലക്ഷന് എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായിരുന്ന ഡോ. ജോ ജോസഫിന്റെ ചിത്രം മോർഫ് ചെയ്ത് കമന്റിട്ടു. അന്നത്തെ പ്രശസ്ത കമന്റ് 'ഇങ്ങനെയുള്ള വീഡിയോ കണ്ടാൽ ആരാണ് ഷെയർ ചെയ്യാതിരിക്കുക' എന്നായിരുന്നു. ആ നിലപാടല്ല ഞങ്ങൾ സ്വീകരിച്ചത്. ഞങ്ങൾ സ്വീകരിച്ച നിലപാടുകൾ വളരെ വ്യക്തമാണ്. ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയിലുള്ള മുൻനേതാവ് ആ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അയാൾ അറസ്റ്റിലായിട്ടുണ്ട്. മറ്റ് അന്വേഷണങ്ങൾ അതിന്റെ ഭാഗമായി നടക്കുകയാണ്. ഈ സഭയിലെ സീനിയർ നേതാവായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ സംസാരിച്ച ബഹുമാന്യയായ പ്രമേയാവതാരികയുടെ (ആർ.എം.പി.) സീനിയർ നേതാവ് മാപ്പ് പറഞ്ഞില്ലേ; മാപ്പ് പറഞ്ഞതുകൊണ്ട് മാറിയോ? ഞാൻ ഇത് പറയുന്നത് സഭയുടെ പൊതുവായ... (.... ബഹളം....) .... I have to say. I have to speak. I have something to speak.

മി. സ്പീക്കർ: You ask your members keep quiet. അവിടിരിക്കൂ.

ശ്രീമതി വീണാ ജോർജ്: മാപ്പുപറയുകയും തളളിപ്പറയുകയും വേണം. മനോഭാവങ്ങളിൽ മാറ്റം വേണം. സ്ത്രീയെ എങ്ങനെയാണ് കാണുന്നത്; സ്ത്രീ എന്നാൽ ശരീരമാണോ? ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറിനേയും ഈ നാട്ടിലെ പ്രശസ്തയും പ്രതിഭാധനയുമായ ചലചിത്രതാരത്തിനെതിരെയും പറഞ്ഞില്ലേ? എന്താണ് നിങ്ങളുടെ രാഷ്ട്രീയ ബോധ്യം; സ്ത്രീകളേയും കുട്ടികളേയും സംബന്ധിച്ചുള്ള നിലപാടെന്താണ്?

Shobin Thomas Chavanalil എന്ന വ്യക്തിയെ ഓർക്കുന്നുണ്ടോ; യൂത്ത് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയാണ്. ടി വ്യക്തി എഴുതിയ ഒരു ഫേസ്ബുക്ക് പോസ്റ്റുണ്ട്. ഒരു വ്യക്തി എന്ന നിലയിൽ ഈ സഭയിൽ അത് വായിക്കാൻ എനിക്ക് വിഷമമുണ്ട്. പക്ഷെ ഞാൻ വായിക്കുകയാണ്. 'തയ്യൽ ടീച്ചറുടെ കഷ്ണം ആർക്കെങ്കിലും കിട്ടിയെങ്കിൽ തരുന്നവർക്ക് സമ്മാനം തരുന്നു.' ഇത്തരമൊരു അഭിപ്രായ പ്രകടനത്തിനുമേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്? യൂത്ത് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി ഫേസ്ബുക്കിൽ എഴുതിയതാണിത്. തെരഞ്ഞെടുപ്പിന്റെ ഭാഗമായി വടകര പാർലമെന്റ് മണ്ഡലത്തിലെ സോഷ്യൽ മീഡിയ പ്രചരണത്തിൽ യൂത്ത് കോൺഗ്രസ്സ്

പ്രസിഡന്റിനൊപ്പം ചുക്കാൻ പിടിക്കുന്ന ആളാണ് ഷോബിൻ തോമസ്. ഇയാൾക്കെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? ഇതിൽ രണ്ട് വിഷയമുണ്ട്. ഒന്ന്, അത്യന്തം നീചമായ സ്ത്രീ വിരുദ്ധത, രണ്ടാമത്തെ വിഷയം ഒരു സയൻസ് അധ്യാപികയായിരുന്ന ടീച്ചറെ തയ്യൽ ടീച്ചർ എന്ന് നിരന്തരം പറയുകയാണ്. തയ്യൽ ടീച്ചർ മോശമായ തൊഴിലാണോ; അധ്യാപക സമൂഹത്തെ അധിക്ഷേപിക്കുന്ന നിലപാടല്ലേ അവിടെ സ്വീകരിച്ചത്; ഇക്കാര്യത്തിലെ political correctness എന്താണ്; എന്തുകൊണ്ടാണ് അത് തിരുത്തപ്പെടാത്തത്? സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഒരു പൊതുനിലപാട് ഉണ്ടാകണം. അതിൽ സങ്കുചിത രാഷ്ട്രീയ നിലപാടുകളുണ്ടാകാൻ പാടില്ല. ഒരൊറ്റ നിലപാട് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ആര് അതിക്രമം ചെയ്താലും അവർക്കെതിരെ ശക്തമായ നടപടി എടുക്കണമെന്നതാണ് നമ്മുടെ നിലപാട്. അക്കാര്യത്തിൽ മുഖം നോക്കാതെ നടപടിയെടുക്കും. ഇക്കാര്യത്തിൽ നിയമത്തിന്റെ ഏതറ്റംവരെയും പോകാൻ സർക്കാർ തയ്യാറാണ്. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ബാക്കിയുണ്ട്. പക്ഷെ എല്ലാം ഞാൻ വായിക്കുന്നില്ല.

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീമതി വീണാ ജോർജ്: സർ, നിലമ്പൂരിലുള്ള രാധ എന്ന സ്ത്രീയെ നമ്മളെല്ലാവരും മറന്നോ; അതിന് കിലോമീറ്ററുകൾക്കിപ്പുറം തൃശ്ശൂർ എന്ന സ്ഥലത്തെ കൃഷി ഭവൻ ജീവനക്കാരിയായിരുന്ന സുജിതയെ മറന്നോ;

മി.സ്പീക്കർ: ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യണം..

ശ്രീമതി വീണാ ജോർജ്: സർ, അന്ന് സുജിതയുടെ കൊലപാതകവുമായി ബന്ധപ്പെട്ട വിഷയത്തിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ സംഘത്തിൽ യൂത്ത് കോൺഗ്രസ്സ് മണ്ഡലം സെക്രട്ടറി വിഷ്ണു എന്ന വ്യക്തിയുമുണ്ടായിരുന്നു. പിന്നീട് വിഷ്ണുവിന്റെ വീട്ടുവളപ്പിൽ നിന്ന് കുഴിച്ചിട്ട നിലയിൽ സുജിതയുടെ മൃതദേഹം കണ്ടെത്തുകയുണ്ടായി. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ അപ്പുറത്തും ഇപ്പുറത്തും ചേരി തിരിഞ്ഞുള്ള രീതിയല്ല അവലംബിക്കേണ്ടത്. ഇക്കാര്യത്തിൽ എല്ലാവർക്കും ഒരേ നിലപാടായിരിക്കണം ഉണ്ടായിരിക്കേണ്ടത്. ഇതിൽ ഒരുപക്ഷെ ഞാനും പ്രമേയം അവതരിപ്പിച്ച ബഹുമാന്യയായ അംഗവും അതുപോലെ ഈ നാട്ടിലെ ഓരോ സ്ത്രീയും ഓരോ

പെൺകുഞ്ഞും ഉണ്ടാകാം. അതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കുമെന്നതിൽ ഒരു തർക്കവുമില്ല. ഇക്കാര്യത്തിൽ സർക്കാർ മുഖം നോക്കാതെതന്നെ നടപടിയെടുക്കും. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ നിയമസഭയുടെ കാലഘട്ടത്തിൽ ഒരു വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിക്കുകയുണ്ടായി. Crime of occurrence എവിടെയാണോ, ടി സ്ഥലം ഏത് സ്റ്റേഷൻ പരിധിയിലാണോ ഉൾപ്പെടുന്നത് അതേ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. അന്ന് സഭയിലെ ബഹുമാനപ്പെട്ട മറ്റംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തിരുന്നു. തുടർന്ന് ചർച്ചയുടെ ഭാഗമായി നടപടിക്രമങ്ങളിൽ മാറ്റമുണ്ടായി. നിലവിൽ വനിതകൾക്ക് ഏത് പോലീസ് സ്റ്റേഷനിൽ വേണമെങ്കിലും പരാതി കൊടുക്കുന്നതിനുള്ള സാഹചര്യമുണ്ട്. പോലീസിന്റെ നടപടികളിലും അതേ രീതിയിലുള്ള മാറ്റമുണ്ടായിട്ടുണ്ട്. വനിത ബീറ്റ് ഓഫീസേഴ്സ്, വനിതാ പോലീസ് സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ സംവിധാനങ്ങൾ സജീവമാണ്. ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ

നിന്ന് പഞ്ചായത്തുകളിൽ ആഴ്ചയിൽ രണ്ട് ദിവസം പോലീസ് സന്ദർശനത്തിനെത്തുന്നുണ്ട്. സ്ത്രീകൾക്കുണ്ടാകുന്ന മാനസികമായ തടസ്സങ്ങൾ, ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം ഒരുപക്ഷെ ശരിയായ രീതിയിൽ ഒരു പെൺകുട്ടിക്കും വനിതയ്ക്കും മാത്രമേ തിരിച്ചറിയാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള മാനസിക തടസ്സങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകുന്നതിനുവേണ്ടിയുള്ള സേനയെക്കൂടി സജ്ജീകരിക്കുന്ന രീതിയിലുള്ള ഒരു വലിയ മാറ്റമാണ് ഈ കാലഘട്ടത്തിൽ ഉണ്ടായത്. അതുകൊണ്ട് ആരാണെങ്കിലും അതിൽ മുഖം നോക്കാതെ നടപടിയെടുത്ത് മുന്നോട്ട് പോകണമെന്നാണ് അഭിപ്രായപ്പെടുന്നത്. ഇക്കാര്യത്തിനുവേണ്ടി നമ്മൾ ഒന്നിച്ച് നിൽക്കുകയാണ് ചെയ്യേണ്ടത്. ഇവിടെ സൂചിപ്പിച്ച നാല് കാര്യങ്ങളിലും കൃത്യമായ നടപടികളെടുത്തിട്ടുണ്ട്. അതിൽ ഉൾപ്പെട്ട ഓരോ വനിതകളുടേയും പെൺകുഞ്ഞുങ്ങളുടേയും വേദന നമ്മുടെ വേദന കൂടിയാണ്. ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും അതിന്റ ഭാഗമായിട്ടാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ ഈ വിഷയം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ ഈ സഭയിൽ അവതരിപ്പിച്ചത്. ഏറ്റവും അവസാനം നടന്ന സംഭവത്തെ ആധാരമാക്കിയാണ് സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഈ അതിക്രമങ്ങളെക്കുറിച്ച് വിശദീകരിച്ചത്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഡാറ്റ പരിശോധിച്ചാൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണങ്ങൾ നാൾക്കുനാൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണെന്ന് വ്യക്തമാകും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്കെല്ലാവർക്കും ഇക്കാര്യത്തിൽ ഒരേ നിലപാടാണ്

വേണ്ടത്. അവരെ നമ്മുടെ മക്കളെപ്പോലെയും കുടുംബാംഗങ്ങളെപ്പോലെയും കാണണം. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമത്തിനെതിരെ എല്ലാവരും ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കണം. അത്തരിലെ സംഭവത്തെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ വിശദീകരിക്കാം. പത്തൊമ്പത് വയസ്സുകാരിയായ ദളിത് പെൺകുട്ടി പോലീസ് സ്റ്റേഷനിലെത്തി ഒരു പരാതി കൊടുക്കുകയാണ്. പരാതിക്കാർക്കും കുടുംബത്തിനും ഭീഷണിയുണ്ടെന്നും എതിർ ഭാഗത്തുനിന്ന് ആക്രമണം ഉണ്ടാകുമെന്നുമുള്ള മുന്നറിയിപ്പുകളുണ്ടെന്നും സഹായിക്കണമെന്നും ആക്രമണത്തിൽ നിന്ന് രക്ഷിക്കണമെന്നും അവരുടെ പരാതിയിൽ വ്യക്തമാക്കിയിരുന്നു. എന്നിട്ടും പരാതി കൊടുത്ത് 48 മണിക്കൂറും യാതൊരുവിധ അന്വേഷണവും ആ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. പത്തൊമ്പത് വയസ്സുകാരിയായ ദലിത് പെൺകുട്ടി പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ ഒരു പരാതി നൽകിയിട്ടും അന്വേഷിക്കാൻ തയ്യാറാകാത്ത പോലീസ് സ്റ്റേഷൻ അടച്ചുപൂട്ടണം. എന്തിനാണ് ഇങ്ങനെയൊരു പോലീസ് സ്റ്റേഷൻ; ആരെ സംരക്ഷിക്കാനാണ് നിങ്ങളുടെ പോലീസ്; ഈ

പെൺകുട്ടിയെ മകളെപ്പോലെ കാണേണ്ടതല്ലേ; അപ്പോൾത്തന്നെ വണ്ടിയെടുത്ത് പോയി അന്വേഷിക്കേണ്ടതല്ലേ? സമയബന്ധിതമായി പോലീസ് അന്വേഷണം നടത്താതിരുന്നതിനാലാണ് അവിടെ ആക്രമണത്തിന്റെ സാഹചര്യമുണ്ടായത്. അത് സോഷ്യൽ മീഡിയയിലും മാധ്യമങ്ങളിലും വലിയ വാർത്തയായി. എല്ലാം വാർത്തയായി കഴിഞ്ഞപ്പോൾ കേസ് എടുത്തു. അന്വേഷണത്തിന്റെ ഭാഗമായി രണ്ടുപേരെ അറസ്റ്റ് ചെയ്തു. എന്നാൽ പ്രധാന പ്രതിയെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടുമില്ല. പ്രധാന പ്രതി സി.പി.ഐ.(എം.) പാർട്ടി പ്രവർത്തകനാണ്. ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചാലും കുഴപ്പമില്ലെന്ന് പാർട്ടി ലോക്കൽ കമ്മിറ്റി പറഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ വളരെ സന്തോഷമുണ്ട്. വലിയ ഭാഗ്യം. അവരുടെ അനുവാദം കിട്ടിയല്ലോ; പാർട്ടിയുടെ പ്രാദേശിക നേതൃത്വം ഇത് പറഞ്ഞിട്ടുണ്ടത്രേ. (ബഹളം)

മി.സ്പീക്കർ: പ്ലീസ്.. പ്ലീസ്.. അംഗങ്ങൾ സീറ്റിലിരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യങ്ങളുടെ മറുപടിയാണ് ഞാൻ പറയുന്നത്. ഇക്കാര്യത്തിൽ എത്രനടപടിയും സ്വീകരിക്കാൻ പാർട്ടിക്കാരുടെ വലിയ അനുവാദമാണ് കിട്ടിയിരിക്കുന്നത്. ഇവിടെ ഒരു കാര്യം ഓർക്കണം, തെരുവിലാണ് ഒരു പെൺകുട്ടി ആക്രമിക്കപ്പെട്ടത്, അവിടെവച്ചാണ് അവരുടെ വസ്ത്രം വലിച്ചുകീറിയത്. ഈ സംഭവത്തിൽ ഞങ്ങൾ ഒരു കാര്യം മാത്രം സൂചിപ്പിക്കാം. പ്രതികളുടെ രാഷ്ട്രീയം നോക്കാതെ ഇരകൾക്ക് നീതി ലഭ്യമാക്കണം. അതാണ് ഈ ചർച്ചയിലൂടെ ഞങ്ങൾ ആവശ്യപ്പെടുന്നത്. Cochin University-യിൽ നടന്ന സംഭവത്തെ എത്ര നിസ്സാരമായാണ് മന്ത്രി അവതരിപ്പിച്ചത്. കേസുമായി ബന്ധപ്പെട്ട് അവിടെ ഒരു കമ്മിറ്റിക്ക് പരാതി നൽകിയിട്ടുണ്ടെന്നും തുടർന്ന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേസ് പോലീസിന് കൈമാറി അന്വേഷണം നടത്തിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. മാർച്ച് ഒന്നാം തീയതി രാത്രിയിലാണ് കേസിന് ആസ്പദമായ സംഭവം നടക്കുന്നത്. എന്നാൽ കഴിഞ്ഞ ദിവസമാണ് കേസെടുത്തത്. Cochin University-യിലെ ടീച്ചേഴ്സ് അസോസിയേഷൻ

ഈയടുത്ത ദിവസം സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. അവർ സി.പി.ഐ.(എം.) സംഘടനയാണെന്ന് മനസ്സിലാക്കണം. പരാതിയിൽ അവർ പറഞ്ഞിരിക്കുന്നത്, വിഷയം മാപ്പ് പറയലോടുകൂടി തീർന്നെന്ന് കരുതിയെങ്കിലും പിന്നീട് അത് വീണ്ടും വലിയ വിഷയമായി. ഒരു സംഘം ആളുകൾ ബേബി എന്ന അധ്യാപകന്റെ വീട് അന്വേഷിക്കുന്നുണ്ടായിരുന്നു. ശനിയാഴ്ച്ച രാവിലെ അഞ്ചുമണിക്ക് ഒരു ജീപ്പ് നിറയെ ആളുകൾ ആലുവ ഭാഗത്തുനിന്ന് ക്യാമ്പസിലെത്തി. ആലുവ എസ്.എഫ്.ഐ. ഏരിയ കമ്മിറ്റിയിലെ അംഗങ്ങളാണ് സംഘത്തിൽ ഉണ്ടായിരുന്നതെന്ന് അന്വേഷണത്തിൽ നിന്ന് മനസ്സിലാക്കി. യൂത്ത് വെൽഫയർ ഓഫീസിൽ തള്ളിക്കയറിയ എസ്.എഫ്.ഐ. പ്രവർത്തകർ അടങ്ങിയ ഗുണ്ടാസംഘം ഡോ. ബേബി എന്ന പ്രതിയെ ക്രൂരമായി ആക്രമിച്ചു. എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിലെത്തിയ ഗുണ്ടാ സംഘവും പ്രശ്നവുമായി ബന്ധപ്പെട്ട പെൺകുട്ടിയും അക്രമത്തിൽ പങ്കാളിയായി. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ എസ്.എഫ്.ഐ.-യെക്കുറിച്ച് ചിലപ്പോൾ മോശമായി പറയാറുണ്ട്. എന്നാൽ

ഇപ്പോൾ ഞാൻ നല്ലതേ പറയുകയുള്ളൂ. മാർച്ച് 1-ാം തീയതി സംഭവം നടന്നതിന്റെ പിറ്റേ ദിവസം വെളുപ്പിന് എസ്.എഫ്.ഐ.-ക്കാർ ടി പ്രതിയെ മർദ്ദിക്കുകയുണ്ടായി. ഇത്രയും സംഭവങ്ങൾ ആ ക്യാമ്പസിൽ നടന്നിട്ടും അവിടെ ആരും കേസെടുത്തില്ല. കാരണം ടിയാൻ പാർട്ടിക്കാരനാണ്. ബേബി എന്ന വ്യക്തി സ്റ്റുഡന്റ് വെൽഫയർ ഡയറക്ടറാണ്. കുട്ടികളുടെ ക്ഷേമം അന്വേഷിക്കേണ്ട ഉദ്യോഗസ്ഥനാണ്. കറക്ട് ആളുടെ കൈയ്യിലാണ് ഈ ചുമതല നൽകിയിരിക്കുന്നത്. എന്നിട്ട് നിങ്ങളുടെ സംഘടന കൊടുത്തിരിക്കുന്ന പരാതി എന്താണെന്നറിയാമോ; വ്യാജ പരാതി നൽകിയ പെൺകുട്ടിക്കെതിരെയും ഡോ. ബേബിയെ ആക്രമിച്ച ഗുണ്ടകൾക്കെതിരായും കർശ്ശന നടപടി സ്വീകരിക്കണമെന്നാണ്. നിലപാട് വേണം.. ഇതാണോ നിലപാട്? ഡോ. ബേബി എന്ന വ്യക്തി ക്ലാർക്കിന്റെ മേലെയുള്ള പോസ്റ്റിൽ അവിടെ ജോലിക്കു കയറി. അതിനുശേഷം സ്റ്റുഡന്റ് വെൽഫയർ ഡയറക്ടർ എന്ന പോസ്റ്റിലേയ്ക്ക് സ്പെഷ്യൽ ഇന്റർവ്യൂവിലൂടെ സ്ഥാനമാറ്റം നേടി. ഒരു അർഹതയുമില്ലാതെ സ്റ്റുഡന്റ് വെൽഫയർ ഡയറക്ടറായി. ഇത് നോൺ ടീച്ചിംഗ് പോസ്റ്റ് ആയതുകൊണ്ട് ടീച്ചിംഗ് പോസ്റ്റാക്കി മാറ്റിത്തരണമെന്ന്

ടിയാൻ ആവശ്യപ്പെട്ടു. അതേത്തുടർന്ന് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്യുകയുണ്ടായി. നോൺ ടീച്ചിംഗ് പോസ്റ്റിൽ ഉൾപ്പെട്ട ടിയാനെ ടീച്ചിംഗ് പോസ്റ്റിലേയ്ക്ക് സ്ഥാനമാറ്റം നൽകി. കഴിഞ്ഞ 11 വർഷക്കാലത്തെ മുൻകാല പ്രാബല്യത്തോടുകൂടി യു.ജി.സി. ശമ്പളവും അനുവദിച്ചു. ഈ വ്യക്തിയാണ് കേസിലെ പ്രതി. ഇതും ഒരു തരത്തിലുള്ള നിലപാടാണ്.

ശ്രീ ശങ്കര കോളേജ്, കാലടിയിൽ എസ്.എഫ്.ഐ. നേതാവ് സഹപാഠികളായ ഇരുപതു പെൺകുട്ടികളുടെ ചിത്രങ്ങൾ അശ്ലീല പേജുകളിൽ പങ്കുവച്ച സംഭവം ഇവിടെ ശ്രീമതി കെ. കെ. രമ പറയുകയുണ്ടായി. അതിൽ ഒരു പെൺകുട്ടിയുടെ ചിത്രം വന്നപ്പോൾ ആ കുട്ടി അന്വേഷിച്ചപ്പോഴാണ് ഇരുപതോളം പെൺകുട്ടികളുടെ ഫോട്ടോകളുണ്ടെന്ന് അറിയുകയും അവർ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തു. അങ്കമാലി എം.എൽ.എ. സഭയിൽ ഇരിക്കുന്നുണ്ട്. പരാതി അന്വേഷിക്കണമല്ലോ, അയാൾ പോലീസ് സ്റ്റേഷനിൽ വന്നു, പതിനഞ്ചു മിനിട്ടുപോലും അവനെ അവിടെ ഇരുത്തിയില്ല, വേഗം തന്നെ ജാമ്യത്തിൽ വിടുകയും ചെയ്തു, നിലപാടാണ് അത്. നമ്മുടെ

മക്കളെപോലുള്ള പെൺകുട്ടികളുടെ ചിത്രം അശ്ലീല പോസ്റ്റിൽ ഇട്ടവനെ പതിനഞ്ചു മിനിട്ട് പോലും പോലീസ് സ്റ്റേഷനിൽ ഇരുത്താതെ നടപടിക്രമങ്ങൾ വേഗം പൂർത്തിയാക്കി അവന് ജാമ്യം നൽകി. ഇത്രയും വേഗത്തിൽ എം.എൽ.എ.-മാർക്കുപോലും ജാമ്യം ലഭിക്കില്ല? ശ്രീ. റോജി എം. ജോൺ-നെയൊക്കെ അറസ്റ്റ് ചെയ്തപ്പോൾ ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ജാമ്യം ലഭിച്ചോ? പതിനഞ്ചു മിനിട്ടിനകം ജാമ്യം നൽകി, തോളിൽ കയ്യിട്ട് മോൻ പൊയ്ക്കോയെന്നാണ് പോലീസുകാർ പറഞ്ഞത്. അതാണ് നിലപാട്. ഇവിടെ മന്ത്രി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അതായത് സോഷ്യൽ മീഡിയയിൽ സ്ത്രീകളെ അധിക്ഷേപിച്ച കാര്യം പറഞ്ഞു. (ബഹളം...)

മി. സ്പീക്കർ: അവിടെ ഇരിക്ക്, അവിടെ ഇരിക്ക്, അങ്ങ് സംസാരിച്ചോളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയം അവതരിപ്പിച്ച ശ്രീമതി കെ. കെ. രമയെ അധിക്ഷേപിച്ചതുപോലെ സോഷ്യൽ മീഡിയയിൽ അധിക്ഷേപിക്കപ്പെട്ട വേറെ ഏതെങ്കിലും സ്ത്രീയുണ്ടോ. ശ്രീമതി കെ. കെ. രമയെ അധിക്ഷേപിച്ച് നിങ്ങൾ സോഷ്യൽ മീഡിയ ഹാന്റിലുകളിലിട്ട കാര്യങ്ങൾ എന്റെ കൈയ്യിലുണ്ട്, അത് ഞാൻ

വായിക്കുന്നില്ല, വായിക്കാൻ പറ്റില്ല. വായിക്കാൻ കഴിയാത്ത തരത്തിലാണ്, കാണിച്ചുതരാം. നിങ്ങൾ ആ മനുഷ്യനെ അമ്പത്തിയൊന്ന് വെട്ടുവെട്ടി ക്രൂരമായി കൊന്നിട്ടും നിങ്ങളുടെ വാശിത്തീരാതെ ഈ സ്ത്രീയെ ഇപ്പോഴും സമൂഹമാധ്യമങ്ങളിൽ കൊന്നുകൊണ്ടിരിക്കുകയാണ്. അത് നിങ്ങളുടെ നിലപാടാണോ. (ബഹളം) നിങ്ങളുടെ പേരുകൾ വായിച്ചുതരാം ഞാൻ. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ കാര്യം പറഞ്ഞല്ലോ, തെരഞ്ഞെടുപ്പ് കാലത്ത് നിങ്ങളുടെ മുൻ എം.എൽ.എ.-യുടെ ഫേസ്ബുക്ക് പോസ്റ്റിൽ കയറി മകനിട്ട ഒരു പോസ്റ്റുണ്ട്, അത് വായിക്കാൻ പറ്റില്ല, അതൊക്കെ നിലപാടാണ്. ഇനിയൊരു കാര്യം, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്ററിൽവച്ച് ഒരുപെൺകുട്ടി പീഡിപ്പിക്കപ്പെട്ടു. അവിടുത്തെ ജീവനക്കാരനായിരുന്നു പീഡിപ്പിച്ചത്. അവർ പരാതി കൊടുത്തു. പരാതി കൊടുത്തപ്പോൾ ഈ ജീവനക്കാരൻ അവിടെ ഉണ്ടായിരുന്നുവെന്ന് അവിടുത്തെ ജീവനക്കാരി പോലീസിന് മൊഴിയും കൊടുത്തു. അതിന്റെ പേരിൽ ഒരു പെൺകുട്ടി പീഡിപ്പിക്കപ്പെട്ടപ്പോൾ ... ഇല്ല ഞാൻ വഴങ്ങില്ല...

മി. സ്പീക്കർ: മിനിസ്റ്റർ അല്ലേ, വഴങ്ങുമോ.

ശ്രീ. വി. ഡി. സതീശൻ: സർ, എല്ലാവരും ചേർന്ന് തെളിവ് നൽകിയ സ്ത്രീയെ പീഡിപ്പിക്കുകയായിരുന്നു. പെൺകുട്ടി പീഡിപ്പിക്കപ്പെട്ടുയെന്ന് ബോൾഡായി മൊഴികൊടുത്ത ആ സ്ത്രീയെ മെഡിക്കൽ കോളേജിൽനിന്ന് ഇടുക്കിയിലേയ്ക്ക് സ്ഥലം മാറ്റിയ മന്ത്രിയാണ് ഈ ആരോഗ്യ വകുപ്പുമന്ത്രി (ബഹളം). ഇല്ല ഞാൻ വഴങ്ങില്ല. ഞാൻ തീർക്കട്ടെ (ബഹളം).

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ... (ബഹളം) അവിടെ ഇരിക്കൂ അതിനുശേഷം പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങൾ അറിയണം, കേരള ഹൈക്കോടതി ഇടപ്പെട്ടിട്ടാണ് ആ ജീവനക്കാരിയെ വീണ്ടും മെഡിക്കൽ കോളേജിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കാനുള്ള ഉത്തരവിട്ടത്. ആ ഉത്തരവും വച്ചുകൊണ്ട് ഏഴ് ദിവസം അവരെ ആ വാതിൽക്കൽ ഇരുത്തിയ ആരോഗ്യ വകുപ്പുമന്ത്രിയാണിത്. ഹൈക്കോടതി ഉത്തരവ്... (ബഹളം) ബഹളം ഉണ്ടാക്കി എന്റെ പ്രസംഗം അവസാനിപ്പിക്കാൻ നോക്കണ്ട.

മി. സ്പീക്കർ: അവിടെ ഇരിക്കൂ.... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോവുകയാണ് (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, പന്ത്രണ്ട് ക്രിമിനൽ കേസിൽ, കാപ്പാ കേസിൽ പ്രതിയായ ഒരാളെ മാലയിട്ട് പാർട്ടിയിലേയ്ക്ക് സ്വീകരിച്ച ആരോഗ്യ വകുപ്പുമന്ത്രിയാണ് നിലപാടിനെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കുന്നത് (ബഹളം).

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ വാക്കൗട്ട് സ്പീച്ചിന്റെ സമയം... (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം.

മി. സ്പീക്കർ: അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ പ്ലീസ് ... (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, പേടിപ്പിച്ച് കൺക്ലൂഡ് ചെയ്യിപ്പിക്കണ്ട (ബഹളം).

മി. സ്പീക്കർ: പേടിപ്പിക്കുന്നില്ല. (ബഹളം). ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, അവിടെയിരിക്ക് അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോവുകയാണ് (ബഹളം).

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു മിനിട്ട് ...(ബഹളം)... സി.പി.ഐ.(എം) മെമ്പർമാർ അവിടെ ഇരിക്കുന്നുണ്ടല്ലോ. എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന വൈസ് പ്രസിഡന്റിനെ അധിക്ഷേപിക്കുകയും കേട്ടാൽ അറയ്ക്കുന്ന തെറി പറയുകയും

ചെയ്ത വ്യക്തിക്ക് നിങ്ങൾ എന്ത് പ്രൊമോഷൻ കൊടുത്തിട്ടാണ് എസ്.എഫ്.ഐ. സെക്രട്ടറി ആക്കിയത്, അത് നിലപാടാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ പരാമർശിച്ച നാലു കേസുകളിൽ പ്രധാനപ്പെട്ട എല്ലാ കേസുകളിലും നിങ്ങളുടെ പാർട്ടിക്കാരും പാർട്ടി ബന്ധുക്കളും പ്രതികളാണ്. അവരെ സംരക്ഷിക്കരുത് (ബഹളം). ഈ പാർട്ടിക്കാരെ ചേർത്തുനിർത്തി (ബഹളം). വണ്ടിപ്പെരിയാറിലെ കോടതി വിധി വായിക്കൂ. ആറുവയസ്സുകാരിയായ പെൺകുട്ടിയെ പീഡിപ്പിച്ച് കെട്ടിതൂക്കിയ ഡി.വൈ.എഫ്.ഐ.-ക്കാരനെ (ബഹളം) പോലീസ് സംരക്ഷിച്ചു, പാർട്ടിക്കാർ സംരക്ഷിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായി വർദ്ധിച്ചുവരുന്ന അതിക്രമത്തിൽ നടപടി എടുക്കാത്ത സർക്കാരിന്റെ നീക്കത്തിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ് (ബഹളം).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് രണ്ടുകാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും അതുകൊണ്ടു എന്നതിന്റെ തെളിവാണ് ഈ രണ്ടുകാര്യങ്ങളും അദ്ദേഹം ഇവിടെ പറഞ്ഞത്. ഈ സഭയിൽ അതിലൊരു വ്യക്തത വേണം, ചട്ടം 288 പ്രകാരമാണ്. അതിൽ മെഡിക്കൽ കോളേജ് ഐ.സി.യു.-വിൽ പീഡനത്തിന് ഇരയായ യുവതിയെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ പറഞ്ഞതാണ്. ... (ബഹളം)...

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ... അങ്ങേയ്ക്ക് അവസരം തന്നതാണ്. കാര്യങ്ങൾ ചുരുക്കി പറയാൻവേണ്ടി അദ്ദേഹം വഴങ്ങിയതാണ്. റൂൾ പറഞ്ഞാൽ എഴുതി തരണം. പെട്ടെന്ന് അവസാനിപ്പിക്കൂ... (ബഹളം)

ശ്രീമതി വീണാ ജോർജ്: സർ, അതിൽ സർക്കാർ നടപടികൾ സ്വീകരിച്ചു. അതിൽ തെറ്റിദ്ധരിപ്പിക്കുന്ന ഒരു കാര്യമുണ്ട്. ... (ബഹളം)...

മി. സ്പീക്കർ: ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അങ്ങ് സംസാരിക്കൂ... (ബഹളം).

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ക്രൂരമായ കൊലപാതകങ്ങൾ, സൈബർ കുറ്റങ്ങൾ, മദ്യവും മയക്കുമരുന്നും ഇതെല്ലാംകൂടി ആകെ കലുഷിതമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ് (ബഹളം).

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ആശങ്കാജനകമായ സാഹചര്യമാണുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. അതീവഗുരുതരമായ ഈ സ്ഥിതിവിശേഷം സഭയിൽ ചർച്ച ചെയ്യണമെന്ന ആവശ്യം ശ്രീമതി കെ. കെ. രമ ഉന്നയിച്ചപ്പോൾ ഗവൺമെന്റ് അക്കാര്യത്തിൽ എടുത്ത നിലപാട് ശരിയല്ല. ഒരേപോലെ സമീപനമെടുക്കണമെന്ന് പറയുകയും എന്നാൽ

രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ ശക്തമായി ചേരി തിരിയുകയും ചെയ്യുന്ന നിർഭാഗ്യകരമായ നിലപാടുണ്ടായി. ഈ തെറ്റായ നിലപാട് തിരുത്താൻ തയ്യാറാകണം. പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഇത്രയും ബഹളത്തിന്റെ ആവശ്യമെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറുപടി പറയുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുന്ന സമീപനം ബഹുമാനപ്പട്ട ചെയർ അനുവദിച്ച് നൽകാൻ പാടില്ല. കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. നിങ്ങൾക്ക് കണക്കുകൾ പരിശോധിക്കാവുന്നതാണ്.

മീ. സ്പീക്കർ: പ്ലീസ് .... പ്ലീസ്... കൺക്ലൂഡ്

ശ്രീ. അനൂപ് ജേക്കബ്: പോക്സോ കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പോക്സോ കേസുകളിലെ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും

നടപടിയെടുക്കാനും സാധിക്കുന്നുണ്ടോ?. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ആക്രമണം വർദ്ധിച്ചുവരുന്ന അതീവ ഗുരുതരമായ സാഹചര്യമാണ് ഇവിടെ ചൂണ്ടികാട്ടിയത്, അല്ലാതെ രാഷ്ട്രീയമല്ല പറഞ്ഞത്. യഥാർത്ഥമായ കാര്യങ്ങളാണ് പറഞ്ഞത്. രാഷ്ട്രീയമായി നിങ്ങളാണ് അതിനെ കണ്ടത്. യഥാർത്ഥ കാര്യങ്ങൾ മാത്രമാണ് ഇവിടെ സംസാരിച്ചത്. ഏറ്റവും ഗൗരവമായ ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ഈ വിഷയം ഗൗരവമായിട്ടാണ് അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കെതിരെ എന്റെ പാർട്ടിയുടെ നേതാവിന്റെ ഭാഗത്തുനിന്നുണ്ടായ, ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു പരാമർശത്തിന് എതിരെ മാപ്പ് പറഞ്ഞിട്ടുണ്ട്. ഞാനും എന്റെ പാർട്ടിക്കുവേണ്ടി മാപ്പ് പറയുകയാണ്. ഇത് ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഒരു സ്ത്രീക്കെതിരെയും

ഉണ്ടാകാൻ പാടില്ലെന്ന നിലപാട് അന്നും ഇന്നും ഒരുപോലെ സ്വീകരിച്ചതാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് പ്രയാസമുണ്ട്. ഞാൻ അതിനെ ഒരിക്കലും ന്യായീകരിച്ചിട്ടില്ല. അന്ന് തന്നെ എതിർത്തിട്ടുണ്ട്. അന്ന് തന്നെ അദ്ദേഹം മാപ്പ് പറഞ്ഞിട്ടുണ്ട്. ഒരു നേതാവിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു പരാമർശം ഉണ്ടാകരുതെന്ന് അടിവരയിട്ട് പറയുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞ ഒരു കാര്യം വസ്തുതാവിരുദ്ധമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ

ഐ.സി.യു.-വിൽവച്ച് യുവതിയെ പീഡിപ്പിച്ച വ്യക്തിയെ മണിക്കൂറുകൾക്കുള്ളിൽ ആരോഗ്യ വകുപ്പ് സസ്പെൻഡ് ചെയ്തിരുന്നു. ഇനി സർവ്വീസിലേയ്ക്ക് കടക്കാത്ത നിലയിലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിൽ മൊഴി നൽകിയ ആൾ അല്ല ഈ പറയുന്ന വ്യക്തി. പല മാധ്യമങ്ങളും പല രീതിയിൽ എഴുതിയപ്പോൾ ഞാൻ നിശബ്ദത പാലിച്ചതാണ്. കാരണം ഡി.എം.ഇ. നൽകിയ റിപ്പോർട്ടുണ്ട്. ഇര കൂടി ഇതിൽ ഉൾപ്പെട്ടതുകൊണ്ട് ഞാൻ പൂർണ്ണമായി നിശബ്ദത പാലിച്ചു. ആ വ്യക്തി വാർഡിന്റെ ചുമതലയിലുള്ള ഹെഡ് നഴ്സായിരുന്നു. സംഭവമുണ്ടാകുന്ന രണ്ട് ദിവസവും ഈ പറയുന്ന ഹെഡ് നഴ്സ് അവിടെയുണ്ടായിരുന്നില്ല. എന്നാൽ രണ്ട് ദിവസത്തിനുശേഷം ചുമതലയായിട്ട് വീണ്ടും വന്നു. അപ്പോഴാണ് 5 പേർ ഇവർക്ക് മുന്നിലൂടെ പോയി യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചത്. രണ്ട് പ്രശ്നങ്ങളാണ്. അത് administrative ആണ്. എന്താണ് മാധ്യമങ്ങൾക്ക് ഇത്ര താൽപ്പര്യമെന്ന് ബഹുമാനപ്പെട്ട കോടതി ചോദിച്ചു. അക്കാര്യം മാദ്ധ്യമങ്ങളിൽ വന്നില്ല. സംരക്ഷിക്കേണ്ട യുവതിയെ സംരക്ഷിച്ചില്ലെന്നുള്ളത്, കാരണം സംഭവമുണ്ടാകുന്ന രണ്ട്

ദിവസം അവരുണ്ടായിരുന്നില്ല, എന്നാൽ അഞ്ച് പേർ അവരുടെ മുന്നിലൂടെ പോയി സ്വാധീനിക്കുകയും ചെയ്തു. അതിലും പ്രധാനപ്പെട്ട കാര്യം, അഞ്ച് പേർ സ്വാധിനിക്കാൻ ശ്രമിച്ചത് രണ്ട് ദിവസം അവർ റിപ്പോർട്ട് ചെയ്തില്ല. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യേണ്ടത് ഇത് ആവർത്തിക്കാതിരിക്കാൻ വളരെ അനിവാര്യമായിരുന്നു. അതുകൊണ്ടാണ് ഇവർ ഉൾപ്പെടെ നാലഞ്ച് പേർക്കെതിരെ നടപടിയെടുത്തത്. ഇത് തീർത്തും administrative ആയ കാര്യമാണ്. അത് സർക്കാരിന് എതിരെയുള്ള പ്രചരണമായിട്ടെടുത്തു. അത് വളരെ നിർഭാഗ്യകരമാണ്. ബഹുമാനപ്പട്ട പ്രതിപക്ഷനേതാവ് പറഞ്ഞതും വസ്തുതാ വിരുദ്ധമാണെന്നത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. കാപ്പ ചുമത്തപ്പെട്ട 12 കേസുകളുള്ള വ്യക്തിയെ മാലയിട്ട് സ്വീകരിച്ചുവെന്ന് പറഞ്ഞു. അത് പത്തനംതിട്ട പാർട്ടി ജില്ലാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ആ വ്യക്തി ഇപ്പോൾ കാപ്പ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയല്ല. പൊതുപ്രവർത്തകനെന്ന നിലയിലുള്ള കേസുകളാണ്. സ്ത്രീകൾക്കെതിരെയുള്ള കേസുകളിൽ പ്രതികളായ രണ്ട് പേർ സഭയിൽ പ്രതിപക്ഷത്തുണ്ട്. അവർക്കൊപ്പമാണ് ഇറങ്ങിപ്പോയിരിക്കുന്നത്. അതിൽ

എന്താണ് പറയാനുള്ളത്? ഈ കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുണ്ട്. തൈക്കാട്ടുശ്ശേരിയിൽ നടന്ന സംഭവമാണ്. അതിൽ സി.പി.ഐ.(എം)-ന് പങ്കുണ്ടെന്നാണ് പറഞ്ഞത്. അതിൽ പങ്കാളികളായ സൈജു അടക്കം ഒരാൾക്കും സി.പി.ഐ.(എം)-മായി ഒരു ബന്ധവും ഇല്ലെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രദ്ധ ക്ഷണിക്കൽ

1. കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കൽ

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് എന്ന എന്റെ ദേശത്തിന്റെ പ്രത്യേകതകൾ ഈ സഭയിൽ പല പ്രാവശ്യം ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. 90 ശതമാനം പടശേഖരങ്ങളും തണ്ണീർത്തടങ്ങളും നിറഞ്ഞ പ്രദേശമാണ് കുട്ടനാട്. ഇത് കടൽനിരപ്പിൽ നിന്ന് 3 മീറ്റർ

താഴ്ചയിലാണ് നിൽക്കുന്നത്. ഇന്ത്യയിൽതന്നെ അങ്ങനെ ഒരു പ്രദേശം കുട്ടനാട് മാത്രമേയുള്ളൂ. ഞങ്ങളുടെ ഏറ്റവും വലിയ വിഷയം സഞ്ചാരയോഗ്യമായ പാലങ്ങളും അതിനുള്ള ആവശ്യങ്ങളുമാണ്. 32 വർഷമായി നടത്തിക്കൊണ്ടിരുന്ന പുളിങ്കുന്ന് ജങ്കാർ സർവ്വീസ് കഴിഞ്ഞ മാസം നിർത്തലാക്കി. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ ലകുപ്പുമന്ത്രിയെയും പൊതുമരാമത്ത് മന്ത്രിയെയും നേരിട്ട് കണ്ട് ആ വിഷയം പരിഹരിച്ചതാണ്. ഇന്ന് മാതൃഭൂമി ഒരു വാർത്ത അയച്ചുതന്നിട്ടുണ്ട്. ജങ്കാർ സർവ്വീസ് പുനഃസ്ഥാപിച്ചെന്ന് എം.എൽ.എ. പറഞ്ഞു പക്ഷേ അത് പുനഃസ്ഥാപിച്ചിട്ടില്ലെന്ന് പൊതുമരാമത്ത് ഓഫീസ് പറയുന്നു. ഇതിനെതിരെ കർശനമായ നടപടിയെടുക്കണം. കാരണം ധനകാര്യമന്ത്രിയെ കണ്ട് വിഷയം പരിഹരിച്ച് പി.ഡബ്യു.ഡി. മന്ത്രിയുടെ ഓഫീസിൽ പോയി അതിനാവശ്യമായ രേഖകളും പൂർത്തീകരിച്ച് ജങ്കാർ സർവ്വീസ് നടത്തുന്ന വ്യക്തിയെ ഔദ്യോഗികമായി അറിയിച്ച് ഇത് പുനഃസ്ഥാപിച്ചതാണ്. ഇങ്ങനെ ഒരു വാർത്ത നൽകിയത് പൊതുമരാമത്ത് വകുപ്പിലെ ആരായാലും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. കുട്ടനാട് നാല്

വശവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. നിരവധി പ്രതിസന്ധികളിലൂടെയാണ് ഞങ്ങൾ ജീവിക്കുന്നത്. കടത്തുവള്ളവും ബോട്ടും ഉണ്ടെങ്കിൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ 14 പാലങ്ങളാണ് അനുവദിച്ചത്, പല കാരണങ്ങളാൽ പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ല. തട്ടാശ്ശേരി പാലം എല്ലാ കാര്യങ്ങളും കഴിഞ്ഞിട്ടും അത് ടെണ്ടർ ചെയ്യുന്നില്ല. എന്താണ് അതിന് കാരണം? ഞാൻ ഉദ്യോഗസ്ഥന്മാരുമായി നിരന്തരം ചർച്ച നടത്തുകയും വിവരങ്ങൾ തിരക്കുകയും ചെയ്യുന്നുണ്ട്. ഉയരം കൂട്ടണമെന്നും അപ്രോച്ച് റോഡിന് പ്രത്യേകത വരണമെന്നുമാണ് മറുപടി പറയുന്നത്. ഇത് ജനങ്ങളോട് പറഞ്ഞാൽ മനസ്സിലാകില്ല. അതുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ട് എത്രയും പെട്ടെന്ന് തട്ടാശ്ശേരി പാലം ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കുട്ടനാട്ടിനെ സംബന്ധിച്ച് അപ്രോച്ച് റോഡുകൾ വരുമ്പോൾ പാലങ്ങളിൽനിന്ന് അപ്രോച്ച് റോഡിലേയ്ക്ക് ഇറങ്ങുമ്പോൾ അത് താഴ്ന്നുപോകുന്നു. കുട്ടനാട് എന്ന സ്ഥലം 2 മീറ്ററോളം

ചെളിയുള്ള പ്രദേശമാണ്. എത്ര piling ചെയ്താലും താഴോട്ട് ഇരിക്കും. ഏകദേശം 2 വർഷം മുമ്പ് ഈ വിഷയം സഭയിൽ സബ്മിഷനായി അവതരിപ്പിച്ചതാണ്. കുട്ടനാട്ടിലെ എല്ലാ പാലങ്ങളുടെയും അപ്രോച്ച് റോഡ് സീറോ ലാൻഡ് ആക്കണമെന്ന് ഒരു നിർദ്ദേശം വച്ചിരുന്നു. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് ചമ്പക്കുളം പാലം. ഈ പാലത്തിന്റെ താഴ്ഭാഗം താഴ്ന്ന് പോകുകയും ഒരു വാഹനം പോലും കയറാൻ സാധിക്കാത്ത അവസ്ഥയിലുമായിരുന്നു. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും തക്കതായ മറുപടി തരികയും ഞങ്ങളെ സഹായിക്കുകയും ചെയ്തു. പൂർണ്ണമായി അദ്ദേഹത്തെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. കാരണം കുട്ടനാടിന്റെ അവസ്ഥ മനസ്സിലാക്കി പ്രവർത്തിക്കുന്ന മന്ത്രിയാണ് അദ്ദേഹം. ഈ ഒരു പ്രത്യേക സാഹചര്യത്തിൽ ഇനി നിർമ്മിക്കുന്നതും നിർമ്മിച്ചതുമായ കുട്ടനാട്ടിലുള്ള എല്ലാ പാലങ്ങളുടെയും അപ്രോച്ച് റോഡുകളിൽ സീറോ ലാൻഡ് സംവിധാനം ഒരുക്കണം. അല്ലാത്തപക്ഷം താഴ്ന്നപോയ്ക്കൊണ്ടിരിക്കും. എനിക്ക് ഏറ്റവും പ്രധാനമായി പറയാനുള്ളത്, 14 പാലങ്ങളിൽ തട്ടാശ്ശേരി

പാലവും പടഹാരം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ കാര്യവുമാണ്. അത് വളരെ നല്ല റോഡായിരുന്നു. പൊതുമരാമത്ത് വകുപ്പും കെ.എസ്.ടി.പി.-ക്കാരും കൂടി പൊളിച്ചു അത് വഴി കാൽനടയായി പോലും യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്. പടഹാരം പാലത്തിന്റെ അപ്രോച്ച് റോഡുകൾ എത്രയും പെട്ടെന്ന് ശരിയാക്കണം. കൈനകരി ജംഗ്ഷനിൽ ജി.പി.എം. പാലമുണ്ട്. ആ പാലം എ.സി. റോഡിന്റെ നിർമ്മാണം വന്നപ്പോൾ അപ്രോച്ച് റോഡായി ഉപയോഗിച്ചതാണ്. കൈനകരി ജംഗ്ഷൻ മുതൽ എന്റെ വീട്ടിന്റെ വാതിക്കൽകൂടി പോകുന്ന റോഡാണത്. ആ റോഡ് തകർന്ന് കിടക്കുകയാണ്. 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇങ്ങനെയുള്ള വിഷയങ്ങളിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് 14 പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും അപ്രോച്ച് റോഡുകളും മറ്റ് സംവിധാനങ്ങളും ശരിയാക്കുന്നതിനുള്ള നടപടിയും ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് പറയാനുള്ളത്.

11.00 am

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിന്റെ സവിശേഷ ഭൂപ്രകൃതിയാൽ ശ്രദ്ധേയമായൊരു പ്രദേശമാണ് കുട്ടനാട്. കുട്ടനാട്ടിലെ കാർഷിക സംസ്കാരവും അതിനോടനുബന്ധിച്ചുള്ള ടൂറിസവും ലോകത്തിനുതന്നെ പരിചിതമാണ്. അടിസ്ഥാന ജനവിഭാഗങ്ങൾ ഏറെയുള്ള കുട്ടനാടിന്റെ വികസനമെന്നത് സർക്കാർ മുന്തിയ പരിഗണന നൽകുന്ന കാര്യമാണ്, അത് നൽകിയിട്ടുമുണ്ട്. കുട്ടനാടൻ മേഖലയിലെ പദ്ധതികളെ പൊതുമരാമത്ത് വകുപ്പ് ആ നിലയിലാണ് സമീപിച്ചിട്ടുള്ളത്. നാടിന് മാതൃകയാകാൻ പോകുന്ന എ.സി. റോഡ് (ആലപ്പുഴ-ചങ്ങനാശ്ശേരി) വികസനം കുട്ടനാടൻ മേഖലയിലാണ് സാധ്യമാകുന്നത്. പ്രളയദുരന്തത്തിൽ ഒറ്റപ്പെട്ടുപോകുന്ന കുട്ടനാടിനും സമീപപ്രദേശങ്ങൾക്കും അതിൽനിന്നും രക്ഷനേടാൻ കഴിയുന്ന നിലയിലുള്ള എ.സി. റോഡിന്റെ വികസനം പൂർത്തീകരണ ഘട്ടത്തിലാണ്. 2025 മധ്യത്തോടെ എ.സി. റോഡിൽ വിഭാവനം ചെയ്ത പദ്ധതികളെല്ലാം നടപ്പിലാക്കാനാകുമെന്ന് മാത്രമല്ല, കുട്ടനാടിന്റെ സമഗ്ര വികസനത്തിന്

എ.സി. റോഡ് നവീകരണം ഗുണകരമായി മാറുകയും ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ച പാലങ്ങളുടെ നിർമ്മാണവും അതുപോലെതന്നെയാണ്. തുരുത്തുകളിൽ അകപ്പെടുന്ന ജനങ്ങൾക്ക് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാനുള്ള കരുത്താണ് പാലങ്ങൾ. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിലും കിഫ്ബി പദ്ധതികളിലുമായി കുട്ടനാടൻ മേഖലയിൽ അനുവദിച്ചിരിക്കുന്ന 14 പാലങ്ങൾക്കായി 392.66 കോടി രൂപ വിനിയോഗിച്ച് നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ഉത്തരവാദിത്തമാണ് പൊതുമരാമത്ത് വകുപ്പിന് മുന്നിലുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കിഫ്ബി പദ്ധതിയിലുൾപ്പെട്ട പടഹാരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 82 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്. ടി പാലം ഈ വർഷം അവസാനം ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് 13 പാലങ്ങൾക്കായുള്ള സ്ഥലമേറ്റെടുക്കൽ വിവിധ ഘട്ടങ്ങളിലാണ്. കുട്ടനാട്ടിൽ ഇത്രയും പാലങ്ങൾ നൽകാൻ സാധിക്കുമെങ്കിലും അവിടെ സ്ഥലലഭ്യതയുടെയും സ്ഥലം

ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രോസസ്സിന്റെയും പ്രശ്നമുള്ളതുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടായത്, അല്ലാതെ മറ്റ് കാരണങ്ങളൊന്നുമില്ല. കെ.സി. പാലം പുനർനിർമ്മാണത്തിന് 19(1) പ്രകാരമുള്ള പ്രഖ്യാപനം 02-07-2024-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി കൈമാറിയാൽ പ്രവൃത്തിയുടെ ടെണ്ടർ സ്റ്റേജിലേയ്ക്കെത്താനാകും. മുപ്പത്തിനാലിൽപ്പടി പാലത്തിനായി 65 സെന്റ് സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനം പൂർത്തിയാക്കുകയും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ പ്രാഥമിക വിജ്ഞാപനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കോതാർതോട് പാലത്തിനായി 104 സെന്റ് ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നും ഫണ്ട് റിക്വിസിഷനുള്ള അപേക്ഷ 13-06-2024-ൽ ലഭിക്കുകയും അത് ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ്. കൈനകരി-ചാലേച്ചിറ പാലത്തിന് 124 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ ചമയങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്.

കാനാച്ചേരി പാലത്തിനായി ഭൂമി ഏറ്റെടുക്കലിനുള്ള അധികതുക റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുകയാണ്. കൈനകരി ചർച്ച് പാലത്തിന്റെയും ജീമംഗലം പാലത്തിന്റെയും കന്നിട്ടപ്പറമ്പ് പാലത്തിന്റെയും ഗോവേന്ദപാലത്തിന്റെയും ഭൂമി ഏറ്റെടുക്കലിനുള്ള അടിസ്ഥാന വില നിർണയ റിപ്പോർട്ട് നടപടി പുരോഗമിക്കുകയാണ്. കല്ലോട്ട്തറ പാലത്തിന്റെ ഫോറം 4 വിജ്ഞാപനം റവന്യൂ വിഭാഗം തയ്യാറാക്കുകയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട പുളിങ്കുന്ന് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച് ജൂലൈ 24-ന് സ്ഥലം കൈമാറുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതാണ്. കാവാലം-തട്ടാശ്ശേരി പാലത്തിന്റെ ഡിസൈൻ പുതുക്കി നൽകേണ്ട സാഹചര്യമുണ്ടായത് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുതുക്കിയ ഡിസൈൻ പ്രകാരം 81.85 കോടി രൂപ ഈ പാലം നിർമ്മാണത്തിന് ആവശ്യമായിവരുന്നതാണ്. ഇതിനും കിഫ്ബിയുടെ അനുമതി ആവശ്യമാണ്. മുട്ടൽ പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ

അന്തിമഘട്ടത്തിലെത്തിക്കഴിഞ്ഞു. ഈ പാലത്തിനും പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുസ്ഥിതിയാണിത്. ഇതിൽ ഭൂമി ഏറ്റെടുക്കലിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കേണ്ടതുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരം കാണാൻ സാധിക്കും. അതോടൊപ്പം ഈ പാലങ്ങൾക്കെല്ലാം ജലവിഭവ വകുപ്പിന്റെ നിരാക്ഷേപപത്രംകൂടി ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാര്യങ്ങൾ അദ്ദേഹവുമായി ചർച്ച ചെയ്യുന്നതാണ്. കൂടാതെ ഈ പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കുന്നതിന് പൊതുമരാമത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് എൽ.ഡി.എഫ്. സർക്കാരുകൾ കുട്ടനാടിനെ മാത്രമല്ല, ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പണം നൽകി സഹായിച്ചതിനെ ബഹുമാനപ്പെട്ട അംഗം അഭിനന്ദിച്ചതിന് പ്രത്യേകമായി സന്തോഷം അറിയിക്കുകയാണ്. കുട്ടനാടൻ കുടിവെള്ള പദ്ധതിയടക്കം

യാഥാർത്ഥ്യത്തിലേക്കെത്തിയിരിക്കുന്നു. അടുത്ത രണ്ട് വർഷംകൊണ്ട് സമ്പൂർണ്ണ സമഗ്ര വികസനം കുട്ടനാട്ടിലുണ്ടാകുന്നതാണെന്നാണ് പറയാനുള്ളത്.

ശ്രീ. തോമസ് കെ. തോമസ്: സർ, പാലങ്ങളുടെയും മറ്റും വർക്കുകളെടുക്കുന്നതിന് 2018-ലെ ഡി.എസ്.ആർ/എൽ.എം.ആർ (ലോക്കൽ മാർക്കറ്റ് റേറ്റ്) നിരക്കാണ് നിലവിൽ കണക്കാക്കുന്നത്. ആ നിരക്കിൽ കോൺട്രാക്ടർമാർ ആരുംതന്നെ വർക്കേറ്റെടുക്കുകയില്ലെന്ന് മാത്രമല്ല, വർക്കെടുത്താൽ സാമ്പത്തികമായി അവർക്ക് വലിയ പ്രശ്നമുണ്ടാവുകയും ചെയ്യും. അതുകൊണ്ട് റേറ്റിൽ മാറ്റം വരുത്തി സഹായിച്ചാൽ മാത്രമേ കോൺട്രാക്ടർ ഇത്തരം വർക്കുകൾ ഏറ്റെടുക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരനടപടി സ്വീകരിക്കണം.

ശ്രീ. സജി ചെറിയാൻ: സർ, 2018-ലെ ഡി.എസ്.ആർ പ്രകാരമാണ് നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നത്. അത് പുനഃപരിഷ്കരിക്കേണ്ടത് പൊതുവായുള്ള കാര്യമാണ്, അത് ഗവൺമെന്റ് പരിശോധിക്കേണ്ടതുമാണ്. അതിന്റെ പേരിൽ കുട്ടനാട്ടിലെ ഒരു പദ്ധതിയും

തടസ്സപ്പെടില്ല. അതിന്റെ ഉദാഹരണമാണ്, കുട്ടനാട്ടിലെ കുടിവെള്ള പദ്ധതിക്ക് അനുവദിക്കപ്പെട്ട തുകയിലും കൂടുതലായി ആവശ്യം വന്നപ്പോൾ ക്യാബിനറ്റ് അംഗീകരിച്ച് അധികമായി വന്ന തുക പൂർണ്ണമായി നൽകിയിട്ടുള്ളത്. അക്കാര്യംകൂടി മനസ്സിലാക്കണം. അതുകൊണ്ട് ഡി.എസ്.ആർ-ന്റെ ഭാഗമായി ഇത്തരം കാര്യങ്ങളിൽ യാതൊരു തടസ്സവുമുണ്ടാകില്ല.

2. അങ്കണവാടി ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതന-പെൻഷൻ പരിഷ്കരണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ അങ്കണവാടി ജീവനക്കാരുടെ പ്രയാസങ്ങളും ദുരിതങ്ങളുമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇതേ വിഷയം 29-10-2021-ൽ ഞാൻതന്നെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുകയുണ്ടായി. അങ്കണവാടി ജീവനക്കാരുടെ വേതനം ആയിരം രൂപ വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് മറുപടി നൽകിയിരുന്നു. രണ്ടുവർഷങ്ങൾക്കുശേഷം കഴിഞ്ഞ ഡിസംബർ മാസത്തിൽ അങ്കണവാടി ജീവനക്കാർക്ക് സർക്കാർ ആയിരം രൂപ വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനമുണ്ടായി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ

കാലയളവിലാണ് രണ്ടായിരം രൂപയെന്നത് പതിനായിരം രൂപയായി വർദ്ധിപ്പിച്ചത്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇതിലേയ്ക്ക് രണ്ടായിരം രൂപ ലഭിക്കുകയുമുണ്ടായി. കേന്ദ്രസർക്കാർ അങ്കണവാടി ജീവനക്കാരോട് വലിയ നീതിയൊന്നും കാണിക്കാറില്ല. എന്നാലും ഇവർക്ക് ആകെ ലഭിച്ചുകൊണ്ടിരുന്നത് പന്ത്രണ്ടായിരം രൂപയായിരുന്നു. പിന്നീട്, ഒരു ആയിരം രൂപകൂടി ലഭിക്കാൻ എട്ട് വർഷം കാത്തിരിക്കേണ്ടിവന്നു. അങ്കണവാടി ജീവനക്കാർ എന്ത് ജോലിചെയ്യുന്നുവെന്നുള്ളതല്ല, അവർ എന്ത് ജോലി ചെയ്യുന്നില്ലെന്നുള്ളതാണ് പരിശോധിക്കേണ്ടത്. രാവിലെ 9.00 മണിക്ക് അവർ അങ്കണവാടിയിൽ എത്തിയാലുടൻതന്നെ അവിടെ ഹാജരായെന്ന് അറിയിക്കാനായി ഫോട്ടോയെടുത്ത് സൂപ്പർവൈസർക്ക് അയച്ചുകൊടുക്കണം. അതിനുശേഷം കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന്റെയും ഉച്ചഭക്ഷണം നൽകുന്നതിന്റെയും ഫോട്ടോയെടുത്ത് അയച്ചുകൊടുക്കണം. ക്ലാസ്സെടുക്കുന്നതിന്റെ വീഡിയോയും അയച്ചുകൊടുക്കണം. പിന്നെ വൈകുന്നേരം പോകുന്നതിനുമുമ്പും ഫോട്ടോയെടുത്ത് അയയ്ക്കണം. സാധാരണ ടീച്ചർമാർക്ക് 4.00

മണിയാകുമ്പോൾ വീട്ടിൽ പോകാമെങ്കിൽ ഇവർക്ക് 4.00 മണിക്കുശേഷം ഭവന സന്ദർശനം കൂടിയുണ്ട്. ഇതിന്റെ ഭാഗമായി അങ്കണവാടിയുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് അവിടെയുള്ള ഗർഭിണികളുടെയും ദുർബല വിഭാഗത്തിലുള്ളവരുടെയും സർവേ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണം. ഇതുകൂടാതെ CBE (Community Based Education)-യുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. പ്രധാനമന്ത്രി മാതൃ വന്ദനയോജന (PMMVY), ആശ്വാസ കിരണം, വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകളും ഇവർ നൽകുകയും ഗ്രാമസഭകളുടെ കാര്യങ്ങളിൽ സഹകരിക്കുകയും വേണം. ഇതിനൊക്കെപുറമെ ഇലക്ഷൻ ഡ്യൂട്ടിയിലും ഇവർ പങ്കെടുക്കണം. ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുത്ത ഇവർക്ക് വേതനം ലഭിച്ചില്ലെന്ന് ഈയടുത്തകാലത്ത് ഒരു അങ്കണവാടി ടീച്ചർ പറയുകയുണ്ടായി. ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുത്ത ബാക്കിയുള്ള എല്ലാവിഭാഗം ജീവനക്കാർക്കും വേതനം ലഭിക്കുമ്പോഴും ഇവർക്കുമാത്രം യാതൊന്നും ലഭിച്ചില്ല. പുതുതായി ഓരോരോ ജോലികൾ ഇവർക്ക്

നൽകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞയാഴ്ച സ്ത്രീകൾ ഗൃഹനാഥയായ വീടുകളുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിൽ അവരോട് ആവശ്യപ്പെട്ടതിൻപ്രകാരം ആയത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ലിസ്റ്റുകൾ പ്രത്യേകമായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ജോലികൾ മാറിമാറി ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന 'ഓണറേറിയം' എന്നത് ശമ്പളമാക്കി മാറ്റാനും ഇവർക്ക് 21000/- രൂപയെങ്കിലും ശമ്പളമായി നൽകാനുമുള്ള നടപടി സ്വീകരിക്കണം. അങ്കണവാടി വർക്കർക്ക് 2500/- രൂപയും ഹെൽപ്പർമാർക്ക് 1500/- രൂപയുമാണ് പെൻഷനായി ലഭിക്കുന്നത്. വളരെ തുച്ഛമായ ഈ തുക വർദ്ധിപ്പിക്കണം. 2023-ൽ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് നാളിതുവരെ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന` മാതൃഭൂമി ദിനപത്രത്തിലൊരു വാർത്ത വരികയുണ്ടായി. വളരെ തുച്ഛമായ പെൻഷൻ തുകപോലും അവർക്ക് ലഭിക്കുന്നില്ല. 40 വർഷം ജോലി ചെയ്ത്

വിരമിക്കുമ്പോൾപോലും യാതൊരാനുകൂല്യവും നൽകാതെയാണ് ഈ പാവങ്ങളെ പറഞ്ഞുവിടുന്നത്. ഇവർ മാസംതോറും 500/- രൂപവീതം അടയ്ക്കുന്ന ക്ഷേമനിധി പെൻഷനാണ്. ക്ഷേമനിധിബോർഡിൽ പെൻഷന്റെ കാര്യത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഫണ്ട് വരുമ്പോൾ തരാമെന്നാണ് പറയുന്നത്. ഫണ്ട് എവിടെനിന്നും വരാനാണ്? ഇത് ഒരിടത്തുനിന്നും വരാനുള്ളതല്ലല്ലോ; ഇവർ അംശദായമായടച്ച അവരുടെ ക്ഷേമനിധിയിൽനിന്നും നൽകേണ്ട വിരമിക്കൽ ആനുകൂല്യങ്ങളാണ്. ഈ ആനുകൂല്യങ്ങൾ പതിനായിരം പതിനയ്യായിരവുമായി ഏർപ്പെടുത്തിയത് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. എന്നാൽ ഈ വിരമിക്കൽ ആനുകൂല്യങ്ങളും ക്ഷേമനിധിയുടെ മറ്റാനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. മുമ്പ് ക്ഷേമനിധി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനുമായി രണ്ട് പെൻഷൻ ലഭിക്കുമായിരുന്നെങ്കിൽ ഇപ്പോൾ അതും നിർത്തലാക്കിയിരിക്കുകയാണ്. 2023-നുശേഷം വിരമിച്ച അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകണം. മറ്റൊരു പ്രശ്നം ഗ്രാറ്റിവിറ്റി നൽകുന്നതുമായി ബന്ധപ്പെട്ടതാണ്. ഇതിനായി ബഹുമാനപ്പെട്ട

സുപ്രീംകോടതിയെ സമീപിക്കുകയും ഇവർക്ക് അനുകൂലമായി വിധിയുണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് നടപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതി സർക്കാരിനോട് കേസ് പരിഗണിക്കാനാവശ്യപ്പെടുകയും സർക്കാർ ഹിയറിംഗ് നടത്തുകയും ചെയ്തു. എന്നാൽ, അതിനെത്തുടർന്ന് വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ഗ്രാറ്റിവിറ്റി നൽകാൻ കഴിയില്ലെന്ന നിലയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് തികച്ചും ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി അനുകൂലമായി തീരുമാനമെടുത്തൊരു വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് പരിഗണിക്കാനാവശ്യപ്പെട്ടിട്ടും ഇവർക്ക് ഗ്രാറ്റിവിറ്റി നിഷേധിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്. ഇവരെല്ലാം 40 വയസ്സിനും 50 വയസ്സിനുമിടയിലുള്ള സഹോദരിമാരാണ്, അവർക്ക് സർക്കാർ ഒരു ഫോൺ നൽകിയിട്ടുണ്ടെങ്കിലും അതിൽ ഇവർക്കാവശ്യമായ ആപ്പുകളൊന്നും പ്രവർത്തിക്കില്ല. പിന്നീട് ഇവർ സ്വന്തമായി പണം മുടക്കി വാങ്ങിയ സ്മാർട്ട് ഫോണിലൂടെ പോഷൻ ട്രാക്കർ ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ അപ്ലോഡ് ചെയ്തുകൊണ്ടേയിരിക്കണം.

ഒരു ഐ.ടി. അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് ഇവർ ചെയ്യേണ്ടത്. ഒരു മാസം 11 രജിസ്റ്ററുകളാണ് ശരിയായ വിധത്തിൽ സൂക്ഷിച്ച് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടത്. അതുകൊണ്ട് അങ്കണവാടി ജീവനക്കാർക്ക് നൽകുന്ന തുച്ഛമായ ഓണറേറിയം ശമ്പളമാക്കുന്നതോടൊപ്പം അവർക്കിപ്പോൾ നൽകിവരുന്ന വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരും ആശാ വർക്കർമാരും സമൂഹനിർമ്മിതിക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയവും വിലമതിക്കാനാകാത്തതുമാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാണുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന

ക്രമത്തിൽ 60:40 അനുപാതത്തിലാണ് നിലവിൽ ഓണറേറിയം നൽകിവരുന്നത്. പ്രസ്തുത അനുപാതത്തിൽ, അങ്കണവാടി വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 4,500 രൂപയും ഹെൽപ്പർമാർക്ക് 2,250 രൂപയുമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിക്കുന്ന ഓണറേറിയത്തിനുപുറമെ അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്ക് കേരളത്തിൽ സംസ്ഥാന സർക്കാർ അധികതുക ഓണറേറിയമായി നൽകിവരുന്നുണ്ട്. അതിൻപ്രകാരമാണ് 12,000 രൂപ ഓണറേറിയത്തിൽ 9,300 രൂപയും മിനി അങ്കണവാടി വർക്കറുടെ 11,000 രൂപയിൽ 8,900 രൂപയും അങ്കണവാടി ഹെൽപ്പറുടെ 8,000 രൂപയിൽ 6,650 രൂപയും സംസ്ഥാന സർക്കാർ അധികമായി നൽകിവരുന്നത്. അതുകൂടാതെ, സംസ്ഥാനത്തെ അങ്കണവാടികളിൽ പത്ത് വർഷത്തിൽത്താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും പത്ത് വർഷത്തിലധികം സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000 രൂപയും വീതം 01-12-2023 പ്രാബല്യത്തിൽ പ്രതിമാസ ഓണറേറിയത്തിൽ വർധനവ് അനുവദിച്ചിട്ടുണ്ട്. മേൽവിവരിച്ച തരത്തിൽ

ഒരു അങ്കണവാടി വർക്കറിന് 13,000 രൂപയും ഹെൽപ്പറിന് 9,000 രൂപയും നിലവിൽ ഓണറേറിയമായി ലഭിക്കുന്നുണ്ട്. ഇതിൽ കേന്ദ്രസർക്കാർ, അങ്കണവാടി വർക്കർമാർക്ക് ഓണറേറിയമായി നൽകുന്ന 4,500 രൂപയിൽ 40 ശതമാനം സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഇത്തരത്തിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് അങ്കണവാടി പ്രവർത്തകർക്ക് കേരളത്തിൽ മെച്ചപ്പെട്ട വേതനമാണ് നൽകുന്നത്. എന്നാൽ, സംസ്ഥാനത്തെ 33115 അങ്കണവാടികളിൽനിന്നും ആകെ 29262 അങ്കണവാടി വർക്കർമാരും 25868 ഹെൽപ്പർമാരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. അങ്കണവാടി വർക്കർമാരിൽനിന്നും 500 രൂപയും അങ്കണവാടി ഹെൽപ്പർമാരിൽനിന്നും 250 രൂപയും പ്രതിമാസം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നുണ്ട്. 01-04-2021 മുതൽ പ്രാബല്യത്തിൽ വിരമിച്ച 9582 അങ്കണവാടി വർക്കർമാർക്ക് പ്രതിമാസം 2,500 രൂപ നിരക്കിലും 10047 അങ്കണവാടി ഹെൽപ്പർമാർക്ക് 1,500 രൂപ നിരക്കിലും ആകെ 19629 പേർക്കാണ് പ്രതിമാസം 3,90,25,500 രൂപ പ്രതിമാസ പെൻഷനായി നൽകിവരുന്നത്. അങ്കണവാടികളിൽനിന്ന് വിരമിക്കുന്ന ജീവനക്കാർക്ക്

ക്ഷേമനിധിയിൽനിന്നും അവർ ക്ഷേമനിധിയിലേയ്ക്ക് അടച്ച തുകയും അടച്ച തുകയുടെ 8 ശതമാനം പലിശയും സർക്കാർ വിഹിതമായ 20 ശതമാനവും ചേർന്ന് ആകെ തുകയായ ക്ഷേമനിധി ആനുകൂല്യവും അങ്കണവാടി വർക്കറിന് 15,000 രൂപയും ഹെൽപ്പറിന് 10,000 രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകിവരുന്നുണ്ട്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽനിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽനിന്നും സ്ഥിരനിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നും മാത്രമാണ്. എന്നാൽ, ഓരോവർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോവർഷവും വർധിച്ചുവരുന്ന ചെലവ് ക്ഷേമനിധി ബോർഡിന് സാമ്പത്തിക ഞെരുക്കമുണ്ടാക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിനൊരു ശാശ്വതപരിഹാരമുണ്ടാകണമെന്നാണ് സർക്കാരിന്റെ തീരുമാനം. അതിനായി ധനകാര്യ വകുപ്പുമായി ഈ വിഷയം

ചർച്ച ചെയ്യുന്നതാണ്. നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് വിരമിക്കൽ ആനുകൂല്യം നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത്. നടപ്പു സാമ്പത്തികവർഷം സർക്കാർ വിഹിതമായി 1.80 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 01-09-2009 മുതലാണ് അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിച്ചു തുടങ്ങിയത്. തുടക്കത്തിൽ അങ്കണവാടി വർക്കറിന് 500 രൂപയും ഹെൽപ്പറിന് 300 രൂപയും നിരക്കിലാണ് പെൻഷൻ അനുവദിച്ചിരുന്നത്. 22-04-2017-ലെ ഉത്തരവുപ്രകാരം 01-06-2014 പ്രാബല്യത്തിൽ പെൻഷൻ യഥാക്രമം 1,000 രൂപയും 600 രൂപയുമായി വർധിപ്പിച്ചു. അതായത്, യഥാക്രമം 200 രൂപയും 100 രൂപയുമാണ് അങ്കണവാടി ജീവനക്കാരുടെ വിഹിതമായി സ്വീകരിച്ചിരുന്നത്. തുടർന്ന് 09-12-2019-ലെ ഉത്തരവുപ്രകാരം 01-02-2020 പ്രാബല്യത്തിൽ പെൻഷൻ 2,000 രൂപയും 1,200 രൂപയുമായി വർധിപ്പിച്ചു. യഥാക്രമം 500 രൂപയും 250 രൂപയുമാണ് അങ്കണവാടി ജീവനക്കാരുടെ വിഹിതമായി സ്വീകരിച്ചിരുന്നത്. വീണ്ടും 26-02-2021-ലെ ഉത്തരവുപ്രകാരം 01-04-2021 പ്രാബല്യത്തിൽ 2,500 രൂപയും 1,500 രൂപയുമായി പെൻഷൻ

വർധിപ്പിച്ചു. എന്നാൽ, വിഹിതത്തിൽ മാറ്റമില്ല. ഇത്തരത്തിൽ കഴിഞ്ഞ 8 വർഷങ്ങൾക്കുള്ളിൽ അങ്കണവാടി വർക്കർമാർക്ക് 2,000 രൂപയുടെയും ഹെൽപ്പർമാർക്ക് 1,200 രൂപയുടെയും പെൻഷൻ വർധനവാണുണ്ടായിട്ടുള്ളത്. സ്വാഭാവികമായി ക്ഷേമനിധിയിലേയ്ക്ക് ജീവനക്കാരിൽനിന്നുള്ള വിഹിതവും സർക്കാർ വിഹിതവും കൂട്ടിച്ചേർത്ത് പെൻഷൻ നൽകിവരുമ്പോഴും പ്രതിമാസ പെൻഷൻ വിതരണത്തിലെ ചെലവിലെ അന്തരം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് സർക്കാർ ഈ വിഷയം അഡ്രസ്സ് ചെയ്യുന്നത്. വനിത-ശിശുവികസന വകുപ്പും ധനകാര്യ വകുപ്പും സംയുക്തമായാണ് ഈ വിഷയം അഡ്രസ്സ് ചെയ്യുന്നത്. കുടിശ്ശിക ഉൾപ്പെടെയുള്ള തുക അടിയന്തരമായി കൊടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾകൂടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ഈ വിഷയത്തിനാണ് വകുപ്പ് കൂടുതൽ മുൻഗണന നൽകുന്നത്. എന്നാൽ നിലവിലുള്ള ജീവനക്കാരുടെ ഓണറേറിയത്തിൽ കാലാനുസൃതമായ വർധനവുണ്ടാകണം എന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനനുകൂലമായ നടപടി

സർക്കാർ സ്വീകരിക്കുന്നതാണ്. അങ്കണവാടി പ്രവർത്തകർക്ക് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾക്കുപുറമെ അധികമായി ജോലി നൽകുമ്പോൾ കൂടിയാലോചനകളിലൂടെ മാത്രം നൽകണമെന്നതാണ് മറ്റൊരുകാര്യം. അങ്കണവാടി പ്രവർത്തനങ്ങൾക്കപ്പുറമേയുള്ള പ്രവൃത്തികൾ ചെയ്യേണ്ടിവരുമ്പോൾ അവർ വലിയ പ്രയാസങ്ങൾ നേരിടുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രസർക്കാർ പുതുതായി ആവിഷ്കരിച്ച ഗൈഡ്ലൈൻ പ്രകാരമാണ് അങ്കണവാടിയിലെ സേവനങ്ങളും മറ്റും രേഖപ്പെടുത്താനായി ഫോട്ടോയെടുത്ത് പോഷൻ ട്രാക്കർ (Poshan Tracker) എന്ന പോർട്ടലിലേയ്ക്കാണ് അപ്ലോഡ് ചെയ്യുന്നത്. എന്നാൽ, അതിനനുസരിച്ച് അങ്കണവാടി പ്രവർത്തകരുടെ വിഹിതം കേന്ദ്രസർക്കാർ കൂട്ടി നൽകുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് പൂർണമായും കേന്ദ്രസർക്കാരിന്റെ ഗൈഡ്ലൈൻ അനുസരിച്ചുള്ളതാണ്. അതുകൊണ്ട് പരമാവധി ഓരോ വിഭാഗങ്ങളും അങ്കണവാടി ജീവനക്കാരും ആശാ വർക്കർമാരും ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന്

ഉറപ്പുവരുത്താനായി താഴേത്തട്ടിലേയ്ക്ക് നിർദേശങ്ങൾ കൊടുത്തിട്ടുണ്ട്. പ്രസ്തുത വിഷയം കൂടുതൽ ശക്തമായി നിരീക്ഷിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ വിഷയത്തെ വളരെ പോസിറ്റീവായാണ് സമീപിച്ചത്. അങ്കണവാടി ജീവനക്കാർക്ക് എന്തെല്ലാം ജോലികൾ കൊടുക്കാമെന്നുള്ള കാര്യത്തിലൊരു വ്യവസ്ഥയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ നല്ലൊരു കാര്യമാണ്. മൂന്ന് ആവശ്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്; ഒന്ന്, അങ്കണവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം ഉയർത്തണം; രണ്ട്, ഓണറേറിയം എന്നുള്ളത് ശമ്പളമാക്കണം; മൂന്ന്, ബഹുമാനപ്പെട്ട സുപ്രീം കോടതിയും ഹൈക്കോടതിയുടെയും കൊടുക്കാമെന്ന്പറഞ്ഞ ഗ്രാറ്റുവിറ്റി അനുവദിക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് ഇതുസംബന്ധിച്ച അന്തരം പരിഹരിച്ചുകൊണ്ട് അടിയന്തരമായി ശാശ്വതപരിഹാരം കാണുന്നതാണ്.

അതിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തത്. ബാക്കികാര്യങ്ങളെല്ലാം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് 16 സബ്മിഷനും ഉച്ചയ്ക്കുശേഷം നിയമനിർമ്മാണവുമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം പാലിച്ച് ഒരു മിനിറ്റ് കൊണ്ട് സബ്മിഷൻ അവതരിപ്പിക്കുകയും അവയ്ക്കുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തു വയ്ക്കേണ്ടതുമാണ്.

11.10 am

V സബ്മിഷൻ

1. എടവനക്കാട് കടൽഭിത്തി പുനർനിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കടൽക്ഷോഭം രൂക്ഷമായ വൈപ്പിനിലെ എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കണം. നൂറുകണക്കിന് കുടുംബങ്ങൾ സമാനതകളില്ലാത്ത ദുരിതം അനുഭവിക്കുന്ന ടി സ്ഥലം ഞാൻ

സന്ദർശിച്ചതാണ്. ആ തീരപ്രദേശം മുഴുവൻ കാറ്റും കടലുമെടുത്ത് പോകുകയാണ്. എല്ലാവരുടെയും വീടുകളിൽ വെള്ളം കയറി ഇടിഞ്ഞുതുടങ്ങിയിരിക്കുകയാണ്. ഒരപകടം വന്നാൽ അവിടെനിന്ന് രക്ഷപ്പെടാൻ ഒരു റോഡ് പോലുമില്ല. ഗർഭിണികളായ സ്ത്രീകൾ സ്ഥലമൊഴിഞ്ഞു പോകുകയാണ്. രോഗികളായ ആളുകളെ ആശുപത്രികളിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. 2004-ലെ സുനാമി ദുരന്തത്തിൽ തകർന്ന റോഡുകൾപോലും നാളിതുവരെ മെയിന്റെയിൻ ചെയ്തിട്ടില്ല. കല്ലുകൾപോലും തെറിച്ചുകിടക്കുകയാണ്. അവിടെയാണ് ജിയോ ബാഗ് വയ്ക്കുന്നത്. ജിയോ ബാഗ് വച്ചാൽ ജനവാസമേഖലയിൽ വെള്ളം കയറുന്നത് പ്രതിരോധിക്കാൻ കഴിയില്ല. ജിയോ ബാഗുകൾ കടൽക്ഷോഭത്തിന് ഒരുതരത്തിലും പരിഹാരമല്ല. തീരസദസ്സ് പരിപാടിയിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ഉറപ്പുനൽകിയതനുസരിച്ച് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി, റോഡ് അറ്റകുറ്റപ്പണികൾ, സമാന്തര റോഡ് നിർമ്മാണം എന്നിവയ്ക്കായി 56.46 കോടി രൂപയുടെയും പുലിമുട്ട് നിർമ്മാണത്തിന്, ഒരു പുലിമുട്ടിന് 1.25 കോടി രൂപ വീതവുമുള്ള പ്രോജക്ടും തയ്യാറാക്കിയിരുന്നു.

എന്നാൽ, തീരദേശ പാക്കേജുകളൊന്നും യാഥാർത്ഥ്യമായില്ല. ജനങ്ങൾ വല്ലാത്ത ദുരിതമനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗ്രോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) ഫണ്ടും ആ ദ്വീപുകളുടെ സംരക്ഷണത്തിനുണ്ട്. പക്ഷേ, അതിന്റെ യോഗം ചേരാത്തതുകൊണ്ട് ഫണ്ട് കൃത്യമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കുമെന്ന് കരുതുന്നു. മറ്റ് ഫണ്ടുകളില്ലാതെ ജിഡ-യുടെ ഫണ്ടുപയോഗിച്ച് എടവനക്കാട് തീരപ്രദേശത്തെ രൂക്ഷമായ പ്രശ്നം പരിഹരിക്കാൻ കഴിയും. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് കടപ്പുറത്തും സമാനമായ പ്രശ്നമുണ്ട്. അടിയന്തരനടപടികൾ സ്വീകരിച്ചില്ലെങ്കിൽ തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായി മാറും. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതുതന്നെയാണ്. എടവനക്കാട് തീരപ്രദേശത്തെ പ്രശ്നങ്ങൾക്ക് ജിയോ ബാഗ് ശാശ്വതമായൊരു പരിഹാരമല്ല. അവിടെ പുലിമുട്ടുകളും മറ്റുമുണ്ടെങ്കിലും NCCR

(National Centre for Coastal Research)- ന്റെ പഠനത്തിന്റെ ഭാഗമായുള്ള റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണമാണ് ആവശ്യം. മത്സ്യബന്ധനം, സാംസ്കാരികകാര്യം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സ്ഥലം സന്ദർശിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമായി കാണുകയും അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. NCCR-ന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

2) മുഹമ്മദ് ആട്ടൂരിന്റെ തിരോധാനം

ഡോ. എം. കെ. മുനീർ: സർ, റിയൽ എസ്റ്റേറ്റ് ഇടനിലക്കാരനും വ്യവസായിയും ചാരിറ്റി പ്രവർത്തകനുമായ മുഹമ്മദ് ആട്ടൂർ എന്ന മാമിയെ തലക്കുളത്തൂരിൽ നിന്നും കാണാതായിട്ട് ഇന്നേയ്ക്ക് 10 മാസവും 24 ദിവസവും പിന്നിടുകയാണ്. 2023 ആഗസ്റ്റ് 21-ന് വൈകിട്ട് 6.00 മണിക്ക് ഭാര്യ റംലത്തുമായി അവസാനം ഫോണിൽ സംസാരിച്ചപ്പോൾ 7.30-ന്

+ അനുബന്ധമായി ചേർക്കുന്നു.

വീട്ടിലെത്തുമെന്ന് പറയുകയും തുടർന്ന് 7.24-ന് അല്പംകൂടി വൈകുമെന്ന് വാട്ട്സാപ്പ് മെസേജ് അയച്ച അദ്ദേഹം തൊട്ടടുത്ത ദിവസം 1.45-ന് കുടുംബ സുഹൃത്തിനെ വിളിച്ച് പ്രശ്നമൊന്നുമില്ലെന്ന് പറയുകയും ചെയ്തു. 6.30-ന് കുടുംബ സുഹൃത്ത് മുഹമ്മദ് ആട്ടൂരിനെ കണ്ടെത്താൻ പരാതി നൽകണമെന്ന് അദ്ദേഹത്തിന്റെ ഭാര്യയെ വിളിച്ച് പറയുകയാണ്. രാത്രി 10.00 മണിയോടുകൂടി ഭാര്യ നടക്കാവ് പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകുകയും ക്രൈം നമ്പർ 1010/23 ആയി കേരള പോലീസ് ആക്ടിലെ സെക്ഷൻ 57 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടെങ്കിലും നാളിതുവരെ അദ്ദേഹത്തെ കണ്ടെത്താനായിട്ടില്ല. ഗൂഗിൾ ഡാറ്റായും ടവർ ഡമ്പ് ഡാറ്റായും അന്വേഷണ സംഘത്തിന് ലഭിച്ചിട്ടും ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇവരുടെ ആശങ്ക അവസാനിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ഊർജ്ജിതമായി കേരള പോലീസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ച് ADGP-യെ കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കാൻ തയ്യാറകണം. ഇന്നലെ ആ കുടുംബാംഗങ്ങൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയും നേരിൽ കാണുകയും മുഖ്യമന്ത്രി അവരോട് സംസാരിക്കുകയും ചെയ്തതാണ്.

`മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ നിർദ്ദേശപ്രകാരം വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

3) കാസർഗോഡ് നഗരത്തിലെ മോഷണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നഗരത്തിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങൾ സർക്കാരിന്റെയും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്. 2024 ജൂൺ മാസം വരെ കാസർഗോഡ് നഗരത്തിൽ 17 മോഷണങ്ങൾ നടന്നു. സിറ്റി ക്ലൂ ഇലക്ട്രോണിക് ഷോപ്പ്, ചില്ലി ഹൈപ്പർ മാർക്കറ്റ്, ബേബി ക്യാമ്പ് എന്നീ മൂന്ന് കടകളിലാണ് ജൂൺ 30-ാം തീയതി ഏറ്റവും അവസാനമായി മോഷണം നടന്നത്. ഈ 17 മോഷണ കേസ്സുകളിൽ 11

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

എണ്ണവും ഇപ്പോഴും അൺഡിറ്റക്ടഡ് ആണ്. ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്. 20-05-2024-ന് മൊഗ്രാൽ പുത്തൂർ ഫൈസൽ മൻസിലിൽ നടന്ന മോഷണമാണ് ശ്രദ്ധേയമായത്. ആയിഷത്ത് ഫൗദീദയുടെ വീടിന്റെ മുൻഭാഗത്തെ പൂട്ട് പൊളിച്ച് അവരുടെ അലമാരയിലുണ്ടായിരുന്ന 25 പവനോളം സ്വർണ്ണമാണ് മോഷ്ടാക്കൾ കവർന്നത്. പ്രതികൾ പിടിക്കപ്പെടുന്നുണ്ടോ എന്നതല്ല ഇവിടത്തെ പ്രശ്നം. ഇതെല്ലാം കാസർഗോഡ് പോലീസ് സ്റ്റേഷനു ചുറ്റുവട്ടത്ത് നടക്കുന്ന സംഭവങ്ങളാണ്. കാസർഗോഡിന്റെ കാര്യമായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്ഷമ കാണിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. ഈ പ്രദേശങ്ങളിൽ രാത്രികാലങ്ങളിൽ പോലീസിന്റെ സാന്നിധ്യമുണ്ടായാൽ ഗരത്തിലുണ്ടാകുന്ന മോഷണങ്ങൾ ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുന്നതാണ്. ഞാൻ പോലീസിനെ കുറ്റപ്പെടുത്തുകയല്ല നിലവിൽ പോലീസിന്റെ ജോലി ഭാരം വളരെ വലുതാണ്. 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്ന കേരളത്തിലെ ഏക ആശുപത്രിയാണ് കാസർഗോഡ് നഗരത്തിലെ ജനറൽ ആശുപത്രി. അതുകൊണ്ടുതന്നെ

പോലീസുകാർക്ക് രാത്രി വൈകിയും ഡ്യൂട്ടിയുണ്ടാകുന്ന അവസ്ഥയുണ്ട്. പിറ്റേ ദിവസം വീണ്ടും ഇവർ പോലീസ് സ്റ്റേഷനിലെത്തി ഡ്യൂട്ടി ചെയ്യേണ്ടതായി വരുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ട് വരാൻ ആഗ്രഹിക്കുന്നൊരു പ്രധാന കാര്യം, കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച് കാസർഗോഡ്, മഞ്ചേശ്വരം ഭാഗങ്ങളിൽ, കുറച്ച് കാശ് കയ്യിൽ വന്നാൽ ആളുകൾ മംഗലാപുരത്ത് പോയി ഇൻവെസ്റ്റ് ചെയ്യുന്നൊരു പ്രവണതയുണ്ടായിരുന്നു. എന്നാൽ ഈയടുത്ത കാലത്ത് അത് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. അതിനിടയിലാണ് ഈ മോഷണങ്ങൾ നടക്കുന്നത്. കാസർഗോഡ് ടൗണിൽ മാത്രമല്ല മഞ്ചേശ്വരത്തൊക്കെ മോഷണം നടക്കുന്നതായി ശ്രീ. എ. കെ. എം. അഷ്റഫ് എന്നോട് പറഞ്ഞു. ഇത് തടയാൻ പറ്റിയില്ലെങ്കിൽ കാസർഗോഡ് ആരും പണം ഇൻവെസ്റ്റ് ചെയ്യില്ല. അതിനാൽ ഈ മോഷണം തടയുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫലപ്രദമായൊരു നടപടി സ്വീകരിക്കണം. കാസർഗോഡ് നഗരത്തിൽ

എപ്പോഴും പോലീസിന്റെ സാന്നിധ്യമുണ്ടെന്ന് ഉറപ്പുവരുത്തിയാൽ ഈ മോഷണം കുറയ്ക്കാൻ സാധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ നിർദ്ദേശ പ്രകാരം വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

4) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ചുള്ള സ്പോർട്സ് സ്കൂളിന് അനുവാദം നൽകി കിഫ്ബി മുഖേന DPR തയ്യാറാക്കി അവിടെ സ്പോർട്സിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപടി സ്വീകരിക്കുകയും ചെയ്തതാണ്. എന്നാൽ, ഇപ്പോൾ DPR കിഫ്ബിയുടെ പരിഗണനയിലാണ്. എത്രയും വേഗം അതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ സ്പോർട്സ് സ്കൂൾ യാഥാർത്ഥ്യമാക്കാൻവേണ്ടി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക്

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

പദ്ധതി സാങ്കേതികാനുമതി ലഭ്യമാക്കാനായി നൽകും. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ച് തുടർന്ന് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

5) കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. എം. വിൻസെന്റ്; സർ, എന്റെ നിയോജക മണ്ഡലത്തിലെ ഏക ഗവൺമെന്റ് കോളേജാണ് കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്. ആ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടുള്ള, ഇന്നും ജനങ്ങൾ ബഹുമാനത്തോടെ കാണുന്നൊരു സാമൂഹ്യനേതാവാണ് കുഞ്ഞുകൃഷ്ണൻ നാടാർ. അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള കോളേജ് ആകെ ഒരേക്കർ 65 സെന്റ് സ്ഥലത്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി യു.ജി.സി.യുടെയും റൂസയുടെയും ഫണ്ടും കോളേജിന്റെ അഫിലിയേഷൻ തന്നെ നഷ്ടപ്പെടുകയും ചെയ്യുമെന്നൊരു ഘട്ടത്തിൽ നിരന്തരമായി നിയമസഭയിൽ സബ്മിഷനും ചോദ്യങ്ങളുമെല്ലാം

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൊണ്ടുവന്നിരുന്നു. സഭയ്ക്ക് പുറത്ത് നടത്തിയിട്ടുള്ള വലിയ സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ 22-02-2003-ൽ 4.8 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഗവൺമെന്റ് ഉത്തരവായി. എന്നാൽ നാളിതുവരെയായി പ്രാഥമികതലമായ 11(1) വിജ്ഞാപനംപോലും നടത്തിയിട്ടില്ല. Social Impact Assessment Study എന്നും Expert Group Report എന്നൊക്കെ പറഞ്ഞ് ഇതിന് കാലതാമസം വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷവും ഒരുപാട് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. 91 Declaration, Basic Valuation Report, Structural Valuation Report, Detailed Valuation Statement എന്നിവയും Award enquiry നടത്തി അത് പാസ്സാക്കുകയും വേണം. ഇങ്ങനെ കാലതാമസം നേരിടുന്ന ധാരാളം പ്രോസസ്സുകൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇപ്പോൾത്തന്നെ 15 മാസം കഴിഞ്ഞിരിക്കുന്നു. അതിനാൽ അടിയന്തരമായി ഈ ഭൂമി ഏറ്റെടുത്ത് കോളേജിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പല നടപടിക്രമങ്ങളും വളരെ സത്വരമായി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് ഉന്നയിച്ചതുപോലെ ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട അംഗത്തെയും തിരുവനന്തപുരം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഉടൻതന്നെ ഒരു യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

6) കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് നിയോജകമണ്ഡലത്തിന്റെ മുൻ എം.എൽ.എ.-യും എന്റെ സഹോദരനുമായ തോമസ് ചാണ്ടിയുടെ ചിരകാല അഭിലാഷമായ കുടിവെള്ള പദ്ധതിയായ കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി ഇന്ന് ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടെയും ശക്തമായ ഇടപെടലിലൂടെയാണ് ഇങ്ങനെയൊരു പദ്ധതി സാർത്ഥകമായത്. ഇന്ന്

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതിന്റെ കോൺട്രാക്ട് നടപടി പൂർത്തീകരിച്ചിരിക്കുകയാണെന്നതിൽ അതിയായ സന്തോഷമുണ്ട്. 9 ഗഡുകളായാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് ജനങ്ങൾ അറിയാൻ ആഗ്രഹിക്കുന്നുണ്ട്. ഈ സബ്മിഷനുള്ള മറുപടി മേശപ്പുറത്തുവച്ചാൽ കുട്ടനാടിലെ മൂന്നര ലക്ഷം ജനങ്ങൾക്ക് അത് കേൾക്കാൻ സാധിക്കില്ല. ഇപ്പോൾ കോൺട്രാക്ടിൽ ഒപ്പുവച്ചുകഴിഞ്ഞു. ബാക്കി നടപടികൾ എങ്ങനെ മുന്നോട്ടുകൊണ്ട് പോകുമെന്നതിനെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി ഈ സഭയിൽ വിശദമാക്കേണ്ടതാണ്. കാരണം, ഞങ്ങൾ കഷ്ടപ്പെട്ട് ഇവിടെ വന്നിരിക്കുന്നത് ജനങ്ങളെ വിവരം അറിയിക്കാനായാണ്. അവരാണ് ഞങ്ങളെ തിരഞ്ഞെടുത്തത്. അതുകൊണ്ട് മറുപടി മേശപ്പുറത്തുവയ്ക്കാതെ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ ഈ സഭയിൽത്തന്നെ വിശദമാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ അങ്ങ് ശക്തമായ രീതിയിൽ മറുപടി പറയേണ്ടതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം ഓരോ സഭാ സമ്മേളന സമയത്തും ഈ വിഷയം ആവർത്തിച്ച് ഉന്നയിക്കാറുണ്ട്. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. മറ്റ് മേഖലകൾ പോലെയല്ല കുട്ടനാട്. കുട്ടനാട്ടിലെ 13 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്രമായ കുടിവെള്ള പദ്ധതിയാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്ത് പറയൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 241 കോടി രൂപയായിരുന്നെങ്കിൽ പിന്നീടത് പുതുക്കി 385 കോടി രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി 9 പാക്കേജുകളായി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. 30 MLD ശേഷിയുള്ള തലവടിയിലെ നീരേറ്റുപുറത്തുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തിക്ക് അനുമതി നൽകിക്കഴിഞ്ഞു. 48 കിലോമീറ്റർ വരുന്ന ട്രാൻസ്മിഷൻ മെയിൻ പൂർണ്ണമായി ടെണ്ടർ ചെയ്തു. ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. അടിയന്തരമായി ഇക്കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം വകുപ്പ് സ്വീകരിക്കുകയും ഇത്

പൂർണ്ണമായി നടപ്പിലാക്കുന്നതിനാവശ്യമായ കാര്യങ്ങൾ നടന്നുവരികയുമാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

7) അമ്പലപ്പുഴയിലെ കടലാക്രമണം

ശ്രീ. എച്ച്. സലാം: സർ, അമ്പലപ്പുഴ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ, വിയാനി, നീർക്കുന്നം, കാക്കാഴം, ആനന്ദേശ്വരം, പുന്തല തുടങ്ങിയ ഭാഗത്തെല്ലാം വലിയ കടലാക്രമണമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അവിടെ നിരവധി വീടുകൾ ഒലിച്ചുപോയി. പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ അപകടത്തിലാണ്. മാത്തേരി-പുന്തല ഭാഗത്ത് പഴയ കടൽഭിത്തിയുടെ മുകളിലൂടെ തിര അടിച്ച്, മണ്ണ് ഒലിച്ച് വീടുകൾക്ക് നാശമുണ്ടാകുന്ന സാഹചര്യമാണുള്ളത്. പുന്നപ്ര-വിയാനി ഫിഷ് ലാന്റ് എന്നിവിടങ്ങളിലെല്ലാം ബി.എം&ബി.സി. റോഡ് ഉൾപ്പെടെ തകർന്നുപോകുന്ന സാഹചര്യമുണ്ടായി. 2022-ൽ കാക്കാഴം-നീർക്കുന്നം ഭാഗത്ത് കിഫ്ബിയുടെ ഫണ്ട് അനുവദിക്കപ്പെട്ടതാണ്. അവിടെ 13 പുലിമുട്ടുകളാണ് ഫെയ്സ് ടൂവിൽ നിർമ്മിക്കേണ്ടത്. ഇപ്പോൾ പാറയുടെ

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രശ്നമുള്ളതിനാൽ അവിടെ റീ-ഡിസൈൻ ചെയ്യേണ്ടിവന്നു. കോന്നിയിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥലത്ത് പാറയുണ്ട്. റവന്യൂ-ജല-ആരോഗ്യ വകുപ്പുകൾ കൂടിയാലോചിച്ച് ആ പാറ ലഭ്യമാക്കിയാൽ നമുക്കിവിടെ പുലിമുട്ടുകൾ നിർമ്മിക്കാൻ സാധിക്കും. മാത്തേരി-പുന്തല-ആനന്ദേശ്വരം ഭാഗത്തും പുന്നപ്ര മുതൽ വടക്കോട്ടുള്ള ഭാഗത്തും ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതാണ്. ആ റിപ്പോർട്ട് അടിസ്ഥാനമാക്കി അവിടെ ഫണ്ട് അനുവദിച്ച് പുലിമുട്ട് നിർമ്മിക്കാൻ കഴിയണം. വി.എസ് ഗവൺമെന്റിന്റെ കാലം മുതൽ ഈ തീരത്ത് കുറച്ച് പ്രവൃത്തികൾ ചെയ്യാൻ കഴിഞ്ഞുവെങ്കിലും, ഈ പറയപ്പെടുന്ന സ്ഥലത്ത് എല്ലാ വർഷവും ശ്രുക്ഷമായ ആക്രമണമാണുണ്ടാകുന്നത്. ഈ വർഷം പത്തോളം വീടുകൾ നഷ്ടപ്പെട്ടു. ഇനിയുള്ളത് ഒരു വലിയ ലെയറാണ്. നൂറ് കണക്കിന് വീടുകൾ നഷ്ടമായിപ്പോകുമെന്നുള്ളതുകൊണ്ട് അടിയന്തരസ്വഭാവത്തിൽ അനുവദിക്കപ്പെട്ട ഫണ്ട് പൂർത്തിയാക്കാനും പുതുതായി പറഞ്ഞ ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കാനുമാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തീരസംരക്ഷണത്തിനായി കുറച്ച് പ്രവൃത്തികൾ നടന്നുവരുന്നൊരു പ്രദേശമാണ് ബഹുമാനപ്പെട്ട അംഗം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ അതിരൂക്ഷമായ കടലാക്രമണംമൂലമുണ്ടായ ബുദ്ധിമുട്ടുകളാണ് ഇവിടെ എം.എൽ.എ. സൂചിപ്പിച്ചത്. അതിൽ മാത്തേരി മുതൽ പുന്തലവരെയും പുന്നപ്ര മുതൽ ആലപ്പുഴവരെയും ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞ് പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ നടപടിയാണ് അടിയന്തരമായി അദ്ദേഹം ആവശ്യപ്പെട്ടത്. അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തുടർനടപടികളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസമുണ്ടായ കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് ഈ മേഖലയിൽ വീടുകൾക്ക് നാശം സംഭവിച്ചുവെന്ന് അറിയുന്ന സന്ദർഭത്തിൽത്തന്നെ അടിയന്തരമായി 30 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. അതും ആ

തലത്തിൽ വളരെ വേഗത്തിൽ നിർവഹിക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. അതോടൊപ്പം കിഫ്ബി ഫണ്ട് അനുവദിക്കപ്പെട്ട കാക്കാഴം-നീർക്കുന്നം പ്രദേശത്ത് റീ-ഡിസൈൻ ചെയ്യുവന്നു. ആർ. ആർ. ലഭ്യമാകാനുള്ള പ്രശ്നമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ച് അത് ലഭ്യമാകുന്ന സ്ഥിതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതു ശ്രമിക്കുന്നുണ്ട്.

8) കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി.-യിൽനിന്നുള്ള വായ്പ

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഒരു പൊതുവിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരിക്കാൻ വാട്ടർ അതോറിറ്റി എ.ഡി.ബി.-യിൽനിന്ന് 2511 കോടി രൂപ വായ്പയെടുത്ത് ഒരു പദ്ധതി നടപ്പിലാക്കിയെന്നാണ് മനസ്സിലാക്കുന്നത്. ഇതിനുമുമ്പ് നടപ്പിലാക്കിയ മൂവായിരം കോടി രൂപയുടെ ജിക്കാ പദ്ധതിയിലോ നബാർഡ്, എൽ.ഐ.സി., അമൃത് സഹായ പദ്ധതിയിലോ ഇപ്പോൾ നടന്നുവരുന്ന

നാലായിരം കോടി രൂപയുടെ ജലജീവൻ മിഷൻ പദ്ധതിയിലോ ഇല്ലാത്ത വ്യവസ്ഥകൾ എ.ഡി.ബി. പദ്ധതിയിലുണ്ടെന്നാണ് ജനങ്ങൾ ആശങ്കപ്പെടുന്നത്. ഇക്കാര്യം ജനങ്ങളിൽ വലിയ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരും ഇതേ ആശങ്കയിലാണ്. കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്ന നയമാണ് ഇതെന്ന് ജനങ്ങളും വാട്ടർ അതോറിറ്റി ജീവനക്കാരും അഭിപ്രായപ്പെടുകയാണ്. നിലവിൽ കൊച്ചി നഗരത്തിലെ ജലവിതരണം പത്ത് വർഷത്തേയ്ക്ക് കരാർ കമ്പനിയെ അവർ ഏൽപ്പിക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. ഈ നയം പ്രതിലോമകരമാണ്. വാട്ടർ അതോറിറ്റിക്ക് മികച്ച വരുമാനം നൽകുന്ന കൊച്ചി പദ്ധതി സ്വകാര്യ കമ്പനിക്ക് നൽകുന്നത് വാട്ടർ അതോറിറ്റിയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കാനിടയാക്കും. ജനങ്ങൾ കുടിവെള്ളത്തിന് അമിതവില നൽകേണ്ടി വരും. ജനങ്ങളുടെയും ജീവനക്കാരുടെയും ആശങ്ക ദൂരീകരിക്കേണ്ടത് അനിവാര്യമാണ്. ഇതുസംബന്ധിച്ച് ജീവനക്കാരും ജനങ്ങളുമൊക്കെ സമരത്തിലേയ്ക്ക് ഇറങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ കുടിവെള്ള

പദ്ധതി വിപുലീകരിക്കാൻ എ.ഡി.ബി.-യിൽനിന്നും വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളെയും ജീവനക്കാരെയും ബാധിക്കുന്ന വ്യവസ്ഥകൾ ഗവൺമെന്റ് പിൻവലിക്കണമെന്നാണ് അഭിപ്രായപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യക്ത ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇവിടെ സൂചിപ്പിച്ചു. 2,511 കോടി രൂപ വാട്ടർ അതോറിറ്റി നേരിട്ട് എടുക്കുകയല്ല, അത് സർക്കാർ വായ്പയെടുത്ത് സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തിയാണ് ചെയ്യുന്നത്. ഇക്കാര്യം വളരെ പ്രധാനപ്പെട്ടതും നമ്മുടെ സമൂഹം അറിഞ്ഞിരിക്കേണ്ടതുമായ വിഷയമാണ്. ഇവിടെ സൂചിപ്പിച്ച ജിക്കയുടെ പ്രവർത്തനമോ അതല്ലെങ്കിൽ നബാർഡ്, എൽ.ഐ.സി., അമൃത് തുടങ്ങിയ പദ്ധതികളിലോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജൽജീവൻ മിഷനുൾപ്പെടെയുള്ള മേഖലയിലോ ഇല്ലാത്ത വ്യവസ്ഥ എ.ഡി.ബി.-യിലുണ്ടെന്ന് ധരിക്കേണ്ടതായിട്ടില്ല. അതിൽ ജിക്കയും നബാർഡും എൽ.ഐ.സി.-യും അമൃത് ഉൾപ്പെടെയുള്ള പദ്ധതികളുമെല്ലാം കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്ന സ്കീമുകളാണ്.

എന്നാൽ എ.ഡി.ബി.-യുടെ കണ്ടീഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇവിടെ നടന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് അത് നേരത്തെ നടന്നിട്ടുള്ളത്. ടി പദ്ധതിതന്നെ കോയമ്പത്തൂരും ഡൽഹിയിലും നടന്നിട്ടുണ്ട്. അവരുമായിട്ടുള്ള കണ്ടീഷൻസ് വരുമ്പോഴേ നമുക്ക് അതേക്കുറിച്ച് ആലോചിക്കേണ്ടതായുള്ളൂ. അതിനകത്ത് ഒരു പ്രശ്നമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുകയില്ല. നിലവിൽ അങ്ങനെയൊരു പ്രശ്നമേ ആലോചിച്ചിട്ടില്ല. ടി പദ്ധതിയിൽ യാതൊരുവിധത്തിലുള്ള സ്വകാര്യവൽക്കരണവുമുണ്ടാകില്ല. ഈ വിഷയത്തിൽ മീറ്റർ റീഡിംഗ്, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ എന്നിവ വാട്ടർ അതോറിറ്റി നേരിട്ട് നിർവഹിക്കും. അതിനകത്ത് യാതൊരു മാറ്റവുമുണ്ടാകുന്നില്ല. വിതരണം ചെയ്യുന്ന ജലത്തിന്റെ താരിഫ് നിശ്ചയിക്കുന്നതും ജല അതോറിറ്റി തന്നെയായിരിക്കും. സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട യാതൊരു വിഷയവും ഇക്കാര്യത്തിൽ ഇല്ല. പൊതുജനങ്ങളെയും ജീവനക്കാരെയും ബാധിക്കുന്നതും അവരെ ബോധ്യപ്പെടുത്താൻ കഴിയാത്തതുമായ യാതൊരു പ്രശ്നവും ഇതിന്റെ

ഭാഗമായികൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഇതിന്റെ അനിവാര്യതയുണ്ട്. 325 എം.എൽ.ഡി. ജലമാണ് ആലുവയിൽനിന്നും മരടിൽനിന്നുമായി എടുത്ത് വിതരണം ചെയ്യുന്നത്. കൊച്ചിയിൽ ശുദ്ധജലം ലഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. പഴകിയ ലൈനുകളും പ്രശ്നങ്ങളും കാരണം ആവശ്യമായ ജലം, 325 MLD ജലം കൊടുത്താൽപ്പോലും 50 ശതമാനത്തിന് മാത്രമാണ് ബിൽ ചെയ്യാൻ കഴിയുന്നത്. അവിടെ ജലച്ചോർച്ചയും മോഷണവുമുണ്ടാകുന്നുണ്ട്. ഇതെല്ലാം പരിഹരിക്കാനും/ക്രമീകരിക്കാനും കഴിയുന്ന സ്ഥിതിയിലാണ് ഇതിന്റെ ആദ്യഘട്ടംവരുന്നത്. പ്ലാന്റുകളും അതോടൊപ്പം സംഭരണത്തിനാവശ്യമായ സൗകര്യങ്ങളും നവീകരണത്തിന്റെ ഭാഗമായി വരുന്നുണ്ട്. പത്ത് വർഷമാണ് ഇതിന്റെ ഓപ്പറേഷൻ സമയം. അരുവിക്കരയിലുള്ളതുപോലെ പരിപാലനച്ചുമതല മാത്രമാണ് അവരെ ഏൽപ്പിച്ചിട്ടുള്ളത്. അതിനകത്ത് യാതൊരുതരത്തിലുള്ള ഒരു ബുദ്ധിമുട്ടും രൂപപ്പെടുന്ന കാര്യമില്ല. O&M (Ongoing Bill Monitoring System) വന്നാൽപോലും അത് ചെയ്യുന്നതിനാവശ്യമായ മോണിറ്ററിംഗും നിരീക്ഷണവുമെല്ലാം നടത്തുന്നത്

വാട്ടർ അതോറിറ്റി ജീവനക്കാർ തന്നെയായിരിക്കും. അതോടൊപ്പം ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് ഉണ്ടാക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ അവിടത്തെ കുടിവെള്ളപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെഭാഗമായി 2511 കോടി രൂപയുടെ പ്രവർത്തനവും ഈ പദ്ധതിയിലുൾപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. ഇതുസംബന്ധിച്ച് യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ജീവനക്കാരെയും പൊതുജനങ്ങളെയും പൂർണ്ണമായും ബോധ്യപ്പെടുത്താൻ കഴിയത്തക്കവിധത്തിലും എന്നാൽ കൊച്ചിയിൽ ഉയർന്നുവന്നിട്ടുള്ള കുടിവെള്ളപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയത്തക്കവിധത്തിലും ആലോചിച്ച് തീരുമാനമെടുക്കേണ്ട ഒരു പദ്ധതിയാണിത്. ജീവനക്കാരും യൂണിയൻകാരും ഇതിന് പരിഹാരം കാണാനായി എന്റെ അടുത്ത് വന്നു. ഇക്കാര്യം ചർച്ച ചെയ്യാമെന്ന് ഞാൻ പറഞ്ഞു. ഇവിടെ മാറിനിൽക്കേണ്ട കാര്യവും ആശങ്കയുടെ പ്രശ്നവുമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച സ്വകാര്യവൽക്കരിക്കേണ്ട തീരുമാനത്തെക്കുറിച്ച് ആലോചനയില്ല. 8 കമ്പനികൾ വയ്ക്കുന്ന വ്യത്യസ്തമായ

എ.ഡി.ബി.-കൾക്ക് പുതിയ പദ്ധതിയെന്ന നിലയിൽ വേറൊരു വ്യവസ്ഥയും കൊണ്ടുവരാൻ ആലോചിക്കുന്നില്ല. ആ നിലയിൽ ആലോചിച്ച് തീരുമാനമെടുത്ത് കൊച്ചിയെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. അവിടെ ജലലഭ്യതയുടെ കുറവുണ്ട്. ഭാവിയിൽ 190 എം.എൽ.ഡി. പ്ലാന്റുകൂടി കൊണ്ടുവന്ന് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഗവൺമെന്റിന് യാതൊരു മടിയും ഇല്ല.

9) കണ്ടാണശേരി പാരീസ് – ആശാരിപ്പടി റോഡ് നിർമ്മാണം

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് അതീവ ശോചനീയാവസ്ഥയിലാണ്. വൈദ്യുതി ഗ്രാമപ്രദേശങ്ങളിലെത്തുന്നതിനുമുമ്പ് ഗ്രാമങ്ങളിൽ വെളിച്ചം എത്തിക്കുന്നതിനുവേണ്ടി പാനീസ് വിളക്കുകൾ തെളിയിച്ചതിന്റെ പേരിലാണ് പാനീസ് റോഡ് എന്നറിയപ്പെട്ടിരുന്നത്. പിന്നീടത് പാരീസ് റോഡായിട്ട് മാറുകയാണുണ്ടായത്. കുന്നംകുളവുമായി ബന്ധപ്പെടുന്ന ഒരു പ്രധാന റോഡാണിത്. നിരവധി സ്വകാര്യ ബസ്സുകൾ,

സ്കൂൾ ബസ്സുകൾ, മറ്റ് വാഹനങ്ങളെല്ലാം ഓടുന്ന ഈ റോഡിലൂടെയുള്ള യാത്ര വളരെ ക്ലേശകരമാണ്. പ്രസ്തുത റോഡ് പുനരുദ്ധാരണത്തിനായി റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് കോടിയോളം രൂപ അനുവദിക്കുകയുണ്ടായി. അതിന് ടെൻഡർ നടപടികൾ പൂർത്തിയായി, കരാറുകാരൻ വന്ന് റോഡ് പണി ആരംഭിക്കുകയും ചെയ്തു. പണി ആരംഭിച്ചെങ്കിലും, 15 ശതമാനം പണിപോലും ഇന്നുവരെ പൂർത്തീകരിച്ചിട്ടില്ലെന്നുള്ളതാണ് യഥാർഥ്യം. രണ്ടുവട്ടം ആർ.കെ.പ്രതിനിധികളെയും ജിയോ കേബിൾ പ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളെയും വിളിച്ചുവരുത്തി എം.എൽ.എ. എന്ന നിലയിൽ യോഗം ചേരുകയുണ്ടായി. അതിൽ അടിയന്തരമായി പണി പൂർത്തീകരിക്കുമെന്നുള്ള തീരുമാനമെടുത്തെങ്കിലും നിർമ്മാണം ഇപ്പോഴും സ്തംഭനാവസ്ഥയിലാണ്. അടിയന്തരമായി പാരീസ് റോഡിന്റെ പണി പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മണലൂർ മണ്ഡലത്തിലെ കണ്ടാണശേരി ഗ്രാമപഞ്ചായത്തിലാണ് പാരീസ് ആശാരിപ്പടി റോഡ് സ്ഥിതി ചെയ്യുന്നത്. ആ റോഡിന്റെ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിലവിലെ കരാർ റദ്ദാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) കാട്ടായിക്കോണം യു.പി.സ്കൂളിനെ ഹൈസ്കൂളാക്കിയും വലിയഉദ്ദേശ്വരം എൽ.പി.സ്കൂളിനെ യു.പി.സ്കൂളാക്കിയും ഉയർത്തൽ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരം ജില്ലയിലെ കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന യു.പി. സ്കൂളാണ് കാട്ടായിക്കോണം ഗവൺമെന്റ് മോഡൽ യു.പി. സ്കൂൾ. എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും സ്ഥലസൗകര്യങ്ങളുമുള്ള ഈ സ്കൂളിനടുത്ത് സർക്കാർ ഹൈസ്കൂളുകളൊന്നുംതന്നെയില്ല. അടിസ്ഥാനസൗകര്യം കണക്കിലെടുത്തും അക്കാദമിക നിലവാരം കണക്കിലെടുത്തും ഈ സ്കൂളിനെ ഹൈസ്കൂളായി ഉയർത്തണം. അതോടൊപ്പം കാട്ടായിക്കോണം ഗവൺമെന്റ് മോഡൽ യു.പി.സ്കൂളിന് സ്വാതന്ത്ര്യ സമരസേനാനിയും പുരോഗമനപ്രസ്ഥാനങ്ങളുടെ നേതാവുമായിരുന്ന

ആദരണീയനായ കാട്ടായിക്കോണം വി. ശ്രീധരന്റെ നാമധേയം നൽകി കാട്ടായിക്കോണം വി. ശ്രീധർ മെമ്മോറിയൽ മോഡൽ സ്കൂൾ എന്ന് പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ മറ്റൊരു സ്കൂളായ ആനയറ വലിയഉദേശ്വരം യു.പി. സ്കൂൾ കെട്ടിടം തകർന്നുവീണതിനെത്തുടർന്ന് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിലധികമായി പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. അവിടെ അഞ്ച്, ആറ്, ഏഴ് ക്ലാസുകളിൽ പഠിച്ചിരുന്ന അഞ്ച് വിദ്യാർഥികൾ തൊട്ടടുത്ത വലിയഉദേശ്വരം ലോവർ പ്രൈമറി സ്കൂളിൽ ഇപ്പോൾ അധ്യയനം നടത്തിവരികയാണ്. ഈ സാഹചര്യത്തിൽ വലിയഉദേശ്വരം എൽ.പി.സ്കൂളിൽ യു.പി.സ്കൂൾ പ്രവർത്തനങ്ങൾ സ്ഥിരമായി നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിലെ കാട്ടായിക്കോണം ഗവൺമെന്റ് യു.പി.എസ്.-ൽ പ്രീപ്രൈമറിയിലും ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകളിലുമായി ആകെ 474 വിദ്യാർഥികൾ പഠിക്കുന്നു. കാട്ടായിക്കോണം

ജംഗ്ഷന്റെ സമീപമാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. എം.വി.എച്ച്. എസ്.എസ്. തുണ്ടത്തിൽ ലക്ഷ്മി വിലാസം ഹൈസ്കൂൾ, പോത്തൻകോട്, കണിയാപുരം മുസ്ലീം ബോയ്സ്-ഗേൾസ് ഹൈസ്കൂൾ, അയിരൂപ്പാറ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവയാണ് ഈ സ്കൂളിന്റെ സമീപമുള്ള സ്കൂളുകൾ. ഇതിൽ പോത്തൻകോട് കരുർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ലക്ഷ്മി വിലാസം ഹൈസ്കൂളിലേയ്ക്കും അയിരൂപ്പാറ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലേയ്ക്കും അഞ്ച് കിലോമീറ്റർ ദൂരവും കണിയാപുരം മുസ്ലീം ബോയ്സ്-ഗേൾസ് ഹൈസ്കൂളിലേയ്ക്ക് ആറ് കിലോമീറ്റർ ദൂരവും തുണ്ടത്തിൽ എം.വി.എച്ച്.എസ്.-ലേയ്ക്ക് നാല് കിലോമീറ്റർ ദൂരവുമുണ്ട്. സ്കൂളിന് നിലവിൽ 14 ക്ലാസ് മുറികളുള്ളതുകൂടാതെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും നാല് ക്ലാസ് മുറികൾ അടങ്ങുന്ന കെട്ടിടത്തിന് ഒരു കോടി 52 ലക്ഷം രൂപ അനുവദിച്ചിരുന്നു. പത്ത് ക്ലാസ് മുറികൾ എയർകണ്ടീഷൻ ചെയ്ത് സ്മാർട്ട് ക്ലാസ് റൂമാക്കി സജ്ജീകരിച്ചിട്ടുണ്ട്. ലാബ്, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേക മുറികളുണ്ട്. ഈ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുകയാണെങ്കിൽ അനേകം കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം

കൂടുതൽ സൗകര്യപ്രദമായിത്തീരുമെങ്കിലും കെ.ഇ.ആർ. അനുശാസിക്കുന്നതരത്തിലുള്ള സൗകര്യങ്ങൾ തരപ്പെടുത്തുന്ന അവസരത്തിൽ കാട്ടായിക്കോണം യു.പി.എസ്.-നെ ഹൈസ്കൂളാക്കി ഉയർത്തുന്ന കാര്യം ഗവൺമെന്റ് ഉചിതമായ സന്ദർഭത്തിൽ അനുഭാവപൂർവം പരിഗണിക്കുന്നതാണ്. പ്രസ്തുത സ്കൂളിന് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ കാട്ടായിക്കോണം വി. ശ്രീധരന്റെ പേര് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ തിരുവനന്തപുരത്ത് വടക്ക് ഉപജില്ലാ ഓഫീസിന്റെ പരിധിയിൽവരുന്ന എയ്ഡഡ് സ്കൂളായ വലിയ ഉദേശ്വരം യു.പി.എസ്.-സ്കൂളിന്റെ കെട്ടിടങ്ങളെല്ലാം അൺഫിറ്റ് ആയതുകാരണം പ്രസ്തുത സ്കൂൾ പ്രവർത്തനരഹിതമാണ്. ആയതിന്മേൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നകാര്യം സർക്കാർ പരിഗണിച്ചുവരികയാണ്.

11) വള്ളക്കടവ് പാലം പുനർ നിർമ്മാണം

<u>ശ്രീ. ആന്റണി രാജു:</u> സർ, തിരുവനന്തപുരം മണ്ഡലത്തിലെ ദേശീയ ജലപാതയിൽ റ്റി.എസ്. കനാലിനു കുറുകെയുള്ള വള്ളക്കടവ് പാലം

തകർച്ചയുടെ വക്കിലായി കഴിഞ്ഞ വർഷം അടച്ചുപൂട്ടി. അതിനുപകരം താൽക്കാലികമായിട്ടുള്ള പാലം കഴിഞ്ഞ വർഷം തുറന്നു. അതിലൂടെ ലൈറ്റ് മോട്ടർ വെഹിക്കിൾസിന് മാത്രമേ ഓടാൻ കഴിയുകയുള്ളൂ. 2009-ൽ ഭരണാനുമതി നൽകിയതും 21-05-2023-ൽ 39.80 കോടി രൂപയ്ക്ക് എ. എസ്. നൽകിയതുമായ പദ്ധതി ബിറ്റുമിൻ നിരക്കിലുണ്ടായ വർദ്ധനവും എസ്റ്റിമേറ്റ് പി.എ.സി.-യിൽ ഉണ്ടായ വർദ്ധനവും കാരണം 56.50 കോടി രൂപയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചു. ദേശീയ ബൈപ്പാസിൽനിന്നും ഡൊമസ്റ്റിക്ക് എയർപോട്ടിലേയ്ക്കും എഫ്.സി. ഗോഡൗണുകളിലേയ്ക്കും ശംഖുമുഖത്തേയ്ക്കും പോകുന്നത് ഈ പാലത്തിലൂടെയാണ്. അതിനെക്കാളും പ്രധാനമാണ് ശംഖുമുഖത്തേയ്ക്ക് പത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്നുള്ള ആറാട്ട് പോകുന്നത്. പുതുക്കിയ ഭരണാനുമതി ധനവകുപ്പ് ഡെഫർ ചെയ്തിരിക്കുകയാണ്. 90 ശതമാനവും ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. അടിയന്തരമായി ഇത് പൂർത്തിയാക്കിയില്ലെങ്കിൽ ദേശീയ ജലപാതയുടെ പ്രവർത്തനത്തെപ്പോലും

ബാധിക്കാനിടയുണ്ട്. അതുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഈ പാലം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. ആന്റണി രാജു പറഞ്ഞ പാലം വിമാനത്താവളത്തിലേയ്ക്കും തീരദേശ മേഖലയിലേയ്ക്കുമുള്ള യാത്രയ്ക്ക് വളരെയേറെ പ്രധാനപ്പെട്ടതാണ്. 21-05-2023-ന് 39.50 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് പുതുക്കി. ഭൂമി ഏറ്റെടുക്കാൻ മാത്രം ഏതാണ്ട് 31.7 കോടി രൂപ വേണം. ഇപ്പോൾ അത് 56.5 കോടി രൂപയായി ഉയർന്നിട്ടുണ്ട്. പ്രസ്തുത ഘട്ടത്തിൽ ധനകാര്യ വകുപ്പ് ഇപ്പോൾ പ്രസ്തുത പ്രവൃത്തി തൽക്കാലം മാറ്റിവയ്ക്കാൻ നിർദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രശ്നം പരിഹരിക്കും.

12) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ: സർ, അഞ്ച് റോഡുകൾ കൂടിച്ചേരുന്ന ഒരു ജംഗ്ഷനാണ് കുറ്റ്യാടി ടൗൺ. കുറ്റ്യാടിയിൽനിന്നും

കോഴിക്കോട്, വടകര, മാനന്തവാടി, പശ്ശുക്കടവ് പ്രദേശങ്ങളിലേയ്ക്ക് ഈ ജംഗ്ഷനിലൂടെയാണ് വാഹനങ്ങൾ കടന്നുപോകുന്നത്. ഇതുകാരണം രാവിലെമുതൽ രാത്രിവരെ വലിയ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ഇതിന് പരിഹാരമെന്ന രൂപത്തിലാണ് കുറ്റ്യാടി ബൈപ്പാസ് പ്രൊപ്പോസലായി വന്നത്. പതിനഞ്ച് വർഷത്തിനുശേഷം, ഇപ്പോൾ അതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ബൈപ്പാസ് പൂർത്തീകരിച്ചുകഴിഞ്ഞാലും ഗതാഗതക്കുരുക്ക് ഒഴിവാകാനുള്ള സാധ്യത ഇപ്പോഴില്ല. ജംഗ്ഷനിലൂടെ ക്രോസ് ചെയ്തുപോകുന്ന വാഹനങ്ങളെ ഒഴിവാക്കിയാൽ മാത്രമേ അതിന് പരിഹാരമാകുകയുള്ളൂ. അതുകൊണ്ട് തൊട്ടിൽപ്പാലം-വയനാട് ഭാഗത്തുനിന്നുവരുന്ന വാഹനങ്ങൾ മരുദ്വാങ്കര വഴി ചെറിയ പാലത്തിലൂടെ കടന്ന് ചങ്ങരോത്ത് പഞ്ചായത്തിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുന്ന രൂപത്തിൽ അടുക്കത്ത് പ്രദേശത്തെയും ചെറിയ കുമ്പളം പ്രദേശത്തെയും ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിച്ചാൽ ഇതിന് ഒരു പരിഹാരമാകും. അതോടൊപ്പംതന്നെ ഏറ്റവും വാഹന ഗതാഗത

വേഗതയുള്ള-തിരക്കുള്ള പേരാമ്പ്ര-മാനന്തവാടി റോഡിൽ ഒരു മേൽപ്പാല സാധ്യതകൂടി പരിശോധിക്കണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കുറ്റ്യാടി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ രണ്ട് പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിലൊരു പദ്ധതി ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയും. ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അത് പ്രാവർത്തികമായാൽ വലിയ തോതിലുള്ള ഗതാഗതക്കുരുക്കിന് പരിഹാരമാകും. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്താൻ ഇപ്പോൾ നിർദ്ദേശം നൽകാവുന്നതാണ്.

13) സുൽത്താൻ ബത്തേരി–പെരിക്കല്ലൂർ റോഡ് പുനരുദ്ധാരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ റോഡിന്റെ ദൂരം 34 കിലോമീറ്ററാണ്.

സുൽത്താൻ ബത്തേരി നഗരസഭ, പൂതാടി ഗ്രാമപഞ്ചായത്ത്, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, മുള്ളംകൊല്ലി ഗ്രാമപഞ്ചായത്ത്വഴി കടന്നുപോയി കർണ്ണാടക ബോർഡറിലെ വൈരക്കുപ്പയിലെത്തുന്നതാണ് ഈ റോഡ്. പ്രസ്തുത റോഡ് ഇന്ന് കുണ്ടുംകുഴിയുമായി കിടക്കുകയാണ്. മാത്രമല്ല, ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി ഇടപെട്ടതിന്റെ ഫലമായി അന്ന് ഒ.പി.ബി.ആർ.സി.-യിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 53 കോടി രൂപയുടെ ഒരു പാക്കേജിന് തീരുമാനമായിരുന്നു. അതിന്റെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കിയതിനുശേഷം ഇതിന്റെ എക്സ്പെർട്ട് അംഗങ്ങൾ വന്ന് പരിശോധിച്ചപ്പോൾ ഇത് ഒ.പി.ബി.ആർ.സി. മാനദണ്ഡത്തിൽപ്പെടില്ലെന്ന് അവർ റിപ്പോർട്ട് നൽകുകയുണ്ടായി. മാത്രമല്ല, നിരവധി ടൂറിസ്റ്റുകളും സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന കുടിയേറ്റ മേഖലയാണിത്, ദീർഘദൂര ബസ് സർവീസ് അടക്കമുള്ള റൂട്ടാണ്. നിലവിൽ ഈ റോഡിലെ പല സ്ഥലങ്ങളിലും വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. മെയിന്റനൻസ് നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി. (സി)- ക്ക് രണ്ട് എസ്റ്റിമേറ്റ് സമർപ്പിച്ചു. അതിന് നടപടിയായിട്ടില്ല. മാത്രമല്ല, ഗവൺമെന്റിന്റെ മറ്റേതെങ്കിലും

പദ്ധതിയിലുൾപ്പെടുത്താമെന്നുപറഞ്ഞ് പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ എനിക്ക് ഒരു കത്തും നൽകിയിരുന്നു. കെ.എസ്.ടി.പി. ഉൾപ്പെടെയുള്ള പദ്ധതികളുണ്ടെന്നാണ് അന്ന് പറഞ്ഞത്. 34 കിലോമീറ്റർ, ഏതാണ്ട് നാല് പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്ന ഈ റോഡ് പെരിക്കല്ലൂർ എത്തുന്ന ഭാഗംവരെ തകർന്നിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഏതെങ്കിലും ബൃഹത്തായ പദ്ധതിയിൽപ്പെടുത്തി സ്റ്റേറ്റ് ഹൈവേ എന്നുള്ള നിലയ്ക്ക് ഇതിന്റെ പുനരുദ്ധാരണം നടത്തണമെന്ന് സഭയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒ.പി.ബി.ആർ.സി.-4 പദ്ധതി ടെണ്ടർ ചെയ്തപ്പോൾ ആരും ക്വാട്ട് ചെയ്തില്ല. അതിനുശേഷം പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓവർലേ പ്രവൃത്തി അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ പ്രത്യേക പെർമിഷൻ ആവശ്യമാണ്. അതിനായി

ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റോഡ് ഉൾപ്പെടെ ഈ പാക്കേജിലുൾപ്പെടുത്തി പ്രവൃത്തി നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

14) കൊച്ചി മുസിരിസ് ബിനാലെ വേദി ഒരുക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചിയിൽ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന അന്തർദേശീയ സമകാലിക കലാപ്രദർശനമായ കൊച്ചി മുസിരിസ് ബിനാലെ പ്രതിസന്ധി നേരിടുകയാണ്. ബിനാലെയുടെ പ്രധാന പ്രദർശനവേദിയായ ഫോർട്ട് കൊച്ചിയിലെ അസ്പിൻ വാൾ കെട്ടിടത്തിന്റെ ഉടമയായ ഡി.എൽ.എഫ്. ഇൻഡ്യൻ കോസ്റ്റ് ഗാർഡിന് വിൽക്കുവാനുള്ള നീക്കം നടക്കുന്നതായി അറിയുന്നു. ഈ വില്പന സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നുവെന്നാണ് മാധ്യമ റിപ്പോർട്ടുകൾ. ഇക്കൊല്ലം 2024 ഡിസംബർ 12-ന് ഉദ്ഘാടനം ചെയ്യേണ്ട ബിനാലെയുടെ 6-ാം എഡിഷൻ സംഘടിപ്പിക്കാനാകില്ലെന്ന തീരുമാനത്തിലാണ് കൊച്ചി ബിനാലെ ഫൗണ്ടേഷൻ എത്തിച്ചേർന്നിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ വലിയ സംഭാവന നൽകുന്ന സംരംഭമായ ബിനാലെ ഇന്ന് കൊച്ചിയുടെ ടൂറിസം സമ്പദ്വ്യവസ്ഥയുടെ

നട്ടെല്ലാണ്. 2012-ലെ ആദ്യ ബിനാലെ മുതൽ ഓരോ തവണയും ബിനാലെ ആസ്വദിക്കാനെത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. 2022-23-ലെ ബിനാലെ ആറ് ലക്ഷത്തോളം പേർ സന്ദർശിച്ചെന്നാണ് കണക്ക്. ബിനാലെയ്ക്ക് വേദി നഷ്ടമാകുന്നുവെന്നതും ബിനാലെ സംഘടിപ്പിക്കാനാകുന്നില്ലെന്നതും വലിയ നഷ്ടമാണ്. ലോകസാംസ്കാരികരംഗത്ത് ചർച്ച ചെയ്യുന്ന ഇൻഡ്യയിലെ ഏക ബിനാലെയാണ് നമ്മുടേത്. ഈ കേരള മോഡൽ ബിനാലെയെ പിന്തുണയ്ക്കുന്ന സർക്കാർ തീരുമാനങ്ങൾ ലോകം ശ്രദ്ധിക്കുന്നു. ബിനാലെ സംഘാടനത്തിന് സ്ഥിരം വേദിയൊരുക്കി ബിനാലെ സംഘടിപ്പിക്കുന്നതിന് നടപടി വേണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബിനാലെ ആറാം പതിപ്പിലേയ്ക്ക് കടക്കുകയാണ്. സംസ്കാരിക ടൂറിസം ഇവന്റായ കൊച്ചി ബിനാലെ ചരിത്രത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. കൊച്ചി ബിനാലയ്ക്ക് സ്ഥിരംവേദി ഉണ്ടാക്കാനുള്ള ചില പ്രവർത്തനങ്ങൾക്ക് സർക്കാർ വലിയ ശ്രമംതന്നെ നടത്തി. സ്ഥിരം

വേദിക്കായി 1.61 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 102.06 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. അതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചറിനെ ചുമതലപ്പെടുത്തി. ആ കാര്യം മുന്നോട്ടുപോകുന്നുണ്ട്. ഇപ്പോഴുള്ള ആശങ്ക, ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, ബിനാലെയുടെ പ്രധാന വേദി നഷ്ടപ്പെടുന്നതിനെക്കുറിച്ചാണ്. ബിനാലെ നല്ല നിലയിൽ സംഘടിപ്പിക്കാനാവശ്യമായ എല്ലാ സഹായവും സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകും. വേദിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചതിനുശേഷം എങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നത് അറിയിക്കാം.

15) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ നിലവിലൊരു ഹോമിയോ ഡിസ്പെൻസറിയില്ല. പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണിത്. അതിനായി 07-06-2021-ൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു കത്തും

നൽകിയിരുന്നു. മന്ത്രിയെ കാണുമ്പോൾ നിരന്തരം ഞാൻ ഓർമ്മപ്പെടുത്താറുമുണ്ട്. ഹോമിയോ ഡിസ്പെൻസറി ലഭിക്കുമെന്ന പ്രതീക്ഷയിൽ ആലുവ മുനിസിപ്പാലിറ്റിയിൽ അതിനായി കെട്ടിടംവരെ തയ്യാറാക്കി ഇട്ടിരിക്കുകയാണ്. എല്ലാ ജനങ്ങൾക്കും എല്ലാ ചികിത്സയും കിട്ടണം. ആയുർവേദം, അലോപ്പതി, ഹോമിയോ എല്ലാം വേണം. ആലുവ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ ഹോമിയോ ഡിസ്പെൻസറിയില്ല. അത് അത്യാവശ്യമാണ്. ഗവൺമെന്റ് എത്രയും വേഗം പ്രസ്തുത ഹോമിയോ ഡിസ്പെൻസറി അനുവദിക്കുമോയെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ചോദിക്കാനുള്ളത്. അനുഭാവപൂർവ്വമായ ഒരു മറുപടി പ്രതീക്ഷിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹോമിയോ ഡിസ്പെൻസറികളുണ്ടാകുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതുകൊണ്ട് തീർച്ചയായും ആലുവ മുനിസിപ്പാലിറ്റിയിലും ഡിസ്പെൻസറിയുണ്ടാകും. നാഷണൽ ആയുഷ്മിഷന്റെ കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി ഡിസ്പെൻസറി ആരംഭിക്കുന്ന വിഷയമാണ്

സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്. അതിൽ അന്തിമ തീരുമാനം ഉടനുണ്ടാകും. അവിടെ ഡിസ്പെൻസറി അനുവദിക്കും.

16) ഷൊർണ്ണൂരിലെ ടർഫ് സ്റ്റേഡിയം നിർമ്മാണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം, അനങ്ങനടി സെന്ററുകളിൽ 2021-ൽ നിർമ്മാണം ആരംഭിച്ച രണ്ട് ടർഫ് സ്റ്റേഡിയങ്ങളിൽ ഒന്ന് 4,32,00,000 രൂപയും മറ്റൊന്ന് 3,20,00,000 രൂപയുമാണ്. അതിന്റെ പ്രവൃത്തി ഇഴഞ്ഞുനീങ്ങുകയാണ്. എത്രയുംവേഗം ടർഫിന്റെ നിർമ്മാണം പൂർത്തിയാകാനാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ, കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ഫണ്ടിൽ ചെറുപ്പുളശ്ശേരി ടൗണിലെ മുനിസിപ്പൽ ഗ്രൗണ്ടിനായി രണ്ടു കോടി രൂപ നീക്കിവച്ചിരുന്നു. പ്രസ്തുത ടർഫ് നിർമ്മാണം പൂർത്തിയാക്കണമെങ്കിൽ നാലു കോടി രൂപയെങ്കിലും ആവശ്യമാണ്. അതുകൊണ്ട് രണ്ടു കോടി രൂപകൂടി ഇതിന്റെ ഭാഗമായി സർക്കാർ അനുവദിച്ചു നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വാണിയംകുളം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിലെ സിന്തറ്റിക് ഫുട്ബോൾ ടർഫും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് 3.71 കോടി രൂപയുടെ പ്രവൃത്തികൾ 70 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. 2024 ഓഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചെറുപ്പുളശ്ശേരി ടർഫുമായി ബന്ധപ്പെട്ട തീരുമാനം പിന്നീട് അംഗത്തെ അറിയിക്കുന്നതാണ്.

11.50 am

VI റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി V-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം (ശ്രീ. ഐ. ബി. സതീഷ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. പി. നന്ദകുമാർ): സർ, വൈദ്യുതി, തൊഴിൽ, തൊഴിലാളിക്ഷേമം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർപേഴ്സണുവേണ്ടി സമിതി അംഗമായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. മാത്യൂ ടി. തോമസ്: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നയങ്ങൾ കാരണം വലിയതോതിലുള്ള പണഞെരുക്കം അനുഭവപ്പെടുകയുണ്ടായി. ഇത് ഇപ്പോഴും തുടരുകയാണ്. 2016-ൽ

അധികാരത്തിൽ വന്ന സർക്കാർ പശ്ചാത്തല സൗകര്യ വികസനത്തിനും ക്ഷേമ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും തുല്യപ്രാധാന്യം നൽകുന്ന നയമാണ് സ്വീകരിച്ചത്. മുടങ്ങിക്കിടന്ന വൻകിട പദ്ധതികളായ ദേശീയപാത വികസനം, ഗെയ്ൽ പൈപ്പ്‌ലൈൻ, കൊച്ചി - ഇടമൺ പവർഹൈവെ എന്നിവ ഏറ്റെടുക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ നാഴികക്കല്ലായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാവുകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലും ഭവനരഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്നതിലും സർക്കാർ വലിയ തോതിലുള്ള ഇടപെടലുകളാണ് നടത്തിയത്. ഇതിനൊപ്പം ക്ഷേമപെൻഷനുകൾ കാലാനുസൃതമായി വർധിപ്പിക്കാനും കൃത്യമായി വിതരണം ചെയ്യാനും സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കാനും സാധിച്ചു. എന്നാൽ, 2022 മാർച്ച് 31-ാം തീയതി കേന്ദ്ര ധനമന്ത്രാലയം സംസ്ഥാനത്തിന്റെ വായ്പാപരിധി മുൻകാല പ്രാബല്യത്തോടെ വെട്ടിച്ചുരുക്കാൻ എല്ലാ

കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് തീരുമാനമെടുത്തു. കേരളത്തിൽ സമാനതകളില്ലാത്ത വികസനം എല്ലാ നിയമസഭാ മണ്ഡലങ്ങളിലും മുന്നോട്ടുനീക്കാൻ സാധിച്ചത് സംസ്ഥാന സർക്കാർ കിഫ്ബിവഴി നടത്തിയ ഇടപെടലുകളാണെന്ന കാര്യം ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ബോധ്യമുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ തനതു റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം കിഫ്ബിക്കായി നീക്കിവച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ മേൽപ്പറഞ്ഞ ഇടപെടലുകൾ നടത്തിവരുന്നത്. എന്നാൽ കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ വായ്പയായി മുൻകാല പ്രാബല്യത്തോടെ പരിഗണിക്കുന്ന സമീപനം കേന്ദ്ര ധനമന്ത്രാലയം കൈക്കൊണ്ടത് സംസ്ഥാനത്തിന് 12,560 കോടി രൂപയുടെ വെട്ടിക്കുറവ് വായ്പാ പരിധിയിലുണ്ടായി. ഇതിനുപുറമെ, കിഫ്ബി എടുക്കുന്ന വായ്പയും പ്രതിവർഷ കടപരിധിയിൽനിന്നും കേന്ദ്രസർക്കാർ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യാ നിയന്ത്രണത്തിലും പ്രതിശീർഷ വരുമാനത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ ധനകാര്യ

കമ്മീഷന്റെ പുതിയ മാനദണ്ഡങ്ങൾപ്രകാരം സംസ്ഥാനത്തിന് ദോഷകരമാകുന്ന സ്ഥിതിയാണുള്ളത്. അതിന്റെ പേരിൽ കേരളത്തിന്റെ നികുതി വിഹിതം കുറയ്ക്കുന്ന സമീപനമാണ് ഇപ്പോഴുണ്ടാകുന്നത്. മേൽപ്പറഞ്ഞ സാമ്പത്തിക ഉപരോധത്തിനൊപ്പം ധനകാര്യ കമ്മീഷനുകളിൽനിന്നും ലഭിക്കുന്ന നികുതി വിഹിതത്തിലും ക്രമാനുഗതമായ കുറവ് കഴിഞ്ഞ 25 വർഷക്കാലയളവിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ കാര്യംമാത്രം പറഞ്ഞാൽ, പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2.505 ശതമാനം നികുതി വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.92 ശതമാനമായി കുറഞ്ഞു. 2020-21-ൽ 31,068 കോടി രൂപയായിരുന്ന കേന്ദ്രസർക്കാർ ഗ്രാന്റുകൾ 2023-24-ൽ 12,068 കോടി രൂപയായി കുറഞ്ഞു. മൂന്ന് വർഷക്കാലയളവിൽ 19,000 കോടി രൂപയാണ് കേന്ദ്ര ഗ്രാന്റിനത്തിൽ കുറവുണ്ടായിരിക്കുന്നത്. ഇതിനോടൊപ്പം പറയേണ്ട മറ്റൊരു കാര്യം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം കഴിഞ്ഞ ഒമ്പതു വർഷക്കാലയളവിൽ വലിയ ഇടിവ് നേരിട്ടുയെന്നതാണ്. മിക്ക പദ്ധതികൾക്കും 75 ശതമാനം കേന്ദ്ര ഗ്രാന്റുകൾ

ലഭ്യമായിരുന്നവയിൽനിന്നും 60 ശതമാനമായി മാറിയിട്ടുണ്ട്. ഐ.സി.ഡി.എസ്. പോലുള്ള ചില പ്രധാന പദ്ധതികളിൽനിന്നും കേന്ദ്രസർക്കാർ പിൻമാറുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഈ പദ്ധതിയുടെ മുഴുവൻ ബാധ്യതയും സംസ്ഥാന സർക്കാർതന്നെ വഹിക്കണം. നെല്ല് സംഭരണം ഉൾപ്പെടെയുള്ള പ്രധാന പരിപാടികൾക്കുള്ള ധനസഹായം ലഭിക്കുന്നതിന് വലിയ കാലവിളംബം നേരിടുകയും ചെയ്യുന്നുണ്ട്. ബ്രാൻഡിംഗിന്റെ പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം തടഞ്ഞുവയ്ക്കുന്ന ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനവും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. കേന്ദ്രത്തിന്റെ പ്രതികൂല സമീപനത്തിനിടയിലും സംസ്ഥാനം തനതു നികുതി വരുമാനം കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് 56 ശതമാനം വർധിപ്പിച്ചതുകൊണ്ടാണ് സാമ്പത്തിക കാര്യത്തിൽ അല്പമെങ്കിലും പിടിച്ചു നിൽക്കാനായത്.

കടക്കെണിയെന്ന ആക്ഷേപം ചിലർ ഉന്നയിക്കുമ്പോഴും കേരളത്തിന്റെ കടം-ആഭ്യന്തര വരുമാന അനുപാതം 2020-21-ൽ 38.47

ശതമാനമായിരുന്നത് 2023-24-ൽ 33.4 ശതമാനമാക്കി കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നതാണ് വസ്തുത. എന്നാലും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കുള്ള പല ക്ഷേമ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ കുടിശ്ശികയുണ്ടായി എന്നത് ഒരു വസ്തുതയാണ്. ഇത് സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കാരണമുണ്ടായതല്ല. ക്ഷേമാനുകൂല്യങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യണമെന്ന കാര്യത്തിൽ സർക്കാരിന് നിർബന്ധമുണ്ട്. അതുകൊണ്ട് ഈ കുടിശ്ശിക നിവാരണം ഒരു സമയബന്ധിത പരിപാടിയായി ഏറ്റെടുത്ത് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

1. സാമൂഹ്യക്ഷേമ പെൻഷനുകൾ

സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിഹിതത്തിലെ സിംഹഭാഗവും സംസ്ഥാന സർക്കാരാണ് വിതരണം ചെയ്യുന്നത്. നാമമാത്രമായ കേന്ദ്ര പെൻഷൻ വിഹിതം ലഭിക്കുന്നത് ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്ന് പദ്ധതികൾക്കാണ്. ശരാശരി 6.8 ലക്ഷം പേർക്ക് മാത്രമാണ് കേന്ദ്രാനുകൂല്യം ലഭിക്കുന്നത്. ഇതാകട്ടെ ശരാശരി 300 രൂപ മാത്രമാണ്. സംസ്ഥാന സർക്കാരിന്റെ

സാമൂഹ്യസുരക്ഷാ പെൻഷന്റെ ഗുണഭോക്താക്കൾ 62 ലക്ഷം വരും. കേന്ദ്ര സർക്കാർ ആനുകൂല്യത്തിനുള്ള വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത് പ്രതിവർഷം 25,000 രൂപയാണെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ താഴെപ്പറയുന്ന ക്ഷേമനിധി പെൻഷനുകളും ഉൾപ്പെടും.

1. കർഷകക്ഷേമ പെൻഷൻ (കൃഷി വകുപ്പ് മുഖേന)
2. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വാർദ്ധക്യ കാല പെൻഷൻ
3. ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ്
4. ക്ഷീര കർഷക തൊഴിലാളി ക്ഷേമ ബോർഡ്
5. കയർ തൊഴിലാളി ക്ഷേമ ബോർഡ്
6. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്
7. വ്യാപാരി ക്ഷേമ ബോർഡ്
8. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്
9. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്)

10. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

11. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

12. ഈറ്റ, കാട്ടുവള്ളി, തഴ, തൊഴിലാളി ക്ഷേമനിധി ബോർഡ്

13. ബീഡി ചുരുട്ട് ക്ഷേമനിധി ബോർഡ്

14. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

15. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

16. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്.

2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നവരുടെ ആകെ എണ്ണം 3443414 ആയിരുന്നു. ഇവർക്ക് 600 രൂപ വീതമാണ് പെൻഷനായി നൽകിവന്നിരുന്നത്. ഇതുതന്നെ 18 മാസംവരെ കുടിശ്ശികയായിരുന്നുവെന്നത് ഏറെ ചർച്ചകൾക്കിടയാക്കിയതാണ്. 2016-ൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ് കുടിശ്ശിക മുഴുവൻ തീർത്തുനൽകിയത്. ഇപ്പോഴാകട്ടെ 62 ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ തുക ഘട്ടംഘട്ടമായി ഉയർത്തി 1,600 രൂപയുമാക്കിയിട്ടുണ്ട്. ഇത് ഇനിയും വർധപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

2011-16-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ആകെ 8,833.6 കോടി രൂപയാണ് നൽകിയതെങ്കിൽ 2016-21-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 30,567.9 കോടി രൂപയാണ് ചെലവഴിച്ചത്. മുൻ യു.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് നൽകിയതിനെക്കാൾ 21,734.3 കോടി രൂപയാണ് 2016-21 കാലഘട്ടത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികമായി വിതരണം ചെയ്തത്. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 23,461.5 കോടി രൂപ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും സമഗ്രമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പാക്കുന്നത് കേരളത്തിലാണ്. ഇതിന്റെ 98 ശതമാനം വിഹിതവും കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ തന്നെയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ലഭിക്കുന്ന നാമമാത്രമായ കേന്ദ്ര വിഹിതം, പെൻഷൻ നൽകാനാവശ്യമായ തുകയുടെ വെറും 2 ശതമാനം മാത്രമാണ് എന്നതാണ് വസ്തുത. കടുത്ത പണഞെരുക്കം നിലനിൽക്കുമ്പോഴും സമൂഹത്തിലെ

അവശജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വിധവാ പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. 79 വയസ്സുവരെയുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ തുകയായ 1,600 രൂപയിൽ 200 രൂപ മാത്രമാണ് കേന്ദ്ര വിഹിതം. ഈ തുകയാകട്ടെ 3.4 ലക്ഷം പേർക്ക് മാത്രമാണ് കേന്ദ്രം നൽകുന്നത്. 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള കേന്ദ്ര വിഹിതം 500 രൂപയാണ്. ഇതാകട്ടെ 1.16 ലക്ഷം പേർക്ക് മാത്രമാണ് ലഭിക്കുന്നത്. ദേശീയ വികലാംഗ പെൻഷനിൽ 66928 ഗുണഭോക്താക്കൾക്ക് 300 രൂപ വീതം മാത്രമാണ് കേന്ദ്ര വിഹിതമുള്ളത്. ദേശീയ വിധവാ പെൻഷനിൽ 300 രൂപ മാത്രമാണ് കേന്ദ്ര വിഹിതം. കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. 2024 മേയ് വരെ അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്ര വിഹിതവും

സംസ്ഥാന സർക്കാരാണ് നൽകിയത്. 2023 ജൂൺ വരെയുള്ള കേന്ദ്ര വിഹിതം മാത്രമാണ് സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ളത്. കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതുമൂലമുള്ള അധിക ബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ട സ്ഥിതിയാണുള്ളത്.

നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അഞ്ച് ഗഡുക്കൾ കുടിശ്ശികയാണ്. പ്രതിമാസം 1,600 രൂപയാണ് സാമൂഹ്യക്ഷേമ പെൻഷനായി വിതരണം ചെയ്യുന്നത്. 2024 മാർച്ച് മുതൽ നിലവിലെ പെൻഷൻ കൃത്യസമയത്ത് നൽകിവരികയാണ്. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025-26-ൽ മൂന്ന് ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക തീർത്തും നൽകണമെന്നകാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ ഈയിനത്തിൽ 4,250 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയുടെ ഭാഗമായി 1,700 കോടി രൂപ വിതരണം ചെയ്യും.

2. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺഅറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മേയ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ 2023 മേയ് വരെയാണ് പെൻഷൻ നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാതാക്കളിൽനിന്ന് പിരിച്ചെടുക്കുന്ന സെസ് തുകയിൽനിന്നുമാണ് കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത്. സെസ് കാര്യക്ഷമമായി പിരിച്ചെടുത്ത് കുടിശ്ശിക നിവാരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ സർക്കാർ തലത്തിൽ പ്രത്യേക ഇടപെടലുണ്ടാകും.

ആധാരം എഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും പെൻഷനുകൾ നൽകുന്നത് ക്ഷേമനിധിയുടെ തനത് ഫണ്ടിൽ നിന്നാണ്. ഈ ആനുകൂല്യങ്ങൾക്ക് നിലവിൽ കുടിശ്ശികയില്ല.

3. ഖാദി ഇൻകം സപ്പോർട്ട് സ്കീം

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം ഖാദി വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, ഖാദി നൂൽപ്പ്കാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽപാദക ബോണസ്സും ഉത്സവ ബത്തയും നിലവിൽ കുടിശ്ശികയാണ്. 2024 മേയ് വരെ ഇൻകം സപ്പോർട്ട് ഇനത്തിൽ 38 കോടി രൂപയാണ് കുടിശ്ശിക. പ്രൊഡക്ഷൻ ഇൻസെൻറീവ് ഇനത്തിൽ 7 കോടി രൂപയും റിബേറ്റ് ഇനത്തിൽ 35 കോടി രൂപയും കുടിശ്ശികയാണ്. ആകെ 80 കോടി രൂപ കുടിശ്ശികയാണ്. ഇത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കും.

4. കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി

കേരള അംഗൻവാടി വർക്കേഴ്സ്&ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽനിന്ന് 8219 വർക്കർമാർക്കും 8946 ഹെൽപ്പർമാർക്കുമായി ആകെ 17165 പേർക്ക് അംശദായ പെൻഷൻ നൽകിവരുന്നു. 2010 മുതൽ 2022 വരെ വിരമിച്ച വർക്കർമാർക്ക് 2024 മേയ്, ജൂൺ മാസങ്ങളിലെ പെൻഷൻ നൽകുന്നതിനായി 6.10 കോടി രൂപയും 2023 ഏപ്രിലിൽ

വിരമിച്ചവർക്ക് 11 മാസത്തെ കുടിശ്ശിക നൽകുന്നതിന് 4.18 കോടി രൂപയും 2024-ൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശികയായി 94.35 ലക്ഷം രൂപയുമുൾപ്പെടെ 11.22 കോടി രൂപ കുടിശ്ശികയുണ്ട്. ഇത് അനുവദിക്കാനുള്ള നടപടി സ്വീകരിക്കും.

5. ആരോഗ്യമേഖലയിലെ കുടിശ്ശിക

കാരുണ്യ പദ്ധതിയുടെ ഭാഗമായും മരുന്ന് വിതരണത്തിനുള്ള ബില്ലുകളിലും വന്ന കുടിശ്ശിക സമയബന്ധിതമായി 2024-25 സാമ്പത്തിക വർഷത്തിൽതന്നെ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ മരുന്നുലഭ്യതയ്ക്കും മറ്റും ഈ കുടിശ്ശിക തടസ്സമാകരുതെന്ന് സർക്കാരിന് നിർബന്ധമുള്ളതിനാൽ ഈ തുക പൂർണ്ണമായും കൊടുത്തുതീർക്കുന്നതാണ്.

6. സപ്ലൈകോ

വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോയ്ക്കുള്ള സഹായം, നെല്ല് സംഭരണം, നെല്ലുൽപാദനം എന്നിവയ്ക്ക് നൽകേണ്ട തുക, ദേശീയ

ഭക്ഷ്യസുരക്ഷാ നിയമപ്രകാരം വഹിക്കേണ്ട ചെലവുകൾ എന്നിവയിലെ കുടിശ്ശിക 2024-25 സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

169 ത്രിവേണി സ്റ്റോറുകളെ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും മെഗാ ത്രിവേണി മാർക്കറ്റുകൾ ആരംഭിക്കാനും നീതി സ്റ്റോറുകളുടെ വാതിൽപ്പടി വിതരണം പുനരുജ്ജീവിപ്പിക്കാനും ഉദ്ദേശിക്കുന്നു. ത്രിവേണി/നീതി വിഭാഗത്തിൽ ഓണമുൾപ്പെടെയുള്ള ഉത്സവ കാലങ്ങളിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സബ്സിഡി വിപണികൾ നടത്തും.

7. കരാറുകാർക്കുള്ള കുടിശ്ശിക

ബിൽ ഡിസ്കൗണ്ടിംഗ് സ്കീംവഴി ലഭ്യമാക്കിയിട്ടുള്ള തുകയുടെ കുടിശ്ശിക 2024-25 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്യുന്നതാണ്. ഈയിനത്തിൽ 2,500 കോടി രൂപയാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്.

8. സ്കോളർഷിപ്പ് വിതരണം

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ടവർക്കുമുള്ള വിദ്യാർത്ഥികൾക്കുള്ള

സ്കോളർഷിപ്പ് ആനുകൂല്യങ്ങളുടെ കുടിശ്ശിക 2024-25 സാമ്പത്തികവർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

9. മറ്റ് ധനസഹായങ്ങൾ

വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള ധനസഹായം, കാൻസർ, ക്ഷയം, ലെപ്രസി രോഗികൾക്കുള്ള ധനസഹായം, പമ്പിംഗ് സബ്സിഡി, യൂണിഫോം വിതരണത്തിന്റെ ഭാഗമായി കൈത്തറിത്തൊഴിലാളികൾക്കുള്ള കൂലിയും റിബേറ്റും, മിശ്രവിവാഹിതർക്കുള്ള ധനസഹായം, തണൽ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ധനസഹായം, മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ആചാര്യസ്ഥാനീയർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായം, മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽനിന്നുള്ള വിവാഹധനസഹായം എന്നീ ഇനങ്ങളിൽ ഈ സാമ്പത്തിക വർഷാവസാനത്തോടെ ഒരു കുടിശ്ശികയും നിലവിലില്ലെന്ന് സർക്കാർ വകുപ്പുകൾ ഉറപ്പുവരുത്തും. ഈ ഇനത്തിലെ കുടിശ്ശിക വിതരണത്തിൽ 103.91 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

മേൽപറഞ്ഞ കുടിശ്ശിക തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

10. ലൈഫ് മിഷൻ

അഞ്ചുവർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഓരോ വീടിനും നാല് ലക്ഷം രൂപ വീതമാണ് സർക്കാർ നൽകുന്നത്. ഇപ്രകാരം ഇതുവരെ അനുവദിച്ച 578025 വീടുകളിൽ 404529 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

പി.എം.എ.വൈ. (അർബൻ) പദ്ധതി പ്രകാരം 83261 വീടുകൾക്ക് 1,50,000 രൂപ വീതവും പി.എം.എ.വൈ (റൂറൽ) പ്രകാരം 33375 വീടുകൾക്ക് 72,000 രൂപ വീതവും കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ നിർമ്മിച്ച 116636 വീടുകൾക്ക് ആകെ കേന്ദ്ര സഹായം 1,489.2 കോടി രൂപയാണ്. ഇത്രയും വീടുകൾക്ക് ആവശ്യമായ ബാക്കി തുകയായ 3,176.2 കോടി രൂപ സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. കേന്ദ്ര

വിഹിതത്തോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന വിഹിതംകൂടി വിനിയോഗിച്ചാണ് ഈ വീടുകൾ പൂർത്തിയാക്കിയിട്ടുള്ളത്.

287893 വീടുകൾ നിർമ്മിക്കാനുള്ള മുഴുവൻ തുകയും നൽകിയത് സംസ്ഥാന സർക്കാരാണ്. ലൈഫ് പദ്ധതിക്കായി 14,692.4 കോടി രൂപയാണ് ഇതിനകം സംസ്ഥാന സർക്കാർ ചെലവഴിച്ചത്. എന്നാൽ, ഈ ഇനത്തിൽ കേന്ദ്ര സർക്കാർ വിഹിതം 1,489.2 കോടി രൂപ മാത്രമാണ്. അതായത്, ലൈഫ് പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂരിപക്ഷം വീടുകൾക്കും സംസ്ഥാന സർക്കാരാണ് മുഴുവൻ തുകയും അനുവദിക്കുന്നത്. എന്നാൽ, ഇപ്രകാരം നിർമ്മിക്കുന്ന എല്ലാ വീടുകളെയും കേന്ദ്രസർക്കാരിന്റേതാക്കി ബ്രാൻഡ് ചെയ്യണമെന്നും പി.എം.എ.വൈ.-യുടെ ലോഗോ വീടുകളിൽ പ്രദർശിപ്പിക്കണമെന്നുമാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നത്. ഈ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്ന് സംസ്ഥാന സർക്കാർ ഇതിനകംതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് പദ്ധതിയിലൂടെ 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, പുനർഗേഹം പദ്ധതിയുടെ നടത്തിപ്പിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ ലക്ഷ്യമിടുന്നു.

11. പെൻഷൻ പരിഷ്കരണ കുടിശ്ശിക

11-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ഭാഗമായി നടപ്പാക്കിയ പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക തുകയായ 600 കോടി രൂപ 2024-25 സാമ്പത്തിക വർഷംതന്നെ വിതരണം ചെയ്യുന്നതാണ്.

12. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ഡി.എ./ഡി.ആർ./ശമ്പള പരിഷ്കരണ കുടിശ്ശിക

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും ഡി.എ. ഉറപ്പാക്കുകയും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷെ, തുടക്കത്തിൽത്തന്നെ വിശദീകരിച്ച കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശികകളും ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള

ഡിയർനെസ്സ് റിലീഫ് എന്നിവയുടെ വിതരണത്തിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ./ഡി.ആർ. 2024 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2021 ജനുവരി 1 മുതൽ 2024-25 സാമ്പത്തിക വർഷത്തിന്റെ തുടക്കം വരെ ഏഴ് ഗഡു ഡി.എ./ഡി.ആർ. ആണ് കുടിശ്ശികയായി വന്നിട്ടുള്ളത്. ശമ്പള പരിഷ്കരണ കുടിശ്ശികയും സർക്കാർ ജീവനക്കാർക്ക് നൽകാനുണ്ട്. ഡി.എ./ഡി.ആർ./ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം രണ്ട് ഗഡു ഡി.എ./ഡി.ആർ., ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

13. വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ

സംസ്ഥാനത്തെ ചില ജില്ലകളിലെയും പ്രദേശങ്ങളിലെയും സവിശേഷ സാഹചര്യം കണക്കിലെടുത്ത് അവയുടെ വികസനത്തിനായാണ് മേൽപറഞ്ഞ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. മേൽപറയുന്ന വയനാട്, ഇടുക്കി, കാസർഗോഡ് പാക്കേജുകൾക്കായി 75 കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയുടെ വളർച്ചയും കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനും വേമ്പനാട് കായൽ വ്യവസ്ഥയെ പാരിസ്ഥിതികാഘാതങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനുമായുള്ള കുട്ടനാട് പാക്കേജിലെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുന്നതാണ്. ഇതിനായി 2024-25 സാമ്പത്തിക വർഷം 203 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ 16621 ഹെക്ടറിലുള്ള ഏലം കൃഷിക്ക് സംഭവിച്ചിട്ടുള്ള കൃഷിനാശം കണക്കിലെടുത്ത് ഈ വിഷയം ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും.

2024-25 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഇതിനായുള്ള സ്കീമുകൾ സമയബന്ധിതമായി തയ്യാറാക്കി തുക വിനിയോഗിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരായ 1031 പേരെ കാസർഗോഡ് പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

14. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

പ്രകൃതിക്ഷോഭങ്ങൾ ബാധിക്കപ്പെട്ടിട്ടുള്ള ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ 1,000 കോടി രൂപ ഈ സാമ്പത്തിക വർഷംതന്നെ സമയബന്ധിതമായ പരിപാടികൾ തയ്യാറാക്കി ചെലവ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

15. ജലജീവൻ മിഷൻ

ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള ആകെ ചെലവ് 42,000 കോടി രൂപയാണ്. ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ 21,000 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്.

ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിയ വകയിൽ കരാറുകാർക്കുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കും. നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ 2025 ഒക്ടോബറോടുകൂടി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് സർക്കാരിനുമേൽ വന്നുചേരുന്നത്. പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഈ പദ്ധതിയുടെ അടങ്കലിനായുള്ള തുകയുടെ സംസ്ഥാന സർക്കാർ വിഹിതം കണ്ടെത്തുന്നതിനായി നിലവിലെ കടപരിധിയിൽ തുകയ്ക്ക് തുല്യമായ തുക ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

16. തരംമാറ്റം അനുവദനീയമായ ഭൂമിയിൽ 1291 ച.അടി വരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്ക് നടപടിക്രമങ്ങളിൽ ഇളവ്

ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ സ്വന്തം ആവശ്യത്തിനായുള്ള 1291 ചതുരശ്ര അടി വരെ വീട് നിർമ്മിക്കാൻ ഇളവ് ലഭ്യമാണ്. എന്നാൽ, ഈ ഇളവ് ലഭ്യമാണെന്നത് അറിയാതെ, അപേക്ഷകർ ഈ ആവശ്യത്തിലേയ്ക്ക് തരംമാറ്റത്തിനായി റവന്യൂ അധികാരികളെ സമീപിക്കുന്നുണ്ട്. ഈ ആനുകൂല്യം നിലവിലുണ്ടെന്നകാര്യം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിന്

നടപടി സ്വീകരിക്കും. ഇതിന് സ്പഷ്ടീകരണം നൽകി പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കും. ഈ ആനുകൂല്യത്തിന് അർഹതയുള്ള എല്ലാ അപേക്ഷകളും ഇപ്രകാരം തീർപ്പാക്കും. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ ജില്ലയിൽ മറ്റൊരിടത്തും വീട് നിർമ്മിക്കാൻ ഭൂമി ഇല്ലെങ്കിൽ വീട് നിർമ്മിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റും നെൽവയൽ നികത്തി വീട് നിർമ്മിക്കാൻ ഒറ്റത്തവണ അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയിൽ നിലവിലുള്ള നടപടിക്രമം ലഘൂകരിക്കുകയും വേഗത്തിലാക്കുകയും ചെയ്യും. ഇതിനായി ഒരു ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും. ഇത്തരം കേസുകളിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നുവെന്ന വ്യവസ്ഥ തടസ്സമാവില്ല. ഇതിനും പ്രത്യേകമായ ഉത്തരവ് പുറപ്പെടുവിക്കും.

വരുമാന വർദ്ധനയും ചെലവ് ചുരുക്കലും സംബന്ധിച്ച നടപടികൾ

വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ചെലവുകളിൽ മിതവ്യയം പാലിക്കുകയും സർക്കാർ സേവനങ്ങൾ ജനങ്ങളിൽ സുതാര്യമായും സങ്കീർണ്ണമല്ലാതെയും എത്തിക്കുന്നതിനുള്ള പ്രത്യേക ഉത്തരവുകൾ 2024 ജൂലൈ 31-നകം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്നതാണ്. ഇതിന് മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

നികുതി-നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. നികുതിയേതര വരുമാന വർധനയ്ക്കായി വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

സർക്കാർ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് തടസ്സംകൂടാതെ ലഭ്യമാക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കും.

സംസ്ഥാന സർക്കാർ സ്വയം നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ, പരിമിതികൾക്ക്

അകത്തുനിന്നുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം, ചെലവ് ചുരുക്കലിനുള്ള നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ അവരുടെ അവകാശമാണെന്ന് കരുതുന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്. കേന്ദ്രസമീപനംമൂലമുണ്ടായ പണഞെരുക്കത്തിനിടയിലും വികസന-ക്ഷേമ പദ്ധതികളിൽനിന്നും സർക്കാർ പിന്നോട്ടുപോവുകയില്ല. കേന്ദ്രസർക്കാരിന്റെ സമീപനം സൃഷ്ടിച്ച പണഞെരുക്കത്തിന്റെ പ്രത്യാഘാതം നടപ്പുസാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷവുമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ സാധ്യമായ നിയമനടപടികൾ തേടുന്നതോടൊപ്പംതന്നെ സ്വയംപരിശ്രമം നടത്തുന്ന കാര്യത്തിലും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

സാധാരണക്കാർക്കും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും നൽകാനുള്ള സർക്കാർ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം

ചെയ്യുന്നതിലും കുടിശ്ശിക നിവാരണം ചെയ്യുന്നതിലും സംസ്ഥാന സർക്കാരിനുള്ള പ്രതിജ്ഞാബദ്ധത ഈ സഭയെ അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ (മൈക്ക് ഓഫ്)

മി. സ്പീക്കർ: ചട്ടം 300-നുമേൽ പ്രസംഗമില്ല. അങ്ങേയ്ക്ക് വേണമെങ്കിൽ അങ്ങയുടെ പ്രസംഗത്തിലൂടെ സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ചെയർ അവിടെയിരുന്നുകൊണ്ട് മര്യാദ കാണിക്കണം.

മി. സ്പീക്കർ: അങ്ങ് ചെയറിനെ threaten ചെയ്യരുത്. അങ്ങേയ്ക്ക് എന്നോട് സംസാരിക്കാം. പക്ഷേ ചെയറിനെ threaten ചെയ്യുന്ന രീതി ശരിയല്ല. (.....ബഹളം.....) .....യെസ്.....യെസ്..... ബഹുമാനപ്പെട്ട അംഗങ്ങൾ അവിടെയിരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾസ് ഓഫ് പ്രൊസീജ്വർ അനുസരിച്ച്..... എനിക്ക് മൈക്ക് തന്നിട്ടും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി എഴുന്നേറ്റ് നിൽക്കുന്നതെന്തിനാണ്?

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ പറഞ്ഞു. At any time I can raise a point of order. Any member can raise a point of order. The Rule 300 is very clear and very particular. 'A statement may be made by a Minister on a matter of Public importance with the consent of the Speaker, but no questions shall be asked at the time the statement is made', എന്നാണ് ചട്ടം 300-ൽ പറയുന്നത്. ഞാൻ ചോദ്യമല്ല ഉന്നയിക്കുന്നത്. ചോദ്യം ഉന്നയിക്കാൻ പാടില്ലെന്ന് ചട്ടം 300-ൽ പറഞ്ഞിട്ടുണ്ട്. ഇവിടെ ഇന്ന് പറഞ്ഞിരിക്കുന്ന വിഷയം, കൃഷിക്കയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തുമെന്നാണ്. അതായിരുന്നോ ഈ സ്റ്റേറ്റ്മെന്റ്? ചട്ടം 300-ന്റെ പരിധിക്കപ്പുറംപോയി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തി, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കാര്യങ്ങൾ പറഞ്ഞ്, രാഷ്ട്രീയ ആരോപണങ്ങൾ കുത്തിനിറച്ച ചട്ടം 300 സ്റ്റേറ്റ്മെന്റ് ഈ റൂൾസ് ഓഫ് പ്രൊസീജ്വർ അനുസരിച്ചല്ല. അത്

irregular ആണ്. അത് ക്രമത്തിലല്ലെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചട്ടം 300 അനുസരിച്ച് ഒരു തരത്തിലുള്ള ചർച്ചയും അനുവദിക്കാവുന്നതല്ല. പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവകാശമുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ ചട്ടം 300-ന് മുകളിൽ ചർച്ച അനുവദിക്കാൻ പാടില്ലെന്ന് നടപടി ചട്ടങ്ങളിൽ കൃത്യമായി പറഞ്ഞിട്ടുള്ളതാണ്. അദ്ദേഹം ചെയറിനെ സമ്മർദ്ദത്തിലാക്കി സംസാരിക്കാൻ വേണ്ടി ചട്ടവിരുദ്ധമായി നടത്തുന്ന ശ്രമങ്ങളാണ് നമ്മൾ കാണുന്നത്. ആ ശ്രമങ്ങൾക്ക് ചെയർ വഴങ്ങാൻ പാടില്ലാത്തതാണ് എന്നാണ് പറയാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇനിയില്ല. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുകയാണ്. സാധാരണനിലയിൽ ചട്ടം 300 ചർച്ച ചെയ്യാറില്ല. അദ്ദേഹം ക്രമപ്രശ്നം ഉന്നയിച്ചുവെന്നത് മാത്രമാണ്.

12.20 pm

VIII ധനകാര്യം

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2016-2017, 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണകൂടവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരവികസനമെന്ന XXXII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,51,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തുറമുഖങ്ങൾ എന്ന XL-ാം ധനാഭ്യർത്ഥനയുടെ പേരിൽ 12,0001,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഈ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച ഉപക്ഷേപങ്ങളെ ഞാൻ അനുകൂലിക്കുന്നു. ആദരണീയനായ മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തിയതോടുകൂടി പ്രതിപക്ഷത്തിന്റെ എല്ലാ

വീര്യവും നഷ്ടപ്പെട്ട ഒരു ചിത്രമാണ് നമ്മൾ ഇപ്പോൾ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ നോക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാവം, ചില ആംഗ്യങ്ങൾ കാണിക്കുന്നു, പരമപുച്ഛത്തോടുകൂടി സഭയെ നോക്കുന്നു, ബഹുമാന്യരായ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും നോക്കുന്നു. ഇവിടെ ധാർഷ്ട്യമെന്ന വികാരം നിയമസഭയ്ക്കകത്ത് ആരുടെ മേൽ ചാർത്താനാണ് സാധിക്കുന്നത്? ധാർഷ്ട്യം മാത്രമാണോ, തികഞ്ഞ അഹങ്കാരത്തോടുകൂടിയല്ലേ പ്രതിപക്ഷനേതാവ് ഈ സഭയ്ക്കകത്ത് പെരുമാറുന്നത്. അഹങ്കാരം മാത്രമാണോ, അദ്ദേഹം ഏതാണ്ട് സർവ്വജ്ഞപീഠം കയറിയ ഒരാളെപ്പോലെയാണ് പെരുമാറുന്നത്. സാക്ഷാൽ ശ്രീശങ്കരാചാര്യർ കഴിഞ്ഞാൽ താൻ മാത്രമാണ് ഈ ലോകത്ത് എല്ലാമറിയുന്നവൻ എന്ന മട്ടിലല്ലേ പ്രതിപക്ഷനേതാവ് ഇവിടെ പെരുമാറുന്നത്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രതിപക്ഷനേതാവിനെ പറഞ്ഞാൽ നിങ്ങൾക്ക് വിഷമം വരും. മുഖ്യമന്ത്രിയെ പറഞ്ഞാൽ ഞങ്ങൾക്കും വിഷമം വരും. ഞാൻ പറഞ്ഞത്, ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചതോടുകൂടി നിങ്ങൾ കെട്ടിപ്പൊക്കി കൊണ്ടുവന്നിട്ടുള്ള ഒരു വലിയ സൗധം തകർന്നടിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റ് നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ്. നിങ്ങളുടെ ഗവൺമെന്റുകൾ പോലെയാണോ? കേരള സംസ്ഥാനം രൂപപ്പെട്ടിട്ട് അറുപത്തിയെട്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. പഴയ കഥകളിലേയ്ക്കൊന്നും ദീർഘമായി പോകാൻ ഞാനാഗ്രഹിക്കുന്നില്ല. അറുപത്തിയെട്ട് വർഷങ്ങൾക്കിടയിൽ ഈ എട്ട് വർഷം ഉൾപ്പെടെ കേവലം ഇരുപത്തിയെട്ട് വർഷമാണ് ഞങ്ങൾ സംസ്ഥാനം ഭരിച്ചിട്ടുള്ളത്. സംസ്ഥാന രൂപീകരണത്തിനുശേഷം വളരെ കുറഞ്ഞ കാലയളവ് മാത്രമാണ് ഇടതുപക്ഷ ഗവൺമെന്റുകൾ നമ്മുടെ സംസ്ഥാനത്ത് അധികാരത്തിലുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ നടപ്പാക്കിയ പരിഷ്കരണ നടപടികളും വികസന നടപടികളുമല്ലാതെ നിങ്ങളുടെ കാലത്ത് എന്താണുണ്ടായിട്ടുള്ളത്?

കുടിയൊഴിപ്പിക്കൽ അവസാനിപ്പിച്ചതും കർഷകബന്ധ ബിൽ കൊണ്ടുവന്നതും വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ കൊണ്ടുവന്നതും തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന നയം രൂപീകരിച്ചതും അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയതും 1957-ലെ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഒന്നാം സർക്കാരാണ്. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഇടതുപക്ഷ ഗവൺമെന്റുകളാണ് നടപടികൾ സ്വീകരിച്ചത്. അതുകൊണ്ടാണ് ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായി, ധാരാളമായി കേരളത്തിൽനിന്നുള്ള വിദ്യാർഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നത്. സാധാരണക്കാരുടെ മക്കൾക്കുപോലും വിദ്യാഭ്യാസം ലഭിക്കുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണ നടപടി പൂർത്തീകരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. കേരളത്തിന്റെ സമ്പദ് ഘടനയിൽ പ്രവാസികളുടെ പങ്ക് എത്രമാത്രം വലുതാണെന്ന് ഞാൻ നിങ്ങളോട് പറയേണ്ട കാര്യമില്ല. അത് തിരിച്ചറിയുമ്പോഴാണ് ഇടതുപക്ഷ ഗവൺമെന്റുകൾ വിദ്യാഭ്യാസ രംഗത്ത്

സ്വീകരിച്ച നടപടികളുടെ പ്രാധാന്യം ബോധ്യമാകുന്നത്. ന്യൂനപക്ഷ സമുദായങ്ങൾക്ക് ചില മേഖലകളിലുണ്ടായിരുന്ന നിയന്ത്രണം എടുത്തുമാറ്റിയതും ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ്. പിന്നാക്ക പ്രദേശമായ മലബാറിന്റെ വികസനത്തിനും ഒന്നാം ഇ.എം.എസ്. ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്നുള്ള കാര്യം വസ്തുതാപരമല്ലേ?

1957-ലെ സർക്കാർ നയങ്ങളുടെ തുടർച്ചയായി രണ്ടാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പത്ത് വർഷങ്ങൾക്കുശേഷം 1967-ലാണ് അധികാരത്തിൽ വന്നത്. കാർഷിക പരിഷ്കരണ ബിൽ, അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണവും സാർവ്വത്രികവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തുക, അതിനെല്ലാം ഊന്നൽ നൽകുക തുടങ്ങിയവയെല്ലാം ആ ഗവൺമെന്റ് കൊണ്ടുവന്ന കാര്യങ്ങളാണ്. 1957-ൽ കുടിയൊഴിപ്പിക്കൽ അവസാനിപ്പിച്ചെങ്കിൽ, കിടന്നുറങ്ങാൻ ഒരുതുണ്ട് ഭൂമി ലഭിക്കുന്ന നയസമീപനം രണ്ടാം ഇ.എം.എസ്. ഗവൺമെന്റിന്റെ സംഭാവനയാണ്. വിദ്യാലയങ്ങളിലെ പാർലമെന്ററി സംവിധാനം കൊണ്ടുവന്നതും

സർവ്വകലാശാലകളിൽ സെനറ്റുകളും സിൻഡിക്കേറ്റുകളും രൂപീകരിച്ചതും ആരുടെ കാലത്താണ്? ഇതെല്ലാം വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള മൗലികമായ മാറ്റങ്ങളാണ്. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ചിട്ടയായ രീതിയിൽ നടപ്പാക്കിയതും അന്നത്തെ സപ്തകക്ഷി ഗവൺമെന്റ് തന്നെയാണ്. പിന്നാക്ക പ്രദേശമെന്ന നിലയിൽ മലപ്പുറം ജില്ലയുടെ രൂപീകരണവും കാലിക്കറ്റ് സർവ്വകലാശാലയുടെ ആരംഭവും ഏത് ഗവൺമെന്റിന്റെ കാലത്താണുണ്ടായത്? ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്ന ആ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രി. ശ്രീ. പി. കെ. ബഷീർ, ആ ഗവൺമെന്റിന്റെ പങ്കൊന്നും നിഷേധിക്കല്ലേ. സീറ്റ് മാറിയിരുന്നിട്ട് കാര്യമൊന്നുമില്ല. അങ്ങനെ നിഷേധിക്കരുത്.

പിന്നീട് 1980-82-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്താണ് നമ്മുടെ സംസ്ഥാനത്തിന് പല നേട്ടങ്ങളുമുണ്ടായത്. ആദ്യമായി കർഷക തൊഴിലാളികൾക്ക് പെൻഷൻ നടപ്പിലാക്കിയതും മാവേലി സ്റ്റോറുകൾ എന്ന ആശയം നടപ്പിലാക്കിയതും അധികാര വികേന്ദ്രീകരണ പ്രക്രിയ

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ കൗൺസിലുകൾ രൂപീകരിച്ചതും ആ കാലത്താണ്. കമ്മ്യൂണിസ്റ്റ് സർക്കാരുകൾ അതിനുമുമ്പ് കൊണ്ടുവന്ന നയസമീപനം മുറുകെ പിടിക്കുന്ന കാര്യത്തിലും കേവലം രണ്ട് വർഷക്കാലം മാത്രം അധികാരത്തിലുണ്ടായിരുന്ന ആ ഗവൺമെന്റ് ശക്തമായ നടപടികളാണ് സ്വീകരിച്ചത്.

1987-91 കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് പ്രത്യേകതയുണ്ടായിരുന്നു. എല്ലാ വർഗ്ഗീയ ശക്തികളെയും മാറ്റിനിർത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സംവിധാനം അധികാരത്തിൽ വന്നൊരു കാലമാണത്. ആ സന്ദർഭത്തിലാണ് തൊഴിലാളി വിഭാഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയുമെല്ലാം നടപ്പാക്കിയത്. വിദ്യാഭ്യാസ മേഖലയിലെ കച്ചവടവൽക്കരണ നയങ്ങളെ പ്രതിരോധിക്കുന്ന കാര്യത്തിൽ ആ ഗവൺമെന്റ് കാണിച്ച ജാഗ്രത എടുത്തുപറയേണ്ടതാണ്. വികസനപ്രവർത്തനത്തിൽ ജനങ്ങളെ വൻതോതിൽ കണ്ണിയാക്കുന്ന വികസനശൈലി ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ്. ആ ഗവൺമെന്റാണ് ഈ

രാജ്യത്തിനുതന്നെ അഭിമാനമായിട്ടുള്ള ടെക്നോപാർക്ക് സ്ഥാപിച്ചത്. സമ്പൂർണ്ണ സാക്ഷരതാ പരിപാടി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയതും ആ ഗവൺമെന്റാണ്.

പിന്നീട് 1996-2001 കാലത്താണ് കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരുന്നത്. ജനകീയാസൂത്രണമെന്ന പേരിൽ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ നടക്കുന്നത് ആ കാലഘട്ടത്തിലാണ്. ഇന്ന് നാം അഭിമാനത്തോടുകൂടി ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടുന്ന 'കുടുംബശ്രീ' എന്ന സ്ത്രീ ശാക്തീകരണ പ്രസ്ഥാനം ഈ കാലഘട്ടത്തിലാണ് നിലവിൽ വന്നത്. പുത്തൻ വികസന മേഖലകളായിട്ടുള്ള ബയോടെക്നോളജിക്കും ഇൻഫർമേഷൻ ടെക്നോളജിക്കും ആ കാലത്തെ ഗവൺമെന്റ് നല്ലരീതിയിലുള്ള പ്രാധാന്യം നൽകി. ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി. സാമൂഹ്യ ക്ഷേമ പദ്ധതികളും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകളും ശക്തിപ്പെടുത്തി.

2006-11-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ളതാണ് അടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നത് ആ സമയത്തെ വി.എസ്. ഗവൺമെന്റാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നതും കൊച്ചി മെട്രോയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചതും തിരുവനന്തപുരം എയർപോർട്ടിന്റെ രണ്ടാം ടെർമിനലിന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചതും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല സ്ഥാപിച്ചതും ശ്രീ. വി.എസ്.അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. പ്രവാസി കേരളീയർക്കും പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെ വരുന്നവർക്കുമായി കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് രൂപീകരിച്ച് പ്രവാസി പെൻഷൻ പദ്ധതി നടപ്പിലാക്കിയത് ആ ഗവൺമെന്റിന്റെ കാലത്താണ്.

അതിനുശേഷം, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഈ ഗവൺമെന്റ് എന്തെല്ലാം

കാര്യങ്ങളാണ് നടപ്പാക്കിയത് എന്നതുസംബന്ധിച്ച് ഞാനിവിടെ പറയേണ്ടതുണ്ടോ? ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച, നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. നിങ്ങൾക്കത് സഹിക്കില്ല, വിഷമമാണെന്നറിയാം. അധിക വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടന്നാൽ നിങ്ങൾക്കത് പ്രയാസമുണ്ടാക്കും. അതുകൊണ്ടാണ് നിങ്ങൾ കെ-റെയിലിനെ എതിർത്തത്. വന്ദേഭാരത് വന്നാൽ മതിയെന്ന് നിങ്ങൾ പറഞ്ഞു. ഇപ്പോൾ വന്ദേഭാരതിന്റെ പാതയുടെ വളവ് നിവർത്താൻ ശ്രമിച്ചപ്പോൾ, കൂടിയൊഴിപ്പിക്കാതെ വളവ് നിവർത്തണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സ്റ്റേറ്റ്മെന്റ് കേട്ട് ഞാൻ ഞെട്ടിപ്പോയി. റെയിൽവേ സ്റ്റേഷന്റെ പരിസരത്തോ മറ്റേതെങ്കിലും സ്ഥലത്തോ ആയാലും ഒരാളെപ്പോലും ഒഴിപ്പിക്കാതിരിക്കാൻ കഴിയില്ല. കൂടിയൊഴിപ്പിക്കുകയെന്ന് പറഞ്ഞാൽ ആളുകളെ ഇറക്കിവിടുകയാണോ ചെയ്യുന്നത്? അവരെ പുനരധിവസിപ്പിക്കുകയാണ് ചെയ്യുന്നത്. അതുമാത്രമല്ല,

അവർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നുമുണ്ട്. ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ ഇതെല്ലാം നാം കണ്ടതല്ലേ. ഇവിടെനിന്ന് അങ്ങേയറ്റംവരെ ദേശീയപാത വികസിച്ചപ്പോൾ എവിടെയെങ്കിലും തർക്കമുണ്ടായോ? ഒരു തർക്കവുമുണ്ടായില്ല. ജനങ്ങൾക്ക് അർഹതപ്പെട്ടത് മുഴുവൻ നൽകാൻ ഒരു ഗവൺമെന്റ് തയ്യാറായതുകൊണ്ടാണ് ഒരു തർക്കവുമുണ്ടാകാത്തത്. സന്തോഷത്തോടുകൂടിയാണ് ദേശീയപാത വികസനത്തിന് ഭൂമി വിട്ടുനൽകാൻ ജനങ്ങൾ തയ്യാറായത്. കുടിയൊഴിപ്പിക്കാതെയും ആരെയും മാറ്റിപ്പാർപ്പിക്കാതെയും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകി അവരെ അവിടെനിന്ന് മാറ്റാതെയും എങ്ങനെയാണ് നമ്മുടെ നാട്ടിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നത്? നിങ്ങൾ ഒന്നും ചെയ്യാൻ സമ്മതിക്കില്ല. ഇതൊന്നും ചെയ്യേണ്ട കാര്യമില്ലെന്നാണ് നിങ്ങൾ പറയുന്നത്.

മലയോര ഹൈവേ നിങ്ങൾ സ്വപ്നം കണ്ടതാണോ; ഈ രാജ്യത്ത് ആരെങ്കിലും അതുസംബന്ധിച്ച് സ്വപ്നം കണ്ടതാണോ? കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെ നീളുന്ന മലയോര

ഹൈവേയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങൾ എത്രമാത്രം സന്തോഷാലുക്കളാണെന്നറിയാമോ? 793 കിലോമീറ്റർ ദൈർഘ്യമുള്ള ഹൈവേയുടെ 149 കിലോമീറ്റർ റോഡിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. 297 കിലോമീറ്റർ റോഡിന്റെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

തീരദേശ ഹൈവേ സംബന്ധിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമായിരുന്നോ? 474 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. പുനരധിവാസ പാക്കേജിന് ഗവൺമെന്റ് 194 കോടി രൂപയുടെ ധനാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം ഡിസംബർ മാസത്തോടുകൂടി 150 കിലോമീറ്റർ ദൈർഘ്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

ദേശീയ ജലപാത വികസിപ്പിക്കുകയെന്നത് എത്രയോ കാലമായി നമ്മുടെ സ്വപ്നമായിരുന്നു. കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര കനാലിന്റെ വികസന

പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. മുപ്പത്തിയാറ് ബോട്ട്ജെട്ടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ട് പാലങ്ങളുടെയും ഒരു ഡോക്കിന്റെയും നിർമ്മാണവും അഞ്ച് റീച്ചുകളിലായി നടന്നുവരുന്ന വടകര-മാഹി കനാലിന്റെ മൂന്ന് റീച്ചുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിരിക്കുകയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെക്കുറിച്ച് പറയുമ്പോൾ ചിലർ ചാടിയെഴുന്നേൽക്കാറുണ്ട്. ഈ തുറമുഖത്തിന് 8,867 കോടി രൂപ ആകെ ചെലവുണ്ട്. കേന്ദ്ര ഗവൺമെന്റ് നൽകുന്നത് 818 കോടി രൂപയാണ്. അദാനി ഗ്രൂപ്പ് ചെലവാക്കുന്നത് 2,454 കോടി രൂപയാണ്, ഇത് നിശ്ചയമായും ബാങ്ക് വായ്പയായിരിക്കും. സംസ്ഥാന ഖജനാവിലെ നികുതിപ്പണത്തിൽനിന്ന് നാം കൊടുക്കുന്നത് 5,595 കോടി രൂപയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി, വിഴിഞ്ഞം പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ട് വർഷക്കാലം ദൈർഘ്യമുള്ള തുടർസമരം നടത്തിയിട്ടുണ്ട്. ഏകദേശം എഴുന്നൂറ് ദിവസത്തിലധികം നീണ്ടുനിന്ന സമരമായിരുന്നു അത്. തിരുവനന്തപുരത്തെയും

കേരളത്തിലെയും പ്രമുഖരായ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരുമെല്ലാംതന്നെ ആ സമരത്തിന്റെ ഭാഗമായി. നിങ്ങൾക്ക് ആലോചിക്കാൻ കഴിയാത്തൊരു കാര്യമാണത്, നിങ്ങൾ മറന്നുപോകുന്നൊരു കാര്യമാണിത്. തിരുവനന്തപുരത്തെ രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ ഒരു വലിയ ഷെഡ് കെട്ടി, വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നടന്ന രണ്ട് വർഷക്കാലത്തെ സമരം ഈ രാജ്യത്ത് സൃഷ്ടിച്ച ഓളം ചെറുതല്ല. അതിന്റെയെല്ലാം ഫലമായാണ് വിഴിഞ്ഞം പദ്ധതി യാഥാർഥ്യമായത്. ഈ മാസം 12-ാം തീയതി ആ പദ്ധതി പൂർണ്ണതോതിൽ യാഥാർഥ്യമാകുകയാണ്. അവിടെ വലിയ കപ്പൽ നങ്കൂരമിടുന്ന സാഹചര്യമുണ്ടാകുകയാണ്. അതിനായുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചു. ഇറമുഖത്ത് ആദ്യ കപ്പൽ വന്നുചേരുന്ന ഈ സന്ദർഭത്തിൽ നിങ്ങൾ ഓർക്കേണ്ട ഒരു കാര്യമുണ്ട്. നിങ്ങളാണ് ഈ വിഴിഞ്ഞം പദ്ധതി കൊണ്ടുവന്നതെന്ന് അവിടവിടെ ഇപ്പോൾ ബോർഡുകൾ വയ്ക്കുന്നുണ്ട്. നിങ്ങളുടെയെല്ലാം പിന്തുണയോടുകൂടി, നിങ്ങൾ തകർത്ത വിഴിഞ്ഞം

പോലീസ് സ്റ്റേഷനുമുന്നിൽക്കൂടി അത്തരത്തിലുള്ള ഒരു ബോർഡ് വയ്ക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർഥിക്കുകയാണ്. നിങ്ങൾ തല്ലിച്ചതച്ച പോലീസുകാർക്ക് മധുരം നൽകാൻ നിങ്ങൾ തയ്യാറാകണം.

പി.എസ്.സി.-യെ മോശപ്പെടുത്തി ചിത്രീകരിക്കാനുള്ള ശ്രമമാണ് ഇന്നലെ നടന്നത്. രാജ്യത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഏറ്റവും കൂടുതൽ നിയമനം നടത്തുന്ന സംസ്ഥാനം നമ്മുടേതാണ്. അതിൽ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുള്ള പ്രസ്ഥാനമാണ് കേരള പി.എസ്.സി. 2016 മേയ് മാസം മുതൽ നാളിതുവരെ 250120 നിയമന ശിപാർശകൾ പി.എസ്.സി. നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ, പ്ലീസ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടേത് ഒരു ചെറിയ സംസ്ഥാനമാണെങ്കിലും ഇത്രയും നിയമനം ഇവിടെ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കേരളത്തിനുണ്ടായ മാറ്റം ലോകശ്രദ്ധ ആകർഷിച്ച് കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ നടക്കുന്ന ഡിജിറ്റൽ വിദ്യാഭ്യാസ പരിപാടിയായ ലിറ്റിൽ കൈറ്റ് ഈ അടുത്ത കാലത്ത് ലോക ശ്രദ്ധയിൽ

വന്ന കാര്യമാണ്. ജൂലൈ 6-ന് യൂനിസെഫ് പ്രസിദ്ധീകരിച്ച Empowering Adolescents with Future-Ready Skills: the inspiring story of 'Little KITEs' എന്ന പഠന റിപ്പോർട്ട് കേരളത്തിലെ കുട്ടികൾക്ക് നൽകുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസ രീതിയെ വാനോളം പുകഴ്ത്തുന്നതാണ്. കേരളത്തിൽ നടക്കുന്ന ഈ വിദ്യാഭ്യാസ പദ്ധതി വികസിത രാജ്യങ്ങൾക്കുപോലും അനുകരണീയമായി മാറിയിട്ടുണ്ട്. ഫിൻലാൻഡ്പോലെ ലോകത്തെ ഏറ്റവും വികസിത രാജ്യംപോലും ഈ പാഠ്യപദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കേരളം ഒരു നോളഡ്ജ് ഇക്കോണമിയായി വളരുന്നുയെന്നതിന്റെ ഏറ്റവും വലിയ സൂചനയാണത്. ഞാൻ ദീർഘമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ആമുഖമായി പറഞ്ഞ കാര്യം ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു നരേറ്റീവ് ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. അദ്ദേഹത്തിന് ധാർഷ്ട്യമാണെന്ന് സ്ഥാപിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. മാധ്യമങ്ങളെല്ലാം അതിനകത്ത് തരാതരം ചേരുന്നുണ്ട്. പക്ഷെ യഥാർഥ

ധാർഷ്ട്യം കാണിക്കുന്ന കേരളത്തിന്റെ രാഷ്ട്രീയ നേതാവ് ആരാണെന്നുള്ള ചോദ്യം ഈ സഭയിൽ നമ്മൾ പരസ്പരം നോക്കിയാൽ കാണാൻ കഴിയും. കേരളത്തിന്റെ മുഖ്യമന്ത്രി ധാർഷ്ട്യത്തോടുകൂടി എവിടെയെങ്കിലും സംസാരിക്കുന്നത് നമ്മൾ കേട്ടിട്ടുണ്ടോ? പക്ഷെ എത്രമാത്രം ധാർഷ്ട്യത്തോടും അഹങ്കാരത്തോടുംകൂടിയാണ് കേരളത്തിന്റെ പ്രതിപക്ഷനേതാവ് ഓരോ വിഷയങ്ങളെയും സമീപിക്കുന്നത് എന്നുള്ളത് നമ്മൾ കാണേണ്ട കാര്യമാണ്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. ധാർഷ്ട്യം എന്ന് പറയുന്ന, അഹങ്കാരമെന്ന് പറയുന്ന വികാരത്തിന് കൈയും കാലും വയറും തലയും മുഖവുമെല്ലാം വച്ചാൽ അത് കേരളത്തിന്റെ പ്രതിപക്ഷനേതാവായ സാക്ഷാൽ ശ്രീ. വി. ഡി. സതീശനായിരിക്കുമെന്നുള്ള കാര്യം അദ്ദേഹം ഓർക്കുന്നത് നല്ലതാണ്. (....ബഹളം....) എല്ലാ കാലവും അങ്ങനെയിങ്ങനെ പറഞ്ഞ് പോകാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. (....ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ് പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാനൊരു സത്യം പറഞ്ഞുയെന്നേയുള്ളൂ. കള്ളം പറഞ്ഞും വ്യാജ വാർത്ത ചമച്ചും

ജനങ്ങൾക്കിടയിൽ തെറ്റിധാരണയുണ്ടാക്കി വിജയിക്കാമെന്ന് നിങ്ങൾ എക്കാലവും കരുതരുത്. സത്യം വെളിച്ചമാണ്. അതിനെ ഏറെക്കാലം നിങ്ങൾക്ക് മറച്ചുവയ്ക്കാൻ കഴിയില്ല. അധികം വൈകാതെ ജനങ്ങൾ നിങ്ങളുടെ ധാർഷ്ട്യത്തെ തിരിച്ചറിയും. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ് പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പിണറായി വിജയൻ സർക്കാരിനുകീഴിൽ വീണ്ടും ഈ സംസ്ഥാനത്തിലെ ജനങ്ങൾ അണിനിരക്കും എന്നതിൽ സംശയമില്ല. (....ബഹളം....) ഞാൻ പറഞ്ഞത് പറഞ്ഞതുതന്നെയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെക്കുറിച്ച് വളരെ മോശമായും അപകീർത്തിപരമായ രീതിയിലും.... നിയമസഭയിൽ ഉപയോഗിക്കേണ്ട വാക്കുകളുണ്ട് അത് നമുക്കെല്ലാവർക്കും അറിയാം. അതിന് വിരുദ്ധമായാണ്

ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ പറഞ്ഞത്. അത് ഒരു കാരണവശാലും സഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: പരിശോധിച്ച് ചെയ്യാം.+

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർക്കുകയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ ഞാൻ ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ബന്ധപ്പെടുത്തി ചില അസഭ്യവാക്കുകൾ പറയുകയാണ്. ഈ സഭയിൽ ക്രമപ്രശ്നം ഉന്നയിക്കാൻ ആർക്കും അധികാരവും അവകാശവുമുണ്ട്. ധാർഷ്ട്യത്തോടുകൂടിയാണ് അദ്ദേഹം (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) സംസാരിച്ചത്. കഴിഞ്ഞ ദിവസം ഈ സഭയിൽ പി.ഡബ്ല്യു.ഡി.-ടൂറിസം വകുപ്പുകൾക്കെതിരെ അദ്ദേഹം സംസാരിക്കുകയും അതിന് എൽ.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടി യോഗം അദ്ദേഹത്തെ വിളിച്ച് ശാസിച്ചതായും പത്രങ്ങളിൽ കണ്ടു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയും ഗ്രഡ് ബുക്കിൽ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 12036/ഇ.ബി./2024/നി.സെ തീയതി 11-07-2024) സഭാരേഖയിൽ നിലനിർത്തി.

കയറുന്നതിനുവേണ്ടിയുമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാതെ അദ്ദേഹം മനപ്പൂർവ്വം അത് പറയില്ല.

ഇന്ന് ഉപധനാഭ്യർത്ഥനകളുടെ ചർച്ച നടക്കുമ്പോൾ വളരെ സന്തോഷമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന മലയോര ഹൈവേ അടക്കമുള്ള പദ്ധതി അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഞങ്ങൾക്ക് വലിയ അഭിമാനം തോന്നുകയാണ്. മലയോര ഹൈവേ എന്ന പദ്ധതി ആരംഭിച്ചത് യു.ഡി.എഫ്.-ന്റെ കാലത്താണ്. ശ്രീ. ജി. സുധാകരൻ മന്ത്രിയായി വന്നപ്പോൾ അതിനെ സ്റ്റേ ചെയ്യുന്ന നടപടിയുണ്ടാക്കിയപ്പോൾ പ്രതിപക്ഷം വളരെ ശക്തമായി ആ നടപടിയെ എതിർത്തു. അദ്ദേഹത്തിനെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് ആരോഗ്യ മേഖലയിലെ സ്ഥിതിയെന്താണ്? ഞാൻ കഴിഞ്ഞ ആഴ്ച ജനറൽ ആശുപത്രിയിൽ പോയിരുന്നു. നിയമസഭയുടെ മുമ്പിലുള്ള ജനറൽ ആശുപത്രിയിൽ ആയിരക്കണക്കിന് ആളുകൾ ഒ.പി.-യിൽ വരികയാണ്, മഴ പെയ്യുന്നു, അവിടെ വൃത്തിഹീനമായി കിടക്കുന്നു.... ഇതെല്ലാം കാണേണ്ട കാഴ്ചയാണ്. രോഗികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടംപോലും ഒരുക്കാതെ ഇന്നത്തെ പ്രസ്താവന കേൾക്കുമ്പോൾ.... ഞാൻ

ഈ ബജറ്റിലെ കുറേ ഭാഗങ്ങൾ ശ്രദ്ധിച്ചു. ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പാക്കാതെ പ്രസ്താവനയിൽ പറയേണ്ട കാര്യമുണ്ടോ? എന്തായാലും ഇത്തരത്തിലുള്ള പൊള്ളയായ രാഷ്ട്രീയവുമായി മുന്നോട്ടുപോകുമ്പോൾ ഞാൻ മനസ്സിലാക്കുന്നത് വരാൻപോകുന്ന ഉപതിരഞ്ഞെടുപ്പിന്റെ ഷെഡ്യൂൾ ഇന്ന് ഈ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നു എന്നാണ്. വന്യമൃഗശല്യത്തിന്റെ കാര്യം സൂചിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച വിവിധ പദ്ധതികളുണ്ട്. വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ട ആളുകളുടെ കുടുംബത്തിന്റെ സമാശ്വാസ പദ്ധതികളെ സംബന്ധിച്ചൊക്കെ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ സൂചിപ്പിച്ചു. ഞങ്ങൾ അന്നും ഇന്നും ആ പദ്ധതികളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇന്ന് വിദ്യാർഥികൾ, വിധവകളായ സഹോദരിമാർ ഈ ഗവൺമെന്റിനോട് യാചിക്കുകയാണ്. എന്നാൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഇന്ന് കർഷകരുടെ സ്ഥിതിയെന്താണ്? ഇന്ന് വയനാട് പാക്കേജിനെക്കുറിച്ച് പറഞ്ഞു. വയനാട് പാക്കേജ് പ്രഖ്യാപിച്ചതെപ്പോഴാണ്? 2021-ലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി എൽ.ഡി.എഫ്.-ന്റെ

വയനാട് ജില്ലാ കൺവെൻഷനിൽ പങ്കെടുത്തപ്പോൾ പ്രസ്തുത പാക്കേജ് പ്രഖ്യാപിച്ചു. എത്ര വർഷം കഴിഞ്ഞു; ഇന്നും വയനാട്ടിലെ കർഷകരുടെ സ്ഥിതിയെന്താണ്? ഞാൻ കഴിഞ്ഞ ദിവസം ഇവിടെ ചോദ്യം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഒറ്റവാക്കിൽ മറുപടി പറഞ്ഞു. കർഷകരോട് എന്ത് ആത്മാർത്ഥതയാണുള്ളത്? കാൻസർ, കിഡ്നി, ഹാർട്ട് രോഗികൾ ഇന്ന് പ്രയാസപ്പെടുകയാണ്. കാൻസർ രോഗം പിടിപെട്ട കർഷകൻ മെഡിക്കൽ കോളേജിൽ ട്രീറ്റ്മെന്റിനായി കിടക്കുമ്പോൾ ആ കർഷകന്റെ വീടിന് ജപ്തി നോട്ടീസ് എത്തിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ കടം ഗവൺമെന്റ് ഏറ്റെടുക്കണ്ടേ? തൊട്ടടുത്തുള്ള സംസ്ഥാനങ്ങളിലൊക്കെ അങ്ങനെ നടക്കുന്നുണ്ട്. കർഷകരോട് എന്ത് പ്രതിബദ്ധതയാണ് ഈ ഗവൺമെന്റിനുള്ളത്? കർഷകരോട് ഈ ഗവൺമെന്റിന് ഒരു പ്രതിബദ്ധതയുമില്ല. ഇന്ന് പട്ടികവർഗ്ഗ മേഖലയിലെ സ്ഥിതിയെന്താണ്? ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 3 ശതമാനമാണ് ബജറ്റ് വിഹിതമെങ്കിൽ അത് രണ്ടായി കുറച്ചത് ഈ ഗവൺമെന്റാണെന്ന് ഇന്നലെ

ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. പറഞ്ഞു. അപ്പോൾ പട്ടികവർഗ്ഗക്കാരോട് എന്ത് പ്രതിബദ്ധതാണ് ഇവർക്കുള്ളത്? '1000 കോടി രൂപ ഗ്രാമീണ റോഡുകളുടെ വികസനത്തിന് ' എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പറഞ്ഞ വിഷയം കഴിഞ്ഞ ദിവസം ദേശാഭിമാനി പത്രത്തിൽ ഒരു വാർത്തയായി വന്നു. ഈ ഫണ്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം ചെയ്തതുപോലെയാകുമോ; എങ്ങനെയാണ് 1000 കോടി രൂപ ഗ്രാമീണ റോഡുകൾക്ക് ചെലവഴിക്കുന്നത്? നിങ്ങളുടെ പാർട്ടി കേന്ദ്രങ്ങളിൽ നിന്നെടുത്ത തീരുമാനമാണ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങൾ ഉപയോഗപ്പെടുത്തിയെങ്കിൽ, 1000 കോടി രൂപയുടെ ഈ പദ്ധതി എം.എൽ.എ.-മാരുടെയും തദ്ദേശ്വയംഭരണ സ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ തേടി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ യുവജന, വിദ്യാർത്ഥി സംഘടനകളെ നന്നായി ബഹുമാനിക്കുന്ന വ്യക്തിയാണ്. കഴിഞ്ഞ ദിവസം എസ്.എഫ്.ഐ.-യുടെ ജില്ലാ സമ്മേളനം വയനാട് ജില്ലയിൽ നടന്നു.

സംഘടനാപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുമാണ് ആ ജില്ലാ സമ്മേളനം നടന്നത്. അടുത്ത ദിവസത്തെ പത്രത്തിൽ കണ്ടൊരു വാർത്ത, 'സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് കോളേജ് അനുവദിച്ചു. പക്ഷെ എം.എൽ.എ.-യുടെ അനാസ്ഥകൊണ്ട് ആ ഗവൺമെന്റ് കോളേജ് തുടങ്ങാൻ കഴിഞ്ഞില്ല ' എന്നാണ്. ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയോ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ പറയട്ടേ..... ഈ സഭയിൽ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്തും രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലത്തും ഞാൻ രണ്ട് സബ്മിഷനുകൾ ഉന്നയിച്ചു. ആ സബ്മിഷന്റെ മറുപടി ഇവിടത്തെ എസ്.എഫ്.ഐ. നേതാക്കൾ പരിശോധിക്കണം. സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് ഗവൺമെന്റ് കോളേജ് തുടങ്ങാനുള്ള പോളിസി ഗവൺമെന്റിന്റെ ഭാഗത്തില്ലെന്നാണ് എനിക്ക് ലഭിച്ച മറുപടി. പിന്നെ എങ്ങനെയാണ് ഗവൺമെന്റ് കോളേജ് അനുവദിച്ചു, പക്ഷെ എം.എൽ.എ.-യുടെ അനാസ്ഥകൊണ്ട് ആ ഗവൺമെന്റ് കോളേജ് തുടങ്ങാൻ കഴിയുന്നില്ലെന്ന് പറയുന്നത്; ആ ജി.ഒ. എസ്.എഫ്.ഐ. നേതാക്കൾക്ക്

കാണിച്ചുകൊടുക്കാൻ പറ്റുമോ; അവരോട് നിങ്ങൾ പറഞ്ഞുമനസ്സിലാക്കി കൊടുക്കണ്ടേ? ഇതൊക്കെ ജനങ്ങൾ കാണുന്നതല്ലേ. ഒരു ഉത്തരവാദപ്പെട്ട ഗവൺമെന്റിന്റെ ഭാഗമായി നിൽക്കുന്ന എസ്.എഫ്.ഐ. എന്ന വിദ്യാർഥി സംഘടന സമ്മേളനം നടത്തുമ്പോൾ ആ സമ്മേളനവുമായി ബന്ധപ്പെട്ട പ്രമേയം ജനപ്രതിനിധികൾക്ക് എതിരായിട്ടാണോ വരേണ്ടത്; അവരെയൊക്കെ സത്യസന്ധതയുടെ വഴിയിൽകൂടി നയിക്കണ്ടേ? ഇന്നത്തെ ഡയാലിസിസ് സെന്ററുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഗവൺമെന്റിന് അറിയാം. ഗവൺമെന്റ് നൽകേണ്ട ഇൻഷ്വറൻസ് പദ്ധതിയുടെ തുക നൽകാത്തതിനാൽ പ്രൈവറ്റായി പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകൾ അടച്ചുപൂട്ടാൻ പോകുകയാണ്. നിരവധി കിഡ്നി രോഗികൾ ഡയാലിസിസ് ചെയ്യുന്നതിനുവേണ്ടി വിവിധ സെന്ററുകളെ സമീപിക്കുകയും ഡയാലിസിസ് ചെയ്യാൻ കഴിയാതെ തിരിച്ചുവരികയും ചെയ്യുന്നു. ഇതെല്ലാം ചർച്ച ചെയ്യേണ്ടതും പരിശോധിക്കേണ്ടതുമല്ലേ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുകാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു അതോടൊപ്പം അക്കാര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു.

കാരണം, 2011-ലാണ് ഞാൻ ഈ സഭയിൽ അംഗമായി വന്നത്. ആ സമയത്ത് ഞങ്ങൾക്ക് ലഭിച്ച ഉത്തരവനുസരിച്ച് 75,00,000 രൂപയാണ് ഒരു എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്. എന്നാൽ 2012-ൽ യു.ഡി.എഫ്.-ന്റെ പാർലമെന്റ് പാർട്ടിക്കകത്ത് ഇവിടെയിരിക്കുന്ന നേതാക്കളുൾപ്പെടെയുള്ള ഞങ്ങൾ ടി ഫണ്ടിനെ ക്രമമായി വർധിപ്പിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ട് 1,00,00,000 രൂപയാക്കുകയും ചെയ്തു. അതിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? എട്ട് വർഷമായിട്ടും പ്രാദേശിക വികസന ഫണ്ട് വർധിപ്പിക്കാൻ കഴിഞ്ഞോയെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. അതിനുശേഷം നിലവിലെ വികസന ഫണ്ടായ ഒരു കോടി രൂപകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് ഞങ്ങൾ പറഞ്ഞു. ഗ്രാമീണ മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പ്രിയപ്പെട്ട ഉമ്മൻ ചാണ്ടിയോട് എങ്ങനെയെങ്കിലും ഫണ്ട് കണ്ടെത്തണമെന്ന് പാർലമെന്റ് പാർട്ടിയിൽ ഞങ്ങൾ പറഞ്ഞു. അതിന്റെ ഫലമായി 5,00,00,000 രൂപയാണ് ആസ്തി വികസന ഫണ്ടിൽ ഗവൺമെന്റ്

അനുവദിച്ചത്. അത് യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്കുമാത്രമല്ല അന്നത്തെ 141 എം.എൽ.എ. (ആഗ്ലോ ഇന്ത്യൻ പ്രതിനിധിയുൾപ്പെടെ)-മാർക്കുംകൂടി അനുവദിച്ചു.....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇത്രയും വർഷമായിട്ടും 5 കോടി രൂപയെന്നത് വർധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചോ; ടി ഫണ്ട് പത്ത് കോടി രൂപയെങ്കിലുമാക്കണം. ഗവൺമെന്റിന് ജനങ്ങളോടും ജനപ്രതിനിധികളോടും പ്രതിബദ്ധതയുണ്ടെങ്കിൽ പ്രാദേശിക വികസന ഫണ്ടും ആസ്തിവികസന ഫണ്ടും നാടിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി 10 കോടി രൂപയാക്കി മാറ്റണമെന്ന നിർദേശം മുന്നോട്ടുവച്ചുകൊണ്ട് ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ ഈ ഉപധനാഭ്യർഥനകളെയും അധിക ധനാഭ്യർഥനകളെയും അനുകൂലിക്കുന്നു. വളരെ പ്രധാനപ്പെട്ട

വകുപ്പുകളിലായിട്ടാണ് ഈ ഉപധനാഭ്യർത്ഥനകളുടെ പ്രമേയം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ ഒരു ആദരാഞ്ജലിയോടെ ഈ പ്രസംഗം ആരംഭിക്കണമെന്നാണ് വിചാരിക്കുന്നത്. നൈന സാഹിനി എന്ന ഒരു വീട്ടമ്മയുടെ ദാരുണാന്ത്യം ഇന്ത്യൻ രാഷ്ട്രീയം പൊതുവിൽ ചർച്ച ചെയ്തതാണ്. സുശീൽ ശർമ്മ എന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ നേതാവിന്റെ ഭാര്യയായിരുന്ന നൈന സാഹ്നി. പുതിയ രീതിയിൽ സ്ത്രീകളെ കൈകാര്യം ചെയ്യുന്നതിനെകുറിച്ച് ഇവിടെ വാതോരാതെ പ്രസംഗിച്ച പ്രതിപക്ഷത്തിന്റെ മനസ്സിൽനിന്ന് അവർ താൽക്കാലികമായിട്ടെങ്കിലും വിട്ടുപോയിട്ടുണ്ടാകും. അവരുടെ സ്മരണകളിലേയ്ക്ക് ഞാൻ പ്രതിപക്ഷത്തെ കൊണ്ടുവരികയാണ്. ആ സ്ത്രീയെ കൊലപാതകം ചെയ്ത് ഒരു തന്തൂരി അടുപ്പിൽ ക്ഷണങ്ങളാക്കി അവസാനിപ്പിച്ചതിന് സുശീൽ ശർമ്മ എന്ന കോൺഗ്രസ്സുകാരന് ഡൽഹി കോടതി തൂക്കുകയർ വിധിച്ചകാര്യം കോൺഗ്രസ് വിസ്മരിച്ചോ? പിന്നീട് ഡൽഹി ഹൈക്കോടതി അദ്ദേഹത്തിന്റെ വധശിക്ഷ ഇളവ് ചെയ്തു. “അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്ന കുമാരനാശാന്റെ കാവ്യവരികളും

ആലോചിച്ചാണ് ഇന്ന് 7ൾ 50 ആയി പ്രതിപക്ഷം വന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും പരിരക്ഷയെക്കുറിച്ചാണ് അവർ സംസാരിച്ചത്. എൻ.എസ്.യു.ഐ.-യുടെയും അഖിലേന്ത്യാ യൂത്ത് കോൺഗ്രസ്സിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും ദേശീയ നേതാവിന്റെ ഈ പ്രവർത്തിയെങ്കിലും മനസ്സിലുണ്ടെങ്കിൽ കേരളത്തിൽ ഇടതുപക്ഷത്തിന്റെ കൈകളെക്കുറിച്ച് നിങ്ങൾക്ക് ഉത്തമ ബോധ്യമുണ്ടാകും. എന്റെ സുഹൃത്തായ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതയിലെ ചില വരികൾ ഞാൻ ചൊല്ലാം:

മനുഷ്യന്റെ കൈകൾ, മരിക്കാത്ത കൈകൾ

മനുഷ്യന്റെ കൈകൾ മരിക്കാത്ത കൈകൾ

ഇരുമ്പത്ത് ഊതിപഴുപ്പിച്ച കൈകൾ

കൊഴുക്കുന്ന ചേറിൽപ്പുളയ്ക്കുന്ന കൈകൾ

ഒരുപ്പൂവിൽ മോഹം വിടർത്തുന്ന കൈകൾ

മദംകൊണ്ടുപെണ്ണിൻ മടിക്കുത്തഴിപ്പോന്റെ

നെഞ്ചം പിളർക്കുന്ന കൈകൾ മനുഷ്യന്റെ കൈകൾ

മനുഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ മരിക്കാത്ത കൈകൾ

ഇടതുപക്ഷത്തിന്റെ കൈകൾ അങ്ങനെയുള്ളതാണ്. മദംകൊണ്ട് പെണ്ണിന്റെ മടികുത്തഴിപ്പോന്റെ നെഞ്ചം പിളർക്കുന്ന കൈകളാണ്. അത് കേരളത്തിന്റെ ചരിത്രമാണ്, നിങ്ങൾ പരിശോധിക്കണം. അത് പരിശോധിച്ചാൽ നിങ്ങൾക്ക് ഉത്തരം ലഭിക്കും. കേരളത്തിൽ ഇന്ന് സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക സുരക്ഷിതത്വത്തിന്റെ ഒരു ജീവിത കവാടം ഈ ഭാർഗവ ക്ഷേത്രത്തിന്/കേരളത്തിന് തുറന്നുകിട്ടിയത് ഏതുകാലഘട്ടങ്ങളിലാണെന്ന് കേരളത്തിലെ ഭരണസംവിധാനം സസൂക്ഷ്മം നിരീക്ഷിക്കുന്നവർക്ക് അറിയാം. സ്ത്രീ ശാക്തീകരണത്തിനും കുട്ടികളുടെ സുരക്ഷയ്ക്കും വിദ്യാഭ്യാസ പദ്ധതികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികൾക്കുംവേണ്ടി ഈ ഗവൺമെന്റ് ബദ്ധശ്രദ്ധമായി പരിശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ച് സമയംമുമ്പ് ചട്ടം 300 അനുസരിച്ച് വായിച്ച ദീർഘമായ വസ്തുതകളിൽ പറഞ്ഞിട്ടുള്ളത് എന്താണ്? കേരളത്തിന്റെ സർവ്വതോമുഖമായ വികാസത്തിന് ഐക്യ കേരളപ്പിറവിക്കുശേഷമുള്ള 68 വർഷങ്ങളിൽ ഭരണാധികാരം കയ്യാളിയപ്പോഴൊക്കെ ഒരു കേരള മോഡൽ എന്നുള്ള സങ്കൽപ്പം

മുന്നോട്ടുവയ്ക്കാനും പാവപ്പെട്ടവനെ അതിലൂടെ വഴിനടത്താനും പ്രേരിപ്പിച്ച ഇടതുപക്ഷമാണ് കേരളത്തിലുള്ളത്. കേരളം ഇന്ന് വിഴിഞ്ഞം പദ്ധതിവരെയും മൂന്ന് ദേശീയപാതകൾവരെയും ഗെയിൽ പൈപ്പ് സംവിധാനംവരെയും എത്തിനിൽക്കുമ്പോൾ കേരളത്തിലെ എല്ലാ വീടുകളിലേയ്ക്കും കുട്ടികൾക്ക് പഠിക്കുന്നതിനുള്ള ഉയർന്ന സംവിധാനവും ആധുനിക കേരളീയ ജീവിതത്തെ സമഗ്രമായി സമൃദ്ധരിക്കുന്നതിനുംവേണ്ടി കെ-ഫോൺ വരെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും കേരളത്തിന്റെ കഴുത്തിന് കുത്തിപ്പിടിച്ച്, കേരളത്തിന്റെ സാമ്പത്തിക പുരോഗതിയെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി എല്ലാവിധത്തിലും കേരളത്തിന്റെ മുന്നിൽ ഒരു തടസ്സമായി നിൽക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ അഖിലേന്ത്യാടിസ്ഥാനത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സംസാരിക്കാൻ കഴിയുന്നുണ്ടോ; ബി.ജെ.പി. ഗവൺമെന്റിന്റെ കേരള വിരുദ്ധ സമീപനത്തെ ചൂണ്ടിക്കാണിക്കാൻ അടിസ്ഥാനപരമായി ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇത് കേരളത്തിന്റെ പ്രശ്നമാണ്/മലയാളിയുടെ പ്രശ്നമാണ് എന്ന തരത്തിൽ ഈ വിഷയത്തെ അഭിസംബോധന ചെയ്യാൻ

എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന് സാധിക്കുന്നില്ല? ഈ രാജ്യത്തിലെ വർത്തമാന പത്രങ്ങൾ ആദർശപരമായ പത്രപ്രവർത്തനത്തിന്റെ പാതവിട്ട് ഒരു മഞ്ഞപത്രത്തിന്റെ നിലവാരത്തിൽ ഈ രാജ്യത്തെ രാഷ്ട്രീയ സംഘടനകളെ പഴിചാരുന്നതിനും ആ സംഘടനകൾക്കുള്ളിൽ പ്രശ്നങ്ങൾ ഉത്ഭവിപ്പിക്കുന്നതിനുംവേണ്ടി പരിശ്രമിക്കുന്ന സമയത്ത് ആ വാർത്തകൾ പെരുപ്പിച്ച് കേരളത്തിന്റെ സാമൂഹിക ജീവിതം അപകടത്തിലാണെന്ന് വരുത്തിത്തീർക്കുന്നതിനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായേക്കാം. അതിനെ പർവ്വതീകരിച്ചുകൊണ്ട് ഈ കേരളീയ സമൂഹത്തിന്റെ സുരക്ഷിതത്വമാകെ അപകടത്തിലാണെന്ന് വരുത്തുന്ന പ്രതിപക്ഷത്തിന്റെ ഇരട്ടത്താപ്പ് കേരളത്തിന് മനസ്സിലാകും. വിഴിഞ്ഞം തുറമുഖം അടുത്തദിവസം അന്താരാഷ്ട്ര രീതിയിൽ ശ്രദ്ധനേടാൻ പോകുകയാണ്. ഈ തുറമുഖം ഇന്ത്യയിലെ ഏറ്റവും വലിയ സ്വാഭാവിക തുറമുഖമാണ്. 18-20 മീറ്റർ താഴ്ചയുള്ള പ്രകൃതിദത്തമായ ഒരു തുറമുഖത്തിന് കേരളം ചെലവഴിച്ചത് എത്രയാണ്; സ്വകാര്യ-സർക്കാർ പങ്കാളിത്തത്തോടുകൂടി 5,539 കോടി രൂപ പ്രാഥമികമായി ചെലവ്

ചെയ്തുകൊണ്ട് ഇനി വരുംനാളുകളിൽ അത് 18,000 കോടി രൂപയായി വികസിപ്പിച്ചുകൊണ്ട് ലോകത്താകെയുള്ള കപ്പൽ സംവിധാനങ്ങൾക്ക് മദർപോർട്ടായി ഉപയോഗിക്കാൻ കഴിയുന്ന ഒരു സംവിധാനം ഭാവിയിൽ വരികയാണ്. അതിന്റെ പിതൃത്വം ഏറ്റെടുക്കാൻ എട്ടുകാലി മമ്മൂഞ്ഞുമാരായ പ്രതിപക്ഷത്തെ ചില നേതാക്കൾ ഇപ്പോൾ ഉയർന്നുവരികയാണ്. എട്ടുകാലി മമ്മൂഞ്ഞിന്റെ കഥ ഈ നിയമസഭയിൽ പലതവണ പല നിയമസഭാ സാമാജികരും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ എട്ടുകാലി മമ്മൂഞ്ഞ്, മനസ്സിലെ പാറുക്കുട്ടിക്കും വയറ്റിലുണ്ടായപ്പോൾ അത് ഞാനാണ് എന്ന് ചായക്കടയിലിരുന്ന് പറയുന്ന എട്ടുകാലി മമ്മൂഞ്ഞുമാരുടെ നിലവാരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം തരംതാഴരുത്. ആ കഥ അവർക്കറിയാം എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല.

1.00 pm

കേരളത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള നീക്കത്തിന്റെ പാതയിൽ നിങ്ങളുണ്ടെങ്കിൽ, കേന്ദ്രത്തിന്റെ ഉപരോധത്തിനെതിരെ, മനുഷ്യരാശിയുടെ പുരോഗതിയിലേയ്ക്കുള്ള പാതയിൽ കേന്ദ്ര ഉപരോധമെന്ന ഉമ്മാക്കി കാട്ടിക്കൊണ്ടുനിൽക്കുന്ന സംഘ്പരിവാർ ഗവൺമെന്റിനെ മനുഷ്യപക്ഷത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള സമരമുഖങ്ങളിൽ ഞങ്ങളോടൊപ്പം ചേരാൻ നിങ്ങൾ തയ്യാറുണ്ടോ; നിങ്ങൾക്ക് നിയമസഭാ സീറ്റുകൾ അല്ലെങ്കിൽ പാർലമെന്റ് സീറ്റുകളായിരിക്കും പ്രധാനം. അതുകൊണ്ട് തിരഞ്ഞെടുപ്പുകളുടെ ഉപായങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട്..... മഞ്ഞുപെയ്യുന്ന ഇന്ദ്രപ്രസ്ഥത്തിൽ (ഡൽഹിയുടെ പഴയ പേരാണ് ഇന്ദ്രപ്രസ്ഥം) ഞങ്ങളുടെ ദേശീയ നേതൃത്വത്തിന്റെ കൂടെകൂത്തിയിരുന്ന് ഈ കേരളത്തെ സംരക്ഷിക്കണം, സാമ്പത്തിക ഉപരോധം അവസാനിപ്പിക്കണം. ഗ്രാമീണതലങ്ങളിലും നമ്മുടെ പട്ടണങ്ങളിലും സാമൂഹിക ജീവിതത്തിന്റെ എല്ലാ ഘടനകളിലും വികസനം കൊണ്ടുവരുന്നതിനുവേണ്ടി, മനുഷ്യപക്ഷത്തേയ്ക്ക് കേന്ദ്ര സർക്കാരിനെ കൊണ്ടുവരുന്നതിനുവേണ്ടി

മുദ്രാവാക്യമുയർത്തിയപ്പോൾ വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞങ്ങളോട് ചേർന്നുനിന്നാൽ കേരളത്തിൽ വോട്ടുകിട്ടില്ലായെന്ന് കണ്ടുകൊണ്ടാണ് നിങ്ങൾ അതിൽനിന്ന് വഴിമാറിനിന്നത്. എന്നിട്ടെന്തായി; കേരളത്തിൽ താൽക്കാലികമായുണ്ടായ പരാജയം, അത് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആ വിലയിരുത്തപ്പെട്ട ഘട്ടത്തിലെല്ലാം.... ഇവിടെ നടക്കുന്ന സാമുദായിക ധ്രുവീകരണങ്ങളിൽ ഏറ്റവും കൂടുതൽ മുതലെടുക്കുന്നത് സംഘ്പരിവാറും ബി.ജെ.പി.-യുമാണെന്ന് കോൺഗ്രസുംകൂടി നല്ലതുപോലെ മനസ്സിലാക്കേണ്ടതാണ്. അത് മനസ്സിലാക്കിക്കൊണ്ട് നിങ്ങൾ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്ന് ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെ സഭയിലുള്ളപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്താൻ പോകുന്നുവെന്നറിഞ്ഞപ്പോൾ, ഒരു പ്രത്യേക വിഷയത്തെക്കുറിച്ചോ മറ്റോ പ്രധാനപ്പെട്ട പ്രസ്താവന നടത്താൻ

പോകുകയാണെന്ന് ഞങ്ങളും കരുതി. ചട്ടം 300 അനുസരിച്ച് പ്രധാനപ്പെട്ടൊരു വിഷയം പറയുകയാണ് പതിവ്. ക്ഷേമപെൻഷൻ നൽകാൻ എന്തെങ്കിലും പ്രത്യേക വഴി കണ്ടിട്ടുണ്ടാകുമെന്നും അതനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ അത് കൊടുത്തുതീർക്കുമെന്നും പറയുമെന്നാണ് കരുതിയത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയുണ്ട്. എന്നാൽ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന കേട്ടപ്പോൾ യാതൊന്നും നടക്കാൻ പോകുന്നില്ലെന്ന കാര്യം മനസ്സിലായി. ഒരു പ്രസ്താവനയുംകൂടി ചെയ്താൽ കേരളത്തിന് സമാധാനമായി എന്നുണ്ടെങ്കിൽ, അതുകേട്ട് സായൂജ്യമടയാൻ ഈ പ്രസ്താവന ഉതകും. ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചപ്പോൾ, ബജറ്റുപോലെ ഇത്ര ദീർഘമായ പ്രസ്താവനയായതുകൊണ്ട് ഇത് എവിടെനിന്ന് കൊടുക്കുമെന്ന് അവസാനമെങ്കിലും പറയുമെന്ന് വിചാരിച്ചു. അരിമണി കൊറിക്കാനില്ലാത്ത കാലത്ത്, കരിവളയിട്ടു കിലുക്കാൻ മോഹമുണ്ടായിട്ട് കാര്യമില്ലല്ലോ; ധാരാളം മോഹങ്ങൾ അതിൽ പറയുന്നുണ്ട്. പക്ഷേ എവിടെനിന്ന് എടുത്തുകൊടുക്കും എന്നുമാത്രം പറഞ്ഞില്ല. ഞാൻ ശ്രദ്ധാപൂർവം പിന്നെയും കേട്ടിരുന്നു.

ഞാനും കുറെനാൾ മന്ത്രിസഭയിൽ ഉണ്ടായിരുന്നയാളാണ്. ഒന്നും നടക്കില്ലെങ്കിൽ 'കാളൻ നെല്ലായി' എന്നുപറഞ്ഞതുപോലെ, ചീഫ് സെക്രട്ടറിയെയോ സെക്രട്ടറിമാരെയോ മറ്റോ ഇതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് പറഞ്ഞത്. ഇങ്ങനെയൊരു പ്രസ്താവന നടത്തിയതിൽനിന്ന് മനസ്സിലാകുന്ന ധാരാളം കാര്യങ്ങളുണ്ട്. അടുത്ത തിരഞ്ഞെടുപ്പ് വരുന്നതുകൊണ്ടായിരിക്കാം അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യങ്ങൾ കൊണ്ടായിരിക്കാം. പക്ഷേ അതൊന്നും നടക്കില്ല; ഇനിയത് നടക്കുമെങ്കിൽ അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറഞ്ഞ് മനസ്സിലാക്കിയാൽ കൊള്ളാം. നടക്കില്ലെന്ന് മനസ്സിലായിട്ടുണ്ട്; കാരണമെന്തെന്നാൽ പണമില്ലാത്തതുകൊണ്ടാണ്. പണമുണ്ടാക്കാൻവേണ്ടിയുള്ള ഒരു മാർഗ്ഗം കണ്ടെത്താൻ ധനകാര്യ വകുപ്പുമന്ത്രിക്കും സർക്കാരിനും സാധിക്കുന്നില്ല. അങ്ങനെ സാധിക്കാത്തപ്പോൾ വീണ്ടും ഒരു ബജറ്റ് അവതരിപ്പിക്കുന്നതുപോലെ സകല കാര്യങ്ങളും ഒരിക്കൽക്കൂടി ആവർത്തിച്ച് പ്രഖ്യാപിച്ചതുകൊണ്ടുമാത്രം വല്ല

കാര്യവുമുണ്ടോ; കാശ് ഏതുവഴിയാണ് പോകുന്നത്; എങ്ങനെയാണ് ഉണ്ടാക്കുന്നത്; എന്നുവല്ലതും നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

കിഫ്ബി വലിയ പ്രശ്നമായി മാറും. കിഫ്ബി ഒരു റെമ്യൂണറേറ്റീവ് പരിപാടിയല്ല, റെമ്യൂണറേറ്റീവ് അല്ലാത്ത ഒരു പദ്ധതി കൊണ്ടുവന്നാൽ ബജറ്റിൽനിന്നും എടുത്തുകൊടുക്കേണ്ടിവരും എന്നെല്ലാം കിഫ്ബി കൊണ്ടുവന്നപ്പോൾ ഞങ്ങൾ പറഞ്ഞതാണ്. ബജറ്റിൽനിന്നെടുത്ത് കൊടുക്കും, അതിനെന്താ; കൊടുക്കാൻ നമുക്ക് കഴിയുമല്ലോ എന്നെല്ലാം നിങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞു. ബജറ്റിന്റെ സിംഹഭാഗവും അങ്ങനെപോകും. അവസാനം കടമെടുപ്പ് പരിധിയെ നിയന്ത്രിക്കുന്ന സാഹചര്യത്തിൽ ഇത് എത്തിച്ചേരുമെന്ന് അന്നേ ഞങ്ങൾ പറഞ്ഞതാണ്. ആ സാഹചര്യം വന്നു. വലിയ തകരാറ് പറ്റിയ ഒരുകാര്യം അതാണ്. ഇപ്പോഴത് നിങ്ങളുടെ തലയ്ക്കുമീതെവന്നു. എന്ത് ചെയ്യും; നിങ്ങളുടെ കഴിഞ്ഞ സർക്കാർ ഉണ്ടാക്കിവച്ച ആ വല ഇപ്പോൾ എവിടെ എത്തി? കേന്ദ്ര ഫണ്ട് കിട്ടുന്നില്ലെന്ന് നിങ്ങൾ പറയുന്നു. ഫണ്ട് കിട്ടാത്തതുകൊണ്ട് സമരം ചെയ്യാൻ ഞങ്ങളുടെകൂടെ കൂടണമെന്ന് നിങ്ങൾ രാഷ്ട്രീയമായി പറയുന്നു.

വാദത്തിനുവേണ്ടി നിങ്ങളുടെകൂടെ കൂടാമെന്ന് വയ്ക്കുക. കേന്ദ്രം നൽകുന്ന ഫണ്ടുകൾക്ക് മാച്ചിംഗ് ഗ്രാന്റ് കണ്ടുപിടിക്കാനെങ്കിലും നമുക്ക് കഴിയണ്ടേ; അത് കൊടുത്തിട്ട് വർത്തമാനം പറയണ്ടേ; 'ജൽ ജീവൻ മിഷൻ' കൂടിവെള്ള പദ്ധതി കേന്ദ്രം പ്രഖ്യാപിച്ചു. ആ പദ്ധതിക്ക് കേന്ദ്ര സർക്കാർ ആവശ്യത്തിന് ഫണ്ട് നൽകുന്നുണ്ട്. എന്നാൽ അതിന് ഫണ്ട് കൊടുക്കാതെ, പഞ്ചായത്ത് നൽകും, സ്പോൺസർ നൽകും എന്നൊക്കെ പറഞ്ഞ് കാലം കഴിച്ചുകൂട്ടുകയാണ്. വലിയ ഭാവനയോടുകൂടി വന്ന പദ്ധതി ഇപ്പോൾ മുടങ്ങി. വരുമാനം എവിടെ നിന്നെങ്കിലും കണ്ടുപിടിക്കാൻ കഴിയണ്ടേ; നമ്മൾ പരിശ്രമിച്ചാൽ വരുമാനം ചോരുന്ന വഴികൾ മനസ്സിലാക്കാൻ സാധിക്കും. കിഫ്ബിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. നിങ്ങൾ കൺസൂകൂവായി ചിന്തിക്കുന്നതേയില്ല. പണം ചോരുന്ന വഴികളെക്കുറിച്ച് ഞങ്ങൾ പറയാം, ഇവന്റുകളുടെ ഘോഷയാത്രയാണ്. ഇതിന് എത്രയധികം പണമാണ് പോകുന്നത്; എന്തിനാണ് ഇത്രയധികം ഇവന്റുകൾ? പണം പലവഴിക്ക് ചോരുകയാണ്. അതാണ് നിങ്ങൾക്ക് തികയാതെ വരുന്നത്. അതുപോലെ മിഷൻ മോഡ് പദ്ധതികൾ. എന്റെ ഓർമ്മയിൽ ഞങ്ങളുടെ സർക്കാരിന്റെ

കാലത്ത് പ്രധാനപ്പെട്ട വിഷയങ്ങൾ അതായത്, ഐ.ടി.-യുമായി ബന്ധപ്പെട്ട് അതിന് മിഷൻ മോഡ് പ്രോജക്ടുണ്ടാക്കി. എന്നാൽ ഇപ്പോൾ തൊട്ടതിനൊക്കെ മിഷൻ മോഡാണ്. ലക്ഷ്യം നേടാൻവേണ്ടി പ്രത്യേക സംവിധാനമുണ്ടാക്കി വർക്ക് ചെയ്യാനാണ് മിഷൻ മോഡ് പ്രോജക്ട്, നിങ്ങളുണ്ടാക്കുന്ന മിഷൻ മോഡുകളിൽ ഡിപ്പാർട്ടുമെന്റ് അവിടെ ഉണ്ടാകും, എന്നാൽ പ്രവൃത്തി നടക്കുകയുമില്ല. അതിലെല്ലാം കരാറുകാരെ നിയമിക്കുകകയും ചെയ്യും. അതുപോലെ എത്ര കമ്മീഷനുകളാണുള്ളത്. ഇപ്പോൾ പി.എസ്.സി. ഉള്ളപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി വീണ്ടുമൊരു റിക്രൂട്ട്മെന്റ് ബോർഡിന്റെ ആവശ്യമെന്താണ്; ഇങ്ങനെ അനവധി പാഴ്ചെലവുകൾ വരുത്തിയതിന്റെ ഫലമായി ഇപ്പോൾ പണമില്ല. എന്നിട്ടിപ്പോൾ പ്രഖ്യാപനങ്ങൾ പറയുകയാണ്. ഇതിന്റെ ഫലമെന്താണ്; നിങ്ങൾ കേരളം ഭരിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് പത്തുകൊല്ലമായി. നിങ്ങൾക്ക് എടുത്തുപറയാൻ കഴിയുന്നതെന്താണ്? നേരത്തെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ ടെക്നോപാർക്കിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ടെക്നോപാർക്ക് ആരംഭിച്ച്

സമയബന്ധിതമായി ഉദ്ഘാടനം ചെയ്തതിന്റെ ഫോട്ടോഗ്രാഫ് മുഴുവൻ ഞാൻ ശ്രീ. കടകംപള്ളി സുരേന്ദ്രന് നൽകാം. നരസിംഹറാവു വന്ന് ഉദ്ഘാടനം ചെയ്തതാണ്. ടെക്നോപാർക്ക് ഞങ്ങളുണ്ടാക്കിയതാണ്. നിങ്ങൾ എന്ത് നിലയ്ക്കാണ് പറയുന്നത്; അതിന്റെ ഒരു ഐഡിയ ഗൗരിയമ്മയുടെ കാലത്തുണ്ടായിരുന്നു.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്ന കാര്യങ്ങൾ ചെറുതായൊന്ന് റിവ്യൂ ചെയ്ത് നോക്കുകയാണ്. ശ്രീ. ടി. വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അക്കാലത്ത് കുറെ പ്രൈവറ്റ് വ്യവസായങ്ങളുണ്ടായിരുന്നു. അതിനുശേഷം കേരളത്തിൽ വ്യവസായ രംഗത്ത് നടന്ന ഏറ്റവും വലിയ റെവല്യൂഷൻ ഏതാണെന്ന് ചോദിച്ചാൽ അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വന്ന കിൻഫ്രയാണ്. കെ. കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ഞങ്ങളുടെ ഇൻഡസ്ട്രിയൽ പോളിസിയുടെ ഭാഗമായി ആവശ്യത്തിന് ലാൻഡുള്ളൊരു ഇൻഫ്രാസ്ട്രക്ചർ സംവിധാനമുണ്ടാകണമെന്ന നിലയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി എറ്റെടുത്ത് ആരംഭിച്ചതാണ് കിൻഫ്ര. പിന്നീട് വന്ന എല്ലാ

ഗവൺമെന്റുകളുടെ കാലത്തും കേരളത്തിൽ കാര്യമായ വ്യവസായം വന്നിട്ടുണ്ടെങ്കിൽ അത് കിൻഫ്ര പാർക്കുകളിലാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായൊരു സംവിധാനമാണ്. പിന്നീട് ടെക്നോപാർക്ക് വന്നു. അതിനുശേഷം കൊച്ചിയിൽ വന്ന ഐ.ടി. വികസനം ഇന്ന് തല ഉയർത്തി നിൽക്കുകയാണ്. കൊച്ചിയെ ഒരു ഡെസ്റ്റിനേഷനാക്കി അവിടെ ഇൻഫോ പാർക്കും സ്മാർട്ട് സിറ്റിയും എയർപോർട്ടും മെട്രോയുമുണ്ടാക്കി. ഇതുമുഴുവൻ ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റുകളാണ്. ഏതെങ്കിലുമൊരു മൈൽസ്റ്റോൺ നിങ്ങൾ എടുത്ത് കാണിക്കൂ. ഇപ്പോൾ വന്നിട്ടുള്ള വലിയ റോഡുകളെക്കുറിച്ച് നിങ്ങൾ പറയുന്നു. ഞങ്ങളുടെ കാലത്ത് കൊണ്ടുവന്ന എക്സ്പ്രസ് ഹൈവേ ഇതുയും ചെലവും ദുരിതവുമില്ലാതെ വേണമെങ്കിൽ പൂർത്തിയാക്കാമായിരുന്നു. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ, ഞാൻ ഒരു കാഷ്വൽ ടോക്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അതിനെക്കുറിച്ച് സംസാരിച്ചിരുന്നു. നിങ്ങൾക്ക് ഇപ്പോഴുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിൽ ഒന്ന് റീ-സ്ട്രക്ചർ ചെയ്താൽ കൊള്ളാമെന്നുണ്ട്. പക്ഷേ, സാധിക്കുന്നില്ല,

കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ പറ്റുന്നില്ല. അതുപോലെ ധാരാളം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുമ്പ് ഫണ്ട് നൽകിയതുപോലെ ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. ശമ്പളവും ആനുകൂല്യങ്ങളുമെല്ലാം മുടങ്ങി. ഒരു വർഷമായി ശമ്പളമില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ ലാഭം തന്നെയില്ല. 20 എണ്ണം ലാഭത്തിലാണെന്ന് പറയുന്നത് വളരെ ചെറിയ പൊതുമേഖലാ സ്ഥാപനങ്ങളാണ്. വലിയ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലായിക്കഴിഞ്ഞു. ഞങ്ങൾ പണ്ട് ചൗധരി കമ്മീഷനെ നിയോഗിച്ച് റീ-സ്ട്രക്ചറിംഗ് കൊണ്ടുവന്നപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ നിർത്താനായിരുന്നില്ല പരിപാടി. അതിനെ ഫീസിബിളാക്കി നിലനിർത്തിക്കൊണ്ടുപോകുന്നതിനായി കൊണ്ടുവന്ന നല്ലൊരു പരിപാടിയായിരുന്നു. അന്ന് നിങ്ങളതിനെ എതിർത്തു. സ്വാശ്രയ കോളേജുകൾ, നിങ്ങളുടെ എതിർപ്പിനെ മറികടന്ന് ഞങ്ങൾ കൊണ്ടുവന്നതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ എത്രയെണ്ണം വന്നു. അത് നിർത്തിയിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി? ഒന്നോ രണ്ടോ എഞ്ചിനീയറിംഗ് കോളേജുകളും ഒന്നോ രണ്ടോ മെഡിക്കൽ

കോളേജുകളുമായി കാലംകഴിക്കേണ്ടിവരുമായിരുന്നു. ഇപ്പോൾ പോയിപ്പോയി അവസാനം നിങ്ങൾ എവിടെനിന്ന് കിട്ടിയാലും കടമെടുക്കുന്നു. ലണ്ടനിൽ പോയി മണിയടിച്ചാലും തരക്കേടില്ല പണം കിട്ടിയാൽ മതി എന്ന സ്ഥിതിയിലായി. ഭാവനയില്ലാത്ത പരിപാടികളൊക്കെ നടത്തി ഫിനാൻസ് മാനേജ്മെന്റൊക്കെ തെറ്റി അവസാനം ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്ന അപകടം മനസ്സിലാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടുമൊരു പ്രസ്താവനകൂടി ചെയ്ത് കാര്യങ്ങളൊന്നും നടക്കില്ലെന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. ഫണ്ട് എവിടെനിന്ന് കിട്ടുമെന്ന് ആ പ്രസ്താവനയിൽ കാണിച്ചിട്ടേയില്ല. പെൻഷൻ കുടിശ്ശികയ്ക്കായി പെൻഷൻ ഫണ്ട് ബോർഡുണ്ടാക്കി അത് കടമെടുത്ത് കൊടുക്കുമെന്ന് പറഞ്ഞതാണ്. അതിപ്പോൾ പുലിവാലായി അവശേഷിക്കുകയാണ്. ആ സമയത്താണ് പെൻഷൻ ഈ വർഷം രണ്ട് ഗഡു, അടുത്ത വർഷം രണ്ട് ഗഡു, പിന്നീട് എല്ലാമാസവും കൃത്യമായി കൊടുക്കുമെന്നാണ് പറയുന്നത്. എന്താണിത്? അതുകൊണ്ടുതന്നെ ഇന്നത്തെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയുടെ അർത്ഥമെന്ന്

പറയുന്നത് കാര്യമായിട്ടൊന്നും നടക്കാൻ പോകുന്നില്ല. അതിന് നിങ്ങൾക്ക് സാധിക്കുകയുമില്ല, നടക്കില്ലെന്ന് നാട്ടുകാരെ അറിയിക്കാനായി ഒരു വൈറ്റ് പേപ്പർ ഇറക്കിയെന്നേ പറയാനുള്ളൂ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ വളരെ മുതിർന്ന ആദരണീയനായ പ്രതിപക്ഷ ഉപനേതാവടക്കമുള്ള പ്രതിപക്ഷാംഗങ്ങളുടെ സംസാരം കേട്ടപ്പോൾ എനിക്ക് വളരെ നിരാശ തോന്നി. അത് മറ്റൊന്നുംകൊണ്ടല്ല. ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗൗരവകരമായ പ്രശ്നമെന്താണ്? കേന്ദ്രം വൈരനിര്യാതന ബുദ്ധിയോടെ നമ്മളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട ധനകാര്യ വിഹിതം ഭരണഘടനാ വിരുദ്ധമായി എല്ലാ വ്യവസ്ഥകളെയും ലംഘിച്ചുകൊണ്ട് നമുക്ക് നിഷേധിക്കുകയാണ്. അവർ നടത്തുന്ന സാമ്പത്തിക ഉപരോധം ഈ ഗവൺമെന്റിനെയോ, എൽ.ഡി.എഫ്.-നോ മാത്രമല്ല സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും എതിരായിട്ടുള്ളതാണ്, ഈ

സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായിട്ടുള്ളതാണ്. ആ ഘട്ടത്തിൽ ഒരുമിച്ച് നിൽക്കേണ്ടതിനുപകരം ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ബലികഴിക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങൾക്ക് ഓശാന പാടുന്ന സമീപനമാണ് പ്രതിപക്ഷം ഇപ്പോഴും സ്വീകരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയ്ക്ക് തൊട്ടുമുമ്പുണ്ടായിരുന്ന സഭാസമ്മേളനത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജന്തർ മന്തറിൽ സമരം നടത്തിയപ്പോഴും ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചപ്പോഴും ആ ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിച്ചപ്പോൾ ഈ തിരഞ്ഞെടുപ്പ് വേളയിലാണോ സഹകരണം, അതുകഴിഞ്ഞ് നമുക്കാലോചിക്കാമെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവുതന്നെ ഈ സഭയിൽ സൂചിപ്പിച്ചതാണ്. പക്ഷേ ഇപ്പോൾ അവർ അതിൽനിന്നും പിന്നാക്കം പോകുകയാണ്. 'എന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാവൂലാന്ന്' പറയുന്ന നയത്തിലേയ്ക്ക് അവർ പൊയ്ക്കൊണ്ടിരിക്കുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് അക്കാര്യം. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300

പ്രകാരമുള്ള പ്രസ്താവനയിലൂടെ ഈ സംസ്ഥാനത്ത് ശ്രദ്ധേയമായ ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ സുവ്യക്തമായി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നതിനുപകരം അതൊന്നും നടക്കില്ല, നടക്കില്ലെന്ന് മുൻവിധിയുമായി വരുന്ന ഇവരുടെ വികസന വിരോധത്തിന്റെ പ്രതിഫലനമാണ് അവർ പ്രകടിപ്പിക്കുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നാളെ കഴിഞ്ഞ് ഒരു ദിവസം കഴിഞ്ഞാൽ വിഴിഞ്ഞം തുറമുഖത്ത് ലോകത്തെ ഏറ്റവും വലിയ കപ്പൽ അടുക്കുകയാണ്. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം നടന്നിട്ടുള്ള ഏറ്റവും വലിയ വികസനമല്ലേ? ദേശീയ പാത വികസനം, പൊതുമരാമത്ത് റോഡുകളുടെ വികസനം, ആശുപത്രികളുടെ വികസനം, സ്കൂളുകൾ സ്മാർട്ട് സ്കൂളുകളായി മാറ്റിയത്, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി നടപ്പിലാക്കിയത്, കൊച്ചി വാട്ടർ മെട്രോ നടപ്പിലാക്കിയത്, കെ-ഫോൺ നടപ്പിലാക്കിയത്, മലയോര പാതകൾ, മെഡിസെപ്പ്, ലൈഫ് പദ്ധതിയിലൂടെ നാല് ലക്ഷത്തിലധികം വീടുകൾ പൂർത്തീകരിച്ചതടക്കം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്താവുന്ന

എത്രയോ അതുല്യമായ നേട്ടങ്ങളാണ് ഈ ഗവൺമെന്റ് സാമ്പത്തിക ഉപരോധത്തിൽപ്പെട്ട് ഞെരുങ്ങുമ്പോഴും നടത്തുന്നത്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ ഒരു പത്മവ്യൂഹത്തിലാക്കാനുള്ള ശ്രമമല്ലേ കേന്ദ്ര ഗവൺമെന്റും സംസ്ഥാനത്തെ ബി.ജെ.പി.-യും പ്രതിപക്ഷവുമെല്ലാം ചേർന്ന് നടത്തുന്നത്. ആ പത്മവ്യൂഹം ഭേദിച്ചുകൊണ്ട്, കേരളത്തിലെ ജനങ്ങളെ മുന്നോട്ട് നയിച്ചുകൊണ്ട് അജയ്യമായി ഈ ധനകാര്യ വകുപ്പും ഈ ഗവൺമെന്റും മുന്നോട്ട് പോകുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യ കമ്മീഷൻ അവാർഡിന്റെ കാര്യത്തിലടക്കം നമ്മൾ നേരിടുന്ന വിവേചനങ്ങൾ എന്നുപറയുന്നത് ജനാധിപത്യ വ്യവസ്ഥയോടും ഫെഡറൽ തത്വങ്ങളോടും ഭരണഘടനയുടെ 202-ാം വകുപ്പ് പ്രകാരമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളിന്മേലൊക്കെയുള്ള കടന്നുകയറ്റമാണ്. അതിനെതിരെ പ്രതിരോധിക്കാൻ നമ്മൾ ഒറ്റക്കെട്ടായി നിൽക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ ഭാവികാല താൽപ്പര്യങ്ങൾക്ക് ഏറ്റവുമധികം അനുഗ്രഹമായ ഒരു വലിയ പൊതുആവശ്യമാണെന്ന്

ചൂണ്ടിക്കാണിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗ്രാന്റുകളുടെ കാര്യത്തിൽ ഇപ്പോൾ വലിയൊരു വെട്ടിക്കുറവ് നാം അഭിമിഖീകരിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ കുടിശ്ശികകൾ- യു.ജി.സി. ശമ്പള പരിഷ്കരണം 750 കോടി രൂപ കുടിശ്ശിക, നഗര വികസന ഗ്രാന്റിന്റെ കുടിശ്ശിക 546.45 കോടി രൂപ, ഗ്രാമവികസന ഗ്രാന്റിന്റെ കാര്യത്തിൽ 1008 കോടി രൂപ കുടിശ്ശിക, ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് 790 കോടി രൂപ കുടിശ്ശിക, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ലഭ്യമാകേണ്ട തുകയിൽ 138 കോടി രൂപ കുടിശ്ശിക, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ടിൽ 69 കോടി രൂപ കുടിശ്ശിക, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസിന് 1925 കോടി രൂപ കുടിശ്ശിക, ജി.എസ്.ടി. നഷ്ടപരിഹാരം 511 കോടി രൂപ കുടിശ്ശിക. ഇങ്ങനെ എത്രയോ കാര്യങ്ങളിൽ കേരളത്തിന് അർഹതപ്പെട്ടത് നിഷേധിക്കുന്ന സ്ഥിതിയാണ് ഇവിടെ അഭിമുഖീകരിക്കുന്നത്. അതിനെതിരെ ഒരുമിച്ചുനിന്ന് ശബ്ദമുയർത്തുകയും ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയുമല്ലേ ഉത്തരവാദിത്വമുള്ള ക്രിയാത്മകമായ പ്രതിപക്ഷത്തിന്റെ ദൗത്യം.

കാർഷികമേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികളും സംരക്ഷണ പ്രവർത്തനങ്ങളും ആവിഷ്കരിക്കരിക്കേണ്ടതുണ്ടെന്നകാര്യം ഇവിടെ ഉന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രധാനമായും, കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുടെ ഒരു നട്ടെല്ലായി വിശേഷിപ്പിക്കാൻ കഴിയുന്ന ഒന്നാണ് റബ്ബർ കൃഷി. ആ കൃഷിയെ ഇന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് പറിച്ചുനടാൻ ബോധപൂർവമായ ശ്രമം കേന്ദ്ര സർക്കാരിന്റെ ഒത്താശയോടുകൂടി നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നത് സന്തോഷമുള്ള കാര്യമാണ്. പക്ഷേ കേരളത്തിലെ റബ്ബർ കാർഷികമേഖലയെ തകർത്തുകൊണ്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അഞ്ചുലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് പുതുതായി റബ്ബർ കൃഷി നടത്തുന്നതിനായി റബ്ബർ ഉൽപന്ന പ്രൊഡ്യൂസേഴ്സായ ടയർ ഉല്പാദക കമ്പനികളുടെ സി.എസ്.ആർ. ഫണ്ടുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊടുത്തുകൊണ്ട് കേരളത്തിലെ റബ്ബർ കാർഷിക മേഖലയെയടക്കം കാർഷിക മേഖലയെ തകർക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ അതിനെ സംരക്ഷിക്കുന്നതിനുള്ള നയങ്ങളുമായി നമ്മൾ

കഴിയുന്നതൊക്കെ ചെയ്യുന്നുണ്ട്. വെള്ളൂരിൽ സ്ഥാപിച്ചിട്ടുള്ള കേരള റബ്ബർ ലിമിറ്റഡ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ട് പോകുന്നതിനും അതിന്റെ ഉല്പാദനവും മൂല്യവർധിത ഉല്പന്നനിർമ്മാണവും ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ബജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ ആവശ്യപ്പെട്ടൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കുടുംബ കോടതികളിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്യുന്നതിനുള്ള ഫീസും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾക്കുള്ള ഫീസും വർദ്ധിപ്പിച്ച നടപടി പിൻവലിക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണക്കുകയാണ്.

'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്ന മഹാകവി വള്ളത്തോളിന്റെ വാക്യങ്ങൾ നമ്മളെല്ലാവരും നെഞ്ചേറ്റി, നെഞ്ചിൽ പേറികൊണ്ട്, സംസ്ഥാന താല്പര്യങ്ങൾക്കുവേണ്ടി ഒരുമിച്ച് നിൽക്കേണ്ട ഒരു ഘട്ടമാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ, ആ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനുള്ള കാര്യക്ഷമമായ ഒരു പരിശ്രമവും സംസ്ഥാന ഗവൺമെന്റിന് നടത്താൻ കഴിയുന്നില്ലെന്ന പ്രധാനപ്പെട്ട കുറ്റപ്പെടുത്തലാണ് പ്രതിപക്ഷം നടത്തിയിട്ടുള്ളത്. അതിന് തൃപ്തികരമായ പരിഹാരം ഗവൺമെന്റിന് ഇതുവരെ മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. ഇങ്ങനെയൊരു ഗുരുതരമായ സ്ഥിതിവിശേഷത്തിൽ നിൽക്കുമ്പോൾ വികസനരംഗത്ത് വലിയ സ്തംഭനാവസ്ഥ നമ്മൾ കാണുകയാണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ചട്ടം 300 അനുസരിച്ച സ്റ്റേറ്റ്മെന്റിൽ, ഇത്തരത്തിലുള്ള കാര്യങ്ങൾക്കെല്ലാം ഒരു ആശ്വാസമുണ്ടാകുമെന്നും കുറെ കാര്യങ്ങളൊക്കെ കൊടുക്കുമെന്നും

നമ്മളെല്ലാവരും പ്രതീക്ഷിച്ചു. ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നല്ലതാണ്. എന്നാൽ ഇതെങ്ങനെ ചെയ്യും, എങ്ങനെ നടപ്പാക്കുമെന്ന പ്രശ്നം പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ചിരുന്നു. പ്രതിപക്ഷത്തിന് വികസന വിരോധം, മുൻവിധിയോടെ എതിർക്കുന്നു എന്നെല്ലാം എനിക്ക് തൊട്ടുമുമ്പ് ഇവിടെ സംസാരിച്ച ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞു. അങ്ങനെയല്ല, അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പാളിച്ചകൾ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നൽകിയ സ്റ്റേറ്റ്മെന്റിൽ പതിമൂന്നാമത്തെ ഐറ്റമായി പറയുന്നത്, വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകൾ നടപ്പാക്കും എന്നാണ്. ഇത് 2017-18 കാലഘട്ടം മുതൽ കേട്ടുകൊണ്ടിരിക്കുകയാണ്. ഈ പാക്കേജിന്റെ പേരിൽ ഒറ്റ പൈസപോലും കേരളത്തിൽ ചെലവഴിച്ചിട്ടില്ല. വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകളിൽ തുക ചെലവഴിച്ചിട്ടുണ്ടോ? ഒന്നാം പാക്കേജ് വേറെയാണ്, ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ ഒന്നാം പാക്കേജിനെക്കുറിച്ച് ഇപ്പോൾ പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്;എല്ലാ ബജറ്റുകളിലും ഈ

പാക്കേജുകൾ ആവർത്തിച്ച് പറയുകയാണ്. സത്യത്തിൽ ഈ മേഖലയിലുള്ള ജനങ്ങളെ ഗവൺമെന്റ് കബളിപ്പിക്കുകയും അപമാനിക്കുകമാണ്. ഇങ്ങനെ ചെയ്യുന്നതിൽ എന്തർത്ഥമാണെന്നാണ് ഞങ്ങൾ ചോദിക്കുന്നത്; ഇതിന് ഒരു വിശ്വാസ്യത വേണം. ആ വിശ്വാസ്യതയ്ക്കുവേണ്ടിയാണ് പറയുന്നത്, ഒരു ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം വച്ചിരുന്നെങ്കിൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമായിരുന്നു. പക്ഷേ അങ്ങനെയുണ്ടായിട്ടില്ല. ഒരുപക്ഷെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിച്ചേക്കാം. അത് ചൂണ്ടിക്കാണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതെങ്ങനെ നടക്കുമെന്നതും വിശദമാക്കേണ്ടതായിട്ടുണ്ട്.

കേരളത്തിലെ കർഷകരെ മറന്നുകൊണ്ടാണ് ചട്ടം 300 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് വന്നിരിക്കുന്നത് എന്നതിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കർഷകർക്കുവേണ്ടി എന്താണുള്ളത്; റബ്ബറിന്റെ കാര്യത്തിൽ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ കേന്ദ്രസർക്കാരിന്റെ കാര്യം

സൂചിപ്പിച്ചു. വടക്കേ ഇന്ത്യയിലേയ്ക്ക് റബ്ബർ കൊണ്ടുപോകുന്ന തുടങ്ങിയ വിവിധ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. റബ്ബർ കൃഷിക്കാർക്കുവേണ്ടി എൽ.ഡിഎഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 250 രൂപയുടെ വിലസ്ഥിരതാ ഫണ്ടുണ്ട്. റബ്ബറിന് 60 രൂപയും 70 രൂപയും വിലയുള്ള സമയത്ത് യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപ പ്രഖ്യാപിച്ചപ്പോൾ വലിയ ആശ്വാസമായി. അന്ന് ഏതാണ്ട് 80 രൂപയോളം സംസ്ഥാന ഗവൺമെന്റ് കൊടുക്കുകയാണ് ചെയ്തത്. റബ്ബറിന്റെ ഇന്നത്തെ മാർക്കറ്റ് വില 206 രൂപയാണ്. ഗവൺമെന്റിന്റെ വിലസ്ഥിരതാ ഫണ്ട് 160/170 രൂപയാണ്. 170 രൂപ പ്രഖ്യാപിച്ചെങ്കിലും കൊടുത്തിട്ടില്ല. കൃഷിക്കാർക്ക് സർക്കാരിന്റെ ഈ സഹായംകൊണ്ട് ഒരു പ്രയോജനവുമില്ല. കാരണം, 206 രൂപ മാർക്കറ്റിൽ റബ്ബർ കൊടുത്താൽ ലഭിക്കും. റബ്ബറിന്റെ വില 250 രൂപയാക്കി അടിയന്തരമായി വർധിപ്പിക്കണമെന്ന ആവശ്യം നിരന്തരമായി ഞങ്ങൾ സഭയിൽ ഉന്നയിക്കുകയാണ്. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഈ വിഷയം സംബന്ധിച്ച് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ ഇന്നലെ കൊണ്ടുവന്ന

അടിയന്തരപ്രമേയത്തിൽ കാർഷികമേഖലയുടെ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. കാർഷിക മേഖലയുടെ തകർച്ച കണക്കിലെടുത്ത് ഒരു കാർഷിക പാക്കേജ് ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നാണ് ഞങ്ങൾ പ്രധാനമായും ഉന്നയിച്ച വിഷയം. അത് ഈ സ്റ്റേറ്റ്മെന്റിലുണ്ടായോ; ബഹുമാനപ്പെട്ട കേരള കോൺഗ്രസ്സ് അംഗങ്ങളെങ്കിലും ഈ വിഷയത്തിൽ ഇടപെടേണ്ടതല്ലേ; ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല. നിങ്ങൾ ഇനി ഇടപെട്ടിട്ട് ഒരു കാര്യവുമില്ലെന്ന് പാലയിൽവച്ച് മുഖ്യമന്ത്രി തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു കാര്യവുമില്ലെന്ന് ജനങ്ങളും തെളിയിച്ചിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി റബ്ബറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ നിലപാടും സർക്കാരിന്റെ നയവും ഞങ്ങൾക്കെല്ലാം ബോധ്യപ്പെട്ടിട്ടുണ്ട്. അത് കുഴപ്പമില്ല, അക്കാര്യങ്ങൾ അവിടെ നിൽക്കട്ടെ; പക്ഷേ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ... (മൈക്ക് ഓഫ്).....റബ്ബറിന് 170 രൂപയായി വർദ്ധിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എനിക്ക് സംസാരിക്കാൻ ആകെ രണ്ടുമിനിട്ട് സമയം മാത്രമാണ് ബാക്കിയുള്ളത്. 170 രൂപയായി വർധിപ്പിച്ചതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് 150 രൂപ കൊണ്ടുവന്നത്. 160 രൂപയുണ്ടായിരുന്നത് 170 രൂപയായി വർദ്ധിപ്പിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. എപ്പോഴാണ് കൂട്ടിയത്; മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി സർക്കാരിൽ നമ്മളെല്ലാവരുമുള്ളതാണ് റബ്ബറിന് 250 രൂപ കൊടുക്കുമെന്ന് പറഞ്ഞ എൽ.ഡി.എഫ്.-ന്റെ വാഗ്ദാനം നിറവേറ്റണം. എങ്കിൽ മാത്രമെ ആളുകൾക്ക് പ്രയോജനമുള്ളൂ. കാർഷിക മേഖലയ്ക്കുവേണ്ടി കാർഷിക പാക്കേജ് കൊണ്ടുവരണമെന്ന ആവശ്യം ഗവൺമെന്റിന്റെ മുമ്പിൽ വീണ്ടും ഞങ്ങൾ വയ്ക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രസംഗിച്ചപ്പോൾ വീണ്ടും കെ-റെയിലിനെക്കുറിച്ച് പറയുകയാണ്. കെ-റെയിൽ പദ്ധതിയുമായി ഇനി കേരളത്തിലിറങ്ങേണ്ട വല്ല കാര്യവുണ്ടോ;

നമ്മുടെ ഭൂരിപക്ഷം എം.എൽ.എ.-മാരും വന്ദേ ഭാരത് ട്രെയിനിൽ യാത്ര ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ഈ ട്രെയിനിൽ യഥാർത്ഥത്തിൽ എത്ര സൗകര്യമാണ്. ഞാൻ കോട്ടയത്തുനിന്ന് 8.10-ന് ട്രെയിനിൽ കയറുന്നു, 10.30-ന് തിരുവനന്തപുരത്ത് വന്നിറങ്ങുന്നു. കാസർഗോഡ് മുതലുള്ള എം.എൽ.എ.-മാർ ആ ട്രെയിനിലാണ് വരുന്നത്. നമ്മുടെ സംസ്ഥാനത്തിന് ഒരു തുകപോലും മുടക്കില്ലാതെ, വളരെ ചുരുങ്ങിയ സമയംകൊണ്ട് തിരുവനന്തപുരത്ത് എത്താൻ കഴിയും. ഇപ്പോഴുള്ള റെയിൽപാളത്തിലൂടെയാണ് ഈ ട്രെയിൻ ഓടുന്നത്. ഇതുപോലെ സൗകര്യപ്രദമായും ലാഭകരമായ ഒരു സാധ്യതയുള്ളപ്പോൾ സംസ്ഥാന ഗവൺമെന്റ് കെ-റെയിലിന് പുറകെ പോകുകയാണോ ചെയ്യേണ്ടത്; കേരളത്തിൽ വന്ദേ ഭാരത് ട്രെയിൻ കൂടുതലായി ഓടിക്കാനുള്ള സാഹചര്യമുണ്ടാകണം. നിലവിലുള്ള ട്രെയിനുകൾ കൃത്യമായി ഓടിക്കാൻ കഴിയുന്ന വിധത്തിൽ സിഗ്നൽ സിസ്റ്റവും റെയിൽവേ പാളങ്ങളുമെല്ലാം മെച്ചപ്പെട്ടതാക്കി മാറ്റണം. അതിനുവേണ്ടി ഒരു ഇടപെടലല്ലേ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടത്;

അതിനുപകരം രണ്ടുലക്ഷം കോടി രൂപ സ്വപ്നം കണ്ടുകൊണ്ട്, 'കെ-റെയിൽ, കെ-റെയിൽ' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത് ഇനിയെങ്കിലും നിർത്താനുള്ള ജനാധിപത്യ മര്യാദ എൽ.ഡി.എഫ്. ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്. കാരണം, പാവപ്പെട്ട ആളുകൾ ഉറക്കമില്ലാതെ ഭ്രമിപോകുമെന്ന് കരുതി ഇപ്പോഴും സങ്കടപ്പെട്ട് കിടക്കുകയാണ്. ഇതിന് വല്ല കാര്യവുമുണ്ടോ; അവരെ മുൾമുനയിൽ നിർത്തി അവരെ കഷ്ടപ്പെടുത്തേണ്ട കാര്യമില്ല. അതുകൊണ്ട് അവർക്കൊരു ശാപമോക്ഷം കൊടുക്കണം. കെ-റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കണം. വന്ദേ ഭാരത് പോലുള്ള സാധ്യതകൾ കേന്ദ്ര ഗവൺമെന്റുമായി ചേർന്നുനിന്നുകൊണ്ട് പരമാവധി കേരളത്തിൽ നടപ്പാക്കാൻ വേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണം. പ്രായോഗികമായി കേരളത്തിൽ ഗുണകരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. കുടിശ്ശിക പിരിക്കുന്ന കാര്യത്തിലുൾപ്പെടെ ഗവൺമെന്റിന് ഒരു കാഴ്ചപ്പാടും

സമീപനവുമുണ്ടല്ലോ; 2016-17 മുതൽ കുടിശ്ശിക ഇനത്തിലെ കണക്കുപ്രകാരം 11866.96 കോടി രൂപയുടെ കുടിശ്ശികയുള്ള സ്ഥാനത്ത് ഇപ്പോൾ 20000 കോടി രൂപ കഴിഞ്ഞിരിക്കുകയാണ്. കുടിശ്ശിക പിരിക്കാൻ കഴിയുന്നില്ല. ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിൽ വരുന്ന പാളിച്ചകളാണ് ഇവിടെ സംഭവിക്കുന്നത്. ഇതുകൊണ്ട് വികസന പ്രവർത്തനങ്ങൾ മുഴുവൻ സ്തംഭനത്തിലാകുന്നു. ജൽ ജീവൻ മിഷനിൽ കോടിക്കണക്കിന് രൂപയുടെ കടബാധ്യത. കോടികണക്കിന് രൂപയുടെ കുടിശ്ശികയുള്ളതുകൊണ്ട് റോഡ് നന്നാക്കാൻ കാരുകാർ തയ്യാറാകുന്നില്ല. ആദ്യം പരിഹരിക്കേണ്ടത് ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം മുൻഗണന കൊടുക്കണം, ഗവൺമെന്റിന്റെ പ്രയോരിറ്റി അതാണ്. ഞങ്ങൾ പല പ്രാവശ്യം അക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. അടിസ്ഥാനവികസന കാര്യങ്ങളിൽ മുടങ്ങിക്കിടക്കുന്ന പ്രതിസന്ധിയുള്ള കാര്യങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റ് മുൻഗണന നൽകാൻ തയ്യാറാകണം. ആ നിലയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തയ്യാറാകാത്ത നിലപാട്

സ്വീകരിക്കുന്ന ധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നതിനാൽ അതിനെ ശക്തമായി എതിർക്കുന്നു.

ശ്രീമതി ദെലീമ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും പൂർണ്ണമായി പിന്തുണയ്ക്കുന്നു. കർഷകരോടുള്ള ആത്മാർത്ഥത കാരണം അപ്പുറത്തെ സൈഡിൽ കുറച്ചംഗങ്ങൾ മാത്രമേ ഇപ്പോഴുള്ളൂ. കുറച്ചുപേർക്കൂടി ആകാമായിരുന്നു. എല്ലാവരും ഇറങ്ങിപ്പോയി. "അകത്തു നിറഞ്ഞു നിൽക്കുന്ന സ്വാർത്ഥത മറ്റൊരാളെ ഭയക്കുന്നു; കയ്പനുഭവങ്ങളിലൂടെ കടന്നുപോയതുകൊണ്ടുമാത്രം നിങ്ങളുടെ നിലപാടുകൾക്ക് ചവർപ്പുണ്ടാകണമെന്നില്ല; പരിക്കേറ്റിട്ടും പ്രണയിക്കുന്നവരാണ് നമ്മൾ." ഈ വരികൾ ഫാദർ ബോബി ജോസ് കട്ടിക്കാടിന്റേതാണ്. ഞാൻ ബോബി ജോസ് അച്ചന്റെ വാക്കുകളെ എന്നും പ്രണയിക്കുന്നവളാണ്. അകത്ത് നിറഞ്ഞുനിൽക്കുന്ന സ്വാർത്ഥത മറ്റൊരാളെ ഭയക്കുന്നു എന്നത് ഞാൻ ഇവിടെ ചിന്തിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് പ്രതിപക്ഷത്തെയാണ്. ഇവർ എന്തിനാണ് ഇത്രയേറെ നമ്മളെ ഭയക്കുന്നത്? പ്രകൃതി ദുരന്തങ്ങൾ നമ്മുടെ കയ്പനുഭവങ്ങളല്ലായിരുന്നു.

ആ ആപത്തുകാലത്ത് തണലായിത്തീർന്നതല്ലേ ഇടതുപക്ഷ പിണറായി സർക്കാർ. അതൊരു അസാധാരണ സംരക്ഷണത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയല്ലേ? നന്ദിയുള്ളവർ എന്നും ആപത്തിൽ തണലായിരുന്നവരെ തിരഞ്ഞെടുക്കുമെന്നതിനാൽ ജനങ്ങൾ നന്ദിയുള്ളവരാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു.

എന്റെ നാട്ടിൽ ഒരു അന്തോണി ചേട്ടനുണ്ടായിരുന്നു. തീരെ നിർദ്ധനനായിരുന്നുവെങ്കിലും എന്ത് ഭക്ഷണം മക്കൾക്കുണ്ടാക്കിയാലും അതിൽനിന്നും കുറച്ചെടുത്ത് കൊച്ചിനെന്ന് പറഞ്ഞ് എനിക്ക് കൊണ്ടുതരുമായിരുന്നു. 10 സെന്റ് സ്ഥലവും അതിൽ ജീവിക്കാൻ ഒരു കൂരയും ഉണ്ടായെങ്കിൽ അത് ഇടതുപക്ഷ സർക്കാർ ഭരണത്തിലേറിയശേഷം നൽകിയതായതിനാൽ ഞാൻ ശക്തനായ സഖാവാണെന്ന് നെഞ്ചിൽ കൈവച്ച് ആ മനുഷ്യൻ എന്നോട് പറയുമായിരുന്നു. പണമുള്ളവന്റെ പിന്നാമ്പുറങ്ങളിൽ ഞെരുക്കുന്ന ജീവിതം പേറുന്നവരായിരുന്നു എന്റെ സഖാക്കൾ. അന്ന് ഞാൻ എഴുതിയ ഒരു കവിതയിൽ,

"ബന്ധങ്ങളേറെ പ്രതാപികളെങ്കിലും

കണ്ടനുകമ്പ ചൊരിഞ്ഞില്ലൊരുത്തനും

ബന്ധം പറയുവാൻ വല്ലാതെ ക്ലേശിച്ചു

കണ്ടില്ലായെന്നു നടിച്ചുനടന്നവർ

എച്ചിലുപോലും കൊടുക്കുവാൻ ശ്രുഷ്കിച്ച

അത്ര ധനാഢ്യരാണേറെയും ബന്ധങ്ങൾ"

അന്ന് ഞാൻ ഇപ്രകാരം എഴുതിവച്ചത് ഈ ചേട്ടന്റെ ദുഃഖം കണ്ടിട്ടാണ്. ഈ ഭൂമിയിലെ അവകാശങ്ങൾ തുല്യമായി അനുഭവിച്ച് കടന്നുപോകേണ്ടവരാണ് നമ്മൾ ഓരോരുത്തരും. പക്ഷേ കുറേ മനുഷ്യരെ പാവങ്ങളെന്നുതള്ളി അവരുടെ അവകാശങ്ങൾക്ക് തടയിട്ട് കുറേയാളുകൾ വളർന്നുപൊങ്ങുന്നു. പക്ഷെ ഇടതുപക്ഷ സർക്കാർ ഈ പാവങ്ങളെ ചേർത്തുനിർത്തിയതിനാൽ അവരാണ് യഥാർത്ഥ മനുഷ്യർ. ഒരു സംസ്ഥാനത്തിന്റെ വികസനം എങ്ങനെയായിരിക്കണമെന്ന് സർക്കാർ ഏകപക്ഷീയമായി തീരുമാനിക്കുകയല്ല ചെയ്തത്; മറിച്ച് ജനങ്ങളുടെ പ്രശ്നങ്ങളും വിഷമതകളും ആഗ്രഹങ്ങളും അറിഞ്ഞുകൊണ്ട് അതിനൊരു രൂപരേഖ തയ്യാറാക്കുവാനാണ് നമ്മുടെ സർക്കാർ തുനിഞ്ഞത്. അതായിരുന്നു

നമ്മുടെ 'നവകേരള സദസ്സ്. അതിലൊരു തെറ്റിദ്ധാരണ പ്രതിപക്ഷത്തിനുണ്ടെങ്കിലും ജനങ്ങൾക്ക് ആ ധാരണയില്ല. കാരണം, ഒട്ടനവധി പ്രകൃതിദുരന്തങ്ങൾ നമ്മെ വേട്ടയാടുന്നതിനുമുമ്പേ സുസ്ഥിരമായ വികസനപ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. ഇത് സത്യമായ ഒരു കാര്യമാണ്. ഇത്രയേറെ പ്രതിസന്ധികളുണ്ടായിരുന്നിട്ടും സമസ്തമേഖലയിലും ഇന്നും വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലും ധാരാളം വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കാകെ മാതൃകയാകുംവിധം മുന്നേറുകയാണ് നമ്മുടെ കേരളം. കേന്ദ്ര സർക്കാരിന്റെ 'നീതി ആയോഗ്' സൂചികയിൽ, ഇന്ത്യയിൽ ജനജീവിത നിലവാരത്തിൽ ഒന്നാം സ്ഥാനത്താണ് കേരളം നിലകൊള്ളുന്നത്. മറ്റു സംസ്ഥാനങ്ങളുമായി കേരളത്തെ താരതമ്യം ചെയ്താൽ നമ്മുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിവ എത്രയോ ഉയരങ്ങളിലാണ് നിൽക്കുന്നത്.

ആരോഗ്യമേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ ലോകശ്രദ്ധ നേടിയവയാണ്. ഓരോ മണ്ഡലങ്ങളിലുമുള്ള ആശുപത്രികളുടെ വികസനം

മാത്രമെടുത്താൽ മതി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള സ്ഥാപനങ്ങളിൽ എത്ര പുരോഗതികളാണ് ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ളതെന്നതിന്റെ തെളിവായി ഞാൻ ഒരു സ്കാനിംഗിനായി നമ്മുടെ ജനറൽ ആശുപത്രിയിൽ പോയി; എത്രയോ മനുഷ്യരാണ് അവിടെ വരുന്നത്. ഇതൊന്നും വികസനപ്രവർത്തനമല്ലേ? എത്രയോ മഹത്തായ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. അവിടെ ആരോഗ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന ഓരോ മനുഷ്യർക്കും ആരെയും നോക്കാൻ സമയമില്ല; അത്രയ്ക്ക് തിക്കും തിരക്കുമാണ്. മനുഷ്യർ വരിയായി മരുന്നുവാങ്ങാൻ നിൽക്കുന്നതും മറ്റും എല്ലാവരും കാണുന്നില്ലേ? ഏതായാലും ഈ സർക്കാർ വലിയ മാറ്റമാണ് നമ്മുടെ നാട്ടിലുണ്ടാക്കിയത്. ആരോഗ്യമേഖലയിൽ ഇനിയും മാറ്റങ്ങൾ നമുക്ക് കൊണ്ടുവരാൻ കഴിയും.

അത്തർ നിയോജകമണ്ഡലത്തിലെ തുറവൂർ താലൂക്കാശുപത്രിയിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കെട്ടിട ഉദ്ഘാടനത്തോടനുബന്ധിച്ച് കൂടുതൽ ഡോക്ടർമാരെയും മറ്റ്

ആരോഗ്യപ്രവർത്തകരെയും അവിടെ വേണ്ടിവരുന്നതിനാൽ ഇതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

മറ്റുള്ള സംസ്ഥാനങ്ങളിൽ ദേശീയപാതാ വികസനം പിന്നാക്കമായപ്പോൾ കേരളത്തിൽ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ദേശീയപാത വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവിന്റെ 25% നൽകി നാടിന്റെ വികസനം സാധ്യമാക്കിയതിൽ ഞാൻ അഭിമാനിക്കുന്നു. ഒരിക്കലും കേരളത്തിൽ നടക്കില്ലെന്ന് പറഞ്ഞ വികസനമാണ് ദേശീയപാതയിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും ദേശീയപാത വികസന അതോറിറ്റിയുടെ ശ്രദ്ധക്കുറവുമൂലം അരൂർ മുതൽ തുറവൂർവരെയുള്ള പ്രദേശത്തെ ജനങ്ങൾ വളരെ ബുദ്ധിമുട്ടിലാണ്. ഇക്കാര്യം ഞാൻ സബ്മിഷനിലൂടെ മുമ്പ് അവതരിപ്പിച്ചതാണ്. ഇതിന് ശാശ്വത പരിഹാരം ഉണ്ടാകണമെന്നുകൂടി പറയുകയാണ്.

അതുപോലെ, ജലഗതാഗതമേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും

വേമ്പനാട്ടുകായലും അതിന്റെ കൈവഴികളും നിറഞ്ഞതാണ്. ഈ പ്രദേശങ്ങളിലെ ജനങ്ങൾ വർഷങ്ങളായി ആശ്രയിക്കുന്നത് ജലഗതാഗതത്തെയാണ്. ജലഗതാഗതത്തെ ടൂറിസവുമായി ബന്ധപ്പെടുത്തിയാൽ മണ്ഡലത്തിൽ വലിയ വികസനസാധ്യത കൈവരിക്കാൻ കഴിയും. കാരണം, കൊച്ചിയുടെയും എറണാകുളത്തിന്റെയും കോട്ടയത്തിന്റെയും ഏറ്റവും അടുത്ത് കിടക്കുന്ന പ്രദേശമാണ് അരൂർ. ദേശീയപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ ട്രാഫിക് ബ്ലോക്കുകൾ ഉണ്ടാകുന്നതിനാൽ അതിന് പരിഹാരമായി മണ്ഡലത്തിലെ കിഴക്കൻ ഭാഗങ്ങളെ ജലഗതാഗതത്തിനുവേണ്ടി ഉപയോഗിച്ചാൽ എറണാകുളത്തേയ്ക്കുപോകേണ്ട ജനങ്ങൾക്ക് വലിയ ആശ്വാസമാകും. കൂടാതെ ടൂറിസം കേന്ദ്രീകരിച്ചുകൊണ്ട് പെരുമ്പളം, അരൂർ, അരൂക്കുറ്റി പ്രദേശങ്ങളിലൂടെ എറണാകുളത്തേയ്ക്കും കൊച്ചിയിലേയ്ക്കും യാത്ര ചെയ്യുന്നത് ടൂറിസം രംഗത്തിന് പുത്തൻ ഉണർവായിരിക്കും.

അരൂർ മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും പൊക്കാളി പാടശേഖരങ്ങളും കൈത്തോടുകളും നിറഞ്ഞതാണ്. ഒരു കാലഘട്ടത്തിൽ

നെല്ലും തെങ്ങും കവുങ്ങുമായിരുന്ന ഞങ്ങളുടെ കൃഷി. ഇന്ന് കാർഷിക മേഖലയിലെ മറ്റ് പ്രദേശങ്ങളെപ്പോലെ അത്രയും പിന്നാക്കം പോയിരിക്കുകയാണ്. അവിടെ ഫാം റോഡുകൾ ആവശ്യമായി വരുന്നതിനോടൊപ്പം അവിടെയുള്ള പാടശേഖരങ്ങളും ബണ്ടുകെട്ടി സംരക്ഷിക്കണം. കൂടാതെ ഈ പ്രദേശത്ത് ധാരാളം ദേശാടനക്കിളികൾ വരുന്നതിനാൽ ടൂറിസത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യമായ പ്രദേശമാണ്.

ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളിൽ സംസ്ഥാന സർക്കാർ എത്രയോ മുന്നിലാണെന്നുള്ള കാര്യം അഭിനന്ദനാർഹമാണ്. പക്ഷേ ഇടക്കിടയ്ക്ക് ജപ്പാൻ കുടിവെള്ള പദ്ധതി റോഡുപണികളുമായി ബന്ധപ്പെട്ട് പൈപ്പ് പൊട്ടുന്നതിനാൽ തീരദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്താത്ത സാഹചര്യമുണ്ട്. തുറവൂർ പോലെയുള്ള പഞ്ചായത്തുകളിൽ ടാങ്ക് നിർമ്മിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ വളരെയധികം മാറ്റമുണ്ടാക്കാൻ കഴിയും.

കേരളത്തെ ഒരു ശത്രുരാജ്യമെന്ന നിലയിലാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ പരിഗണിക്കുന്നത്. കേരളത്തിനെതിരായി നിരന്തരം

ശത്രുതാപരമായ സമീപനമാണ് അവർ സ്വീകരിക്കുന്നത്. ഈ സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുകയെന്ന ചിറ്റമ്മ നയമാണ് കേന്ദ്രസർക്കാർ ഗവർണ്ണറെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായ കാഴ്ചപ്പാടുകളെ കാറ്റിൽപ്പറത്തി നിയമസഭ പാസാക്കുന്ന ബില്ലുകൾ ഒപ്പിടാതെ കാലതാമസം വരുത്തുന്ന നടപടികളാണ് കേരളത്തിൽ അരങ്ങേറുന്നത്. സംസ്ഥാന സർക്കാരിനെ രാഷ്ട്രീയതാല്പര്യത്തോടുകൂടി കണ്ട് ദുർബലപ്പെടുത്തുന്നതിന് സാമ്പത്തികപ്രതിസന്ധി സൃഷ്ടിച്ച് ഇടതുപക്ഷ സർക്കാർ പ്രതിസന്ധിയിലാണെന്ന് പറഞ്ഞുപരത്തുന്ന തന്ത്രമാണ് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നത്. ഇതൊരു ഫെഡറൽ സംവിധാനത്തിനോടുള്ള വെല്ലുവിളിയല്ലേ? കേന്ദ്ര വികസന പദ്ധതികളിൽ കേരളം തുടർച്ചയായി അവഗണിക്കപ്പെടുന്നു. നിയമാനുസൃതമായും ഭരണഘടനാപരമായും സംസ്ഥാനത്തിന് ലഭിക്കേണ്ടതെല്ലാം നിഷേധിക്കപ്പെടുകയാണ്. ഈ അവഗണനയെല്ലാം മറികടന്നുകൊണ്ട് ജനങ്ങളോടുള്ള കടമകൾ നിർവഹിക്കുന്നതിൽ, സമസ്തമേഖലയിലും

വികസനപ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ നിർവഹിച്ച് മുന്നേറുന്ന സർക്കാരിനെ അഭിനന്ദിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എം. മണി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നടത്തിയ പ്രസംഗത്തിൽ വസ്തുതകൾ നിരത്തിവച്ച് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തെപ്പറ്റി ഓർക്കുമ്പോൾ കേരളീയരായ നമുക്ക് അഭിമാനിക്കാം. എന്തുകൊണ്ടെന്നാൽ, ഇതുപോലെ പുരോഗതിയാർജ്ജിച്ച, മതസൗഹാർദ്ദതയുള്ള, വർഗ്ഗീയ ലഹളയില്ലാത്ത, പാടത്ത് പണിയെടുത്താൽ

വരമ്പത്ത് കൂലി കിട്ടുന്ന, ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ, കുടികിടപ്പവകാശം നൽകിയ, 62 ലക്ഷം പേർക്ക് പെൻഷൻ 1,600/- രൂപ വീതം നൽകുന്ന ഏത് സംസ്ഥാനമാണ് ഇന്ത്യയിലുള്ളത്; കേരളം കൈവരിച്ച നേട്ടം ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങൾ കൈവരിച്ചു? ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളിലും ഇവിടെയിരിക്കുന്ന എല്ലാവരും പോയിട്ടുണ്ട്. കേരളം കൈവരിച്ച ഇത്രയധികം നേട്ടങ്ങൾക്ക് സംഭാവന ചെയ്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. 1957-ലെ ഒന്നാം ഇ.എം.എസ്. ഗവൺമെന്റും രണ്ടാം ഇ.എം.എസ്. ഗവൺമെന്റും പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളും ഇപ്പോൾ അധികാരത്തിലിരിക്കുന്ന സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റും നൽകിയത് അതിമഹത്തായ സംഭാവനയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

1957-ലെ ഇ.എം.എസ്.-ന്റെ ഗവൺമെന്റിന് 28 മാസം മാത്രമേ അധികാരത്തിൽ തുടരാൻ കഴിഞ്ഞുള്ളൂ. ജനാധിപത്യത്തെപ്പറ്റി വലിയ അപ്പോസ്തലന്മാരായി പ്രസംഗിച്ചിരുന്ന ബഹുമാനപ്പെട്ട കോൺഗ്രസിന്റെ

അന്നത്തെ നേതാക്കന്മാരും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസുമെല്ലാം ചേർന്ന് ഇവിടെ നടത്തിയ വിമോചന സമരത്തിലൂടെ നേടിയ ആ ഗവൺമെന്റിനെ പിരിച്ചുവിട്ടത് ഈ രാജ്യത്തെ ഇന്ത്യൻ ജനാധിപത്യത്തിനേറ്റ ഏറ്റവും വലിയ ആഘാതമാണെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. സാമൂഹ്യ പുരോഗതിക്ക്, കർഷക തൊഴിലാളി പെൻഷന്, കുടികിടപ്പ് അവകാശം നൽകുന്നതിന്, ഭൂപരിഷ്കരണ നിയമം കൊണ്ടുവരുന്നതിന്, കൈവശം വയ്ക്കുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചത്, ദുർബല ജനവിഭാഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തിയതുമെല്ലാം നമ്മുടെ സംസ്ഥാനത്ത് മാറിമാറി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സംഭാവനയാണ്. ആധുനിക കേരളം രൂപപ്പെടുത്തുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വഹിച്ച പങ്ക് മഹത്തരമാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഒരു വസ്തുത അംഗീകരിക്കുകയാണ്. കാരണം, ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് അധികാരത്തിലുള്ളപ്പോൾ ആ ഗവൺമെന്റിന്റെ കാഴ്ചപ്പാടനുസരിച്ച് പ്രവർത്തിക്കാതെ അതിന് വിഘാതം ഉണ്ടാക്കുകയാണ് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ചെയ്യുന്നത്. ഇപ്പോൾ കേന്ദ്രം ഭരിക്കുന്നത് ബഹുമാനപ്പെട്ട നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. മുമ്പ് കോൺഗ്രസിന്റെ ഗവൺമെന്റാണ് ഭരിച്ചിരുന്നത്. കോൺഗ്രസ് ഗവൺമെന്റ് ഭരിക്കുമ്പോൾ 1947 മുതൽ ഇത:പര്യന്തം പരിശോധിച്ചാൽ ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്ന കാര്യം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റായ ഒന്നും രണ്ടും ഇ.എം.എസ്.-ന്റെ ഗവൺമെന്റും പിന്നീട് അധികാരത്തിൽവന്ന സഖാവ് നായനാരാടെയും സഖാവ് വി. എസ്. അച്യുതാനന്ദന്റെയും സഖാവ് പിണറായി വിജയന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ ആവിഷ്കരിച്ച കർമ്മ പരിപാടികൾക്ക് എന്നും തുരംഗം വയ്ക്കുന്ന നിലപാടാണ് കേന്ദ്രത്തിൽ കോൺഗ്രസ്സിന് അധികാരമുണ്ടായിരുന്നപ്പോൾ സ്വീകരിച്ചതെങ്കിൽ ഇപ്പോൾ ആ പങ്ക് ബി.ജെ.പി.-യാണ് കേന്ദ്രത്തിൽ ഇരുന്നുകൊണ്ട് സംസ്ഥാനങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതെന്നകാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ബി.ജെ.പി.-യുടെ വഞ്ചനയും അവഗണനയും നേരിട്ടുകൊണ്ട് സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന കർമ്മപരിപാടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. അതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ എം.എൽ.എ.-മാരും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പോയിട്ടുള്ളവരാണ്. പ്രിയപ്പെട്ടവരെ, ഈ കേരളം കൈവരിച്ച നേട്ടം മറ്റേത് സംസ്ഥാനം കൈവരിച്ചുവെന്ന് നെഞ്ചിൽ കൈവച്ച് ചോദിച്ചാൽ കേരളീയരായ നമുക്ക് നിശ്ചയമായും അഭിമാനിക്കാനുള്ള വകയുണ്ട്. ഈ പുരോഗതി ജവഹർലാൽ നെഹ്റുവിന്റെ നാടായ ഉത്തർപ്രദേശിൽ പോലും കൈവരിക്കാനായിട്ടില്ല. ഇന്നത്തെ പ്രധാനമന്ത്രിയുടെ നാടായ ഗുജറാത്തിൽ എന്തെല്ലാമാണ് നടന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അവിടെ നടന്ന മനുഷ്യ കശാപ്പെല്ലാം നമ്മൾ കണ്ടതും മനസ്സിലാക്കിയതുമാണ്. നമ്മുടെ തെട്ടടുത്ത കർണ്ണാടകം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളെല്ലാം പരിശോധിച്ചാൽ കേരളം വേറിട്ടതാണെന്ന്

മനസ്സിലാകും. കേരളീയരായ നമ്മുടെ ജീവിതം കരുപിടിപ്പിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഗവൺമെന്റ്, എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് എന്നിവരെല്ലാം മഹത്തായ സംഭാവനകളാണ് നൽകിയത്. ഞങ്ങൾ ഈ സംഭാവന ചെയ്യുന്നതുകൊണ്ട് നിങ്ങൾക്കും യു.ഡി.എഫ്.-നും എന്തെങ്കിലും ചെയ്യാതെ പോകാനാകില്ലെന്ന അവസ്ഥ കേരളത്തിലുണ്ടെന്ന കാര്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സ്വാതന്ത്ര്യത്തിനുശേഷം കേരളത്തിൽ കോൺഗ്രസ് ഗവൺമെന്റുകൾ ഒന്നും ചെയ്തില്ലെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. ഞങ്ങൾ ഇങ്ങനെ നിൽക്കുന്നതുകൊണ്ടുതന്നെ എന്തെങ്കിലും ചെയ്യാതെ നിങ്ങൾക്ക് പോകാൻ സാധിക്കില്ല. 1957-ൽ ഇ.എം.എസ്.-ന്റെ ഗവൺമെന്റിന്റെ കാലം മുതൽ അധികാരത്തിൽ വന്ന ഗവൺമെന്റ്, പിൽക്കാലത്ത് നായനാരുടെയും സഖാവ് വി.എസ്.-ന്റെയും സഖാവ് പിണറായി വിജയന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ പ്രവർത്തിക്കുന്നിടത്തോളം കാലം നിങ്ങൾ ഇടയ്ക്ക് അധികാരത്തിൽ വന്നാൽ

നിങ്ങൾ എന്തെങ്കിലും ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് ഇവിടെ നിന്നുപിഴയ്ക്കാനാവില്ല. രാഷ്ട്രീയമായി തിരിച്ചടി നേരിടുമെന്നതുകൊണ്ട് നിങ്ങൾ ചിലതെല്ലാം ചെയ്യാൻ നിർബന്ധിതരായി എന്ന കാര്യവും ഞാൻ ഈ അവസരത്തിൽ പറയുകയാണ്. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശക്തമായി തുടരുന്നിടത്തോളം ഐക്യജനാധിപത്യ മുന്നണിക്കും കോൺഗ്രസ്സിനും ഏതെങ്കിലും സാഹചര്യത്തിൽ അധികാരത്തിൽ വന്നാൽ എന്തെങ്കിലും ചെയ്യാതെ പോകാനാവില്ല. അത്തരമൊരു സാമൂഹ്യ അന്തരീക്ഷം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മഹാനായ ഇ.എം.എസ്. അടക്കമുള്ള ഗവൺമെന്റുകളും ഇവിടെ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ വർഗ്ഗീയ ലഹളയോ അസ്വസ്ഥതകളോ ഇല്ല. നിങ്ങൾ ഭരിക്കുമ്പോഴാണ് വർഗ്ഗീയ അസ്വസ്ഥത ഉണ്ടായിരിക്കുന്നത്. ഞങ്ങൾ ഭരിക്കുമ്പോൾ വർഗ്ഗീയ അസ്വസ്ഥതയില്ല. അത് നിസാരമായ കാര്യമല്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. എം. എം. മണി: സർ, ആവശ്യമില്ലാതെ ഇടപെടൽ നടത്തേണ്ട, ഞാൻ വഴങ്ങുകയില്ല. എനിക്ക് പറയാനുള്ളതെല്ലാം പറഞ്ഞതിനുശേഷം മാത്രമേ ഞാൻ പോകുകയുള്ളൂ. ഞാൻ പ്രസംഗിക്കുന്ന അവസരത്തിൽ എന്തിനാണ് നിങ്ങൾ കയറി ഇടപെടുന്നത്; ഞാൻ അതിനൊന്നും വഴങ്ങുന്ന ആളല്ലെന്ന് നിങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് എന്റെ അവസരം എനിക്കു തരണം. ഞാൻ വസ്തുതാപരമായി മാത്രമാണ് പറയുന്നത്. യു.ഡി.എഫ്. അധികാരത്തിൽ വന്നാലും എന്തെങ്കിലും ചെയ്യാതെ പോകാൻ പറ്റുകയില്ല. കാരണം അത്തരം ഒരു അന്തരീക്ഷം ഞങ്ങൾ ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. 1957 മുതലുള്ള കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം അതാണ്. നിങ്ങൾ അധികാരത്തിൽ ഇരിക്കുമ്പോൾ ചില വർഗ്ഗീയ അസ്വസ്ഥതകൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ഞങ്ങൾ അധികാരത്തിലിരിക്കുമ്പോൾ ഒരിക്കലും വർഗ്ഗീയ ശക്തികൾ തലപൊക്കുകയില്ല. ഒരിക്കലും അതിന് ഞങ്ങൾ അനുവദിച്ചിട്ടില്ലെന്ന കാര്യം ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കർമ്മ പരിപാടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം നടത്തിയ പ്രസംഗം നിസ്സാരകാര്യമല്ല. ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങൾ വ്യക്തമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. അതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ബജറ്റ് സംസ്ഥാനത്തിന്റെ സർവതോമുഖമായ പുരോഗതിക്ക് വലിയ പങ്കുവഹിക്കുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തിയാക്കുന്നതുവരെ ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. കേരളത്തിൽ സമാധാനപരമായ ഒരു അന്തരീക്ഷമുണ്ടെന്ന് അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതരായ കോൺഗ്രസ്സ്/യു.ഡി.എഫ്. നേതാക്കന്മാർ മനസ്സിലാക്കണം. എല്ലാവരും ഐക്യത്തോടുകൂടി നല്ല പുരോഗതിയുണ്ടാക്കാനാണ് ആഗ്രഹിക്കുക. അതിന് തടസ്സമുണ്ടാക്കേണ്ട. നമുക്കെതിരെ ഒരു വലിയ പ്രശ്നം ഡൽഹിയിൽ ഇരിക്കുകയാണ്. നിങ്ങളും ഞങ്ങളും ഭയപ്പെടേണ്ട ശക്തി ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള

കേന്ദ്ര സർക്കാരിനെയാണ്. അവർ എന്തൊക്കെയാണ് ഈ രാജ്യത്ത് നടപ്പാക്കാൻ പോകുന്നതെന്ന് ഒരു ഉറപ്പുമില്ല. അത് വ്യക്തമാക്കാൻ സാധിക്കില്ല. അത്തരമൊരു ആപത്താണ് നമ്മുടെ തലയ്ക്കുമുകളിൽ നിൽക്കുന്നത്. അതിനെ നേരിടുന്ന കാര്യത്തെപറ്റി ആലോചിക്കാതെ, ഈ ചെറിയ കേരളത്തിൽ നല്ല കാര്യങ്ങൾ ചെയ്ത് ഞങ്ങൾ ഭരിക്കുമ്പോൾ ഞങ്ങളുടെ ഗവൺമെന്റിനെതിരെ ഉപചാപം നടത്താതെ നിങ്ങൾ കോൺഗ്രസ്സ് അഖിലേന്ത്യാ തലത്തിൽ ശക്തിപ്പെടണം. ശ്രീ. രാഹുൽ ഗാന്ധിയോ ശ്രീമതി സോണിയ ഗാന്ധിയോ നേതൃത്വം നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ, ഞങ്ങൾ ഇതൊന്നും നിഷേധിക്കുന്നില്ല. കാരണം എല്ലാവരുംകൂടി ഇതിനെ നേരിടുകയല്ലാതെ വേറെ പോംവഴിയൊന്നും നമ്മുടെ മുമ്പിലില്ല. അതുകൊണ്ട് ഈ കൊച്ചു കേരളത്തിൽ നമ്മൾ ഗ്രൂപ്പിപിടിച്ചിട്ട് കാര്യമില്ല. നിങ്ങൾ ഞങ്ങളെ അംഗീകരിക്കുകയല്ലാതെ യാതൊരു പോംവഴിയും ഇപ്പോഴില്ല. ഞങ്ങൾക്ക് തുടർഭരണം ലഭിച്ചിരിക്കുന്നു. ഈ കാലാവധി പൂർത്തിയാക്കിയാൽ വീണ്ടും തുടർഭരണം ലഭിക്കും. അതിനുള്ള കർമ്മപരിപാടി ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. ബ്രിട്ടണിലും ഫ്രാൻസിലും നടന്ന തിരഞ്ഞെടുപ്പിൽ നവഫാസിസ്റ്റ് ശക്തികളെ പിന്തള്ളി വിജയം കൈവരിച്ച ജനതയെ ഞാൻ ആദ്യം അഭിവാദ്യം ചെയ്യുകയാണ്. ഫ്രാൻസിൽ നവഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വരുമെന്നാണ് മാധ്യമങ്ങളുടെ സർവേയിൽ പറഞ്ഞിരുന്നത്. എന്നാൽ ജനങ്ങളുടെ ഹൃദയം കാണാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഫ്രാൻസിലെ അവസ്ഥകൾ വിലയിരുത്തിക്കൊണ്ട് 'ദി ഗാർഡിയൻ' പത്രം അവിടത്തെ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ നടന്ന ജനങ്ങളുടെ ജീവത്പ്രശ്നങ്ങൾ ഏറ്റെടുത്ത സമരങ്ങളെ സംബന്ധിച്ച് മുമ്പ് ചൂണ്ടിക്കാണിച്ചിരുന്നു. ആ പോരാട്ടത്തിൽ ഒരു പുതിയ മുന്നണി രൂപം കൊള്ളുമെന്ന് അവർ അന്നുതന്നെ പ്രതീക്ഷിച്ചിരുന്നു. ചെറിയ പാർട്ടിയാണെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്ക്

എടുത്തുപറയാവുന്നതാണ്. ഇന്ത്യയിലെ ബി.ജെ.പി. പരാജയത്തിലും നോക്കിയാൽ ഇതുകാണാം. കാർഷിക മേഖലയിലെ പ്രക്ഷോഭങ്ങളിലും തൊഴിലാളി പ്രക്ഷോഭങ്ങളിലും ഇടതുപക്ഷത്തിന്റെ പങ്ക് നിങ്ങൾക്കാർക്കും നിഷേധിക്കാൻ സാധിക്കില്ല.

സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്പിന്റെയും സോഷ്യലിസ്റ്റ് ഗവൺമെന്റുകളുടെ തകർച്ചയിൽ ആഹ്ലാദം കൊണ്ടവരാണ് ഇവിടത്തെ പ്രതിപക്ഷം. കിഴക്കൻ യൂറോപ്പിലെയും ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും ഗവൺമെന്റുകൾ അട്ടിമറിച്ച് മുഹമ്മദ് നജീബുള്ളയെ അടക്കം തൂക്കിക്കൊന്നപ്പോൾ ആഹ്ലാദ പ്രകടനം നടത്തിയവരാണ് ശ്രീ. നജീബ് കാന്തപുരത്തിന്റെയും ശ്രീ. റഹ്മത്തുള്ളയുടെയും പാർട്ടിക്കാരെന്നകാര്യം മറക്കേണ്ട. ജനങ്ങൾ ഇതൊന്നും മറന്നിട്ടില്ല. നിങ്ങളുടെ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം എവിടെയെത്തിക്കുമെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി. നിങ്ങൾക്കിപ്പോൾ വന്ന മാറ്റങ്ങളെക്കുറിച്ച് ഞങ്ങൾക്കറിയാം.

ഞങ്ങൾ എന്നും അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കൊപ്പമാണ്. സാമ്രാജ്യത്വം അവികസിത രാജ്യങ്ങളിന്മേൽ കൈവയ്ക്കാൻ ശ്രമിച്ചപ്പോൾ അതിനെ തടയിടാൻ സോവിയറ്റ് യൂണിയനുണ്ടായിരുന്നു. ഈജിപ്തിൽ സൂയസ് കനാൽ ആക്രമിക്കാൻ വന്നപ്പോൾ ആറാം കപ്പൽപ്പട ഒരിഞ്ച് മുന്നോട്ടുനീങ്ങിയാൽ മുക്കുമെന്ന് പറഞ്ഞത് സോവിയറ്റ് യൂണിയന്റെ പ്രധാനമന്ത്രിയായിരുന്നു. ശ്രീ. നജീബ് കാന്തപുരം അന്ന് ജനിച്ചിട്ടില്ല. അദ്ദേഹത്തിന് ആ കഥയുമറിയില്ല. ഇപ്പോൾ ഞങ്ങളുടെ മേലെ കയറാൻ നടക്കുകയാണ്. ലോകത്തെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകാർ അടിച്ചമർത്തപ്പെട്ടവരുടെയും പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളുടെയും ഒപ്പമാണ് നിൽക്കുന്നത്. ഞങ്ങളെന്നും അടിച്ചമർത്തപ്പെട്ടവരുടെ ഒപ്പമാണെന്നും സാമ്രാജ്യത്വ ഭീഷണിയിൽ നിൽക്കുന്ന രാജ്യങ്ങളെ സഹായിക്കുമെന്നും പറയുമ്പോൾ, ഇപ്പോൾ സോവിയറ്റ് യൂണിയന്റെ പതനശേഷമുള്ള അവസ്ഥ നിങ്ങളൊന്ന് പരിശോധിച്ചുനോക്കണം. എന്താണ് ഗാസയിൽ നടക്കുന്നത്; പശ്ചിമേഷ്യയിലെ റൗഡിരാഷ്ട്രീയമായ ഇസ്രായേലിനെ ഉപയോഗപ്പെടുത്തി അമേരിക്കൻ സാമ്രാജ്യത്വം കാട്ടിക്കൂട്ടുന്ന

പേക്കൂത്തുകൾ നമ്മൾ കാണുന്നില്ലേ; അവിടെ ചോദ്യം ചെയ്യാൻ ഇന്ന് സോവിയറ്റ് യൂണിയനുണ്ടെങ്കിൽ അവർക്ക് ധൈര്യമുണ്ടാകില്ലായെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപ്പോലെ ഇതാണ് ലോകമെന്ന് പറയുന്നവരോട് എന്തുപറയാനാണ്; നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയെ സംബന്ധിച്ച് വലിയ ചർച്ചകളൊക്കെ നടന്നതാണ്. ആഗോള സമ്പദ്ഘടനയും ഇന്ത്യൻ സമ്പദ്ഘടനയുമൊക്കെ പരിശോധിച്ചുകൊണ്ടുമാത്രമേ കേരളത്തിന്റെ അവസ്ഥയെ കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിനുമാത്രം ഒറ്റപ്പെട്ടുനിൽക്കാൻ കഴിയുമെന്ന ധാരണ ആർക്കെങ്കിലുമുണ്ടെങ്കിൽ അവരെപ്പറ്റി ഞാനൊന്നും പറയുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഇപ്രകാരമാകാൻ കാരണം ധനകാര്യ മാനേജ്മെന്റിന്റെ കുറവും കെടുകാര്യസ്ഥത കൊണ്ടുമാണെന്നാണ് പ്രതിപക്ഷം പറയുന്നത്. അത് സ്ഥിരമായി അവർ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും ആവർത്തിക്കും. നിർത്തുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. കോൺഗ്രസ് ഭരിക്കുന്ന തെലുങ്കാനയിലെ മുഖ്യമന്ത്രി ശ്രീ. എ. രേവന്ത് റെഡ്ഡി

സത്യപ്രതിജ്ഞ ചെയ്ത് നേരെ ഓടിയത് ഹൈക്കമാൻഡിനെ കാണാനല്ല, ശ്രീ. നരേന്ദ്രമോദിയെ കാണാനാണ്. അദ്ദേഹത്തെ കണ്ട് സാഷ്ടാംഗം വീണ് ആന്ധ്രയിലെ സാമ്പത്തികാവസ്ഥ ചൂണ്ടിക്കാണിച്ച് സഹായവും കടമെടുക്കാനുള്ള പരിധിയും കൂട്ടാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയത് എല്ലാ പത്രങ്ങളിലും വാർത്ത വന്നതാണ്. ഇതാണ് നമ്മുടെ സംസ്ഥാനങ്ങൾക്കകത്തുള്ള അവസ്ഥ. ഇന്ന് ഇന്ത്യയിലെ എല്ലാ പ്രതിപക്ഷകക്ഷികളും ഈ ആവശ്യമുന്നയിച്ചുകൊണ്ട് മുന്നോട്ടുവരുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്കകത്തുപോലും പറഞ്ഞതാണ്. കേരളം വരുമാനം വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. ഇങ്ങനെ ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ പാടില്ലത്രെ. വരുമാന സ്രോതസ്സുകളെല്ലാം കേന്ദ്ര സർക്കാരിന്റെ കൈവശമാണ്. കേന്ദ്ര സർക്കാർ കൈവശം വച്ചുകൊണ്ട് സംസ്ഥാനങ്ങളോട് പറയുകയാണ്, വരുമാനം വർദ്ധിപ്പിക്കണമെന്ന്. എന്താണ് ഇന്ത്യയുടെ അവസ്ഥ; ഇന്ത്യയുടെ അവസ്ഥയെന്താണെന്ന് പരിശോധിച്ചാൽ നമുക്ക് അറിയാവുന്ന കാര്യമാണല്ലോ. കോർപ്പറേറ്റുകളുടെ

സമ്പത്ത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ സാധാരണക്കാരന്റെ അവസ്ഥ ദുരിതപൂർണ്ണമാകുന്നു. സമൂഹത്തിൽ അടിത്തട്ടിൽ കിടക്കുന്ന 20 ശതമാനത്തിന്റെ ജീവിതം ദുസ്സഹമാകുന്നു. ഗ്രാമീണ ദുരിതാവസ്ഥ കൂടിക്കൊണ്ടിരിക്കുന്നു. ഗ്രാമീണ ദരിദ്രാവസ്ഥ 68 ശതമാനത്തിൽനിന്നും 80 ശതമാനമായി മാറിയെന്നാണ് കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. തൊഴിലാളികളുടെ യാഥാർത്ഥ കൂലി 20 ശതമാനം ഇടിഞ്ഞു. ജനങ്ങളുടെ വാങ്ങാനുള്ള കഴിവ് കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷതയിലാണ്. വിലക്കയറ്റം വൻതോതിലാണ്. ഇന്ത്യയിലാകെ കുടുംബങ്ങളുടെ കടം പെരുകിക്കൊണ്ടിരിക്കുകയാണ്. കുടുംബങ്ങളുടെ കടം പെരുകുന്നത് ഒരു ആഗോള പ്രതിഭാസമായാണ് ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. കഴിഞ്ഞ ഒരു ദശകത്തിനകം രാജ്യത്തിന്റെ യഥാർത്ഥ വരുമാനം 50 ശതമാനം കൂടിയെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞത് ശരിയാണ്. കോർപ്പറേറ്റുകൾക്കും ധനികർക്കും സമ്പത്തുകൂട്ടാൻ കഴിഞ്ഞു. പുതിയ ബജറ്റ് വരാൻ പോകുകയാണ്. അതിൽ

എന്തൊക്കെയാണ് വരാൻ പോകുന്നതെന്ന് നമുക്ക് പ്രവചിക്കാൻ കഴിയില്ല. കഴിഞ്ഞ ബജറ്റിൽ ഭക്ഷ്യ വസ്തുക്കൾക്കും വളത്തിനും വാതകത്തിനുമുള്ള സബ്സിഡികൾ വെട്ടിക്കുറയ്ക്കുകയും തൊഴിലുറപ്പ് പദ്ധതിക്ക് തുക വർദ്ധിപ്പിക്കാതിരിക്കുകയും പത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ വേണ്ടെന്നുവയ്ക്കുകയും കോർപ്പറേറ്റുകളുടെ നികുതി കുറയ്ക്കുകയും ചെയ്തു. നമ്മുടെ പ്രതിപക്ഷത്തിന് ഇതൊന്നും പ്രശ്നമല്ല. കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയത്തിനെതിരായി പോരാട്ടത്തിൽ എവിടെ നിൽക്കുന്നുവെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് ചോദിക്കാനുള്ളത്. നവലിബറൽ നയത്തിനെതിരായ പോരാട്ടമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന് പഴയ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ശക്തമായി ആവശ്യപ്പെട്ടതാണ്. ഒരക്ഷരം പ്രതികരിക്കാൻ ഇന്നേവരെ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായും എൽ.ഡി.എഫ്.-നെതിരായുമുള്ള പ്രസ്താവന രാവിലെയും വൈകുന്നേരവും രാത്രിയും പുറപ്പെടുവിക്കുക എന്നതു മാത്രമാണ് കോൺഗ്രസ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. മാത്രമല്ല, നമ്മുടെ കോൺഗ്രസിന്റെ അവസ്ഥ

ഇപ്പോൾ ക്ഷോത്ര പണിയാണ്. കെ.പി.സി.സി. പ്രസിഡന്റിന്റെ വീട്ടിൽ തകിടും തെയ്യത്രുപവും കണ്ടെടുത്തു. അത് ക്ഷോത്രമാണെന്ന് മാതൃഭ്രമി ജ്രൂലൈ 4-ന്റെ ഓൺലൈൻ പത്രത്തിൽ അടിച്ചുവന്നിരിക്കുന്നു. എന്തൊരു ഗതികേടാണ്; ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം നാണക്കേണ്ടുണ്ടാക്കുന്നതാണ്. ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെയും ശ്രീ. കെ. സുധാകരന്റെയും സാന്നിധ്യത്തിൽ മന്ത്രവാദ വസ്തുക്കൾ കണ്ടെടുത്തെന്നാണ് ഓൺലൈൻ വാർത്ത. അതുമായി ബന്ധപ്പെട്ട വീഡിയോയുമുണ്ട്. തന്റെ കാലിന് ബലം കുറഞ്ഞുവരികയാണ്, അതിനുകാരണം ക്ഷോത്രമാണോയെന്ന് സംശയം, ജീവന് ഒന്നും സംഭവിക്കാതിരുന്നത് ഭാഗ്യമായിപ്പോയി എന്നാണ് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. ക്ഷോത്രം കാരണം ജീവന് അപകടമൊന്നും സംഭവിക്കാതിരുന്നത് വലിയ ഭാഗ്യമായിപ്പോയെന്ന്. വീഡിയോയിൽ വന്നതാണിത്. ഇത് വായിച്ചപ്പോൾ എനിക്ക് ഓർമ്മ വന്നത് എം. ടി. വാസുദേവൻ നായരുടെ 'മന്ത്രവാദി' എന്ന ഒരു പഴയ കഥയാണ്. അത് ഇവിടത്തെ കോൺഗ്രസുകാർ വായിച്ചുനോക്കണം. മന്ത്രവാദി

ശങ്കുപ്പണിക്കരുടെ കഥയാണത്. നാട്ടിൽ രാശിയും മന്ത്രവാദവുമായി നടന്ന പണിക്കർക്ക് കേസ് കുറഞ്ഞു. മന്ത്രവാദംകൊണ്ട് ഗുണം കിട്ടില്ലെന്ന് നാട്ടുകാർക്ക് മനസ്സിലായതാണ് കാരണം. അപ്പോൾ പണിക്കരുടെ മന്ത്രവാദംകൊണ്ട് ഒരു കാര്യവുമില്ലെന്ന് നാട്ടിലൊരു ചൊല്ലുണ്ടായി. അദ്ദേഹത്തിന്റെ കുടുംബം പട്ടിണിയായി. എങ്ങനെ മുന്നോട്ടുപോകുമെന്ന് പണിക്കർ ആകെ ആശങ്കാകുലനായി. അദ്ദേഹത്തെ വീട്ടിൽപോലും ബഹുമാനിക്കാത്ത അവസ്ഥ വന്നു. പുറത്തിറങ്ങിയാൽ ഭക്ഷണം കഴിക്കാൻപോലും വരുമാനമില്ല. അപ്പോഴാണ് ഒരുദിവസം ആ ഗ്രാമത്തിലെ വടക്കേപ്പാട് തറവാട്ടിലെ ഒരു കാര്യസ്ഥൻ പണിക്കരുടെ മുമ്പിലേക്കുവരുന്നത്. വടക്കേപ്പാട് തറവാട്ടിൽ ബാധയുണ്ടെന്ന് പറഞ്ഞു. വടക്കേപ്പാട് തറവാട് പ്രസിദ്ധമായ തറവാടായതിനാൽ ആ തറവാട്ടിനെക്കുറിച്ച് പണിക്കർക്ക് അറിയാം. തനിക്ക് നല്ലകാലം വരികയാണെന്നും വരുമാനം വർദ്ധിക്കാൻ പോകുകയാണെന്നും പണിക്കർ ഉടനെ കണക്കുകൂട്ടി. അദ്ദേഹത്തിന്റെ ഉള്ളിൽ ആഹ്ലാദം പൊങ്ങി. നമ്മൾ രക്ഷപ്പെട്ടുവെന്നും മാന്യമായി ജീവിക്കാൻ പോകുകയാണെന്നും കാര്യസ്ഥൻ

പോയപ്പോൾ അദ്ദേഹം കുടുംബത്തോട് പറഞ്ഞു. കാരണം എനിക്ക് കേസുകൾ വന്നുകൊണ്ടിരിക്കുകയാണ്. വടക്കേപ്പാട് തറവാടിൽനിന്നുമാണ് ഇപ്പോൾ കേസ് വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഭാര്യയോട് പറഞ്ഞു, ഇനി നമ്മുടെ പട്ടിണി മാറുമെന്ന്. അപ്പോൾ 17 വയസ്സുള്ള മകൾ പറഞ്ഞു, എനിക്കൊരു കമ്മൽ വാങ്ങിത്തരണമെന്ന്. അതും പരിഗണിക്കാമെന്ന് പറഞ്ഞു. മന്ത്രവാദം നടന്നു. ആവശ്യമായ വസ്തുക്കളെല്ലാം എഴുതിക്കൊടുത്തു. അതിൽ പണിക്കർ പ്രത്യേകമെഴുതി തങ്കത്തകിട് സ്വർണ്ണത്തകിടിലാക്കി കുഴിച്ചിടണമെന്ന്. അത് വടക്കേടത്ത് മുറ്റത്ത് മൺപാത്രത്തിൽ അടക്കം ചെയ്തു. പണിക്കർ സ്വപ്നം കണ്ടതുപോലെ കാര്യങ്ങളെല്ലാം നടന്നു. ബാധ ഒഴിപ്പിക്കൽ കർമ്മവും നടന്നു. എല്ലാവരും കിടന്നുറങ്ങുകയാണ്. ഇങ്ങനെ ഉറങ്ങിയതുകൊണ്ട് കാര്യമില്ലല്ലോ; എന്റെ വീട്ടിലെ കാര്യം നടക്കണമെങ്കിൽ ഈ സാധനം കിട്ടണമെന്ന് പണിക്കർ ആത്മഗതം പറഞ്ഞു. എല്ലാവരും ഉറങ്ങിയപ്പോൾ പണിക്കർ മെല്ലെ പുറത്തിറങ്ങി ആ കുഴിച്ചിട്ട സ്ഥലത്തെ, വടക്കേപ്പുറത്തെ ചവിട്ടുപടിയിൽനിന്നുകൊണ്ട് തങ്കത്തകിട് കുഴിച്ചെടുക്കാൻ ശ്രമം നടത്തി.

ഈ ശ്രമം നടത്തുമ്പോൾ ശബ്ദം കേട്ട് കാര്യസ്ഥന്മൾപ്പെടെയുള്ള ആളുകൾ ഉണർന്നുവന്ന് കൈയോടെ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി. അങ്ങനെയാണ് കഥ അവസാനിക്കുന്നത്. നാട്ടിലുണ്ടായിരുന്ന അവസ്ഥ, ദാരിദ്ര്യം, മന്ത്രവാദം, അന്ധവിശ്വാസത്തെയൊക്കെ തുറന്നുകാണിക്കുന്നതിനുവേണ്ടിയാണ് എം. ടി. വാസുദേവൻ നായർ 1952-ൽ ഈ കഥയെഴുതിയത്. എന്നാൽ ഇപ്പോൾ കൂടോത്രം ചെയ്യുന്നത് അധികാരത്തിനുവേണ്ടിയാണ്. കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്തിനും മുഖ്യമന്ത്രി സ്ഥാനത്തിനും പ്രതിപക്ഷ നേതിവിന്റെ സ്ഥാനത്തിനും വേണ്ടിയാണ്. അതിനാണ് ഇപ്പോഴത്തെ ഈ കൂടോത്രം ചെയ്തതെന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്. ചന്ദ്രനിലേയ്ക്ക് ആളുപോയി മടങ്ങിവരുന്ന കാലഘട്ടമാണ് നമ്മുടേത്. നിർമ്മിതബുദ്ധി അത്ഭുതം സൃഷ്ടിക്കുന്ന കാലം. അപ്പോഴാണ് കെ.പി.സി.സി. പ്രസിഡന്റും കോൺഗ്രസുകാരും കൂടോത്രവുമായി നടക്കുന്നത്. ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള പാർട്ടിയെന്നാണ് കോൺഗ്രസിനെക്കുറിച്ച് പറയാറുള്ളത്. ജവഹർലാൽ നെഹ്റു ഉത്പതിഷ്ണുവായിരുന്നു, അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും

ഒരു മതത്തിലും വിശ്വാസമില്ലാത്ത വ്യക്തിയുമായിരുന്നു. സർ, ക്ഷേത്രം സംബന്ധിച്ച് പാളയം പോലീസ് സ്റ്റേഷനിൽ കേസുണ്ടെന്ന് പറഞ്ഞു. അവർ എവിടെയൊക്കെയാണ് പരിശോധിക്കാൻ വരുന്നതെന്ന് എനിക്കറിയില്ല. അങ്ങ് ഇവിടേയ്ക്കുവരാൻ സമ്മതിക്കരുത്. തൊട്ടടുത്തുള്ള ആൾവരെ കാലുവാരാൻ ശ്രമിക്കുന്നുവെന്നെല്ലാം പത്രവാർത്തയുണ്ട്. ഇവിടെ എന്തെങ്കിലും കുഴിച്ചിട്ടിട്ടുണ്ടെന്ന് പറഞ്ഞ് ഇവിടേയ്ക്കുവന്നാൽ അത് നമുക്ക് അപമാനമാണ്. അതുകൊണ്ട് അത്തരമൊരു അവസരമുണ്ടാക്കരുതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും പിന്തുണച്ചുകൊണ്ടും എന്റെ ചെറുപ്രസംഗം എം.ടി. കഥയിലെ മന്ത്രവാദിയായ ശങ്കുണ്ണിപ്പണിക്കർക്ക് സമർപ്പിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

2.00 pm

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കൊല്ലം അസീസിയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയ എല്ലാ കുട്ടികളും ഹൗസ് സർജൻസിക്ക് പോകുമ്പോൾ അഹീല ഹസൻ എന്ന കുട്ടിയെമാത്രം പുറത്തുനിർത്തിയിരിക്കുകയാണ്. ഈ കുട്ടിയുടെ പേരടക്കം പറയാനുള്ള കാരണം ഇത് ഒരു കുട്ടിയുടെമാത്രം കാര്യമല്ല; കേരളത്തിലെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ ആയിരക്കണക്കിന് കുട്ടികളിൽ ഒരാൾമാത്രമാണ്. എന്താണ് കാരണമെന്ന് ചോദിച്ചാൽ; വിദ്യാതീരം പദ്ധതിയിൽ വിദ്യാർഥികൾക്ക് നൽകേണ്ട ഫിഷറീസ് ഗ്രാന്റ് സർക്കാർ നൽകാത്തതുകൊണ്ടാണ് ഈ കുട്ടി ഉൾപ്പെടെയുള്ള വിദ്യാർഥികൾ പുറത്തുനിൽക്കേണ്ടിവരുന്നത്. ഉമ്മൻചാണ്ടി സാറിന്റെ ഓർമ്മ ദിനം ഈ മാസം 18-ാം തീയതിയാണ്. അദ്ദേഹമാണ് കേരളത്തിൽ വിദ്യാതീരം പദ്ധതി ആവിഷ്കരിക്കുകയും വിദ്യാർഥികൾക്ക് പഠിച്ച് വളരാനുള്ള എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യാനാവശ്യമായ നടപടികൾക്ക് നേതൃത്വം

നൽകുകയും ചെയ്തത്. എസ്.സി./എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. വിദ്യാർഥികളുടെ ലംപ്സം ഗ്രാൻഡ്, സ്റ്റൈപ്പന്റ് ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ നൽകാത്ത അവസ്ഥയാണുള്ളത്.

കേരളത്തിൽ കുറഞ്ഞ തുകയുടെ മുദ്രപത്രങ്ങൾ (50 രൂപ മുതൽ 500 രൂപ വരെയുള്ള മുദ്രപത്രങ്ങൾ) 14 ജില്ലകളിലും ഇന്ന് ലഭ്യമല്ല. 1,000 രൂപയുടെ മുദ്രപത്രങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്. ഇത് സർക്കാരിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായുണ്ടാകുന്ന നടപടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. നഗരസഭയുടെ അനുമതിക്ക് 100 രൂപയുടെ മുദ്രപത്രവും വിദേശത്ത് ലോൺ എടുത്ത് പഠിക്കാൻ പോകാൻ 200 രൂപയുടെ മുദ്രപത്രവും സർക്കാരിന്റെ നയമനുസരിച്ച് വാടക കരാറിന് ഇപ്പോൾ വർധിപ്പിച്ചതുൾപ്പെടെ 500 രൂപയുടെ മുദ്രപത്രവും ഒരു പവർ ഓഫ് അറ്റോർണിക്ക് 600 രൂപയുടെ മുദ്രപത്രവും മതിയെന്നിരിക്കെ 1,000 രൂപയിൽ താഴെയുള്ള ഒരൊറ്റ മുദ്രപത്രംപോലും ലഭ്യമല്ല. 1,000 രൂപയുടെ മാത്രം മുദ്രപത്രം ലഭ്യമാക്കിക്കൊണ്ട് സർക്കാർ ജനങ്ങളെയാകെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഇന്ന് ഇ-സ്റ്റാമ്പിംഗ് നടക്കുന്നില്ല. ഒരു

ലക്ഷം രൂപയ്ക്ക് മുകളിലെ തുകയ്ക്കുള്ള ഇ-സ്റ്റാമ്പിംഗ് മാത്രമാണ് കേരളത്തിൽ നടക്കുന്നത്.

എന്റെ നിയോജകമണ്ഡലത്തിലെ മുട്ടിൽ പഞ്ചായത്തിലെ എടത്തിൽ കോളനി ഏറ്റവും ദുർബലരായ പണിയ വിഭാഗക്കാർ താമസിക്കുന്ന ടൈബൽ കോളനിയാണ്. അവിടെ സന്തോഷ് എന്നുപറയുന്ന ഒരു കുട്ടി മരിച്ചപ്പോഴാണ് ഞാൻ അവിടെ പോകാനിടയായത്. 2022 മുതൽ ആ വീട്ടിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയുണ്ട്. വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം വയനാട് ജില്ലയിൽമാത്രം 1514 ആണ്. എന്തിനാണ് ഈ സർക്കാർ ഭരിക്കുന്നത്? രണ്ട് വർഷമായി പാവപ്പെട്ട ആദിവാസി കുടുംബങ്ങളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക മാത്രമല്ല, ഇ-ഗ്രാന്റ് ഇനത്തിൽ 203 കോടി രൂപയാണ് നൽകാനുള്ളത്. പട്ടികവർഗ വിദ്യാർഥികൾക്ക് 14.59 കോടി രൂപയും പിന്നാക്ക വിഭാഗങ്ങൾക്ക് 295 കോടി രൂപയും നൽകാനുണ്ട്. സമാനമായ രീതിയിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ വൈദ്യുതി

ചാർജ്ജ് നൽകാത്തതുകൊണ്ട് അവരുടെ വാട്ടർ സപ്ലൈ കണക്ഷനുൾപ്പെടെ വിച്ഛേദിച്ചിരിക്കുകയാണ്. അതീവഗുരുതരമായ സാഹചര്യത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് റൂൾ 285 അനുസരിച്ച് സർക്കാരിന് എതിരായുള്ള അഴിമതി ആരോപണം എഴുതി നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: അതിൽ ചെയർ മനസ്സിലാക്കുന്ന ഒരു കാര്യം, അത് സബ്ജൂഡീസ് ആണെന്നാണ്. കോടതിക്ക് മുമ്പിൽ പെൻഡിംഗായ കേസ്സാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ല; നാളെ ക്ലാരിഫൈ ചെയ്യാമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ പ്രസ്തുത വിഷയം നാളെ ഉന്നയിക്കാം. റൂൾ 285 പ്രകാരം ശ്രീ. ടി. സിദ്ദിഖ് കത്ത് നൽകിയിരുന്നു. അതിന്റെ കോപ്പി മന്ത്രിക്ക് നൽകിയിട്ടുണ്ട്. But he is not here.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിലും അങ്ങേയ്ക്കും ഞാൻ നോട്ടീസ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിക്കാതിരിക്കാൻ നിർവാഹമില്ലാത്തതുകൊണ്ടാണ്. സംസ്ഥാന

സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖല സ്ഥാപനമായ കോഴിക്കോട് ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ലക്സ് ഇപ്പോൾ പ്രവർത്തിക്കുന്നത് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും സ്റ്റീൽ കോപ്ലക്സ് ലിമിറ്റഡും ഒരുമിച്ച് ചേർന്നുകൊണ്ടാണ്. നാഷണൽ ഹൈവേയോട് ചേർന്നുള്ള 30 ഏക്കർ ഭൂമിയിലാണിത് പ്രവർത്തിക്കുന്നത്. അതിന്റെ മതിപ്പുവില 300 കോടിയിൽപ്പരം രൂപയാണ്. ഇത്രയും രൂപ വിലവരുന്ന സ്റ്റീൽ കോംപ്ലക്സിന്റെ ഈ സ്ഥാപനം ഛത്തിസ്ഗഢ് ഔട്ട് സോഴ്സിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് പറയുന്ന ഒരു സ്ഥാപനത്തിന് 30 കോടി രൂപയ്ക്ക് കൈമാറിയിരിക്കുകയാണ്. അതീവഗുരുതരമായ ഒരു സാഹചര്യമാണിത്. സർക്കാർ ഇക്കാര്യം അറിഞ്ഞില്ലെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത്. ഈ വിഷയം പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ പ്രസ്താവനയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വ്യവസായ വകുപ്പിലെ ഐ.എ.എസ്. ഉദ്യാഗസ്ഥയാണ് കമ്പനിയുടെ ചെയർമാൻ. ഈ തീരുമാനമെടുക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ? കമ്പനിയുടെ രജിസ്റ്റേർഡ്

ഓഫീസിൽ ചെയർമാന്റെ കീഴിലുള്ള മാനേജിംഗ് ഡയറക്ടർ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. ഈ രണ്ടുപേരും പ്രവർത്തിച്ചത് സർക്കാർ അറിയാതെയാണോ? 23-03-2023-ന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനം പാപ്പരായി പ്രഖ്യാപിക്കപ്പെട്ടത് ഈ സർക്കാർ അറിഞ്ഞിട്ടില്ലേ;

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ചെയർ റൂളിംഗ് നൽകിയതിനുശേഷവും അതുമായി ബന്ധപ്പെട്ട വിഷയം ഇവിടെ ഉന്നയിക്കുന്നത് ചെയറിന്റെ റൂളിംഗിന് വിരുദ്ധമാണ്. അത് ശ്രദ്ധിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ചെയറിന്റെ റൂളിംഗ് പാലിച്ച് പോകുന്ന ആളാണ്. അതിൽ ഒരു തർക്കവുമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കയറി വരുന്ന സമയത്ത് അങ്ങ് പറയുന്നത് കേട്ടതേയുള്ളൂ. തുടക്കത്തിൽ പറഞ്ഞത് കേട്ടില്ല. ഇത് സബ്ജൂഡീസ് ആണെന്ന് അങ്ങ് പറയുന്നത് കേട്ടു. സബ്ജൂഡീസായ ഒരു കാര്യം സഭയിൽ പറയാമോ എന്നത് ഒന്നാമത്തെ കാര്യമാണ്. അതിനേക്കാളുപരി ഒരു കാര്യംകൂടി ചെയർ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇവിടില്ല; നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല.

നാളെ ബഹുമാനപ്പെട്ട മന്ത്രിയുണ്ടാകും. അന്നേരം ഇതേകാര്യംതന്നെ വേണമെങ്കിൽ ഉന്നയിക്കാമല്ലോ; ചെയർ അത് പറഞ്ഞതാണല്ലോ? അത്തരം കാര്യങ്ങളിലൊക്കെ സാമാന്യമായ ഒരു മര്യാദയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിനും ഇന്ന് വൈകിട്ട് എറണാകുളത്ത് ഒരു പരിപാടിയിൽ പങ്കെടുക്കേണ്ടതുകൊണ്ട് പോയതാണ്. അത് ഒരു മര്യാദയുടെ പ്രശ്നമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഒരു റൂളിംഗ് നടത്തിയാൽ അതിനെ ധിക്കരിച്ച് ഞങ്ങളാരും ഒന്നും ചെയ്യുകയില്ല. ഇത്, ഒരു അഴിമതി ആരോപണം റൂൾ 285 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും എഴുതി നൽകിയതാണ്. മന്ത്രി സ്ഥലത്തില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയല്ലേ? ഏതെങ്കിലും ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാവുന്നതാണ്. അല്ലെങ്കിൽ നാളെവന്ന് അദ്ദേഹത്തിന് മറുപടി പറയാവുന്നതാണ്. ശ്രീ. ടി. സിദ്ദിഖിന് ഇന്നാണ് അവസരമുള്ളത്; നാളെ അദ്ദേഹത്തിന് ഇത് പറയാനുള്ള അവസരമില്ല. കോഴിക്കോട്

ജില്ലക്കാരൻകൂടിയായ അദ്ദേഹം ഈ വിഷയം പരാമർശിക്കുന്നതുകൊണ്ട് എന്താണ് പ്രശ്നം? ഇവിടെ അഴിമതി ആരോപണമായി ഉന്നയിക്കപ്പെട്ടിട്ടുള്ള മുഴുവൻ കേസ്സുകളും കോടതിയിലെ പെൻഡിംഗ് കേസ്സുകളാണ്. ബാർ കോഴ കേസ് കോടതിയിൽ പെൻഡിംഗിൽ ഇരിക്കുമ്പോഴല്ലേ ഇവിടെ അഴിമതി ആരോപണം ഉന്നയിച്ചത്. There are so many precedence so.. എനിക്ക് അങ്ങയോടുള്ള അപേക്ഷ... Let him talk.

മി. സ്പീക്കർ: Someone has to break that precedence. Yes.... please..

ശ്രീ. ടി. സിദ്ദിഖ്: സർ, എൻ.സി.എൽ.ടി.-യുടെ പാപ്പരത്വ പരിഹാര പ്രക്രിയ ആരംഭിക്കാൻ ഉത്തരവിട്ടതും ആർ.പി.-യെ നിയമിച്ചതും സർക്കാർ അറിഞ്ഞിട്ടല്ലേ? 30-12-2023-ൽ കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ്-ന്റെ റെസൊല്യൂഷൻ പ്ലാൻ 100 ശതമാനം വോട്ടോടുകൂടിയാണ് അംഗീകരിച്ചത്. അതും ഈ സർക്കാർ അറിഞ്ഞിട്ടല്ലേ? സർക്കാരിനുവേണ്ടി 33 കോടി രൂപയുടെ ക്ലെയിമുണ്ട്. ആ ക്ലെയിം 22 കോടി രൂപയ്ക്ക് അഡ്മിറ്റ് ചെയ്തു. സർക്കാരിന്റെ പ്രതിനിധി 33 കോടി രൂപയുടെ ക്ലെയിം 15 ലക്ഷം രൂപയ്ക്ക് സെറ്റിൽ ചെയ്തിരിക്കുകയാണ്. ഇതൊന്നുംതന്നെ ഈ സർക്കാർ

അറിഞ്ഞിട്ടല്ലെന്ന് പറഞ്ഞാൽ... ഇത് റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലായിരുന്നു. പക്ഷേ ചെറുത്തുനിൽപ്പും സമരവുംമൂലം സർക്കാരിന് അവസാനം എൻ.സി.എൽ.ടി.-യിലേയ്ക്ക് നിയമ നടപടികളുമായി പോകാനും ഇന്ന് തയ്യാറാകേണ്ടിവന്നു. എൻ.സി.എൽ.ടി.-യിൽ ഇന്നെടുത്ത ശ്രമം അന്നെടുത്തിരുന്നെങ്കിൽ ഈ പ്രശ്നം ഇന്നുണ്ടാകുമായിരുന്നില്ല. അതീവ ഗൗരവതരമായ ഈ ആരോപണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകകയാണ്. സത്യം ചെരുപ്പിടാൻ തുടങ്ങുമ്പോഴേയ്ക്കും നുണ ലോകം ചുറ്റിയിരിക്കുമെന്നത് ഈ സഭയിലും പുറത്തും പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്ന ഓരോ പ്രചരണങ്ങളുമെടുത്ത് പരിശോധിച്ചാൽ കൃത്യമായി ബോധ്യപ്പെടുന്നതാണ്. ഇപ്പോൾ ഏറ്റവും അവസാനം സംസാരിച്ച ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടെയുള്ള അംഗങ്ങൾക്കും യഥാർഥ വസ്തുത എന്താണെന്നറിയാമെങ്കിലും ഉണ്ടയില്ലാത്ത ഒരു വെടി പൊട്ടിച്ചിട്ട് പോകുന്ന

എന്നുമാത്രം. കേരളത്തിലെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർ ഓരോ സന്ദർഭത്തിലും ചില മാധ്യമങ്ങളെയും വാർത്തകളെയും പ്രചരണങ്ങളെയും ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ ചുമതല നിർവഹിച്ചുകൊണ്ടേയിരിക്കുകയാണ്. ശൂന്യതയിൽനിന്ന് ഭസ്മത്തെ തൊട്ട് ആപ്പിൾ വരെ സൃഷ്ടിക്കുന്ന ചില ആൾദൈവങ്ങളെക്കുറിച്ച് നമ്മൾ സാധാരണഗതിയിൽ സൂചിപ്പിക്കാറുണ്ട്. സത്യംപറഞ്ഞാൽ ഇത്തരം ആൾദൈവങ്ങളുടെ മെയ്വഴക്കത്തോടും വായ്മുഴക്കത്തോടും കൂടിയാണ് ഈയടുത്ത കാലത്ത് കേരളത്തിൽ മാധ്യമങ്ങൾ പല വാർത്തകളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. വാർത്തകൾ അതേപടി വിഴുങ്ങി അത് ഓരോ ദിവസവും സഭയിൽ അവതരിപ്പിച്ച് കൃതാർത്ഥരായിക്കൊണ്ടിരിക്കുന്ന ചുമതലയാണ് കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം.)-നും കേരളത്തിലെ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും എതിരായി ഏതെല്ലാം തരത്തിലുള്ള വാർത്തകളാണ് അവർ പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ചില മാധ്യമങ്ങൾ അവരുടെ തെറ്റ് തിരുത്താൻ

തയ്യാറാകുന്നെന്നനിലയിൽ ചില വാർത്തകൾ വരുന്നുണ്ട്. അത് ആശ്വാസകരമാണ്. എന്നാൽ ഇതെല്ലാം ഏറ്റെടുത്തുകൊണ്ടുനടക്കുന്ന പ്രതിപക്ഷം തങ്ങൾക്ക് പറ്റിയ തെറ്റ് ഏതെങ്കിലും സമയത്ത് തിരുത്താൻ തയ്യാറായിട്ടുണ്ടോ? ഇന്ന് രാവിലെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ വിഷയം യഥാർഥത്തിൽ എന്തായിരുന്നു; ഞാൻ ആലപ്പുഴ ജില്ലക്കാരനാണ്. അത്രുരിലുണ്ടായ സംഭവുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ, അതിലെവിടെയാണ് രാഷ്ട്രീയമുള്ളത്; അവിടെ പോലീസ് എന്തുകാര്യമാണ് ചെയ്യാതിരുന്നത്? കേസ്സെടുത്ത് കുറ്റവാളികളെ അറസ്റ്റ് ചെയ്തില്ലേ; ഇതിൽ സി.പി.ഐ.(എം.)-ന് എന്തു ബന്ധമാണുള്ളത്? പക്ഷെ എന്തൊക്കെയോ പർവതീകരിച്ചുകൊണ്ടാണ് പ്രതിപക്ഷം ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. ഇവിടെ ഇരുന്നവർക്കറിയാം ഒന്നുമില്ലെന്ന്. പക്ഷെ മാധ്യമങ്ങളിൽക്കൂടി ഇത് വീക്ഷിക്കുന്നവർക്ക് എന്തോ വലിയൊരു സംഭവമുണ്ടായിരിക്കുന്നു എന്നുതോന്നാം. ഇവിടെ ഈ സർക്കാരിന് കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയില്ലെന്ന പ്രതീതിയുണ്ടാകത്തക്ക പ്രചരണമാണ് അവർ നടത്തുന്നത്. അതുപോലെ ഇന്നലത്തെ

അടിയന്തരപ്രമേയം എന്തായിരുന്നു; ഇതുപോലൊരു വിഷയമായിരുന്നു. അതിനുശേഷമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പി.എസ്.സി.-യുമായി ബന്ധപ്പെട്ട വിഷയം സബ്മിഷനായി അവതരിപ്പിച്ചത്. ടി വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായാണ് സഭയിൽ മറുപടി പറഞ്ഞത്. പക്ഷെ അവിടെയും ഒരു ഉന്നമുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അനാവശ്യമായി ഇതിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ് ചെയ്യുന്നത്. ഇതൊക്കെയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ ലക്ഷ്യമാക്കി നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളുടെ ഭാഗമായാണ് ഇത്തരം പ്രചരണങ്ങൾ നടക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ടെന്ന കാര്യം അവർ ഓർക്കണം. സി.പി.ഐ. (എം.)-ന്റെ നേതൃത്വത്തിലുള്ള ഏതെങ്കിലും ഒരാൾ നയാപൈസ വാങ്ങിയെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; പക്ഷെ ഇവിടെ വന്ന് അത്തരത്തിൽ സംസാരിക്കുന്നു, വൈകുന്നേരം ചാനൽ ചർച്ച, പിന്നെ പത്രത്തിൽ വാർത്ത ഇതൊക്കെകൊണ്ട് അവർ കൃതാർത്ഥരായി പോകുകയാണ്. എന്തെല്ലാം

പ്രചാരവേലകളാണ് മാധ്യമങ്ങൾ നടത്തിയിട്ടുള്ളത്. എട്ട് വർഷക്കാലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നിരന്തരം വേട്ടയാടുകയാണ്. ഇ.ഡി.യും അതുപോലെയുള്ള എല്ലാ ഏജൻസികളും ഇവിടെ ചുറ്റിക്കറങ്ങിയില്ലേ; ഏതെങ്കിലും രീതിയിൽ ഒരു തുരുമ്പെങ്കിലും അവർക്ക് പിടിച്ചെടുക്കാൻ സാധിച്ചോ? മുഖ്യമന്ത്രിയെ ഉന്നംവച്ച് എട്ട് വർഷക്കാലമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളൊന്നും വിജയിച്ചിട്ടില്ല. ഒരു കേസും എടുത്തിട്ടില്ല; അതിന് കഴിയുകയുമില്ല. ഈ സഭയുടെ മുന്നിൽ രണ്ട് കൈകളും ഉയർത്തിയാണ് 'എന്റെ കൈകൾ ശുദ്ധമാണ് അതുകൊണ്ട് തൊടാൻ ഒക്കില്ല' എന്നദ്ദേഹം പറഞ്ഞത്. നിങ്ങൾ എത്രയൊക്കെ ശ്രമിച്ചാലും കേരള സർക്കാരിനെയും മുഖ്യമന്ത്രിയെയും അപകീർത്തിപ്പെടുത്താമെന്ന് ധരിക്കേണ്ട. നിങ്ങൾ മാധ്യമങ്ങളുടെ പിന്നാലെ പൊയ്ക്കോളൂ. ബാർക്കോഴ വിവാദത്തെക്കുറിച്ച് ഓർക്കുന്നുണ്ടല്ലോ; ഇപ്പോൾ എന്താണ് അതേക്കുറിച്ചൊന്നും മിണ്ടാത്തത്? ടൂറിസം വകുപ്പുമന്ത്രി എന്തിനാണ് അതിൽ ഇടപെട്ടതെന്നല്ലേ നിങ്ങൾ ചോദിച്ചത്; അതിനുമുമ്പുള്ള ചരിത്രങ്ങളെല്ലാംവച്ച് ബാർകോഴ സംബന്ധിച്ച നടപടികൾ സൂചിപ്പിക്കപ്പെട്ടപ്പോൾ ആ പ്രശ്നം

തീർന്നു. യൂത്ത് കോൺഗ്രസ്സിന്റെ സമരം എവിടെപ്പോയി? ഒരു കാര്യവുമില്ലാതെ ഇല്ലാത്ത പഴയകാല ബാർക്കോഴയുമായി ബന്ധപ്പെട്ട വിവാദത്തെ പരാമർശിച്ച് കേരളത്തെ ആളിക്കത്തിക്കാനാണ് അവർ ശ്രമിക്കുന്നത്. അതല്ലേ ഇവിടെ നടക്കുന്നത്? കഴിഞ്ഞ ദിവസം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ വൈദ്യുതി വിച്ഛേദിച്ചതുമായി ബന്ധപ്പെട്ട ഒരു സംഭവമുണ്ടായി. അക്കാര്യം മാധ്യമങ്ങളിലും വലിയ ചർച്ചയായിരുന്നു. എന്നാൽ അവിടെ അക്രമം നടത്തിയ യൂത്ത് കോൺഗ്രസ്സുകാരുടെ ചെയ്തികളെക്കുറിച്ച് ഇവിടെ ചർച്ചയുണ്ടോ? എസ്.എഫ്.ഐ. പ്രവർത്തകരായ കുട്ടികൾക്ക് സംഭവത്തിൽ ബന്ധമില്ലെങ്കിലും അതിലൊരു എസ്.എഫ്.ഐ. അനുഭാവിയുണ്ടെങ്കിൽ അത് വലിയ വാർത്തയാകും. ഡി.വൈ.എഫ്.ഐ. ആണെങ്കിലും അങ്ങനെ തന്നെയാണ്. എന്നാൽ യൂത്ത് കോൺഗ്രസ്സാണ് അത് കാട്ടിക്കൂട്ടുന്നതെങ്കിൽ ആ അക്രമത്തെക്കുറിച്ച് നമ്മുടെ നാട്ടിൽ ചർച്ചയില്ല; വൈകുന്നേരങ്ങളിലെ ചാനൽ ചർച്ചയുമില്ല. ചില മാധ്യമങ്ങളുടെ വാർത്തകൾക്കും നിർദേശങ്ങൾക്കുമനുസരിച്ച് പ്രതിപക്ഷം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു

എന്നതാണ് വസ്തുത. എ.കെ.ജി. സെന്ററുമായി ബന്ധപ്പെട്ട വിഷയം എത്രദിവസമാണ് സഭയിൽ പല രീതിയിൽ അവതരിപ്പിക്കപ്പെട്ടത്. പ്രതിയെ കിട്ടിയോ; പിടിക്കുമോ? എന്തെല്ലാം ചോദ്യങ്ങളായിരുന്നു. ഒടുവിൽ പ്രതിയെ കിട്ടിയല്ലോ; കിട്ടിയിട്ടെന്തായി? ഇപ്പോൾ ചർച്ചയുണ്ടോ; അതിനെക്കുറിച്ച് മിണ്ടുന്നുണ്ടോ? അടിയന്തരപ്രമേയമായും മറ്റു നടപടികളുടെ ഭാഗമായും ഏതെല്ലാം രീതിയിലാണ് ഇക്കാര്യത്തിൽ കേരളസർക്കാരിനെ ആക്ഷേപിക്കാൻ നോക്കിയിട്ടുള്ളത്. ഇവിടെ വസ്തുതകളിലേയ്ക്ക് കടക്കുന്നില്ല. കേന്ദ്രസർക്കാർ കേരളത്തിന് ഒരു അർഹതപ്പെട്ട വിഹിതം നൽകാനുണ്ട്. മലയാളികൾ എന്ന നിലയിൽ നമ്മൾ ഓരോരുത്തർക്കും അവകാശപ്പെട്ടതാണത്. കേന്ദ്രം അത് തരാതിരിക്കുന്ന സാഹചര്യത്തിൽ, നമുക്ക് അർഹതപ്പെട്ട വിഹിതം വാങ്ങിയെടുക്കാൻ ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. ആ സമയത്ത് അനാവശ്യ വിവാദങ്ങളുണ്ടാക്കി കേരളത്തിന്റെ വികസനത്തേയും പുരോഗതിയേയും തടസ്സപ്പെടുത്താനല്ലേ നോക്കിക്കൊണ്ടിരിക്കുന്നത്. കേരളം കടമെടുത്ത് മുടിഞ്ഞെന്നും ഇനി കേരളത്തിന് കടമെടുക്കാൻ കഴിയില്ലെന്നും എല്ലായ്പ്പോഴും ഒരു

പ്രചരണമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വളരെ കൃത്യതയോടുകൂടി ഇന്നലെ കാര്യങ്ങൾ സംസാരിച്ചു. ഇതേക്കുറിച്ച് ഇനിയും അദ്ദേഹം സംസാരിക്കും. നമുക്ക് അർഹതപ്പെട്ട 13,609 കോടി രൂപയുടെ വായ്പാ അനുമതി കേന്ദ്രം നിഷേധിക്കുകയും അതേസമയം മറ്റ് സംസ്ഥാനങ്ങൾക്ക് വായ്പാ അനുമതി നൽകുകയും ചെയ്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത തുക കടമെടുക്കാൻ കഴിയാത്തതിന്റെ ഫലമായി പല പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ശ്രീ. ടി. സിദ്ദിഖ് അടക്കമുള്ള അംഗങ്ങൾ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ചില തുകകൾ കുടിശ്ശികയാണ്. 19,800 കോടി രൂപ കഴിഞ്ഞ വർഷം കടമെടുത്തതിൽ 7200 കോടി രൂപ തിരിച്ചടച്ചു. എന്നാൽ മറ്റുസംസ്ഥാനങ്ങളുടെ കടം എത്ര രൂപയാണ്; തമിഴ്നാട് 87,000 കോടി രൂപ, മഹാരാഷ്ട്ര 72,000 കോടി രൂപ, ബംഗാൾ 63,000 കോടി രൂപ, ആന്ധ്രാപ്രദേശ് 57,478 കോടി രൂപ, യു.പി. 55612 കോടി രൂപ, രാജസ്ഥാൻ 46,057 കോടി രൂപ, ഹരിയാന 45,188 കോടി രൂപ, ഗുജറാത്ത് 43,000

കോടി രൂപ. ഇതെല്ലാം മറച്ചുവയ്ക്കുകയല്ലേ? ഈ സംസ്ഥാനങ്ങളെല്ലാം കടമെടുത്തുതന്നെയാണ് കാര്യങ്ങൾ മുന്നോട്ടുനീക്കുന്നത്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ആരെങ്കിലും കേന്ദ്രത്തിൽനിന്നും നമുക്ക് കിട്ടേണ്ട 4000 കോടിയോളം രൂപയെക്കുറിച്ച് സൂചിപ്പിച്ചിരുന്നോ? ഇന്നത്തെ സ്ഥിതിയെന്താണ്; NHM-ൽ പ്രവർത്തിക്കുന്നവർക്ക് ശമ്പളമില്ല. പ്രസ്തുത തുക സംസ്ഥാന ഗവൺമെന്റാണ് നൽകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി ഒരു കാലത്ത് തൊണ്ണൂറ് ശതമാനംവരെ കേന്ദ്രത്തിൽ നിന്ന് വായ്പ ലഭിച്ചിട്ടുണ്ട്. എന്നാൽ കേവലം അറുപത് ശതമാനം മാത്രമാണ് ഇന്ന് ലഭിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം വെട്ടിക്കുറയ്ക്കുകയല്ലേ ചെയ്യുന്നത്. സപ്ലൈകോ, നെല്ല് സംഭരണം തുടങ്ങിയ ഇനങ്ങളിൽ ഏകദേശം ആയിരത്തി ഇരുന്നൂറോളം കോടിരൂപയാണ് കിട്ടാനുള്ളത്. ഹെൽത്ത് ഗ്രാന്റായി 725 കോടി രൂപയും ലഭിക്കാനുണ്ട്. ഞാനെല്ലാം ഓരോന്നോരോന്നായി അവതരിപ്പിക്കുകയല്ല. ഉച്ചഭക്ഷണപദ്ധതിയുടെ കാശുപോലും കേന്ദ്രസർക്കാർ തരുന്നില്ല. കേന്ദ്രം നൽകാനുള്ള പണം തരണമെന്ന് പറയാനും കേരളത്തിന്റെ അവകാശത്തിനുംവേണ്ടി

ശബ്ദിക്കാനുള്ള ബാധ്യത പ്രതിപക്ഷത്തിനില്ലേ; ആ ബാധ്യതയാണോ നിറവേറ്റിക്കൊണ്ടിരിക്കുന്നത്; പകരം പ്രതിപക്ഷം എന്താണ് ഇവിടെ ചെയ്യുന്നത്? കാര്യങ്ങളെ ഊതിപ്പെരുപ്പിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി എട്ടുവർഷം കൊണ്ട് എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്?

പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ നിയോജകമണ്ഡലത്തിലും എത്ര കോടിരൂപയുടെ വികസനമാണ് ഉണ്ടായിട്ടുള്ളത്; നിലവിൽ എന്തുമാത്രം വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്; ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും ക്ഷേമ പ്രവർത്തനങ്ങളിലും കേരളം മുന്നോട്ടുപോകുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ടത് നൽകാതിരിക്കുന്ന കേന്ദ്രനയത്തിനെതിരെ ഒന്നിച്ചുനിൽക്കാൻ ഇനിയെങ്കിലും നിങ്ങൾ തയ്യാറാകണം. അതുമാത്രമാണ്

എനിക്ക് നിങ്ങളോട് അഭ്യർഥിക്കാനുള്ളത്. ഒരിക്കൽക്കൂടി ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഗ്നിപരീക്ഷകളെ അതിജീവിച്ച സംസ്ഥാനമാണ് കേരളം. ഇന്ത്യയുടെ രാഷ്ട്രീയ നഭസ്സിൽ തിളങ്ങിയും ഉയർന്നും നിൽക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായത് നിശ്ചയദാർഢ്യമുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് കേരളം ഭരിക്കുന്നതുകൊണ്ടുതന്നെയാണ്. ഈ കാലയളവിൽ തനതുവരുമാനം വർധിപ്പിച്ചും സാമ്പത്തിക കടന്നാക്രമണങ്ങളെയും ഉപരോധങ്ങളെയും അതിജീവിച്ചും മുന്നോട്ടുപോകാൻ കഴിയുന്നതിൽ ധനകാര്യവകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ പ്രതിപക്ഷം എത്ര മോഹിച്ചിട്ടും നിങ്ങൾക്കുവേണ്ടി ചില മാധ്യമങ്ങൾ അച്ചുനിരത്തിയും സന്ധ്യാവിലാപം നടത്തിയും ആക്രോശിച്ചിട്ടും ഒരുദിവസംപോലും ഈ കാലയളവിൽ കേരളത്തിൽ ടഷറി പൂട്ടിയിട്ടില്ല; ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടില്ല. ഒരുപാട് പ്രയാസങ്ങൾ അനുഭവിച്ചിട്ടും കൃത്യതയോടെ, ശരിയായ

സാമ്പത്തിക ക്രമീകരണത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞു. ഇത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. 2021-22-ലെ തനതുനികുതി വരുമാന വർദ്ധന 22.41 ശതമാനമായിരുന്നത് കഴിഞ്ഞ വർഷം 23.36 ശതമാനമായി വർധിക്കുകയാണുണ്ടായത്. കേരളത്തിൽ റവന്യൂകമ്മി ഒരു ശതമാനത്തിൽതാഴെ 0.9 ശതമാനത്തിൽ വന്നത് ചരിത്രത്തിലാദ്യമാണെന്നത് പ്രതിപക്ഷം കാണണം. തനതുവരുമാന സ്രോതസ്സുകൾ വഴിയാണ് ചെലവുകളുടെ മുഖ്യപങ്കും ഈ കേരളത്തിൽ നിർവഹിച്ചുവരുന്നത്. കേരളത്തിന്റെ ജി.എസ്.ടി. ഭരണ നിർവഹണത്തിൽ നിങ്ങൾ പല ആക്ഷേപങ്ങളും ചൊരിയുന്നുണ്ട്. രാജ്യത്തിന് മാതൃകയായി മാറുന്ന കേരളത്തിലെ ജി.എസ്.ടി. പരിഷ്കരണം പഠിക്കുന്നതിനുവേണ്ടി പല സംസ്ഥാനങ്ങളിൽനിന്നും ഉദ്യോഗസ്ഥർ ഇവിടെ വരുന്നുണ്ട്; അത് കാണാതെ പോകരുത്. ജി.എസ്.ടി. കൃത്യമായി പിരിക്കുന്നില്ലെന്ന പ്രചരണം തികച്ചും അവാസ്തവമാണ്. കേരളം കടക്കെണിയിലാണെന്ന പ്രചരണമാണ് നിങ്ങളുടെ ചുവടുപിടിച്ച് പല മാധ്യമങ്ങളും ഉയർത്തുന്നത്. ഇന്ത്യയുടെ

കടമെത്രയാണ്; ജി.ഡി.പി.-യെ മറികടക്കുകയാണ് എന്നാണ് IMF-ന്റെ മുന്നറിയിപ്പ്. ജി.ഡി.പി.-യുടെ നൂറ് ശതമാനം കടക്കുമെന്നർത്ഥം. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തിന്റെ മൊത്തം കടം 155.6 ലക്ഷം കോടി രൂപയാണ്. കേരളത്തിന്റെ കടം; അതുകൂടി നോക്കൂ. ജി.ഡി.പി.-യുടെ 37 ശതമാനം, 3.85 ലക്ഷം കോടി രൂപ; ആർ.ബി.ഐ.-യുടെ കണക്കാണ് ഞാൻ ഉദ്ധരിച്ചത്. IMF-ന്റെ നിരീക്ഷണം എന്താണ്; തിരിച്ചടവിന് കഴിവുണ്ടെങ്കിൽ കടത്തിൽ ആശങ്ക വേണ്ടെന്നാണ്; അത് കേരളത്തിന് ബാധകമല്ലേ? കേരളം കടക്കെണിയിലേയ്ക്ക് എന്ന നുണപ്രചാരണങ്ങൾ നടത്തുമ്പോൾ ഈ വസ്തുത നിങ്ങൾ മറക്കരുത്. പിന്നെന്താണ് കേരളത്തിന്റെ സ്ഥിതി. സാമ്പത്തിക ഉപരോധം ഒരു യാഥാർഥ്യമല്ലേ; നിങ്ങളത് കാണുന്നില്ലേ? കേരളം മാത്രമല്ലല്ലോ; ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ അനുഭവിക്കുന്നൊരു ബുദ്ധിമുട്ടല്ലേ, ബുദ്ധിമുട്ടല്ലേ? അതിനെതിരെ ഒന്നിച്ചുനിന്ന് പ്രതികരിക്കേണ്ട പ്രതിപക്ഷം, കേരളത്തിൽ നിങ്ങളുടെ രാഷ്ട്രീയ വിരോധത്തെയും കക്ഷിരാഷ്ട്രീയ വിരോധത്തെയും അടിസ്ഥാനപ്പെടുത്തി ഇങ്ങനെയൊരു സമീപനം എടുക്കുന്നതു

ശരിയാണോയെന്ന് ഇനിയെങ്കിലും ചിന്തിക്കണ്ടേ? വായ്പാ അനുമതിയിൽ 19000 കോടി രൂപയാണ് നിഷേധിച്ചത്. റവന്യൂ കമ്മി ഗ്രാന്റിൽ 8400 കോടി രൂപയാണ് കുറഞ്ഞത്. ജി.എസ്.ടി. നഷ്ടപരിഹാരം 12,000 കോടി രൂപ ഇല്ലാതായി. നികുതി വിഹിതം 3.58 ശതമാനത്തിൽനിന്ന് 1.925 ശതമാനമായി കുറച്ചതിലൂടെ 18000 കോടി രൂപയാണ് വരുമാന നഷ്ടം. ഇങ്ങനെയാണ് കേരളത്തിന് 57400 കോടി രൂപ നഷ്ടമായതെന്ന കണക്ക് ഞങ്ങൾ പറഞ്ഞത്. അങ്ങനെ പറയുമ്പോഴാണ് ഓഫ് ബജറ്റിന്റെ കാര്യം വരുന്നത്. ബജറ്റിന് പുറത്ത് നിങ്ങൾ കടമെടുക്കാൻ പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് ഒരുഭാഷ്യം. കേന്ദ്രഗവൺമെന്റിന്റെ സ്ഥിതി എന്താണ്; നിങ്ങൾ അത് പരാമർശിക്കണ്ടേ, കാണാതെ പോകാമോ? കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഓഫ് ബജറ്റ് കടം എടുക്കുന്നില്ലേ. നാഷണൽ ഹൈവെ അതോറിറ്റി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളൊന്നും കേന്ദ്ര ബജറ്റിൽനിന്നും കുറയ്ക്കുന്നില്ല. ഒരു സാമ്പത്തിക ഫെഡറലിസം അംഗീകരിച്ച രാജ്യമല്ലേ ഇത്; അതിനുവിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന മാതൃക

സംസ്ഥാനങ്ങൾക്ക് നിഷേധിക്കുന്നത് ശരിയാണോ? നമ്മുടെ അവകാശങ്ങൾ ആ രൂപത്തിൽ നിഷേധിക്കുമ്പോൾ അതിനെതിരെ ഒറ്റക്കെട്ടായിട്ടല്ലേ കേരളം നിൽക്കേണ്ടത്. കേരളത്തിന് കേന്ദ്രം വിഹിതം നൽകുന്നത് ഒരു ഔദാര്യമാണോ; നമ്മുടെ അവകാശമല്ലേ? അതുപയോഗിച്ച് കേരളത്തിലെ ജനങ്ങളെ സഹായിക്കുകയല്ലേ നമ്മൾ ചെയ്യുന്നത്. അക്കാര്യത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്ന ഇരട്ടത്താപ്പ്നയം തിരുത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. എന്തെല്ലാം കുടിശ്ശികകളാണ്- യു.ജി.സി. ശമ്പള കുടിശ്ശിക 750 കോടി, നഗരവികസന ഗ്രാന്റ് 546.45 കോടി, ഗ്രാമവികസന ഗ്രാന്റ് 1008 കോടി, നെല്ല് സംഭരണം ഉൾപ്പെടെയുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് 790 കോടി, വിവിധ ദുരിതാശ്വാസങ്ങൾക്ക് 138 കോടി, സംസ്ഥാന ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് (SDMF) 69 കോടി, അപ്പെക്സ് 1925 കോടി, ജി.എസ്.ടി. നഷ്ടപരിഹാരം 511 കോടി ഇതെല്ലാം നമുക്ക് തരേണ്ടതാണ്. ഇതെല്ലാം പിടിച്ചുവച്ചാൽ സ്വാഭാവികമായും സാമ്പത്തിക പ്രയാസമുണ്ടാവില്ലേ; ചില പദ്ധതികളെങ്കിലും മുടങ്ങില്ലേ? ശ്രീ. ടി. സിദ്ദിഖ് പറയുന്നതുകേട്ടാൽതോന്നും കേരളത്തിൽ സാമ്പത്തിക

പ്രയാസങ്ങളും അതിന്റെ ബുദ്ധിമുട്ടുകളും ആദ്യമായിട്ടാണ് വരുന്നതെന്ന്. നിങ്ങൾ ഈ കേരളം ഭരിച്ചിട്ടുള്ളതാണ്. ഒന്നരണ്ടു കാര്യങ്ങളിൽ ഞാൻ താരതമ്യം നടത്തി പറയാം. 2016-ൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ളയുടെ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മറുപടി; പി.എസ്.സി.വഴി 143101 പേർക്ക് നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പിന്നീട് ഒരു ചോദ്യത്തിന് ആ ശിപാർശകൾ മുഴുവൻ നിയമനം നടത്തിയിട്ടില്ലെന്നും അന്നത്തെ മുഖ്യമന്ത്രിക്ക് പറയേണ്ടിവന്നിട്ടുണ്ട്. ഇപ്പോൾ 2024-ൽ ശ്രീ. എം. വിജിൻ ചോദിച്ചപ്പോൾ മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടിയിൽ 2016 മെയ് മുതൽ 2024 മെയ് 30-വരെ 247299 ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകി നിയമനം നടത്തിയെന്ന് പറഞ്ഞിട്ടുണ്ട്. അതാണ് വ്യത്യാസം; നിങ്ങളുടെ ഭരണവും ഈ ഭരണവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കാണണ്ടേ? ഈ ഗവൺമെന്റിനെ ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾവച്ച് വെറുതെ കുറ്റപ്പെടുത്തിയാൽ മതിയോ? അടുത്തത്, മുൻസർക്കാരിന്റ കാലംമുതൽ നാളിതുവരെ 7371.16 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്ന് ഇപ്രാവശ്യം വിതരണം ചെയ്തിട്ടുണ്ട്. 741137 പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. നിങ്ങളുടെ കാലത്തോ; അന്ന് ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് ഉമ്മൻചാണ്ടിയുടെ മറുപടി 482375 പേർക്ക് 651,23,18,033 രൂപ അനുവദിച്ചിട്ടുണ്ട് എന്നാണ്. അനുവദിച്ച തുക മുഴുവൻ കൈമാറാനായിട്ടില്ല. ഇതൊക്കെ കഴിഞ്ഞ കാലങ്ങളിൽ നടന്നതും ഇപ്പോഴും തമ്മിലുള്ള വ്യത്യാസമാണെന്ന് കാണാൻ നിങ്ങൾക്ക് കഴിയണ്ടേ? വിവിധ രംഗങ്ങളിലെ പുരോഗതികളെക്കുറിച്ച് ഇവിടെ പരാമർശിക്കപ്പെട്ടതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇക്കഴിഞ്ഞ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവ വികാസമെന്ന് പറയുന്നത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു; നിങ്ങൾ ജയിച്ചു എന്നതാണ്. തോറ്റ ഞങ്ങൾ എന്താണ് ചെയ്തത്; അതുസംബന്ധിച്ച് ഞങ്ങൾ നല്ല വിലയിരുത്തൽ നടത്തി. ഇടതുപക്ഷ മുന്നണിയിൽപ്പെട്ട ഓരോ പാർട്ടിയും തനതുനിലയിൽ ഞങ്ങൾക്കെന്തുകൊണ്ടാണ് പ്രതീക്ഷിക്കാത്ത തോൽവി സംഭവിച്ചതെന്ന് വിലയിരുത്തിയിട്ടുണ്ട്. അതിന് രാഷ്ട്രീയ സാഹചര്യങ്ങളും പ്രാദേശിക ഘടകങ്ങളും കാരണമായിട്ടുണ്ട്. അതെല്ലാം ഞങ്ങൾ ചർച്ച ചെയ്യുകയാണ്.

ഞങ്ങൾ ചർച്ച ചെയ്യുന്നത് ഞങ്ങൾക്ക് പറ്റിയ ഒരു പരാജയത്തിൽനിന്നും തിരുത്തി ജനങ്ങളിലേയ്ക്ക് കൂടുതൽ ഇറങ്ങുന്നതിനുവേണ്ടിയും ജനവിശ്വാസം നേടുന്നതിനുംവേണ്ടിയാണ്. അത് നിങ്ങളെല്ലാവരും പറയുന്നതുപോലെ, ഞങ്ങളുടെ എല്ലാ പാപഭാരവും കേരളത്തിലെ മുഖ്യമന്ത്രിയുടെ തലയിൽ ഏൽപ്പിച്ച് വിമർശനങ്ങൾ നടത്തുന്നുയെന്നുള്ളത് നിങ്ങളുടെ ഭാവനാസൃഷ്ടിയാണ്. ക്രിയാത്മകമായ ചർച്ചകളാണ് ഞങ്ങൾ നടത്തുന്നത്. ഈ കേരളത്തെ ശക്തമായി നയിക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന് എല്ലാ സഖാക്കൾക്കും എൽ.ഡി.എഫ്.-ന്റെ പ്രവർത്തകർക്കും അറിയാവുന്നകാര്യമാണ്. അതിലൊന്നും നിങ്ങൾ അങ്ങനെ വെറുതെ ഭാവനാവിലാസം കാണേണ്ടതില്ല. എന്നാൽ നിങ്ങളുടെ സ്ഥിതിയെന്താണ്? നിങ്ങൾ ജയിച്ചു; തീർച്ചയായും നിങ്ങൾക്ക് അനുകൂലമായ കാര്യമാണ്. നിങ്ങൾക്ക് ആഹ്ലാദിക്കാനുള്ള വകയുണ്ട്. പക്ഷേ ജയിക്കാനുള്ള സാധ്യത വന്നപ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്. അധികാരത്തിനുവേണ്ടി കൂടോത്രം നടത്തുന്ന സ്ഥിതിയിലേയ്ക്ക് നിങ്ങൾ അധഃപതിച്ചില്ലേ? ഏതെങ്കിലും അന്ധവിശ്വാസി കൂടോത്രം

നടത്തുന്നതിലൊന്നും ഞാൻ അത്ഭുതപ്പെടുന്നില്ല. എന്നെ അത്ഭുതപ്പെടുത്തിയത് മറ്റൊരു കാര്യമാണ്. കോൺഗ്രസ് ജവഹർലാൽ നെഹ്റുവിന്റെ പാർട്ടിയല്ലേ. ക്രൂരോത്രം ചെയ്താൽ കാലിന് ബലക്ഷയം ഉണ്ടാകുമോ; തലയ്ക്ക് പെരുപ്പ് ഉണ്ടാകുമോ? ക്രൂരോത്രം ചെയ്താൽ ജീവൻ രക്ഷപ്പെട്ടുവെന്ന് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ആശ്വസിക്കേണ്ടതുണ്ടോ? ഇവിടെ ഇപ്പോൾ ഏറ്റവും മുതിർന്ന നേതാക്കന്മാരിൽ ഒരാളുള്ളത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തോട് എനിക്ക് വലിയ ബഹുമാനമാണ്. നിങ്ങളിലാരെങ്കിലും ഒരു പ്രസ്താവനയെങ്കിലും കൊടുത്തോ; ഒരു ക്രൂരോത്രത്തിനും ഞങ്ങളുടെ ജീവൻ അപഹരിക്കാൻ കഴിയില്ലെന്നും ഞങ്ങളെ തകർക്കാനാകില്ലെന്നും പറഞ്ഞ് നിങ്ങളുടെ ഉത്തരവാദിത്വപ്പെട്ട ആരെങ്കിലും ഒരു പ്രസ്താവന കൊടുത്തോ? ഇതിൽ അഭിരമിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന അന്ധവിശ്വാസിയായ ഒരാൾ കെ.പി.സി.സി. പ്രസിഡന്റായി തുടരുന്നത് നിങ്ങളുടെ പാർട്ടിക്ക് മാത്രമല്ല, കേരളീയ സമൂഹത്തിനും തികച്ചും അപമാനകരമാണ്. ഒരു സ്വാമി അന്ധവിശ്വാസവും മന്ത്രവാദവും നടത്തി ലക്ഷകണക്കിന് ആളുകളെ കുരുതി

കൊടുത്തതുപോലെ ഇന്ത്യയിൽ മുഴുവൻ വലതുപക്ഷ അന്തരീക്ഷം സൃഷ്ടിച്ചും വർഗീയത വളർത്തിയും മുതലെടുക്കുന്ന ആർ.എസ്.എസ്സ്.-ഉം നിങ്ങളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? തിരുത്താൻ തയ്യാറാകണം, അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. അതുകൊണ്ടാണ് ഞങ്ങൾ ഇടതുപക്ഷവും നിങ്ങൾ വലതുപക്ഷവുമാകുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ അതിന്റെ ഉപക്ഷേപങ്ങളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ രണ്ടാം ബില്ലിനെ അനുകൂലിക്കുകയാണ്. ഈ സഭാ സമ്മേളന കാലയളവിൽ പ്രതിപക്ഷ ബഞ്ച് പ്രത്യേകിച്ച് മുസ്ലിംലീഗ് വല്ലാത്ത അർമാദത്തിലാണ്. യു.ഡി.എഫ്. വിജയമാണ് ഇതിന്റെ നിദാനമെന്ന് പ്രത്യക്ഷത്തിൽ നമുക്ക് തോന്നാമെങ്കിലും മുസ്ലിംലീഗിനെ സംബന്ധിച്ച് യഥാർത്ഥ കാരണം അതല്ല. ഈ ലോക് സഭാ തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ അപമാനം കോൺഗ്രസ്സിൽനിന്ന് അവർ ഏറ്റുവാങ്ങിയിട്ടുണ്ട്. മലപ്പുറത്ത് കെ.എസ്.യു.-

കാർ പച്ചക്കൊടി പിടിച്ച് മുസ്ലിംലീഗിനെ അവരുടെ പുറം ചെണ്ടയാക്കി. ലീഗിന്റെ തലമുതിർന്ന കാരണവന്മാരെക്കൊണ്ട് പീപ്പി വിളിപ്പിച്ചും ബലൂൺ പെരുപ്പിച്ചും തെരുവിൽ നടത്തിച്ചു. വയനാട്ടിൽ മുസ്ലിംലീഗിന്റെ പച്ച പതാക കാണാതിരിക്കാൻ ത്രിവർണ്ണ പതാകയും താഴെ വച്ചവരാണ് ഈ പ്രതിപക്ഷം. അതുകൊണ്ട് യു.ഡി.എഫ്.-ന്റെ ഈ ആഹ്ലാദ നൃത്തം കണ്ടപ്പോൾ എനിക്ക് ഓർമ്മ വരുന്നത് എന്റെ വിദ്യാർത്ഥി കാലഘട്ടമാണ്. പഴയ കാലത്ത് ഇന്നത്തെ കാലത്തെപ്പോലെ ലൈറ്റും വെളിച്ചവും ഇല്ല. അന്ന് ഞങ്ങൾ കുട്ടികൾ രാത്രിയിൽ മദ്രസ പഠനം കഴിഞ്ഞ് ഇടുങ്ങിയ ഇടവഴികളിലൂടെ ഇരുട്ടിലാണ് വീട്ടിലേയ്ക്ക് മടങ്ങുന്നത്. എല്ലാവർക്കും പേടിയുണ്ടാകും. ആ പേടി അറിയാതിരിക്കാൻ ഓടിയും ഉറക്കെ പാട്ട് പാടിയും എങ്ങനെയെങ്കിലും വീട്ടിലെത്തും. അതുപോലെയുള്ള പാട്ടും ഓത്തുമായിട്ടാണ് പ്രതിപക്ഷത്തിന്റെ ആഹ്ലാദ പ്രകടനങ്ങൾ എനിക്ക് അനുഭവപ്പെടുന്നത്. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന് കേന്ദ്രസർക്കാരിന്റെ ജനാധിപത്യ ഫെഡറൽ മതനിരപേക്ഷ വിരുദ്ധ നയനിലപാടുകൾക്ക് എതിരെ എൽ.ഡി.എഫ്. ബഹുജനങ്ങളെ

അണിനിരത്തി അതിശക്തമായ സമരപോരാട്ടങ്ങൾ നടത്തിയിരുന്നു. അതിന്റെ മാത്രം ഗുണഭോക്താക്കളാണ് യു.ഡി.എഫ്. എന്ന് അവർ തിരിച്ചറിയുന്നുണ്ട്. എൽ.ഡി.എഫ്. പാകപ്പെടുത്തിയ ഈ മണ്ണിൽ ഇന്ത്യാ മുന്നണിയെന്ന വിത്തെറിഞ്ഞാണ് 18 സീറ്റിന്റെ വിളവെടുപ്പ് യു.ഡി.എഫ്.-ന് സാധ്യമായതെന്ന് അവർക്കറിയാം. ആ വിജയകാലം ഈ ലോക് സഭാ തിരഞ്ഞെടുപ്പോടെ അവസാനിച്ചെന്ന് അവർ നന്നായി മനസ്സിലാക്കിയിട്ടുണ്ട്.

ദേശീയ പാത, ഗെയിൽ പൈപ്പ് ലൈൻ, കണ്ണൂർ വിമാനത്താവളം, ഇടമൺ-കൊച്ചി പവർ ഹൈവേ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങിയ പശ്ചാത്തല വികസന പദ്ധതികൾ വിസ്മയിക്കുന്ന വേഗതയിൽ പൂർത്തിയാക്കിയ എൽ.ഡി.എഫ്. സർക്കാർ കേരളത്തിന്റെ സാമ്പത്തിക - വ്യവസായിക – വാണിജ്യ - ടൂറിസം രംഗങ്ങളിൽ നടത്തിയ വമ്പൻ വികസനങ്ങളെക്കുറിച്ചുള്ള ചർച്ച ലോക് സഭാ തിരഞ്ഞെടുപ്പിന്റെ പ്രചരണത്തിലുണ്ടായിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളും ഏതുവിധേനയും അതിന് അന്ത്യം കുറിക്കണമെന്ന നാടിന്റെ ഏക ലക്ഷ്യവും മാത്രമായിരുന്ന ലോക് സഭാ തിരഞ്ഞെടുപ്പിന്റെ

ആകെയുള്ള പ്രചരണ വിഷയം. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും നേരത്തെ സൂചിപ്പിച്ച വികസന കുതിപ്പുകളായിരിക്കും ചർച്ച ചെയ്യുന്നതും വോട്ടർമാർ പരിഗണിക്കുന്നതും. അങ്ങനെവന്നാൽ നിശ്ചയമായും എൽ.ഡി.എഫ്. തിളങ്ങുന്ന വിജയം നേടുമെന്ന് മറ്റാരെക്കാളും അറിയാവുന്നത് യു.ഡി.എഫ്.-നാണ്. അതുകൊണ്ട് തന്നെയാണ് യു.ഡി.എഫ്., ലോക് സഭാ തിരഞ്ഞെടുപ്പ് വിജയത്തിന്റെ ഏറ്റവും പരമപ്രധാനമായ കേന്ദ്രസർക്കാർ വിരുദ്ധ ജനവിധി എന്ന ഘടകത്തെ പൂർണ്ണമായി അവഗണിച്ച് മറ്റ് കഥകളും ആഖ്യാനങ്ങളും ചമച്ചുകൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് വിജയത്തെക്കുറിച്ച് ബഹുമാനപ്പെട്ട ചില ലീഗ് അംഗങ്ങൾ ഇവിടെ സംസാരിച്ചു. അവരുടെ മൊഴിയിലും ശരീര ഭാഷയിലും വല്ലാത്ത അഹന്തയുടെ ഭാഷയും ശൈലിയും കാണാനുണ്ട്. ലീഗിന്റെ ഉരുക്കുകോട്ടകളായിരുന്ന കുറ്റിപ്പുറം, മങ്കട, തിരൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ ഇടതുപക്ഷത്തിന്റെ വിജയപതാക പാറിയിരുന്ന നാളുകൾ ഒരിക്കലും മറക്കരുത്. കുമ്പസരിച്ചും കണ്ണീർ ഒഴുക്കിയും ഹൃദയം പൊട്ടിയും നിങ്ങളിൽ പലരും നടന്ന കാലവും ആ കുറുത്ത മുഖവും ആരും ഇന്നും

മറന്നിട്ടില്ല. ഇന്ത്യ മുന്നണിയിലെ ഘടകകക്ഷികളുടെ പിൻബലത്തിലാണ് മൃതപ്രാണനായ കോൺഗ്രസിനെ ഇന്ന് കാണുന്ന ജീവനുള്ള അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന യാഥാർഥ്യം ഒരിക്കലും നമുക്ക് മറന്നുകൂടാ. ഇന്ന് ചില ബഹുമാന്യരായ ലീഗ് അംഗങ്ങൾ ലീഗിന്റെ മതേതര മികവിനെക്കുറിച്ച് ഇവിടെ പറയുന്നതിനിടയിൽ കോഴിക്കോട് എൽ.ഡി.എഫ്. സ്ഥാനാർത്ഥി സഖാവ് എളമരം കരീമിനെ കരീം ഇക്കായെന്ന് വിശേഷിപ്പിച്ചത് എൽ.ഡി.എഫ്.-ന്റെ മുസ്ലിം പ്രീണനത്തിന്റെ വകഭേദമാണെന്ന ധ്വനിയിലാണ്. അവരോട് വിനയപൂർവ്വം പറയാനുള്ളത് അത് കോഴിക്കോടിന്റെ സ്നേഹ ഭാഷയാണെന്നാണ്. ഞങ്ങൾ ജാതി മത രാഷ്ട്രീയത്തിനപ്പുറം മുതിർന്നവരെ കരീം ഇക്ക, അഹമ്മദ് ഇക്കായെന്നും രാഘവേട്ടൻ, കേളുവേട്ടൻ എന്നും വിളിക്കും. അത് കോഴിക്കോടൻ ഹൽവ പോലെ മധുരമുള്ള കോഴിക്കോടിന്റെ സ്നേഹ വിളിയാണ്. അതിനപ്പുറം അതിന് യാതൊരു മാനങ്ങളുമില്ല. മലപ്പുറത്ത് ലീഗ് കോട്ടകളിലെ തിരഞ്ഞെടുപ്പ് ക്യാമ്പയിൻ നിരീക്ഷിക്കാൻ അവസരം ലഭിച്ചവർ മൂക്കത്ത് വിരൽ വയ്ക്കുമായിരുന്നു. പൊന്നാനിയിൽ ലീഗ് സ്ഥാനാർത്ഥിക്കായി

സ്ഥാനാർത്ഥികളുടെതന്നെ രണ്ട് അഭ്യർത്ഥനകൾ ഞാൻ നേരിട്ട് കണ്ടു. ഒരേ വരികൾ, ഒരേ ആശയം, ഒന്നിൽ തൊപ്പി വച്ച സമദാനി മറ്റൊന്നിൽ തൊപ്പി വയ്ക്കാത്ത സമദാനി ഹിന്ദു വീടുകളിലും മുസ്ലിം വീടുകളിലും വിതരണം ചെയ്യാൻ ഒരേ അച്ചുകൂടത്തിൽ അടിച്ച് വിതരണം ചെയ്തതിന് നമ്മൾ നേർസാക്ഷികളാണ്. എന്നിട്ടാണ് ഇവിടെ ലീഗിന്റെ മതനിരപേക്ഷതയുടെ പ്രഘോഷണങ്ങൾ നടത്തുന്നത്. രാഹുൽ ഗാന്ധിയുടെ പ്രസംഗം ദേശാഭിമാനിയുടെ ഒന്നാം പേജിൽ ലീഡ് നൽകിയില്ലെന്ന് പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. മണിപ്പൂരും മോദിയുടെ ജനാധിപത്യ വിരുദ്ധതയെയും ഇടതുപക്ഷ അംഗങ്ങൾ എത്രയോ തവണ പാർലമെന്റിൽ വലിച്ചുകീറിയതാണ്. ആയതിനാൽ ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗത്തിൽ അർമാദിക്കാൻ മാത്രം ഇടതുപക്ഷം അതിൽ പ്രത്യേകത കാണുന്നില്ല. എന്നാൽ കോൺഗ്രസ്, ലീഗ്, ജമാഅത്ത്, പോപ്പുലർ ഫ്രണ്ട് എന്നിവർക്ക് ആവേശപ്പെടാൻ അവകാശമുണ്ട്. കാരണം പതിറ്റാണ്ടുകൾ ലോക് സഭയിൽ സാമാജികനായ ശ്രീ. രാഹുൽ ഗാന്ധി ഒന്നും ആരോടും പറയാറുണ്ടായിരുന്നില്ല. കത്വ, ഹത്രാസ്, ഡൽഹി കലാപം, ആൾക്കൂട്ട

കൊലപാതകം, ബുൾഡോസർ രാജ്, ചരിത്ര പ്രധാന പ്രദേശങ്ങളുടെ മുസ്ലിം നാമം എടുത്തു മാറ്റൽ, ഏക സിവിൽ കോഡ്, ബാബറി മസ്ജിദ്, കർഷക സമരങ്ങൾ, യു.എ.പി.എ., ഇ.ഡി., നിയമങ്ങളിലെ കൊടിയ ഫെഡറൽ ജനാധിപത്യ വിരുദ്ധത, കേരളം ഉൾപ്പെടെ പ്രതിപക്ഷ സംസ്ഥാനങ്ങളുടെ കഴുത്ത് ഞെരിച്ചുകൊണ്ട് ന്യായമായ വിഹിതം അപഹരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെ കോൺഗ്രസ് മൃദു ഹിന്ദുത്വത്തിന്റെ തടവിലായിരുന്നു. സ്വന്തം പതാകയും ലീഗിന്റെ പതാകയും അഴിച്ച് മാറ്റുകയും ബി.ജെ.പി.-യെ ഭയന്ന് ഉടുപ്പിൽ ഒളിപ്പിക്കുകയും ചെയ്ത് തിരഞ്ഞെടുപ്പിനെ നേരിട്ട യു.ഡി.എഫ്.-ന് തീർച്ചയായും പ്രസംഗം ആഹ്ലാദമുണ്ടാക്കും. കാരണം അത്രമേൽ മൃദു ഹിന്ദുത്വത്തിന്റെ തടവറയിലായിരുന്നു അവർ. വർഷങ്ങളായി ഇന്ത്യൻ പാർലമെന്റിൽ ശ്രീ. ജോൺ ബ്രിട്ടാസ്, ശ്രീമതി മെഹുവ മൊയ്ത്ര, ശ്രീ. ബിനോയ് വിശ്വം എന്നിവർ സംഘപരിവാറിനെതിരെ നടത്തിയ പ്രഭാഷണങ്ങളും ജയ് വിളികളും കേട്ട് ആവേശംകൊണ്ട ഇടതുപക്ഷ പ്രവർത്തകർക്ക് ഇതിൽ പ്രത്യേകിച്ച് ആവേശം കാണില്ല. കാരണം ഞങ്ങളുടെ പ്രതിനിധികൾ ശ്രീ.

നരേന്ദ്ര മോദിയുടെ മുഖത്തുനോക്കി പറയാത്ത ഒന്നും ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞിട്ടില്ല, എന്നാൽ പ്രതിപക്ഷ നേതാവെന്ന നിലയിൽ നടത്തിയ പ്രസംഗം കോൺഗ്രസ്, ലീഗ്, ജമാഅത്ത് ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സഖ്യത്തെ കോൾമയിർക്കൊള്ളിക്കുമെന്നതിൽ അത്ഭുതമില്ല. കാരണം അവർക്ക് ഇത് ആദ്യ അനുഭവമാണ്. രാജ്യത്തെതന്നെ ഏറ്റവും വലിയ പദ്ധതികളിലൊന്നായ വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടന കർമ്മത്തിലേയ്ക്ക് നാം നീങ്ങികൊണ്ടിരിക്കുകയാണ്. അതിന് ചെലവഴിച്ച സംഖ്യകളുടെ ബില്ലുകൾ തയ്യാറാക്കി CapEx (Capital Expenditures)-ന് സമർപ്പിച്ചിട്ടുപ്പോലും മുട്ടുപോക്ക് ന്യായങ്ങൾ പറഞ്ഞ് കേന്ദ്രം നൽകേണ്ട തുക നൽകാതെയിരുന്നപ്പോൾ അതിനെതിരെ ഒരക്ഷരം പറയാൻ യു.ഡി.എഫ്. തയ്യാറായില്ലെന്ന ദുഃഖ സത്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഈ ബഡ്ജറ്റ് കാലയളവിൽ പൂർണ്ണസജ്ജമാക്കാൻ പോകുന്നത് കേരളത്തിന് മുതൽക്കൂട്ടാണ്. ഈ തുറമുഖത്തിന്റെ പ്രവർത്തനം നാടിന്റെ സർവ്വതല സ്പർശിയായ വികസനത്തിന് ചാലകശക്തിയാകുമെന്ന് ഉറപ്പാണ്. ഒരു വശത്ത് കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണന മറുവശത്ത്

ആഗോളതലത്തിലെ യുദ്ധങ്ങളും സാമ്പത്തിക മാന്ദ്യവും നമുക്കേൽപ്പിക്കുന്ന ആഘാതം, ഇവയെല്ലാം അതിജീവിക്കേണ്ടതുണ്ട്. ഓഖിയെയും പ്രളയങ്ങളെയും കോവിഡ് മഹാമാരിയെയും ഒറ്റക്കെട്ടായി കരുത്തോടെ നേരിട്ട കേരളം ഏത് പ്രതിസന്ധികളെയും അതിജീവിച്ച് പൂർവ്വാധികം ശക്തിയോടെ മുന്നേറുമെന്ന് ഉറപ്പാണ്. ഇവിടെ അവതരിപ്പിച്ച ധനബില്ലിനെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്ന് റൂൾ-300 പ്രകാരം സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തി. ചിലപ്പോൾ നമ്മുടെ നാട്ടിലെ ആളുകൾക്ക് പണം കടം വാങ്ങിയശേഷം സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ സമയത്തിന് തിരികെക്കൊടുക്കാൻ സാധിക്കില്ല. പണം തിരികെ ലഭിക്കേണ്ട ആളുകൾ ഒരു മധ്യസ്ഥനുമായി പ്രശ്നത്തിൽ ഇടപെടുകയും തീരുമാനത്തിലെത്തുകയും ചെയ്യും. ഇവിടെ 20 മന്ത്രിമാരുടെ ധനാഭ്യർത്ഥനകളിൽ അവരുടെ കാര്യങ്ങളൊന്നും പറയാൻ സാധിക്കാത്തതുകൊണ്ട് മറുപടി നൽകാൻ ഒരു മധ്യസ്ഥനായി മുഖ്യമന്ത്രി

വന്നു. ഇവിടെയുള്ള മന്ത്രിമാർ അവരവരുടെ വകുപ്പുമായി ബന്ധപ്പെട്ട പെൻഷൻ അടക്കുമുള്ള കാര്യങ്ങൾ പറഞ്ഞിരുന്നെങ്കിൽ എന്തൊരു അന്തസ്സുണ്ടായിരുന്നു. ലീഗിന്റെ ഭാഷ കോഴിക്കോട് ഭാഷയാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഞങ്ങൾ എല്ലായിടത്തും ഒരുപോലെയാണ് പറയുന്നത്. നിങ്ങളുടെ പാർട്ടിയായ സി.പി.ഐ.(എം.)-ന് എന്ത് സംഭവിച്ചു, ബി.ജെ.പി.-യിലെ ഒരു ക്രിമിനൽ ജയിലിൽനിന്നും വന്നപ്പോൾ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി എന്തിനാണ് സ്വീകരിക്കാൻ പോയത്, എന്തിനാണ് എല്ലാ കേസുകളും കോംപ്രൈമെസ് ചെയ്യാൻ നിങ്ങൾ പോകുന്നത്? സി.പി.ഐ.(എം.) പോലെയുള്ള ഒരു പാർട്ടിക്ക് ബി.ജെ.പി.-യിലെ ഒരു ക്രിമിനലിനെ സ്വീകരിച്ച് ജയ് വിളിക്കേണ്ട ഒരു ഗതികേട് നിങ്ങൾക്ക് ഉണ്ടായല്ലോയെന്നുള്ള ഒരു സങ്കടമാണെനിക്കുള്ളത്. തിരുവമ്പാടിയിൽ ഒരാൾ കെ.എസ്.ഇ.ബി.-യുടെ ഓഫീസ് ആക്രമിച്ചതിന്റെ പേരിൽ അയാളുടെ പിതാവിന്റെ പേരിലുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി. അതുപോലെ നിങ്ങൾ ചെയ്ത പ്രവർത്തികൾ പരിശോധിച്ചാൽ നിങ്ങളുടെ പിതാവിന്റെ പേരിൽ എത്ര

കേസുകൾ എടുക്കേണ്ടിവരും. മെഡിക്കൽ കോളേജിൽ മകൻ ചെയ്ത അക്രമത്തിന്റെ പേരിൽ അയാളുടെ പിതാവിന് ചികിത്സ ഒഴിവാക്കുമോ? റേഷൻ കട ആക്രമിച്ചിട്ടുണ്ടെങ്കിൽ അയാളുടെ പിതാവിന` നിങ്ങൾ അരി നൽകാതിരിക്കുമോ? നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? അടുത്ത കാര്യം എസ്.എഫ്.ഐ., അവരെ നിങ്ങൾ തന്നെ നന്നാക്കിയാൽ മതി. ഞാൻ എസ്.എഫ്.ഐ. ആയതിൽ അഭിമാനം കൊള്ളുന്നുവെന്ന് നമ്മുടെ ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ പറയുകയുണ്ടായി. അത്തരത്തിലുള്ള ഒരു കാലഘട്ടം ഉണ്ടായിരുന്നു. ആ കാലഘട്ടം നിങ്ങൾ കളഞ്ഞു കുളിച്ചു. നിങ്ങൾ കെ.എസ്.യു.-വിനെക്കുറിച്ച് പറയുകയുണ്ടായി. ഇപ്പോൾ കൗണ്ട് ഡൗൺ തുടങ്ങി, എവിടേക്ക്? അത് എവിടെ തുടങ്ങിയെന്ന് നിങ്ങൾ മനസ്സിലാക്കണം. പരിയാരം മെഡിക്കൽ കോളേജ്, നഴ്സിംഗ് കോളേജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇവിടെയൊക്ക എന്ത് സംഭവിച്ചുവെന്ന് നിങ്ങൾ ആലോചിക്കണം. ആദ്യം ക്യാമ്പസുകളിൽ 'നവാഗതർക്ക് സ്വാഗതം- എസ്.എഫ്.ഐ.' എന്നായിരുന്നു, ഇപ്പോൾ എസ്.എഫ്.ഐ. ഉള്ള ഇടങ്ങളിൽ കുട്ടികൾ വരുന്നില്ല. എസ്.എഫ്.ഐ. ഇവിടെയില്ലെന്നും

അതുകൊണ്ട് കുട്ടികൾക്ക് കോളേജിലേക്ക് സ്വാഗതം എന്നുമാണ് കോളേജ് അധികൃതർ പറയുന്നത്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, നാല് വർഷത്തെ ഡിഗ്രി കോഴ്സിനെക്കുറിച്ച് എന്തെങ്കിലും ഒരു പഠനം നടത്തിയോ, ഇത്ര പെട്ടന്ന് ഇത് നടപ്പിലാക്കിയത് എന്തിനാണ്? ഇതിന്റെ ഉദ്ദേശം എന്താണ്; ഇതിൽ ഏതെങ്കിലും ഒരു റിപ്പോർട്ട്, അടിസ്ഥാന സൗകര്യങ്ങൾ, അതിന്റെ പോസ്റ്റിംഗ്, ജോലിഭാരം അധികമായി ഉണ്ടാകുന്ന അവസ്ഥ ഇങ്ങനെയെന്തെങ്കിലും പഠനം നടത്തിയോ? 3 വർഷം കൊണ്ട് പഠിക്കേണ്ട കാര്യങ്ങൾ 4 വർഷം കൊണ്ടുപഠിക്കുകയെന്ന് മാത്രമാണോ കണ്ടെത്തിയത്. നിങ്ങൾ അതിനെപ്പറ്റി ഒരു പഠനവും നടത്തിയിട്ടില്ല. ഞാൻ പറഞ്ഞ ഇക്കാര്യം നിങ്ങൾ പോയി പാർട്ടിയിൽ ചർച്ച ചെയ്യൂ. ബഹുമാനപ്പെട്ട സ്പീക്കർ കൂടി ഇക്കാര്യം കേൾക്കണം, അങ്ങ് നന്നായി വായിക്കുന്ന ആളാണ്. പണ്ട് ഒരു കഥയുണ്ടായിരുന്നു, റഷ്യയും ചൈനയും അതായത് സി.പി.ഐ., സി.പി.ഐ.(എം.) എന്നിവർ ഒരുപോലെ ശോഭിക്കുന്ന ഒരു ഭൂതകാലം. ഇപ്പോഴത്തെയല്ല, പഴയതാണ്. ചൈനയിലെ Deng Xiaoping റഷ്യയിലെ

Mikhail Gorbachev എന്നിവർ ചൈനയിലെ ഉൾനാട്ടിലൂടെ കാറിൽ യാത്ര ചെയ്യുകയായിരുന്നു. ഈ വാക്ക് ഞാൻ നോക്കി വായിക്കാൻ കാരണം തെറ്റാൻ പാടില്ലെന്ന് വിചാരിച്ചിട്ടാണ്. അപ്പോൾ Deng Xiaoping-ന്റെ വിശ്വസ്തനായ ഡ്രൈവർ മാത്രമേ കാറിലുണ്ടായിരുന്നുള്ളൂ. അയാൾ കമ്മ്യൂണിസം കലക്കിക്കുടിച്ച ഒരാളായിരുന്നു. എന്നാൽ നേതാക്കന്മാരുടെ സംസാരത്തിലൂടനീളം കോർപ്പറേറ്റുകളെ എങ്ങനെ ആകർഷിക്കാമെന്നും സ്വകാര്യ മൂലധനം എങ്ങനെ ഇറക്കാമെന്നും തുടങ്ങിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ പദ്ധതികളായിരുന്നു ചർച്ച. ഇതുകേട്ടപ്പോൾ ഡ്രൈവർക്ക് ഹാലിളകി, പ്രത്യേക ഒരു സ്ഥലത്തെത്തിയപ്പോൾ വാഹനം നിർത്തിയിട്ട് വലതുവശത്തേക്കാണോ ഇടതുവശത്തേക്കാണോ പോകേണ്ടതെന്ന് Deng Xiaoping-നോട് ചോദിച്ചു. Deng Xiaoping പറഞ്ഞത്, സിഗ്നൽ ഇടതുവശത്തേക്കിട്ടുകൊണ്ട് വാഹനം വലതുവശത്തേക്ക് പോകുകയെന്നാണ്. നിങ്ങൾ ആലോചിക്കണം, നിങ്ങളുടെ പ്രസംഗങ്ങൾ അങ്ങനെയാണ്, നിങ്ങളുടെ പ്രവർത്തി വേറെയാണ്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. എന്താണ് നിങ്ങൾക്ക് കോമൺ സെൻസില്ലേ, കാര്യങ്ങളൊക്കെ വളരെ

പെട്ടെന്ന് capture ചെയ്യണ്ടേ; ശ്രീ. പിണറായി വിജയൻ ആരാണെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. നിങ്ങൾ ആരാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്തണ്ട, ഈ സി.പി.ഐ.-ക്കാരെ ബോധ്യപ്പെടുത്തിയാൽ മതി. ആരാണ് ഏകാധിപത്യഭരണം നടത്തുന്നത്? ഒരു വ്യക്തിയുടെ കൈയിൽ മാത്രമാണ് ഭരണം നിലനിൽക്കുന്നതെന്ന് പറയുന്നു. ശ്രീ. ബിനോയ് വിശ്വത്തിന്റെ കൈയും കാലും തല്ലി ഒടിക്കുമെന്ന് നാദാപുരത്തെ സി.പി.ഐ. (എം.) നേതാവ് പറഞ്ഞു. 1969 മുതൽ 1980 വരെ നിങ്ങൾ സി.പി.ഐ.-യ്ക്ക് കേരളത്തിൽ ഒരു അന്തസ്സുണ്ടായിരുന്നു, ഞങ്ങൾ കൂടെയുണ്ടായിരുന്നു, നിങ്ങൾ തറവാടികളാണെന്നുപറഞ്ഞ് ഞങ്ങൾ കൊണ്ടുനടന്നിരുന്നു. 1980-നുശേഷം നിങ്ങളുടെ അവസ്ഥയെന്താണ്? നിങ്ങൾ ചവിട്ടും കുത്തുമായി നടക്കുന്നു, എന്തെങ്കിലും നേട്ടം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ; മുഖ്യമന്ത്രി സ്ഥാനം ത്യജിച്ചതുകൊണ്ടാണ് അവർ നിങ്ങളുടെ കൂടെവന്നത്. നിങ്ങൾക്ക് അത് പറയാൻ ബുദ്ധിമുട്ടുണ്ടാകും, എനിക്ക് അതറിയാം. ബിനോയ് വിശ്വത്തിന് ആ സ്ഥാനത്തിരിക്കാൻ യോഗ്യതയില്ലെന്ന് രാജ്യസഭാംഗമായ ശ്രീ. എ. എ. റഹീം പറയുകയാണ്. നിങ്ങളുടെ പാർട്ടിയെക്കുറിച്ച് എന്താണ്

പറയുന്നതെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. നമുക്കെല്ലാവർക്കുമറിയാവുന്ന നല്ല ഒരു വ്യക്തിത്വമുള്ള ശ്രീമതി ശൈലജ ടീച്ചറെ നിങ്ങൾ ലോക്സഭാ സ്ഥാനാർത്ഥിയാക്കി. ടീച്ചർക്ക് അസംബ്ലിയിൽ പ്രസംഗിക്കാനായി 15 മിനിട്ടാണ് സമയം നൽകിയിരുന്നത്. അന്നേ ദിവസം സഭ സ്തംഭിച്ചു. എന്നാൽ കേന്ദ്ര കമ്മിറ്റി കഴിഞ്ഞുവന്നപ്പോൾ പ്രസംഗിക്കാനായി ഡോ. കെ. ടി. ജലീലിന് 15 മിനിട്ടും ടീച്ചർക്ക് 13 മിനിട്ടുമാണ് നൽകിയത്. കേന്ദ്ര കമ്മിറ്റി അംഗത്തിന് 13 മിനിട്ടും ഡോ. കെ. ടി. ജലീലിന് 15 മിനിട്ടുമാണ് നൽകിയത്. നിങ്ങളുടെ പാർട്ടി എങ്ങോട്ടാണ് പോകുന്നത്? ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ മോശമായി സംസാരിക്കാനാണ് അദ്ദേഹത്തിന് കൂടുതൽ സമയം നൽകിയത്. ഡോ. കെ. ടി. ജലീലിന്റെ പ്രസംഗവും ശ്രീ. അഹമ്മദ് ദേവർകോവിലിന്റെ പ്രസംഗവും മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ഒരേപോലെ എഴുതിക്കൊടുക്കുകയാണ്. ഈ പ്രസംഗങ്ങൾ അതേപടി അവർ പറയുകയുമാണ്. അതിന്റെ ഇടയിൽ എന്തെങ്കിലും ചോദിച്ചാൽ പ്രസംഗം പോകുമോയെന്നുവിചാരിച്ചാണ് ഞാൻ ഒന്നും ചോദിക്കാത്തത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് എനിക്കിഷ്ടപ്പെട്ട ഒരു നല്ല പാർലമെന്റേറിയനാണ്. അതുപോലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും പക്വതയുള്ള ഒരാളാണ്. ഞങ്ങളുടെ എം.എസ്.എഫ്.-കാർ ഒരാളെ ചവിട്ടിക്കൊന്നുവെന്ന് അവർ ഇന്നലെ പറയുകയുണ്ടായി. നിങ്ങൾ ഭരിക്കുന്ന കാലഘട്ടത്തിലല്ലേ പ്രസ്തുത കേസ് ഉണ്ടായതെന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങളുടെ കെ.എസ്.ടി.എ.-യുടെ ജില്ലാ സെക്രട്ടറിയായിരുന്ന ശങ്കരപ്പണിക്കരായിരുന്നില്ലേ അന്നത്തെ ബി.പി.ഒ. ആയിരുന്നത്. ആ കേസ് ഉണ്ടായപ്പോൾ അന്നത്തെ കൈരളി ചാനലും നിങ്ങളുടെ ഗവൺമെന്റും ശങ്കരപ്പണിക്കരും പറഞ്ഞത് യൂത്ത് ലീഗുകാർ ചവിട്ടിക്കൊന്നുവെന്നാണ്. ശങ്കരപ്പണിക്കർ ഈ കേസിൽ ഒന്നാം സാക്ഷിയായി വന്നപ്പോൾ അത്തരത്തിലുള്ള ഒരു സംഭവം കണ്ടിട്ടില്ലെന്നും ഉണ്ടായിട്ടില്ലെന്നും പറഞ്ഞതല്ലേ? എന്റെ കൈവശമുള്ള ഈ രേഖകളൊക്കെ കോടതിമൊഴികളാണ്. ആ പോസ്റ്റുമോർട്ടം റിപ്പോർട്ട് നിങ്ങൾ വായിക്കണം. റിപ്പോർട്ടിലെ കണ്ടന്റ് വായിച്ചാൽ മരണം സംഭവിച്ചത് ഒരു ഹൃദയ സ്തംഭനംമൂലമാണെന്ന് മനസ്സിലാകും.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ആ കേസിൽ പ്രതികൾ എങ്ങനെയാണ് വിട്ടുപോയെന്നുള്ളതാണ്. ഈ വിഷയത്തിൽ ഏറ്റവും ആധികാരികമായി പറയാൻ സാധിക്കുന്ന ആൾ അങ്ങ് തന്നെയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, അത് നിങ്ങൾ അംഗീകരിച്ചല്ലോ, അതുമതി. അന്നത്തെ പാഠപുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന വിഷയത്തിൽനിന്ന് നിങ്ങൾക്ക് രക്ഷപെടാൻവേണ്ടിയും വിഷയം ഡൈവെർട്ട് ചെയ്യുന്നതിനുമായി ഞങ്ങളുടെ ആളുകളുടെ പേരിൽ കള്ളക്കേസുണ്ടാക്കി. എന്തുകൊണ്ടാണ് ഈ വിഷയത്തിൽ അപ്പീൽ നൽകാതിരുന്നത്? ധനകാര്യ വകുപ്പുമന്ത്രി രണ്ടുമൂന്ന് പുസ്തകങ്ങൾ അച്ചടിച്ചിറക്കിയിട്ടുണ്ട്. ഇത് നിങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ടാണ്, രണ്ട് പുസ്തകങ്ങളുണ്ട്. ഞാൻ ഇത് നോക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം സംസ്ഥാനം ധനദ്യഢീകരണത്തിന്റെ പാതയിലാണെന്നും റിപ്പോർട്ടിന്റെ അവസാനഭാഗത്തിൽ 23.35%

വർദ്ധനയുണ്ടെന്നുമാണുള്ളത്. പിന്നെ ഈ പണമൊക്കെ എവിടെ പോകുന്നു. നിങ്ങൾ ഇത് മുറിയിൽ പൂട്ടിവയ്ക്കാതെ വായിച്ചുപഠിച്ചിട്ട് കാര്യങ്ങൾ പറയൂ. എനിക്ക് പറയാനുള്ളത് നിങ്ങൾ നന്നാകണം, എന്നാൽ നിങ്ങൾ കോൺഗ്രസിനെയോ ശ്രീ. രാഹുൽ ഗാന്ധിയെയോ കുറ്റം പറയരുത്. നിങ്ങൾക്ക് അവസാനത്തെ അത്താണിയായി കോൺഗ്രസല്ലാതെ വേറെയാരും ഉണ്ടാകുകയില്ല. നിങ്ങൾ തകർന്നുതരിപ്പണമായ ബംഗാളിലും ത്രിപുരയിലും കോൺഗ്രസ്സുമായല്ലേ സഖ്യം ചേർന്നത്. ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. പി. കെ. ബഷീർ പലപ്പോഴും ഡൈവേർട്ട് ചെയ്യു പോകുകയാണ്. ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ പ്രവർത്തനങ്ങളെ

വസ്തുതാപരമായി വിലയിരുത്താൻ കഴിയാത്തതുകൊണ്ടാണ് മറ്റുതരത്തിലേയ്ക്ക് വിഷയങ്ങളെ ഡൈവേർട്ട് ചെയ്ത് കൊണ്ടുപോകാൻ ശ്രമിക്കുന്നത്; അത് അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞുപോകുന്നതാണ്.

1956-ൽ കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാർ അധികാരത്തിൽ വന്നതുമുതൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു വികസനപാതയാണ് സ്വീകരിച്ചിട്ടുള്ളത്. അത് ഇപ്പോഴും അതിശക്തമായി കാലാനുസൃതമായ മാറ്റങ്ങളോടെ തുടരുകയാണ്. അതിശക്തമായ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം, വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ കേരളം സ്വീകരിച്ച നടപടികളുമെല്ലാം വ്യത്യസ്തവും പുരോഗമനപരവുമാണ്. 1957-ലെ സർക്കാർ തുടങ്ങിവച്ച ഇത്തരം പ്രവർത്തനങ്ങളാണ് മാറി വന്ന സർക്കാരുകൾ പാടേ ഉപേക്ഷിക്കാതെ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. 2016-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരും ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ സർക്കാരും

തുടർന്നുവരുന്നത് ഇതേ നയങ്ങളുടെ കാലാനുസൃതമായി പരിഷ്കരിച്ച പതിപ്പാണ്. ഇടതുപക്ഷ നയവ്യതിയാനം എന്നെല്ലാം ഇവിടെ പലരും സംസാരിക്കുമ്പോഴും നമ്മുടെ രാജ്യം പോകുന്നത് എങ്ങോട്ടാണെന്ന് ഓർക്കണം. വലതുപക്ഷ തീവ്രനിലപാടുകളെ എങ്ങനെയാണ് കേരളം പ്രതിരോധിക്കുന്നതെന്ന് അറിയണം. അതിനെ ഉൾക്കൊള്ളാനുള്ള ശേഷിയില്ലെങ്കിൽ ഈ നാട് എവിടെച്ചെന്ന് നിൽക്കും; ആരോഗ്യ,-വിദ്യാഭ്യാസ-സാമൂഹ്യസുരക്ഷാ രംഗങ്ങളിൽ മുന്നേറ്റം കൈവരിക്കുന്നതോടൊപ്പം ദേശീയപാതാ വികസനം, വൈദ്യുതി മേഖലയിലെ പ്രസരണ ഉൽപ്പാദന വിതരണ രംഗത്തെ വികസനം, വിഴിഞ്ഞം തുറമുഖം പോലുള്ള വൻകിട പദ്ധതികളിലെല്ലാം ഈ സർക്കാർ മികച്ച സമീപനമാണ് ഏറ്റെടുക്കുന്നത്. ഇതിനെല്ലാം തുരങ്കം വയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കോൺഗ്രസ്സ് സർക്കാരുകളും 2014 മുതൽ അധികാരത്തിൽവന്ന ബി.ജെ.പി. സർക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. സർക്കാർ അത് ശ്രുക്ഷമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സമീപനത്തിന് കൃത്യമായ രാഷ്ട്രീയ കാരണങ്ങളുണ്ടെന്ന് ഞങ്ങൾ

മനസ്സിലാക്കുകയാണ്. കേരളത്തിൽ നിലനിൽക്കുന്ന ഇടതുപക്ഷ മതനിരപേക്ഷ സമീപനത്തെ തകർത്ത് ഒരു വലതുപക്ഷ സമീപനത്തിലേയ്ക്ക് കേരളത്തെ എത്തിക്കുകയെന്ന ഒരു ആസൂത്രിത നീക്കമാണ് ഇതിന്റെ പിന്നിലെന്ന് യു.ഡി.എഫ്. സർക്കാർ മനസ്സിലാക്കണം. അത് മനസ്സിലാക്കാതെ ഇടതുപക്ഷത്തെ ആക്രമിച്ച് തോൽപ്പിക്കുന്നത് നാടിന് ഗുണകരമാകില്ല. രാഷ്ട്രീയമായ ഭരണസംവിധാനത്തോടൊപ്പം അതിനേക്കാൾ ഒരുപടി മുന്നിലായി പ്രധാന്യമർഹിക്കുന്നതാണ് fiscal federalism. ധനപരമായ കാര്യങ്ങളിലുള്ള ഫെഡറലിസമാണ്. കേരളത്തിന്റെ ധനപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേരള സർക്കാർ സുപ്രീം കോടതിയിൽ നടത്തിയ നിയമപോരാട്ടം നമുക്കറിയാം. ഏകദേശം 13,608 കോടി രൂപ ഉടൻ നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിടുന്ന നിലപാടിലേയ്ക്ക് എത്തേണ്ടിവന്നു. എന്തിനുവേണ്ടിയാണ് കേരളം ഈ പോരാട്ടം നടത്തിയത്; കേരളത്തിലെ സാധാരണക്കാരായ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടിയാണ്. കേരളത്തിൽ ഇപ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നു.

വലതുപക്ഷം, ഇടതുപക്ഷം എന്നൊക്കെ പറയുമ്പോഴും കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നതുപോലെ ഫലപ്രദമായ ഒരു ഇടപെടൽ ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്താണുള്ളത്; 62 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുകയാണ്. എന്തിനാണ് ഇത്രയും പേർക്ക് പെൻഷൻ കൊടുക്കുന്നതെന്നാണ് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ചോദിക്കുന്നത്. വെറും 300 രൂപയാണ് കേന്ദ്രസർക്കാർ പെൻഷൻ വിഹിതമായി സംസ്ഥാനത്തിന് തരുന്നത്. 62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുമ്പോൾ 6.8 ലക്ഷം പേർക്ക് ശരാശരി 300 രൂപ വീതം വിഹിതം തരുന്ന സർക്കാരാണ് കേന്ദ്രസർക്കാർ. കേരളം കടക്കെണിയിലാണ്, കേരളത്തിൽ ഒന്നും നടക്കുന്നില്ലെന്ന് പറയുമ്പോൾ, കഴിഞ്ഞ 8 വർഷത്തിനകം വിതരണം മുടക്കിയ പെൻഷൻ കുടിശ്ശികയുൾപ്പെടെ 62,400 കോടി രൂപയാണ് പെൻഷൻ ഇനത്തിൽ കേരളത്തിൽ വിതരണം ചെയ്തത്. അതിൽ യു.ഡി.എഫ്. സർക്കാർ കൊടുത്തത് 9,300 കോടി രൂപ മാത്രമാണ്. അതിൽ വെറും 2 ശതമാനം പണം മാത്രമാണ് കേന്ദ്രസർക്കാർ തരുന്നത്. അത് ഇടതുപക്ഷ സമീപനമാണ്. കേന്ദ്രസർക്കാർ വരുമാനപരിധി 25,000

രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽക്കൂടുതൽ വരുമാനമുള്ളവർക്ക് പെൻഷൻ കൊടുക്കാൻ പാടില്ലെന്ന് നിയമം വന്നപ്പോൾ ഒരു ലക്ഷം രൂപയുടെ വരുമാനപരിധിവച്ച് പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അതും ഇടതുപക്ഷ സമീപനമാണ്. കേരളത്തിൽ വീടില്ലാത്ത ഒരാളും ഉണ്ടാകാൻ പാടില്ലെന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ പദ്ധതിയിലൂടെ 5,78,025 പേർക്ക് വീടുകൾ അനുവദിച്ചു. 4,04,529 പേർക്ക് വീട് പൂർത്തീകരിച്ചു. അതിന്റെ സ്ഥിതി എന്താണ്; കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണ്; പി.എം.എ.വൈ (അർബർ) പദ്ധതിപ്രകാരം 1,50,000 രൂപയും പി.എം.എ.വൈ (റൂറൽ) പദ്ധതിപ്രകാരം 72,000 രൂപയും കേന്ദ്രവിഹിതം തരുമ്പോൾ 4 ലക്ഷം രൂപയാണ് കേരളത്തിൽ കൊടുക്കുന്നത്. കേരളത്തിൽ 14,264 കോടി രൂപ ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി ചെലവാക്കുമ്പോൾ 1,489 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ വിഹിതമുള്ളത്. കേരളത്തിൽ ഗ്രാമപ്രദേശത്ത് വീട് വയ്ക്കുന്നതിന് ഒന്നര ലക്ഷം രൂപ മതിയെന്നാണ് കേന്ദ്രത്തിന്റെ കണക്ക്. ഒന്നരലക്ഷം രൂപയുടെ 60 ശതമാനമായ 72,000 രൂപ കേന്ദ്രസർക്കാർ തരുന്നു. എങ്ങനെയാണ് കേരളത്തിൽ ഒന്നര ലക്ഷം

രൂപയ്ക്ക് വീട് വയ്ക്കാൻ സാധിക്കുന്നത്; ഇടതുപക്ഷ സമീപനത്തിന്റെ ഭാഗമായി പാവപ്പെട്ടവന് കയറിക്കിടക്കാൻ ഒരിടമുണ്ടാക്കാനായി നാല് ലക്ഷം രൂപ കൊടുത്ത് ആ ബാധ്യത സർക്കാർ ഏറ്റെടുത്തു. അങ്ങനെ കേരളത്തിൽ 14,264 കോടി രൂപ ചെവഴിക്കുമ്പോൾ 1,489 കോടി രൂപ മാത്രം കേന്ദ്രസർക്കാർ വിഹിതമായി തരുന്നു. 5,78,025 പേർക്ക് വീടുകൾ അനുവദിച്ചു. ഇതിനാണ് എൽ.ഡി.എഫ്. സർക്കാർ നിലകൊള്ളുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെയുള്ള മുന്നണി അതിനുവേണ്ടി ഉണ്ടാക്കിയതാണ്. അല്ലാതെ വ്യക്തിപരമായ ഏതെങ്കിലും പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കേണ്ട കാര്യങ്ങളല്ല. ഈ നാടിന്റെ ക്ഷേമത്തിനുവേണ്ടിയാണ് രാഷ്ട്രീയം. ആ രാഷ്ട്രീയത്തിനുവേണ്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും നിലനിൽക്കുന്നത്. അതിനെ പരിഹസിച്ചിട്ട് കാര്യമില്ല. ഈ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണ് പാർട്ടി നിലപാടുകൾ സ്വീകരിക്കുന്നത്. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ അത് പരിശോധിച്ച് പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഇടതുപക്ഷത്തെ ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്ന നിലപാടാണ്

കമ്മ്യൂണിസ്റ്റ് പാർട്ടി എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയായ ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് വ്യത്യസ്തമായ രീതിയിലല്ലേ; ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയിൽ അത് പറയുന്നുണ്ടല്ലോ. 55 ശതമാനം വിഹിതം സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതിയുടെ യഥാർത്ഥ വിഹിതം 45 ശതമാനം കേന്ദ്രസർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ വകുപ്പും 10 ശതമാനം ഗുണഭോക്താവും എന്നിങ്ങനെയാണ് നൽകേണ്ടത്. കേന്ദ്രസർക്കാർ സാമൂഹ്യസുരക്ഷാ മേഖലയിൽനിന്ന് പുറകോട്ട് പോകുകയാണ്. പല പദ്ധതികൾക്കും ഏകദേശം 90 ശതമാനംവരെ കേന്ദ്രവിഹിതം നൽകിയിരുന്നതാണ്. 2011-ൽ ഞാൻ നിയമസഭാംഗമായി വരുമ്പോൾ 75 ശതമാനം കേന്ദ്രവിഹിതമുണ്ടായിരുന്ന പല പദ്ധതികൾക്കും ഇന്ന് 40 മുതൽ 50 ശതമാനം വരെയായി ചുരുങ്ങി. 45 ശതമാനം കേന്ദ്രം തരുമ്പോൾ ഏത് തദ്ദേശസ്വയംഭരണ വകുപ്പിനാണ് 15 ശതമാനം നൽകാൻ സാധിക്കുന്നത്.

ഈ നാട്ടിലെ പാവപ്പെട്ടവർക്ക് 10 ശതമാനം വിഹിതം നൽകാൻ സാധിക്കുമോ; ഇടതുപക്ഷ സമീപനത്തിന്റെ ഭാഗമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ 55 ശതമാനം തുകയാണ് ജൽ ജീവൻ മിഷനുവേണ്ടി ചെലവഴിക്കുന്നത്. 42,000 കോടി രൂപയുടെ 55 ശതമാനമായ 23,100 കോടി രൂപ, കേരളത്തിലെ എല്ലാ ജനങ്ങൾക്കും വെള്ളം കൊടുക്കാൻവേണ്ടി ഈ സർക്കാർ ചെലവഴിക്കുകയാണ്. ഇത് ഇടതുപക്ഷ സമീപനമാണ്. അതിനാണ് സി.പി.എം.-ഉം സി.പി.(ഐ.)എം.-ഉം എല്ലാം ചേർന്ന് ഇടതുപക്ഷം ഉണ്ടാക്കിയിരിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഫെയ്സ്ബുക്ക് പോസ്റ്റിന്റെയോ മറ്റ് പരാമർശങ്ങളുടെ പേരിൽ വികാരപരമായ പ്രതികരണമായിട്ടല്ല അതിനെ കാണേണ്ടത്. ആരോഗ്യരംഗത്ത് NHM (National Health Mission)-ന്റെ ഫണ്ട് വെട്ടിക്കുറയ്ക്കുകയാണ്. ആരോഗ്യരംഗത്തെ പശ്ചാത്തലസൗകര്യ വികസനത്തിന് പതിനായിരക്കണക്കിന് കോടി രൂപയല്ലേ ചെലവഴിച്ചത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വെറും 30 ശതമാനത്തിൽ താഴെ ആളുകൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിച്ചിരുന്നെങ്കിൽ ഇന്ന്

ഏകദേശം 60 ശതമാനത്തോളം ആളുകൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുത്തത് ഇടതുപക്ഷസമീപനത്തിന്റെ ഭാഗമായിട്ടാണ്. പി.എസ്.സി. നിയമനത്തിന്റെ വിഷയം പരിശോധിച്ചാൽ, ഇന്ത്യയിലെ നിയമനത്തിന്റെ സ്ഥിതിയെന്താണ്. ഇന്ന് ഇന്ത്യയിൽ നടക്കുന്ന ആകെ നിയമനത്തിന്റെ 50 ശതമാനത്തിലധികം കേരളത്തിലാണ്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള റെയിൽവേ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് ഒഴിവുകളാണുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് ജോലി കൊടുക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അത് കേരളത്തിൽ ഇടതുപക്ഷ മുന്നണി സർക്കാർ ഭരിക്കുന്നതുകൊണ്ടാണെന്നുള്ളത് മനസ്സിലാക്കണം. അതിനെയാണ് ഇടതുപക്ഷ സമീപനമായി കാണേണ്ടത്. അല്ലാതെ ചൈനയിലെയും റഷ്യയിലെയും നേതാക്കന്മാരുടെ കാർ യാത്രയുടെ കണക്കും ഇൻഡിക്കേറ്ററും സ്റ്റിയറിംഗിന്റെ ബാലൻസുമല്ല പറഞ്ഞുപോകേണ്ടത്. കാർഷികം, ഭക്ഷ്യം, റവന്യൂ തുടങ്ങിയ ഏത്

രംഗമെടുത്താലും വസ്തുതാപരമായി പരിശോധിക്കണം. കേന്ദ്രസർക്കാർ പാവപ്പെട്ടവരെ ഉപേക്ഷിക്കുമ്പോൾ, പാവപ്പെട്ടവന് കാലിപ്പാത്രവും കോർപ്പറേറ്റുകൾക്ക് വാരിക്കോരിയും കൊടുക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷം പാവപ്പെട്ടവനെ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അവതരിപ്പിച്ച ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

3.00 pm

ശ്രീ. കെ. വി. സുമേഷ്: സർ, 2024-25 സാമ്പത്തികവർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി അനുകൂലിക്കുന്നു. ഒരു വ്യക്തിയും ഒരു കുടുംബവുമനുഭവിക്കുന്നൊരു പ്രശ്നം സർക്കാരും അനുഭവിക്കുന്നതാണ്. കേരളത്തെ സാമ്പത്തികമായി ദുർബലപ്പെടുത്താൻ, കേരളം മാത്രമല്ല ഒരുപക്ഷെ ഇന്ത്യയുടെ ജനാധിപത്യചരിത്രത്തിൽ സംസ്ഥാനങ്ങളോട് ഇത്രയേറെ നീതിരഹിതമായ നിലപാട് സ്വീകരിച്ചൊരു സർക്കാരിനെ ഇന്ത്യാ രാജ്യം കണ്ടിട്ടുണ്ടാവില്ല. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കാൻ ശ്രമിക്കുന്ന ശ്രീ. നരേന്ദ്ര മോദിയെയും കൂട്ടരെയുമാണ് നാം കണ്ടത്. കേരളത്തോട് മാത്രമുള്ളൊരു സമീപനമല്ലിത്. എന്നാൽ, പൊതുവെ വിഭവങ്ങൾ പരിമിതമായ സംസ്ഥാനമെന്ന നിലയിൽ നാം ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. സാമ്പത്തിക ശാസ്ത്രം പഠിക്കുമ്പോൾ അതിലൊരു വാചകമുണ്ട്, unlimited wants and limited means; പരിധിയില്ലാത്ത ആവശ്യങ്ങളും പരിമിതമായ വിഭവങ്ങളും എന്നാണ് അതിൽ

പറഞ്ഞിരിക്കുന്നത്. കേരളത്തിൽ നാം അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങൾ രാഷ്ട്രീയമായി വേണമെങ്കിൽ സഭയ്ക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും പറയാം. പക്ഷേ, ഉത്തരവാദിത്വമുള്ളൊരു രാഷ്ട്രീയ നേതൃത്വമെന്ന നിലയിൽ യു.ഡി.എഫ്. ഇതിനോടുള്ള നിലപാട് വ്യക്തമാക്കണ്ടേ? ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലുള്ള പിടിപ്പുകേടോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ മറ്റേതെങ്കിലും പ്രശ്നത്തിന്റെ ഭാഗമായോ അല്ല ഇങ്ങനെയൊന്നും സംഭവിക്കുന്നത്. മുമ്പ് മന്ത്രിയായിരുന്ന ആളാണ് ശരിയെന്നും ഇപ്പോഴുള്ള ആളുകൾ ശരിയല്ലെന്നുമുള്ള രീതിയിലുള്ള ചില ദുഃസൂചനകൾ കഴിഞ്ഞ രണ്ടാഴ്ചയായി സഭയിൽ നടക്കുന്ന ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. യഥാർഥത്തിൽ അനിതരസാധാരണമായ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രി സമർഥമായി ഈ ബജറ്റിലൂടെ അസാധാരണ പ്രതിരോധമാണ് കേരളജനതയെ സംരക്ഷിക്കാനായി തീർത്തിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ അതിശക്തമായി ബാധിക്കുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300

അനുസരിച്ചൊരു പ്രസ്താവന നടത്തിയിരുന്നു. ആ പ്രസ്താവനയ്ക്ക് ഒരു കടലാസിന്റെ വില പോലുമില്ലെന്ന നിലയിലാണ് ബഹുമാന്യനായ ശ്രീ. പി. കെ. ബഷീർ സംസാരിച്ചത്. ഈ സർക്കാരിന്റെ പ്രയോരിറ്റിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് ഈ സഭയിൽ അവതരിപ്പിച്ചത്. വെൽഫെയർ സ്റ്റേറ്റ് എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം ആ ഗവൺമെന്റ് നടപ്പാക്കുന്ന വെൽഫെയർ സ്കീമുകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ശരിയാണ്, കേന്ദ്ര സർക്കാരിന്റെ ഉപരോധം സംസ്ഥാനത്തെ വെൽഫെയർ സ്കീമുകളെ സാരമായി ബാധിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിലൂടെ അതിന്റെ ഫലം എൽ.ഡി.എഫ്. അനുഭവിക്കേണ്ടിവന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുപോലും ക്ഷേമപദ്ധതികളുടെ കുടിശ്ശികത്തുക പൂർണ്ണമായി കൊടുത്തുതീർക്കാൻ കഴിയാത്തൊരു പ്രശ്നം സർക്കാർ അഭിമുഖീകരിക്കുകയുണ്ടായി. ആ അവസരത്തെ ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഏറ്റവും സമർത്ഥമായി ഉപയോഗിച്ചു. സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും എൽ.ഡി.എഫ്-ന്

എതിരായി തിരിയുന്നൊരു സാഹചര്യമുണ്ടായി. ഈ രണ്ട് തിരിച്ചടികളും ഈ സർക്കാർതന്നെ ഏറ്റുവാങ്ങേണ്ടിവരികയാണ്. കേന്ദ്ര ഗവൺമെന്റ് സമർത്ഥവും അതിബുദ്ധിപരവുമായി കൊണ്ടുവന്ന സാമ്പത്തിക പ്രതിസന്ധി അതിസമർത്ഥമായി സംസ്ഥാന സർക്കാരിന്റെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടാനുള്ള ശ്രമമാണ് നടത്തിയത്. എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങളെല്ലാവരും ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളെക്കുറിച്ച് വളരെ ശക്തമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. ധനകാര്യ മാനേജ്മെന്റിന്റെ പിഴവല്ല. കഴിഞ്ഞ വർഷം നികുതി വരുമാനത്തിൽ 23,000 കോടി രൂപ അധികമായി വർധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. കേരളം സ്വന്തമായി വിഭവങ്ങളോ വരുമാനമോ ഉള്ള സംസ്ഥാനമല്ല. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നാം അഭിമുഖീകരിക്കുന്ന ഈ പ്രശ്നത്തിൽ, ബഹുമാന്യരായ പ്രതിപക്ഷത്തിലെ പരിണതപ്രജ്ഞരായ നേതാക്കന്മാരോട് ഞാൻ പറയുന്നത്, നാം യോജിച്ച് നിന്നില്ലെങ്കിൽ തകരാൻ പോകുന്നൊരു സംസ്ഥാനമായി കേരളം മാറുമെന്നാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധം തുടരുന്ന ഈ സാഹചര്യത്തിൽപോലും ഇക്കാര്യത്തിലുള്ള

പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് അതിശക്തമായി പറയണ്ടേ? ലോക്സഭ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ-ന് ഏതുഘട്ടത്തിലാണ് ഇത്രയും സീറ്റ് ലഭിച്ചിട്ടുള്ളത്. 1977-ലെ തിരഞ്ഞെടുപ്പിൽ കേരളത്തിൽ സി.പി.ഐ. (എം.)-ന് ഒരു സീറ്റുപോലും ലഭിച്ചില്ല. 1977 മുതൽ ഇങ്ങോട്ടുള്ള നടന്നിട്ടുള്ള തിരഞ്ഞെടുപ്പുകൾ ഓരോന്നായി എടുത്തുപരിശോധിച്ചാൽ 2004-ലാണ് എൽ.ഡി.എഫ്-ന് 18 സീറ്റ് ലഭിച്ചത്. അന്ന് യു.ഡി.എഫ്-ന്റെ കൂടെയുണ്ടായിരുന്ന കെ. കരുണാകരൻ കോൺഗ്രസിനെ പിളർത്തി DIC രൂപീകരിച്ചപ്പോൾ, ശ്രീ. കെ. മുരളീധരനടക്കം ഒരുപക്ഷം ഞങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ച 2004-ലെ ഇലക്ഷനിൽ മാത്രമാണ് എൽ.ഡി.എഫ്.-ന് 18 സീറ്റ് ലഭിച്ചത്. പിന്നീടുള്ള ഇലക്ഷനുകളിൽ ചില പ്രത്യേക സാഹചര്യത്തിൽ പരമാവധി എൽ.ഡി.എഫ്-ന് ലഭിച്ചത് 10 സീറ്റുകൾ മാത്രമാണ്. ലോക്സഭാ ഇലക്ഷന്റെ ഭാഗമായി ഞങ്ങൾ രാഷ്ട്രീയമായി തകർന്നിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, 1998-ൽ കെ. കരുണാകരൻ തൃശ്ശൂരിൽനിന്നും തോറ്റ ഇലക്ഷനാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഞങ്ങളുടെ മുന്നണിയുടെ ഭാഗമായി കരുണാകരൻ ഉണ്ടായെന്നല്ല ഞാൻ പറഞ്ഞത്. അന്ന് കെ. കരുണാകരന്റെ കൂടെയുണ്ടായിരുന്നവർ സ്വീകരിച്ചൊരു രാഷ്ട്രീയ നിലപാടുണ്ട്. ആ നിലപാടിന്റെ ഭാഗമായി, ടി.വി. കാണണമെന്ന് കെ. കരുണാകരൻ പറഞ്ഞുകൊണ്ടിരുന്നൊരു കാലമാണത്. അതിനെത്തുടർന്നുണ്ടായൊരു സാഹചര്യമുണ്ട്. ആ സാഹചര്യത്തിന്റെ ഭാഗമായാണ് ഞങ്ങൾക്ക് അന്ന് അത്ര വലിയൊരു വിജയത്തിലേയ്ക്ക് വരാൻ കഴിഞ്ഞത്. ഞാൻ പറഞ്ഞത്, രാഷ്ട്രീയമായി ലോക്സഭ തിരഞ്ഞെടുപ്പിൽ എക്കാലത്തും ഇടതുപക്ഷത്തിന് കേരളത്തിൽ വന്നുചേരുന്ന ഒരു സാഹചര്യമുണ്ട്. എൽ.ഡി.എഫ്. തകർന്ന് ഇല്ലാതായെന്ന മട്ടിലാണ് ഇവിടെ ഓരോരുത്തരും പറയുന്നത്. ലോക്സഭ തിരഞ്ഞെടുപ്പോടുകൂടി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇല്ലാതാകുന്നുവെന്ന പ്രതിപക്ഷത്തിന്റെ വിമർശനം അടിസ്ഥാനരഹിതമാണെന്ന് തിരഞ്ഞെടുപ്പിന്റെ സവിശേഷതകൾ മുൻനിർത്തി ചർച്ച ചെയ്താൽ മനസ്സിലാകും. നിങ്ങളുടെ കണ്ടെത്തലിൽ അതിന്റെ കാരണക്കാരൻ ആരാണ്? കേരളത്തിന്റെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും അതിന്റെ ഭാഗമായിട്ടുള്ള നിലപാടുകളുമാണെന്ന് എന്തെല്ലാം വാദഗതികൾ നിരത്തി സമർത്ഥിക്കാനും ഏതെല്ലാം അർത്ഥതലങ്ങളിലേയ്ക്ക് കൊണ്ടുപോകാനുമാണ് പ്രതിപക്ഷാംഗങ്ങൾ ശ്രമിക്കുന്നത്? എല്ലാ പാർട്ടിയിലും ചർച്ചകൾ നടക്കുന്നില്ലേ. പാർട്ടിയിൽ നടക്കുന്ന ചർച്ചകളുടെ യഥാർത്ഥ വിവരങ്ങളാണോ മാധ്യമങ്ങളിൽ വരുന്നത്. ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും, 2016 മുതൽ 2024 വരെയുള്ള പ്രതികൂല സാമ്പത്തിക സ്ഥിതിയിൽപോലും കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഏറ്റവും നന്നായി മനസ്സിലാക്കി അവരുടെ കൂടെ നിൽക്കാനും എല്ലാ അർത്ഥത്തിലും അവരെ സംരക്ഷിക്കാനും കേരളജനതയെ ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാനും ആർജ്ജവമുള്ള നിലപാട് സ്വീകരിച്ച രാഷ്ട്രീയ കേരളം കണ്ട പ്രതിഭാധനനായ ഭരണാധികാരിയാണ് ശ്രീ. പിണറായി വിജയൻ. ഇങ്ങനെയുള്ള ദുഷ്പ്രചരണങ്ങൾ നടത്തുന്നതിന്റെ ലക്ഷ്യമെന്താണെന്ന് ഞങ്ങൾക്ക് നന്നായറിയാം. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ ഡീമോറലൈസ് ചെയ്യുകയെന്നതാണ് ഇതിന്റെയൊക്കെ ലക്ഷ്യം. എൽ.ഡി.എഫ്.

നേതാക്കന്മാരെല്ലാം മോശമാണ്; ശ്രീ. പിണറായി വിജയൻ മോശമാണ് എന്നൊക്കെയാണ് ഇവിടെ പ്രചരിപ്പിക്കുന്നത്. ഏതാണ്ട് 10500-ഓളം ചെറുഗ്രൂപ്പുകൾ ഇവിടെ പ്രവർത്തിക്കുകയാണെന്നും അതിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കോർണർ ചെയ്യുകൊണ്ട് വൻതോതിലുള്ള പ്രചരണമാണ് നടത്തുന്നതെന്നുമാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആ പ്രചരണത്തിന്റെ ഭാഗമായി കേരളത്തിലെ മീഡിയ സ്വീകരിക്കുന്ന നിലപാടുണ്ട്. അത് എന്താണെന്ന് അറിയാമോ? എത്രമാത്രം തുല്യതയില്ലായ്മയാണത്. ഒരു തുല്യനീതി നൽകാൻ തയ്യാറാകണ്ടേ? ഇത്രമാത്രം പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നൊരു മാധ്യമ സംവിധാനത്തിന്റെ പിന്തുണയോടുകൂടിയാണ് ഇത്ര വലിയ നിലയിൽ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ യു.ഡി.എഫ്-ന് കഴിഞ്ഞത്. നിങ്ങൾ അത് മനസ്സിലാക്കണം. അപകടമുണ്ട്, എൽ.ഡി.എഫ്. തോറ്റു. പക്ഷേ, ബി.ജെ.പി. ജയിച്ചു. ബി.ജെ.പി.-യുടെ വോട്ടിൽ വർധനയുണ്ടായിട്ടുണ്ട്. ബി.ജെ.പി.ക്ക് 9 ശതമാനം വോട്ട് വർധിക്കുന്ന സാഹചര്യമുണ്ടായി. ഇത് അപകടകരമായ സ്ഥിതിയുണ്ടാക്കും. SDPI, വെൽഫെയർ പാർട്ടി തുടങ്ങിയ സംഘടനകളുടെ ഭാഗമായുള്ള

ഇടപെടലുകളുണ്ട്. ഈ ലോക്സഭ തിരഞ്ഞെടുപ്പിൽ കേരളമെന്ന മതനിരപേക്ഷ ജനാധിപത്യ സംസ്കാരത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന അപകടകരമായൊരു നില ഈ നാട്ടിലുണ്ടായി, അതിനെ പ്രതിരോധിക്കണ്ടേ? അതുകൊണ്ട് ആ അർത്ഥത്തിലുള്ള വിശാലമായ പ്രതിരോധമാണ് ഇവിടെ ഉയർത്തേണ്ടത്. പാർലമെന്റിൽ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരുണ്ട്. അതിലൊരാൾ നിരന്തരമായി നമുക്കെതിരാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടുമൊക്കെ ഞാനൊരു കാര്യം സൂചിപ്പിക്കുകയാണ്, കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ നേരത്തെയുള്ള സ്ട്രാറ്റജിയിൽനിന്നും വ്യത്യസ്തമായൊരു സമീപനം സ്വീകരിക്കാൻ കഴിയണ്ടേ? അങ്ങനെയൊരു നിലപാട് സ്വീകരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കേരളത്തിൽ എസ്.എഫ്.ഐ. സംഘടന കാലയവനികകൾക്കുള്ളിൽ അപ്രത്യക്ഷമായെന്ന് ശ്രീ. പി. കെ. ബഷീർ പറയുകയുണ്ടായി. ഞങ്ങളെല്ലാം എസ്.എഫ്.ഐ.-ക്കാർ ആയിരുന്നവരാണ്. ദേവപാലൻ മുതൽ ധീരജ് വരെയുള്ള 35 പേർ രക്തസാക്ഷിത്വം വരിച്ച വിദ്യാർത്ഥി പ്രസ്ഥാനമായ

എസ്.എഫ്.ഐ. കേരളത്തിന് നൽകിയിട്ടുള്ള മൂല്യവത്തായ സംഭാവനയുണ്ട്. കെ.എസ്.യു.-ന്റെ ക്യാമ്പിൽ സംഭവിക്കാൻ പാടില്ലാത്തൊരു കാര്യം സംഭവിച്ചതായി നിങ്ങളുടെ ശ്രദ്ധയിലുണ്ടല്ലോ, ഞാൻ പരിഹസിക്കാനോ കുറ്റപ്പെടുത്താനോയില്ല. പുതിയ തലമുറയിൽപ്പെട്ട ചിലരിൽ ചില അരാജക സ്വഭാവം രൂപപ്പെടുന്നുണ്ട്. എസ്.എഫ്.ഐ. എന്ന സംഘടനയിലെ ആരെങ്കിലുമൊരാൾ ചെയ്ത തെറ്റിന്റെ പേരിൽ ആ സംഘടനയെ നശിപ്പിച്ച് ഇല്ലാതാക്കണോ; ആ അർത്ഥത്തിൽ അതിനെ വ്യാഖ്യാനിക്കണോ? ഇടിമുറിയിൽ വളർന്ന പ്രസ്ഥാനമല്ല എസ്.എഫ്.ഐ.. കേരളത്തിന്റെ തെരുവോരങ്ങളിൽ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളിലും സമരങ്ങളിലും പോരാട്ടങ്ങളിലും അതിശക്തമായി ഇടപെട്ടതിന്റെ ഭാഗമായി പീഡനങ്ങൾ ഏറ്റുവാങ്ങി വളർന്നുവന്ന വിദ്യാർത്ഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. യാത്രാവകാശ സംരക്ഷണത്തിനാണ് ദേവപാലനും കെ. സി. രാജേഷും കൊലചെയ്യപ്പെടുന്നതെങ്കിൽ അടിയന്തരാവസ്ഥകാലത്താണ് മണ്ണാർക്കാട് എം.ഇ.എസ്. കോളേജിലെ മുഹമ്മദ് മുസ്തഫ എന്ന വിദ്യാർത്ഥി നേതാവ് രക്തസാക്ഷിത്വം വരിച്ചത്. റാഗിംഗിനെതിരായുള്ള പോരാട്ടത്തിലാണ്

സഖാവ് സെയ്താലി പട്ടാമ്പി സംസ്കൃത കോളേജിൽ കൊല ചെയ്യപ്പെടുന്നത്. കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജിലെ ജനറൽ സെക്രട്ടറിയായിരുന്ന ആർ. കെ. കൊച്ചനിയൻ ഒരു കലോത്സവത്തിന്റെ ഭാഗമായി പാസ് വാങ്ങാൻ സ്റ്റേജിന്റെ പുറകിലേയ്ക്ക് പോയപ്പോഴാണ് ഒരു കത്തി മുനയിൽ ജീവിതം അവസാനിച്ചത്. ഇതുപോലുള്ള എന്തെല്ലാം സംഭവങ്ങളുണ്ടായി. അതിന്റെ ഭാഗമായി 35 പേരുടെ ജീവൻ നഷ്ടപ്പെട്ടു. കേരളത്തിലെ വിദ്യാർഥികൾ സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്ന് ആലേഖനം ചെയ്ത പതാകയുമായി സർഗ്ഗാത്മക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ നാട്ടിൽ നടത്തിയ അത്യുജ്വല ഇടപെടലുകളില്ലേ ഈ വിദ്യാർഥി പ്രസ്ഥാനം നടത്തിയിട്ടുള്ളത്. ആ എസ്.എഫ്.ഐ.-യെ തകർക്കാൻ/ഇല്ലാതാക്കാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ അനിയന്മാരായ അവരെ സംരക്ഷിക്കാൻ ഞങ്ങളുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പോരായ്മകളുണ്ടെങ്കിൽ അവർ തിരുത്തും; എന്നാൽ കേരളത്തിൽ ശരിയായ വിദ്യാഭ്യാസ കാഴ്ചപ്പാട് അതിശക്തമായി ഉയർത്തിപ്പിടിക്കുകയും അഭിമാനകരമായ പോരാട്ട പാരമ്പര്യമുള്ളതും ധനകാര്യ

വകുപ്പുമന്ത്രിയുൾപ്പെടെ ഈ മന്ത്രിസഭയിലെ പ്രഗത്ഭരായ രാഷ്ട്രീയ നേതാക്കളെയും വിവിധ മേഖലകളിലെ പ്രതിഭാശാലികളെയും സംഭാവന ചെയ്യാനും കഴിഞ്ഞൊരു വിദ്യാർഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. ചെറുവണ്ണൂരിലുള്ള സ്റ്റീൽ കോംപ്ലക്സുമായി ബന്ധപ്പെട്ട ഒരു കാര്യം ബഹുമാന്യനായ ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഓഹരി സംസ്ഥാന ഗവൺമെന്റിനും (49.26 ശതമാനം) കേന്ദ്ര ഗവൺമെന്റിനുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ആ സ്ഥാപനത്തിനെതിരെ അങ്ങനെ ദുഃസൂചനയോടുകൂടിയുള്ള ആരോപണം ഉന്നയിക്കേണ്ടതായ സാഹചര്യമുണ്ടായിരുന്നോ? കോടതിയിൽ ഇടപെട്ട് അതിന് സ്റ്റേയുണ്ടായി, ഛത്തീസ്ഗഢിലെ ഒരു കമ്പനി അത് ഏറ്റെടുത്തു. ആ കമ്പനിയെ സഹായിക്കാനാണ് അങ്ങനെയൊരു ആരോപണം ഉയർന്നുവെന്നുള്ള വിമർശനം വന്നാലോ; കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റോ, ബന്ധപ്പെട്ട വകുപ്പുമന്ത്രിയോ ഏതെങ്കിലും അർത്ഥത്തിൽ അങ്ങനെയൊരു അഴിമതിയുടെ ഭാഗമായി പോകില്ലെന്ന ഉറപ്പ് ഞങ്ങൾക്കുണ്ട്. നവരത്ന

കമ്പനികളുടെ ലിസ്റ്റിലുൾപ്പെട്ട ടി കമ്പനി സാഹചര്യത്തിന്റെയും കാലഘട്ടത്തിന്റെയും ഭാഗമായി അത് ദുർബലപ്പെടുന്ന സാഹചര്യമുണ്ടായി. അക്കാര്യത്തിൽ ദുഃസൂചനാപരമായ ഇടപെടൽ നടത്തിയത് ശരിയായില്ലെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നത്തെ മറുപടിയിൽ പറയേണ്ടിയിരുന്ന ചില കാര്യങ്ങളാണ് ബഹുമാന്യനായ മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിലൂടെ രാവിലെ അവതരിപ്പിച്ചത്. ചട്ടം 300 അനുസരിച്ചുള്ള ആ സ്റ്റേറ്റ്മെന്റ് മുഴുവനും ഞാൻ വായിച്ചു. പ്രതിപക്ഷം കഴിഞ്ഞ മൂന്ന് വർഷമായി ഈ സർക്കാരിനെ വിമർശിച്ച കാര്യങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിനെ കാണുന്നത്. ഞങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ

സ്റ്റേറ്റ്മെന്റിലൂടെ അടിവരയിടുകയാണ്. 55 ലക്ഷം പേർക്ക് സാമൂഹ്യസുരക്ഷാപെൻഷൻ, 45 ലക്ഷം പേർക്ക് ക്ഷേമനിധി പെൻഷൻ, ഖാദി ഇൻകം സപ്പോർട്ട് സ്കീം, ആരോഗ്യമേഖലയിലുള്ള വലിയ കുടിശ്ശിക, സപ്ലൈകോ തകരാറിലായത്, കരാറുകാർക്കുള്ള കുടിശ്ശിക, പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് കൊടുക്കാത്തത്, മറ്റ് ധനസഹായങ്ങൾ കൊടുക്കാത്തത്, ലൈഫ് മിഷൻ നേരിടുന്ന പ്രതിസന്ധി, പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക, ഡി.ആർ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക തുടങ്ങിയ നിരവധി കാര്യങ്ങളാണ്. കൂടാതെ വയനാട്, ഇടുക്കി, കാസർഗോഡ്, കുട്ടനാട് പാക്കേജുകളുടെ കൂട്ടത്തിൽ തീരദേശ പാക്കേജുകൂടി ഉൾപ്പെടുത്തണമായിരുന്നു. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം, ജൽ ജീവൻ മിഷൻ തുടങ്ങിയ പദ്ധതികളുൾപ്പെടെ എല്ലാകാര്യങ്ങളും കഴിഞ്ഞ മൂന്ന് വർഷമായി ഞങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നവയാണ്. ഈ സംസ്ഥാനം നേരിടുന്ന ശ്രുക്ഷമായ ധനപ്രതിസന്ധി, അഞ്ച് പൈസപോലും വകുപ്പുകൾക്ക് കൊടുക്കാനില്ലാത്ത സ്ഥിതി, ഓരോ വകുപ്പുമന്ത്രിമാർക്കും ഞങ്ങൾ അവരുടെ വകുപ്പിലെ

വിഷയങ്ങൾ ഉന്നയിക്കുമ്പോൾ അവരുടെ ഉള്ളിൽ സന്തോഷമായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ അവരുടെ ഉള്ളിൽ സന്തോഷമാണ്. കാരണം എന്താണ്? പ്രതിപക്ഷം പറഞ്ഞിട്ടെങ്കിലും ഞങ്ങൾക്ക് അഞ്ച് പൈസ ലഭിക്കട്ടെയെന്നുള്ള ധാരണയിലായിരുന്നു മന്ത്രിമാരെല്ലാം. ഇതെല്ലാം ഈ സർക്കാരിന്റെ ബാധ്യതകളാണ്; ഈ രണ്ടുമൂന്ന് വർഷംകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് പതിനായിരക്കണക്കിന് കോടി രൂപയാണ് കൊടുക്കാനുള്ളത്. ഇതൊക്കെ പരിഹരിക്കുന്നതിനുള്ള സോഴ്സ് എവിടെ നിന്നാണെന്നാണ് പ്രതിപക്ഷ ഉപനേതാവ് ഉയർത്തിയ ചോദ്യം. ഏതാണ് നിങ്ങളുടെ റിസോഴ്സ്? ഈ പതിനായിരക്കണക്കിന് കോടി രൂപ നൽകുമെന്നുള്ള പ്രഖ്യാപനമല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സർക്കാരിന്റെ കൈയിൽ മോശയുടെ വടിയോ, അലാവുദ്ദീന്റെ അത്ഭുത വിളക്കോ ഒന്നുമില്ലല്ലോ; പണം വേണ്ടേ; നിങ്ങളുടെ സോഴ്സ് ഏതാണ്? Mr. Finance Minister, you don't even have a revenue estimate. നിങ്ങൾക്ക് റവന്യൂ എസ്റ്റിമേറ്റില്ല. ഇത്രയും പണം കൊടുക്കണമെങ്കിൽ സ്വാഭാവികമായും

അടുത്ത വർഷത്തേയ്ക്കുള്ള എക്സ്പെൻഡിച്ചറും റവന്യൂ വരുമാനവും എസ്റ്റിമേറ്റിൽ കാണിച്ചിരിക്കണം. എന്നാൽ അത്തരമൊരു എസ്റ്റിമേറ്റുപോലും ഈ സർക്കാരിന്റെ പക്കലില്ല. പതിനായിരക്കണക്കിന് കോടി രൂപ നിങ്ങൾക്ക് കൊടുക്കാൻ കഴിയുന്നില്ല. പിരിച്ചാൽ എസ്റ്റിമേറ്റിന്റെ അത്രയുംവരില്ല, പിന്നെ എങ്ങനെയാണ്, ആരെയാണ് നിങ്ങൾ കബളിപ്പിക്കുന്നത്? ഒരു വർഷം കഴിയുമ്പോൾ ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റുവച്ച് ഈ സർക്കാരിനെ കേരളത്തിലെ പൊതുസമൂഹം വിചാരണ ചെയ്യുമെന്ന് മാത്രം ഈ അവസരത്തിൽ ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

ഈ സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇന്നലത്തെ ഒരു സ്റ്റേറ്റ്മെന്റ് കണ്ട് ഞാൻ ഞെട്ടിപ്പോയി. ഞാൻ വീട്ടിൽ പോയി ആ സ്റ്റേറ്റ്മെന്റിലെ കണക്കുകൾ കൂട്ടിയും കിഴിച്ചും നോക്കി. കാരണം, കേരളത്തിലെ നികുതി വരുമാനം വർധിക്കുകയാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. നികുതി വരുമാനം 65 ശതമാനം വർധിച്ചിരിക്കുന്നു. നികുതി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ നമ്പർ വൺ സ്റ്റേറ്റാണ് കേരളമെന്നാണ് അദ്ദേഹം

പറഞ്ഞത്. നമ്മളെല്ലാം തെറ്റായിട്ടാണോ ധരിച്ചുവച്ചിരിക്കുന്നത് എന്നുപോലും ഞാൻ വിചാരിച്ചു? ഈ കണക്കുകൾ എന്നുമുതലാണ് കംപയർ ചെയ്തിരിക്കുന്നതെന്ന് അറിയാമോ? ഇത് എഴുതി നൽകിയ ഉദ്യോഗസ്ഥരെ ഞാൻ സമ്മതിച്ചിരിക്കുന്നു. 2020-21 കോവിഡ് കാലത്തെ തനത് വരുമാനം 36,362 കോടി രൂപയാണ്. അതിൽനിന്നാണ് ഈ കണക്കുകൾ എഴുതി വച്ചിരിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ അന്ന് എല്ലാ സംസ്ഥാനങ്ങളുടെയും തനത് വരുമാനം താഴോട്ടുപോയി. 2021-22 സാമ്പത്തിക വർഷത്തിൽ തനത് വരുമാനം 53000 കോടി രൂപയായി. അത് സ്വാഭാവികമായിട്ടുള്ള മാറ്റമാണ്. 2022-23 സാമ്പത്തികവർഷത്തിൽ കൂടിയത് എത്രയാണ്? 6000 കോടി രൂപ. ശ്രീ. കെ. വി. സുമേഷ് ഇവിടെ തെറ്റായിട്ടാണ് പറഞ്ഞത്. കഴിഞ്ഞ വർഷത്തെക്കാൾ 2023-24-ലെ നികുതി വ്യത്യാസം എത്രയാണ്? 0.02 ശതമാനമാണ് തനത് നികുതി വരുമാന വർധനവ്. എല്ലാവരും ഇക്കാര്യങ്ങൾ അറിഞ്ഞിരിക്കണം. കഴിഞ്ഞ വർഷം 59,106 കോടി രൂപ തനത് വരുമാനമുണ്ടായിരുന്നെങ്കിൽ തൊട്ടടുത്ത സാമ്പത്തികവർഷമായപ്പോൾ 59,278 കോടി രൂപയായി വർധിച്ചു. തനത്

വരുമാനത്തിൽ 172 കോടി രൂപയുടെ വർധനവാണുണ്ടായിരിക്കുന്നത്. എന്താണിത്? പതിനഞ്ച് ശതമാനത്തിൽ കൂടുതൽ നാച്വറൽ ഗ്രോത്ത് ഉണ്ടായിരിക്കണം. എല്ലാവർഷവുമുള്ള നാച്വറൽ ടാക്സ് ഗ്രോത്ത് റേറ്റിൽ കേരളം പ്രതീക്ഷിച്ചത് 20 ശതമാനമാണ്. നാച്വറൽ ടാക്സ് ഗ്രോത്ത് റേറ്റിൽ 0.02% ഗ്രോത്താണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഈ ധനകാര്യ വകുപ്പുമന്ത്രിക്കല്ലാതെ ആർക്കാണ് നിയമസഭയിൽ വന്ന് 65 ശതമാനം വർധനവുണ്ടാക്കിയ സർക്കാരാണ് എൽ.ഡി.എഫ്. എന്ന് പറയാൻ കഴിയുന്നത്? കഴിഞ്ഞ സാമ്പത്തികവർഷത്തിൽ എസ്.ജി.എസ്.ടി. (State Goods and Services Tax)-യുടെ വളർച്ച 13 ശതമാനമാണ്. അതായത് റവന്യൂ ന്യൂട്രൽ റേറ്റായി കണക്കാക്കിയിരിക്കുന്ന 14 ശതമാനത്തിനും താഴെയാണ്. എസ്.ജി.എസ്.ടി.-യുടെ ഒന്നര ഇരട്ടിയാണ് ഐ.ജി.എസ്.ടി. (Integrated Goods and Services Tax)-ക്ക് ലഭിക്കേണ്ടത്. അത് ഏഴ് ശതമാനം മാത്രമെയുള്ളൂ. മറ്റ് സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. തമിഴ്നാടിൽ അവർ IIT (Indian Institute of Technology) ഹൈദരാബാദുമായി ചേർന്ന് ഒരു ടാക്സ് റിസർച്ച്

യൂണിറ്റുണ്ടാക്കി. ഞങ്ങളല്ലേ ഈ നിയമസഭയിൽ ആദ്യമായി ഇക്കാര്യങ്ങളെപ്പറ്റി പറഞ്ഞത്. 25,000 കോടി രൂപ ഈ സർക്കാർ ഐ.ജി.എസ്.ടി.-ൽ നഷ്ടപ്പെടുത്തി. ഇപ്പോൾ അത് 30000-35000 കോടി രൂപയായി. അവർ ഐ.ഐ.ടി. ഹൈദരാബാദുമായി ചേർന്ന് ബിഗ് ഡാറ്റ അടക്കമുള്ള ആധുനിക സംവിധാനങ്ങൾ, ടാക്സ് റിസർച്ച് യൂണിറ്റുകൾ എന്നിവ ആരംഭിച്ച് അവരുടെ ഐ.ജി.എസ്.ടി. വിഹിതം കേന്ദ്രത്തിൽനിന്ന് വാങ്ങിച്ചെടുക്കാനുള്ള ഏറ്റവും ആധുനികമായ സങ്കേതങ്ങളുമായാണ് പ്രവർത്തിക്കുന്നത്. പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യം എത്ര പ്രാവശ്യം ഈ സർക്കാരിനോട് കെഞ്ചി പറഞ്ഞു. സംസ്ഥാനത്തിന്റെ താൽപ്പര്യമല്ലേ ഞങ്ങൾ പറഞ്ഞത്. അത് വാങ്ങിച്ചെടുക്കേണ്ടത് ആയിരുന്നില്ലേ. അത് വാങ്ങിയെടുക്കാൻ ഈ സർക്കാരിന് പ്രോപ്പറായിട്ടുള്ളൊരു പ്രൊസീജ്യുവറുണ്ടോ? ഒന്നരവർഷം മുമ്പ് ഞങ്ങൾ ഉന്നയിച്ചൊരാക്ഷേപമല്ലേ; നിങ്ങളത് ശരിയാക്കിയോ? ഐ.ജി.എസ്.ടി.-യിൽ ഒന്നരവർഷം കൊണ്ട് എന്ത് വളർച്ചയാണ് ഉണ്ടാക്കിയിരിക്കുന്നത്? സ്വർണ്ണത്തിന്റെ നികുതിയെക്കുറിച്ച് ഞങ്ങൾ പറഞ്ഞു. കഴിഞ്ഞ ദിവസം

മന്ത്രിയുടെ ഒരു ഉത്തരം കണ്ട് ഞാൻ ഞെട്ടിപ്പോയി. കേരളത്തിൽ എത്ര ടൺ സ്വർണ്ണം പ്രതിവർഷം വിൽക്കുന്നുണ്ടെന്നുള്ള കണക്കുപോലും ഈ സർക്കാരിന്റെ കൈയിലില്ല. ഏറ്റവും വലിയ നികുതി സോഴ്സാണത്. അവിടെയാണ് ഏറ്റവും വലിയ വെട്ടിപ്പ് നടക്കുന്നത്. സ്വർണ്ണത്തിന് ആയിരക്കണക്കിന് കോടി രൂപയുടെ വെട്ടിപ്പ് നടക്കുകയാണ്. എത്ര ടൺ സ്വർണ്ണം വിൽക്കുന്നുണ്ടെന്ന് അറിയാൻ പാടില്ലാത്ത ജി.എസ്.ടി.-യാണെങ്കിൽ എന്തിനാണ് ഇങ്ങനെയൊരു ജി.എസ്.ടി. വകുപ്പ്? ഇവിടെ എന്തെങ്കിലുമൊരു കോ-ഓർഡിനേഷനുണ്ടോ? കെ.എഫ്.സി.-യിൽ പെൻഷൻ ഫണ്ടിന്റെ 7.75 ശതമാനം പലിശയാണ്. ഇപ്പോൾ കെ.എഫ്.സി. അത് 9 ശതമാനമായി വർധിപ്പിച്ചു. സർക്കാർ സ്ഥാപനമാണ്. പലിശ കൂട്ടുകയാണ്. എന്താർഭാടമാണ് കാണിക്കുന്നതെന്ന് നിങ്ങൾചോദിച്ചു? കിഫ്ബി കേരളീയത്തിന് 15 കോടി രൂപയുടെ ധനാനുമതി കൊടുത്തുവെന്നുള്ളത് അങ്ങ് തന്നെ മറുപടി പറഞ്ഞിരുന്നല്ലോ. വേറെ ചില കാര്യങ്ങൾക്കുവേണ്ടി രണ്ടുമൂന്ന് കോടി രൂപ ചെലവാക്കി. അഞ്ചരക്കോടി രൂപ മീഡിയ കാര്യങ്ങൾക്കുവേണ്ടി ചെലവാക്കി. കിഫ്ബിയുടെ ജോലി

എന്താണ്, മീഡിയയുടെ കാര്യത്തിൽ കിഫ്ബിയുടെ റോൾ എന്താണ്? കിഫ്ബിയാണോ കേരളീയം നടത്തുന്നത്; കിഫ്ബിയാണോ മീഡിയ ക്യാമ്പയിൻ നടത്തുന്നത്. ഈ പണം എവിടെ നിന്നാണ്; കടം വാങ്ങിച്ച പൈസയല്ലേ? കടം വാങ്ങിച്ച പൈസയാണ്. 2150 കോടി രൂപ 9.72 ശതമാനത്തിന് മസാല ബോണ്ട് വാങ്ങിച്ചിട്ട് രണ്ടുമൂന്ന് വർഷം കഴിഞ്ഞപ്പോൾ മൂവായിരത്തി ഒരുന്നൂറ് കോടി രൂപ കൊടുത്തു. ആയിരം കോടി രൂപ പലിശയായി കൊടുത്തു. ആ പലിശയ്ക്ക് വാങ്ങിച്ച തുകയിൽനിന്നാണ് കേരളീയത്തിന്റെ ധൂർത്ത്. ഈ എൽ.ഡി.എഫ്. സർക്കാരിനല്ലാതെ വേറെ ആർക്ക് ഇങ്ങനെ ചെയ്യാൻ കഴിയും? ഇക്കാര്യങ്ങളെല്ലാം നാമോരോരുത്തരും മനസ്സിലാക്കണം; കാരണം, അത്രമാത്രം പ്രശ്നങ്ങളാണ് ഈ സംസ്ഥാനം നേരിടുന്നത്. നിങ്ങൾക്ക് ഏകദേശം പതിമൂന്നായിരം കോടി രൂപ ഔട്ട്ഡേറ്റായിട്ടുള്ള വാറ്റിൽനിന്ന് പിരിഞ്ഞുകിട്ടാനുണ്ട്. അതിനുവേണ്ടി ഈ സർക്കാർ ആറ് ആംനസ്റ്റി സ്കീമുകൾ കൊണ്ടുവന്നു. ഓരോ സ്കീമുകളും ഈ നിയമസഭയിൽ കൊണ്ടുവന്നപ്പോഴൊക്കെ പൊളിയുമെന്ന് ഞങ്ങൾ ഈ നിയമസഭയിൽ

പറഞ്ഞു. അങ്ങനെ നിങ്ങൾ ഞങ്ങളെ പരിഹസിക്കുകയൊന്നും വേണ്ട ആംനസ്റ്റി പൊളിയുകയൊന്നുമില്ലെന്ന് പറഞ്ഞു. കാരണം, വേണ്ടത്ര തയ്യാറെടുപ്പില്ലാതെയാണ് ആംനസ്റ്റി സ്കീം കൊണ്ടുവന്നത്. അതുമായി ബന്ധപ്പെട്ട് എല്ലാപ്രാവശ്യവും സംസാരിച്ചയാളാണ് ഞാൻ. ഈ ഓരോ ആംനസ്റ്റി സ്കീമുകൾ കൊണ്ടുവന്നപ്പോഴും അതൊന്നും ഫിറ്റല്ലെന്നും ഇത് പൊളിഞ്ഞു പോകുമെന്നും ഞങ്ങൾ പറഞ്ഞു. ആറ് പ്രാവശ്യം ആംനസ്റ്റി സ്കീം കൊണ്ടുവന്ന് പതിമൂന്നായിരം കോടി രൂപ പിരിയ്ക്കേണ്ട സ്ഥലത്ത് ഇതുവരെ പിരിച്ചത് 744 കോടി രൂപയാണ്. നാളിതുവരെ മുഴുവൻ തുകയും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. ഞങ്ങൾ ഇക്കാര്യം പറഞ്ഞപ്പോൾ ഈ സർക്കാരിനത് വലിയ പ്രയാസവും ഞങ്ങളോടുള്ള പരിഹാസവുമൊക്കെയായി മാറിയെന്നുള്ള കാര്യം മറക്കണ്ട.

അതുപോലെതന്നെ ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാനുണ്ട്. ഞങ്ങളിവിടെ ബാർകോഴയെക്കുറിച്ച് ഒരാരോപണമുന്നയിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പണം നൽകിയെന്ന് ഒരു ബാറുടമ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ

പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ നൽകിയ പരാതിയിന്മേൽ കേസെടുത്തു. ഇപ്പോഴും ഒരു ബാറുടമ തന്നെയാണ് സർക്കാരിന് പണം നൽകണമെന്നുള്ള വെളിപ്പെടുത്തൽ നടത്തിയത്. പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാനുമൊരു പരാതി നൽകിയിരുന്നു. ആ പരാതിയിന്മേൽ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചത്? നിങ്ങൾ അത് മാറ്റിവച്ചു, കാരണം ആ പരാതിയെപ്പറ്റി അന്വേഷിച്ചാൽ നിങ്ങളുമായി ബന്ധപ്പെട്ട ആളുകൾ അതിൽ പ്രതികളായി വരുമെന്ന് സർക്കാരിന് ഉറപ്പുണ്ട്. പി.എസ്.സി. അംഗത്വത്തെ സംബന്ധിച്ച് ഇന്നലെ ഇവിടെ പരാമർശമുണ്ടായി. പബ്ലിക് സർവീസ് കമ്മീഷന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്തിയില്ലേ; ഇടതുപക്ഷ കക്ഷികളെല്ലാവരും ചേർന്ന് പി.എസ്.സി. അംഗത്വം വിൽപ്പനയ്ക്ക് വച്ചിരിക്കുകയല്ലേ. പ്ലസ് വൺ അഡ്മിഷന്റെ കാര്യത്തിൽ ഇപ്പോഴെങ്കിലുമൊരു തീരുമാനമെടുക്കാതെ അത് വലിച്ചുനീട്ടി കൊണ്ടുപോകുകയല്ലേ. പതിനായിരം സീറ്റുകൾ ബാക്കിവരുമെന്നാണ് ഈ സഭയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. പിന്നെന്തിനാണ് 30 ശതമാനം മാർജിനൽ ഇൻക്രീസ് കൊടുത്തത്. നിങ്ങൾ എന്താണ് തീരുമാനം

എടുക്കാത്ത ഗവൺമെന്റാകുന്നത്. കുട്ടികൾ പ്ലസ്-ടുവിന് കയറിയ ശേഷമാണോ പ്ലസ്‌വണ്ണിലേയ്ക്ക് അഡ്മിഷൻ കൊടുക്കുന്നത്. എത്ര ദിവസമായി, ഈ സഭ സമ്മേളനം തുടങ്ങിയ അന്നുതന്നെ ഞങ്ങൾ കൊണ്ടുവന്ന വിഷയമല്ലേ, എന്തുകൊണ്ട് ഈ സർക്കാരിന് തീരുമാനങ്ങളെടുക്കാൻ കഴിയുന്നില്ല. സർക്കാർ എന്തുകൊണ്ട് കൂടിയാലോചനകൾ നടത്തുന്നില്ല. കുട്ടികളെയും രക്ഷാകർത്താക്കളെയും ബാധിക്കുന്ന ഗൗരവമായ വിഷയങ്ങളിന്മേൽ എന്തുകൊണ്ട് തീരുമാനങ്ങളെടുക്കുന്നില്ല. ക്ഷേമപെൻഷനുകൾ 2500/- രൂപയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവരാണ് എൽ.ഡി.എഫ്. സർക്കാർ. എന്നിട്ട് അതേ സർക്കാർ തന്നെയല്ലേ പതിനായിരക്കണക്കിന് കോടി രൂപയുടെ കുടിശ്ശിക മുഴുവൻ വരുത്തിയിരിക്കുന്നത്. ലോക്കൽ ബോഡിയിലെ കാര്യം ഞങ്ങൾ പറഞ്ഞില്ലേ. ലോക്കൽ ബോഡിക്ക് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കതിനെ കൊണ്ടുപോയി ഞെരിച്ചിട്ടിരിക്കുകയാണ്. ക്യാരിഓവറിന്റെ കാര്യത്തിൽ ഈ സർക്കാർ തീരുമാനമെടുത്തോ; എന്താണ് ഈ വർഷത്തെ ഫണ്ട് കൊടുക്കുമോ; കഴിഞ്ഞവർഷം ചെലവാക്കാതിരുന്ന തുക ഈ

വർഷത്തെ പ്ലാനിൽ നിന്നാണോ നിങ്ങൾ കൊടുക്കാൻ പോകുന്നത്. നിങ്ങളൊരു തീരുമാനവുമെടുക്കുന്നില്ല. 'ഇൻഎഫിഷ്യൻസി'യാണ് ഈ സർക്കാരിന്റെ മുഖമുദ്രയെന്ന കാര്യം മറക്കേണ്ട. കാർഷിക മേഖല നേരിടുന്ന വിഷയങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഗൗരവത്തോടുകൂടി ഇവിടെ അവതരിപ്പിച്ചു. ശ്രീ. മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിലും കാർഷിക മേഖലയെക്കുറിച്ച് പരാമർശമൊന്നുമില്ല. ഒരു കാര്യവുമില്ല. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലും കാലാവസ്ഥാ വ്യതിയാനമുണ്ടാക്കിയ മാറ്റങ്ങളെ അഡ്രസ്സ് ചെയ്യുന്ന കാര്യത്തിലും ഈ സർക്കാർ പരാജയപ്പെട്ടു. കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽനിന്നും വരുന്ന വാർത്തകൾ എന്താണ്? നിങ്ങളുടെ സർക്കാരിന് ധാർഷ്ട്യമാണ് അഹങ്കാരമാണ് എന്ന് ഞങ്ങൾ പറഞ്ഞുവെന്ന് ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി ദേഷ്യപ്പെട്ടുകൊണ്ട് കഴിഞ്ഞദിവസം പറഞ്ഞു, . ഞങ്ങൾക്കും പറയാനുണ്ട്, അങ്ങ് ഞങ്ങളെ കുറെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്തു. നിങ്ങൾക്ക് വിനയമാണോ ഉള്ളത്; ധാർഷ്ട്യം അല്ലേ, ധാർഷ്ട്യം അല്ലേ, എന്നുപറഞ്ഞു. നിങ്ങളുടെ കേന്ദ്ര

കമ്മിറ്റി അംഗമാണ് ഡോ. ടി. എം. തോമസ് ഐസക്. അദ്ദേഹം പത്ത് വർഷം ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ സഭയിലെ മറുപടിക്കുശേഷമുള്ള ഡോ. ടി. എം. തോമസ് ഐസകിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് കണ്ടോ, 'അഹങ്കാരത്തോടെയും ധാർഷ്ട്യത്തോടെയുമുള്ള പെരുമാറ്റം ജനങ്ങളെ പാർട്ടിയിൽനിന്ന് അകറ്റുന്നു. ഇത് പാർട്ടിയുടെ എല്ലാ തലങ്ങളിലും കാണാം. ജനങ്ങളോട് എപ്പോഴും വിനയത്തോടുകൂടി വേണം പെരുമാറാൻ'. ഞങ്ങൾ ഈ നിയമസഭയ്ക്ക് അകത്തും പുറത്തും പറഞ്ഞ വാചകങ്ങൾക്ക് അടിവരയിട്ട് തന്നതാരാണ്, നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അംഗം. വേറൊരു പോളിറ്റ് ബ്യൂറോ അംഗം എന്താണ് പറഞ്ഞത്; നിങ്ങളുടെ പാർട്ടി 'പൂതലിച്ച്' പോയെന്ന്; എന്തൊരു മനോഹരമായ പ്രയോഗമാണത്. ശ്രീ. എ. വിജയരാഘവന് ഒരു സല്യൂട്ട് കൊടുത്തുവെന്ന് പറഞ്ഞെയ്ക്കു. വളരെ കറക്ടായിട്ടുള്ള ഡെഫനിഷനാണ് അദ്ദേഹം നൽകിയത്. നിങ്ങളുടെ പാർട്ടി 'പൂതലിച്ച്' പോയി.

അതുപോലെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നടക്കുന്ന കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു. അതെല്ലാം ഇപ്പോൾ പുറത്ത് വന്നില്ലേ; പുറത്ത് വന്നുകൊണ്ടിരിക്കുകയല്ലേ. കണ്ണൂരിൽ നിന്നും പുറത്ത് വന്ന കാര്യങ്ങൾ ഞങ്ങൾ പ്രതിപക്ഷം പറഞ്ഞ കാര്യങ്ങളാണോ നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന സ്വർണ്ണ കള്ളക്കടത്ത്, സ്വർണ്ണം പൊട്ടിക്കൽ തുടങ്ങിയ കാര്യങ്ങൾ. കോഴിക്കോട് നടക്കുന്ന കാര്യങ്ങൾ പി.എസ്.സി. അംഗത്തിനുവേണ്ടി പണം പിരിക്കുന്നു. ഇന്നിപ്പോൾ സ്റ്റീൽ കോംപ്ലക്സ്, അത് ഗൗരവകരമായ ഒരു ആരോപണമാണ്. അതൊക്കെ നിങ്ങളുടെ കോഴിക്കോടുള്ള കോക്കസാണോ; നിങ്ങളുടെ പാർട്ടിയാണ്; നിങ്ങളുടെ പാർട്ടി വളരെ അപകടകരമായ രീതിയിലേയ്ക്ക് പോകുയാണ്. ഇതുപോലെ എന്തെല്ലാം വിഷയങ്ങളാണ് ഇവിടെയുള്ളത്. കഴിഞ്ഞ ദിവസം പറഞ്ഞല്ലോ; അതായത് 12 ക്രിമിനൽ കേസിൽ പ്രതിയായ ഒരാൾ, കാപ്പ (CAPA) കേസിൽ പ്രതി. സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽവന്ന മന്ത്രി അയാളെ മാലയിട്ട് പാർട്ടിയിലേയ്ക്ക് സ്വീകരിക്കുകയാണ്. എന്ത് മെസേജാണ് ഇതിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നത്? ശ്രീ. പി. സി. വിഷ്ണുനാഥ് ഇതിനെപ്പറ്റി എനിക്കൊരു ടോൾ

കാണിച്ചതന്നു. എന്താണെന്നുവച്ചാൽ ഒരു ഡുണ്ടുമോൻ നടന്നുപോകുമ്പോൾ എവിടെ പോവുകയാണ് മോനേ എന്ന് ചോദിച്ചോൾ കപ്പടിച്ചവർക്ക് സ്വീകരണം കൊടുക്കാൻ പോകുകയാണെന്ന് പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ഡുണ്ടുമോൻ വിഷമിച്ച് വരുന്നത് കണ്ടപ്പോൾ ചോദിച്ചു. എന്ത് പറ്റി മോനേ, അത് കപ്പടിച്ചവർക്കായിരുന്നില്ല, കാപ്പ അടിച്ചവർക്കായിരുന്നു സ്വീകരണം എന്ന് പറഞ്ഞു. ഞാൻ വെറുതെ പറയുകയല്ല. ഡൽഹിയിൽ എങ്ങനെയാണെന്ന് അറിയാമോ; അഴിമതിക്കാരൻ ആണെങ്കിൽ ബി.ജെ.പി.-യിൽ ചേർന്നാൽ അഴിമതി ഇല്ലാതെയാകും. കേരളത്തിൽ എങ്ങനെയാണെന്ന് അറിയാമോ, ക്രിമിനലാണെങ്കിൽ ഇടതു ജനാധിപത്യ മുന്നണിയുടെ പാർട്ടിയിൽ ചേർന്നാൽ ക്രിമിനല്ലാതായി മാറും. ഒരു കാര്യം അങ്ങയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ മന്ത്രി മാലയിട്ട് സ്വീകരിച്ച ആ കാപ്പ കേസിലെ പ്രതിയോടൊപ്പം അറുപത്തിരണ്ട് പേർ സി.പി.ഐ.(എം)-ൽ ചേർന്നിരുന്നു. അതിലൊരാളെ, മൈലാടുംപാറ സ്വദേശിയെ ഇന്ന് ഉച്ചയ്ക്ക് എക്സൈസ് വകുപ്പ് കഞ്ചാവുമായി പിടിച്ചു. ബഹുമാനപ്പെട്ട മന്ത്രി മാലയിട്ട് സ്വീകരിച്ച അറുപത്തിരണ്ട് പേരിലൊരാൾ

കഞ്ചാവ് കേസിലെ പ്രതിയാണ്. അവർ ക്രിമിനൽസാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടാണ് ഇതിലൂടെ വ്യക്തമാകുന്നത്. കഞ്ചാവ് കേസിൽ പ്രതികളായിട്ടുള്ളവരെയാണ് ബഹുമാനപ്പെട്ട മന്ത്രി മാലയിട്ട് സ്വീകരിച്ചത്. നിങ്ങൾ അന്വേഷിക്കുക, നിങ്ങൾക്ക് ലഭിക്കുന്നതിന് മുമ്പ് ഞങ്ങൾക്ക് ഈ വിവരം ലഭിച്ചു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ഗവൺമെന്റിന് ഫിനാൻഷ്യൽ മാനേജ്മെന്റ് ഇല്ല. ഇത് പറയുമ്പോൾ നിങ്ങളെന്തിനാണ് വിഷമിക്കുന്നത്. ഒരു ഫിസ്കൽ മാനേജ്മെന്റില്ല. ഈ സർക്കാരിന് ടാക്സ് പിരിക്കാൻ കഴിയുന്നില്ല. നിങ്ങൾക്ക് ടാക്സ് കളക്ഷൻ നടത്താൻ സാധിക്കുന്നില്ല. എക്സ്പെൻഡിച്ചർ നിയന്ത്രിക്കാൻ കഴിയുന്നില്ല. ഫിനാൻഷ്യൽ സ്കൂട്ടിണി ഒരു പ്രോജക്ടിലുമില്ല. വിവിധ വകുപ്പുകൾ തമ്മിൽ ഒരു ഏകോപനവുമില്ല. എല്ലാം പാവങ്ങളുടെ വിധിക്ക് വിട്ടുകൊണ്ടുള്ള ഒരു ഭരണമാണ്. അതുകൊണ്ട് ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ ശക്തിയായി എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മുമ്പ് ചെലവാക്കിയ ചില തുകകളിന്മേലുള്ള ചെലവുകൾ ക്രമവൽക്കരിക്കാനും ഈ വർഷത്തെ ചില ഡിമാന്റുകളിൽ സപ്ലിമെന്ററി ഡിമാന്റുകൾ അവതരിപ്പിക്കുന്നത് റാറ്റിഫൈ ചെയ്യാനും വേണ്ടിയുള്ളൊരു ബില്ലാണിത്. 2017-18, 2018-19, 2020-21 തുടങ്ങിയ വർഷങ്ങളിലെ പി.എ.സി. പരിശോധിച്ച് കണക്കുകൾ റെഗുലറൈസ് ചെയ്യുന്നൊരു സ്കീമാണ്. പൊതുവിൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ധനകാര്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതുകൊണ്ട് അതിലേയ്ക്കൊന്നും പോയിട്ടില്ല, എന്നാലും പൊതുധനകാര്യ കാര്യങ്ങളാണ് പറയുന്നത്. ഒരേ കാര്യങ്ങൾ തന്നെ വീണ്ടും ആവർത്തിച്ച് പറയുകയെന്നുള്ളത് ഒരു ഗീബത്സ്യൻ തന്ത്രമാണ്. സഭയുടെ ഒരു പ്രത്യേകത പഴയകാലത്തെ പോലെയല്ല. ഇവിടെ അങ്ങ് ഒരു കാര്യം/ആരോപണം പറയുമ്പോൾ അതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്ന് പറഞ്ഞാൽപോലും അത് പറയുമ്പോൾ തന്നെ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും പോകും. ലക്ഷക്കണക്കിന് ഗ്രൂപ്പുകളിലും വാട്സാപ്പ് ഗ്രൂപ്പുകളിലും പോകുന്നതിന് വേണ്ടിയിട്ടുള്ള ഒരു

രീതിയാണ്. തലക്കെട്ടിനുവേണ്ടി ഇങ്ങനെ വാർത്ത പറഞ്ഞാൽ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ പോലെയൊക്കെ സീനിയറായ നേതാക്കന്മാർ അവിടെയിരുപ്പുണ്ട്. എത്രയോ കാലമായി ഈ സഭയിൽ വരുന്നതാണ്. ഇപ്പോൾ നടക്കുന്ന ശൈലി തന്നെയാണോ തുടരേണ്ടതെന്ന് അങ്ങയെപ്പോലുള്ള ആൾക്കാർ ഉൾപ്പടെ പ്രതിപക്ഷത്തിന് ഉപദേശം കൊടുക്കണം. കാരണം എപ്പോഴും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു, എത്ര പ്രാവശ്യം വിശദീകരിച്ചുപറഞ്ഞാലും വീണ്ടും അതേ കാര്യങ്ങൾ തന്നെ ആവർത്തിക്കുകയുമാണ് ചെയ്തുവരുന്നത്. അത് ഇത്തരത്തിൽ മാധ്യമ പ്രചരണത്തിലേയ്ക്ക് പോവുകയും ചെയ്യും. മറ്റ് കാര്യങ്ങൾ സംസാരിക്കുന്നതിനുമുമ്പ് ഒരു കാര്യത്തെക്കുറിച്ച് പറയേണ്ടതുണ്ട്. അതായത്, നേരത്തെ ഇവിടെ ഒരു അഴിമതി ആരോപണത്തെക്കുറിച്ച് എഴുതിതരികയും അത് ഉന്നയിക്കുകയും ചെയ്യുകയുണ്ടായി. ബന്ധപ്പെട്ട വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിലും അതുസംബന്ധിച്ച് ആ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിശദീകരണം ഞാനിവിടെ വായിക്കാം. കാരണം അതാണല്ലോ ഇന്നത്തെ ടാർജറ്റ് പോയിന്റ്. ഓരോ ദിവസവും ഓരോ

ടാർജറ്റ് പോയിന്റാണ്. ഞാൻ ആ വിശദീകരണം പറയാം. കാരണം ഇത് രേഖയിൽ വരേണ്ടതാണ്. എന്ത് രേഖയിൽ വന്നാലും അങ്ങയുടെ കയ്യിലും ഇത് നിൽക്കില്ല. കാരണം ഇത്തരത്തിൽ പ്രചരണം നടത്തിപൊയ്ക്കൊണ്ടിരിക്കുകയാണ്. അതിനകത്ത് തർക്കമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അസംബ്ലിയിൽ വന്ന വാർത്തയാണ്. (മൈക്ക് ഓഫ്)..... അസംബ്ലിയിൽ വാർത്ത വരുന്നതിന് ആർക്കും വിഷമമില്ല; കാരണം വാർത്ത വരുന്നതുകണ്ട് വിഷമിക്കുന്നവരല്ല ഇവിടെയിരിക്കുന്നത്. അക്കാര്യം പറയുമ്പോൾ അങ്ങേയ്ക്കെന്തോ ഒരു വിഷമം ഉള്ളതുപോലെ തോന്നുന്നു. വാർത്ത വരുന്നതിന്റെ രീതി ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. ഞാൻ ആ വാർത്തയെക്കുറിച്ചാണ് പറയാൻ പോകുന്നത്. വാർത്തയ്ക്കുവേണ്ടി ഒരു കാര്യം പറയുമ്പോൾ, അതിനടിസ്ഥാനമായ ചില വസ്തുതകളെങ്കിലും നമ്മുടെ മനസ്സിലുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഇവിടെ സംസാരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. SAIL-SCL Kerala Limited (SSKL) എന്ന സ്ഥാപനത്തെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. 30 കോടി രൂപയ്ക്ക് വിലക്കുറച്ച് ചൂളവിലയ്ക്ക് സെയിൽ നടത്താൻവേണ്ടി

തീരുമാനിച്ചുവെന്നതും അതിന്റെ ഭാഗമായി കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 300 കോടി രൂപയിലധികം വിലമതിക്കുന്ന സ്ഥലം കേവലം 30 കോടി രൂപയ്ക്ക് ഛത്തീസ്ഗഢിലെ ഒരു സ്വകാര്യ കമ്പനിക്ക് കൈമാറ്റം ചെയ്യപ്പെട്ട സംഭവത്തിൽ കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്നതും സംബന്ധിച്ചാണ് ശ്രീ. ടി. സിദ്ദിഖ് നോട്ടീസ് നൽകുകയും പറയുകയും ചെയ്തത്. അദ്ദേഹം ഒരു വകുപ്പിനെപ്പറ്റിയാണ് പറഞ്ഞത്, അതുസംബന്ധിച്ച് അടുത്ത ദിവസം മറുപടി പറയാമെന്ന് ഞാൻ അന്നേരം പറഞ്ഞിരുന്നു. എന്നാൽ ഇന്നുതന്നെ മറുപടി പറയേണ്ടതുണ്ട്. 1969-ൽ സ്ഥാപിതമായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചതിനെത്തുടർന്ന് ബി.ഐ.എഫ്.ആർ. (Board for Industrial & Financial Reconstruction)-ന്റെ പരിധിയിലുൾപ്പെട്ട സ്ഥാപനമായിരുന്നു. ബി.ഐ.എഫ്.ആർ. എന്താണെന്ന് എല്ലാവർക്കുമറിയാം. തകർച്ചയിലേക്കുപോയ ആ സ്ഥാപനത്തെ റീ കൺസ്ട്രക്ഷനുവേണ്ടി ഏൽപ്പിച്ചതാണ്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2008-ൽ മഹാരത്ന കമ്പനികളിലൊന്നായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ

SAIL (Steel Authority of India Limited) കേരള സർക്കാരുമായി ഒരു സംയുക്ത സംരംഭത്തിനായി കരാറിലേർപ്പെടുകയും തുടർന്ന് 2010-ൽ സംയുക്ത സംരംഭം നിലവിൽവരികയും ചെയ്തു. 2013-ൽ മൂലധന നിക്ഷേപം വർധിപ്പിച്ച് അറ്റമൂല്യം പോസിറ്റീവായതിനെത്തുടർന്ന് സ്ഥാപനം ബി.ഐ.എഫ്.ആർ.-നിന്നും ഒഴിവാകുകയും SAIL-SCL Kerala Limited (SSKL) എന്നപേരിൽ സംയുക്ത സംരംഭം നിലവിൽവരികയും ചെയ്തു. എസ്.എസ്.കെ.എൽ.-ന്റെ നിലവിലെ ഓഹരി അനുപാതം കേരള സർക്കാരിന്റേത് 49.26 ശതമാനവും കേന്ദ്ര സർക്കാരിന്റേത് 49.26 ശതമാനവുമാണ്. 2014-ൽ യന്ത്രങ്ങളുടെ പ്രവർത്തനശേഷിയിൽ സ്റ്റീൽ ബില്ലറ്റ്സിന്റെ ലാഭകരമായ ഉൽപാദനം സാധ്യമല്ലാത്ത സാഹചര്യത്തിൽ അവയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരുന്നു. 2015-ൽ 64.76 കോടി രൂപ മുതൽമുടക്കി 65000 ടി.പി.എ.-ടി.എം.ടി. ഉൽപാദനശേഷിയുള്ള റീ-റോളിംഗ് മിൽ സ്ഥാപിച്ച് വ്യാവസായികോൽപാദനം ആരംഭിച്ചെങ്കിലും ആവശ്യമായ സ്റ്റീൽ ബില്ലറ്റ്സ് SAIL-ൽനിന്നും ലഭ്യമായിരുന്നില്ല. 2016 മുതൽ ഈ

സ്ഥാപനത്തിന്റെ ഉൽപാദനം പൂർണ്ണമായും നിലച്ചിരുന്നു. SAIL-ലുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തി ഉൽപാദനം പുന:സ്ഥാപിക്കുകയെന്ന ലക്ഷ്യം പ്രതീക്ഷിച്ചെങ്കിലും നിലവിലുള്ള സഹകരണം SAIL-ൽനിന്നും ലഭ്യമാകാത്തത് കാരണം അത് കൈവരിക്കാൻ സാധിച്ചിട്ടില്ല. റീ-റോളിംഗ് മിൽ സ്ഥാപിക്കാനായി വായ്പ നൽകിയത് കാനറാ ബാങ്കായിരുന്നു. ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ ബാങ്ക് അക്കൗണ്ട് എൻ.പി.എ. (Non-performing Assets) ആകുകയും ചെയ്തു. വരുമാനത്തിന്റെ അഭാവത്തിൽ എൻ.പി.എ.-ആയ കാനറാ ബാങ്കിന്റെ അക്കൗണ്ടുകൾ ക്രമപ്പെടുത്താൻ കമ്പനിക്ക് കഴിഞ്ഞില്ല. സർക്കാർതലത്തിൽ നിരവധിതവണ ബാങ്ക് അധികൃതരുൾപ്പെടെയുള്ളവരുമായി ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ കേന്ദ്ര സർക്കാരിൽനിന്നുള്ള നിസ്സഹകരണം കാരണം അന്തിമ തീരുമാനമാകാത്തതിനാൽ കാനറാ ബാങ്ക് തുടർനടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. കാനറാ ബാങ്ക് നിയമപരമായ നോട്ടീസുകൾ അയച്ചതിനുശേഷം പലിശയുൾപ്പെടെയുള്ള നിലവിലുള്ള ബാധ്യതയായ 107 കോടി രൂപ തിരിച്ചുപിടിക്കുന്നതിനായി നാഷണൽ കമ്പനി ലാ

ട്രിബ്യൂണൽ (എൻ.സി.എൽ.ടി.)-നെ സമീപിക്കുകയും ചെയ്തു. തുടർന്ന് 23-03-2023-ൽ ഈ തുക കാനറാ ബാങ്കിന് തിരികെ ലഭിക്കാൻ കോർപ്പറേറ്റ് ഇൻസോൾവൻസീസ് റെസല്യൂഷൻ പ്രോസസ്സ് ആരംഭിക്കാൻ എൻ.സി.എൽ.ടി. ഉത്തരവിടുകയും പ്രസ്തുത പ്രക്രിയ പൂർത്തിയാക്കാൻ ഒരു റെസല്യൂഷൻ പ്രൊഫഷണലിനെ നിയമിക്കുകയും ചെയ്തു. ഇപ്രകാരം റെസല്യൂഷൻ പ്രൊഫഷണലിനെ നിയമിച്ചുകൊണ്ട് തുടർനടപടികൾ തടയുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം നാഷണൽ കമ്പനി അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിക്കുകയുണ്ടായി. റെസല്യൂഷൻ പ്രൊഫഷണൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാമെന്ന് നൽകിയിരുന്ന പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഛത്തീസ്ഗഢ് ഔട്ട്സോഴ്സിംഗ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ 29.62 കോടി രൂപയുടെ റെസല്യൂഷൻ പ്ലാൻ കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് അംഗീകരിക്കുകയും തുടർന്ന് 02-05-2024-ൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ റെസല്യൂഷൻ പ്ലാൻ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. ബാങ്കിന്റെ ബാധ്യത ഒറ്റത്തവണ പ്രക്രിയവഴി

സെറ്റിൽമെന്റ് നടത്താൻ വിവിധ തലങ്ങളിലായി സർക്കാർ കാനറാ ബാങ്കുമായി നടത്തുന്ന ചർച്ചകൾ പുരോഗമിക്കുന്ന സാഹചര്യത്തിലാണ് സർക്കാരിന്റെ ആവശ്യം പരിഗണിക്കാതെ കുറഞ്ഞ തുകയുള്ള റെസല്യൂഷൻ പ്ലാൻ കാനറാ ബാങ്ക് അംഗീകരിച്ചത്. സംസ്ഥാന സർക്കാരിനെ കേൾക്കാതെയാണ് ട്രിബ്യൂണൽ വിധിയെന്ന് ചൂണ്ടിക്കാട്ടിയും 1961-ലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരം സ്റ്റീൽ കോംപ്ലക്സിന് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി സർക്കാർ നിശ്ചയിച്ച പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി അന്യാധീനപ്പെടുത്താൻ കമ്പനിക്ക് അവകാശമില്ലെന്നതിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ ഭൂമി കൈയൊഴിയാനോ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാനോ കഴിയില്ലെന്നകാര്യം ചൂണ്ടിക്കാട്ടി നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ അംഗീകരിച്ച് 02-05-2024-ലെ എൻ.സി.എൽ.ടി.-യുടെ ഉത്തരവ് നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ 13-06-2024-ൽ മരവിപ്പിച്ചു. കമ്പനിയുടെ ഭൂമി സംബന്ധമായ ഏത് തുടർനടപടിയും എൻ.സി.എൽ.ടി.-യുടെ ഉത്തരവിന്റെ

അടിസ്ഥാനത്തിലാകണമെന്നും നാഷണൽ കമ്പനി ലാ അപ്പലേറ്റ് ട്രിബ്യൂണൽ നിഷ്കർഷിച്ചിട്ടുണ്ട്. റെസല്യൂഷൻ പ്ലാൻ സമർപ്പിച്ച ഛത്തീസ്ഗഢ് ആസ്ഥാനമായ കമ്പനി വസ്തുതകൾ മറച്ചുവച്ചുകൊണ്ട് എൻ.സി.എൽ.ടി.-യുടെ ഉത്തരവ് നടപ്പിലാക്കുന്നതിനും അതുപ്രകാരം കമ്പനിയുടെ വസ്തുവകകൾ ഏറ്റെടുക്കുന്നതിനുമായി പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് പോലീസ് സംരക്ഷണം നേടുകയുണ്ടായി. അതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട വസ്തുതകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തിയതിനെത്തുടർന്ന് മേൽപ്രകാരം പോലീസ് സംരക്ഷണം നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിരുന്നു. അതുകാരണം കമ്പനിയുടെ യാതൊരു സ്ഥാവരജംഗമ വസ്തുക്കളും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതാണ്. കേന്ദ്ര സർക്കാരുമായുള്ള സംയുക്ത സംരംഭമായ SAIL-SCL എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം സാധ്യമാകുന്ന തരത്തിലാണ് സർക്കാർ ഓരോ ഘട്ടത്തിലും ഇടപെട്ടിട്ടുള്ളത്. കാനറാ ബാങ്ക് എൻ.സി.എൽ.ടി. മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസിൽ എൻ.സി.എൽ.ടി.-

യുടെ ഉത്തരവ് സർക്കാർ നിശ്ചയിച്ച ഭൂമിയുടെ പാട്ടവ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സർക്കാരിന്റെ ഭാഗം കേൾക്കാതെയാണ് ട്രിബ്യൂണൽ വിധി പുറപ്പെടുവിച്ചതെന്നുമുള്ള ഗൗരവമായ വിഷയമുയർത്തിക്കൊണ്ട് സംസ്ഥാന അഡ്വക്കേറ്റ് ജനറൽ നേരിട്ട് ചെന്നൈയിലെ അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഹാജരായി അപ്പീൽ ഫയൽ ചെയ്യുകയും ഭൂമിയുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങൾ തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാനറാ ബാങ്ക് ഉദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച ചെയ്യുകയും എൻ.സി.എൽ.ടി. അവാർഡ് ചെയ്ത തുക ഈടാക്കിക്കൊണ്ട് കാനറാ ബാങ്ക് കേസ് പിൻവലിക്കുന്നതിനുള്ള ശ്രമങ്ങളും സർക്കാർതലത്തിൽ നടത്തിവരികയും ചെയ്യുന്നു. യു.ഡി.എഫ്. ഭരണകാലത്ത് കാനറാ ബാങ്കിൽനിന്നും വായ്പയെടുത്ത തുക തിരികെ ലഭിക്കാത്തതുകാരണം പ്രസ്തുത ബാങ്ക് എൻ.സി.എൽ.ടി. മുമ്പാകെ ഫയൽ ചെയ്ത കേസിലുണ്ടായ വിധിപ്രകാരമാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായി പ്രവർത്തിപ്പിച്ചുവരുന്ന SAIL-SCL എന്ന പൊതുമേഖലാ

സ്ഥാപനത്തിന്റെ ഭ്രമിയും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും കൈമാറുന്നതിന് ഉത്തരവായിട്ടുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള ഭ്രമി കൈമാറുന്നത് നിയമവിരുദ്ധമാണെന്ന നിലപാട് സർക്കാർ എല്ലാഘട്ടത്തിലും ഉയർത്തിയിട്ടുള്ളതും ഇപ്പോൾ അപ്പലേറ്റ് ട്രിബ്യൂണലിനുമുമ്പാകെ അത് തുടർന്നുവരുന്നതും അപ്പലേറ്റ് ട്രിബ്യൂണൽ പരിഗണിച്ച് ഭ്രമി സംബന്ധമായ തുടർനടപടികൾ നിർത്തിവച്ചിട്ടുള്ളതുമാണ്. കമ്പനി കൈമാറുന്നതിനുള്ള തീരുമാനം കമ്പനി ലാ ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ളതും അത് സർക്കാരുമായി ബന്ധമില്ലാത്തതുമാണ്. ബഹുമാനപ്പെട്ട അംഗമുയർത്തിയ അഴിമതിയാരോപണങ്ങൾ വസ്തുതകളുമായി ഒരു ബന്ധമില്ലാത്തതും നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയെ അടിസ്ഥാനമാക്കിയുള്ളതുമാണെന്ന് വ്യക്തമാക്കുന്നു. പല മെമ്പർമാരും എങ്ങനെ സഭയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെന്നതിന്റെ ഒരു ഉദാഹരണമാണിത്. നമ്മൾ സഭയ്ക്കകത്ത് പറയുന്ന കാര്യം സഭയ്ക്കകത്തുതന്നെ നിൽക്കുകയാണ്. പലപ്പോഴും ഹെഡിംഗുണ്ടാക്കുകയെന്ന് പറയുന്ന തരത്തിലേക്ക് അല്ലെങ്കിൽ അപവാദപ്രചരണം എന്ന നിലയിലേയ്ക്ക്

കാര്യങ്ങൾ പോകുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞങ്ങൾ അഭ്യർഥിക്കുന്നു, അതോടൊപ്പം പ്രതിപക്ഷ ഉപനേതാവിനോട് പറയാനുള്ളത്, ഈ സഭയിൽ അങ്ങോട്ടുമിങ്ങോട്ടും കാണിക്കേണ്ട മര്യാദകളുണ്ട്; മര്യാദയുണ്ടാകേണ്ടതുമാണ്. രാവിലെ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം സംബന്ധിച്ച കാര്യം ചർച്ച ചെയ്തപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന രണ്ട് മെമ്പർമാർ കാപ്പ കേസിലുൾപ്പെട്ട ഒരു പ്രതിയുമായി ബന്ധപ്പെട്ട കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. അതിനുള്ള വിശദീകരണം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകുകയും ചെയ്തിരുന്നു. (ബഹളം)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.. അങ്ങ് സംസാരിച്ചോളൂ.... ഒരു ഫിനാൻസ് ബില്ലുകൂടി പരിഗണിക്കാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: ഇവിടെ ഉന്നയിച്ച ആരോപണം സംബന്ധിച്ച വിശദീകരണം ഞാൻ നൽകിക്കഴിഞ്ഞു. ഞാൻ പറഞ്ഞതിനുപുറമെ ഇനി എന്തെങ്കിലുമുണ്ടെങ്കിൽ പിന്നീട് അങ്ങേയ്ക്ക് ഉന്നയിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിനുവേണ്ടിയാണ് അങ്ങ് മറുപടി പറഞ്ഞത്. നാഷണൽ കമ്പനി ലാ ട്രിബ്യൂണലിൽ ഇങ്ങനെയൊരു വിധി വന്നത് സർക്കാരിന് അറിയില്ലായിരുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന് മുമ്പിൽ ഈ കമ്പനിയുടെ ഉടമസ്ഥർ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരള സർക്കാരിന്റെ നേതൃത്വത്തിലുള്ള സ്റ്റീൽ കോംപ്ലക്സുമാണ്. അവരെല്ലാം ഈ പ്രോസസ്സ് മുഴുവൻ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ചെയർപേഴ്സൺ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയാണ്. സർക്കാർ എല്ലാ കാര്യങ്ങളും അറിഞ്ഞിട്ടും അവസാനം 300 കോടി രൂപയുടെ ഭൂമി കേവലം 30 കോടി രൂപയ്ക്ക് പോകുകയും ചെയ്തു. അത് സെറ്റിൽ ചെയ്യാനോ നെഗോഷിയേറ്റ് ചെയ്യാനോ ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. ഒടുവിൽ അവിടെ വലിയ സമരം നടന്നപ്പോഴാണ് സർക്കാർ അപ്പീൽ പോയതെന്നുള്ള യാഥാർഥ്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. ടി. സിദ്ദിഖ്: 23 കോടി രൂപയുണ്ടായിരുന്ന ഡ്യൂസ് കേവലം 15 ലക്ഷം രൂപയ്ക്ക് സർക്കാർ സെറ്റിൽ ചെയ്തുകൊടുക്കുകയാണ് ചെയ്തത്.

ഇങ്ങനെ സെറ്റിൽ ചെയ്യാനുള്ള അംഗീകാരം നൽകിയപ്പോൾ സർക്കാർ അറിഞ്ഞിട്ടില്ല. എൻ.സി.എൽ.ടി.-യുടെ പ്രോസസ്സ് ഒരു നീണ്ട പ്രോസസ്സാണ്. ഈ പ്രോസസ് ഓരോന്നായി, ആർ.പി. (റെസല്യൂഷൻ പ്രൊഫഷണൽ)-യെ നിയമിച്ചതുൾപ്പെടെ നടന്നപ്പോൾ സർക്കാർ അറിഞ്ഞിട്ടില്ലായെന്ന മന്ത്രിയുടെ വാദമാണ് ഞാൻ ഇന്നുപറഞ്ഞ പ്രധാനപ്പെട്ട കാര്യം. അതിനുള്ള മറുപടി പറയാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ വളരെ വിശദമായി ഈ സഭയിൽ പറഞ്ഞത് എല്ലാവർക്കും മനസ്സിലായി. അങ്ങേയ്ക്ക് അത് മനസിലാക്കാനുള്ള മനസില്ലാത്തതുകൊണ്ടാണ് മനസിലാകാത്തത്. സാധാരണ ഗതിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും അത് മനസിലാകേണ്ട കാര്യമില്ല; കാരണം അദ്ദേഹത്തിന് മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ നമ്മുടെ നാട്ടിൽ പ്രതിപക്ഷനേതാവായിരുന്നിട്ട് കാര്യമില്ല. (.....ബഹളം....) അങ്ങേയ്ക്ക് ദേഷ്യം വന്നിട്ട് എന്താണ് കാര്യം? അങ്ങ് പറയുമ്പോൾ നമ്മളൊന്നും പറയുന്നില്ലല്ലോ; അങ്ങ് ദേഷ്യപ്പെടുന്നതിന്റെ കാര്യമെന്താണ്;

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലൊരു നേതാവ് അദ്ദേഹത്തിന്റെ ചെയറിലിരുന്നു പറയാവുന്നതാണോയിത്. അദ്ദേഹം എപ്പോൾ എഴുന്നേറ്റ് നിന്നാലും ബഹുമാനപ്പെട്ട ചെയർ മൈക്ക് നൽകുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുന്ന സമയത്ത് അദ്ദേഹം ഇങ്ങനെയൊരു പ്രതികരണം നടത്തുന്നതും കമന്റ് പറയുന്നതും മാതൃകയല്ല. പിൻ ബഞ്ചിലിരിക്കുന്നവർക്ക് എന്തുമാകാം. അങ്ങയെപ്പോലെ ഒരാൾ അങ്ങനെ ചെയ്യാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, പാർലമെന്ററി നടപടിക്രമങ്ങൾക്ക് മാതൃക കാട്ടിക്കൊടുക്കേണ്ടയാളാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി. ഞാൻ ഇവിടെ സംസാരിക്കുന്ന സമയം ഞാൻ അനുമതി നൽകാതെ നാലുംഅഞ്ചും പ്രാവശ്യമാണ് എഴുന്നേറ്റുനിന്ന് സംസാരിച്ചുകൊണ്ടിരുന്നത്. ദയവുചെയ്ത് അങ്ങ് എനിക്ക് മാതൃക കാണിച്ച് തരേണ്ടതില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് വഴങ്ങുകയാണെങ്കിൽ മാത്രമേ ഞാൻ സംസാരിക്കാറുള്ളൂ. അതും പാർലമെന്ററി നടപടിക്രമമാണ്. അങ്ങയെ ഞാൻ തടസ്സപ്പെടുത്താറില്ല; ഞാൻ എഴുന്നേറ്റുനിന്ന്

വഴങ്ങുമോയെന്ന് അങ്ങയോട് ചോദിക്കാറുണ്ട്. അങ്ങ് വഴങ്ങുകയാണെങ്കിൽമാത്രം ഞാൻ സംസാരിക്കും. സാധാരണഗതിയിൽ അങ്ങ് വഴങ്ങാറില്ല. ഞങ്ങൾ പരസ്പര മര്യാദകൾ പാലിക്കാറുണ്ട്.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട മന്ത്രിമാരും പരസ്പരം വഴങ്ങുന്നതാണ് നല്ലത്. സംസാരിക്കുമ്പോൾ പരസ്പരം ബഹുമാനം നൽകി സംസാരിച്ചാൽ ബുദ്ധിമുട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വഴങ്ങി. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിമാർ ആവശ്യപ്പെടുമ്പോൾ പ്രതിപക്ഷവും വഴങ്ങണം. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പലപ്പോഴും വഴങ്ങാറില്ല. ഒരു ഹെൽത്തി ഡെമോക്രസിക്ക് പരസ്പരം വഴങ്ങുന്നത് നല്ലതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാളല്ല മുഴുവൻ ആളുകളും എഴുന്നേറ്റുനിന്ന് ഭീഷണിപ്പെടുത്തി വഴങ്ങിപ്പിക്കാൻ നോക്കുകയാണ്. അതിന് ഞാൻ വഴങ്ങില്ല. അത് എന്നിൽനിന്നും പ്രതീക്ഷിക്കുകയും വേണ്ട.

മി.സ്പീക്കർ : പ്ലീസ്.....പ്ലീസ്....

ഡോ. മാത്യൂ കുഴൽനാടൻ: സർ, എന്റെ അഭിപ്രായത്തിൽ പാർലമെന്ററികാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു മന്ത്രിയുടെ ഭാഗത്തുനിന്നും ഒരിക്കലുമുണ്ടാകാൻ പാടില്ലാത്ത ഒരു പരാമർശമാണ് അദ്ദേഹം നടത്തിയത്. ബാക്ക് ബഞ്ചിൽ ഇരിക്കുന്നവർക്ക് എന്തുമാകാമെന്ന് അദ്ദേഹം നടത്തിയ പരാമർശത്തിനെതിരെ എന്തുകൊണ്ടാണ് ചെയർ ഇടപെടൽ നടത്താതിരുന്നത്; ബാക്ക് ബഞ്ചിലിരിക്കുന്ന ഞങ്ങളെല്ലാവരും മോശക്കാരാണെന്നാണോ അതിന്റെ അർഥം; എല്ലാവർക്കും ഒരേ അവകാശങ്ങളും അധികാരങ്ങളുമല്ലേയുള്ളത്?

മി. സ്പീക്കർ: സർ, ശക്തമായ ജനാധിപത്യ വ്യവസ്ഥിതിയിൽ അംഗങ്ങൾ പരസ്പരം ബഹുമാനിക്കേണ്ടതായിട്ടുണ്ട്. ചെയർ ഹൗസിനുള്ളിൽ വരുമ്പോൾ അംഗങ്ങൾ പരസ്പരം ബഹുമാനിച്ചുകൊണ്ട് സംസാരിക്കുന്ന കീഴ്വഴക്കമാണ് കണ്ടിട്ടുള്ളത്. പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ ഭരണപക്ഷത്തുള്ള അംഗങ്ങളും ഭരണപക്ഷത്തുള്ള അംഗങ്ങൾ സംസാരിക്കുമ്പോൾ പ്രതിപക്ഷവും പരസ്പരം ബഹുമാനത്തോടെ

സംസാരിക്കണമെന്നതാണ് ചെയറിന്റെ അഭിപ്രായം. ഈ രീതി പിന്തുടരുന്നതാണ് നമ്മളെപ്പോലെ മഹത്തായ പാർലമെന്ററി പ്രൊസീഡിംഗ്സ് ഫോളോ ചെയ്യുന്നൊരു സഭയ്ക്ക് ചേർന്നത്. ഈ രീതി പ്രാവർത്തികമാക്കാൻ രണ്ട് വിഭാഗങ്ങളും പ്രവർത്തിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി പ്രതിപക്ഷവും ഭരണപക്ഷവും സഹകരിച്ച് സംസാരിക്കണമെന്നതാണ് നമ്മൾ പൊതുവിൽ ഈ കാര്യത്തിൽ എടുക്കുന്ന നിലപാട്. ഇപ്പോൾ ഈ രീതി ആരുംതന്നെ പിന്തുടരുന്നില്ലെന്നാണ് മനസ്സിലാകുന്നത്. വിമർശനം ആർക്കും നടത്താം വിമർശിക്കുന്നതുകൊണ്ട് എന്താണ് പ്രശ്നം? ഭരണപക്ഷത്തെ നല്ലപോലെ വിമർശിക്കാനും കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുമുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനും പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ തെറ്റുകൾ ചൂണ്ടിക്കാണിക്കാനും വിമർശിക്കാനുമുള്ള ഉത്തരവാദിത്വം ഭരണ കക്ഷിക്കുമുണ്ട്. കേരളത്തിലുണ്ടായ നന്മകളെപ്പറ്റിയേ അല്ല ഇവിടെ സംസാരിക്കുന്നത്. കേരളത്തെ സംബന്ധിച്ച്

നെഗറ്റീവായിട്ടുള്ള കാര്യങ്ങൾ മാത്രം പറയുന്ന രീതി മാറ്റണമെന്നാണ് ഞാൻ പറയുന്നത്. ഇനിയും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് നമുക്ക് സമയമുണ്ട്. കേരളത്തിൽ ഒരു വികസനവുമുണ്ടാകുന്നില്ല, കേരളമാകെ തകർന്നുവെന്നൊക്കെ നിങ്ങൾ പറയാൻ ശ്രമിക്കുമ്പോൾ ജനങ്ങൾ വാസ്തവമെന്താണെന്ന് മനസ്സിലാക്കുന്നുണ്ട്. where is the revenue resources എന്നൊക്കെ വളരെ പരിചയ സമ്പന്നനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ളവർ പറഞ്ഞു. പ്രയോറിറ്റീസ് എന്താണെന്നൊക്കെ നേരത്തെ ഇവിടെ ചോദിച്ചു. ഞങ്ങളുടെ പ്രയോറിറ്റീസാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അവതരിപ്പിച്ചുകൊണ്ട് ഇവിടെ പറഞ്ഞത്. റൂൾ 300 അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ നൽകേണ്ട ആനുകൂല്യങ്ങളൊക്കെ നൽകും ബാധ്യതകൾ തീർക്കും എല്ലാം നടക്കുമെന്നതന്നെയാണ് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നത്. അത് നടക്കാതിരിക്കുകയാണെങ്കിൽ മാത്രം അതിനെപ്പറ്റി പറഞ്ഞാൽ മതി. ഏറ്റവും ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരുന്ന സമയത്താണ് ഈ സർക്കാർ അധികാരത്തിൽവന്നത്. ബി.ജെ.പി. സർക്കാർ സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളിലും കടന്നുകയറി ഞെരുക്കുന്ന ഒരു

ഘട്ടത്തിലാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നത്. ഇപ്പോൾ മൂന്നാം മോദി ഗവൺമെന്റ് അധികാരത്തിൽ വന്നെങ്കിലും ആ സർക്കാരിന് പഴയതുപോലുള്ള ബലമുണ്ടാകില്ലെന്ന കാര്യം നമുക്കൊക്കെ അറിയാം. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന സമയത്ത് സംസ്ഥാനങ്ങളുടെ എല്ലാ അവകാശങ്ങളും പിടിച്ചെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുകയായിരുന്നു. ഇനി വലിയ അപകടമുണ്ടാകില്ലെന്ന് കരുതുന്നു. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് കേന്ദ്രഗവൺമെന്റ് കാണിച്ച നിലപാട് അത്രമോശമായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള പ്രതികൂല സമീപനങ്ങൾ നിലനിൽക്കുന്ന സമയത്താണ് ഇതുപോലുള്ള കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചത്. നിങ്ങളിങ്ങനെ കടം കുറയ്ക്കുന്നുവെന്ന് പറഞ്ഞിട്ടെന്ത് കാര്യമെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചിരുന്നു. ആ സമയത്ത് ഞാൻ ചില കണക്കുകൾ വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ, 2020-21-ൽ 4.5 ശതമാനം കടമെടുക്കാമായിരുന്നു. ആ കാലയളവ്മുതൽ ഇങ്ങോട്ട് വലിയ തോതിലുള്ള

വെട്ടിക്കുറവുകളാണ് വരുത്തിയിട്ടുള്ളത്. ഒരു ശതമാനം കുറച്ചുവെന്ന് പറഞ്ഞാൽ പതിനായിരം/പതിനൊന്നായിരം കോടി രൂപയുടെ കുറവാണ് കടമെടുപ്പ് കാര്യത്തിൽ സംസ്ഥാനത്തിനുണ്ടാകുന്നത്. പവർ സെക്ടറുൾപ്പെടെയുള്ള മേഖലകളുടെ ആവശ്യത്തിനായി 3.5 ശതമാനം കടമെടുക്കാമെന്ന് പറഞ്ഞ സ്ഥാനത്ത് 2.44 ശതമാനം മാത്രമേ അനുവദിക്കൂവെന്ന് പറഞ്ഞപ്പോൾ അതിലൂടെ ആ വർഷം എടുക്കാൻ കഴിയുമായിരുന്ന പന്ത്രണ്ടായിരം കോടി രൂപ നഷ്ടമാകുകയാണ് ചെയ്തത്. ഇങ്ങനെ ഓരോ വർഷങ്ങളിലും വെട്ടിക്കുറവുകൾ വരുത്തി. അങ്ങനെ കുറവുവരുത്തിയ തുക നിങ്ങൾ എന്തുകൊണ്ട് എടുത്ത് ചെലവാക്കിയില്ലെന്ന് ചോദിച്ചു. സംസ്ഥാനത്തിന് കടമെടുക്കാനുള്ള അവകാശമുണ്ട്, പക്ഷെ കേന്ദ്ര ഗവൺമെന്റ് എടുക്കാൻ അനുവദിക്കുന്നില്ല. കൂടാതെ കഴിഞ്ഞ മൂന്ന് വർഷം മാത്രം 24,000-ത്തിലധികം കോടി രൂപയുടെ കുറവുവരുത്തുകയും ചെയ്തു. ഇത്രയും തുക കേന്ദ്രഗവൺമെന്റ് അനുവദിക്കാതിരുന്നിട്ടും എല്ലാം മാനേജ് ചെയ്തുപോയി. ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പറഞ്ഞതുപോലെ, ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ നിന്നുപോകാതെ മുന്നോട്ടുകൊണ്ടുപോയി.

ഇത് വീണ്ടും മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കൊടുത്തുതീർക്കാൻ കഴിയാത്ത ഭീമമായ ഒരു കാര്യവും മുഖ്യമന്ത്രി പറഞ്ഞില്ല. കൊടുത്തുതീർക്കാനുള്ളതിൽ ഏറ്റവും വലിയ തുക എന്നത് അഞ്ച് ഗഡു ക്ഷേമ പെൻഷനാണ്. ബാക്കിയെല്ലാം ചെറിയ തുകകളാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ 700 കോടി രൂപ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി, നൽകാനുള്ള ബാക്കി തുകകൂടി നൽകി സിവിൽ സപ്ലൈസ് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും നന്നാക്കാൻ സാധിക്കും. കെ.ടി.ഡി.എഫ്.സി.-യിൽനിന്നുമെടുത്ത വർഷങ്ങളായുള്ള വായ്പാക്കുടിശ്ശികയും സംസ്ഥാന സഹകരണ ബാങ്കിൽനിന്നുമെടുത്ത വായ്പാക്കുടിശ്ശികയും തീർക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് 650 കോടി രൂപ അനുവദിക്കുകയുണ്ടായി. കേരള ബാങ്കിന് ഇരുന്നൂറ്റി ചില്ലാനം രൂപയുടെ ലാഭമുണ്ടാക്കാൻ സാധിച്ചുവെന്ന് സഹകരണ വകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞിരുന്നു. കാരണം ഏകദേശം 1,400 കോടി രൂപ കഴിഞ്ഞ മാർച്ച് മാസത്തിൽ നൽകി. കെ.എസ്.ആർ.ടി.സി.-ക്ക് ബജറ്റിൽ സാധാരണ അനുവദിക്കാറുള്ളതിന്റെ ഇരട്ടിയിലധികം തുകയാണ് അനുവദിച്ചത്.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും കെ.എസ്.ആർ.ടി.സി. ഇവിടെയുണ്ടായിരുന്നല്ലോ; അന്ന് ശമ്പളവും പെൻഷനും കൃത്യമായി നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന കാര്യം നിങ്ങൾ ചിന്തിക്കണം. ഇതൊന്നും മറക്കാൻ പാടില്ല. നിങ്ങൾ ഘട്ടം ഘട്ടമായി കൊടുത്തുവെന്നാണ് പറയുന്നത്. പഴയ പത്രമാധ്യമങ്ങൾ പരിശോധിച്ചാൽ അക്കാര്യം ബോധ്യപ്പെടും. ആ പെൻഷൻ കൊടുത്തുതീർക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു പദ്ധതിയുണ്ടാക്കി ഓരോ മാസവും 70 കോടി രൂപ അതിനായി അനുവദിക്കുകയാണ് ചെയ്തത്. പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി ഭാവിയിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കുറച്ചുകൂടി സ്ട്രീംലൈൻ ചെയ്യുന്ന കാര്യം ചർച്ച ചെയ്യാതെ പോകാൻ കഴിയുമെന്ന കാര്യത്തിൽ എനിക്കും ധാരണയില്ല, ഇത് സിസ്റ്റമാറ്റിക്കാകേണ്ടതായിട്ടുണ്ട്. സീരിയസ്സായി ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ പൂർണ്ണമായും കൊടുത്തുതീർക്കാൻ സാധിക്കുന്നുണ്ട്. പക്ഷെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഒരു മാസം 80 കോടി രൂപയാണ് ശമ്പളയിനത്തിൽ നൽകുന്നത്. അതിൽ 50 കോടി രൂപയും സംസ്ഥാന സർക്കാരാണ്

നൽകുന്നത്. ഇങ്ങനെ ശമ്പളവും പെൻഷനും കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നു. ശമ്പളം നൽകാൻ തുടങ്ങിയത് ഈ സർക്കാരിന്റെ കാലത്താണ്. കോവിഡ് സമയത്ത് എല്ലാം അടച്ചുപൂട്ടിയ കാരണത്താൽ സംസ്ഥാന സർക്കാർ കുറച്ച് സാമ്പത്തിക സഹായം നൽകിത്തുടങ്ങി. 2021 മേയ് മാസം 20-ാം തീയതി അധികാരമേറ്റ ഈ മന്ത്രിസഭയുടെ തുടക്കംമുതൽ എല്ലാ മാസവും കെ.എസ്.ആർ.ടി.സി.- ജീവനക്കാർക്ക് ശമ്പളം നൽകുന്നുണ്ട്. എല്ലാം നമുക്ക് അങ്ങനെ കൊടുക്കാൻ കഴിയുമോ? പക്ഷെ കൊടുക്കുന്നുണ്ട്. മറ്റ് പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുന്നുണ്ട്. അവയ്ക്കെല്ലാം എങ്ങനെയാണ് നൽകാൻ സാധിക്കുന്നത്, എന്നാലും ഇത്രയും ബുദ്ധിമുട്ടുകൾക്കിടയിലും നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ മേഖലകളിലും പണം നൽകുന്ന കാര്യമാണ് പറയുന്നത്. പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെടെ പണം നൽകുന്നത് ഖാദി, കശുവണ്ടി, കയർ മേഖലയിലെ തൊഴിലാളികൾക്ക് കൃത്യമായി ആനുകൂല്യങ്ങളും ബാക്കി കാര്യങ്ങളുമെല്ലാം നൽകുന്നതിനുവേണ്ടിയാണ്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

സ്റ്റേറ്റ്മെന്റിൽ പറഞ്ഞ ഒരു കാര്യമുണ്ട്. ആ സ്റ്റേറ്റ്മെന്റ് എല്ലാവരുടെയും കൈയിലുണ്ട്. 2024 മേയ്വരെ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പെൻഷൻ ഒഴികെ മറ്റെല്ലാ ക്ഷേമ പെൻഷനും നൽകി. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിൽ പറഞ്ഞത് വലിയ കുടിശ്ശിക നൽകാനുണ്ടെന്നാണ്. ആ കുടിശ്ശികയെപ്പറ്റിയുള്ള സ്റ്റേറ്റ്മെന്റാണ് മുഖ്യമന്ത്രി വായിച്ചത്. മേയ് മാസംവരെയുള്ള ആനുകൂല്യങ്ങൾ നൽകി, ഇനി അഞ്ച് മാസത്തെ കുടിശ്ശിക മാത്രമാണ് ബാക്കിയുള്ളത്. കേരളത്തിൽ അങ്ങനെ എടുത്തുപറയത്തക്ക നേട്ടമുണ്ടായെന്നാണ് ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ചോദിച്ചത്. ചെയ്ത കാര്യങ്ങൾ, കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ സഞ്ചരിക്കുന്ന അങ്ങേയ്ക്ക് ഇവിടെ എന്ത് മാറ്റമുണ്ടായെന്ന് മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ ഒന്നും പറഞ്ഞിട്ട് കാര്യമില്ല.

നാഷണൽ ഹൈവേയിൽക്കൂടി വരുമ്പോൾ വഴി നീളെ റോഡ് വീതി കൂട്ടുന്ന പ്രവൃത്തി നടക്കുന്നതിനാൽ ഇപ്പോൾ കുറച്ച് തടസ്സങ്ങളൊക്കെയുണ്ടാകും,

എന്നാൽ അടുത്ത ഒരു വർഷം കഴിയുമ്പോൾ അങ്ങേയ്ക്ക് അവിടെനിന്നും തിരുവനന്തപുരത്തേയ്ക്ക് യാത്രതിരിച്ചാൽ 'വന്ദേഭാരത്' ട്രെയിനിൽ എത്തുന്നതിനേക്കാൾ വേഗത്തിൽ റോഡ് മാർഗ്ഗം എത്താൻ സാധിക്കും. മലപ്പുറം ജില്ലയിൽ മാത്രം ആറായിരത്തിലധികം കോടി രൂപ ലാൻഡ് അക്വിസിഷനുവേണ്ടിമാത്രം നൽകിയിട്ടുണ്ട്. അവിടെ റോഡ് വീതികൂട്ടാൻ പറ്റില്ലെന്ന് അന്ന് പറഞ്ഞിരുന്നു. കേരളത്തിൽ നാഷണൽ ഹൈവേയ്ക്ക് 30 മീറ്ററിൽ കൂടുതൽ വീതി കൂട്ടുന്നത് സാധ്യമല്ലെന്ന് പറഞ്ഞ് അങ്ങുകൂടി ഉൾപ്പെടുന്ന മന്ത്രിസഭയിൽ ഉമ്മൻചാണ്ടി സാർ ഉൾപ്പെടെ തീരുമാനിച്ച് ഫയൽ അടച്ചുവച്ചു. നിങ്ങൾ അങ്ങനെയുള്ളവരാണ്, ശരിയല്ലേ, അങ്ങനെയല്ലേ? ഇതിനൊക്കെ രേഖയുണ്ടല്ലോ; എൻ.എച്ച്. വീതി കൂട്ടുന്നത് സംബന്ധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയ ചർച്ചകളാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഏതാണ്ട് ചൈനീസ് വൻമതിൽ പോലെയുള്ള ഒരു സാധനമാണ് നാഷണൽ ഹൈവേ എന്നുപറഞ്ഞ് ഇപ്പോൾ കെട്ടിവച്ചിരിക്കുന്നത്. എനിക്ക് ഇക്കാര്യം വളരെ നന്നായി

പറയാൻ കഴിയും, ഇത്രയൊന്നും കെട്ടിപ്പൊക്കാതെതന്നെ, ഇപ്പോഴത്തെ നാലുവരിപാതയുടെ അതേതരത്തിൽ എക്സ്പ്രസ് ഹൈവേ എന്ന ഒരു പ്രോജക്ട് ഞങ്ങളുടെ ഭരണകാലത്ത് കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്ന് റോഡിന്റെ അപ്പുറവും ഇപ്പുറവും കടക്കുന്ന കാര്യം പറഞ്ഞും, പശുവിനെ അപ്പുറത്തെ പറമ്പിൽനിന്നും ഇപ്പുറത്തേയ്ക്ക് കൊണ്ടുവരാൻ കഴിയില്ല എന്നൊക്കെ പറഞ്ഞും ഈ കേരളത്തിൽ സമരം നടത്തിയത് നിങ്ങളായിരുന്നില്ലേ? അന്ന് ആ പ്രോജക്ട് യാഥാർഥ്യമായിരുന്നെങ്കിൽ ഇതിന്റെ പകുതിപോലും ചെലവ് വരില്ലായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറയുന്നത് മറ്റൊരു വിഷയമാണ്, ആ കാര്യത്തിൽ അന്ന് സംഭവിച്ചത് എന്താണെന്ന് ഏതായാലും എനിക്ക് മനസിലാകുന്നില്ല. ഇപ്പോൾ വന്നിരിക്കുന്ന റോഡ്, റോഡ് അല്ലെന്ന് വേണമെങ്കിൽ അങ്ങ് പറഞ്ഞാലും നാട്ടുകാർ വിശ്വസിക്കില്ല. ഇപ്പോൾ വന്നിരിക്കുന്നത് നാഷണൽ ഹൈവേയല്ല, ഞങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചതായിരുന്നു നാഷണൽ ഹൈവേ

എന്നുപറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അങ്ങ് അന്ന് ഉദ്ദേശിച്ച എക്സ്പ്രസ് ഹൈവേ ഇതായിരുന്നില്ല. അതുപോലെതന്നെ കെ-റെയിൽ എന്ന പേരിലല്ലെങ്കിലും അതിവേഗപാത എന്ന് പറഞ്ഞ ഒരു നിർദേശം ശ്രീ. ബെന്നി ബെഹനാൻ ഈ ഹൗസിൽ ഒരു പ്രമേയമോ സബ്മിഷനോ ആയി അവതരിപ്പിച്ചതിന് ഉമ്മൻചാണ്ടി സാർ പറഞ്ഞ മറുപടി എന്റെ കൈവശമുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അന്ന് മറുപടിയിൽ പറഞ്ഞിരുന്നു. എക്സ്പ്രസ് ഹൈവേ ആണോ അല്ലയോ എന്നതായിരുന്നു അന്നത്തെ പ്രശ്നം. വലിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉയരം കൂടുന്നതടക്കമുള്ള പ്രായോഗിക പ്രശ്നങ്ങളുണ്ടാകും. ആ പ്രവൃത്തികളെല്ലാം ചെയ്യുന്നത് NHAI-യുടെ നേതൃത്വത്തിലാണ്. കാസർഗോഡ്-തിരുവനന്തപുരം റോഡിൽ ഞങ്ങൾ നിരന്തരമായി യാത്രചെയ്യുന്നതാണ്, ഇപ്പോഴത്തെ ട്രാഫിക് ബുദ്ധിമുട്ടുകൾ മാറ്റിവച്ച് ചിന്തിച്ചാൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ആറോ ഏഴോ മണിക്കൂർകൊണ്ട് തിരുവനന്തപുരത്ത് എത്താൻ സാധിക്കും. പണ്ട് പ്രസംഗിക്കുന്നത് ഓർമ്മയില്ലേ, "ഗൾഫിൽ പോയിനോക്കൂ..., യൂറോപ്പിൽ

പോയി നോക്കൂ..., അമേരിക്കയിൽ പോകൂ..." എന്നെല്ലാമായിരുന്നില്ലേ പറഞ്ഞുകൊണ്ടിരുന്നത്; അവിടെയുള്ള തരത്തിൽ ഒരു റോഡ് ഇവിടെയും യാഥാർഥ്യമാകുമ്പോൾ, അത് അത്രയും നല്ല റോഡാണെന്നത് ഒരു നേട്ടമല്ലേ; അത് അംഗീകരിക്കണ്ടേ; ആരാണ് വയൽകിളികളെ പറപ്പിച്ചുവിട്ടത്; മലപ്പുറത്തുണ്ടായ സമരത്തെക്കുറിച്ചെല്ലാം ഇപ്പോൾ പറയണോ? ഒന്നാം പിണറായി ഗവൺമെന്റിന്റെ ആദ്യകാലത്ത് മലപ്പുറത്ത് ഉൾപ്പെടെ നടന്ന കാര്യങ്ങൾ നിങ്ങൾക്കെല്ലാം ഓർമ്മയുണ്ടാകുമല്ലോ, ഏത് പ്രോജക്ടുകൾക്കും അത്തരം തടസ്സങ്ങളുണ്ടാകും, എന്നിരുന്നാലും ആ റോഡും ഗെയിൽ പൈപ്പ്‌ലൈനും തുടങ്ങി അത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ യാഥാർഥ്യമായില്ലേ? വിഴിഞ്ഞം പോർട്ടിന്റെ കാര്യംതന്നെ നോക്കൂ. എല്ലാ ഐഡിയയും ഞങ്ങളുടേതാണെന്നാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറയുന്നത്, ഐഡിയ സാധാരണഗതിയിൽ വളരെ നല്ലതുതന്നെയാണ്. എല്ലാം ഞങ്ങളുണ്ടാക്കിയതാണ്, കൊച്ചി മെട്രോയുടെയും വിഴിഞ്ഞത്തിന്റെയും കാര്യത്തിലൊക്കെ "ഞങ്ങൾ" ഐഡിയ ഉണ്ടാക്കി, പക്ഷെ നടപ്പാക്കാൻ അവസരം ലഭിച്ചത് "നിങ്ങൾക്കാണ്" എന്നാണ്

പറയുന്നത്, അങ്ങനെ ധാരാളം ഐഡിയകൾ ഉണ്ടായിരുന്നു! ശരി അംഗീകരിച്ചിരിക്കുന്നു, നിങ്ങളുടേത് നല്ല ഐഡിയകളായിരുന്നു, അത് അങ്ങനെതന്നെ സ്വീകരിച്ച് ഞങ്ങൾ നടപ്പാക്കിയല്ലോ; വിഴിഞ്ഞം പദ്ധതി പ്രയോഗത്തിൽ വന്നത് എങ്ങനെയാണ്? വിഴിഞ്ഞത്തിന് 2006-11-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്ത് "ZOOM DEVELOPERS" എന്ന ഒരു കമ്പനിയുമായി കോൺട്രാക്ട് ഫൈനലാക്കാൻ തീരുമാനിച്ചിരുന്നു. ആ കമ്പനിയുടെ ഒരു പാർട്ണർ, അതായത് പ്രസ്തുത കമ്പനിക്ക് പോർട്ട് ഡെവലപ്മെന്റിനുള്ള സാങ്കേതിക സഹായം നൽകുന്നത് ഒരു ചൈനീസ് കമ്പനിയായിരുന്നു. അക്കാലത്ത് കേന്ദ്രത്തിൽ പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു, അന്നത്തെ കേന്ദ്ര ഗവൺമെന്റ് ഇതിന്റെ ഫയൽ ചർച്ചചെയ്തശേഷം ചൈനീസ് കമ്പനി ഉണ്ടെങ്കിൽ പറ്റില്ലെന്ന് പറഞ്ഞ് മാറ്റിവച്ചു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടിയിലേയ്ക്ക് നിങ്ങൾ കടക്കുമ്പോൾ, അതുവരെയുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാർ, സാമൂഹ്യാഘാത പഠനം നടത്തി അതിനാവശ്യമായ

ഭൂമി മുഴുവൻ ഏറ്റെടുക്കുകയും ആവശ്യമായ എല്ലാ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിക്കഴിയുകയും ചെയ്തിരുന്നു. അതിനുശേഷമാണ് നിങ്ങൾ ടെണ്ടർ ചെയ്യുന്നത്. എന്നാൽ ഭൂമി ഏറ്റെടുത്തതിനുശേഷം അവിടെ സാമൂഹ്യാഘാത പഠനം നടത്തുകയോ പദ്ധതിക്കാവശ്യമായ മുന്നൊരുക്കങ്ങൾ ഏതെങ്കിലും നടത്തുകയോ ചെയ്തതിനുശേഷമാണോ നിങ്ങൾ "ZOOM DEVELOPERS" എന്ന ഒരു കമ്പനിയുമായി കോൺട്രാക്ട് ഒപ്പിടാൻ പോയത്; ആ കാര്യം അങ്ങേയ്ക്ക് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആദ്യത്തെ പോയിന്റ് പറഞ്ഞാൽ നിലനിൽക്കില്ലെന്നറിഞ്ഞുകൊണ്ട് അങ്ങ് രണ്ടാമത്തെ പോയിന്റ് പറയുകയാണ്. "ZOOM DEVELOPERS"-ന്റെ കാര്യത്തിൽ, ഞാൻ ഇക്കാര്യം പറയാൻ കാരണം, അന്ന് ശ്രീ. വി. എസ് അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറി ഞാനായിരുന്നു എന്നതുകൊണ്ടാണ്. അദ്ദേഹം പ്രധാനമന്ത്രിയെ കാണാൻ പോയപ്പോഴും മന്ത്രിമാരെ കാണാൻ പോകുമ്പോഴും അതുമായി സഹകരിക്കാൻ കഴിഞ്ഞ, ഇതിന്റെ കാര്യങ്ങളെക്കുറിച്ച് കുറച്ച് കാര്യങ്ങൾ

അറിവുള്ള ആളെന്ന നിലയ്ക്കാണ് പറയുന്നത്. അങ്ങനെ കാണാൻ പോയ രണ്ട് പ്രോജക്ടുകളുണ്ട്, അതിൽ ഒന്ന് കൊച്ചിമെട്രോ - ആണ്, അതിനായി ഭൂമി ഏറ്റെടുക്കുന്നതടക്കമുള്ള എല്ലാ കാര്യങ്ങൾക്കും മുൻകൈയെടുത്തത് ആ സർക്കാരാണ്. രണ്ട് പദ്ധതികളും, ഇപ്പോൾ പ്രതിപക്ഷം പറയുന്നതുപോലെയാണെങ്കിൽ, കുറേക്കൂടി സൗകര്യമുണ്ടല്ലോ, കേന്ദ്രം ഭരിച്ചിരുന്നത് മൻമോഹൻ സിംഗ് ഗവൺമെന്റ് ആയിരുന്നല്ലോ; ആ പദ്ധതികളെ നിങ്ങൾ "scuttle" ചെയ്ത് തടസ്സമുണ്ടാക്കിയതുകൊണ്ടാണ് അന്നത് "Take off" ചെയ്യാതിരുന്നതെന്ന് ഞാൻ പറയുന്നു. "ZOOM DEVELOPERS" ഒരു ഇന്ത്യൻ കമ്പനിയാണ്, അവരുടെ ക്രെഡിബിലിറ്റി എത്രത്തോളമെന്നതായിരുന്നില്ല പ്രശ്നം, അന്ന് ആ കമ്പനിയോടൊപ്പം ചൈനീസ് കമ്പനി ഉൾപ്പെട്ടതുകൊണ്ട്, ചൈനയുടെ പങ്കാളിത്തമുണ്ടെങ്കിൽ പ്രതിരോധപരമായ കാര്യങ്ങളിൽ കുഴപ്പമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് ആ പദ്ധതി കേന്ദ്രം മാറ്റി വച്ചത്. എന്നാൽ 'കാവ്യനീതിപോലെ' സംഭവിച്ച കാര്യമെന്താണ്? ആ പോർട്ടിലേയ്ക്ക് സാധനങ്ങളുമായി ആദ്യത്തെ കപ്പൽ വരുന്നത് ചൈനയിൽനിന്നാണ്, ചൈനയിൽനിന്നുള്ള ഉപകരണങ്ങളും

കൊണ്ടാണ് വന്നിരിക്കുന്നത്. ചൈനയുടെ കമ്പനി കൂടെ ഉണ്ടെന്നതായിരുന്നില്ല അന്നത്തെ പ്രശ്നം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇങ്ങനെ പറയരുത്, യഥാർഥത്തിൽ സംഭവം എന്താണ്? ചൈനയും ഇന്ത്യയുമായി ധാരാളം പ്രതിരോധ പ്രശ്നങ്ങളുണ്ട്. സമീപ രാജ്യങ്ങൾ, അതായത് ശ്രീലങ്ക ഉൾപ്പെടെയുള്ള അയൽ രാജ്യങ്ങളുടെ തുറമുഖങ്ങൾ കൈയിലെടുത്തുകൊണ്ട് തന്ത്രപ്രധാനമായ സ്ഥലങ്ങൾ മുഴുവൻ ചൈന കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നു. മിലിറ്ററി ഇന്റലിജൻസിന്റെ റിപ്പോർട്ടുപ്രകാരം ഒരുകാരണവശാലും ഇന്ത്യയിൽ ഒരു തുറമുഖത്തിന് ചൈനയ്ക്ക് അനുമതി കൊടുക്കരുത് എന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിരോധപരമായ കാര്യങ്ങളുള്ളതുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് അനുമതി നിഷേധിച്ചത്. അത് തുറമുഖത്ത് ഒരു കപ്പൽ വരുന്നതുപോലെ നിസ്സാരമായ കാര്യമാണോ? പോർട്ട് അവരുടെ നിയന്ത്രണത്തിലായിരിക്കും, ഇപ്പോൾ ശ്രീലങ്കൻ പോർട്ട് അവരുടെ കൈയിലായിക്കഴിഞ്ഞു. അത്തരം ഒരു സാഹചര്യമുണ്ടാകാതിരിക്കാനുള്ള പ്രതിരോധപരമായ പ്രധാന കാര്യങ്ങൾ

അതിന്റെ പുറകിലുണ്ടെന്നത് അങ്ങേയ്ക്ക് അറിയാമായിരുന്നിട്ടും ഇങ്ങനെ തെറ്റിദ്ധാരണയുണ്ടാക്കുന്ന സംസാരം നടത്തുന്നത് എന്തിനാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങേയ്ക്ക് ആ പ്രതിരോധപരമായ കാര്യങ്ങളെക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കും. എന്നാൽ, കേരള ഗവൺമെന്റിനോ മുഖ്യമന്ത്രിക്കോ അറിയുമായിരുന്നില്ല. അന്ന് പാർലമെന്റിൽപ്പോലും ഇക്കാര്യം പറഞ്ഞിരുന്നില്ല. കോൺഗ്രസ് ഗവൺമെന്റായിരുന്നതിനാൽ അങ്ങേയ്ക്ക് ഒരുപക്ഷെ അക്കാര്യം അടുത്തറിയാൻ സാധിച്ചിട്ടുണ്ടാകാം. അത്തരം കാര്യങ്ങളൊന്നും ബോധ്യപ്പെടുത്തിയതിനുശേഷമല്ല അത് നിഷേധിച്ചത്, പല കാര്യങ്ങൾ പറഞ്ഞും അനുമതി നൽകാതിരുന്നതാണ്. പഴയ ചരിത്രം പറയേണ്ടതുണ്ട് എന്നതുകൊണ്ടാണ് ഞാൻ ഇതെല്ലാം പറഞ്ഞത്. വിഴിഞ്ഞം പദ്ധതി അന്നേ ആരംഭിച്ചു. ലാൻഡ് എടുത്തുതുടങ്ങിയ കാര്യങ്ങൾ ശ്രീ. എം. വിൻസെന്റ് ചോദിച്ചല്ലോ; പദ്ധതിക്കായി 1500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനമുണ്ടായപ്പോൾ പ്രാദേശികമായ എതിർപ്പുണ്ടായത് ഇവിടെ ഇരിക്കുന്ന നേതാക്കന്മാർക്കെല്ലാം അറിയാവുന്നതാണല്ലോ; സമരക്കാരുടെ

ആവശ്യങ്ങളെപ്പറ്റി പഠിക്കുന്നതിന് അന്നത്തെ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അത് ലിമിറ്റ് ചെയ്ത് അഞ്ഞൂറ്-അറുനൂറ് ഏക്കറിൽ കൂടുതൽ, യഥാർഥത്തിൽ എത്ര ഏക്കർ എന്ന് കൃത്യമായി ഞാൻ ഓർക്കുന്നില്ല, സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചു. അന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ നിങ്ങളുണ്ടാക്കിയ സമരം കാരണമാണ് ആവശ്യത്തിന് സ്ഥലം ഇന്നില്ലാത്തത് എന്നതാണ് വാസ്തവം. ആ കാര്യങ്ങളെല്ലാം വിട്ടുകളയാം. വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിനുള്ള പ്രക്രിയ അന്നേ തുടങ്ങിയതാണ്. എന്തായാലും വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായല്ലോ; എന്നാൽ പ്രായോഗികമായി അതിന്റെ പ്രവൃത്തികൾ തുടങ്ങിയത് പിണറായി സർക്കാരിന്റെ സമയത്താണെന്നതിൽ തർക്കമൊന്നുമില്ലല്ലോ; എന്നാൽ ഇതിൽ നിങ്ങൾ ഉൾപ്പെടെ എല്ലാവർക്കും പങ്കുണ്ട്, ഞങ്ങൾ അതൊന്നും തള്ളിക്കളയുന്നില്ല. ഇതുപോലെതന്നെയാണ് "ഇ. ശ്രീധരനെ" വി. എസ്. ഗവൺമെന്റിന്റെ കാലയളവിൽ മുഖ്യമന്ത്രിതന്നെ നേരിട്ട് വിളിക്കുകയും ഇങ്ങോട്ട് ക്ഷണിക്കുകയും ചെയ്തിരുന്നു. അപ്പോഴും ഇതുപോലുള്ള ടെക്നിക്കൽ തടസ്സം ഉന്നയിക്കുകയാണുണ്ടായത്. സർക്കാരിന്റെ കാപ്പിറ്റൽതന്നെ മെട്രോ

പദ്ധതിക്ക് ആവശ്യമാണെന്നും പി.പി.പി. (Public –private partnership) മോഡൽ പറ്റില്ലെന്നും നമ്മൾ പറഞ്ഞു. എന്നാൽ പി.പി.പി. മോഡൽ വേണമെന്നതായിരുന്നു കേന്ദ്രനയം. അവസാനം ചെയ്തത് പി.പി.പി. മോഡലിൽ അല്ലല്ലോ എന്നുപറഞ്ഞ് ആ അഞ്ച് വർഷക്കാലം പദ്ധതി തടഞ്ഞുവച്ചു. കേന്ദ്ര ഗവൺമെന്റ് അനുവാദം തരാൻ താമസിക്കുന്നതുകൊണ്ട് ബജറ്റിനകത്ത് പണം വയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചു. ശ്രീ. ഇ. ശ്രീധരൻ പ്രസ്തുത ടെക്നോളജിയിൽ അഗ്രഗണ്യനാണ്. ഇപ്പോഴത്ത കല്ലൂരിലെ ഓവർബ്രിഡ്ജ് അടക്കമുള്ളവയുടെ മുകളിൽക്കൂടിയുള്ള Enabling Work-കൾ അദ്ദേഹത്തിന്റെ നിർദേശങ്ങൾകൂടി കണക്കിലെടുത്ത് മെട്രോയുടെ പണി ആരംഭിക്കുന്നതിനുമുമ്പുതന്നെ ചെയ്തിരുന്നു. ഞാൻ പറഞ്ഞുവന്നത് ഇടതുപക്ഷം ഇത്തരം വികസന കാര്യങ്ങളിൽ സ്വീകരിച്ച സമീപനത്തെക്കുറിച്ചാണ്. ഞാൻ നേരത്തെ ഇവിടെ അവതരിപ്പിച്ച വ്യവസായ വകുപ്പിന്റേതുൾപ്പെടെയുള്ള കാര്യങ്ങളുണ്ടല്ലോ, വെള്ളൂർ ന്യൂസ് പ്രിന്റ് അടക്കമുള്ളവയുടെ സ്ഥലം കേന്ദ്രഗവൺമെന്റ് വിൽക്കാൻ ആലോചിച്ചപ്പോൾ, അത് സംസ്ഥാനം ഏറ്റെടുക്കാമെന്നും മറ്റാർക്കും

വിൽക്കാൻ പറ്റില്ലെന്നും നമുക്ക് അത് വിട്ടുതരണമെന്നും പറഞ്ഞുകൊണ്ട് പണം നൽകി നമ്മൾ അത് ഏറ്റെടുത്തില്ലേ; പാലക്കാട് സ്ഥിതിചെയ്യുന്ന ചില ഫാക്ടറികളുടെ സ്ഥലം ഇതുപോലെ നമ്മൾതന്നെ ഏറ്റെടുത്തില്ലേ? പല പ്രധാനപ്പെട്ട കേന്ദ്രഗവൺമെന്റ് പദ്ധതികൾക്കും സ്ഥലമേറ്റെടുത്ത് നൽകിയത് സംസ്ഥാന സർക്കാരാണ്. അവയെല്ലാം കേന്ദ്രം വിറ്റുതുലയ്ക്കാൻ പോകുമ്പോൾ അവയൊന്നും വിൽക്കാൻ സമ്മതിക്കാതെ ഏറ്റെടുക്കുന്ന സർക്കാരാണിത്. അങ്ങനെ എത്രയെത്ര കാര്യങ്ങൾ കേരളത്തിൽ വന്നിട്ടുണ്ട്. ഐ.ബി.എം.-ന്റെ നേതൃത്വത്തിലുള്ള വലിയ പ്രവർത്തനം നാളെ എറണാകുളത്ത് നടക്കാൻ പോകുകയാണ്.

04.00 PM

ടെക്നോപാർക്കിനെക്കുറിച്ച് സംസാരിച്ചപ്പോൾ അതിന്റെ ആശയം കൊണ്ടുവന്നത് കെ. ആർ. ഗൗരിയമ്മയും ഇടതുപക്ഷ സർക്കാരാണെന്നും അങ്ങ് പറഞ്ഞില്ല. സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്ത് വിദേശത്തുപോയപ്പോൾ (സിലിക്കൺവാലി) അവിടെനിന്നുള്ള ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ടെക്നോപാർക്ക് വന്നത്. ആ സമയത്ത് ഞാൻ കോളേജ് വിദ്യാർഥിയും യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സിൻഡിക്കേറ്റ് മെമ്പറുമായിരുന്നു. ഇതിനുവേണ്ടി 50 ഏക്കർ സ്ഥലം വിട്ടുകൊടുക്കാൻ ആദ്യം തീരുമാനിക്കുന്നത് കേരള സർവകലാശാലയാണ്. അന്ന് സർവകലാശാലയുടെ സ്ഥലം വിട്ടുകൊടുക്കുന്ന കാര്യത്തിലൊരു തർക്കം വന്നു. ഞങ്ങൾ എസ്.എഫ്.ഐ. പ്രവർത്തകരാണ്. സർവകലാശാലയുടെ സ്ഥലമായാലും 50 ഏക്കർ വിട്ടുകൊടുക്കണമായിരുന്നു. ആ സമയത്ത് ഇ. കെ. നായനാർ മുഖ്യമന്ത്രിയും കെ. ആർ. ഗൗരിയമ്മ വ്യവസായ വകുപ്പുമന്ത്രിയുമായിരുന്നു. അവരെല്ലാം ചർച്ച നടത്തിയതിന്റെ ഫലമായി കേരള സർവ്വകലാശാലയ്ക്കുകീഴിൽ കഴക്കൂട്ടത്ത് വിട്ടുകൊടുത്ത

സ്ഥലത്താണ് ടെക്നോപാർക്ക് വന്നത്. അതിന്റെ അടുത്തഘട്ടത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി വരുമ്പോൾ അതിൽ പങ്കില്ലെന്ന് ആരും പറയുന്നില്ല. അതിന്റെ ബാക്കി കാര്യങ്ങൾ യു.ഡി.എഫ്. സർക്കാർ ആയിരിക്കും ചെയ്തത്. പക്ഷേ ആ സ്ഥലം വിട്ടുകൊടുത്തത് ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ്. അന്നത്തെ സിൻഡിക്കേറ്റിലും സെനറ്റിലുമുണ്ടായിരുന്ന ആൾ എന്ന നിലയിൽ അഭിമാനത്തോടുകൂടി അക്കാര്യം ഓർമ്മപ്പെടുത്തിയെന്നേയുള്ളൂ. പിന്നീട് ടെക്നോപാർക്ക് ഉൾപ്പെടെ ധാരാളം കെട്ടിടങ്ങൾ വന്നു. നിലവിൽ ടെക്നോപാർക്കിന് ഫേസ് 2-ഉം ഫേസ്-3 യും ഉണ്ട്. ഫേസ്-3 യ്ക്കുവേണ്ടി ഏകദേശം 500 ഏക്കർ സ്ഥലം ഏറ്റെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കോഴിക്കോട് സൈബർ പാർക്ക് പോലുള്ള പല പാർക്കുകളും ഈ ഘട്ടത്തിൽ വന്നു. മാത്രമല്ല ചെറിയ ചെറിയ പാർക്കുകൾ ഓരോ പ്രദേശങ്ങളിലും വരികയാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്ക് പ്രതീക്ഷ കൊടുക്കാവുന്ന തരത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്യണം. അത് രണ്ട് മുന്നണികളും ചെയ്യേണ്ടതാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ടെക്നോസിറ്റിക്കുവേണ്ടി 450 ഏക്കർ സ്ഥലമാണ്

ഏറ്റെടുത്തത്. KSITIL (Kerala State Information Technology Infrastructure Ltd) എന്ന കമ്പനിവഴിയാണ് നമ്മൾ അക്കാര്യം ചെയ്തത്. ഇൻഫോസിസിനും യു.എസ്. ടെക്നോളജിക്കുമായി 50 ഏക്കർ സ്ഥലം വീതം കൊടുക്കുന്നതുവരെ അത് വെറുതെ കിടക്കുകയായിരുന്നു. തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ഇന്റർനാഷണൽ ടെർമിനൽ പ്രവർത്തിക്കുന്ന സ്ഥലം എന്നാണ് ഏറ്റെടുത്തത്? ഇപ്പോഴത്തെ ഇലക്ഷൻ കമ്മീഷണർ ശ്രീ. അമിതാഭ് കാന്തായിരുന്നു അന്നത്തെ ഇതിന്റെ സ്പെഷ്യൽ ഓഫീസർ. എത്ര പണം കൊടുത്തിട്ടാണ് ചാക്ക ഭാഗത്തുള്ള സ്ഥലം ഏറ്റെടുത്തത്? കോഴിക്കോട് എയർപോർട്ട് ഇല്ലാതാക്കാനായി കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുമ്പോൾ ലാൻഡും വഴിയുമെല്ലാം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ പണം കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളിൽ എല്ലാസ്ഥലത്തും അങ്ങനെ ചെയ്യുന്നതാണ്. എന്താണ് കേരളത്തിലുള്ളതെന്ന് അങ്ങയെപ്പോലെ പരിണതപ്രജ്ഞരായ ആളുകൾ ചോദിച്ചതുകൊണ്ട് ഞാൻ പറഞ്ഞെന്നേയുള്ളൂ.

'അരിമണിയൊട്ടു കൊറിക്കാനില്ല തരിവളയിട്ട് കിലുക്കാൻ മോഹം' എന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഇവിടെ അരിമണി ഇഷ്ടംപോലെ കൊറിക്കാനുമുണ്ട്. തരിവളയുണ്ട്, ഇതൊക്കെ ഇട്ടുകൊണ്ട് നടക്കാവുന്ന തരത്തിൽത്തന്നെ കേരളത്തിലെ കാര്യങ്ങൾ ഈ സർക്കാർ കൊണ്ടുപോകും. അങ്ങേയ്ക്കും അത് സന്തോഷത്തോടുകൂടി കാണാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. എങ്ങനെ വരുമാനം വർധിപ്പിക്കുമെന്നത് സംബന്ധിച്ചായിരുന്നു മറ്റൊരു ആരോപണം. വരുമാനം വർധിപ്പിക്കാനുള്ള കാര്യങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ നടത്താനും കൊടുക്കാനും കഴിയുമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. മാച്ചിംഗ് ഗ്രാന്റില്ലാത്തത് മാത്രമല്ല കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തെ പ്രശ്നം. നമുക്ക് കിട്ടേണ്ട പണമുണ്ട് എന്നത് കൂടാതെ മാച്ചിംഗ് ഗ്രാന്റിന്റെ കാര്യത്തിൽ നമുക്കെതിരായി ചെയ്യുന്ന കാര്യവും പരിഹരിക്കേണ്ടതുണ്ട്.

കിഫ്ബിയുടെ കാര്യത്തിൽ വലിയതോതിൽ പലിശ അടയ്ക്കേണ്ടി വന്നകാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഇവിടെ പറയുകയുണ്ടായി. 9.25 ശതമാനം പലിശയ്ക്കെടുത്ത പണത്തിന് പലിശ

1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിൽ കുടുംബ കോടതികളിലെ ഫീസിനെ സംബന്ധിച്ച് എല്ലാവരും സൂചിപ്പിച്ചു. കുടുംബ

കോടതികളിലെ ഫീസ് വർധനവ് സാധാരണക്കാരെ പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ പ്രയാസമുളവാക്കുന്ന കാര്യമാണ്. കുടുംബ കോടതികളിലെ ഫീസ് രണ്ടുലക്ഷം രൂപവരെ ഉയർത്തുമെന്ന വ്യവസ്ഥ അംഗീകരിക്കാൻ ഒരിക്കലും സാധിക്കില്ല. അവർക്ക് താങ്ങാവുന്നതും ന്യായമായ രീതിയിലുമുള്ള ഫീസിലേയ്ക്ക് എത്തണമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

1959-ലെ കേരള മുദ്രപത്ര ആക്ടിൽ സ്റ്റാമ്പ് ഡ്യൂട്ടിയുടെ വർധനവ് സംബന്ധിച്ച് സൂചിപ്പിച്ചു. വാടകയ്ക്ക് താമസിക്കുന്നവർക്ക് കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയാക്കിയെന്നാണ് ഈ ബില്ലിൽ പറയുന്നത്. സാമ്പത്തിക പ്രതിസന്ധിയുള്ള ഒരാൾ അവരുടെ വീട് വിറ്റാണ് വാടകയ്ക്ക് വീട് എടുക്കുന്നത്. വാടക വീട്ടിൽ താമസിക്കുന്നവരുടെ സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപയെന്നത് താങ്ങാനാകില്ല. അത് മിനിമം അഞ്ഞൂറ് രൂപയോ അതിൽ താഴെയോ ആക്കണമെന്നാണ് എന്റെ അഭിപ്രായം.

ആംനസ്റ്റി സ്കീമുകളെക്കുറിച്ച് ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആംനസ്റ്റി സ്കീമുകൾ വിജയിക്കാത്തത്

നികുതി നിർണ്ണയത്തിലെ പിഴവുകൾക്കൂടി പരിഗണിച്ചുള്ള പ്രായോഗികമായ ഇളവുകൾ നൽകാത്തതിനാലാണ്. ആയതിനാൽ അൻപതിനായിരം മുതൽ അഞ്ച് ലക്ഷം വരെയുള്ള നികുതി, സർചാർജ്, പിഴ, പലിശ എന്നിവയ്ക്ക് കുറച്ചുകൂടി ഇളവ് നൽകാനുള്ള സാഹചര്യമുണ്ടാകണം. കുറച്ച് കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ പറയുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് ദിവസംമുമ്പ് വളരെ ദാരുണമായ ഒരു സംഭവമുണ്ടായി. ഇലക്ട്രിസിറ്റിലൈൻ ചതുപ്പ് നിലത്തിൽ പൊട്ടിവീണ് 39 വയസ്സുള്ള ഇടക്കുളങ്ങര സ്വദേശി അബ്ദുൽ സലാം മരണപ്പെട്ടു. നിരവധി തവണ വൈദ്യുതി ലൈനിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് വൈദ്യുതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും പരിഹരിച്ചില്ല. 100 മീറ്റർ നീളത്തിലുള്ള ലൈനിൽ 18 ജോയിന്റുകളുണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥനിമിത്തം മൂന്ന് കുഞ്ഞുങ്ങളുടെ പിതാവായ 39 വയസ്സുള്ള അബ്ദുൽ സലാം മരണപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വൈദ്യുതി വകുപ്പ് മന്ത്രിയോട് ഇപ്പോൾ ചോദിക്കാൻ പാടില്ല. പ്ലീസ്..... ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയാണ് നടക്കുന്നത്. പ്ലീസ് .....ശ്രീ. അൻവർ സാദത്ത് സംസാരിക്കൂ.

ശ്രീ. സി. ആർ. മഹേഷ്: സർ, ഇതൊരു ദാരുണമായ സംഭവമായതിനാൽ മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവർക്ക് നഷ്ടപരിഹാരം നൽകുവാനും ആശ്രിത നിയമനം നടത്തുവാനുമുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. സി. ആർ. മഹേഷ് പറഞ്ഞത് തികച്ചും ന്യായമാണ്. പത്രത്തിൽ വായിച്ചപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അദ്ദേഹം പറഞ്ഞ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ മറുപടി നൽകിയാൽ വളരെ നല്ലതായിരിക്കും. അത് പൊതുസമൂഹം ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇലക്ട്രിസിറ്റി സംവിധാനങ്ങൾ പുതിയ രീതിയിലേയ്ക്ക് മാറ്റേണ്ടതുണ്ട്. അതിനുവേണ്ടി ഞാൻ ആലുവയിൽ ഒരു

മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആലുവ നിയോജകമണ്ഡലത്തിലെ എല്ലാ വൈദ്യുതി ലൈനുകളും ഒരു അണ്ടർ ഗ്രൗണ്ട് കേബിൾ സിസ്റ്റത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന് കേന്ദ്രത്തിൽനിന്ന് തുക ലഭിക്കുന്നതിനാൽ സംസ്ഥാന ഗവൺമെന്റുകൂടി സഹകരിക്കണം. അതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയപ്പോൾ വലിയൊരു എസ്റ്റിമേറ്റാണ് വന്നിരിക്കുന്നത്. 11 കെ.വി. ലൈനിന് 600 കിലോമീറ്റർ ചുറ്റളവ്. അതായത്, ലൈൻ വലിക്കുന്ന എസ്റ്റിമേറ്റാണ് ഇലക്ട്രിസിറ്റി ബോർഡ് നൽകിയിരിക്കുന്നത്. അതുപോലെ, എൽ.ടി. ലൈൻ 1620 കിലോമീറ്റർ നീളമാണ്. ഇതിന്റെ പദ്ധതി ചെലവിനായുള്ള തുക ഏകദേശം 1549 കോടി രൂപയാണ്. അതിന്റെ മൊത്തം ചെലവും ഇലക്ട്രിസിറ്റി ബോർഡാണ് നൽകുന്നത്. വലിയ തുകയാണ്. കേരളത്തിൽതന്നെ ആലുവ നിയോജകമണ്ഡലം ഒരു മോഡലാക്കി മാറ്റാനാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ധനകാര്യ ബില്ലാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പൈസയുടെ ആവശ്യമുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. 1549 കോടി രൂപ നൽകി ആലുവ നിയോജകമണ്ഡലം മുഴുവൻ അണ്ടർ ഗ്രൗണ്ട് കേബിളാക്കി മാറ്റിയാൽ അതിന്റെ നേട്ടം ഗവൺമെന്റിന് ലഭിക്കുകയും ചെയ്യും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൂടാതെ അവിടെ വൻതോതിലുള്ള വോൾട്ടേജ് ക്ഷാമത്തിന്റെ പ്രശ്നമുണ്ട്. അതിലേയ്ക്ക് കൂടുതൽ ഫണ്ട് മാറ്റിവയ്ക്കണം. നെടുമ്പാശ്ശേരി അത്താണിയിൽ KAMCO (Kerala Agro Machinery Corporation Limited) സബ്സ്റ്റേഷൻ സ്ഥാപിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇതൊരു സബ്മിഷനായി അവതരിപ്പിച്ചാൽ മതി.

ശ്രീ. അൻവർ സാദത്ത്: സർ, അതിന് സബ്മിഷൻ എപ്പോഴും ലഭിക്കില്ലല്ലോ. ആലുവ-പറവൂർ കവലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണം. ബഹുമാനപ്പെട്ട മന്ത്രി പി. രാജീവിന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെയുള്ളതാണ്. വോൾട്ടേജ് ക്ഷാമം

പരിഹരിക്കുന്നതിനായി ആലുവ മുനിസിപ്പാലിറ്റിയിലെ പറവൂർ കവലയിലും ചൊവ്വരയിലും സബ്സ്റ്റേഷനുകൾ അനുവദിക്കാൻ സാഹചര്യമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ധനകാര്യ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം അങ്ങ് മറ്റ് വിഷയങ്ങളിലേയ്ക്കാണ് പോകുന്നത്. ഈ വിഷയം അങ്ങ് വൈദ്യുതി വകുപ്പുമന്ത്രിയോട് അടുത്ത ദിവസത്തെ സബ്മിഷനായി ചോദിച്ചാൽ മതി. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. അൻവർ സാദത്ത്: സർ, പല സ്ഥലത്തും വോൾട്ടേജ് ക്ഷാമമുള്ളതിനാൽ പല സ്ഥലങ്ങളിലും ട്രാൻസ്ഫോർമർ ആവശ്യമുണ്ട്. ഞാൻ അതിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ നൂറ്റി ചില്വാനം ട്രാൻസ്ഫോർമർ പുതിയതായി വേണം. അക്കാര്യവും ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വോൾട്ടേജ് ക്ഷാമം ആലുവയിൽ മാത്രമല്ല, കേരളത്തിലെ മൊത്തത്തിലുള്ള പ്രശ്നമാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സബ്സ്റ്റേഷനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി പ്രത്യേക ഫണ്ട് മാറ്റിവയ്ക്കണം.

പൊതുമേഖലാ സ്ഥാപനമായ കാംകോ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. അതിന് സാമ്പത്തികസഹായം നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കനിയണം. അവിടെയുള്ള തൊഴിലാളികൾക്ക് തൊഴിലില്ല. അത് ഭംഗിയായി മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഈ വിഷയം സബ്മിഷനായി അവതരിപ്പിച്ചതാണ്. സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട് വിയോജനകുറിപ്പിന്റെ വിഷയം പറയൂ. അങ്ങേയ്ക്ക് പറയാൻ വിഷയമില്ലെങ്കിൽ അവസാനിപ്പിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഈ ബില്ലിന്മേൽ എന്റെ വിയോജനം രേഖപ്പെടുത്തി അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്ടിലെ മൂന്നാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ പ്രകാരം, സംസ്ഥാനത്ത് സ്വന്തമായി സോളാർ ഉൾപ്പെടെ വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്ന

ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന വൈദ്യുതി തീരുവ യൂണിറ്റിന് 1.2 പൈസയിൽനിന്നും 15 പൈസ നിരക്കിലേയ്ക്ക് ഗണ്യമായി ഉയർത്തുന്നതിനും ലൈസൻസികൾ വിൽക്കുന്ന ഓരോ യൂണിറ്റിനും വൈദ്യുതി 6 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നുള്ളതാണ് ഞാൻ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയത്. സബ്ജക്ട് കമ്മിറ്റിയിൽ അത് ചർച്ചയ്ക്ക് വന്നപ്പോൾ, മേൽപ്പറഞ്ഞ നികുതി നിർദ്ദേശം ഊർജ്ജ സംരക്ഷണരംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സോളാർ ഉപഭോക്താക്കളെ വലിയരീതിയിൽ ബാധിക്കുന്നുവെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങത് റിപ്പോർട്ട് ചെയ്തത് നല്ല കാര്യമാണ്. ആഗോളതലത്തിൽ, വൈദ്യുതിമേഖലയിൽ സോളാറിന്റെ വരവിനെ ആകർഷിപ്പിക്കാനുള്ള ഇടപെടലുകൾ നടത്തുന്ന സന്ദർഭത്തിൽ സോളാറുകാരെ ആ മേഖലയിൽനിന്നും പിന്തിരിപ്പിക്കാനുള്ള ഒരു വർദ്ധനവായി തീർച്ചയായും ഇത് മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സോളാർ രംഗത്ത് നെറ്റ് മീറ്റർ സംവിധാനമാണ് എല്ലാ സംസ്ഥാനങ്ങളിലും ഉപയോഗിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നും അത് മാറ്റാനുള്ള ശ്രമം സർക്കാരിപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നെറ്റ് മീറ്ററിലൂടെ ലഭിക്കുന്ന ഗുണമെന്ന് പറയുന്നത്, 1000 യൂണിറ്റ് ഒരു ഉപഭോക്താവ് ഉല്പാദിപ്പിച്ചാൽ അതിൽ 500 യൂണിറ്റ് അവർ ഉപയോഗിച്ചെങ്കിൽ ആ 500 യൂണിറ്റ് കെ.എസ്.ഇ.ബി.-യിലേയ്ക്ക് നൽകുമ്പോൾ അതിന്റെ ലാഭം സോളാർ ഉല്പാദിപ്പിക്കുന്ന ഉപഭോക്താവിന് നൽകിയിരുന്നു. എന്നാലിപ്പോൾ മൊത്തം 1000 യൂണിറ്റ് ഉപയോഗിച്ചാലും കെ.എസ്.ഇ.ബി. ഒരു ലാഭവും നൽകുന്നില്ല. പരിപൂർണ്ണമായി കെ.എസ്.ഇ.ബി.-യിലേയ്ക്ക് നൽകുന്ന നിർദ്ദേശത്തെക്കുറിച്ച് കേരളത്തിലെ പലസ്ഥലങ്ങളിലും ചർച്ച ചെയ്യുമ്പോൾ സോളാർരംഗത്ത് വലിയരീതിയിൽ പിന്മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന്റെ തൊട്ടടുത്ത കർണാടക നിയോജകമണ്ഡലത്തിൽ 4.15 രൂപ നൽകുമ്പോൾ കേരളം അത് 3 രൂപയിലേയ്ക്ക് കുറയ്ക്കുകയും ഇനി രണ്ടുരൂപയിലേയ്ക്ക് കുറയ്ക്കുന്ന ഒരവസ്ഥ

ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അത് സോളാർരംഗത്തെ വലിയ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോകുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ അംഗം സോളാർ എനർജിയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട കാര്യമാണ് പറഞ്ഞത്. കേരളത്തിലെ ഓൾട്ടർനേറ്റീവ് എനർജി സോഴ്സുകളെക്കുറിച്ച് വളരെ വിപുലമായ ചർച്ചകൾ നടക്കുന്ന ഒരു സമയമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടത്തെ പരമ്പരാഗതമായ വൈദ്യുതിയുടെ സംഭരണരീതികളും വൈദ്യുതി നിർമ്മാണ പ്രതിസന്ധിയും വലിയതോതിൽ അനുഭവിക്കുന്ന ഒരു ഘട്ടത്തിൽ ഇതിനെ പ്രൊമോട്ട് ചെയ്യുന്നതായി നാട്ടിൽ മുഴുവനും സോളാർ എനർജിയിലേയ്ക്കുള്ള ഒരു കൺവെർഷനുവേണ്ടി നമ്മൾ വലിയതോതിൽ ശ്രമം നടത്തിയിരുന്നു. അതിന്റെ ഭാഗമായി സോളാർ ഉപയോഗിക്കുന്ന ആളുകൾ ഗ്രിഡിലേയ്ക്ക് അത് കൊടുത്തുകഴിഞ്ഞാൽ അവർക്ക് വലിയതോതിൽ നികുതിയിളവുകൾ നൽകുകയും കെ.എസ്.ഇ.ബി. ബിൽ കുറയുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. ഭീമമായ കെ.എസ്.ഇ.ബി. ബിൽ താങ്ങാൻ കഴിയാത്തതിന്റെ പേരിൽ മാത്രമാണ്

പലരും സോളാർ സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ സോളാർ സ്ഥാപിക്കാൻ വേണ്ടിവരുന്ന വലിയ തോതിലുള്ള ചെലവുകളെക്കുറിച്ച് നമുക്കറിയാം. സോളാർ എനർജിക്ക് വലിയതോതിൽ പ്രോത്സാഹനം നൽകിക്കൊണ്ട് കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അവസാനം അതെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയുമാണ്. ഇപ്പോൾ അതിലുള്ള പ്രശ്നം, ബഹുമാന്യനായ മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഇക്കാര്യത്തിലേയ്ക്കായി ഒരു സംഘടന തന്നെ ഉണ്ടായിരിക്കുകയാണ്. അതായത്, സോളാർ എനർജി ഉപയോഗിക്കുന്നവർ ഗ്രിഡിലേയ്ക്ക് കൊടുക്കുന്നവരുടെ ഒരു സംഘടനയുണ്ടാക്കിയിട്ടുണ്ട്. ആ സംഘടനയുടെ ഭാരവാഹികൾ ഇക്കഴിഞ്ഞ ദിവസം എന്റെ ഓഫീസിൽ വരികയും നേരത്തെ ഗവൺമെന്റ് വാഗ്ദാനം ചെയ്തതിൽ നിന്നെല്ലാം പുറകോട്ടുപോയെന്നും ഞങ്ങൾക്ക് വളരെ ചെറിയൊരു സംവിധാനം മാത്രമാണ് നൽകുന്നതെന്നും പറഞ്ഞു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായാണ് ഈ വർദ്ധനവൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. സോളാർ മേഖലയിൽ വലിയ രീതിയിൽ നമുക്ക് വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. കെ.എസ്.ഇ.ബി. ഓഫീസിൽ സോളാറുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസർ ഇല്ലാത്തതിനാൽ ഡോക്യുമെന്റ്സിന്റെ പ്രശ്നം, നോളഡ്ജിന്റെ കുറവ് എന്നുതുടങ്ങി പല പ്രയാസങ്ങളും അനുഭവിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ 40 ശതമാനം സബ്സിഡി സോളാർ ഉല്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് കൊടുക്കുന്നുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പകൽ സമയത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതി 2 രൂപ മുതൽ 2.25 രൂപ വരെ വർദ്ധനവ് വരുന്നുള്ളൂ. പുറത്തുനിന്നും പകൽ വൈദ്യുതി വാങ്ങുമ്പോൾ ഇത് 2.60 രൂപയ്ക്കേ ലഭ്യമാകൂ. നമ്മൾ peak hour-ൽ 16 രൂപ വരെ കൊടുക്കുന്നുണ്ട്. പകൽ സമയത്ത് വൈദ്യുതി കൊടുക്കുന്ന ആളുകൾക്ക്, പകൽ സമയത്തുള്ള ഇലക്ട്രിസിറ്റി ചാർജ് കമ്മിയാക്കിക്കൊടുക്കാൻ സർക്കാർ

ഉദ്ദേശിക്കുന്നതിനാൽ റെഗുലേറ്ററി കമ്മീഷന്റെ മുമ്പിൽ അക്കാര്യം അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ പഞ്ചായത്ത് അതിർത്തിയിലുള്ള റോഡിൽ വൈദ്യുതിവിളക്കുകൾ ഇല്ലാത്തതിനാൽ ആന, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്നതുകൊണ്ട് ആ റോഡുകളിൽ വൈദ്യുതിവിളക്കുകൾ സ്ഥാപിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് ഇന്ത്യയിൽ വളരെ ഇക്കോഫ്രണ്ട്ലിയായ ഒരുപാട് പദ്ധതികൾ സമർപ്പിച്ച ഒരു സ്റ്റേറ്റാണിത്. കേന്ദ്ര സർക്കാരിൽ Ministry of New and Renewable Energy എന്നപേരിൽ സോളാർ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പുമന്ത്രിയുണ്ട്. സംസ്ഥാനത്തെ കെ.എസ്.ഇ.ബി. ഓഫീസിൽ ഒരു നോഡൽ ഓഫീസർ പോലുമില്ല. 40 ശതമാനം സബ്സിഡി സെൻട്രൽ ഗവൺമെന്റിൽനിന്നും ലഭിക്കുന്ന എന്ന കാര്യത്തിൽ പലരും

അജ്ഞരാണ്. കെ.എസ്.ഇ.ബി. ഓഫീസുകളിൽനിന്നും സബ്സിഡി അപ്രൂവൽ ചെയ്യുനൽകാൻ ഒരു മാസം മാത്രം മതിയെങ്കിലും ആറും എട്ടും മാസം വൈകുന്നതിന്റെ ഫലമായി വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ആഗോളതാപനത്തിന്റെ ഭാഗമായി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഇന്ത്യയ്ക്ക് ഒരു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2030-നുമുമ്പ് 20,000 ഗിഗ്ഗർ വാട്ട്സ് ഉല്പാദിപ്പിക്കാനുള്ള നിർദ്ദേശം നേരത്തെ നൽകിയതിന്റെ ഭാഗമായി അതിലേയ്ക്ക് ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും വലിയരീതിയിൽ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സോളാർ മേഖലയിൽ വീണ്ടും നികുതി വർദ്ധിപ്പിച്ച് ഈ മേഖലയിൽനിന്നും അവർ പിന്മാറുന്ന ഒരു അവസ്ഥയിലേയ്ക്ക് പോകുമ്പോൾ അതൊരു വലിയ പ്രതിസന്ധിയിലേയ്ക്ക് എത്തുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. തീർച്ചയായും ഞങ്ങൾ ആ വിയോജനക്കുറിപ്പ് അവതരിപ്പിച്ച സന്ദർഭത്തിൽതന്നെ അത് പറഞ്ഞതാണ്. ഇവിടെ വൈദ്യുതി വകുപ്പുമന്ത്രി ഇരിക്കുന്നുണ്ട്. ഇത് ധനകാര്യ ബില്ലാണന്ന് നൂറുശതമാനവും അറിയാം. ഒരു കാലത്ത് ഞങ്ങളൊക്കെ പഠിക്കുമ്പോൾ പവർ കട്ടായിരുന്നുവെങ്കിൽ ഇപ്പോൾ പവർ കട്ടില്ലെന്ന് നമ്മൾ

അഭിമാനത്തോടുകൂടി പറയുകയാണ്. പക്ഷേ പവർകട്ടില്ലെങ്കിലും മെയിന്റനൻസിന്റെ പേരുപറഞ്ഞ് മാസത്തിൽ ഒരു ദിവസം മുഴുവൻ ഇലക്ട്രിസിറ്റി ഓഫ് ചെയ്യുന്ന ഒരവസ്ഥ നമ്മൾ കാണുന്നുണ്ട്. ഏതായാലും സോളാറിനെ കൂടുതൽ ആകർഷിപ്പിക്കാനുള്ള ശ്രമവും ഗ്രീൻ എനർജിക്കുവേണ്ടിയുള്ള ശ്രമവും നടത്തിയാൽ തീർച്ചയായും ഈ രംഗത്ത് മാതൃകാപരമായ മാറ്റങ്ങളുണ്ടാകും. ഇന്നലെ മുതൽ ആഗോള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സെമിനാറാണ് എല്ലാ എം.എൽ.എ.-മാർക്കും നൽകിയത്. ആഗോളതാപനത്തിന്റെ ഭാഗമായി ഈ വർഷം രാജസ്ഥാനിൽ 54 ഡിഗ്രി ചൂട് അനുഭവപ്പെട്ടു. കേരളത്തിൽ പത്ത് വർഷങ്ങൾക്കുമുമ്പ് 24 മുതൽ 28 ഡിഗ്രി വരെയുണ്ടായിരുന്ന ചൂട് ഇപ്പോൾ 34 ഡിഗ്രിയിലേയ്ക്ക് ഉയർന്നുവെന്ന വാർത്തകളാണ് ഇന്ന് നാം കേൾക്കുന്നത്. സോളാർ രംഗത്ത് നികുതികൾ വർദ്ധിപ്പിക്കാതെ അവരെ ചേർത്തുനിർത്തി അവർക്ക് നല്ലൊരു സപ്പോർട്ടായി നിന്നാൽ നമുക്ക് കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച മുന്നേറ്റം നടത്തുന്ന ഒരു സംസ്ഥാനമാക്കി മാറ്റാൻ കഴിയും. ആയതിനാൽ

നികുതി വർദ്ധിപ്പിക്കരുതെന്നുള്ള വിയോജനം ഒരിക്കൽക്കൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ മൂന്നാം വകുപ്പിലും പട്ടികയിലും വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം, ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ടൂറിസ്റ്റ് പെർമിറ്റെടുത്ത് സ്ഥിരമായി കേരളത്തിൽ സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസുകളിൽനിന്നും ത്രൈമാസ നികുതി ഈടാക്കുന്നതിനും പരമാവധി ഒരാഴ്ച കാലത്തേയ്ക്ക് കേരളത്തിൽ ടൂറിസത്തിന്റെ ഭാഗമായി പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്ന് ത്രൈമാസ നികുതിയുടെ പത്തിൽ ഒരു ഭാഗം ഈടാക്കുന്നതിനും ഏഴ് ദിവസത്തിൽ കൂടുതൽ മുപ്പത് ദിവസം വരെ സംസ്ഥാനത്ത് തങ്ങുന്ന ബസുകളിൽനിന്നും ത്രൈമാസ നികുതിയുടെ മൂന്നിലൊന്ന് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ടൂറിസത്തിന്റെ ഭാഗമായി ചെറിയ കാലയളവിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ടൂറിസ്റ്റ് ബസുകൾക്ക് ത്രൈമാസ

നികുതിയുടെ നിശ്ചിത ശതമാനം നികുതി ഈടാക്കാനുള്ള തീരുമാനം, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ വിനോദസഞ്ചാരികൾക്ക് കേരളത്തിലേക്ക് വരാനുള്ള സാധ്യത നമ്മൾ സ്വയം ഇല്ലാതാക്കുകയാണ്. ഇത് വിനോദസഞ്ചാര മേഖലയിൽനിന്നും അനുബന്ധ മേഖലയിൽനിന്നുമുള്ള നികുതി വരുമാനത്തെ ദോഷകരമായി ബാധിക്കുമെന്നതാണ് ഞാൻ വിയോജനകുറിപ്പിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒഫീഷ്യൽ അമെന്റ്മെന്റിൽ അതുസംബന്ധിച്ച് വ്യക്തത വരുത്തുമെന്ന് വിശ്വസിക്കുകയാണ്.

2017 മുതൽ 2022-23 വരെയുള്ള ആംനസ്റ്റി പദ്ധതിയിലൂടെ ആകെ പിരിച്ചെടുക്കാൻ സാധിച്ചത് 744.66 കോടി രൂപ മാത്രമാണെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ നിയമസഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പുതിയ ആംനസ്റ്റി പദ്ധതിപ്രകാരം അൻപതിനായിരം രൂപവരെയുള്ള നികുതി, സർചാർജ്, പിഴപലിശ എന്നിവയ്ക്ക് പൂർണ്ണ ഇളവും അൻപതിനായിരം രൂപ മുതൽ പത്ത് ലക്ഷം വരെയുള്ള തുകയ്ക്ക് അടിസ്ഥാന നികുതിയുടെ 30 ശതമാനം മാത്രവും പത്ത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ

അഡ്മിറ്റഡ് നികുതി കുടിശ്ശികയുടെ 50 ശതമാനവും തർക്കമുള്ള കുടിശ്ശികകളുടെ 40 ശതമാനവും ഒരു കോടിരൂപയ്ക്ക് മുകളിൽ അഡ്മിറ്റഡ് ആണെങ്കിൽ 80 ശതമാനവും തർക്കമുള്ള കുടിശ്ശികയുടെ 70 ശതമാനവും അടച്ചാൽ ബാക്കിവരുന്ന നികുതി, സർചാർജ്, പിഴ, പലിശ എന്നിവ പൂർണ്ണമായും എഴുതി തള്ളുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം നികുതി നിർണ്ണയത്തിലെ അപാകതയാണ്. അതാണ് 2017 മുതൽ 2022-23 വരെ നമ്മൾ കണ്ടിട്ടുള്ളത്. ആ പരാജയം നമ്മൾ മനസ്സിലാക്കി അതിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഈ പുതിയ ആംനസ്റ്റി സ്കീമിനെ സമീപിക്കേണ്ടത്. അതുകൊണ്ടാണ് ഇവിടെ എല്ലാവരും പറഞ്ഞിട്ടുള്ളത്, കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ആംനസ്റ്റി പദ്ധതിക്കുമുമ്പ് ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെക്കൊണ്ട് തർക്കമുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഇപ്രകാരം യാഥാർത്ഥ്യ ബോധത്തോടുള്ള ഒരു സമീപനം സ്വീകരിച്ചാൽ മാത്രമെ ആംനസ്റ്റി സ്കീമുകളിൽ നമ്മൾ പ്രതീക്ഷിച്ച നേട്ടം ഉണ്ടാകുകയുള്ളൂ. നമ്മൾ പണമെല്ലാം

സ്വരൂപിക്കുമ്പോഴും, നികുതിയുടെ കാര്യം പറയുന്ന സമയത്ത് അശാസ്ത്രീയമായി ധനകാര്യ മാനേജ്മെന്റിന്റെ വീഴ്ചമൂലം സംസ്ഥാനം ധനപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ നികുതിയിതര വരുമാനം വളരെ കുറവായിരിക്കുമ്പോഴും നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാതെ നികുതികളും ഫീസുകളും വർദ്ധിപ്പിച്ച് സാധാരണ ജനങ്ങൾക്ക് അമിതഭാരം നൽകുന്ന സമീപനം ശരിയല്ലായെന്നുള്ളതാണ് ഞങ്ങൾ വിയോജനക്കുറിപ്പിൽ എഴുതിയിട്ടുള്ളത്. സി.&എ.ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, '...In all the five years, major portion of the borrowed fund is utilized for repayment of borrowings. Borrowed funds should ideally be used to fund capital creation and development activities. During 2001-02, 80 percent of the borrowed funds was utilised for debt servicing. Net borrowed funds available for developmental activities after servicing of debt was only 20 percent. Use of borrowed funds for meeting current consumption and debt servicing of outstanding loan is not a prudent

financial management practice.' അതുകൊണ്ടുതന്നെ നികുതികൾ മുഴുവൻ കളക്ട് ചെയ്തശേഷം ഇതിലെ നമ്മുടെ പഴയ കടങ്ങൾ വീട്ടുന്നതിനുവേണ്ടിയാണ് ഉപോഗിക്കുന്നത്. ഇപ്രകാരം 80 ശതമാനവും സാധാരണ പിരിച്ചുകിട്ടുന്നത് കടം വീട്ടുന്നതിന് ഉപയോഗിക്കുന്നതിനെ ശരിക്കും ക്യാപ്പിറ്റൽ ക്രിയേഷൻസിനും ഡെവലപ്പ്മെന്റൽ ആക്ടിവിറ്റീസിനും വേണ്ടി അത് റൂട്ട് ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സോളാർ എനർജിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മൾ റിന്യൂവബിൾ എനർജിയെക്കുറിച്ച് വാതോരാതെ സംസാരിക്കും. സോളാർ, കാറ്റാടി, തിര, ചെറിയ വെള്ളച്ചാട്ടങ്ങൾ എന്നിവയിൽനിന്നും വൈദ്യുതി ഉണ്ടാക്കി ഉപയോഗിക്കണമെന്നെല്ലാം പറയുന്നുണ്ട്. അതെല്ലാം കേട്ട് എന്റെ വീട്ടിൽ ഞാൻ സോളാർവച്ചു. സോളാർ വയ്ക്കേണ്ട തുകയുടെ ചെലവിന് പുറമെ 13,000 രൂപയുടെ ഇലക്ട്രിസിറ്റി ബിൽ വേറെയും വന്നിരിക്കുകയാണ്. എനിക്ക് മാത്രമാണ് ഇങ്ങനെ വന്നതെന്നാണ് ഞാൻ വിചാരിച്ചത്. അടുത്തിടെ ഐ.പി.എസ്. ഉദ്യോഗസ്ഥയായ ശ്രീകല കെ.എസ്.ഇ.ബി.-യെ തെറിപറഞ്ഞുകൊണ്ട് അവരുടെ ഒരു പ്രസ്താവനയും വന്നു. അവർ സോളാർ

വച്ചതിനുശേഷം സോളാർ ഒരു വഴിക്കും ഇലക്ട്രിസിറ്റി ബിൽ വേറെ വഴിക്കും വരുന്നു. ഇത് എന്താണെന്ന് കെ.എസ്.ഇ.ബി.-യോട് ചോദിക്കുമ്പോൾ, നമ്മൾ സോളാർ വച്ചതിൽ എന്തോ കുഴപ്പം സംഭവിച്ചെന്ന രീതിലാണ് അവർ സംസാരിക്കുന്നത്. ഞങ്ങൾ ഗ്രിഡിലേയ്ക്ക് സോളാർ പവർ കൊടുത്ത് പണം തിരികെ ഇങ്ങോട്ട് ലഭിക്കുമെന്ന് വിചാരിക്കുമ്പേൾ സോളാറിനുവേണ്ടിവച്ച പണവും അതിനുപുറമെ ഇലക്ട്രിസിറ്റിക്കുവേണ്ടി പണം പോകുന്നതും ഒരു പ്രശ്നം തന്നെയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അത് എന്തുകൊണ്ടാണെന്ന് പരിശോധിച്ച് മറുപടി നൽകാം.

ഡോ. എം. കെ. മുനീർ: സർ, എനിക്ക് വന്ന ബില്ലാണിത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബിൽ ഇവിടെ ഏൽപ്പിക്കുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ബിൽ അങ്ങ് അടയ്ക്കുകയാണെങ്കിൽ നൽകുന്നതിൽ കുഴപ്പമില്ല. ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കി നൽകിയാൽ മതി. ഞങ്ങൾക്ക് സോളാർ ഉപയോഗിച്ച് ജീവിക്കാനുള്ള

അനുമതി നൽകിയാൽ മതി. സോളാറിനുള്ള പണവും പിന്നെ കെ.എസ്.ഇ.ബി.-ക്കുവേണ്ടിയുള്ള പണവും, ഇത് രണ്ടുകൂടി പറ്റില്ല. എന്റെ കാര്യമല്ല പറയുന്നത്. സാധാരണക്കാരുടെ ഇടയിൽ ഇത് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അങ്ങനെയുള്ള പരാതികൾ ധാരാളം ലഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന് എന്റെ ഇലക്ട്രിസിറ്റി ബിൽ ഇവിടെ കൊണ്ടുവന്നുവെന്നെയുള്ളൂ. മറ്റു വിഷയങ്ങളിലെല്ലാം കുറച്ചെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സോളാർ വയ്ക്കാത്ത സമയത്ത് എത്ര രൂപയുടെ ഇലക്ട്രിസിറ്റി ബില്ലായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ എത്ര രൂപയാണ് ഇലക്ട്രിസിറ്റിക്കുവേണ്ടി അടയ്ക്കേണ്ടിവരുന്നത്; എത്രയൂണിറ്റ് ഇലക്ട്രിസിറ്റിയാണ് ഉപയോഗിക്കുന്നത്?

<u>ഡോ. എം. കെ. മുനീർ</u>: സർ, ഏകദേശം മുമ്പുണ്ടായിരുന്ന അതേ ബിൽ തന്നെയാണ് ഇപ്പോഴും വരുന്നത്. യൂണിറ്റിന്റെ കാര്യങ്ങളെല്ലാം ഞാൻ അങ്ങേയ്ക്ക് എഴുതിത്തരാം. നിങ്ങളുടെ ബില്ലിൽതന്നെ എല്ലാ കാര്യങ്ങളും

എഴുതിയിട്ടുണ്ട്. ജി.എസ്.ടി., മീറ്റർ വാടക, ഓട്ടോ റിക്കവറി, സർചാർജ് എന്നിങ്ങനെ പല ചാർജ്ജുകളും ഈടാക്കിയാണ് ഇതിലേയ്ക്ക് എത്തുന്നത്.

കുടുംബകോടതിയുടെ വിഷയവുമായി ബന്ധപ്പെട്ട് കോർട്ട് ഫീസിൽ പിന്നീടും കുറെ മാനദണ്ഡങ്ങൾവച്ച് 2000 രൂപവരെയാക്കി. ഏറ്റവും പാവപ്പെട്ട സ്ത്രീകളായതുകൊണ്ട് നമ്മൾ പഴയ ഫീസിലേയ്ക്ക് തന്നെ പോകണം. 200 എന്ന മിനിമത്തിൽ നമ്മൾ എത്തിക്കുന്നതായിരിക്കും നല്ലത്. അതുപോലെ ചെക്കുമായി ബന്ധപ്പെട്ട നെഗോഷിബ്യൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ കാര്യത്തിലും ഏറ്റവും മിനിമത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ട കാര്യങ്ങൾ മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണം. ഏതായാലും അദ്ദേഹം അമെന്റ്മെന്റ് കൊണ്ടുവരികയാണ്. ആ അമെന്റ്മെന്റ് പൂർണ്ണമായ അമന്റ്മെന്റായി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലെ മൂന്നാം വകുപ്പിലും പട്ടികയിലും വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ടൂറിസ്റ്റ് പെർമിറ്റ് എടുത്തശേഷം കേരളത്തിൽ പ്രവേശിച്ച് സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് വാഹനങ്ങളിൽ പരമാവധി ഒരാഴ്ച കാലത്തേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതിയുടെ പത്തിൽ ഒരുഭാഗം ഈടാക്കുന്നതിനും ഏഴ് ദിവസത്തിൽ കൂടുതൽ മുപ്പത് ദിവസം വരെ സംസ്ഥാനത്ത് തങ്ങുന്ന വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതിയുടെ മൂന്നിലൊന്ന് ഈടാക്കുന്നതിനും സ്ഥിരമായി സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽനിന്നും ത്രൈമാസ നികുതി ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഈ രീതിയിൽ വിനോദസഞ്ചാരികളും മറ്റുമായി സംസ്ഥാനത്ത് പ്രവേശിച്ച് സർവ്വീസ് നടത്തുന്ന അന്യസംസ്ഥാന വാഹനങ്ങളുടെ മേൽ ഇത്തരം ഭീമമായ നികുതികൾ അടിച്ചേൽപ്പിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുന്നത്.

ചെറിയ കാലയളവിലേയ്ക്ക് സംസ്ഥാനത്ത് പ്രവേശിക്കുന്ന ടൂറിസ്റ്റ് ബസുകൾക്ക് ത്രൈമാസ നികുതിയുടെ നിശ്ചിത ശതമാനം നികുതി അടയ്ക്കണമെന്ന തീരുമാനം സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കാര്യത്തിൽ വിപരീത ഫലം സൃഷ്ടിക്കുന്നതാണ്. ഭീമമായ രീതിയിൽ ഇത്തരം നികുതികൾ അടിച്ചേൽപ്പിക്കുമ്പോൾ വാഹന ഉടമകൾ യാത്രക്കാരിൽനിന്നുമാണ് ഈടാക്കാൻ ശ്രമിക്കുന്നത്. ഇത് യാത്രക്കാരുടെ ചെലവ് വർധിപ്പിക്കുകയും അവർ ടൂറിസത്തിനായി മറ്റ് സംസ്ഥാനങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നതിനുള്ള സാധ്യത കാണുന്നുണ്ട്. കൂടാതെ, ശബരിമല ഉൾപ്പെടെയുള്ള വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുവരുന്ന അന്യസംസ്ഥാന ബസ്സുകളും മറ്റ് വാഹനങ്ങളും മുപ്പതുദിവസത്തിൽ കൂടുതൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചശേഷം തിരിച്ചുപോകുന്നതുകാരണം ഇവർക്ക് വലിയ നികുതി അടയ്ക്കേണ്ട ബാധ്യതയാണുണ്ടാകുന്നത്. ഇത് നമ്മുടെ തീർത്ഥാടന മേഖലകൾ വഴിയുള്ള വരുമാനത്തെ ദോഷകരമായി ബാധിക്കും. ഇവയെല്ലാം സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടിയുണ്ടാക്കുമെന്ന് മാത്രമല്ല അതുവഴി ലഭ്യമാകുന്ന നികുതി

വരുമാനത്തെയും ബാധിക്കുമെന്നതിൽ സംശയമില്ല. ഇപ്പോൾത്തന്നെ സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ കൂടുതൽ സാമ്പത്തിക ഞെരുക്കത്തിലേയ്ക്കാണ് കൊണ്ടുപോകുന്നത്. അതോടൊപ്പം ടൂറിസം മേഖലയും അതിന്റെ അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട് ജീവനോപാധി കണ്ടെത്തുന്ന ലക്ഷക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തെയും ഇത് സാരമായി ബാധിക്കും. ഇതുപോലെ നമ്മുടെ അയൽ സംസ്ഥാനങ്ങളും ഇത്തരത്തിൽ നികുതി വർധിപ്പിച്ചാൽ ലോണെടുത്തും കടം വാങ്ങിയും ചെറിയ ടൂറിസ്റ്റ് വാഹനങ്ങളിൽ ജീവിതമാർഗ്ഗം നടത്തുന്ന നമ്മുടെ നാട്ടിലെ കുറേപ്പേർക്കെങ്കിലും ജീവിതം വഴിമുട്ടുന്ന അവസ്ഥയുണ്ടാകും. സംസ്ഥാന സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾമൂലം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്താതെയും പിരിച്ചെടുക്കാനുള്ള കുടിശ്ശികത്തുക പിരിച്ചെടുക്കാതെയും നികുതിരാജ് നടപ്പാക്കുകയല്ല വേണ്ടത്. ജീവിതമാർഗങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തെറ്റായ സമീപനമാണ്

ഇതുവഴി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ ബില്ലിനോട് വിയോജിക്കുന്നത്. കഴിഞ്ഞദിവസം ഇവിടെ പ്രസംഗിച്ച ഭരണപക്ഷത്തെ ഒന്നുരണ്ട് അംഗങ്ങൾ മലപ്പുറത്തെ ഒരു അധ്യാപകന്റെ മരണത്തെക്കുറിച്ചും സൈമൺ ബ്രിട്ടോയുടെ അപകടത്തെക്കുറിച്ചും വസ്തുതാവിരുദ്ധമായ വ്യാഖ്യാനങ്ങൾ നടത്തുന്നതുകേട്ടു. പാർട്ടി ക്ലാസുകൾ കേട്ടും പാർട്ടി ബുദ്ധിജീവികളെഴുതിയ പുസ്തകങ്ങൾ വായിച്ചും പാർട്ടി ക്യാപ്സ്യൂളുകളിൽനിന്നുമൊക്കെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാകാം ഇത്തരം പ്രസ്താവനകൾ നടത്തുന്നത്. ശരിയായ വസ്തുതകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ വ്യക്തമായി മനസ്സിലാക്കിയിട്ടുവേണം പവിത്രമായ ഈ നിയമസഭയിൽ പ്രസ്താവനകൾ പറയേണ്ടത് എന്നൊരു അഭിപ്രായമുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ ചട്ടം 300 പ്രകാരം അവതരിപ്പിച്ച പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പരാമർശിച്ചതിന് മറുപടിയായി അല്പം മുമ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, 'അരിമണി

കൊറിക്കുവാനുമുണ്ട്, കരിവള കിലുക്കുവാനുമുണ്ട്' എന്നാണ്. ഇതുകേട്ടപ്പോൾ മറ്റുചില വരികളാണ് എന്റെ മനസ്സിൽ വന്നത്. സർക്കാരിന്റെ ചിന്തകൾക്ക് മാറ്റമില്ലാതെ, യാഥാർഥ്യബോധത്തെ ഉൾക്കൊള്ളാൻ കഴിയാതെ, ഇതേ നിലപാടിൽ ഉറച്ചുനിന്നാൽ ഈ അരിമണി കൊറിക്കലും തരിവള കിലുക്കലുമൊക്കെ 'വെറുതേ ഈ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതേ മോഹിക്കുവാൻ മോഹം, വെറുതേ മോഹിക്കുവാൻ മോഹം' എന്നാണ്. ഇക്കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിലുണ്ടായ ദയനീയമായ പരാജയവും സർക്കാരിന്റെ വികലമായ നയങ്ങളിലെ വീഴ്ചകളും ജനങ്ങളിൽനിന്നും മറച്ചുവയ്ക്കാനാണോ ഇപ്പോൾ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രക്ഷാപ്രവർത്തകരെ ഇറക്കിവിട്ടിരിക്കുന്നത്. ജനങ്ങൾക്ക് ഇതെല്ലാം മനസ്സിലാകും. പ്രതിസന്ധിഘട്ടത്തിൽപ്പോലും കണ്ണുതുറന്ന് പ്രവർത്തിക്കാതെ എന്തിനുമേതിനും ന്യായീകരണവും നിലപാടും മുന്നോട്ടുവയ്ക്കുന്ന ഈ സർക്കാർ, ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത, ജനങ്ങളെ ദുരിതത്തിലേക്ക് ആഴ്ത്തുന്ന നയങ്ങൾകൊണ്ട് കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിൽ വരുത്തിയ ഭേദഗതികളിലും ഈ ധനകാര്യ

ബില്ലിലുമുള്ള എന്റെ ശക്തമായ വിയോജിപ്പ് ഒരിക്കൽക്കൂടി രേഖപ്പെടുത്തുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഭരണഘടനയിലെ ആർട്ടിക്കിൾ 270-ൽ നികുതി വിന്യാസം സംബന്ധിച്ച വ്യവസ്ഥയെക്കുറിച്ചാണ് പറയുന്നത്. സംസ്ഥാനം പിരിക്കുന്ന വരുമാനവും കേന്ദ്ര സർക്കാർ പിരിച്ച് സംസ്ഥാനത്തിന് നൽകുന്ന നികുതിയും ഗ്രാന്റും ചേർന്നതാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനമെന്നാണ് അതിൽ പറയുന്നത്. അതായത് കേന്ദ്ര സർക്കാർ പിരിക്കുന്നതും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കായി വിഭജിക്കുന്നതുമാണ് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എന്നുള്ളതാണ്. അതായത് ആർട്ടിക്കിൾ 270 അനുസരിച്ച് കേന്ദ്ര സർക്കാരിൽനിന്നും നമുക്ക് ലഭിക്കേണ്ടത് ഔദാര്യമല്ല, അവകാശമാണ് എന്നതന്നെയാണ്. എന്നാൽ ദൗർഭാഗ്യവശാൽ ചില ബി.ജെ.പി.-ക്കാരും

കേരളത്തിലെ ചില കോൺഗ്രസ് നേതാക്കളും വിശ്വസിക്കുന്നത് അത് എന്തോ ഔദാര്യത്തിന്റെ ഭാഗമായി നമുക്ക് ലഭിക്കുന്നുവെന്നുള്ള നിലയിലാണ്. 57000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്കുണ്ടായിട്ടുള്ളത്. ഈ കുറവിനെ മറികടക്കാൻവേണ്ടിയുള്ള ശ്രമകരമായ ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. 2018-ലും 2019-ലുമുണ്ടായിട്ടുള്ള പ്രളയം, പിന്നീടുവന്ന കോവിഡ് മഹാമാരി, അതിനെത്തുടർന്നുണ്ടായ പ്രതിസന്ധികൾ എന്നിവയെക്കുറിച്ചെല്ലാം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതിനെയെല്ലാം തരണം ചെയ്യുന്നതിനും നമ്മുടെ തനതുവരുമാനം വർധിപ്പിക്കുന്നതിനുംവേണ്ടിയുള്ള ശ്രമകരമായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം നടത്തിയിട്ടുള്ള പ്രസ്താവനയിൽ വളരെ കൃത്യമായി കാര്യങ്ങൾ അവതരിപ്പിച്ചു. പതിനാലാം ധനകാര്യ കമ്മീഷൻ അനുവദിച്ച 2.505 ശതമാനം നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.92 ശതമാനമായി കുറഞ്ഞു. 2020-21-ൽ 31068 കോടി

രൂപയായിരുന്ന കേന്ദ്ര സർക്കാർ ഗ്രാന്റുകൾ 2023-24-ൽ 12068 കോടി രൂപയായി കുറഞ്ഞു. മൂന്നുവർഷക്കാലയളവിൽ 19000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ഗ്രാന്റിനത്തിൽമാത്രം നമുക്കുണ്ടായത്. നമ്മുടെ തനത് വരുമാനത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തുമ്പോഴും നമുക്ക് അവകാശപ്പെട്ടത് തരാതിരിക്കുമ്പോഴും സംസ്ഥാന ഗവൺമെന്റ് മൂന്നുവർഷംകൊണ്ട് 56 ശതമാനം വർധിപ്പിച്ചാണ് നിലനിൽക്കുന്നതെന്ന് കാണാതെ പോകരുത്. ഇവിടെ നമ്മൾ കാണേണ്ടത് കേന്ദ്ര സർക്കാരിന്റെ ഏറ്റവും തെറ്റായ നയത്തെക്കുറിച്ചാണ്. ഇത് നമ്മൾ നേരിടുന്ന പ്രധാനപ്പെട്ടൊരു വെല്ലുവിളിയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രം പിരിച്ചെടുക്കുന്ന നികുതി വരുമാനത്തിന്റെ ഒരു വിഹിതം നൽകുന്നുണ്ട്. നമ്മുടെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവർക്ക് 43 ശതമാനമാണ് നൽകുന്നത്. എന്നാൽ നമ്മുടെ കേരളത്തിന് അത് വെറും 27 ശതമാനമാണ്. എന്നുപറഞ്ഞാൽ സംസ്ഥാനത്തുവരുന്ന മൊത്തം ചെലവിന്റെ 73 ശതമാനം ചെലവുകൾക്കാവശ്യമായ മുഴുവൻ പണവും കേരളം തന്റെ തനത്

വരുമാനത്തിലൂടെ കണ്ടെത്തേണ്ടുന്ന സ്ഥിതിയാണുള്ളത്. നമുക്ക് അവകാശപ്പെട്ട വിഹിതം നിഷേധിക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നു. നമ്മൾ പിടിച്ചുനിൽക്കുന്നതിനുവേണ്ടി നമ്മുടെ തനത് വരുമാനത്തിൽ ശ്രമകരമായ ഇടപെടൽ നടത്തി അതിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. നിരവധി നിർദ്ദേശങ്ങൾ പ്രതിപക്ഷാംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നേരത്തേയും സൂചിപ്പിച്ചതുപോലെ കേന്ദ്രം തെറ്റായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുമ്പോൾ നമ്മുടെ തനത് വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടാക്കി പിടിച്ചുനിൽക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. അത് നികുതി വരുമാനമായാലും നികുതിയേതര വരുമാനമായാലും തനത് വരുമാനം വർധിപ്പിക്കാനാവശ്യമായ നല്ല ഇടപെടൽ നടത്തേണ്ടതുണ്ട്. അതിനെക്കുറിച്ച് നേരത്തേ ഞാൻ സൂചിപ്പിച്ചു. ധനകാര്യ വകുപ്പുമന്ത്രി അതിൽ നടത്തിയ ശ്രമകരവും ശ്രദ്ധേയവുമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് 2021-ൽനിന്നും 2024-ലേയ്ക്ക് എത്തുമ്പോൾ മൂന്നുവർഷംകൊണ്ട് നമ്മുടെ റവന്യൂ വരുമാനത്തിൽ 53 ശതമാനത്തിന്റെ വർധനവുണ്ടാകുന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ നിലവിലെ

പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശകലനം ചെയ്യുമ്പോൾ പൂർവ്വ കാലഘട്ടത്തിലെന്തായിരുന്നു സ്ഥിതി എന്നുള്ളത് നമ്മൾ ആലോചിക്കേണ്ടതുണ്ട്. 2011-2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്തുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് മാധ്യമങ്ങളിൽവന്ന വാർത്തകൾ ഞാൻ സൂചിപ്പിക്കാം. നികുതി വരുമാനം കുത്തനെ ഇടിയുന്നു; 2014-15 വർഷത്തിൽ ബജറ്റ് അടങ്കലിൽ 7235 കോടി രൂപയുടെ കുറവുണ്ടായെന്ന് C&AG ചൂണ്ടിക്കാട്ടുന്നു; 42467 കോടി രൂപയുടെ നികുതി വരുമാനമാണ് ബജറ്റിൽ അവതരിപ്പിച്ചത്, പിരിച്ചെടുത്തതാകട്ടെ 35232 കോടി രൂപയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നികുതി വേണ്ടരൂപത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഇതിൽനിന്നും വ്യക്തമാണ്. ഇവിടെ സംസ്ഥാനത്തിന്റെ കടബാധ്യതയെ സംബന്ധിച്ചും അതിന്റെ തിരിച്ചടവിനെ സംബന്ധിച്ചുമൊക്കെ സൂചിപ്പിക്കുന്നത് കേട്ടു. സംസ്ഥാന സർക്കാർ കടമെടുത്ത് പ്രവർത്തനങ്ങൾ നടത്തുന്നത് എന്തിനുവേണ്ടിയാണ്? എല്ലാ ഗവൺമെന്റുകളും കടമെടുത്തിട്ടുണ്ട്. നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും നേരത്തേയുള്ളതുപോലെ

വെട്ടിക്കുറവുണ്ടാകുമ്പോൾ സംസ്ഥാനത്തിന് മുന്നോട്ട് പോകുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടിവരും. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതമായ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (GDP) മൂന്ന് ശതമാനമാണ് നമ്മൾ കടമായി എടുക്കുന്നത്. അതിൽപോലും വെട്ടിക്കുറച്ച് 2.5 ശതമാനമേ നൽകാൻ സാധിക്കുകയുള്ളൂവെന്നാണ് കേന്ദ്രം പറയുന്നത്. അപ്പോൾ കടമെടുപ്പ് പരിധിയിൽ കുറവുണ്ടാകുകയാണ്. എന്നാൽ കേന്ദ്ര സർക്കാർ കടമെടുക്കുന്നത് 5.5 ശതമാനമാണ്. 2011-ൽ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ ആകെ കടം 70000 കോടി രൂപയായിരുന്നു. ആ സർക്കാർ അധികാരം ഒഴിയുമ്പോൾ ആ കടം 159000 കോടി രൂപയായി മാറി. സ്വാഭാവിക പ്രക്രിയയാണ്; ആ പ്രക്രിയ എങ്ങനെവരുന്നുവെന്ന് ചോദിച്ചാൽ, നാട്ടിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായാണ്. സംസ്ഥാനത്തിന്റെ കടത്തെക്കുറിച്ച് വളരെ വാചാലരാകുന്ന ഘട്ടത്തിൽ നമ്മൾ മനസ്സിലാക്കേണ്ടത്, കേരളത്തിൽ ഇന്നുവരെ കാണാത്ത നിലയിലുള്ള വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. നേരത്തെ ധനകാര്യ ബില്ലിന്റെ

ഭാഗമായി ബഹുമാന്യനായ എൻ. ഷംസുദ്ദീൻ എം.എൽ.എ.-യും പ്രിയങ്കരനായ പി. ഉബൈദുള്ള എം.എൽ.എ.-യും കിഫ്ബിയെക്കുറിച്ച് സൂചിപ്പിച്ചു. കിഫ്ബിയെക്കുറിച്ച് ഇവർ പറഞ്ഞത് എന്താണ്? കിഫ്ബി എന്ന് പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ കടത്തിലേയ്ക്ക് കൊണ്ടുപോകുന്നതാണെന്നും കിഫ്ബിയുടെ ഫണ്ട് വലിയ പ്രതിസന്ധിയുണ്ടാക്കുന്നതാണെന്നുമാണ് പറയുന്നത്. ഇപ്പോൾ അതിൽനിന്ന് എന്തെങ്കിലും പദ്ധതി ലഭിക്കുമോയെന്ന് ചോദിച്ച് വാങ്ങുന്ന നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. കിഫ്ബി പദ്ധതിയിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയല്ലെന്ന് പറയാൻ സാധിക്കുമോ? 140 നിയോജകമണ്ഡലങ്ങളിലും നടക്കുന്ന വികസന പ്രവർത്തനങ്ങൾ എണ്ണിപ്പറയാൻ സാധിക്കും. വികസനം നടക്കുന്നുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കിഫ്ബി പദ്ധതിയിലൂടെ കേരളത്തിന്റെ മുഖം മാറ്റുന്ന നിലയിലുള്ള നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വൻകിട പദ്ധതികളാണ്

നടപ്പാക്കാൻ സാധിച്ചത്? ദേശീയ പാത വികസനം. അതിന്റെ മറ്റ് ഘടകങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ദേശീയ പാത വികസനത്തെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ സൂചിപ്പിച്ചത് കേട്ടിരുന്നു. പ്രസ്തുത പദ്ധതിക്ക് തടസ്സമുണ്ടായത് എങ്ങനെയാണ്? 45 മീറ്റർ വീതിയിൽ ദേശീയ പാത വികസനം വേണമെന്ന കാര്യം സംസ്ഥാനം മുഴുവനും അംഗീകരിച്ചു. അന്ന് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായിരുന്ന ഇന്നത്തെ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 45 മീറ്റർ വീതിയിൽ ദേശീയ പാത വികസനം നടത്തുന്നതിന് ഞങ്ങൾ അനുകൂലമാണെന്നാണ്. ഞങ്ങൾ എതിർത്തത് ഒരേയൊരു കാര്യത്തിനാണ്; ആവശ്യമായ നഷ്ടപരിഹാരത്തുക നൽകുന്നതിൽ അന്നത്തെ യു.ഡി.എഫ്. സർക്കാരിന് പിഴവ് സംഭവിച്ചതിൽ മാത്രമാണ്. പദ്ധതിയെ ഞങ്ങൾ എതിർത്തില്ല. അതിന്റെ ഭാഗമായാണ് ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ മറ്റ് എവിടെയുമില്ലാത്ത നിലയിൽ 5500 കോടി രൂപ കേന്ദ്ര സർക്കാരിന് അങ്ങോട്ട് നൽകി ഭൂമി ഏറ്റെടുത്ത് ദേശീയ പാത വികസന പ്രവർത്തനം വളരെ മനോഹരമായി മറ്റ് ഏത്

സംസ്ഥാനത്തേക്കാളും വേഗത്തിൽ നടക്കുന്ന വിധത്തിലേയ്ക്ക് മാറ്റിയത്. മുടങ്ങിപ്പോയ ഒരു പദ്ധതിയായിരുന്ന ഗെയിൽ പൈപ്പ് ലൈൻ. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ആ പദ്ധതി ഏറ്റെടുത്ത് കമ്മീഷൻ ചെയ്ത് പൂർത്തീകരിച്ചത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ അന്നത്തെ യു.ഡി.എഫ് സർക്കാർ പരാജയപ്പെട്ടപ്പോഴാണ് ആ പദ്ധതിക്കെതിരെ ഞങ്ങൾ സമരം നടത്തിയത്. നഷ്ടപരിഹാരത്തുക നൽകാനുള്ള അവകാശം ആർക്കാണ്? ആ അവകാശം സംസ്ഥാന സർക്കാരിനായതുകൊണ്ട് ജനങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരത്തുക ഉയർത്തി നിശ്ചയിക്കാൻ കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി തീരുമാനമെടുത്തപ്പോഴാണ് ആ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിച്ചത്. ഇടമൺ-കൊച്ചി പവർ ഹൈവെയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചതാണ്. ആ പദ്ധതിയും ഇതേ അവസ്ഥയിൽത്തന്നെയാണ്.

കണ്ണൂർ വിമാനത്താവളം പൂർത്തീകരിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. നേരത്തെ റബ്ബർ തോട്ടങ്ങളിൽ മരുന്ന് സ്പ്രേ ചെയ്യാൻ

പോകുന്ന ഫ്ലൈറ്റ് അവിടെയിറക്കിയിട്ട് ഇതാണ് കണ്ണൂർ വിമാനത്താവളമെന്ന് പറഞ്ഞ നിലയിൽനിന്ന് ആഭ്യന്തര യാത്രക്കാരും ഇന്റർനാഷണൽ ഫ്ലൈറ്റുകളും വരുന്ന രൂപത്തിലേയ്ക്ക് കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം പൂർത്തികരിക്കുന്നത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനം രാജ്യത്തിന് അഭിമാനകരമായ നേട്ടമായി മാറിയത് ഇപ്പോഴാണ്. വിഴിഞ്ഞം പദ്ധതിക്കെതിരെ സമരം നടത്തിയില്ലേയെന്ന് ഇവിടെ ചോദിച്ചു; വിഴിഞ്ഞം പദ്ധതിക്കെതിരായ ഒരു സമരവും ഞങ്ങൾ നടത്തിയില്ല. കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയുടെ നീളം കുറച്ച ഘട്ടത്തിലാണ് സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ സമരം നടത്തിയത്. മാധ്യമങ്ങൾ അതിനെ കണ്ണൂർ വിമാനത്താവളത്തിനെതിരായ സമരമാക്കുകയാണ് ചെയ്തത്. ഇവിടെ വിഴിഞ്ഞം പദ്ധതിക്കെതിരെയല്ല; അതിന്റെ പിന്നിൽ നടക്കുന്ന അഴിമതിക്കെതിരെയാണ് ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ ഊർജ്ജസ്വലമായ സമരം നടത്തിയത്. ആ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. 9000 കണ്ടെയ്നറുകളെ ഉൾക്കൊള്ളാൻ സാധിക്കുന്ന

മദർഷിപ്പ് ചൈനയിൽനിന്ന് വരികയാണ്. ഇങ്ങനെ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ട് പോകുന്ന സർക്കാരെന്ന നിലയിൽ, ധാരാളം പ്രതിസന്ധികളെയാണ് സംസ്ഥാന സർക്കാർ തരണം ചെയ്യുന്നത്. കേരളത്തിന്റെ വരുമാനം പരമാവധി വർധിപ്പിക്കാനും സർക്കാരിന് സാധിക്കുന്നുണ്ട്. ഏറ്റവും അവസാനം സംസാരിച്ച അംഗങ്ങളെല്ലാം നിരവധി വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടുകളെ സംബന്ധിച്ച് ചോദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അവകാശപ്പെട്ട ഫണ്ടുകൾ നൽകുന്നില്ല. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിക്കേണ്ടിയുംവന്നു. അതിനുവേണ്ടി സമരം നടത്തുന്നതിന് യു.ഡി.എഫ്. അംഗങ്ങളെ ക്ഷണിച്ചെങ്കിലും അവർ വന്നില്ല. ആ സമരത്തോട് അവർ നിസ്സഹകരണമാണ് കാണിച്ചത്. 13500 കോടി രൂപ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് വാദിച്ച് വാങ്ങിയെടുക്കേണ്ടതായിവന്നു. ആ രീതിയിൽ സംസ്ഥാനം മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം പറയുന്ന വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തണ്ടേ? എങ്ങനെ സംസ്ഥാനത്തിന് വിഭവസമാഹരണം നടത്താൻ സാധിക്കും. നമ്മുടേതായ

നിലയിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും പരമാവധി കണ്ടെത്തി നമ്മുടെ വിഭവം പരമാവധി ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകണം. അതോടൊപ്പം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ടത് നിഷേധിക്കുന്നതിനെതിരെ ശക്തമായ പോരാട്ടവും വേണം. ആ പോരാട്ടത്തിൽ പ്രതിപക്ഷം ചേരുന്നുണ്ടോ?

ഈ സർക്കാരിനെ പ്രതിക്കൂട്ടിലാക്കി മുന്നോട്ടുപോകാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവരെ സംബന്ധിച്ചിടത്തോളം ഈ സർക്കാരിനെ സംരക്ഷിക്കേണ്ട ബാധ്യത ഈ നാട്ടിലെ ജനങ്ങൾക്കും ഭരണപക്ഷത്തെ അംഗങ്ങൾക്കുമുണ്ട്. ഇവിടെ ധൂർത്തിനെക്കുറിച്ച് പറയുകയുണ്ടായി; എന്ത് ധൂർത്താണ് സർക്കാർ നടത്തിയത്? നവകേരള സദസ്സിന്റെ ഭാഗമായി കേരളത്തിലെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലും മന്ത്രിസഭയിലെ മുഴുവൻ അംഗങ്ങളും സഞ്ചരിച്ചിരുന്നു. ആ യാത്രയ്ക്ക് ആവശ്യമായ പണം പിരിച്ചുനൽകിയത് അതത് സ്ഥലങ്ങളിലെ സംഘാടക സമിതിയാണ്. എന്നാൽ 20 കോടി രൂപയാണ് ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി

അന്നത്തെ സർക്കാർ ചെലവഴിച്ചത്. പ്രതിപക്ഷം എന്ത് നടത്തിയാലും അതിനൊരു മാധ്യമ പരിരക്ഷയുണ്ട്. ആ മാധ്യമ പരിരക്ഷയെ ഉപയോഗപ്പെടുത്തി കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ ഇകഴ്ത്തുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താമസിക്കുന്ന ക്ലിഫ് ഹൗസ് ശ്രീ. പിണറായി വിജയന്റെതാണോ? അത് കേരളത്തിലെ മുഖ്യമന്ത്രിയുടേതാണ്. കന്റോൺമെന്റ് ഹൗസ് ശ്രീ. വി. ഡി. സതീശന്റെയാണോ? അത് പ്രതിപക്ഷ നേതാവിന്റേതാണ്. ക്ലിഫ് ഹൗസിൽ നടത്തുന്ന അറ്റകുറ്റപ്പണികൾ അത് മുഖ്യമന്ത്രിയുടെ അറ്റകുറ്റപ്പണിയാണെന്ന് പറഞ്ഞ് വലിയ വാർത്ത നൽകിയാൽ എന്താണ് പറയുക? സെക്രട്ടേറിയറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും ഓഫീസാണ്. ആ സെക്രട്ടേറിയറ്റ് പെയിന്റ് ചെയ്യണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. അങ്ങനെയായാൽ നാളത്തെ പത്രങ്ങൾ എഴുതുന്നത് ഇപ്രകാരമായിരിക്കും; 'ഇതാ മന്ത്രിമാരുടെ ഓഫീസ് പെയിന്റ് ചെയ്യുന്നു. കോടിക്കണക്കിന് രൂപയാണ് അതിന് ചെലവഴിക്കുന്നത്' എന്നായിരിക്കും. ഇങ്ങനെ വാർത്ത നൽകുമ്പോൾ അത്

ഏതുതരത്തിലാണ് അംഗീകരിക്കാൻ സാധിക്കുന്നത്. പ്രതിപക്ഷനേതാവിന് കാർ വാങ്ങിയത് ആവശ്യമാണെന്നാണ് ഞങ്ങൾ പറയുന്നത്. ഭരണപരമായ കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ തുകയും ചെലവഴിക്കേണ്ടതായിവരും. ഇപ്പോൾ അപരാഹ്ന സമ്മേളം നടക്കുന്നതുകൊണ്ട് വൈകുന്നേരം 5 മണി കഴിഞ്ഞാൽ നിയമസഭാംഗങ്ങൾക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെവക ചായയുണ്ട്. ചിലപ്പോൾ നാളെ മാധ്യമങ്ങൾ അതിനെ വാർത്തയാക്കും; 'സ്പീക്കർ ചായ കുടിച്ചു, ലക്ഷക്കണക്കിന് ബിൽ ആയി' എന്നുപറഞ്ഞാൽ അത് പ്രതിപക്ഷം ഉയർത്തിപ്പിടിക്കുമോ? ഭരണപരമായ കാര്യങ്ങൾക്ക് ഗവർണ്ണർക്ക് നൽകുന്നത് പന്ത്രണ്ടര കോടി രൂപയാണ്. അത് ഇപ്പോൾ 15 കോടി രൂപയായി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... അങ്ങ് പ്രസംഗം അവസാനിപ്പിച്ചില്ലെങ്കിൽ അടുത്ത ആളിനെ വിളിക്കും.

ശ്രീ. ലിന്റോ ജോസഫ്: സർ, മുൻ ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് പി. സദാശിവം സംസ്ഥാന ഗവർണ്ണറായിരുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ അഞ്ച് വർഷത്തെ ആകെ ചെലവ് 30 കോടി രൂപയായിരുന്നു. ഇപ്പോഴത്തെ

ഗവർണ്ണറുടെ ചെലവ് 15 കോടി രൂപയാണ്. മാധ്യമ പരിലാളനകൾകൊണ്ട് ഇവർ നേടിയെടുക്കുന്ന വാർത്തകൾ സർക്കാരിനെ ഇകഴ്ത്താൻ ഉപയോഗപ്പെടുത്തുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.... അങ്ങ് ചെയറുമായി സഹകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: സർ, ജെയിംസ് അഗസ്റ്റിൻ മാസ്റ്ററിനെ ചവിട്ടിക്കൊന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഉമ തോമസ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചല്ലോ; വാലില്ലാപുഴയിലെ അധ്യാപകനെ ഈ പറയുന്ന മുസ്ലീം ലീഗിന്റെ പ്രവർത്തകരാണ് ചവിട്ടിക്കൊന്നത്. അത് പറയേണ്ടതല്ലേ? (....മൈക്ക് ഓഫ്.....)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ചെലവ് ചുരുക്കുകയെന്നാൽ പാവപ്പെട്ടവർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുക എന്നതാണ് സർക്കാരിന്റെ നയം. 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോയെന്നാണ് ഈ സമയത്ത് പ്രധാനമായും പരിശോധിക്കേണ്ടത്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എങ്ങനെ ചെലവുചുരുക്കാമെന്നും വരുമാനം വർധിപ്പിക്കാമെന്നും അവലോകനം ചെയ്ത് പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. 05-05-2024-നും 14-05-2024-നും രണ്ട് വിദഗ്ധ സമിതികൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പതിവുപോലെ ചില തസ്തികകൾ വെട്ടിക്കുറച്ചു. അതേസമയം ആഡംബരത്തിൽ കുറവ് വരുത്തുകയോ ചെലവുചുരുക്കുകയോ ചെയ്തിട്ടില്ല. ഇനി ചെലവ് ചുരുക്കാനുള്ള പരിപാടിയുമില്ല. ഉദാഹരണം പറയുകയാണെങ്കിൽ, കോടികൾ ചെലവഴിച്ച്

'കേരളീയം' നടത്തുകയാണ്. അടുത്ത വർഷം ഇതിലും ഗംഭീരമായി നടത്തും. ഇതിന്റെ പേരിൽ വലിയ ധൂർത്താണ് നടത്തുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കഴിഞ്ഞ വർഷം നടത്തിയ സ്കൂൾ കായികമേളയോടനുബന്ധിച്ച് കരാറുകാർക്ക് നൽകേണ്ട തുക നാളിതുവരെയും സംസ്ഥാന സർക്കാർ നൽകിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കഴിഞ്ഞ വർഷവും ഈ വർഷവും സ്കൂൾ മേളകൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സർക്കാർ കരാറുകാർക്ക് വലിയ തുക നൽകാനുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. നിലവിൽ പഞ്ചായത്ത് അധികൃതരോട് അവിടത്തെ പ്രവൃത്തികളോടനുബന്ധിച്ചുള്ള ബില്ലുകൾ നൽകാൻ ആവശ്യപ്പെടുകയുണ്ടായി. 2021-ലാണ് അവർക്ക് ആനുകൂല്യങ്ങളുടെ അവസാനഗഡു നൽകിയിരുന്നത്. 2021 മുതൽ നൽകിയ ബില്ലുകളെല്ലാം നിലവിൽ കൃ-വിലാണ്. നാളിതുവരെയും ഒന്നും പാസ്സാക്കിയിട്ടില്ല. നിലവിൽ 25 ലക്ഷം രൂപവരെ കൃ-വിലുള്ള ബില്ലുകൾ പാസ്സാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ 2020 മുതൽ 2021 മാർച്ച് വരെയുള്ള ബില്ലുകൾ പെന്റിംഗാണ്; അത് കൊടുക്കുന്നില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖേന പൂർത്തീകരിച്ച വർക്കുകളുടേയും തുക നൽകിയിട്ടില്ല. ഏകദേശം ഒരു വർഷത്തോളമുള്ള ബില്ലുകൾ കെട്ടിക്കിടക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരമുള്ള പ്രസ്താവന നടത്തിയത്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ, ഒക്കെ കൊടുക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പക്ഷെ അത് എന്നുകൊടുക്കുമെന്ന് ഒരിക്കലും പറയാത്ത ഒരു സാഹചര്യത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്.

ഹയർ സെക്കൻഡറിയിൽ വിവിധ വിഷയങ്ങളിലെ അധ്യാപക തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ഹോൾഡേഴ്സിനെ നിയമനത്തിൽനിന്നും എങ്ങനെ മാറ്റിനിർത്താമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഹയർ സെക്കൻഡറിയിൽ ഫിക്സേഷൻ സംവിധാനമുണ്ടായിരുന്നില്ല. ഒരു ബാച്ചെടുത്താൽ അതിൽ എത്ര

പോസ്റ്റുകളുണ്ടാകുമെന്ന് എല്ലാവർക്കും സുപരിചിതമായ കാര്യമാണ്. ഹൈസ്കൂൾ മുതൽ താഴെതലംവരെയുള്ള കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് പോസ്റ്റ് ഫിക്സ് ചെയ്യുന്നത്. ഹയർ സെക്കൻഡറിയിൽ ഈ രീതിയല്ല. എന്നാൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷമാണ് ഫിക്സേഷൻ നടപടിയുണ്ടാക്കിയത്; അത് കുഴപ്പമില്ല. പക്ഷെ ഇപ്പോൾ 37 ബാച്ചുകൾ തെക്കൻ മേഖലയിൽനിന്ന് മലബാറിലേയ്ക്ക് മാറ്റുകയുണ്ടായി. തുടർന്ന് മാറ്റപ്പെട്ട സ്ഥലത്ത് താൽക്കാലിക അധ്യാപകരെ നിയമിച്ചു. റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്കാണ് ഇവിടെ അധ്യാപകരെ നിയമിക്കുന്നത്. ഹയർ സെക്കൻഡറി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ അവസരമാണ് ഇവിടെ നഷ്ടപ്പെടുത്തുന്നത്. അവരുടെ നിയമനങ്ങളെ തടസ്സപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ആ രീതിയിലും എങ്ങനെ കാശ് ലാഭിക്കാൻ കഴിയുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. റാങ്ക് ലിസ്റ്റിലുള്ളവരെ സഹായിക്കാൻ ശ്രീ. രഞ്ജിത്ത് എന്ന വ്യക്തിയെപ്പോലെയുള്ള ഡിവൈ.എഫ്.ഐ.-യുടെ ആൾക്കാരൊന്നുമില്ല. വർഷങ്ങളോളം കഷ്ടപ്പെട്ട് അധ്വാനിച്ച് പഠിച്ചാണ് അവരെല്ലാം ഒരു പി.എസ്.സി. റാങ്ക് ലിസ്റ്റിൽ

ഉൾപ്പെടുന്നത്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധിയും അവസാനിക്കാറായി. ഈ സാഹചര്യത്തിൽ റിട്ടയർമെന്റ് ഒഴിവുകൾപോലും അവർക്ക് നൽകുന്നില്ലെന്നത് വലിയ ബുദ്ധിമുട്ടായി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ് എം.എൽ.എ. ഉൾപ്പെടെയുള്ള അംഗങ്ങൾ കിഫ്ബിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഞങ്ങൾ കിഫ്ബിയെ എതിർത്തിട്ടുണ്ട്. കിഫ്ബി എന്നതിന്റെ സമീപനത്തേയും നയത്തേയുമാണ് എതിർത്തത്. കേരളം കടക്കെണിയിലാണെന്നതിന് യാതൊരു സംശയവുമില്ല. കിഫ്ബിയുടെ കടംകൂടി കേരളത്തിന്റെ പൊതുകടത്തിലേയ്ക്ക് കൂട്ടണമെന്ന് പറഞ്ഞതിനെ നിങ്ങളും എതിർക്കുന്നുണ്ട്. എല്ലാകടവും കടംതന്നെയാണ്. കിഫ്ബിയെ എതിർത്തിട്ട് ഞങ്ങൾ എന്തിനാണ് കിഫ്ബി പ്രവർത്തനങ്ങൾ ഏറ്റെടുത്തതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. ഒരു പിതാവിന്റെ പുരയിടവും വീടും വിൽക്കുന്ന സന്ദർഭത്തിൽ ഓഹരി എല്ലാ മക്കൾക്കും ഒരുപോലെ കിട്ടേണ്ടതല്ലേ; ഭരണപക്ഷത്തുള്ള മക്കൾക്കുമാത്രം കിട്ടിയാൽ മതിയോ? ഞങ്ങളുടെ നാട്ടുകാരും നികുതി നൽകുന്നുണ്ട്. ആ നികുതിപ്പണത്തിൽ നിന്നുകൂടിയാണ് പണം തിരിച്ചടയ്ക്കാൻ പോകുന്നത്.

അത് നിങ്ങളുടെ ഔദാര്യമാണെന്നൊന്നും പറയേണ്ടതില്ല. ഒരുപക്ഷെ അടുത്ത തവണ അധികാരത്തിൽ വരുന്ന യു.ഡി.എഫ്. ഗവൺമെന്റാകും നിങ്ങളെടുത്ത കടം തിരിച്ചടയ്ക്കേണ്ടതെന്ന ഓർമ്മ നിങ്ങൾക്കുണ്ടാകണം. ഞാൻ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ, കൊണ്ടോട്ടി താലൂക്ക് ആശുപത്രിക്കുവേണ്ടി 33 കോടി രൂപ കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഇക്കാര്യം കഴിഞ്ഞ ഏഴ് വർഷമായി ഞാൻ കേൾക്കുന്നു. പക്ഷെ ഇന്നേവരെ ആ വർക്ക് തുടങ്ങിയിട്ടില്ല. ഇതാണ് കിഫ്ബിയുടെ ഇന്നത്തെ അവസ്ഥ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കിഫ്ബിയിൽനിന്നും തുക അനുവദിച്ച പല വർക്കുകളും മുന്നോട്ടുപോകുന്നില്ലെന്നത് പൊതുവായ ഒരു സത്യമാണ്. ബജറ്റിൽ അനുവദിക്കുന്ന തുക 140 എം.എൽ.എ.-മാർക്കും ഒരുപോലെയാണ് നൽകേണ്ടത്. പക്ഷെ പ്രതിപക്ഷാംഗങ്ങൾക്ക് കൊടുക്കുന്ന പണത്തിന്റെ ഇരട്ടി തുകയാണ് ഭരണപക്ഷത്തിന് നൽകുന്നത്. ഒരു

റോഡുപണിയുമായി ബന്ധപ്പെട്ട് എനിക്ക് അഞ്ച് കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇത്തരമൊരു വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രതിപക്ഷാംഗങ്ങൾക്ക് കിഫ്ബിയിൽ നിന്ന് ഫണ്ട് കൊടുത്തിട്ടുണ്ടെന്ന് നിരന്തരം പറയാറുണ്ട്. ഞങ്ങൾ ഇവിടെ ഭിക്ഷ യാചിച്ച് നടക്കുന്നവരാണോ? ഞങ്ങളുടെ നാട്ടുകാരും നികുതി അടച്ചിട്ടുതന്നെയാണ് കിഫ്ബി ഫണ്ട് തിരിച്ചടയ്ക്കേണ്ടത്. നേരത്തെ പറഞ്ഞതൊന്നും ഇനി ആവർത്തിക്കുന്നില്ല. കൊണ്ടോട്ടി-എടവണ്ണപ്പാറ-അരീക്കോട് റോഡ് വികസനം കിഫ്ബി ഫണ്ടിൽ നിന്നാണെന്നാണ് ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ. ഇപ്പോൾ എന്റെയടുത്ത് വന്നുപറഞ്ഞത്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ ഏഴ് വർഷമായിട്ടും ആ റോഡിന്റെ പണി പൂർത്തിയായിട്ടില്ല. കിഫ്ബിയുടെ അവസ്ഥയെക്കുറിച്ച് പറയാൻ ഒരുപാടുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തോട് വിവേചനമുണ്ട്. ബജറ്റ് ഫണ്ടിലെ കണക്കുകളിൽനിന്ന് അത് വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയ ചോദ്യത്തിന് ഇതുവരെ

ഉത്തരം ലഭിച്ചിട്ടില്ല. ഉത്തരം കിട്ടുമ്പോൾ വിവേചനം കൃത്യമായി തിരിച്ചറിയാൻ കഴിയും. അദ്ദേഹം സത്യസന്ധനും നിഷ്കളങ്കനും ആത്മാർത്ഥതയുള്ള വ്യക്തിയുമാണ്. പക്ഷെ ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് മറുപടി പറയാനുള്ളതും ധനകാര്യ വകുപ്പുമന്ത്രിയാണ്. അക്കാര്യത്തെക്കുറിച്ച് വിശദമായൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ഹയർ സെക്കൻഡറിയുടെ കാര്യം സൂചിപ്പിച്ചതുപോലെ അപ്രഖ്യാപിത നിയമനനിരോധനമാണ് ഇവിടെ നടക്കുന്നത്. അക്കാര്യം ചോദിക്കുമ്പോൾ, എന്നാൽ ഏറ്റവും കൂടുതൽ നിയമനം നടത്തുന്നത് ഞങ്ങളാണെന്നാണ് സർക്കാരിന്റെ വാദം; അതല്ലല്ലോ അതിന്റെ ഉത്തരം. ഉദ്യോഗാർഥികളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും എന്തുകൊണ്ട് നിയമനം നടത്തുന്നില്ല എന്ന ചോദ്യത്തിനാണ് ഉത്തരം പറയേണ്ടത്. 26-06-2024-ന് ഞാൻ നൽകിയ 3294-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി ഇവിടെ സൂചിപ്പിക്കാം. എസ്.സി.ഇ.ആർ.ടി.-യിൽ പുസ്തകരചനയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തിയ ഒരു വ്യക്തി ശമ്പളമായും യാത്രാബത്തയായും മറ്റ് ആനുകൂല്യങ്ങളായും എത്ര രൂപ കൈപ്പറ്റി

എന്നുള്ളതായിരുന്നു ചോദ്യം. ആളിന്റെ പേര് പറഞ്ഞ് ആർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. എന്നാൽ ഉത്തരത്തിന്റെ വിശദാംശങ്ങൾ സൂചിപ്പിക്കാം. 2017 മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവിൽ ശമ്പളയിനത്തിൽ 24,32,266/- രൂപയും യാത്രാബത്തയായി 1,15,986/- രൂപയും പ്രസ്തുത വ്യക്തി കൈപ്പറ്റിയിട്ടുണ്ട്. മറ്റ് അലവൻസുകളൊന്നും നൽകിയിട്ടില്ല. ടിയാന് മറ്റൊരു പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1,52,000/- രൂപയും 16,838/- രൂപയും അനുവദിച്ചിട്ടുണ്ടെന്നും ഇതേ മറുപടിയിൽത്തന്നെ സൂചിപ്പിക്കുന്നുമുണ്ട്. എന്റെ വിഷയം അതല്ല; ഈ വ്യക്തികളൊക്കെ ഇത്രയും വലിയ അലവൻസുകളും യാത്രാ ബത്തയുമൊക്കെ വാങ്ങി എഴുതി തയ്യാറാക്കിയതാണ് സർക്കാർ സ്കൂളുകളിലെ പാഠപുസ്തകങ്ങൾ. ഈ പാഠപുസ്തകം യു.ഡി.എഫ്.-ന്റെ സമയത്താണ് അച്ചടിച്ചിരുന്നതെങ്കിൽ നിങ്ങൾ കേരളം പൊളിച്ച് പന്തലിടും; എന്നിട്ട് കത്തിച്ചുകളയും. കോടിക്കണക്കിന് പണം മുടക്കി അച്ചടിച്ച് കേരളത്തിലെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് നൽകിയ പുസ്തകമാണിത്. 7-ാം ക്ലാസിലെ പാഠപുസ്തകമാണ് എന്റെ കയ്യിലുള്ളത്. ഇതിലെ ചില തെറ്റുകൾ ഞാൻ

ചൂണ്ടിക്കാണിക്കാം. മധ്യകാല ഇന്ത്യയെക്കുറിച്ചാണ് ആദ്യത്തെ പാഠഭാഗം. പാഠഭാഗത്ത് രണ്ട് ചിത്രങ്ങൾ നൽകിയിട്ടുണ്ട്. മുഗൾ ചക്രവർത്തിയായ ഷാജഹാന്റെ ഭരണകാലത്തെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. ചെങ്കോട്ടയുടെയും ഹംപി നഗരത്തിന്റെയും ചിത്രമാണ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട കെ. ടി. ജലീലും ഞാനും പി.ജി. ഹിസ്റ്ററി ക്ലാസിൽ ഒരുമിച്ച് പഠിച്ചവരാണ്. അദ്ദേഹംകൂടി ഇതിന്റെ ഫാക്ച്വൽ മിസ്റ്റേക്ക് മനസ്സിലാക്കാനാണ് ഞാൻ ഇത് ഇവിടെ പറയുന്നത്. മുഗൾ ചക്രവർത്തിയായ ഷാജഹാന്റെ ഭരണകാലത്ത് ഡൽഹിയിൽ നിർമ്മിച്ച ചെങ്കോട്ടയുടെ ചിത്രം ഒരു ഭാഗത്ത് കൊടുത്തിട്ട് ഇതേ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന വിജയനഗരത്തിന്റെ തലസ്ഥാനമായ ഹംപിയുടെ ചിത്രമാണ് രണ്ടാമതായി കൊടുത്തിട്ടുള്ളത് എന്നാണ് അച്ചടിച്ചിരിക്കുന്നത്. വിജയനഗര സാമ്രാജ്യവും മുഗൾ സാമ്രാജ്യവും ഏതൊക്കെ കാലഘട്ടത്തിലാണെന്ന് ചരിത്രം അറിയുന്ന ആർക്കെങ്കിലും പറയാൻ സാധിക്കുമോ; അത് ഒരേ കാലഘട്ടത്തിലല്ല. ഇത്തരം കാര്യങ്ങളാണ് പാഠപുസ്തകങ്ങളിൽ അച്ചടിച്ച് കുട്ടികളെ പഠിപ്പിക്കാൻ

പോകുന്നത്. ഒരധ്യാപകൻ എന്നെ വിളിച്ച് ഇത് സൂചിപ്പിച്ചപ്പോഴാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്.

6.00 pm

1628-1658 വരെയുള്ള കാലഘട്ടത്തിലായിരുന്ന മുഗൾ ചക്രവർത്തി ഷാജഹാന്റെ ഭരണകാലം, ആ സമയത്താണ് ചെങ്കോട്ട നിർമ്മിച്ചത്. എന്നാൽ വിജയനഗര സാമ്രാജ്യം 1334 മുതലാണ്, 200 വർഷത്തെ വ്യത്യാസമുണ്ട്. പക്ഷേ ഒരേ കാലഘട്ടത്തിലാണെന്നാണ് പാഠപുസ്തകത്തിൽ പറയുന്നത്. ഇത് ചരിത്രത്തോട് ചെയ്യുന്ന പാതകമാണ്. നമ്മുടെ കുട്ടികളെ തെറ്റുകൾ പഠിപ്പിക്കുകയാണ്. SCERT (State Council of Educational Research and Training)-ന്റെ കീഴിൽ വിദഗ്ധന്മാർ ടി.എ.-യും അലവൻസും വാങ്ങി നിർമ്മിച്ച പാഠപുസ്തകങ്ങളിലാണ് ഇത്തരം തെറ്റുകൾ കണ്ടെത്തിയത്. ഇതിനൊക്കെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; കേരളത്തിന്റെ ഖജനാവിൽനിന്ന് നൽകിയിട്ടുള്ള തുക എത്രയാണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കൂ. ചെയർ പത്തുമിനിട്ടാണ് സമയം അനുവദിച്ചത്. അങ്ങ് പതിനൊന്ന് മിനിട്ടെടുത്തു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇത് കുട്ടികളുടെ ഭാവിയുടെ പ്രശ്നമാണ്. പതിനാറാമത്തെ പേജിൽ മുഗൾ ഭരണകാലത്ത് പേർഷ്യൻ ഭാഷകളിലേയ്ക്ക്

വിവർത്തനം ചെയ്യപ്പെട്ട മഹാഭാരതത്തിന്റെ പുറംചട്ടയുടെ ചിത്രമാണിതെന്ന് കാണിക്കുന്നു. ചിത്രത്തിന്റെ അടിക്കുറിപ്പിൽ മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മകൻ Dara Shikoh ആണ് ഇത് പരിഭാഷപ്പെടുത്തിയതെന്നാണ് പറയുന്നത്. സത്യത്തിൽ ഇത് പരിഭാഷപ്പെടുത്തിയത് അക്ബറിന്റെ കാലത്തുള്ള പണ്ഡിതസഭയാണ്. ഉപനിഷത്തുക്കളും ബൈബിളിന്റെ പഴയ കോപ്പിയും പുതിയ കോപ്പിയുമാണ് പേർഷ്യൻ ഭാഷയിലേയ്ക്ക് Dara Shikoh പരിഭാഷപ്പെടുത്തിയത്. ഇതൊരു ചെറിയ വിഷയമല്ല. കേരളത്തിലെ വിദ്യാലയങ്ങളിൽ ഈ ഗവൺമെന്റ് പഠിപ്പിക്കാൻ പോകുന്ന പാഠപുസ്തകമാണിത്, തെറ്റുകൾ ഇനിയുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുട്ടികൾ ഗൂഗിൾ പരിശോധിച്ചാൽ ലഭിക്കുന്ന വിവരങ്ങളാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ വിളിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതൊരു ചെറിയ വിഷയമല്ല. എനിക്ക് സമയം നൽകണം. വളരെയധികം തെറ്റുകളാണ് ഈ പാഠപുസ്തകത്തിലുള്ളത്. ഈ പാഠപുസ്തകം അച്ചടിക്കാൻ എത്ര തുകയായിട്ടുണ്ടാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അങ്ങ് അവസാനിപ്പിക്കു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു. എത്രപ്രാവശ്യം പരിശോധനയ്ക്ക് വിധേയമാക്കിയതാണ് ഈ പാഠപുസ്തകങ്ങൾ. ഇങ്ങനെയുള്ള കാര്യങ്ങളാണ് ഈ ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇങ്ങനെ തെറ്റായ കാര്യങ്ങൾക്ക് തുക ദുർവ്യയം ചെയ്ത്, ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ധനകാര്യ കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭ മുമ്പാകെ സമർപ്പിച്ചില്ലെന്ന പരാമർശത്തിന്മേലുള്ള വിശദീകരണം

തദ്ദേശസ്വയംഭരണ–എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഒരു കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വളരെ

ഗൗരവത്തോടെയും യുക്തിസഹമായും സംസാരിക്കുന്ന ഒരാളാണ്. അതുകൊണ്ട് സൂക്ഷിച്ചാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട അംഗത്തിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചത്. അതുകൊണ്ടാണ് ഞാൻ വ്യക്തത വരുത്തുന്നത്. യഥാർത്ഥത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തെറ്റായിട്ടുള്ള വിശദീകരണമാണ് നൽകിയത്. അതായിരിക്കും അങ്ങ് പറയാൻ കാരണം. കേരളം ഫിനാൻസ് കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമീണ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാത്തതെന്നുമുള്ള പത്രക്കുറിപ്പ് ഇറക്കിയതായി മാധ്യമങ്ങളിലെല്ലാം വാർത്ത കണ്ടു. അതിന്റെ അടിസ്ഥാനത്തിലായിരിക്കും പറഞ്ഞത്. അത് വസ്തുതയല്ല. ആറാം ഫിനാൻസ് കമ്മീഷൻ 31-10-2019-ൽ സംസ്ഥാനത്ത് രൂപീകരിച്ചു. നമുക്കെല്ലാവർക്കും അറിയുന്ന കാര്യമാണ്. അതിൽ ഒന്നാമത്തെ റിപ്പോർട്ട് 15-10-2020-ന് സമർപ്പിച്ചു. അതിന്റെ സപ്ലിമെന്ററി റിപ്പോർട്ട് 22-09-2021-നും സമർപ്പിച്ചു. രണ്ടാമത്തെ റിപ്പോർട്ട്

28-04-2021-ന് സമർപ്പിച്ചിരുന്നു. ഒന്നാമത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.റ്റി.ആർ.) 22-01-2021-ന് നിയസഭയിൽ സമർപ്പിച്ചു. സപ്ലിമെന്ററി റിപ്പോർട്ടും രണ്ടാമത് റിപ്പോർട്ടിന്മേലുമുള്ള എ.റ്റി.ആർ.-ഉം 23-08-2022-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ഏഴാം ഫിനാൻസ് കമ്മീഷൻ ശുപീകരണത്തിന് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് തുടക്കം കുറിച്ചുകഴിഞ്ഞു. 2026-വരെ ഇതിന് കാലാവധിയുണ്ട്. പക്ഷേ 2026 ഏപ്രിൽ 1-ന് devolution സാധ്യമാകുന്ന തരത്തിൽ ഏഴാം ധനകാര്യ കമ്മീഷൻ ശുപീകരിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞുവെന്നതാണ് വസ്തുത. കേന്ദ്രം തെറ്റായിട്ടുള്ള പ്രചരണമാണ് നടത്തുന്നത്. അങ്ങ് ടി വിഷയം ഉന്നയിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കാരണം ടി വിഷയം വ്യക്തമാക്കാൻ അവസരം ലഭിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചർച്ചയിൽ എല്ലാ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ധനകാര്യ ബില്ലിൽ പ്രതിപാദിച്ച പ്രധാനകാര്യങ്ങൾ, നേരത്തെ പല തവണ ഇവിടെ ചർച്ച ചെയ്തിരുന്നു. ധാരാളം സമയം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുമായി

ബന്ധപ്പെട്ട വ്യക്തികളുടെ അഭിപ്രായങ്ങൾകൂടി ആരാഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ ധാരാളം മാറ്റങ്ങൾ വരുത്താൻ സാധിച്ചു. സബ്ജക്ട് കമ്മിറ്റി അമെൻഡ്മെന്റ് സഹിതം ഏറെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ കൂടുതൽ കാര്യങ്ങൾ പറയേണ്ടതില്ല. കോടതിയുമായി ബന്ധപ്പെട്ടാണ് കൂടുതൽ ചർച്ചകൾ വന്നത്. അക്കാര്യം ഞാൻ സൂചിപ്പിച്ചപ്പോൾ ലോയേഴ്സ് യൂണിയൻ, മഹിളാ സംഘടനകൾ, ബാർ അസോസിയേഷൻ എന്നീ സംഘടനകൾ അവരുടെ അഭിപ്രായം വ്യക്തമാക്കിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും കൊണ്ടുവന്നിരുന്നു. പൊതുവികാരമായി ഇതിനെ ഏറ്റെടുത്തതുകൊണ്ടുതന്നെ കോടതി കാര്യങ്ങൾക്കും മറ്റുവിഷയങ്ങൾക്കും സാധാരണ ലഭിക്കുന്നതിനെക്കാൾ കൂടുതൽ സമയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭിച്ചു. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ടും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യാൻ സമയം കൂടുതൽ ലഭിച്ചതുകൊണ്ട് ഇതിൽ പ്രതിപാദിക്കാൻ കഴിഞ്ഞു. ടെക്നിക്കലായി ഇതുസംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുവെന്നുള്ളതാണ് പല വിയോജനക്കുറിപ്പിന്റെയും അടിസ്ഥാനം. നമ്മുടെ നിയമത്തിൽ ഫീസ്

വലിയതോതിൽ വർദ്ധിപ്പിക്കുവാനുള്ള ശ്രമമില്ല. ഇലക്ട്രിസിറ്റി ഡ്യൂട്ടി പോലുള്ള ഫീസ് 1960-63-ൽ വന്നതാണ്. അതൊക്കെ നേരത്തെ അംഗീകരിച്ച് അതിന്റെ അമെന്റ്മെന്റും വന്നു. ഇന്നിപ്പോൾ വന്നിരിക്കുന്നത് ഒഫിഷ്യൽ അമെന്റ്മെന്റുകളാണ്. 1963, 1980, 1984-ലെയും 30-60 വർഷംവരെ പഴക്കമുള്ള ഫീസുകൾ വർദ്ധിപ്പിച്ചിട്ടില്ല. വാസ്തവത്തിൽ ഇപ്പോൾ ഫീസ് വർദ്ധിപ്പിച്ചാലും ഒന്നോ രണ്ടോ കോടി രൂപയുടെ വ്യത്യാസമാണ് സംസ്ഥാനാടിസ്ഥാനത്തിൽ വരുന്നത്. അങ്ങനെ ഒന്നോ രണ്ടോ കോടി രൂപ കൂട്ടാതെ, ഇത്തരം കാര്യങ്ങളിൽ ഇടപ്പെടാതെ വേണമെങ്കിൽ മുന്നോട്ടുപോകാം. പക്ഷേ സർക്കാർ അങ്ങനെ ഒന്നും ചെയ്യാതെ മുന്നോട്ടുപോകുന്ന സമീപനമെടുക്കുന്നത് ശരിയല്ല. നീതി നിഷേധമെന്ന തരത്തിലേയ്ക്ക് ഇത്തരം കാര്യങ്ങളെ കാണുകയല്ല വേണ്ടത്. കാരണം ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പ്രസ്തുത തുക തീരെ ചെറിയ ചാർജ്ജല്ല. കാലോചിതമായി വർദ്ധിപ്പിക്കണമെന്നാണ് കോടതികൾതന്നെ പറഞ്ഞിട്ടുള്ളത്. സുപ്രീംകോടതിതന്നെ 2012-ൽ SCC 455 Sanjeev Kumar Jain vs Raghubir Saran Charitable Trust & Ors., പറഞ്ഞിരിക്കുന്നത് "....The

fixed fees that are payable, prescribed decades ago have not undergone a change and in many cases, the fixed fee is not worth the cost of collection thereof.....” അതുകഴിഞ്ഞ് സുപ്രീംകോടതി ഫീസിന്റെ കാര്യങ്ങൾ പറയുന്നുണ്ട്. കാലോചിതമായി ടാക്സും നോൺ ടാക്സും കളക്ട് ചെയ്യുന്നതിനുവേണ്ടി ശ്രമം നടത്തേണ്ടതുണ്ട്. അതുപോലെ ഇവിടെയും പുറത്തും negotiable instrument-നെ സംബന്ധിച്ച് ചില ചർച്ചകൾ നേരത്തെ വന്നു. ഇതൊരു ക്രിമിനൽ സ്വഭാവമുള്ള കേസാണ്. അങ്ങനെ ക്രിമിനൽ പരിധിയിലേയ്ക്ക് ഈ ചെക്ക് dishonour ചെയ്തത് വന്നപ്പോൾ അതിൽ ഇങ്ങനെ സിവിൽ മാറ്റർ കാണാൻ സാധിക്കുമോ; ‘P. Mohanraj & Ors. vs M/s. Shah Brothers Ispat Pvt. Ltd.’ എന്നുപറയുന്ന കേസിൽ ഇതുസംബന്ധിച്ച് കുറെയേറെ കാര്യങ്ങൾ കോടതി പ്രതിപാദിച്ചിട്ടുണ്ട്. കമ്മിഷൻ റിപ്പോർട്ടിൽ അവർ നൽകിയിരുന്ന കാര്യങ്ങൾ ചൂണ്ടികാണിച്ച് പറഞ്ഞുവെന്നേയുള്ളൂ. ഇത്തരം കാര്യങ്ങളിൽ വളരെ കൃത്യമായ നിലപാട് എടുക്കണമെന്നുള്ളതുകൊണ്ടാണ് ഇത് കൊണ്ടുവന്നത്. തമിഴ്നാട്, മഹാരാഷ്ട്ര, മധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ‘ad volerem’ ശതമാനത്തിന്റെ

അടിസ്ഥാനത്തിലാണ് negotiable instruments-ന്റെ കാര്യത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത്. ഇവിടെ ശതമാനത്തിന്റെ കാര്യം പറഞ്ഞെങ്കിലും ക്ലിപ്തമായ ഫീസെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഈ കേസിൽത്തന്നെ ക്രിമിനൽ സ്വഭാവമുള്ള കേസിനുമാത്രമാണ് സിവിൽ മാറ്റർ പരിഗണനയിൽ വരുന്നത്. ഇത് 'Quasi-civil' എന്ന നിലയിലേയ്ക്കാണ് കോടതി വിലയിരുത്തുന്നത്. നേരത്തെ പറഞ്ഞ 'P. Mohanraj & Ors. vs M/s. Shah Brothers Ispat Pvt. Ltd.' കേസിൽ 2021-ൽ സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്, '...Hence the Honourable Supreme Court held that the cases under the negotiable instrument act is Quasi-Criminal Nature. The specific sentence used by the Honourable Supreme Court is that "....Section 138 of the Negotiable Instruments Act, Proceeding can be said to be a 'civil sheep' in a 'criminal wolf's' clothing..." എന്നാണ്. ഇത്തരം പല കേസുകളുടെ അടിസ്ഥാനത്തിൽ റിട്ട. ജഡ്ജിമാരുടെയും അതുപോലെ ഈ മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളുടെയും പ്രാഥമിക റിപ്പോർട്ടാണ് ഇതിലുള്ളത്. പൊതുവിൽ ഇത്തരം ന്യായമായ, അർഹതയുള്ള കാര്യങ്ങളിൽ

ഒരിക്കലും നീതി നിഷേധിക്കുന്ന തരത്തിൽ ഗവൺമെന്റ് പ്രവർത്തിക്കില്ല. അതുകൊണ്ട് നീതി നിഷേധിക്കാൻ പാടില്ല. ഫീസ് ഒരിക്കലും കൂട്ടാൻ പാടില്ലെന്നല്ല. രണ്ട് രൂപയാണ് ലീവിനുള്ള കോർട്ട് ഫീ സ്റ്റാമ്പ്. എത്രയോ കാലങ്ങൾക്കുമുമ്പ് നിലവിൽവന്ന ഫീസാണത്. അത്തരം കാര്യങ്ങളിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്നാണ് പൊതുവെയുള്ള അഭിപ്രായം. തുകയുടെ അളവിലല്ല. വേണമെങ്കിൽ ഗവൺമെന്റിന് ഇത് വേണ്ടെന്ന് വയ്ക്കാം, പക്ഷേ അങ്ങനെ ചെയ്യേണ്ടെന്ന അഭിപ്രായമാണുള്ളത്. നേരത്തെ പ്രൊപ്പോസ് ചെയ്ത ശതമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസിന്റെ കാര്യത്തിൽ വലിയ തുക വരേണ്ട സ്ഥലങ്ങളിൽ ചെറിയ തുകയാണ് വന്നിട്ടുള്ളത്. രണ്ടിനത്തിലും ഇരുന്നൂറ് രൂപയാണ് വാസ്തവത്തിൽ വരേണ്ട തുക. അതിന്റെ ഓരോ ഐറ്റവും തത്ക്കാലം എടുക്കുന്നില്ല. മെയിന്റനൻസ് കേസ് ഇതിൽ ഉൾപ്പെടുന്നില്ല, മെയിന്റനൻസ് കേസ് ഇവിടെ ചർച്ചയിൽ രണ്ടോളം അംഗങ്ങൾ ഉന്നയിച്ചിരുന്നു. സ്ത്രീകളെ സംബന്ധിച്ച് കുടുംബകോടതിയുമായി ബന്ധപ്പെട്ടുള്ള മെയിന്റനൻസ് കേസ് ഇതിലല്ല

വരുന്നത്, ഇത് പ്രോപ്പർട്ടി ആണ്. മെയിന്റനൻസ് കേസ് വരുമെന്ന അഭിപ്രായം പറഞ്ഞിരുന്നു.

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞ ചില സംശയങ്ങൾ വേണ്ടത്ര മനസ്സിലാക്കാതെ പറഞ്ഞതാണ്. ടൂറിസ്റ്റുകൾ വരുന്നത് കുറയുമെന്നാണ് ശ്രീമതി ഉമ തോമസ് ഉൾപ്പെടെ പറഞ്ഞത്. വാസ്തവത്തിൽ കേരളത്തിലെയും പുറത്തുമുള്ള ടൂറിസ്റ്റ് ബസുകൾക്ക് നേരത്തെയുണ്ടായിരുന്ന നികുതി കൂടുതലായിരുന്നു. ടൂറിസ്റ്റ് ബസുകളുടെ നികുതി നല്ലതുപോലെ കുറച്ചു. അങ്ങനെ കുറച്ചപ്പോൾ അതിന്റെ ഒരു എക്സ്റ്റൻഷൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ബസുകളുടേതും ചേർത്ത് സൂചിപ്പിക്കണമായിരുന്നു, അത് പ്രതിപാദിച്ചിട്ടില്ല. Amendment നടപ്പിലാകുമ്പോൾ അത് ചേർത്തില്ലെങ്കിൽ ഒരു ടാക്സും....., നേരത്തെയുണ്ടായിരുന്ന ത്രൈമാസ നികുതി ഒരു സീറ്റിന് 2250 രൂപയെന്നത് 1500 രൂപയാക്കി ഇപ്പോൾ കുറച്ചിട്ടുണ്ട്. 2250 രൂപ നൽകിയിരുന്ന സ്ഥാനത്ത് ഒന്നുമില്ലാത്ത തലത്തിലേയ്ക്ക്

വരുന്നതുകൊണ്ടാണ് മോട്ടോർ വെഹിക്കിളിന്റെ ഭാഗത്ത് ഒരു ടെക്നിക്കൽ കറക്ഷൻ വന്നിട്ടുള്ളത്.

ആംനെസ്റ്റികളുടെ കാര്യത്തിൽ കുറെ സംശയങ്ങൾ പറഞ്ഞു. സിവിൽ ഓഫീസർ ആരാണ്? കോടതിയും റവന്യൂ ഓഫീസർമാരുമാണ് സിവിൽ ഓഫീസർമാരായി വരുന്നത്. ഇവിടെ ഗവൺമെന്റ് ഏർപ്പെടുത്തുന്ന ഒരു സിവിൽ ഓഫീസറുണ്ട്, അത് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. ബാങ്കുകളുടെയും മറ്റും സർഫാസി ആക്ട് പോലുള്ള പുതിയ ആക്ടുകൾ പലവിധത്തിലുണ്ട്. അങ്ങനെ വരുന്ന കാര്യങ്ങളിൽ ഒരു സിവിൽ ഓഫീസറെ ചുമതലപ്പെടുത്തുന്ന സിവിൽ ഓഫീസറെന്നുകൂടി ഇതിന്റെ പരിഗണനയിൽ വരും. അവരുടെ കൈയിൽനിന്ന് നേരത്തെ ടാക്സ് വാങ്ങാൻ സാധിക്കില്ലായിരുന്നു, അതും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അദാലത്ത് വേണമെന്ന ആവശ്യം വന്നിരുന്നു, ഇതിൽ വന്നിട്ടുള്ള കാര്യങ്ങൾ നേരത്തെ വായിച്ചിരുന്നു. 50,000 രൂപ വരെയുള്ള കേസുകൾ പൂർണ്ണമായും ഒഴിവാകുമെന്ന് പറഞ്ഞാൽ ആകെയുള്ള കേസിന്റെ നല്ലൊരു ശതമാനവും ഇല്ലാതാകും. അവർക്ക് വേറെ ബുദ്ധിമുട്ടുകൾ വരുന്നില്ല. നേരത്തെയുള്ള

പരീക്ഷണമല്ല, കുറച്ചുകൂടി മെച്ചപ്പെട്ട തരത്തിലേയ്ക്ക് സാധാരണയായി കേസ് മുന്നോട്ടുപോകും. നമ്മുടെ കോടതികൾക്ക് കൂടുതൽ effective ആയി പ്രവർത്തിക്കാൻ സാധിക്കും. 50,000 രൂപയുടെ പേരിൽ നാൽപ്പത് വർഷം വരെ കേസ് നടന്നുകൊണ്ടിരിക്കുന്നത് ഒഴിവാകുമ്പോൾ അതിന്റേതായ വ്യത്യാസവും ഗുണവും വരും. ഇതുസംബന്ധിച്ച് ഇതിന് മുകളിലുള്ള ഓരോ ടേബിളും ഞാൻ നേരത്തെ വായിച്ചതാണ്. അങ്ങനെ വരുമ്പോൾ വലിയ തോതിൽ കേസുകൾ കുറഞ്ഞുവരും. അതിൽ ഏറ്റവും ഉയർന്ന വരുമാനം, ഒരു കോടിക്ക് മുകളിൽ വരുന്നതിനാണ് വലിയ exemption ഇല്ലാത്തത്. കേസ് നടത്തുകയെന്നാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞ ഒരു വിഷയം.., ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ആണ് പറഞ്ഞതെന്ന് തോന്നുന്നു. ഒരു വർഷത്തേയ്ക്കാണ് ഇതിന്റെ കാലാവധി. ആദ്യത്തെ മാസം ലഭിക്കുന്നവർക്ക് exemption 100 ശതമാനം ലഭിക്കുമെങ്കിൽ ഒരു മാസം കഴിഞ്ഞ് ലഭിക്കുന്നവർക്ക് അല്പം കൂടി കുറയും. കാരണം തമിഴ്നാട് സ്റ്റേറ്റ് കഴിഞ്ഞ വർഷം ഒരു ആംനെസ്റ്റി പ്രഖ്യാപിച്ചിരുന്നു. അവർ പറഞ്ഞ അവസാന ദിവസത്തിൽ എല്ലാം കൂടി ഒരുമിച്ച് വന്നതുകൊണ്ട് വേണ്ടത്ര

വിജയിച്ചില്ല. ഇങ്ങനെ പ്രഖ്യാപിക്കുമ്പോൾ ആദ്യം ചെയ്യുന്ന ആളുകൾക്ക് 30 ശതമാനം അടച്ചാൽ മതിയെന്ന് പറയുമ്പോൾ 70 ശതമാനം exemption ലഭിക്കും. ഒരു മാസം കഴിഞ്ഞാണെങ്കിൽ അതിന് ചെറിയൊരു വ്യത്യാസം വരും. അതായത് ഒന്നര ശതമാനത്തിന്റെ കുറവ് വരും. ഇങ്ങനെ വരുമ്പോൾ ആളുകൾക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും, അത്തരത്തിലാണ് ചെയ്യുന്നത്. അവസാന തീയതി ഡിസംബർ 31 വരെയാണ്. അവസാന തീയതി പിന്നെയും നീട്ടിയിട്ട് കാര്യമില്ല. അത് നോട്ടിഫൈ ചെയ്യുന്നത് സംബന്ധിച്ചുള്ള കാര്യം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ചിരുന്നു. അത് amendment-ൽ 'ഗവൺമെന്റ്' എന്നാക്കിയിട്ടുണ്ട്. കാരണം പ്രൊപ്പോസ് ചെയ്തതിൽ 'കമ്മീഷണർ' എന്ന് വച്ചിരുന്നു. ഓരോ കേസിനും പല തവണ വേണമെങ്കിൽ എപ്പോഴും 'കമ്മീഷണർ' എന്ന് വരുന്നത് ബുദ്ധിമുട്ടാണ്, ഇപ്പോൾ ഒറ്റത്തവണയായതുകൊണ്ട് 'ഗവൺമെന്റ്' എന്നാക്കിയിട്ടുണ്ട്. അത് സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ കാര്യത്തിൽ സോളാറിന്റെ കാര്യം നേരത്തെ പറഞ്ഞതാണ്. സോളാറിന്റെ കാര്യത്തിൽ ധാരാളം ചർച്ചകൾ നടന്നു.

സോളാർ കൊണ്ട് ലാഭമുണ്ടോ? ഡോ. എം. കെ. മുനീർ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. സോളാറിന്റെ കാര്യത്തിൽ ലാഭകരമായ സ്ഥിതിയുണ്ടെന്നാണ് മനസ്സിലാകുന്നത്. ഇവിടെ സോളാർ എനർജിയിൽ നല്ല വരുമാനമുണ്ടാകുന്നതിന്റെ ഉദാഹരണം പറയാം. ആദ്യ ബഡ്ജറ്റിൽ പറഞ്ഞ കയ്പ്പമംഗലം മണ്ഡലത്തിൽപ്പെട്ട പെരിഞ്ഞനത്തിൽ 'പെരിഞ്ഞനോർജ്ജം' എന്ന പദ്ധതി അവർ നടപ്പാക്കി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നാട്ടുകാർ വായ്പയെടുത്താണ് സോളാർ പദ്ധതി സ്ഥാപിച്ചത്. ഇത് നോട്ട് ചെയ്യേണ്ടതാണ്, എവിടെയും സാധിക്കുന്നതാണ്. നാട്ടുകാർ വായ്പയെടുത്ത് സ്ഥാപിച്ചതാണ് സോളാർ, അവർ എടുത്ത വായ്പ കഴിഞ്ഞ അഞ്ചാറുവർഷം കൊണ്ട് മുഴുവൻ അടച്ചുതീർത്തു. സോളാർ വളരെ effective ആകുന്നതാണ്. സോളാറിനെ ഒഴിവാക്കുകയെന്നതാണ് ആദ്യത്തെ താൽപ്പര്യം, അതിപ്പോൾ ഒഴിവാക്കിയിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, 'Section 125 of the CrPC' പ്രകാരം ഫാമിലി കോർട്ടിൽ മെയിന്റനൻസിന് കേസ് ഫയൽ ചെയ്യുമ്പോൾ fees exemption ഉണ്ട്. Return of gold ornaments എന്ന് പറഞ്ഞ് ഫാമിലി

കോടതിയിൽ ഒരു ഒ. പി. നൽകി കഴിഞ്ഞാൽ പ്രോപ്പർട്ടിയുടെ വാല്യൂ അനുസരിച്ച് പത്ത് ശതമാനമാണ് നൽകുക. അത് കോർട്ട് ഫീയായി അടയ്ക്കേണ്ടി വരികയാണ്. അതിൽ എന്തെങ്കിലും തരത്തിലുള്ള exemption നൽകുന്നത് നല്ലതായിരിക്കും. ഒരുപാട് സ്ത്രീകൾ ക്രിമിനൽ കോടതികളെയല്ല, ഫാമിലി കോടതികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം property dispute ഉൾപ്പെടെ അവിടേയ്ക്ക് പോകുകയാണ്. സിവിൽ നേച്ചറിലേയ്ക്ക് മാറുമ്പോൾ പത്തുശതമാനം നൽകേണ്ടത് ആവശ്യമായി വരികയാണ്. ഏതെങ്കിലും തരത്തിലുള്ള ഇളവ് അക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ഇപ്പോൾ ഇവിടെ കൊണ്ടുവന്ന അമെന്റ്മെന്റിന്റെ പരിധിയിൽ വരുന്നതല്ല, പുതിയതായി കൊണ്ടുവരേണ്ടതാണ്. കമ്മിറ്റി മറ്റുകാര്യങ്ങൾ പരിശോധിച്ച് സ്റ്റാമ്പ് ആക്ടിൽ ആവശ്യമായ മാറ്റങ്ങൾക്ക് വിവിധ കാര്യങ്ങൾ ഉൾപ്പെടുത്തും. അപ്പോൾ പരിശോധിക്കുന്നതായിരിക്കും നല്ലത്. മോട്ടോർ വാഹനത്തിന്റെ കാര്യത്തിൽ 2250 രൂപ സീറ്റിനുണ്ടായിരുന്നത് 1500 രൂപയാക്കി ചുരുക്കി. പുഷ്ബാക്ക് സീറ്റിന് 3000 രൂപയുണ്ടായിരുന്നത് 2000 രൂപയാക്കി. Sleeper-

ന് 4000 രൂപയുണ്ടായിരുന്നത് 3000 രൂപയാക്കി ചുരുക്കി. തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നുമുള്ള വാഹനങ്ങൾ ഇതാണ് നൽകിക്കൊണ്ടിരിക്കുന്നത്. അത് 1500 രൂപയും 2000 രൂപയും ആയി ചുരുക്കി, എന്നാൽ ഇപ്പോഴും അത് നൽകണമെന്നേ പറയുന്നുള്ളൂ. ഒരുമിച്ച് മൂന്ന് മാസത്തേയ്ക്കോ ആറ് മാസത്തേയ്ക്കോ അതിന്റെ കാലാവധി ചുരുക്കിയിട്ടുണ്ട്. കൂടുതൽ ബസുകളെ ആകർഷിക്കാനുള്ള കാര്യങ്ങൾ അതിൽ വന്നിട്ടുണ്ട്. ഇവിടെ നേരത്തെ ഉന്നയിച്ച കോടതി ഫീസിന്റെ കാര്യം വിശദമായി പഠിച്ചശേഷം അക്കാര്യങ്ങൾ പിന്നീട് പരിശോധിക്കാവുന്നതാണ്. ഇപ്പോൾ കൊണ്ടുവന്ന ബില്ലിൽ അതില്ല. Return of gold ornaments പത്തുശതമാനം അടയ്ക്കണമെന്നത് നിലിൽക്കുന്നുവെന്ന് പ്രശ്നം ഇവിടെ പറഞ്ഞത് നന്നായി. ഇപ്പോൾ വാങ്ങുന്നുണ്ടെന്ന് വക്കീലായി പ്രാക്ടീസ് ചെയ്യുന്നവരാണല്ലോ പറഞ്ഞത്. ഇതിലുള്ള ബാക്കി കാര്യങ്ങളും കോടതി ഫീസിന്റെയും ഒരു ടേബിളുണ്ട്, അത് ഇവിടെ വായിക്കേണ്ട കാര്യമില്ല. Amendment-ൽ എടുക്കേണ്ട കാര്യമാണ്. ലീസും മറ്റ് കാര്യങ്ങളും അതിന്റെ ഭാഗമായിട്ടുള്ളതാണ്. ബാക്കി

ഇതുസംബന്ധിച്ച് ഇനിയും രണ്ട് ബഡ്ജറ്റിലായി പറയുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ കമ്മിഷൻ 'Kerala Court Fees and Suits Valuation Act'-ന്റെ അടിസ്ഥാനത്തിൽ amendment കൊണ്ടുവരേണ്ടതാണ്. ധനകാര്യ ബില്ലിൽ കൊണ്ടുവന്ന കാര്യങ്ങളെല്ലാം ഈ പറഞ്ഞ ഭേദഗതികളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതേയുള്ളൂ. നേരത്തെ എല്ലാം ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളായതുകൊണ്ട് മറ്റ് രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല.

മീ.സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മീ.സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല)

മീ.സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Minister for Finance (Shri K. N. Balagopal): Sir, I move the following amendments as official amendments.

558. In the entry in Column 3 of item (d) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “fifty” the words “thirty five” shall be substituted.

559. In the entry in Column 3 of item (e) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “seventy five” the words “sixty” shall be substituted.

560. In clause 2(2)(c)(i) for the letter "B" wherever it occur the letter and bracket "(b)" shall be substituted.

561. In clause 2(2)(c)(ii) for the letter "C" wherever it occur the letter and bracket "(c)" shall be substituted.

562. In clause 2(2)(c)(ii) the letter and bracket "(a)" shall be omitted.

562. In clause 2(2)(c)(ii) the letter and bracket "(a)" shall be omitted.

563. In clause 2(2)(c)(ii) the for the existing letter and bracket "(b)", the letter and bracket "(d)" shall be substitued.

Shri N. A. Nellikkunnu: Sir, I move the following amendments:

120. In section 28A(1B) proposed to be substituted in the Kerala Stamp Act, 1959 by Clause 2(1) the words "deemed to be" shall be deleted.

145. In the entry in column (3) of item (b) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the figure "500", the figure "200" shall be substituted.

159. In the entry in column (3) of item (c) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the figure "1000", the figure "500" shall be substituted.

180. In the entry in column (3) of item(e) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substitued by Clause 2(2)(b) for the words “seventy five” the word “fifty” shall be substituted.

200. In the Explanation III to serial number 33 of schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “higher” the word “lower” shall be substituted.

207. In the entry in column 3 of item B against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(c)(i) for the word “Eight”, the word “Three” shall be substituted.

236. In the entry in column 3 of item C(a) against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be inserted by Clause 2(2)(c)(ii), for the words “One Thousand” the words “Five Hundred” shall be substituted.

Shri Chandy Oommen: Sir, I move the following amendments:

124. In column (2) against serial number 16 in the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(a) the words “or a Civil Officer” shall be deleted.

195. In the Explanation I to serial number 33 of schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the words “declared in the lease deed” the words “determined by the authority concerned” shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendments:

137. In the entry in column (3) of item (a) against serial number 33 of the Schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b), for the figure "500", the figure "400" shall be substituted.

196. In the Explanation III to serial number 33 of schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b), the words and symbols "and/or any consideration in the form of premium or money advanced, or to be advanced or the proportionate fair value of the land in which the building is situated" shall be deleted.

Shri T. J. Vinod: Sir, I move the following amendment:

174. In the entry in column (3) of item (d) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b), for the figure "2000" the figure "1500" shall be substituted.

Shri Saneeshkumar Joseph: Sir, I move the following amendment:

175. In the entry in column (3) of item (e) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b), for the word "seventy" the word "fifty" shall be substituted.

Smt. Uma Thomas: Sir, I move the following amendment:

187. In the entry in column (3) of item(f) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substitued by Clause 2(2)(b) for the word “ninety” the word “seventy” shall be substituted.

Shri C. R. Mahesh: Sir, I move the following amendment:

189. In the entry in column (3) of item(f) against serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substitued by Clause 2(2)(b) for the word “ninety” the word “eighty” shall be substituted.

Shri Sunny Joseph: Sir, I move the following amendment:

217. In the entry in column 3 of item B against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(c)(i) for the word “Eight”, the word “Five” shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment:

234. In the entry in column 3 of item C(a) against serial number 43 of the schedule of the Kerala Stamp Act, 1959 proposed to be inserted by Clause 2(2)(c)(ii), for the word “Eight” the word “Five” shall be substituted.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ official amendment ആയി ഒരു ഭേദഗതി വന്നിട്ടുണ്ട്. പാവപ്പെട്ട സ്ത്രീകളുടെ

കാര്യമായതുകൊണ്ട് നിലവിലുണ്ടായിരുന്ന 50 രൂപ ആ രൂപത്തിൽത്തന്നെ നിലനിർത്തണം. ഒരു തരത്തിലുള്ള വർദ്ധനയും ഉണ്ടാകരുതെന്നുള്ളതാണ് ഭേദഗതി.

മി. സ്പീക്കർ: 121 മുതൽ 123 വരെയുള്ള ഭേദഗതികൾ 120-ാം നമ്പർ ഭേദഗതിക്കും 143, 144, 146, 147 എന്നീ ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും 156 മുതൽ 158 വരെയുള്ള ഭേദഗതികളും 160-ാം നമ്പർ ഭേദഗതിയും 159-ാം നമ്പർ ഭേദഗതിക്കും 176 മുതൽ 179 വരെയുള്ള ഭേദഗതികൾ 180-ാം നമ്പർ ഭേദഗതിക്കും 199, 201, 202 എന്നീ ഭേദഗതികൾ 200-ാം നമ്പർ ഭേദഗതിക്കും 208 മുതൽ 210 വരെയുള്ള ഭേദഗതികൾ 207-ാം നമ്പർ ഭേദഗതിക്കും 235, 237, 238 എന്നീ ഭേദഗതികൾ 236-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 558, 559, 560, 561, 562, 563 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ

അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 558, 559, 560, 561, 562, 563 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 120, 145, 159, 180, 200, 207, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 124, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 137, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമാ തോമസ് അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Minister for Finance (Shri K. N. Balagopal): Sir, I move the following amendment as official amendment.

564. Clause 3 shall be recast as follows;

"3.*Amendment of Act 10 of 1960.* - In the Kerala Court Fees and Suits Valuation Act,1959 (10 of 1960), in schedule II, after article 19 and the entries against it in columns (2) and (3), the following articles and entries shall be added in column (1), (2) and (3) respectively, namely:-

"20.(a) Petition or counter claim presented to family court under explanation (c) of sub-section (1) of section 7 of the Family Courts Act,1984 (Central Act 66 of 1984)-

(i) When the total claim amount in the Two hundred

	petitions/counter claim amount valued, after deduction of the amount valued for the dwelling house, upto rupees five lakh	rupees
(ii)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees five lakhs and upto twenty lakhs	Five hundred rupees
(iii)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees twenty lakhs and upto fifty lakhs	One thousand rupees
(iv)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees fifty lakhs and upto one crore	Two thousand rupees
(v)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees one crore	Five thousand rupees

(b) Appeals filed before the High Court under section 19 of the Family Courts Act, 1984 (Central Act 66 of 1984)

(i)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, upto rupees five lakh	One hundred rupees
(ii)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees five lakhs and upto twenty lakhs	Two hundred and fifty rupees
(iii)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees twenty lakhs and upto fifty lakhs	Five hundred rupees
(iv)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees fifty lakhs and upto one crore	One thousand rupees
(v)	When the total claim amount in the petitions/counter claim amount valued, after deduction of the amount valued	Two thousand and five hundred rupees

	for the dwelling house, above rupees one crore	

21 (a). Complaints filed under section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)

(i)	When the amount of dishonored cheque involved in the complaint is upto rupees fifty thousand	Two hundred and fifty rupees
(ii)	When the amount of dishonored cheque involved in the complaint is above rupees fifty thousand and upto two lakhs	Five hundred rupees
(iii)	When the amount of dishonored cheque involved in the complaint is above rupees two lakhs and upto five lakhs	Seven hundred and Fifty rupees
(iv)	When the amount of dishonored cheque involved in the complaint is above rupees five lakhs and upto ten lakhs	One Thousand rupees
(v)	When the amount of dishonored cheque involved in the complaint is above rupees ten lakhs and upto twenty lakhs	Two Thousand rupees

(vi)	When the amount of dishonored cheque involved in the complaint is above rupees twenty lakhs and upto fifty lakhs	Five Thousand rupees
(vii)	When the amount of dishonored cheque involved in the complaint is above rupees fifty lakhs	Ten Thousand rupees

(b). Appeal filed against judgment in section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)-

(i)	When an appeal filed, on getting leave under sub-clause (b) of sub-section (2) of section 419 of the Bharatiya Nagarik Suraksha Sanhita, 2023 (Central Act 46 of 2023) before the High Court at the instance of the complainant against the order of acquittal	Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs
(ii)	When filed at the instance of accused against conviction before the Sessions Court	Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs

(c). Revision filed against judgment in section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)-

(i)	At the instance of the complaint challenging insufficiency of sentence before the High Court	Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs
(ii)	When filed at the instance of accused against conviction before the Sessions Court	Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs

Shri Anwar Sadath: Sir, I move the following amendments:

250. Article 20(a) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3 shall be deleted.

265. In the entry in column 3 of item (ii) of article 20(a) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3, shall be recast as "two hundred rupees".

Dr. M. K. Muneer: Sir, I move the following amendments:

273. In the entry in column 3 of item (iii) of the article 20(a) in the schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3, for the words "two lakhs" the words "fifty thousand" shall be substituted.

318. In the entry in column 3 against item(ii) of article 21(a) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3, for the word "Five", the word "One" shall be substituted.

Shri Eldose P. Kunnappillil: Sir, I move the following amendments:

277. The entry in column (3) of item (iii) of article 20(a) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3 shall be recast as "five hundred rupees".

299. In the entry in column (3) of item (ii) of the article 20(b) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3 shall be recast as "two hundred rupees".

Shri T. J. Vinod: Sir, I move the following amendment:

310. The entry in column (3) of item(iii) of the article 20(b) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3 shall be recast as “five hundred rupees”.

Smt. Uma Thomas: Sir, I move the following amendment:

325. In the entry in column 3 against item(ii) of article 21(a) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3, for the word “Three”, the word “One” shall be substituted.

Shri C. R. Mahesh: Sir, I move the following amendment:

339. In the entry in column 3 against item (ii) of article 21(b) in schedule II proposed to be inserted in the Kerala Court Fees and Suits Valuation Act, 1959 by Clause 3, for the words “one half”, the words “ten percentage” shall be substituted.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ സമർപ്പിച്ച 262-ാം നമ്പർ ഭേദഗതി 260-ാം നമ്പർ ഭേദഗതിക്ക് (261 മുതൽ 264 വരെ 260-ന തുല്യം) തുല്യമായതിനാൽ ഒഴിവാക്കിയതായിരിക്കാം. അത്തരത്തിലുള്ള ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ലെന്ന് പ്രത്യേകമായി പറയേണ്ടതാണ്.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 266-ാം നമ്പർ ഭേദഗതി 265-ാം നമ്പർ ഭേദഗതിക്കും 274 മുതൽ 276 വരെയുള്ള ഭേദഗതികൾ 273-ാം നമ്പർ ഭേദഗതിക്കും 278-ാം നമ്പർ ഭേദഗതി 277-ാം നമ്പർ ഭേദഗതിക്കും 292-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും 298-ാം നമ്പർ ഭേദഗതി 299-ാം നമ്പർ ഭേദഗതിക്കും 311-ാം നമ്പർ ഭേദഗതി 310-ാം നമ്പർ ഭേദഗതിക്കും 319 മുതൽ 321 വരെയുള്ള ഭേദഗതികൾ 318-ാം നമ്പർ ഭേദഗതിക്കും 326-ാം നമ്പർ ഭേദഗതി 325-ാം നമ്പർ ഭേദഗതിക്കും 340-ാം നമ്പർ ഭേദഗതി 339-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 250, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 273, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 277, 299 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എം. എസ്. അരുൺ കുമാർ
5. ശ്രീ. കെ. ബാബു (നെന്മാറ)
6. ശ്രീ. കെ. എൻ. ബാലഗോപാൽ
7. ശ്രീ. പി. പി. ചിത്തരഞ്ജൻ
8. ശ്രീമതി ദെലീമ
9. ശ്രീ. ചിറ്റയം ഗോപകുമാർ

10. ശ്രീ. സി. കെ. ഹരീന്ദ്രൻ

11. ഡോ. കെ. ടി. ജലീൽ

12. ശ്രീമതി കാനത്തിൽ ജമീല

13. ശ്രീ. ജി. എസ്. ജയലാൽ

14. ഡോ. എൻ. ജയരാജ്

15. ശ്രീ. കെ. യു. ജനീഷ് കുമാർ

16. ശ്രീ. ജോബ് മൈക്കിൾ

17. ശ്രീ. ഒ. ആർ. കേളു

18. ശ്രീ. കെ. കൃഷ്ണൻകുട്ടി

19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

20. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

21. ശ്രീ. ലിന്റോ ജോസഫ്

22. ശ്രീ. പി. മമ്മിക്കുട്ടി

23. ശ്രീ. എം. എം. മണി

24. ശ്രീ. മാത്യു ടി. തോമസ്

25. ശ്രീ. കെ. ജെ. മാക്സി

26. ശ്രീ. കെ. പി. മോഹനൻ

27. ശ്രീ. മുഹമ്മദ് മുഹസിൻ

28. ശ്രീ. സി. സി. മുകുന്ദൻ

29. ശ്രീ. ഡി. കെ. മുരളി

30. ശ്രീ. പി. നന്ദകുമാർ

31. ശ്രീ. എം. നൗഷാദ്

32. ശ്രീ. പ്രമോദ് നാരായൺ

33. ശ്രീ. കെ. ഡി. പ്രസേനൻ

34. ശ്രീമതി യു. പ്രതിഭ

35. ശ്രീ. കെ. പ്രേംകുമാർ

36. ശ്രീ. പി. ടി. എ. റഹീം

37. ശ്രീ. എ. രാജ

38. ശ്രീ. എം. രാജഗോപാലൻ

39. ശ്രീ. കെ. രാജൻ

40. ശ്രീ. എം. ബി. രാജേഷ്

41. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

42. ശ്രീ. ടി. പി. രാമകൃഷ്ണൻ

43. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

44. ശ്രീ. കെ. എം. സച്ചിൻദേവ്

45. ശ്രീ. എച്ച്. സലാം

46. ശ്രീമതി ശാന്തകുമാരി കെ.

47. ശ്രീ. എ. കെ. ശശീന്ദ്രൻ

48. ശ്രീ. ഐ. ബി. സതീഷ്

49. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

50. ശ്രീ. ജി. സ്റ്റീഫൻ

51. ഡോ. സുജിത് വിജയൻപിള്ള

52. ശ്രീ. കെ. വി. സുമേഷ്

53. ശ്രീ. പി. പി. സുമോദ്

54. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

55. ശ്രീ. തോമസ് കെ. തോമസ്

56. ശ്രീ. ഇ. കെ. വിജയൻ

57. ശ്രീ. എം. വിജിൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അനൂപ് ജേക്കബ്

2. ശ്രീ. അൻവർ സാദത്ത്

3. ശ്രീ. എ. കെ. എം. അഷ്റഫ്

4. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

5. ശ്രീ. പി. കെ. ബഷീർ

6. ശ്രീ. ചാണ്ടി ഉമ്മൻ

7. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

8. ശ്രീ. ടി. വി. ഇബ്രാഹിം

9. ശ്രീ. സി. ആർ. മഹേഷ്

10. ഡോ. എം. കെ. മുനീർ

11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

12. ശ്രീ. എൻ. ഷംസുദ്ദീൻ

13. ശ്രീ. സനീഷ്കുമാർ ജോസഫ്

14. ശ്രീ. വി. ഡി. സതീശൻ

15. ശ്രീ. ടി. സിദ്ദിഖ്

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. പി. ഉബൈദുള്ള

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. ടി. ജെ. വിനോദ്

20. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ - 57

പ്രതികൂലിക്കുന്നവർ - 20

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Shri Chandy Oommen: Sir, I move the following amendment:

367. In column 3 against item 5 of the schedule to section 4 proposed to be substituted in the Kerala Electricity Duty Act, 1963 by Clause 4(ii)(a), for the figure "15" the figure "2" shall be substituted.

Shri K. Babu (Thripoonithura): Sir, I move the following amendment:

369. In column 3 against item 5 of the schedule to section 4 proposed to be substituted in the Kerala Electricity Duty Act, 1963 by Clause 4(ii)(a), for the figure "15" the figure "4" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 356 മുതൽ 360 വരെയുള്ള ഭേദഗതികൾ 355-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri Sunny Joseph: Sir, I move the following amendment:

371. The second proviso to section 3(5)(b) proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5(1) shall be deleted.

Shri N. Samsudheen: Sir, I move the following amendments:

372. In item (i) to the second proviso to section 3(5)(b) proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5(1), for the word "seven", the word "thirty" shall be substituted.

392. In column 3 of item (i) of section 7(i)(e) in the schedule of the Kerala Motor Vehicles Taxation Act, 1976 proposed to be substituted by Clause 5(2)(i)(b), for the figure "1500", the figure "1000" shall be substituted.

Shri Anwar Sadath: Sir, I move the following amendment:

383. In item (ii) to the second proviso to section 3(5)(b) proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5(1), for the words "one third", the words "ten percent" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment:

384. In item (ii) to the second proviso to section 3(5)(b) proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5(1), for the words "one third", the words "twelve percent" shall be substituted.

Dr. M. K. Muneer: Sir, I move the following amendment:

388. In item (iii) to the second proviso to section 3(5)(b) proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 5(1), after the word and symbol “state,”, the words “half of” shall be inserted.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 373 മുതൽ 375 വരെയുള്ള ഭേദഗതികൾ 372-ാം നമ്പർ ഭേദഗതിക്കും 393 മുതൽ 396 വരെയുള്ള ഭേദഗതികൾ 392-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 372, 392 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri T. J. Vinod: Sir, I move the following amendments.

418. Explanation II to Clause 6(1)(e)(iii) shall be recast as follows:

"The tax, surcharge, interest and penalty amount as per the demand notice excluding such payments or deposits in part if any paid by the applicant after the service of the demand notice shall be treated as the amount pending collection".

441. In Clause 6(1)(n)(v), for the symbols, figures and word "(30 of 2004)" the symbols, words and figures "(Act 30 of 2004)" shall be substituted.

Shri T. Siddique: Sir, I move the following amendment.

420. Illustration III to Clause 6(1)(e)(iii) shall be deleted.

Shri C. R. Mahesh: Sir, I move the following amendment.

422. In Clause 6(1)(g) for the symbols, figures, and word "(20 of 2017)", symbols, figures, and words "(Act 20 of 2017)" shall be substituted.

Shri P. K. Basheer: Sir, I move the following amendment.

424. In Clause 6(1)(h) after the word "appointed", the words "by Commissioner of state Tax" shall be inserted.

Shri Chandy Oommen: Sir, I move the following amendment.

428. In Clause 6(1)(k) after the words "amount of interest" the words "as per the rate specified in the order" shall be inserted.

Shri K. Babu (Thripoonithura): Sir, I move the following amendment.

432. In Clause 6(1)(n)(i) for the symbols, figures and word "(11 of 1957)" the symbols, words and figures "(Act 11 of 1957)" shall be substituted.

Shri Anwar Sadath: Sir, I move the following amendment.

434. In Clause 6(1)(n)(ii) for the symbols, figures and word "(15 of 1963)" the symbols, words and figures "(Act 15 of 1963)" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment.

436. In Clause 6(1)(n)(iii) for the symbols, figures and word "(32 of 1976)" the symbols, words and figures "(Act 32 of 1976)" shall be substituted.

മി. സ്പീക്കർ: 419-ാം നമ്പർ ഭേദഗതി 418-ാം നമ്പർ ഭേദഗതിക്കും 421-ാം നമ്പർ ഭേദഗതി 420-ാം നമ്പർ ഭേദഗതിക്കും 423-ാം നമ്പർ ഭേദഗതി 422-ാംനമ്പർ ഭേദഗതിക്കും 425 മുതൽ 427 വരെയുള്ള ഭേദഗതികൾ 424-ാം നമ്പർ ഭേദഗതിക്കും 429-ാം നമ്പർ ഭേദഗതി 428-ാം നമ്പർ ഭേദഗതിക്കും 433-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്കും 435-ാം നമ്പർ ഭേദഗതി 434-ാം നമ്പർ ഭേദഗതിക്കും 437-ാം നമ്പർ ഭേദഗതി 436-ാം നമ്പർ ഭേദഗതിക്കും 440-ാം നമ്പർ

ഭേദഗതി 441-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 418, 441 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri C. R. Mahesh: Sir, I move the following amendment.

448. In the proviso to Clause 7 after the words “shall prevail” the words “if there is no majority in a case the decision of state tax commissioner shall prevail” shall be inserted.

മി. സ്പീക്കർ: 449-ാം നമ്പർ ഭേദഗതി 448-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

Smt. Uma Thomas: Sir, I move the following amendment.

452. In Clause 8(2) for the symbols, figures and word "(15 of 1963)", the symbols, figures and words "(Act 15 of 1963)"shall be substituted.

മി. സ്പീക്കർ: 453-ാം നമ്പർ ഭേദഗതി 452-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move Shri A. P. Anil Kumar's 460th number amendment as Official Amendment.

"460. In Clause 9(1) after the words "as may" the word "be" shall be inserted."

Shri T. V. Ibrahim: Sir, I move the following amendment.

455. In Clause 9(1) for the word "sixty", the word "ninety" shall be substituted.

Shri P. K. Basheer: Sir, I move the following amendment.

462. In Clause 9(2) for the word "December" the word "March" shall be substituted.

Shri P. Ubaidulla: Sir, I move the following amendment.

467. In Clause 9(3) for the word "sixty" the word "ninety" shall be substituted.

മി. സ്പീക്കർ: 456 മുതൽ 459 വരെയുള്ള ഭേദഗതികൾ 455-ാം നമ്പർ ഭേദഗതിക്കും 463 മുതൽ 465 വരെയുള്ള ഭേദഗതികൾ 462-ാം നമ്പർ ഭേദഗതിക്കും 468 മുതൽ 470 വരെയുള്ള ഭേദഗതികൾ 467-ാം നമ്പർ ഭേദഗതിക്കും 461-ാം നമ്പർ ഭേദഗതി 460-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move the following official amendment.

565. In Clause 10(1) for the word “rate”, the word “rates” shall be substituted;

Shri Sunny Joseph: Sir, I move the following amendment.

472. In Clause 10(1), after the word "records" the words "as per the provisions of the relevant Act and rules" shall be inserted.

Dr. M. K. Muneer: Sir, I move the following amendment.

480. Clause 10(4) shall be recast as follows:-

"(4) The amount determined under the provisions of this section shall be in multiples of ten rupees"

മി. സ്പീക്കർ: 471-ാം നമ്പർ ഭേദഗതി 472-ാം നമ്പർ ഭേദഗതിക്കും 481 മുതൽ 483 വരെയുള്ള ഭേദഗതികൾ 480-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 480-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ആംനസ്റ്റി സ്കീമുകൾ കുറച്ചുകൂടി ഇഫക്ടീവാക്കാനുള്ള ഒരു നിർദ്ദേശം പറഞ്ഞിരുന്നു. അതിൽ 50000 രൂപ

മുതൽ 500000 വരെയുള്ള ടാക്സ്/സർചാർജ്ജ് കുടിശ്ശികയിൽ തിരിച്ചടയ്ക്കേണ്ട തുകയിൽ കുറച്ചുകൂടി ഇളവ് നൽകാൻ തയ്യാറായാൽ ഇത് അടാകൂവാകും അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

Shri P. C. Vishnunadh: Sir, I move the following amendment.

488. Clause 11(1)(a) shall be recast as follows:

"(a) On the date of application for settlement under the scheme, where the arrears of tax or surcharge in a specified order is above-
(i) rupees 50000 and up to rupees 2.5 lakhs, the amount payable shall be 20% of such arrears of tax or surcharge;
(ii) rupees 2.5 lakhs and up to rupees 5 lakhs, the amount payable shall be 25% of such arrears of tax or surcharge;
(iii) rupees 5 lakhs and up to rupees 10 lakhs, the amount payable shall be 30% of such arrears of tax or surcharge;
and on payment of the amount payable by the applicant, the remaining arrears of tax, surcharge, interest of penalty payable under that specified order shall be the amount waived;"

മി. സ്പീക്കർ: 489-ാം നമ്പർ ഭേദഗതി 488-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

Shri N. A. Nellikkunnu: Sir, I move the following amendment.

511. In Clause 12, for the words “fifty thousand”, the words “one lakh” shall be substituted.

മി. സ്പീക്കർ: 512 മുതൽ 514 വരെയുള്ള ഭേദഗതികൾ 511-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

(അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move Shri Roji M. John's 522nd number amendment as official amendment.

522. In Clause 14(1), for the word “seperate”, the word “separate” shall be substituted.

Shri A. K. M. Ashraf: Sir, I move the following amendment.

524. In Clause 14(2)(a), for the words “fifty thousand”, the words “one lakh” shall be substituted.

Shri T. J. Vinod: Sir, I move the following amendment.

529. In Clause 14(2)(b), for the words “suo motu”, the words “suo moto” shall be substituted.

മി. സ്പീക്കർ: 523-ാം നമ്പർ ഭേദഗതി 522-ാം നമ്പർ ഭേദഗതിക്കും 525 മുതൽ 528 വരെയുള്ള ഭേദഗതികൾ 524-ാം നമ്പർ ഭേദഗതിക്കും 530-ാം നമ്പർ ഭേദഗതി 529-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 529-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

Shri Chandy Oommen: Sir, I move the following amendment.

533. In Clause 15, after the word "penalty", the words "within the particular time limit" shall be inserted.

Shri P. K. Basheer: Sir, I move the following amendment.

535. In the proviso to Clause 15, for the words "to showcause against such refusal", the words "of being heard" shall be substituted.

മി. സ്പീക്കർ: 534-ാം നമ്പർ ഭേദഗതി 533-ാം നമ്പർ ഭേദഗതിക്കും 536 മുതൽ 538 വരെയുള്ള ഭേദഗതികൾ 535-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

(അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

Shri T. Siddique : Sir, I move the following amendment:

541. In Clause 17(2), for the words "making his representation", the words "showing cause" shall be substituted.

മി. സ്പീക്കർ: 542-ാം നമ്പർ ഭേദഗതി 541-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

Shri Eldose P. Kunnappillil: Sir, I move the following amendment:

543. In Clause 18, for the symbols, figures and word "(15 of 1968)" the symbols, words and figures "(Act 15 of 1968)" shall be substituted.

മി. സ്പീക്കർ: 544-ാം നമ്പർ ഭേദഗതി 543-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

(അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

Shri Saneeshkumar Joseph: Sir, I move the following amendment:

547. In Clause 20(1), for the words "designated authority" the words "Commissioner of State Tax" shall be substituted wherever it occurs.

മി. സ്പീക്കർ: 548-ാം നമ്പർ ഭേദഗതി 547-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move the following amendment as official amendment.

566. In Clause 21, after item (c), the following item shall be inserted and the remaining items shall be re-lettered accordingly:

"(d) the fact of revision of any order under section 17;";

(അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തി രണ്ടാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തി മൂന്നാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തി നാലാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move the following amendment as official amendment.

567. In Clause 25, the existing provision shall be numbered as sub-clause (1), and after sub-clause so numbered, the following sub-clause shall be inserted:

"(2) Every order issued under sub-section (1) shall be laid before the Legislative Assembly by the Government.".

Shri Sunny Joseph: Sir, I move the following amendment:

553. In Clause 25, the existing provision shall be numbered as sub-clause (1) and after sub-clause (1) so renumbered, the following sub-section shall be inserted:

"(2) Every order issued under sub-section (1) as soon as may be after it is made, shall be laid before the Legislative Assembly"

മി. സ്പീക്കർ: 551, 552 എന്നീ നമ്പർ ഭേദഗതികൾ 553-ാംനമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

(അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികൾ

അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

(ഇരുപത്തിയേഴാം വകുപ്പ്)

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move the following amendment as official amendment.

568. After Clause 26, the following Clause shall be inserted:

"27. Validation.- Notwithstanding anything contained in the Kerala Court Fees and Suits Valuation Act, 1959 (10 of 1960) any revision of fees charged by virtue of the provisions of the Kerala Finance Bill, 2024 (Bill No. 193 of Fifteenth Kerala Legislative Assembly) in respect of the period with effect on and from 1st day of April, 2024 to the date of publication of this Act shall be deemed to have been validly done and duly collected by an authority at such higher rates shall be deemed to have been validly collected and the fees so collected shall be paid over to the Government and shall not be refunded."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പുതിയതായി ചേർത്ത ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പുതിയതായി ചേർത്ത ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുതിയതായി ചേർത്ത ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Hon'ble Minister for Finance (Shri K. N. Balagopal): Sir, I move the following amendment as official amendment.

569. In Clause 1(2)(b) for the words "Commissioner of State Tax", the word "Government" shall be substituted.

Dr. M. K. Muneer: Sir, I move the following amendment:

106. In the long title, the word "certain" shall be deleted.

Shri N. Samsudheen: Sir, I move the following amendment:

110. In the preamble the word "certain" shall be deleted.

മി. സ്പീക്കർ: 107 മുതൽ 109-ാംനമ്പർ ഭേദഗതി വരെ 106-ാം നമ്പർ ഭേദഗതിക്കും 111 മുതൽ 113-ാം നമ്പർ ഭേദഗതി വരെ 110 നമ്പർ

ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 110-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂലൈ 11 വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 11-ാംതീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.43-ന് പിരിഞ്ഞു.

അനുബന്ധം

10-07-2024-ലെ ചോദ്യംനമ്പർ (*511)-ന്റെ 'സി' പിരിവിന്റെ വിശദമായ മറുപടി

സ്വാഭാവിക വനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ

പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച സ്ഥലങ്ങൾ			
സർക്കിൾ	**ഡിവിഷൻ**	**സ്ഥലം**	**വിസ്തീർണ്ണം (ഹെക്ടർ)**
സതേൺ സർക്കിൾ	തെന്മല	ചാലിയക്കര	30.00
	പുനലൂർ	ഇരുതോട്, വെരുകുഴി, കടമാൻകോട്, പൂവാലിക്കുഴി പ്രദേശങ്ങൾ	24.00
	കോന്നി	മുണ്ടോമൂഴി, ആദിച്ചൻപാറ, ഉടുംബന്നൂർ, തലമാനം പ്രദേശങ്ങൾ	41.00
	അച്ചൻകോവിൽ	മൂന്നുമുക്ക്, പണ്ടാറപ്പാറ, മ്ലാന്തടം, ക്കുരംപാറ, പത്താംമൈൽ, കമ്പിലൈൻ, ശവക്കോട്ട തുടങ്ങിയ പ്രദേശങ്ങൾ	90.00
	റാന്നി	ളാഹ, മണക്കയം, കുറമ്പൻമൂഴി, മേക്കാനം, മൺപിലാവ്, ഗുരുനാഥൻമണ്ണ്, അരയാഞ്ഞിലിമൺ തുടങ്ങിയ പ്രദേശങ്ങൾ	50.00

ഹൈറേഞ്ച് സർക്കിൾ	കോട്ടയം	കിളികുളം, കണ്ണിമല, കുളമാക്കൽ പ്രദേശങ്ങൾ	14.00
	കോതമംഗലം	കോതമംഗലം ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ	50.00
	മൂന്നാർ	വട്ടപ്പാറ, ഇഡ്ഡലിമൊട്ട, തീർത്ഥമല, തീർത്ഥമല ടോപ്പ്, മനില, പുതുക്കുടി കൈതച്ചാൽ-ഈട്ടിച്ചുവട് പ്രദേശങ്ങൾ	53.22
	മറയൂർ	അഞ്ചനാട്ടുപാറ, പോത്തടി പ്രദേശങ്ങൾ	78.00
സെൻടൽ സർക്കിൾ, തൃശ്ശൂർ	തൃശ്ശൂർ	ചെമ്പിക്കുന്ന്	405.00
	വാഴച്ചാൽ	വാഴച്ചാൽ ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ	10.00
	ചാലക്കുടി	ചാലക്കുടി ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ	32.00
നോർത്തേൺ സർക്കിൾ	കണ്ണൂർ	നെടുംപൊയിൽ സെക്ഷനിൽ 1960 തേക്ക് & സോഫ്റ്റ് വുഡ് തോട്ടം	40.02
	നോർത്ത് വയനാട്	അമ്പലക്കണ്ടി കക്കോലംകുന്ന് പന്നിമുക്കംതറ എന്നീ പ്രദേശങ്ങൾ	17.25
		തിരുനെല്ലി ഭാഗത്തു വൈദേശിക കളസസ്യമായ	50.00

		സെന്ന നീക്കം ചെയ്യൽ	
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്	തിരുവനന്തപുരം വൈൽഡ് ലൈഫ്	തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ	50.00
ഫീൽഡ് ഡയറക്ടർ, കോട്ടയം	പെരിയാർ ടൈഗർ റിസർവ്/ മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ	പെരിയാർ ടൈഗർ റിസർവ്വിലും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനുകളിലുമായി വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ	311.50
ആകെ			**1346.54**

പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടന്നുവരുന്ന സ്ഥലങ്ങൾ			
സർക്കിൾ	**ഡിവിഷൻ**	**സ്ഥലം**	**വിസ്തീർണ്ണം (ഹെക്ടർ)**
സതേൺ സർക്കിൾ	തെന്മല	ചെമ്പഴികം, പേരംകോവിൽ, അണ്ടൂർ പച്ച പ്രദേശങ്ങൾ	22.72
	തിരുവനന്തപുരം	കുണ്ടളംകുഴി, ചൂലടി, മിൽപ്പാലം, കുട്ടപ്പാറ, അഞ്ചുമരുതിമൂട്, കോട്ടയപ്പൻകാവ്, നെല്ലാക്കാപ്പാറ, ഉദിമൂട്, ആനപ്പെട്ടി, കുടവനാട് പ്രദേശങ്ങൾ	327.96
	പുനലൂർ	കുറവൻതാവളം	62.78
ഹൈറേഞ്ച്	മറയൂർ	പോത്തടി	30.00

സർക്കിൾ	കോട്ടയം	കുളമാവ്, എരുമേലി/നഗരംപാറ റെയിഞ്ച് പരിധിയിലുള്ള HNL ക്യാപ്റ്റീവ് പ്ലാന്റേഷൻ പ്രദേശങ്ങൾ	458.02
സെൻട്രൽ സർക്കിൾ	വാഴച്ചാൽ	1997 തേക്ക്തോട്ടം ആതിരപ്പള്ളി 15-ാം ബ്ലോക്ക്	20.9
	തൃശ്ശൂർ	വടക്കാഞ്ചേരി റെയിഞ്ചിൽ കോട്ടമ്പത്തൂർ, കുട്ടി മരുത്, ചിറ്റണ്ട, തിച്ചൂർ	212.00
ഈസ്റ്റേൺ സർക്കിൾ	നെന്മാറ	വെള്ളാരം കടവ്, ചെമ്മണാംപതി, ചപ്പക്കാട്, സീതാർകുണ്ട്, കോട്ടേക്കുളം, പാടഗിരി, തളിപ്പാടം, ചാത്തൻകോട്, വെള്ളാപ്പാറക്കുന്ന്	240.60
	നിലമ്പൂർ നോർത്ത്	അരിമ്പ്രക്കുത്ത്, സെൻട്രൽ നഴ്സറി കോമ്പൗണ്ട്	19.37
	പാലക്കാട്	വരളിപ്പതി, നടുപ്പതി, പൂളപ്പാറ, വട്ടപ്പാറ, കോതരമനക്കാട്	564.54
	നിലമ്പൂർ സൗത്ത്	വട്ടിക്കൽ, ചുരുളിപ്പൊട്ടി, പൂളക്കപ്പാറ	88.52
	മണ്ണാർക്കാട്	പൊട്ടിക്കൽ	13.16
നോർത്തേൺ സർക്കിൾ	കാസർഗോഡ്	കാട്ടിപ്പാറ, കയ്യണ്ണി, മാടത്തുംകാട്, കടുമനടുക്ക, ചീനാടി, കാട്ടിപ്പള്ളം,	128.99

		ഗ്രഡ്ഡുക്ക, കാട്ടികജെ ബെള്ളച്ചേരി, ബളവന്തടുക്ക, കാറഡുക്ക പ്രദേശങ്ങൾ	
	സൗത്ത് വയനാട്	പാറത്തോട് കൊഞ്ചേരിക്കുന്ന് കൊച്ചുമല പ്രദേശങ്ങൾ	73.01
	കണ്ണൂർ	കണ്ണൂർ റെയിഞ്ച്	10.00
ഫീൽഡ് ഡയറക്ടർ പ്രോജക്ട് ടൈഗർ, കോട്ടയം	മൂന്നാർ വന്യജീവി ഡിവിഷൻ	ഷോല നാഷണൽ പാർക്ക് റെയിഞ്ചിലെ നെടുവാർപ്പ്, ബന്തർ പ്രദേശങ്ങൾ	140.00
ഫീൽഡ് ഡയറക്ടർ, പാലക്കാട്	വയനാട് വന്യജീവി സങ്കേതം	അധിനിവേശ സസ്യങ്ങളെ പിഴുതുമാറ്റി സ്വാഭാവിക വനം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുവരുന്നു.	3173.00
ആകെ			**5585.57**

പരിസ്ഥിതി പുനസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ

ഹൈറേഞ്ച് സർക്കിൾ	കോതമംഗലം	1996 അൽബീസിയത്തോട്ടം, 1947 തേക്കുതോട്ടം, 1948 തേക്കുതോട്ടം, മീൻമുട്ടി തോട്ടാപ്പുര, പോത്തുമറ്റം 2004 മാഞ്ചിയം തോട്ടം വേളൂർ പച്ചില തേങ്കോടം, നെടുവക്കാട് പ്രദേശങ്ങൾ	403.87
സെൻട്രൽ	ചാലക്കുടി	2013 പുല്ലുമുടി, 2008 കാവനാട്,	33.22

സർക്കിൾ		2010 ആറേശ്വരം എന്നീ തോട്ടങ്ങൾ	
	മലയാറ്റൂർ	കോട്ടപ്പാറ	155.32
ഈസ്റ്റേൺ സർക്കിൾ	മണ്ണാർക്കാട്	തത്തേങ്ങലം, മുളകുവള്ളം, കൊല്ലൻകടവ്, ളുവ, ഷോളയൂർ കളക്കുർ വെളിങ്ങകൽമുക്ക് കടമ്പാറ, വെള്ളാംകുളം, കോട്ടമല, ചാലയൂർ, പച്ചമല, സിങ്കപ്പാറ	377.05
	നെന്മാറ	ചപ്പക്കാട്, ചെമ്മണാം പതി, പൂതമല, തൊടുക്കാട്, ചാത്തങ്കോട് പാടഗിരി	159.90
	നിലമ്പൂർ നോർത്ത്	നടപുരം, പൂച്ചകുത്ത്, തണപ്പൻചോല വെള്ളക്കട്ട	20.75
	നിലമ്പൂർ സൗത്ത്	മണ്ണാർമല, ഇമൻകാട് പാലമല	57.62
	പാലക്കാട്	ചൊവ്വല്ലൂർമനക്കാട്, ഇടമല, ഒടുവൻകാട്, പനമ്പുള്ളി എടുപ്പുകുളം	186.38
നോർത്തേൺ സർക്കിൾ	സൗത്ത് വയനാട്	ചെതലത്ത് റെയ്ഞ്ചിൽ 1959 കുറിച്ചിപ്പട്ട തേക്ക് പ്ലാന്റേഷൻ	17.30
	നോർത്ത് വയനാട്	തിരുനെല്ലി ഭാഗത്തു ലന്താന നീക്കം ചെയ്യുന്നതിനുള്ള പദ്ധതി	50.00
	കോഴിക്കോട്	മരുതിലാവിൽ 2001 അക്കേഷ്യ തോട്ടം 1993 യൂക്കാലിപ്റ്റസ് തോട്ടം	15.00
അഗസ്ത്യാവ	തിരുവനന്തപുരം	കോട്ടൂർ അഗസ്ത്യാവനം	27.90

നം ബയോളജിക്കൽ പാർക്ക്	വൈൽഡ് ലൈഫ്	ബയോളജിക്കൽ പാർക്ക് റെയ്ഞ്ച് അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി സ്വാഭാവിക വനമായും പുൽമേടുകളുമാക്കി മാറ്റുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു.	
ഫീൽഡ് ഡയറക്ടർ, പാലക്കാട്	സൈലന്റ് വാലി നാഷണൽ പാർക്ക്	ഭവാനി റെയിഞ്ചിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശ ഇനം സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.	51.39
		ആകെ	**1555.70**

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടി</u>

കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിലെ കാട്ടായിക്കോണം ഗവ. യു.പി.എസ്.-ൽ പ്രീ-പ്രൈമറിയിലും 1 മുതൽ 7 വരെ ക്ലാസുകളിലുമായി ആകെ 474 വിദ്യാർഥികൾ പഠിക്കുന്നു. കാട്ടായിക്കോണം ജംഗ്ഷൻ സമീപമായാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. MVHS തുണ്ടത്തിൽ, ലക്ഷ്മി വിലാസം ഹൈസ്കൂൾ പോത്തൻകോട്, കണിയാപുരം മുസ്ലീം ബോയ്സ് & ഗേൾസ് ഹൈസ്കൂൾ, അയിരൂപ്പാറ ഗവ. ഹയർ സെക്കൻഡറി സ്കൂൾ

എന്നിവയാണ് ഈ സ്കൂളിന്റെ സമീപ സ്കൂളുകൾ. ഇതിൽ പോത്തൻകോട് കരുര് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ലക്ഷ്മി വിലാസം ഹൈസ്കൂളിലേയ്ക്കും അയിരുപ്പാറ ഗവ. ഹയർ സെക്കൻഡറി സ്കൂളിലേയ്ക്കും 5 കിലോമീറ്റർ ദൂരവും കണിയാപുരം മുസ്ലീം ബോയ്സ്, ഗേൾസ് ഹൈസ്കൂളുകളിലേയ്ക്ക് 6 കിലോമീറ്റർ ദൂരവും തുണ്ടത്തിൽ MVHS-ലേയ്ക്ക് 4 കിലോമീറ്റർ ദൂരവുമുണ്ട്. അതുകൊണ്ടുതന്നെ ഈ സ്കൂളിന്റെ ഫീഡിംഗ് ഏരിയ വളരെ വലുതാണ്.

സ്കൂളിന് നിലവിൽ 14 ക്ലാസ് മുറികൾ കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 4 ക്ലാസ് മുറികളടങ്ങുന്ന കെട്ടിടത്തിന് 1 കോടി 52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 10 ക്ലാസ് മുറികൾ എയർ കണ്ടീഷൻ ചെയ്ത് സ്മാർട്ട് ക്ലാസ് റൂമാക്കി സജ്ജീകരിച്ചിട്ടുണ്ട്. ലാബ്, ലൈബ്രറി എന്നിവയ്ക്ക് പ്രത്യേകം മുറികളുണ്ട്. സ്റ്റേജ്, ആഡിറ്റോറിയം എന്നിവ നിലവിലുണ്ട്.

ഈ സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുകയാണെങ്കിൽ അനേകം കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം കൂടുതൽ സൗകര്യപ്രദമായി തീരുമെങ്കിലും KER അനുശാസിക്കുന്ന തരത്തിൽ സ്ഥലസൗകര്യങ്ങൾ

ലഭ്യമല്ല. ഈ സാഹചര്യത്തിൽ കാട്ടായിക്കോണം യു.പി.എസ്.-നെ ഹൈസ്കൂളാക്കി ഉയർത്തുന്ന കാര്യം ഗവൺമെന്റ് ഉചിതമായ സന്ദർഭത്തിൽ അനുഭാവപൂർവം പരിഗണിക്കുന്നതാണ്. പ്രസ്തുത സ്കൂളിന് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ശ്രീ. കാട്ടായിക്കോണം വി. ശ്രീധരന്റെ പേര് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

എന്നാൽ തിരുവനന്തപുരം വടക്ക് ഉപജില്ല ഓഫീസിന്റെ പരിധിയിൽ വരുന്ന എയ്ഡഡ് സ്കൂളായ വലിയ ഉദേശ്വരം യു.പി. സ്കൂളിന്റെ കെട്ടിടങ്ങളെല്ലാം അൺഫിറ്റ് ആയതുകാരണം പ്രസ്തുത സ്കൂൾ പ്രവർത്തനരഹിതമാണ്. അതിനുമേൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നകാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ടി സ്കൂളിൽ ആകെയുള്ള 5 വിദ്യാർഥികൾക്ക് സമീപത്തെ വലിയ ഉദേശ്വരം ഗവ. എൽ.പി.എസ്.-ൽ പഠനസൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്കൂളിനെ യു.പി.എസ്. ആക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. എച്ച്. സലാം, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടി

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെയുള്ള തീരപ്രദേശങ്ങളിൽ കുറെ വർഷമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടുത്ത കടലാക്രമണം തടയാൻ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതികൾ കിഫ്ബിയിൽ (KIIFB) നിന്ന് ധനസഹായം ലഭ്യമാക്കി ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേനയാണ് നടപ്പിലാക്കിവരുന്നത്. തീരസംരക്ഷണത്തിനായി ഐ.ഐ.ടി. മദ്രാസിൽനിന്ന് ഡിസൈൻ ലഭ്യമാക്കി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള പുലിമുട്ടുകളാണ് പദ്ധതിയിലുൾപ്പെടുന്നത്.

ഒന്നാംഘട്ട പദ്ധതിയിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് കോമന മുതൽ കാക്കാഴം വരെയും

അമ്പലപ്പുഴ വടക്ക് വളഞ്ഞവഴി മുതൽ പുന്നപ്ര തെക്ക് ഫിഷിംഗ് ഹാർബർ വരെയും കിഫ്ബി ഫണ്ടുപയോഗിച്ച് 3.60 കിലോമീറ്റർ നീളത്തിലുള്ള കടൽത്തീരത്ത് 69.19 കോടി രൂപ ചെലവിൽ 30 പുലിമുട്ടുകളുടെയും 305 മീറ്റർ നീളത്തിൽ കടൽ ഭിത്തിയുടെയും നിർമ്മാണം നടന്നുവരുന്നു. പ്രസ്തുത പദ്ധതിയുടെ നിലവിലെ 86 ശതമാനം പൂർത്തീകരിച്ചു.

സ്ഥലം	നീളം (കി.മീ.)	പുലിമുട്ടുകളുടെ എണ്ണം	പൂർണ്ണമായും പൂർത്തീകരിച്ചവ	പുരോഗമിച്ചു വരുന്നവ	പുരോഗതി
അമ്പലപ്പുഴ	3.60	30	18	8	86%

രണ്ടാം ഘട്ട പദ്ധതിയിൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് കാക്കാഴം മുതൽ വളഞ്ഞവഴി വരെയുള്ള ഭാഗത്തേയ്ക്ക് ഐ.ഐ.ടി. മദ്രാസ് പഠനം നടത്തി തയ്യാറാക്കിയ രൂപകൽപന പ്രകാരം 1.80 കിലോമീറ്റർ നീളത്തിൽ 8 പുലിമുട്ടുകളുൾപ്പെടുന്ന പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുകയും പ്രവൃത്തി ടെൻഡർ ചെയ്യുകയും കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പായി നടത്തിയ ബാത്തിമെട്രി പരിശോധനയിൽ ആഴത്തിൽ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദ്ദേശാനുസരണം വീണ്ടും ഐ.ഐ.ടി.-യെക്കൊണ്ട്

പഠനം നടത്തുകയും പുതിയ ഡിസൈൻ ആവശ്യപ്പെടുകയുമുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ച് കാക്കാഴം ഭാഗത്ത് 19 ചെറിയ പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

ഒന്നാംഘട്ടം, രണ്ടാംഘട്ടം പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ കോമന മുതൽ പുന്നപ്ര വരെയുള്ള 5.40 കിലോമീറ്റർ തീരം സംരക്ഷിക്കാൻ സാധിക്കുന്നതാണ്.

തോട്ടപ്പള്ളി പൊഴിമുഖത്ത് പുലിമുട്ട് നിർമ്മാണത്തിന് 46.40 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 05-06-2024-ൽ ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കഴിഞ്ഞ മാസങ്ങളിലുണ്ടായ കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് പുന്നപ്ര, വിയാനി, കാക്കാഴം മേഖലകളിൽ രൂക്ഷമായ കടലാക്രമണംമൂലം തിരമാലകൾ ഉയർന്ന് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്.

ആയതിനുവേണ്ടി 30 ലക്ഷം രൂപയുടെ പ്രവൃത്തി അനുമതി നൽകി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കുവേണ്ടി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടി

തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരിക്കാൻ എ.ഡി.ബി.-യിൽനിന്നും 2511 കോടി രൂപ കേരള വാട്ടർ അതോറിറ്റി നേരിട്ട് വായ്പയെടുക്കുന്നില്ല. ടി പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരാണ് വായ്പയെടുക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

എ.ഡി.ബി. അസിസ്റ്റന്റ് കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) കൊച്ചി, തിരുവനന്തപുരം എന്നീ

നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളതാണ്. വരുമാനരഹിത ജലത്തിന്റെ അളവ് (NRW) 20 ശതമാനത്തിൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പദ്ധതിക്കായി എ.ഡി.ബി.-യിൽനിന്ന് രണ്ട് ഘട്ടങ്ങളിലായി 250 ദശലക്ഷം യു.എസ്. ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള KUWSIP നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ് (DEA) സ്ക്രീനിംഗ് കമ്മിറ്റി, 19-12-2017 അംഗീകരിച്ചു. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms.) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്. എ.ഡി.ബി.-യും സംസ്ഥാന സർക്കാരും

70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ടി പദ്ധതിയിലെ കരാറിന്റെ വ്യവസ്ഥകൾ (conditions of contract) Construction for Building and Engineering Works Designed by the Employer, Multilateral Development Bank Harmonized Edition, published by the Federation Internationale des Ingenieurs-Conscil, or FIDIC (FIDIC MDB Harmonized Construction Contract) പ്രകാരമായിരിക്കും.

2017-ലെ കണക്കുപ്രകാരം കൊച്ചി നഗരപ്രദേശത്ത് നിലവിൽ ജലവിതരണം നടത്തുന്നത് ആലുവയിൽ സ്ഥാപിച്ചിട്ടുള്ളതും ഇരുപത്തിരണ്ട് വർഷത്തിനുമേൽ പഴക്കമുള്ളതുമായ 48 എം.എൽ.ഡി., 72 എം.എൽ.ഡി., 70 എം.എൽ.ഡി., 35 എം.എൽ.ഡി. കൂടാതെ 2013-ൽ മരടിൽ സ്ഥാപിച്ചിട്ടുള്ള 100 എം.എൽ.ഡി. എന്നിങ്ങനെ അഞ്ച് ജലശുദ്ധീകരണശാലകളിൽനിന്നും ഉൽപാദിപ്പിക്കുന്ന ജലത്തിൽനിന്നും വിതരണ ശൃംഖലയിലെ നഷ്ടം, വിതരണ കുഴലുകൾ, കണക്ഷനുകൾ എന്നിവയിലെ ചോർച്ചകൾ മുതലായ കാരണങ്ങളാൽ ഭാഗികമായാണ് ബിൽ ചെയ്യപ്പെടുന്നത്.

ഇതുമൂലം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഉപഭോക്താക്കൾക്ക് ലോറികളെയും സുരക്ഷിതമല്ലാത്ത മറ്റ് സ്രോതസുകളെയും ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതുമൂലം ആരോഗ്യ സുരക്ഷാ ഭീഷണികൾക്കുപുറമെ അധിക സാമ്പത്തിക ബാധ്യതയും ജനങ്ങൾ നേരിടേണ്ടിവരുന്നു.

കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരവും വിശ്വസനീയവുമായ ജലവിതരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തെ പ്രവൃത്തികളിൽ അരുവിക്കരയിലെ ചില അടിയന്തര ജോലികൾ മാത്രമായി പരിമിതപ്പെടുത്തുകയും കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പുവരുത്താനായി ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണവും ഉൾപ്പെടുത്തുകയും ചെയ്തു.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്തുവർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടിയുൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി

ഈ പ്രവൃത്തിക്കായുള്ള ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

പദ്ധതിയിൽ കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് (KUWSIP) വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊച്ചിയിലെ നിലവിലുള്ള അഞ്ച് WTP-കളുടെയും (325 എം.എൽ.ഡി. കൃമുലേറ്റീവ് കപ്പാസിറ്റി) 15 വാട്ടർ പമ്പിംഗ് സ്റ്റേഷനുകളുടെയും പുനരുദ്ധാരണവും നവീകരണവും.
2. ആലുവയിൽ ഒരു പുതിയ 190 MLD WTP-യുടെ നിർമ്മാണം
3. ഓപ്പറേറ്റ്-രൂപകല്പന-ബിൽഡ്-ഓപ്പറേറ്റ് രീതിയിലൂടെ കൊച്ചിയിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുക.
4. IT സംവിധാനങ്ങൾ
    - ബില്ലിംഗ്, കളക്ഷൻ സംവിധാനം മെച്ചപ്പെടുത്തൽ;
    - ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം;
    - ലബോറട്ടറി വിവര സംവിധാനത്തിന്റെ നവീകരണം.

5. NRW നിയന്ത്രണം, ജലസുരക്ഷാ ആസൂത്രണം, സ്മാർട്ട് വാട്ടർ മാനേജ്മെന്റ്, WTP-കളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും കാര്യക്ഷമമായ O&M എന്നിവയുൾപ്പെടെയുള്ള ജലവിതരണ സേവനങ്ങളെക്കുറിച്ചുള്ള മാനവശേഷി വർദ്ധിപ്പിക്കലും പരിശീലനവും
6. ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ദർഘാസ് നടപടിക്രമങ്ങൾ, കാര്യക്ഷമമായി കരാർ നടപ്പാക്കാൻ കൈക്കൊള്ളേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളുടെ വികസനവും പരിശീലനവും.

കൂടാതെ കൊച്ചിയിലെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന ഘടകങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന വിതരണ പൈപ്പുകളിൽ ഏകദേശം 743 കിലോമീറ്റർ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുക.
2. 1,19,725 ഹൗസ് സർവീസ് കണക്ഷൻ മാറ്റിസ്ഥാപിക്കുകയും 1,46,686 വാട്ടർ മീറ്ററുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്യുക.

3. ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ, ജലവിതരണ പമ്പ് ഹൗസുകളിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി വരുമാനരഹിത ജലം 20 ശതമാനത്തിലോ അതിൽ കുറവിലോ എത്തിക്കുക.

4. SCADA (Supervisory Control And Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണം നിയന്ത്രിക്കുക, വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) നടപ്പിലാക്കി, മാനേജ്മെന്റ് സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുക.

10 വർഷത്തേയ്ക്ക് കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കരാർ വ്യവസ്ഥയ്ക്കുവിധേയമായി കരാർ കാലാവധിയായ 10 വർഷത്തേയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഈ ദർഘാസ് ഏറ്റെടുക്കുന്ന കോൺട്രാക്ടറുടെ ചുമതലയിൽ നടത്തുന്നതാണ്.

ഈ പദ്ധതിയിൽ മീറ്റർ റീഡിംഗ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നേരിട്ട് നിർവഹിക്കുന്നതാണ്. വിതരണം ചെയ്യുന്ന ജലത്തിന്റെ താരിഫ് നിശ്ചയിക്കുന്നത് നിലവിലെ പോലെതന്നെ കേരള സർക്കാരാണ്.

ജലത്തിന്റെ ഗുണനിലവാര പരിശോധനകൾ നടത്തുക (കരാർ പ്രകാരം കരാറുകാരൻ ഓരോ മാസവും 1020 വാട്ടർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തേണ്ടതാണ്), വാട്ടർ ഓർഡറുകൾ നൽകുക, ഉപഭോക്തൃ അന്വേഷണങ്ങളോടുകൂടിയ പരാതികളും KWA നിർദ്ദേശപ്രകാരം പരിഹരിക്കുക, കുറഞ്ഞ മർദ്ദം നിലനിർത്തുക (കോർപ്പറേഷന്റെ 95 ശതമാനം ഏരിയയിലും മിനിമം 10 മീറ്റർ പ്രഷർ നിലനിർത്തണം), വാർഷിക അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക, പ്രിവെന്റീവ് മെയിന്റനൻസ് പ്രോഗ്രാം നൽകുക, യഥാർഥ നഷ്ടങ്ങൾ നിയന്ത്രിക്കുക, ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റങ്ങൾ പരിപാലിക്കുക, പ്രതിമാസ റിപ്പോർട്ടുകൾ കൈമാറുക എന്നീ performance measures അടിസ്ഥാനമാക്കി,

വിലയിരുത്തൽ നടത്തിയാണ് കരാറുകാരന് ഓപ്പറേഷൻ & മെയിന്റനൻസ് ബില്ലിന് പണം നൽകുന്നത്.

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളിൽനിന്നും വ്യത്യസ്തമായി ടി പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഓപ്പറേറ്റ്, ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് &മെയിന്റെൻ (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും (O&M) പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേയ്ക്കുള്ള അറ്റകുറ്റപ്പണികൾ (O&M) പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ വർഷത്തിൽ നിലവിലുള്ള ആസ്തികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനോടൊപ്പം നിയുക്ത പ്രദേശത്തെ ജലവിതരണ സംവിധാനത്തിന്റെ വിവിധ ഡാറ്റകൾ, ഡിസൈൻ എന്നിവ ശേഖരിച്ച് നൂതനമായ സാങ്കേതികവിദ്യകളുടെ സഹായത്തോടെ അവ വിലയിരുത്തി അസറ്റ് മാനേജ്മെന്റ് പ്ലാൻ

തയ്യാറാക്കുകയും കേരള വാട്ടർ അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി നടപ്പാക്കുകയും ചെയ്യും. കൂടാതെ ബില്ലിംഗ്, കളക്ഷൻ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, SCADA, GIS ഉപയോഗിച്ചുള്ള പരിപാലന സംവിധാനം, ജല ഗുണനിലവാര പരിശോധനയും അത് ഒരു സ്റ്റാൻഡേർഡ് പരിധിയിൽ നിലനിർത്താൻ വേണ്ട ലാബ് നവീകരണ സംവിധാനം എന്നീ പ്രവൃത്തികൾ പ്രസ്തുത പരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്.

പത്ത് വർഷത്തെ കരാർ കാലാവധിയിൽ, ആവർത്തനപ്രക്രിയയിൽ ഓരോ സോണിന്റെയും ആസ്തി പുതുക്കൽ പൂർത്തിയാകുന്നമുറയ്ക്ക് കൊച്ചി കോർപ്പറേഷനിലെ നവീകരിച്ചതും മെച്ചപ്പെട്ടതുമായ വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ബാധ്യതരഹിതമായി കേരള ജല അതോറിറ്റിക്ക് വിട്ടുനൽകാനും ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തനക്ഷമതാ സൂചികകൾ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അളവിൽ നിലനിർത്തിക്കൊണ്ട് ജലവിതരണ സംവിധാനത്തിന്റെ പരിപാലനം നടത്താൻ ജല അതോറിറ്റിക്ക് കഴിയുംവിധമാണ് ജലവിതരണ സംവിധാനത്തെ

കരാറുകാരൻ തിരികെ നൽകേണ്ടതെന്ന വ്യവസ്ഥയും ഈ കരാറിലുൾപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ ഈ പദ്ധതി ഒരു പ്രത്യേക പെർഫോമൻസിനെ അടിസ്ഥാനമാക്കിയുള്ള പദ്ധതിയാണ്. ഇത് സാധാരണ JICA, നബാർഡ്, എൽ.ഐ.സി., അമൃത് പദ്ധതികളിൽനിന്നും വ്യത്യസ്തമായിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതിയിൽ യാതൊരുവിധ സ്വകാര്യവൽക്കരണവും ഉദ്ദേശിച്ചിട്ടില്ല. കൊച്ചി നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്തി ജനങ്ങൾക്കാവശ്യമായ സേവനം ലഭ്യമാക്കാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി വാട്ടർ അതോറിറ്റിക്ക് മികച്ച വരുമാനം നൽകുന്ന ഒരു പദ്ധതിയായതിനാൽ, ഈ പദ്ധതിയിൽനിന്നും പിന്മാറുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട ആവശ്യകതയില്ല

<u>എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ നൽകിയ മറുപടി</u>

എറണാകുളം ജില്ലയിൽ പടിഞ്ഞാറ് അറബിക്കടലിനാലും കായലിനാലും ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് വൈപ്പിൻ ദ്വീപ്. ടി

പ്രദേശത്തിലെ എടവനക്കാട് പഞ്ചായത്തിൽ ചാത്തങ്ങാട്, അണിയിൽ, പഴങ്ങാട് എന്നീ പ്രദേശങ്ങളാണുള്ളത്. ടി പ്രദേശത്തെ കടൽഭിത്തികൾ എല്ലാം തകർന്ന നിലയിലാണുള്ളത്. 2004-ലെ സുനാമി ബാധിത പ്രദേശം കൂടിയാണ് എടവനക്കാട് പഞ്ചായത്തിലെ അണിയിൽ പ്രദേശം. എടവനക്കാട് പഞ്ചായത്തിൽ ചാത്തങ്ങാട് കടപ്പുറത്ത് 6 പുലിമുട്ടുകളുടെ പ്രവൃത്തികൾ 2018-19-ൽ നടപ്പിലാക്കിയിട്ടുണ്ട്. അണിയിൽ ബീച്ചിൽ 30 മീറ്റർ നീളം വരുന്ന പുലിമുട്ട് 2021-ൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും ന്യൂനമർദ്ദത്തിന്റെയും അനന്തരഫലമായി വൻ തിരമാലകൾ കരയിലേയ്ക്ക് ആഞ്ഞടിച്ച് തീരദേശ റോഡുകളിൽ മണലടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നതും തീരദേശവാസികളുടെ വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ സംഭവിക്കുന്നതുമായ പ്രദേശമാണ് എടവനക്കാട് പഞ്ചായത്ത്.

നിലവിൽ എടവനക്കാട് പഞ്ചായത്തിൽ പഴങ്ങാട്, അണിയിൽ എന്നീ പ്രദേശങ്ങളെ അടിയന്തരമായി സംരക്ഷിക്കുവാൻ ജിയോബാഗ്

ഉപയോഗിച്ചുള്ള 44.78 ലക്ഷം രൂപയുടെ നാല് താൽക്കാലിക സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ, പഴങ്ങാട് പ്രദേശത്ത് 196 മീറ്റർ സംരക്ഷിക്കുന്നതിനായി 16 ലക്ഷം രൂപയുടെ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എടവനക്കാട് പഞ്ചായത്ത് കൂടിയുൾപ്പെടുന്ന വൈപ്പിൻ പ്രദേശത്ത് അനുയോജ്യമായ ശാശ്വത തീരസംരക്ഷണമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി Bathymetric Survery, Topographic Survey മുതലായ അനുബന്ധ രേഖകളും റിപ്പോർട്ടും തയ്യാറാക്കിയിരുന്നു. നിലവിലുള്ള MoU-ന്റെ പരിധിയിൽ തന്നെ ടി പദ്ധതിയുടെ ശാസ്ത്രീയമായ പഠനം അടിയന്തരമായി നടത്തി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടി 22-11-2023-ൽ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈയ്ക്ക് (NCCR) Bathymetric Survey Report, Topographic Survey Report, Necessity Report എന്നിവ ഉള്ളടക്കം ചെയ്തുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. NCCR-ൽനിന്നും ഡിസൈൻ

ലഭ്യമാക്കി ടി പ്രദേശത്തിന് അനുയോജ്യമായ ശാശ്വത തീരസംരക്ഷണമാർഗ്ഗങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ

മറുപടി

കോഴിക്കോട് സ്വദേശി ശ്രീ. മുഹമ്മദ് ആട്ടൂർ എന്നയാളെ 21-08-2023 മുതൽ കാണാനില്ലെന്ന ടിയാന്റെ കുടുംബത്തിന്റെ പരാതിയിൽ ക്രൈം നമ്പർ 1010/2023 ആയി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സി.സി.ടി.വി. ദൃശ്യങ്ങളും ഫോൺ നമ്പരുകളും പരിശോധിച്ചും ഫോണിൽ ബന്ധപ്പെട്ടവരുടെ മൊഴികൾ രേഖപ്പെടുത്തിയും ശാസ്ത്രീയമായ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. ടിയാനെ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ അടങ്ങിയ ക്രൈം കാർഡ് എല്ലാ പോലീസ് സ്റ്റേഷനിലും നൽകിയിട്ടുണ്ട്. തിരോധാനം സംബന്ധിച്ച് സാമൂഹ്യ മാധ്യമങ്ങൾവഴിയും സാധ്യമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കോഴിക്കോട് സിറ്റി

സബ്ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണറുടെ മേൽനോട്ടത്തിലുള്ള പ്രത്യേക സംഘമാണ് നിലവിൽ കേസന്വേഷിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.–യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

കാസർഗോഡ് നഗരത്തിൽ മോഷണക്കേസുകൾ തടയുന്നതിന് കർശനവും ഫലപ്രദവുമായ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. രാത്രികാലങ്ങളിൽ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇതിനുപുറമെ കാസർഗോഡ് ടൗൺ കേന്ദ്രീകരിച്ച് ഹൈവേ പോലീസും കൺട്രോൾ റൂം ടീമും കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തിവരികയാണ്. ബാങ്കുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ കൃത്യമായ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന വീടുകളെക്കുറിച്ച് പോലീസിന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പട്രോളിംഗും തുടർച്ചയായ നിരീക്ഷണവും നടത്തുന്നുണ്ട്. മോഷണക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരങ്ങളിൽ ശാസ്ത്രീയമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുന്നതിന് സത്വര നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഡോ. എൻ. ജയരാജ് എം.എൽ.എ.-യുടെ സബ്മിഷൻ സംബന്ധിച്ച മറുപടി

30-01-2021-ലെ സ.ഉ. (സാധാ) നം. 33/2021/S&YA പ്രകാരം ഗവ. ഹൈസ്കൂൾ കാഞ്ഞിരപ്പള്ളി, കുന്നുഭാഗം സ്കൂളിൽ കായിക അടിസ്ഥാന വികസനത്തിനായി കിറ്റ്കോയെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് ഭരണാനുമതി നൽകിയിരുന്നു. 12-01-2022-ലെ കാബിനറ്റ് യോഗ തീരുമാനം ഇനം നം. 492 പ്രകാരം സ്കൂളിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തി ടി പദ്ധതി കിഫ്ബിവഴി കായിക വകുപ്പിനുകീഴിൽ നടപ്പിലാക്കാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 13-01-2022-ലെ സ.ഉ. (എം.എസ്.) നം. 1/2022/S&YA പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 14-10-2002-ലെ സ.ഉ.(സാധാ) നം. 267/2002/S&YA പ്രകാരം ടി പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചു. 08-05-2023-ലെ സ.ഉ. (സാധാ) നം. 126/2003/S&YA പ്രകാരം ടി പദ്ധതിക്ക് കായിക വകുപ്പിൽ നിന്നും 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ കിഫ്ബിയിൽ ഡി.പി.ആർ. സമർപ്പിക്കുകയും ടി ഡി.പി.ആർ. കിഫ്ബിയിൽ അവലോകനം നടത്തുകയും 03-03-2024-ലെ 25-ാമത്

എക്സിക്യൂട്ടീവ് കമ്മിറ്റി ടി പദ്ധതിക്ക് അംഗീകാരം നൽകി. തുടർന്ന് 13-03-2024-ലെ ഉത്തരവ് നം. SYA005-01/APR-2/2024/KIIFB പ്രകാരം കിഫ്ബി 27,70,32,588/- രൂപയുടെ ധനാനുമതി ടി പദ്ധതിക്ക് നൽകി. നിലവിൽ, ഈ പ്രോജക്ടിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന്റെ അവലോകനം നടന്നുവരികയുമാണ്. ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചശേഷം പദ്ധതി നിർവ്വഹണ എജൻസിക്ക് ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കാവുന്നതും കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതുമാണ്.

ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ഉന്നയിച്ച സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടി

വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ബഹു. അംഗം ഉന്നയിച്ചിട്ടുള്ളത്.

തിരുവനന്തപുരം ജില്ലയിൽ കാഞ്ഞിരംകുളം കുഞ്ഞികൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്

വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതുൾപ്പടെയുള്ള അടിസ്ഥാന വികസനത്തിന് 36 കോടി രൂപ '4202-01-203-72 Development of Infrastructure of Govt. Colleges' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഉന്നത വിദ്യാഭ്യസ വകുപ്പിന്റെ 22-02-2023-ലെ സ.ഉ. (സാധാ) നം. 241/2023/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന്, 08-03-2023-ലെ സ.ഉ. (സാധാ) നം. 1085/2023/റവ പ്രകാരം തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ, കാഞ്ഞിരംകുളം വില്ലേജിലുൾപ്പെട്ട 164.44 ആർസ് ഭൂമി കാഞ്ഞിരംകുളം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് വികസനത്തിന് ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് അർത്ഥനാധികാരിയുടെ പ്രതിനിധികൾ, സർവ്വേയർ എന്നിവരുടെ സാനിധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിക്കാവശ്യമായ

കണ്ടിജൻസി ചാർജ്ജ് 09-02-2023-ൽ അർത്ഥനാധികാരി ലഭ്യമാക്കുകയും 19-03-2024-ലെ 1058-ാം നമ്പർ കേരള അസാധാരണ ഗസറ്റ് പ്രകാരം 2013-ലെ പൊന്നുംവില നിയമത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് Institute of Rural Development (IRD) എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പഠന ഏജൻസി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ മാനദണ്ഡങ്ങൾക്കനുസൃതമായുള്ള നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. ആയതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

ബഹു. അംഗം ഉന്നയിച്ചതുപോലെ ഈ വിഷയത്തിലെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹു. അംഗത്തെയും തിരുവനന്തപുരം ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഉടൻതന്നെ ഒരു യോഗം വിളിച്ച് ചേർക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ് എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടി

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2 -ന്റെ പ്രവൃത്തിക്ക് 04-06-2018-ൽ 241 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചതിനാൽ അധിക തുകയായ 98.371 കോടി രൂപ കൂടിയുൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 02-05-2023-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് അനുവദിച്ച വിഹിതം 385.01 കോടി രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ

ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുനഃക്രമീകരണം ചെയ്യുകയുണ്ടായി.

തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 MLD ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തിക്ക് അനുമതി നൽകികഴിഞ്ഞു. 46 കി.മീ. വരുന്ന ട്രാൻസ്മിഷൻ മെയിൻ പൂർണ്ണമായും ടെണ്ടർ ചെയ്തു. കെ.എസ്.റ്റി.പി. മുഖേന നടന്നുവരുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ ഭാഗമായി 11.7 കി.മീ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ശേഷിക്കുന്ന 34.3 കി.മീ. ടെണ്ടർ നടപടികളിലാണ്. നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് റീ ടെണ്ടർ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. 13 പഞ്ചായത്തുകളിൽ 13 ജലസംഭരണികളും ടെണ്ടർ ചെയ്തു. ഇതിൽ തകഴി പഞ്ചായത്തിലെ ജലസംഭരണിയുടെ നിർമ്മാണത്തിന്റെ പ്രവൃത്തിയ്ക്ക് അനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു. ശേഷിക്കുന്ന 12 ജലസംഭരണികളുടേയും പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത്

റീ ടെണ്ടർ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. 895 കി.മീ. വരുന്ന വിതരണ ശൃഖലയിൽ കെ.എസ്.റ്റി.പി. മുഖേന നടന്നുവരുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ ഭാഗമായി 10 കി.മീ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ മാമ്പഴക്കരി മുതൽ പള്ളിക്കുട്ടമ്മ വരെയുള്ള പ്രദേശത്ത് വലിയ വ്യാസമുള്ള 600/500 mm പൈപ്പ് സ്ഥാപിക്കാൻ വേണ്ടി 2 കി.മീ. റോഡിൽ കയ്യേറ്റങ്ങളൊഴിപ്പിക്കാൻ വേണ്ടി 30 കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി. എടത്വാ, വീയപുരം, തകഴി, തലവടി പഞ്ചായത്തുകളിലെ 311 കി.മീ. വിതരണ ശൃഖലയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഉടൻതന്നെ ഉത്തരവ് നൽകുവാൻ സാധിക്കും. ശേഷിക്കുന്ന 574 കി.മീ. വിതരണ ശൃഖലയുടെ പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.